## എംടി

# അസുരവിത്ത്



# 1

പുഴക്കടവ് പണ്ട് ഇടിഞ്ഞുപൊളിഞ്ഞു കിടക്കുകയായിരുന്നു. ഇഴുക്കമുള്ള കളിമണ്ണാണ്. ചവിട്ടിയിറങ്ങുവാൻ അവിടവിടെ വെട്ടുകല്ലുകൾ ഇട്ടിരിക്കും. തുലാമാസത്തിൽ വെള്ളം പൊങ്ങുമ്പോൾ നിരത്ത് നക്കിയെടുത്തുകൊണ്ടാണ് പുഴയൊഴുകുക. കടവ് പടുത്തുകെട്ടി കല്ലൊതുക്കുകൾ ഉണ്ടാക്കിയത് നന്നായി. നിരത്തിനും കടവിനുമിടയ്ക്കു നികത്തിയെടുത്ത സ്ഥലത്തു നെടുനീളത്തിൽ സിമൻറുമതിൽ നിർമ്മിച്ചത് അതിലും നന്നായി. ശേഖരേട്ടൻ നാടു നന്നാക്കാൻ ചെയ്തതെല്ലാം ആളുകൾ എവിടെച്ചെല്ലുമ്പോഴും എണ്ണിപ്പെറുക്കി വിസ്തരിക്കുന്നതു കേൾക്കാറുണ്ട്. മുതലാളി പുഴക്കടവിനടുത്തു നിസ്കാരപ്പള്ളി പണി ചെയ്യിച്ചപ്പോൾ ശേഖരേട്ടൻ പൊളിഞ്ഞുകിടന്നിരുന്ന കുന്നത്തെ അമ്പലം പുതുക്കി ഓടിട്ട്, തടപ്പള്ളി പണി

ചെയ്യിച്ചു.ചിറമണ്ണെടുത്തു കുളിക്കാൻ കടവു കൾ പടുത്തതും അമ്പലത്തിലേക്കുള്ള കുണ്ടനിടവഴി നിരത്തിയതും ആളുകൾ ഓർമ്മിക്കാറുണ്ട്. ആളുകൾക്ക് ഉപയോഗം കാണും അതുകൊണ്ടെല്ലാം.

പുഴവക്കത്തെ ഈ സിമൻറുതിണ്ണയേ ഗോവിന്ദൻകുട്ടിക്കാവശ്യമുള്ളു. അതു പണിചെയ്തതിനാണ് തൻെറ നന്ദി മുഴുവൻ.

വൈകുന്നേരമായാൽ ഇവിടെ വന്നിരിക്കാം. തണുത്ത സിമൻറുതിണ്ണയുടെ വടക്കേയറ്റത്ത് ഇരുന്നു നുരകുത്തിയൊഴുകുന്ന കലങ്ങിയ വെള്ളത്തിലേക്കു കുറെ നേരം നോക്കുമ്പോൾ പ്രവാഹത്തിനു ജീവനുണ്ടെന്നു തോന്നും. ചുഴികളിൽ തീരത്തുനിന്ന് അടർന്നുവീഴുന്ന മൺകട്ടകളിലെ തുമ്പക്കുടങ്ങൾ വട്ടം കറങ്ങുന്നു. ഇര പിടിയിലമർന്നാലുള്ള കാടൻ പൂച്ച യുടെ മുക്കലും മുളലുംപോലെ വട്ടംചുറ്റുന്ന ജലവളയങ്ങൾ ഒച്ചയുണ്ടാക്കുന്നു. പച്ചപ്പടർപ്പുകൾ നിമിഷംകൊണ്ട് അപ്രത്യക്ഷമാവുന്നു.

മേലേപ്പടി കയറി കുന്നിൻചെരുവിലൂടെ നടന്നു മുകളിലെ തുറിച്ചു നില്ക്കുന്ന പാറക്കെട്ടിലിരിക്കാറുള്ള വൈകുന്നേരങ്ങളിൽ

കടവുതോണി സഞ്ചരിക്കുന്നതു നോക്കിയി രിക്കുന്നതു നേരം പോകാനുള്ള ഒരു വഴിയാ ണ്. യാത്രക്കാരധികമില്ലാത്ത ഒരു കടവാണ്. പിരിവുകാരനും കാവൽപ്പുരയുമില്ല. വണ്ടി യിറങ്ങി വല്ലപ്പോഴും ചിലർ വരുമ്പോഴേ കടവുകാശു കൊടുക്കാറുള്ളു. മറ്റുള്ളവരെല്ലാം കന്നിയിലും മകരത്തിലും നെല്ലളക്കുകയാണു പതിവ്. അക്കരെയുള്ള പള്ളിയാലുകളിൽ പുല്ലു ചെത്താൻപോകുന്ന ചെറുമികൾ, നേന്ത്രവാ ഴത്തോട്ടത്തിൽ തേവാനും തിരിക്കാനും പോ കുന്ന ചെറുമക്കൾ, കോഴിയും ഇലക്കെട്ടും ചെറുകായയും കച്ചവടം ചെയ്യാൻ പോകുന്ന മാപ്പിളമാർ. വൈകുന്നേരം രണ്ടു തവണയായി അവർ കടന്നുകഴിഞ്ഞാൽ ഹൈദരസ്സ് മുളങ്കുറ്റി യിൽ തോണി കെട്ടി ഒതുക്കുകൾ കയറിവന്നു സിമൻറുതറയുടെ തെക്കേ തലയ്ക്കൽ ഇരി ക്കും. പാലത്തറച്ചന്തയ്ക്കു കായ കയറ്റിപ്പോകു ന്ന കൊട്ടക്കാരോടു പറഞ്ഞേല്പിച്ചു വരുത്തു ന്ന ചുരുട്ടു കത്തിച്ചു പാതയിലേക്കു തിരിഞ്ഞി രുന്നു പീടികയിലേക്കു പോവുകയും വരുകയും ചെയ്യുന്ന ആളുകളോടെല്ലാം എന്തെങ്കിലും വി ശേഷം പറയും.

സന്ധ്യയായി നിരത്തിലൂടെയുള്ള ജനസഞ്ചാരം വർദ്ധിച്ചാൽ സിമൻ്റു തിണ്ണയുടെ വടക്കെ തലയ്ക്കൽ ഗോവിന്ദൻകുട്ടിക്കു സുഖമായിരിക്കാം. ആരും സംസാരിക്കില്ല. ഇല്ലെങ്കിൽ ഒരാവശ്യവുമില്ലാതെ ചോദിക്കും:

“എന്താ ഗോയിന്ദുട്ടിക്കമ്മള് ഇവിടിരിക്ക്ണ്?”

“ഒന്നൂല്യ.”

അല്പം കഴിയുമ്പോൾ,

“എന്താ ചെറ്യമ്പ്രാ പൊയക്കത്ത്?”

“ഒന്നൂല്യ.”

തമ്മിൽത്തമ്മിൽ ചോദിക്കും:

“ആരാത്?”

“അത് തായത്തേലെ ആ തമ്പ്രാൻകുട്ട്യാ.”

പകലുകൾ ഗതി കിട്ടാത്ത പ്രേതങ്ങളെപ്പോലെ അവസാനമില്ലാതെ തൻ്റെ ചുറ്റും വട്ടംതിരിയുകയാണെന്നു തോന്നാറുണ്ട്.

വൈകിയേ ഈയിടെയായി എഴുന്നേല്ക്കാറുള്ളൂ. പാടത്തു പണിയുണ്ടായിരുന്ന കാലത്ത് അയ്യപ്പനെ ഉണർത്തുവാൻ കൂക്കുന്നതു കേട്ടിട്ടായിരിക്കും കാക്കയും കോഴിയും കരയുന്നത്. നടു ചിതൽ തിന്ന് ഏപ്പ് ഊർന്നു വീണുപോയ, പൊത്തിൽ നിറച്ച സിമൻ്റ് പൊടിഞ്ഞു

വികൃതമായ ഉമ്മറത്തെ ചാരുപടിയാണിപ്പോൾ ആശ്രയം. രാവിലെ നേരത്തേ ഉണർന്നു വടി കുത്തിപ്പിടിച്ചു തൊടിയിൽ പോയി മടങ്ങുന്ന അമ്മ കുപ്പക്കല്ലിൽനിന്നു ചെമ്പെടുക്കാൻ ഉമ്മറത്തുകൂടിയാണ് വരിക. അപ്പോൾ പറയുന്നതു കേൾക്കാം:

"ഗോയിന്ദൻകുട്ട്യല്ലേ ആ കെട്ക്കണ്. ഒറങ്ങിക്കോ. നേരുച്ച്യാവണവരെ ഒറങ്ങിക്കോ. കുറ്റാശ്രീഭഗോതി വിളയാടാത്തത്?"

ഉറങ്ങുകയാവില്ല. കണ്ണടച്ചു കിടക്കുകയാവും ചിലപ്പോൾ. പുലരുമ്പോൾ കാളിത്തള്ളയുടെ മുറ്റമടിക്കൽ കേട്ടാണ് ഉണരുക പതിവ്. എന്നാലും ഉറക്കത്തിനും ഉണർവ്വിനും ഇടയ്ക്കു കണ്ണു തുറക്കാതെ മയങ്ങിക്കിടക്കണം.

"പത്തിരുപത്തിരണ്ടു വയസ്സായ ഒരാങ്കുട്ട്യല്ലേ? മേലാലിയ്ക്ക്ള്ള വിത്താ. എന്തിനാ പറഞ്ഞിട്ട്!"

ആദ്യമാദ്യം അതു കേൾക്കുമ്പോൾ അരിശം വിരൽത്തുമ്പുകളിൽ നിന്നും അരിച്ചു കയറാൻ തുടങ്ങും. പിന്നെ ഞാനെന്താണു ചെയ്യേണ്ടത്? കൂക്കിവിളിക്കണോ? മുറ്റത്തിരുന്നു തിരുപ്പറക്കണോ?

പിന്നെപ്പിന്നെ രാവിലെ വെളിച്ചം വീണാൽ

സൈ്വര്യം കെടുത്തിക്കൊണ്ടു മുഖത്തു വന്നിരി
ക്കാറുള്ള ഒരീച്ചയുണ്ട്: അതുപോലെ വിട്ടുമാറാ
ത്ത ഒരു ശല്യമായേ അമ്മയുടെ ശകാരം തോ
ന്നാറുള്ളൂ.

ഉച്ചയ്ക്കു വീണ്ടും ഉറങ്ങാം. പക്ഷേ, പകൽ
ഉറക്കം വരില്ല, കുഷ്ഠം പിടിച്ച ചാരുപടിമേൽ
വെറുതെ കമിഴ്ന്നുകിടക്കുമെങ്കിലും. ചാരുപടി
മേൽ കിടന്നു മടുത്താൽ മുകളിലെ തട്ടുയരം
കുറഞ്ഞ തെക്കേ മുറിയിൽ ചെന്നിരുന്നു കിളി
വാതിലിലൂടെ ഇറയത്തെ വൈക്കോൽതുരുമ്പു
കളോ, ഗർഭമലസിയ പെൺകിടാങ്ങളെപ്പോലെ
കരുവാളിച്ചുനില്ക്കുന്ന കഴുങ്ങിൻ തലപ്പുകളോ
നോക്കിയിരിക്കും.

വൈകുന്നേരം പുറത്തിറങ്ങും. കുഞ്ഞരയ്ക്കാ
രുടെ പുരയിൽച്ചെന്നിരുന്നു കുറച്ചു പഞ്ചാ
യത്തു കേൾക്കാം. കുന്നിൻപുറത്തോ
പുഴക്കടവിലോ ഈ തിണ്ണയിലോ ഇരുന്ന്
ഇരുട്ടായാൽ ഒരു പകൽകൂടി രക്ഷപ്പെട്ടു.
പുറത്തിറങ്ങുമ്പോൾ അമ്മ ചോദിക്കുകയുണ്ടാ
യി: ഇന്നലെ. അല്ല, ഇന്നലെയല്ല. മിനിഞ്ഞാന്ന്.

“നീ എവിടയ്ക്കാടാ?”

“എവടയ്ക്കുംല്യ.”

"എന്തു കണ്ടിട്ടാ ഈ പോണ്?"

"എന്തുകാണാൻ?"

"ഒരാണൊരുത്തനുള്ളതല്ലേ. കണ്ട മാപ്ലക്കുടീലോ, ചായക്കടേലോ ചെന്നിരുന്നു നെരങ്ങിക്കോ. ചെലവിനുണ്ടോ, ബടെഉപ്പ്ണ്ടോ, മുളക്ണ്ടോ അങ്ങനൊരു ചിന്തണ്ടോ?"

ഒരാണൊരുത്തന്റെ കാര്യം പറയുമ്പോളെല്ലാം ഗോവിന്ദൻകുട്ടി സ്വയം ചോദിച്ചിട്ടുണ്ട്, അപ്പോൾ കുമാരേട്ടനെ കണക്കിൽപ്പെടുത്തിയിട്ടില്ലേ?

ഒന്നും പറയാറില്ല. അമ്മ സംസാരിക്കുമ്പോൾ ഒന്നും പറയാതെ കഴിക്കണമെന്നുണ്ട്. അതൊരു പ്രാർത്ഥനയാണ്. ഒരിക്കൽ നാവ് അയഞ്ഞുവീണാൽ പിന്നെ എന്തെല്ലാമാണ് പറഞ്ഞുപോവുകയെന്ന് അറിഞ്ഞുകൂടാ.

"ഒക്കെന്റെ യോഗമാണ്. അഞ്ചെണ്ണത്തിനെ വട്ടീല്ട്ടതാ ഞാൻ. ഒന്നു തൊട്ടുപെരട്ടാൻതുള്ളി എണ്ണ, ഒരുമുറിത്തുണി, ഒന്നിനെക്കൊണ്ടെങ്കിലും ഉപയോഗംണ്ടോ?"

ആ ചോദ്യം ന്യായമാണ്. ഗോവിന്ദൻകുട്ടി അതു കേൾക്കുമ്പോഴൊക്കെ സ്വയംപറഞ്ഞു

പോയിട്ടുണ്ട്. പക്ഷേ, അതെന്നോടല്ല അമ്മ ചോദിക്കേണ്ടത്. പകൽവെളിച്ചം വീഴാത്ത വീട്ടിനകത്തു സദാ നനവൂറുന്ന കരിതേച്ച നിലത്ത് മുളയുള്ള കാലുകൾ പാതിയൂന്നി പ്രാഞ്ചിപ്രാഞ്ചി നടക്കുന്ന കുഞ്ഞേട്ത്യാപ്പോളോടുമല്ല. വെള്ളിത്തണ്ടുള്ള വിശറി വീശിക്കൊണ്ട്, അകമ്പടിക്കാരായ സേവക്കാരുടെ മുമ്പേ നടക്കുന്ന നാട്ടുപ്രമാണിയായ ശേഖരൻനായരുടെ ഭാര്യ. ഓഹരിവെച്ചാൽ ആയിരം പറ നിലവും കുറ്റിപ്പുറത്തും എടപ്പാളും വലിയ കച്ചവടവും പുരാതനകാലംമുതല്ക്കു പേരുമുള്ള മേലെപ്പുറത്തെ സംബന്ധക്കാരൻ. അവരെക്കൂടി വിളിച്ചുനിർത്തിയിട്ടുവേണം. സ്കൂൾ മാസ്റ്ററുടെ ഉദ്യോഗവും കൊല്ലത്തോടുകൊല്ലം ഉണ്ണാനുള്ള നെല്ലും സ്വന്തമായ നാരായണക്കുറുപ്പിന്റെ ഭാര്യകൂടി ഇരിക്കട്ടെ.

അഞ്ചുപേരെ വട്ടിയിലിട്ട കഥ പറയുമ്പോൾ ഉരുളൻതൂണു ചുറ്റിപ്പിടിച്ചുനിന്ന് അയാൾ വെറുപ്പോടെ അമ്മയെ നോക്കും.

(ആ തൂണിൽ നിറയെ മുറിവുകൾ കാണാം. കുട്ടിക്കാലത്ത് ഇരുതല മൂർച്ചയുള്ള ഒരു കട്ടാരം കിട്ടിയിരുന്നു. അതൊരു പ്രിയപ്പെട്ട കളിക്കോപ്പാ

യിരുന്നു. എറിഞ്ഞുതറച്ച വാഴകൾ തുമ്പുണങ്ങുന്നതു കണ്ടപ്പോൾ തൂണിലേക്ക് എറിഞ്ഞുപിടിപ്പിക്കാൻ നോക്കി. കട്ടാരം, തെങ്ങിൻചൂലും നടാനുള്ള നീറ്റടയ്ക്കയും സൂക്ഷിക്കാറുള്ള പത്തായത്തിൽ തുരുമ്പു പിടിച്ചു കിടക്കുന്നത് ഇപ്പോഴും കാണാറുണ്ട്. കോലായിലെ തൂണിൽ മുനകൂർത്ത മുറിവുകൾ ഇപ്പോഴും ഉണങ്ങാതെ കിടക്കുന്നു.)

അമ്മയ്ക്കു പൂന്തോട്ടത്തിൽ ചെന്നു താമസിച്ചാൽ കഷ്ടപ്പാടില്ല. പക്ഷേ, മകളുടെകൂടെ ചെന്നു താമസിക്കുന്നതു താഴത്തേതിൽ കുഞ്ഞിക്കാളിയമ്മയ്ക്ക് അല്പം മാനക്കേടാണത്രേ. എന്നിട്ട്, തരംകിട്ടുമ്പോഴെല്ലാം—

—അക്കരെയിൽനിന്ന് ഒരു കൂക്കു കേട്ടു. ഹൈദരസ്സ് മാപ്പിള അതു കേട്ട ഭാവമില്ലാതെ ചുരുട്ടു വലിച്ചു രസിക്കുകയായിരുന്നു. വീണ്ടും കൂക്കു കേട്ടപ്പോൾ പിറുപിറുത്തു ചുരുട്ടു കുത്തിക്കെടുത്തി ചെവിയിൽ തിരുകി എഴുന്നേറ്റ് ഒതുക്കുകളിറങ്ങി തോണിക്കൊമ്പത്തേക്കു നടന്നു. നേരം ഇരുട്ടിക്കഴിഞ്ഞിരുന്നു. അയിലക്കോമ്പലുകളും തേക്കിലപ്പൊതികളുമായി ആളുകൾ പീടികയിൽനിന്നു മടങ്ങുന്നു. പാടത്തിൻെറ മറു

കരയിലെ വീടുകളിലെ വിളക്കുകൾ വാഴത്തോട്ടങ്ങൾക്കിടയിലൂടെ വെളിച്ചം ചൊരിയുന്നതു കാണാം. പുത്തൻകളത്തിലെ മുറ്റത്തു പന്തലിൽ സന്ധ്യയ്ക്ക് എരിയാൻ തുടങ്ങിയ പെട്രോമാക്സ് വെളിച്ചംകൊണ്ടൊരു ആറാട്ടു നടത്തുകയാണെന്നു തോന്നി. തോട്ടത്തിൻെറ ഒരു തല മുഴുവൻ പ്രഭപുരണ്ടു കിടക്കുന്നു.

നാണപ്പമേനോൻ ഉദ്യോഗം പിരിഞ്ഞുവന്ന് അവിടെ താമസമാക്കിയ മുതൽക്കാണ് പെട്രോമാക്സ് കത്തിക്കാൻ തുടങ്ങിയത്.

കുന്നത്തെ അമ്പലത്തിലേക്കു റോഡുവെട്ടാൻ വേണ്ട ചെലവിൽ പകുതി നാണപ്പമേനോൻ കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടത്രേ. ശേഖരേട്ടൻ നാണപ്പമേനോനു നാട്ടിലെ സ്ഥിതി വിവരിച്ചുകൊടുത്തു: "ഇവിടത്തെ ഹിന്ദുക്കൾക്ക് ഒരു വ്യവസ്ഥല്യ. നാലുകാശ് ഒരു മാപ്പളടെ കോന്തലയ്ക്കൽ കണ്ടാൽ വായയ്ക്കു പൊത്തി മൊതലാളീന്നും പറഞ്ഞു കൊട പിടിച്ചുകൊടുക്കും. എന്നെക്കൊണ്ടാവുംപോലെ ഞാൻ ചെയ്യുന്നുണ്ട്. മേനോൻെറ സഹായം ണ്ടെങ്കിൽ ഇതിലപ്പുറവും ചെയ്യാംന്നു നല്ല ബോധ്യണ്ട്."

പുത്തൻകളത്തിലെ പടിപ്പുരയിൽനിന്നു മേനോൻ കൊണ്ടുവന്ന ശീമനായുടെ ഇടിവെട്ടുന്ന ശബ്ദത്തിലുള്ള കുര കേട്ടു.

ഗോവിന്ദൻകുട്ടി എഴുന്നേറ്റു. ഒന്നു കുളിക്കണം. എന്നിട്ടു വീട്ടിലെത്തണം. ധൃതിയുണ്ടായിട്ടല്ല. ചുറ്റിത്തിരിഞ്ഞ് എപ്പോഴായാലും അവസാനം അവിടെ എത്തിച്ചേരണമല്ലോ.

# 2

ഒരു പകൽകൂടി അവസാനിച്ച സംതൃപ്തിയോടെ അയാൾ വെട്ടുവഴിയിലൂടെ നടന്നു. വഴിക്കു ചക്കമ്മെയുടെ പടിക്കലെത്തിയപ്പോൾ അകത്തേക്ക് ഒന്നു നോക്കാതിരിക്കാൻ കഴിഞ്ഞില്ല. പാതയ്ക്കും പുഴയ്ക്കുമിടയിലുള്ള അല്പം സ്ഥലം വളച്ചുകെട്ടിയാണിപ്പോൾ ചക്കമ്മെ താമസിക്കുന്നത്. കോലായിൽ വലിയ ചിമ്മിനിവിളക്കിന്റെ വെളിച്ചത്തിൽ മൂന്നുനാലു പേരിരിക്കുന്നതു കണ്ടു. കുടിയും സംസാരവും

മുറയ്ക്കു നടക്കുന്നു. ചുവന്ന മൺചുവർ ചാരി നരച്ച മുടി പരത്തിയിട്ടു ചക്കമ്മ കോലായിൽ നിറഞ്ഞിരിക്കുന്നുണ്ട്. ആരാണു കുറ്റിക്കാരെന്നു ഗോവിന്ദൻകുട്ടി നോക്കിയില്ല. ആ വഴി കടന്നു പോകുമ്പോൾ അല്പം അധൈര്യത്തോടെയാണ് ആ കോലായിലേക്കു നോക്കാറ്.

വേനൽക്കാലത്തു താറാവിൻകൂട്ടങ്ങളുമായി വരുന്ന കൊങ്ങന്മാരും അക്കരെനിന്നു സന്ധ്യയ്ക്ക് എത്തുന്ന ചില ചെറുപ്പക്കാരും അവിടെ അന്തിയുറങ്ങാറുണ്ടത്രേ. പുത്തൻകളത്തിലെ പഴയ കാരണവർ, കുട്ടിശ്ശങ്കരമേനോൻെറ അമ്മാവൻ, മരിക്കുന്നതുവരെ ചക്കമ്മയായിരുന്നു ഈ നാടു ഭരിച്ചിരുന്നത്. അമ്മ പറയുന്നതു കേട്ടിട്ടുണ്ട്. ഭേദപ്പെട്ട തറവാട്ടുകാർ വരുമ്പോൾ മാത്രമേ ചക്കമ്മ നെല്ലിൽ കുഴിച്ചിട്ട കുപ്പികൾ പുറത്തെടുക്കൂ.

“ആയ്യ്യേകാലത്തു ചക്കമ്മേ കാണണം. നേത്യാരമ്മേപോലെല്ലേ നടപ്പ്. കഴുത്തില് കുഴിമിന്നീം പൊന്നുനൂലും. ഇത്തറ തടി. രാവുണ്ണ്യോൻ അധികാരി പരസ്യായിട്ടല്ലേ ചെന്നു കേറീര്ന്ന്!”

ഇപ്പോൾ ആളുകൾ പറയുന്നതു ശരിയാ

ണെങ്കിൽ നാടു ഭരിച്ച ചക്കമ്മയുടെ പാരമ്പര്യം നിലനിർത്താൻ മക്കൾ വിഷമിക്കുന്നു. രാവുണ്ണി മേനോൻ അധികാരിയുടെ സ്ഥാനത്തിപ്പോൾ താറാവിൻകൂട്ടങ്ങളുമായി വരുന്ന കറുത്ത കൊങ്ങന്മാരാണ്. ഒരു തമാശപോലെ ഗോവി ന്ദൻകുട്ടി ഓർത്തു. അമ്മ പറയാറുള്ളതുതന്നെ; അധോഗതിതന്നെ, അധോഗതി.

നിരത്തിൽനിന്നു വലിയവരമ്പത്തേക്കു തിരിയേണ്ട ഇടത്തെത്തിയപ്പോഴാണ് ഓർമി ച്ചത്: പടിഞ്ഞാറേതിൽക്കാരുടെ കുളത്തിൽ കുളിക്കാൻ വയ്യ. തലേന്നു രാത്രിയിൽ ആരോ വന്നിട്ടു മീൻപിടിച്ചു കുളം കലങ്ങിക്കിടക്കു കയാണ്.

പുത്തൻകളത്തിലെ പടിപ്പുരക്കുളത്തിൽ പോയി കുളിക്കാമെന്നുവെച്ചാൽ, മുണ്ടുതല്ലുന്ന ശബ്ദങ്ങൾ തുരുതുരെ കേൾക്കുന്നു, ദൂരെ. പെണ്ണുങ്ങൾ മുഴുവൻ ഉണ്ടാകും അതിൽ.

വരമ്പുപൊതിഞ്ഞ ചളി ഉണങ്ങിയിട്ടില്ല. പുത്തൻകളത്തിലെ കൊയ്ത്തു നേരത്തേ കഴി ഞ്ഞിരിക്കുന്നു. അറുപതു മൂപ്പുള്ള ചിറ്റേനിയാ ണ് വിതച്ചിരിക്കുന്നത്. വെള്ളം കൂടിയതു നല്ല സമയത്തായതുകൊണ്ട് എല്ലാവർക്കും വിള

വളരെ മോശമില്ല. വരി മുറയ്ക്കുണ്ടായിരു ന്നെങ്കിലും കതിരിനു കനമുണ്ടായിരുന്നു. തേക്കുകുഴിയുടെ വക്കത്തെ മുരിക്കിൻകാലിന്റെയടുത്തെത്തിയപ്പോൾ ഗോവിന്ദൻകുട്ടി ഒരുനിമിഷം നിന്നു. താഴെ മൂന്നു കണ്ടവും ഒരു വള്ളും ചേർന്ന ചെറുകോടുനിലം കതിരാടി ക്കൊണ്ടുനില്ക്കുന്നു. മേടത്തിൽ പൊടിവിത നടത്തിയതാണ്. അന്നു വൈകുന്നേരം ആ വഴി കടന്നുപോകുമ്പോൾ ഗോവിന്ദൻകുട്ടി മനസ്സിൽ കണക്കുകൂട്ടിയതാണ്: പന്ത്രണ്ടുമേനി കുറയില്ല. രണ്ടു പൂവലും പണിയെടുക്കാവുന്ന ആ നിലം ഒരിക്കലും പിഴയ്ക്കില്ല. വെള്ളപ്പൊക്കത്തിൽ മേലേപ്പാടങ്ങൾ മുഴുവൻ മണൽ വീണപ്പോൾ അവിടെ ചേറു വീണു.

കുട്ടിക്കാലത്തു വിഷുച്ചാലിനു പൊടിവി തയ്ക്കു വിത്തിട്ടാൽ പിന്നെ കണക്കുകൂട്ടലായി രുന്നു. കുമാരേട്ടനോട് അമ്മ ചോദിക്കുമ്പോഴൊക്കെ കൗതുകത്തോടെ കേട്ടുനില്ക്കും:

"നമ്മടെ ചെറോട്ട്ലെ വെള എങ്ങനെണ്ട് കുമാരാ?"

എത്ര നല്ല വിളയാണെങ്കിലും കുമാരേട്ടൻ പറയുക, ഉം തരക്കേടില്ല എന്നു മാത്രമാണ്.

അയ്യപ്പൻ സന്ധ്യയ്ക്കു കയറിവരുമ്പോൾ ഒന്നുകൂടി ചോദിക്കും:“എങ്ങനെണ്ട് അയ്യപ്പാ നെല്ല്?”

“മോസൊന്നൂല്യ ഇമ്പ്രാൾമ്പോ.”

“കാളി പറയ്ാ ഈ പടിവട്ടത്തുവെച്ച് നല്ല നെല്ലു നമ്മടെയാണെന്ന്. നല്ല കറുപ്പുംചെനപ്പും. കണ്ടാൽ കണ്ണുരുട്ടുംന്നാ ഓള് പറേണ്.”

“നെല്ലൊക്കെ അസ്സല് നെല്ലാ. ഇനി മിറ്റത്ത് എത്തുമ്പൊ അറിയാം ബാക്ക്യൊക്കെ.”

അങ്ങാടിയിലേക്കു സാമാനം വാങ്ങാൻ പോകുമ്പോഴും വരുമ്പോഴുമെല്ലാം നോക്കും നിറവയറായോ?

നിറ നാല്പത്. നാല്പതു ദിവസംകൂടി കഴിഞ്ഞാൽ കൊയ്യാം; പുത്തരിയായി.

മുറിക്കതിരായാൽ മുറിമുപ്പത് എന്നാണു പ്രമാണം. കണക്കുകൂട്ടി കാത്തിരിക്കുകയായിരുന്നു പതിവ്. .

കിണ്ണം നിറയെ കുമ്മട്ടിക്കായ വെച്ച എരുവില്ലാത്ത കൂട്ടാനും ഒരരുകിൽ പേരിനുമാത്രം ചോറും കുഞ്ഞ്യാപ്പോള് മുന്നിൽ കൊണ്ടുവന്നു വെയ്ക്കുമ്പോൾ പുത്തരിസ്സദ്യ ഒരു സ്വപ്നമായി തങ്ങിനില്ക്കും.

ഒരിക്കൽ ഉണ്ണാൻ തുടങ്ങുന്നതിനുമുൻപ് ചോറ് അമർത്തിക്കുത്തി കിണ്ണത്തിന്റെ വക്കത്തേക്കു മാറ്റിവെച്ചു. നാലുരുളയ്ക്കില്ല. വാതിലിനടുത്തു താഴെ പലകയിട്ടിരിക്കുന്ന അമ്മ മനസ്സു വായിച്ചുകൊണ്ടു പറഞ്ഞു:

“ഇത്തിര്യേ ചോറുള്ളു അല്ലേടാ? മിഥുനം കർക്കടകം കാലല്ലേ? കൊയ്ത്തു തൊടങ്ങ്ണവരെ ഇത്തിരിശ്ശ ബുദ്ധിമുട്ടാണ്ടെ ആവ്വോ?”

ഓണത്തേക്കാളും ആഹ്ലാദിച്ചിരുന്ന ഒരു ദിവസമുണ്ടായിരുന്നു. പുത്തരി. സമൃദ്ധിയാണന്ന്. മുന്നുനാലുതരം കൂട്ടാനുണ്ടാവും. സന്ധ്യയ്ക്ക് പപ്പടം കാച്ചുന്നതിന്റേയും വറുത്തിടുന്നതിന്റേയും മണം പൊങ്ങും. കൊയ്യാനില്ലാത്ത പടിഞ്ഞാറെവീട്ടിലെ കുട്ടികളും അന്നു വിരുന്നുണ്ണാൻ വന്നിട്ടുണ്ടാവും. അടുക്കളയിലും അകത്തും പുറത്തും അന്ന് ആഹ്ലാദമാണ്. തറവാടു ഭാഗിച്ചുപിരിഞ്ഞ കൂട്ടത്തിൽ, അമ്മയെപ്പോലെ കഷ്ടപ്പെടുന്ന ഒരു സ്ത്രീയുണ്ട് കുടുംബത്തിൽ. അവർ പുഴയക്കരെ തീവണ്ടിപ്പാതയ്ക്കു സമീപമാണു താമസം. പുത്തരിദിവസമറിഞ്ഞാൽ നരച്ച തലമുടി ഒരു ഗുളികപോലെ പിറകിൽ ചുരുട്ടിക്കെട്ടി, ഒക്കിൽ വെണ്ടയ്ക്കയും

വഴുതനങ്ങയും ഇട്ട തൊട്ടികൊട്ട ഇറുക്കി ചൊടിയോടെ അവർ വരുന്നതു കാണാൻ ഒരു തമാശയാണ്. ഉണിച്ചിരിക്കമ്മെളെന്നാണ് കുട്ടികൾ അവരെ കളിയാക്കി വിളിക്കുക. അന്നു കുഞ്ഞ്യോപ്പോളെ സഹായിക്കാൻ പടിഞ്ഞാറേതിലെ തള്ളയുണ്ടാവും. അമ്മയ്ക്കും ഉണിച്ചിരിച്ചെറിയമ്മയ്ക്കും തറവാട്ടിൽ താമസിച്ചിരുന്ന കാലത്തെ കഥകൾ പറയാം. കുട്ടികൾക്കു കടം പറഞ്ഞു കളിക്കാം.

(ആയിരമാശാരി ചെത്തിപ്പടുത്തൊരു ചിത്രോടക്കല്ലിൻെറ പേരു പറയാത്തവർക്കു പന്തീരായിരം തൊപ്പി).

അപ്പോൾ, അമ്മ, ഇല്ലത്തെ കുളത്തിൽ പെൺകിടാങ്ങൾ ചാടിമദിച്ചു മടങ്ങിവന്നപ്പോൾ കാരണവർ വരിവരിയായി നിർത്തി പുളിവാറൽ കൊണ്ട് അടിച്ച കഥ ഓർമ്മിക്കുന്നു.

പുതിയ നെല്ലിൻെറ ചുവന്ന ചോറു നാക്കിലയിൽ നിറച്ചു വിളമ്പുന്ന ആ ഒരു ദിവസം സ്വപ്നംകണ്ടു കൊല്ലംമുഴുവൻ കാത്തിരിക്കാൻ തയ്യാറായിരുന്നു. ഇപ്പോൾ പുത്തരിയില്ല. കാരണം, ചെറുക്കോട് കൊയ്താൽ മുണ്ടൻ വളപ്പിലെ മമ്മാലിയുടെ മുറ്റത്താണെത്തുന്നത്.

കുമാരേട്ടൻ ഭാര്യവീട്ടിനടുത്തു താമസമാക്കിയതുമുതൽക്ക് ആ നിലം കൃഷിചെയ്തതു താനായിരുന്നു.

ഏഴാം ക്ലാസ്സിലെ പരീക്ഷ കഴിഞ്ഞു തുറന്നപ്പോൾ ഗോവിന്ദൻകുട്ടി ജയിച്ചിരുന്നു. അപ്പോൾ കുമാരേട്ടൻ പറഞ്ഞു: "നിയ്ക്ക് കിത്താവുംകെട്ട് തൂക്കി നേരം വെളിച്ചാമ്പ അങ്ങട് എറങ്ങിപ്പോയാ ഇബ്ട്ത്തെ കാര്യം നടക്കില്ല. ആറും അറുപത്തിനാലും ഒന്നുല്ല്യ. നെനക്ക് നോക്കാവ്ന്നതെള്ളൂ."

മേലേപ്പുറത്തു വലിയ തറവാടായതുകൊണ്ടു സംബന്ധക്കാർ കൂടി സഹായിച്ചാലേ കാര്യം തീരുകയുള്ളൂ! അന്നു കുട്ടിയായിരുന്നതുകൊണ്ടു ചോദിച്ചില്ല.

രണ്ടുകൊല്ലം മുമ്പു മമ്മാലിക്കു പണയമെഴുതേണ്ട കാര്യം വന്നപ്പോൾ മേലേപ്പുറത്തു തറവാടിൻെറ കാര്യം പറയേണ്ടിവന്നു.

"ആറും, അറുപത്ത്നാലുംള്ള മേലേപ്പൊറത്ത് മുന്നൂറ് ഉറുപ്പ്യക എടുക്കാൻ ല്യാന്നോ!" അമ്മയോടാണു പറഞ്ഞത്. കുമാരേട്ടൻകൂടി കേട്ടാലും വിരോധമില്ല എന്നുദ്ദേശിച്ചാണ്.

മിണ്ടല്ലെടാ എന്ന് അമ്മ പറയുമ്പോഴേക്കും

കുമാരേട്ടൻ കലിതുള്ളിക്കൊണ്ടു ചാടിവീണു:

"താക്കോലോളം പോന്ന നീയ്യാടാ ന്നെ കാര്യ സ്ഥാനം പഠിപ്പിക്കണ്? നെന്നെ ഞാൻ–"

ഒന്നും ചെയ്യില്ല! ഗോവിന്ദൻകുട്ടിക്കറിയാം. താക്കോലോളം പോന്ന ചെക്കൻ അഞ്ചുകൊല്ലം വെയിലും മഴയുംകൊണ്ടു പാടത്തു പണിയെടുത്തു കനത്ത കൈകളും ഉറച്ച ശരീരവുമുള്ള ഒരു ചെറുപ്പക്കാരനായിരിക്കുന്നു. അതുകൊണ്ട്–

ചിതൽകുത്തിയ ചാരുപടിമേൽ ഇരുന്നും എഴുന്നേറ്റും ചുരമാന്തിക്കൊണ്ടും കുമാരേട്ടൻ അമ്മയോടായി പറഞ്ഞു:

"ആറാംതമ്പത്തില് അമ്മയ്ക്കുണ്ടായ മോൻ നിയ്ക്ക് നല്ലോണം തന്നു."

കുഞ്ഞ്യോപ്പോള് സംശയിച്ചുസംശയിച്ച് അമ്മയ്ക്കുമാത്രം കേൾക്കാൻവേണ്ടി പറഞ്ഞു:

"ഗോയിന്ദുട്ടി പറേണേടത്തും കാര്യംണ്ട്."

അപ്പപ്പോഴായി മമ്മാലിയുടെ കൈയിൽ നിന്നും നാനൂറ് ഉറുപ്പികയോളം കുമാരേട്ടൻ പറ്റിയിട്ടുണ്ട്. ഇപ്പോൾ മുന്നൂറുറുപ്പികകൂടി വേണം. ഏട്ടത്തിയമ്മയ്ക്കും കുട്ടികൾക്കും രാമേശ്വരത്തു പോണം. വഴിപാടുകൾ

നടത്തണം. മടക്കത്തിൽ പഴനിയിൽവെച്ചു ചോറുകൊടുക്കണം ചെറിയ കുട്ടിക്ക്. മമ്മാലി പണം തരാമെന്നു പറഞ്ഞിട്ടുണ്ടത്രേ; പക്ഷേ, നിലം പണയത്തിനു പണിയാൻ അവർക്കു കൊടുക്കണം.

അമ്മ സമാധാനിപ്പിക്കാൻവേണ്ടി പറഞ്ഞു:

"എടാ, അവ്ക്ക് കാശെടുത്ത് ഓൻെറ ഭാര്യേം കുട്ട്യോളേം കൊണ്ടോവാൻ പറ്റ്വോ? നമ്മടെ തറവാട്ടിന്നല്ലേ അതിൻെറ മോശം? നമ്മുടെ ഇല്ല്യായീം വല്ലായീം അന്യമ്മാരെ അറീക്കാൻ പാടേ്വാ?"

കുഞ്ഞേ്യാപ്പോള് എന്തോ ഒന്നുകൂടി പറയാൻ ഒരുങ്ങി. അമ്മ ഒരു നോട്ടംകൊണ്ട് അതടക്കി.

മേലേപ്പുറത്തെ സംബന്ധക്കാരൻെറ മാനം ഒരിക്കൽക്കൂടി കാത്തു.

തച്ചമ്പിള്ളി മനയ്ക്കലെ വ്യവഹാരകാര്യസ്ഥനായി അവരുടെ പുറത്തെ പറമ്പിലെ പുരയിൽ സ്ഥിരതാമസമായിരുന്നു കുമാരേട്ടൻ. വൈകുന്നേരം മേലേപ്പുറത്തേക്കു പോകാൻ സൗകര്യമാണ്. അടുത്താണ്.

ഇരുനൂറോളം കവുങ്ങും കൊല്ലത്തിൽ ആറു ചാക്കു നെല്ലു പാട്ടവുമുള്ള, ഒരുകാലത്തു

കൈതത്തോടുമുതല്ക്കു പൂമാൻപാലംവരെ കൃഷിസ്ഥലമുണ്ടായിരുന്ന, താഴത്തേതിലെ തറവാടെടുത്ത താവഴിയുടെ ഭരണം ഗോവിന്ദൻ കുട്ടിയുടെ കൈയിലായി.

പടിക്കലെത്തിയപ്പോൾ വീട് ഇരുട്ടിൽ മുങ്ങി ക്കിടക്കുകയായിരുന്നു. ഉമ്മറത്ത് ഒരു മുട്ടവിളക്ക് കത്തിച്ചുവയ്ക്കാറുണ്ട്. കാറ്റത്തു കെട്ടുപോയി രിക്കും. ഒതുക്കിറങ്ങിവരുന്ന ഒരു കറുത്ത രൂപം ഒച്ചയനക്കി മാറിനിന്നു.

"ആരാത്?"

"ഇതട്യേനാ, കണ്ടങ്കോരൻ."

"എന്താ കണ്ടങ്കോരാ?"

"അട്യേന് ആ ഊർച്ചമരൊന്ന് ചോയ്ക്കണെച്ചിട്ടേ."

"ഇപ്പെന്തിനാ?"

"രാവിലേയ്ക്കാ."

"രാവിലെ എടുത്തു കൊണ്ടുപൊയ്ക്കോ. തൊഴുത്തുംകോലാമ്പ്ല്ണ്ടാവും."

കണ്ടങ്കോരൻ അയിത്തമാക്കാതിരിക്കാൻ വേലിയുടെ അരുകിലേക്കു പ്രയാസപ്പെട്ടു മാറി നിന്നു.

"വേലി പൊളിക്കേണ്ട. ഞാൻ

പൊയ്ക്കോണ്ട്"

മുറ്റത്തേക്ക് കയറുമ്പോഴാണ് ഊർച്ചയുടെ കാര്യം ഓർമ്മിച്ചത്.

"നാളെയല്ലേ പൂട്ട് കണ്ടങ്കോരാ?"

"ആ അകായില് ഊർച്ചമരം തെകയില്ല. അതാ അട്യൻ വന്ന്."

"കന്നൊട്ട്ണ്ടോ?"

"ഏറ്റ്ട്ടുള്ളത് മ്മിണിണ്ട്. മുത്യേലേന്നും കുമരനെല്ലൂര്ന്നും ഒക്കെ കന്ന് വര്ണ്ണ്ട്."

"കളത്ത്ക്കാരടെ എര്തിന് തൊണേതാ?"

"ആലൂര്ന്ന് തമ്പ്രാൻെറ പോത്ത് വര്ണ്ണ്ട്."

ശിവരാമമേനോൻെറ പോത്തും പുത്തൻ കളത്തിലെ എരുതും ചേർന്നു തെളിച്ചാൽ അതൊരു കാഴ്ചയാവും.

ശേഖരേട്ടൻെറ ഊർച്ചക്കാളകളെ ഇറക്കുന്നുണ്ടോ ആവോ! പട്ടിത്തറയിലെ പൂട്ടിന് ആളെ അയച്ചിട്ടു ശേഖരേട്ടൻ അയച്ചിട്ടില്ലെന്നു കേട്ടിട്ടുണ്ട്. ശേഖരേട്ടൻെറ കാളകൾ ഒരുപക്ഷെ, ആദ്യം ഇറങ്ങുന്നതു നാളത്തെ പൂട്ടിനായിരിക്കും.

മുറ്റത്തുനിന്ന് അയാൾ വിളിച്ചുചോദിച്ചു:

"ഈ ഉമ്മറത്ത് ഒരു വിളക്കുവെയ്ക്കാൻ ല്യേ കുഞ്ഞ്യോപ്പോളെ?"

അമ്മയുടെ ശബ്ദമാണ് മറുപടി പറഞ്ഞത്:

"തറവാട്ടുകാരണോര് തപ്പിത്തപ്പായിട്ടല്ലേ എണ്ണ കൊണ്ടന്നു വെച്ചട്ക്കണ്."

ഒന്നും പറയാൻ തോന്നരുതേ! അയാൾ പ്രാർത്ഥിച്ചു.

ചാരിയ വാതിൽ തുറന്നു. കൊട്ടെണ്ണയൊഴിച്ചു കത്തിക്കുന്ന കോൽവിളക്കിന്റെ പ്രകാശം ഉമ്മറത്തേക്കു പരന്നു. തിരി നീട്ടി, കൊട്ടെണ്ണ പുരണ്ട ചൂണ്ടുവിരൽ നിലത്തുരച്ച് അറപ്പോടെ വിരലൊന്നു മണപ്പിച്ചശേഷം കുഞ്ഞ്യോപ്പോളു പറഞ്ഞു:

"അതിന്റെ കുപ്പി പൊട്ടി. കുപ്പയ്ക്കില് വെള്ളം കൊണ്ടച്ച് പോരുമ്പോ ന്റെ കൈയിന്നന്നേ ഒരു തുള്ളി വെള്ളം വീണു."

അവർ വാതിൽ മലർക്കെ തുറന്നുവെച്ചു.

മെത്താരണയ്ക്കിടയിൽനിന്നും ഒരു ബീഡിയെടുത്തു വിളക്കിൽ നിന്നു കത്തിക്കാൻവേണ്ടി വാതിലിൻ്റടുത്തേക്കു നടന്നു.

മുഴുവനുണങ്ങാത്ത ഉടുത്ത വസ്ത്രങ്ങളുടെ അസുഖകരമായ ഒരു മണം. കുഞ്ഞ്യോപ്പോളു വാതിലിനപ്പുറത്ത് ഈറൻതല ഞാവിക്കൊണ്ടു നില്ക്കുകയായിരുന്നു. പതിനൊന്നു വയസ്സിനു

മൂപ്പുണ്ടെങ്കിലും ആങ്ങളയുടെ മുന്നിൽ നേരിട്ടു നില്ക്കാനും സംസാരിക്കാനും അവർക്കിപ്പോഴും മടിയാണ്.

അരി തീർന്ന കാര്യമായിരിക്കാം. അല്ലെങ്കിൽ അങ്ങാടിസ്സാമാനങ്ങളുടെ കാര്യമായിരിക്കാം. അയാൾ പൊട്ടിപ്പൊളിഞ്ഞ പടിയുടെ മുകളിൽ ചുമരു ചാരിയിരുന്നു ബീഡി വലിച്ചുതീർത്തു.

"എന്താ കുഞ്ഞ്യോപ്പോളെ?"

"ഏട്ടൻ വന്നിരുന്നു."

"ന്നിട്ട്?"

"നീയ് പോയി ഏറെ നേരായിട്ട്ണ്ടാവില്യ. വരാംന്ന് പറഞ്ഞിട്ടാ എറങ്ങീത്."

"ഉം. വരട്ടെ."

വടക്കിനിയിൽനിന്ന് അമ്മ കൊക്കിക്കുരച്ചു കൊണ്ട് എഴുന്നേല്ക്കുന്ന ശബ്ദം കേട്ടു. കട്ടിലിന്റെ വക്കിൽ ചാരിവെച്ച മുളവടി ഉരുണ്ടുപിരണ്ടുവീഴുന്ന ഒച്ച.

"ഈ വെളക്കൊന്നങ്ങട് കാണിച്ചുകൊടുക്കിൻ. വയസ്സുകാലത്തു കൊട്ടിപ്പെടഞ്ഞ് വീണിട്ട് അനർത്ഥം ഉണ്ടാക്കണ്ട."

"ന്നെക്കൊണ്ട് ആർക്കും ഒരനർത്ഥൂണ്ടാവില്ല. മൂച്ചി ചിരിച്ചു നിക്ക്ണ നിയ്ക്കിന്ന്യെന്താ,

തൊക്കെ കണ്ടത്തില് ആറടി മണ്ണു വേണം."
അമ്മ പരുഷമായ സ്വരത്തിൽ അകത്തുനിന്നു പറഞ്ഞു.

മകൾ വിളക്കുകാട്ടുന്നതിനു മുമ്പുതന്നെ അമ്മ എത്തിക്കഴിഞ്ഞു. പകുതി അമ്മയോടും പകുതി കുഞ്ഞ്യോപ്പോളോടുമായി ഗോവിന്ദൻ കുട്ടി പറഞ്ഞു: "അമ്മയ്ക്ക് ചെവിട് പതുക്യാന്നു പറേണോരെ അല്ലേ തല്ലണ്ട്? അമ്മേപ്പറ്റ്യാണെങ്കിൽ പടിക്കിന്ന് ചുണ്ടനക്കിയാൽ അമ്മ ഇവിടെ കേൾക്കും."

"ഞാൻ കണ്ണും ചെവിടും ല്യാണ്ടെ ഇരിക്കെട്ടനാവണം. അതും കൂട്യായാലേൻെറ മക്കൾക്ക് തൃപ്ത്യാവൂ."

അമ്മ കോലുവിളക്കിൻെറ മുന്നിൽ കാലു നീട്ടിയിരുന്നു.

"നീയ് കുമാരനെ കണ്ടോ?"

"ഇല്ല."

"എടീ ആ ചെല്ലത്ത്ല് വല്ലതുംണ്ടോ? വായ മരേച്ചിട്ട് വയ്യ."

അമ്മ കാര്യമായി എന്തോ പറയാൻ പോകയാണെന്നയാളൂഹിച്ചു.

ഗോവിന്ദൻകുട്ടി എഴുന്നേറ്റു താഴത്തെ കോ

ലായിൽ നടന്നു.

"വെറ്റില ഒരു ചീന്ത്ണ്ട്. അടയ്ക്ക ല്യമ്മേ."

"ആ താമിച്ചെക്കൻ വന്നപ്പോൾ രണ്ടു കുരടയ്ക്ക പൊട്ടിക്കായിരുന്നില്യെ? അയിനും ഞാൻ പറേണോ?"

മകൾ ഒന്നും പറഞ്ഞില്ല. കോലായിൽ നടക്കുന്ന മകൻ ആലോചിച്ചു: അകത്തെ കഷ്ടപ്പാടുകൾക്കെല്ലാം കാരണം താൻ കിടപ്പിലായതാണെന്നാണ് അമ്മയുടെ വിശ്വാസം. വീട്ടുകാര്യങ്ങളൊന്നും നേരെ നടക്കാത്തതു കുമാരേട്ടൻെറ സ്ഥാനത്തു ഗോവിന്ദൻകുട്ടി കാര്യം നോക്കുന്നതുകൊണ്ടും.

"എന്താ ഗോയിന്ദുട്ട്യേ?" അമ്മയുടെ സ്വരം മൃദുവാകുന്നതു കേൾക്കുമ്പോൾ ഗോവിന്ദൻകുട്ടിക്കു ഭയമാണ്. "കുമാരൻ ഒരു സങ്കടംകൊണ്ടാ വന്നിരിക്ക്ണ്."

സങ്കടങ്ങൾകൊണ്ട് ആളുകൾ വരേണ്ടത് ഇവിടെത്തന്നെയാണ്. സങ്കടങ്ങളില്ലാത്തവർ അമ്മയും കുഞ്ഞ്യോപ്പോളും ഞാനും ഈ വീടുമുണ്ടല്ലോ!.....

"ഉം."

"ഓൻ കൊറച്ച് വല്ലാണ്ട് ഒഴന്നടക്കണു. മ

നയ്ക്കലൊച്ചാ കുറച്ച് എടച്ചിലാ. അച്ചരൻനമ്പൂ തിരി മരിച്ചോണ്ട് ആകെ ഒരു കൊഴമാന്തരം...''

"ഉം."

ഗോവിന്ദൻകുട്ടി നിർവ്വികാരനായി മൂളി.

"ഒരോണാ വരണ്...."

കാര്യങ്ങളുടെ പോക്ക് ഊഹിക്കാൻ കഴിയുന്നുണ്ട്. ഓണത്തിനും വിഷുവിനും തിരുവാതിരയ്ക്കുമെല്ലാം മുമ്പു കേട്ടതാണിതെല്ലാം. അസുഖം പുറത്തുകാട്ടാതെ കൃത്രിമമായ ഒരു താല്പര്യത്തോടെ ചോദിച്ചു:

"ഓഹോ, എന്താ?"

"ന്നയ്ക്ക് പതിനൊന്നാ അത്തം."

"ഉം."

പിന്നെ അമ്മ തെല്ലിട ഒന്നും മിണ്ടിയില്ല. ഗോവിന്ദൻകുട്ടി മാറത്തു കൈകൾ കെട്ടി കോലായിൽ ധൃതിയിൽ നടത്തം തുടർന്നു.

"നീയെന്താ ഒന്നും മിണ്ടാത്തത്?"

അയാൾ പൊടുന്നനെ നിന്നു.

"ഞാനെന്താ പറേണ്ട്? അമ്മയല്ലേ പറഞ്ഞോണ്ട് വന്ന്?"

അമ്മ മുഖമുയർത്തി കോലായിൽ നില്ക്കുന്ന മകനെ സംശയത്തോടെ നോക്കി. നിഴൽപ്പാടി

ലായിരുന്ന മുഖം ശരിക്കു കണ്ടില്ല.

"ഞാനൊന്നും പറേണില്ല. അപ്ലയ്ക്കു ചാടി കടിക്കാനല്ലേ നീയ് വര്ണ്?"

ഗോവിന്ദൻകുട്ടി വാതിലിനടുത്തേക്കു ചെന്നു രോഷത്തോടെ പറഞ്ഞു: "ഉരുട്ടിപ്പെരട്ടീട്ടൊന്നും കാര്യല്യാ. പറയാന്ള്ളത് എന്താച്ചാ പറയിൻ."

വടക്കിനിയിലേക്കുള്ള വാതിൽ ചാരിക്കൊണ്ട് കുഞ്ഞ്യോപ്പോള് തലകുനിച്ചു നില്ക്കുകയായിരുന്നു.

അമ്മ കാൽമുട്ടുകൾ തിരുമ്മിക്കൊണ്ടു വീണ്ടും മിണ്ടാതെ ഇരുന്നു. പ്രായംകൊണ്ടു ചുക്കിച്ചുളിഞ്ഞ മുഖം അരിശംകൊണ്ടു വീർക്കുന്നതു കാണാമായിരുന്നു. കോലുവിളക്കിന്റെ വെളിച്ചത്തിൽ അമ്മയുടെ നിഴൽ വടക്കേ ചുമരിൽ ഒരു വികൃതമായ രൂപം നിർമ്മിച്ചു. ചെറുപ്പത്തിലേ തോടയിട്ടു നീട്ടിയ കാതുകളുടെ നിഴൽ ആടുന്നതു ഭീകരമായിത്തോന്നി. അമ്മയുടെ ഭാവം മാറി.

"ഞാനാ ബ്ടെ തലമൂത്തത്. പറഞ്ഞാൽന്താ നീയിന്റെ തലട്ക്ക്വോ?"

ഓണത്തിന് അത്യാവശ്യം കൊടുക്കാൻ കുമാരേട്ടനു പണമില്ല. അതുണ്ടാക്കാൻ വന്നിരിക്കു

കയാണ്.

കുമാരൻ വളരെ കഷ്ടത്തിലാണ്.കൈയിൽ ഒറ്റ മുക്കാലില്ല. മേലെപ്പുറത്തു മറ്റു സംബന്ധക്കാരൊക്കെ ചെയ്യുന്നതുപോലെ കുമാരൻ ചെയ്തില്ലെങ്കിൽ കുറച്ചിൽ ആർക്കാണ്? അമ്മയും കുഞ്ഞ്യോപ്പോളും ഗോവിന്ദൻകുട്ടിയും അടങ്ങുന്ന താഴത്തേതിൽ കുടുംബത്തിന്.

ഗോവിന്ദൻകുട്ടി ആരോടെന്നില്ലാതെ പറഞ്ഞു:

"ഈ തള്ളയ്ക്കു പറഞ്ഞാൽ മനസ്സിലാവില്യ. ഇവിടെ കെട്ടിര്പ്പണ്ടോ?"

"അത് പറഞ്ഞോണ്ടായ്യോ?"

അടയ്ക്കയും ചെറുകായയും വിറ്റാൽ കിട്ടുന്ന കാശുകൊണ്ടു മൂന്നുനേരം അടുപ്പെരിയില്ല. അതമ്മയ്ക്കും അറിയാം, കുമാരേട്ടനും അറിയാം. കഴിഞ്ഞ കൊല്ലത്തെ കടം ഇപ്പോഴും ബാക്കിയാണ്. എന്നിട്ടിപ്പോൾ–

"ഓൻ പറഞ്ഞേടത്തും ഇല്യേ കാര്യം? ഓൻ ബ്ട്ന്ന് ചെലവിനും എട്ക്കണില്ല. അതു തറവാട്ടിലേക്കു ലാഭല്ലേ?"

ഒന്നും മിണ്ടാതെ ഗോവിന്ദൻകുട്ടി അകത്തേക്കു കടന്നു. വലിയ മുണ്ടുമാറ്റി മുഷി

ഞ്ഞ തോർത്തുടുത്തു വീണ്ടും ഉമ്മറത്തേക്കു വന്നപ്പോൾ കാൽമുട്ടുകൾ തിരുമ്മിയിരിക്കുന്ന അമ്മയെ നോക്കിയില്ല.

"കുഞ്ഞ്യോപ്പോളെ, ആ തേക്കൊട്ട എവിടെ?"

"എന്തിനാ? ആ കെഴക്കെ എറേത്ത്ണ്ട്."

"എനിക്കൊന്നു കുളിക്കണം."

തേക്കുകൊട്ട കിട്ടി. കൊട്ടക്കോൽ എവിടെയാണാവോ! ഉത്തരത്തിൽ തപ്പിയപ്പോൾ ഭാഗ്യത്തിന് അവിടെ ഉണ്ട്.

അടുക്കളയുടെ കുത്തഴിയിലൂടെ കുഞ്ഞ്യോപ്പോള് പറഞ്ഞു: "മഴേത്തുനിന്നു ദ്രുമിച്ച കയ്യിരീം വെഴം ആണ്. കോരുമ്പ സൂക്ഷിച്ചോ."

ഗോവിന്ദൻകുട്ടി അതു കേട്ടില്ല. അയാൾ ആകപ്പാടെ അമർഷംകൊണ്ടു പുകയുകയായിരുന്നു. വെട്ടത്തു പത്മനാഭൻനായരുടെ കൈയിൽനിന്നു വാങ്ങിയ നാല്പതുറുപ്പികയും പലിശയും അടയ്ക്കേണ്ട സമയമായിരിക്കയാണ്. അപ്പോഴാണ് അത്യാവശ്യം!

കിണറ്റിലെ വെള്ളത്തിനു വല്ലാത്ത തണുപ്പുണ്ടായിരുന്നു. തോർത്തിക്കഴിഞ്ഞപ്പോൾ

ശരീരം വിറയ്ക്കുന്നതുപോലെ തോന്നി. തേക്കു കൊട്ട ഇറയത്തു ചാരിനിർത്തി ഉമ്മറത്തേക്കു വന്നപ്പോൾ അമ്മ അതേ ഇരിപ്പാണ്. നിലപ്പടി മേൽ മെത്താരണയുടെ തൂണു ചാരിക്കൊണ്ടു കുമാരേട്ടനും വളഞ്ഞുകുത്തി നില്ക്കുന്നു.

രണ്ടുപേരെയും ശ്രദ്ധിക്കാതെ അകത്തേക്കു കടന്നപ്പോൾ കണ്ണുകൾ തന്നെ പിന്തുടരുന്നുണ്ടെന്നു തോന്നി.

ഈറൻ മാറി അടുക്കളയിലേക്കു നടന്നു.

കുഞ്ഞ്യോപ്പോള് ഇലക്കഷണങ്ങൾ തുടച്ചുവെയ്ക്കുകയായിരുന്നു. കുമാരേട്ടൻകൂടി ഉണ്ണാൻ എത്തിയതുകൊണ്ട് അന്നു കുഞ്ഞ്യോപ്പോളുടെ അത്താഴത്തിൻെറ കാര്യം കഷ്ടിയായിരിക്കുമെന്ന് അറിയാം.

"എന്താ കുഞ്ഞ്യോപ്പോളെ, കുമാരേട്ടന് വേണ്ട്?"

"നിയ്ക്കറിഞ്ഞൂടാ."

"നിങ്ങള് കേട്ടില്ലേ അമ്മ പറേണതൊന്നും?"

ആ ശബ്ദത്തിൽ അരിശം പുകഞ്ഞിരുന്നു.

"കളപ്പടിക്കലെ പ്ലാവ് വിറ്റാലെന്താണ്?"

വില്ക്കാൻ പറ്റിയതൊന്നുമില്ലെന്നാണു ധരിച്ചിരുന്നത്. കുമാരേട്ടനു കണ്ണുണ്ട്!

"മിഥുനം കർക്കടകത്തില്–"

കുഞ്ഞേയ്യാപ്പോള് പിറുപിറുക്കുന്ന സ്വരത്തിൽ പറഞ്ഞു:

"മിഥുനം കർക്കടകത്തില് അരീം നെല്ലും ല്യാത്തപ്പോ ചക്കേടെ മടലെങ്കിലും ഉപ്പിട്ടു വെച്ച്–"

ഗോവിന്ദൻകുട്ടി ഉമ്മറത്തേക്കു നടന്നു. മുഖവുരയില്ലാതെ കുമാരേട്ടനോടു പറഞ്ഞു:

"പൊട്ട്ട്ടെങ്കിൽ പൊട്ടു നാലെണ്ണം കായ്ക്കണേത് അതേയുള്ളു. വിക്കണ്ടോർക്കു വിക്കാം. നിയ്ക്കതിന് ഷ്ടല്യ. അമ്മീംകൂടി കേൾക്കാനാ പറേണ്"

ഇടിയും മഴയും കലിതുള്ളലുമെല്ലാം ഉണ്ടാവുമെന്നാണു കരുതിയത്. ഒന്നും കേട്ടില്ല. അതൊരദ്ഭുതമായിരുന്നു.

പടിയിറങ്ങി നടന്നു. കവുങ്ങിൻകുറ്റികൾകൊണ്ടുള്ള പടി പിടിച്ചുനിന്ന് ഇരുട്ടിൽ കാറ്റുലഞ്ഞു നില്ക്കുന്ന പടിവട്ടത്തെ വയലുകൾക്കപ്പുറത്തെ നരച്ച ഇരുട്ടിലേക്കു നോക്കിക്കൊണ്ട് ആലോചിച്ചു: ഇറങ്ങി നടന്നാലോ? പാതവക്കത്തു കറുത്ത കൂടാരങ്ങൾപോലെ നില്ക്കുന്ന മുരടിച്ച മരങ്ങൾക്കിടയിലൂടെ പുഴക്കരയിൽ അണച്ചു

നിർത്തിയ കൊപ്പരവഞ്ചിയുടെ വെളിച്ചം കണ്ടു.

ഉമ്മറത്തു സംസാരിച്ചാൽ പടിക്കൽനിന്നു കേൾക്കാം. അമ്മ അധോഗതിക്കു കാരണമായ അസുരവിത്തിന്റെ കഥയും കുമാരേട്ടൻ ആറാം തമ്പത്തിൽ അമ്മയ്ക്കുണ്ടായ തൃപ്പുത്രന്റെ കാര്യവും പറയുമെന്നു കരുതി. ഒന്നും കേട്ടില്ല. കൈതക്കൂട്ടങ്ങൾ ചുറ്റും മൂടിയ കുമ്മാണിക്കുളത്തിന്റെ കരയിൽനിന്നാവണം, കുളക്കോഴികളുടെ കലപിലകൂട്ടൽ കേൾക്കുന്നുണ്ടായിരുന്നു.

വലിയ കൈപ്പത്തിക്കുള്ളിൽ പടിയുടെ കവുങ്ങിൻവാരികൾ ഞെരുങ്ങി.

നിമിഷങ്ങൾ ഇഴഞ്ഞുനീങ്ങിയപ്പോൾ ഉമ്മറക്കോലായിൽ നിന്നു കുഞ്ഞോത്യാപ്പോളുടെ വിളി കേട്ടു.

അയാൾ മുറ്റത്തേക്കു കയറി.

“ഉണ്ണാറായില്ലേ? ഏട്ടൻ ഇരുന്നാട്ക്ക്ണു.”

“ഞാൻ ഉണ്ണ്ണില്യ.”

കുഞ്ഞോത്യാപ്പോളു മനസ്സിലാവാത്ത മട്ടിൽ നോക്കി.

“എനിക്കു വെശപ്പില്ല.”

“ഒരുപിടി ഉണ്ടോ.”

"ഞാൻ പൊറത്ത്ന്ന് കഴിച്ചടക്ക്ണു. വെശപ്പില്ല." അതു വിശ്വസിക്കുമോ എന്ന കാര്യം സംശയമായിരുന്നു.

സാധാരണ ഉമ്മറത്തെ ചാരുപടിയിലാണു കിടക്കുക. കുമാരേട്ടൻ ഉള്ളതുകൊണ്ട് മുകളിൽ കിടക്കാമെന്നുവെച്ചു.

മുകളിൽ രണ്ടു മുറിയും ഒരിടനാഴിയുമാണ്. തെക്കുഭാഗത്തുള്ള ചാരുപടിയുള്ള മുറിയിൽ പായയും തലയണയുമിട്ടു കിടന്നു. പകലും രാത്രിയും ഇരുണ്ടുകിടക്കുന്നതുകൊണ്ടാവണം, ശരീരം തുളയ്ക്കുന്ന ഒരുതരം ചെറിയ പാറ്റയുണ്ട്, അവിടെ.

കുത്തഴിക്കഭിമുഖമായി ചെരിഞ്ഞു കിടന്നപ്പോൾ മുമ്പു വൈക്കോൽ മൂടകൾ വെക്കാറുള്ള മുറ്റത്തിൻെറ അതിർത്തിയിൽ തോട്ടത്തിലേക്കിറങ്ങുന്ന  ഒതുക്കുകൾ തുടങ്ങുന്നിടത്തായി കായ്ച്ചുതളർന്ന വരിക്കപ്ലാവിൻെറ വികൃതരൂപം കണ്ടു.

മനസ്സിലെ ക്ഷോഭമൊന്നടങ്ങിയപ്പോൾ ആലോചിക്കാൻ ശ്രമിച്ചു. അതുള്ളതുകൊണ്ടു കഷ്ടപ്പാടുകൾ തീരാൻപോകുന്നുണ്ടോ?

പ്ലാവു വില്ക്കാം. പിന്നെ കവുങ്ങിൻതോട്ടവും

ഈ മോന്തായം നുറുങ്ങിയ വൈക്കോൽപ്പുരയും അതിലെ മൂന്നു മനുഷ്യരുമല്ലേ ബാക്കിയുള്ളു? എല്ലാം വിറ്റാലും എനിക്കൊന്നുമില്ല. എനിക്കൊന്നുമില്ല.....

പണ്ടത്തെ കയ്യാലപ്പുരയുടെ പൊളിഞ്ഞ തറയ്ക്കപ്പുറത്തു കൂരിപ്പൊന്തലുകൾക്കിടയിൽനിന്ന് ഒറ്റപ്പെട്ടുനില്ക്കുന്ന ഒരു ഈരിച്ച തെങ്ങിൻതൈ കാണാമായിരുന്നു. അച്ഛൻെറ ചിതയിൽവെച്ച ആ തെങ്ങിനു തന്നെക്കാൾ എട്ടുവയസ്സു പ്രായം കുറയും.

അച്ഛൻ ചെയ്ത തെറ്റിനെപ്പറ്റി അയാൾ അമർഷത്തോടെ ഓർമ്മിച്ചു. അമ്പത്തൊന്നാം വയസ്സിൽ പതിനൊന്നു കൊല്ലത്തിനുശേഷം അമ്മ ഒരിക്കൽക്കൂടി പ്രസവിക്കാനിടവന്നത്–

ആറാംതമ്പത്തിലുണ്ടായ മോനെന്നു കുമാരേട്ടൻ വിളിക്കാനിടവന്നത് അതുകൊണ്ടാണ്. ആ വാക്കിൻെറ അർത്ഥം അറിഞ്ഞുകൂടാ. ഒരു പക്ഷേ, ഒരർത്ഥവും കാണില്ല. എങ്കിലും ആ വാക്കു വൃത്തികെട്ടതാണ്. അറയ്ക്കുന്നതാണ്.

ഇടനാഴിയിലൂടെ ചിമ്മിനിവിളക്ക് അരിച്ചു വന്നു.

“ഗോവിന്ദുട്ടി ഇവിട്യാ കെടക്കണ്?”

കുഞ്ഞോപ്പോള് നിലത്ത് ഒരരുകിലായി ചിമ്മിനി വെച്ചു. ചെമ്പുപാത്രത്തിലെ വെള്ളം ഓവുതിണ്ണയിൽവെച്ച്, ഓവിന്റെ ദ്വാരത്തിലടച്ചിട്ട ചകിരിത്തുപ്പു വലിച്ചെടുത്തു വെള്ളമൊഴിച്ചു.

"ആ പടീമ്മ്ല് അപ്പടി പൊടിയ്യാ. ഒന്നു തൊടച്ചിട്ടു പായ്യ്ടാർന്നു."

"ഒന്നും വേണ്ട."

"ഇന്നലെ കൊണ്ടിരിച്ചേല് രണ്ടച്ച് ശർക്കര ഇരിക്ക്ണ്ണ്ട്. കാപ്പിപ്പൊടീട്ട് ഒരു ഗ്ലാസ് വെള്ളം ണ്ടാക്കണോ?

ഗോവിന്ദൻകുട്ടി കണ്ണുതുറക്കാതെ പറഞ്ഞു:

"ഒന്നും വേണ്ട."

"അത്താഴപ്പഷ്ണി കെടക്കണ്ടാച്ചിട്ട് പറയ്യേ."

"അല്ലെങ്കിൽ ദിവസും നാലു കറിവെച്ച് സദ്യല്ലേ?"

പെങ്ങൾ ഒന്നും മിണ്ടിയില്ല. നിലത്തുനിന്നു ചിമ്മിനിവിളക്കു പെറുക്കിയെടുത്ത് അവർ രണ്ടടി നടന്നു. വാതിൽ തുറന്നപ്പോൾ അയാൾ പതുക്കെ കണ്ണു തുറന്നു. ആരോടെന്നില്ലാത്ത ഒരരിശത്തോടെ.

കുഞ്ഞോപ്പോള് നില്ക്കുകയാണ്. ചിമ്മിനി

യുടെ പുക അവരുടെ കരുവാളിച്ച മുഖത്തി നു മുന്നിൽ വളഞ്ഞുപുളഞ്ഞു സഞ്ചരിക്കുന്നു. മുഖം കുനിച്ചു പാതിയടഞ്ഞ കണ്ണുകളോടെ നില്ക്കുന്ന ആ രൂപം കണ്ടപ്പോൾ അയാളുടെ മനസ്സു നേർത്തുനേർത്തുവന്നു. പരത്തിയി ട്ട ചകിരിനാരുകൾപോലെ പരുക്കനായ മുടി. കരുവാളിച്ച ശരീരം. തിരുമ്മിത്തിരുമ്മി മഞ്ഞ നിറമായ, നനവുണങ്ങാത്ത മണമുള്ള ബ്ലൗസും മുണ്ടും. ഇടതുകൈയിലെ ഓട്ടുചിമ്മിനിയുടെ പുകപുരണ്ട വെളിച്ചത്തിൽ ആ ചിത്രം അയാൾ വ്യക്തമായി കണ്ടു.

ചമ്മിണിക്കാവിലെ ആയിരത്തിരിക്ക്, രണ്ടു കൈയിലുമായി പിടിച്ചു തിളങ്ങുന്ന ഓട്ടുതാലത്തിൽ നാളികേരമുറിയിൽ കത്തിച്ചു വെച്ച അരിത്തിരിയുടെ തങ്കം വിതറുന്ന പ്രകാ ശത്തിൽ തുടുത്ത മുഖത്തു ചുവന്ന സിന്ദൂരപ്പൊ ട്ടിട്ടു നിന്ന ഒരു പെൺകിടാവിന്റെ ചിത്രവും അയാൾ കണ്ടു. വർഷങ്ങളുടെ ഇടനാഴികൾ ക്കപ്പുറത്ത്, ഓർമയുടെ ഒരു നേരിയ വെളി ച്ചത്തിൽ, വരിവരിയായി താലമെടുത്തു നിൽക്കു ന്ന പെൺകിടാങ്ങൾക്കിടയിൽ നിറഞ്ഞുതിളങ്ങി യിരുന്നത് അവർ മാത്രമായിരുന്നു. അരിത്തിരി

യുടെ പ്രകാശനാളം കവിളിൽ പുളഞ്ഞുനടന്നു. കുഴിമിന്നി കെട്ടിയ കഴുത്തിൽ ഒരു തിരുവാതിരനിലാവു മുഴുവൻ ഒതുങ്ങിക്കിടന്നു.

അതു കുഞ്ഞ്യാപ്പോളായിരുന്നു.

അന്നു ചെറിയ കുട്ടിയായിരുന്നുവെങ്കിലും പുരപ്പുറമ്പിലെ കണ്ണുകൾ മുഴുവൻ താലമെടുത്ത കുഞ്ഞ്യാപ്പോളുടെ  ചുറ്റും വലംവയ്ക്കുന്നതു കണ്ടിട്ടുണ്ട്. ആ കുഞ്ഞ്യാപ്പോളുടെ താഴെയുള്ള കുട്ടിയായതിൽ സ്വയം വലിയ ആളായി തോന്നിയിട്ടുണ്ട്.

മുളപൊന്തിയ കാലുകൾ അമർത്തിവയ്ക്കാതെ പ്രാഞ്ചിപ്രാഞ്ചി നടക്കുന്ന ആ സ്ത്രീയെ ഓർമയുടെ ആ പഴയ സ്വപ്നത്തിൽ അടക്കി നിർത്താൻ പ്രയാസമുണ്ട്.

"കുഞ്ഞ്യാപ്പോളേ!"

അയാൾ വിളിച്ചു. അവർ മുഖമുയർത്തി.

"കുഞ്ഞ്യാപ്പോള് കെടന്നോളൂ. എനിക്കൊന്നും വേണ്ടാഞ്ഞിട്ടാ."

ഇടനാഴിയിലൂടെ അവരും ഓട്ടുചിമ്മിനിയുടെ വെളിച്ചവും അകന്നുപോയി.

താഴെ അടുക്കളവാതിലടയ്ക്കുന്നതും അമ്മ എന്തോ പറയുന്നതും ഉമ്മറവാതിൽ അടയ്ക്കു

ന്നതും കേട്ടു.

വടക്കിനിയിൽ അമ്മയുടെ ചെറിയ കട്ടിലിനു താഴെയാണ് കുഞ്ഞ്യോപ്പോളു കിടക്കുക.

പെങ്ങളെപ്പറ്റി ഓർക്കുമ്പോൾ വിഷമം തോന്നാറുണ്ട്. അവർ ഈ മോന്തായം നുറുങ്ങിയ വീടിന്റെ ഒരു ഭാഗമാണ്. അമ്മയ്ക്കു വേണമെങ്കിൽ മൂത്ത രണ്ടു പെൺമക്കളുടെകൂടെ താമസിക്കാം. അതിനു തയ്യാറില്ലാത്തത് അമ്മയുടെ അഭിമാനം കാരണമാണ്.

"എനിക്കെന്റെ തറവാടുള്ളപ്പോ എവടയ്ക്കും പോണ്ട. ഇബടക്കെടന്നിട്ടെന്നെ ജന്മൊടുക്കണംന്നാ ന്റെ മോഹം."

മാധവിയേടത്തി പലപ്പോഴും പറഞ്ഞതാണ്. ശേഖരേട്ടനും വിളിച്ചു. പൂന്തോട്ടത്തിൽ താമസിക്കാൻ. സുഖമില്ലാതെ കിടപ്പിലാണെന്നു കേട്ട് ശേഖരേട്ടൻ വന്നപ്പോൾക്കൂടി പറഞ്ഞു:

"അവടെ വന്നിരിക്കാലോ കുഞ്ഞിക്കാള്യേമ്മയ്ക്ക്. ഒരു ബുദ്ധിമുട്ടും ണ്ടാവില്യ."

മറ്റുള്ളവരോടു മൂത്തമകളുടെ മണ്ടേല്വരയുടെ നന്മയും പൂന്തോട്ടത്തിലെ സ്വത്തിന്റെ കണക്കും പറയുമെങ്കിലും അയാളുടെ മുന്നിൽ അമ്മയ്ക്കു ചെറുതാവാൻ വയ്യ. അതുകൊണ്ടാ

യിരിക്കണം പറഞ്ഞത്:

"ഇവടെ എന്താപ്പോ നിയ്ക്കൊരു ബുദ്ധിമുട്ട്?"

താഴത്തേതിലെ കഷ്ടപ്പാടുകൾ മുഴുവൻ അറിയുന്ന ശേഖരേട്ടനോടാണ് വലിപ്പം പറയാൻ കണ്ടത്.

"അല്ല, ഒന്നുണ്ടായിട്ടല്ല. പറഞ്ഞൂന്നേള്ളു."

ഒരിക്കൽ കുഴമ്പില്ലാത്തതിന് അമ്മ ശകാരം തുടങ്ങിയപ്പോൾ ഗോവിന്ദൻകുട്ടി പറഞ്ഞു:

"ശേഖരേട്ടൻ പുന്തോട്ടത്തിലേക്കു വിളിച്ചപ്പൊ അമ്മയ്ക്ക് മര്യാദയ്ക്കു പുവ്വായിരുന്നില്ലേ? ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല."

"പ്ഫ!" ഒരാട്ടാണ് അതിനു മറുപടി. കുറ്റം ശേഖരേട്ടനും ആയി.

"നെൻെറ അളിയൻ എന്നേത്ര വല്യ ആളായിത്ന്ന് നിയ്ക്കറിയാം. മുക്കാലിന്നു ഗതില്യാണ്ടു തിണ്ണേനെരങ്ങി നടന്നീർന്നോനാ. കീഴ്ക്കടെ നടന്നതൊന്നും ഞാൻ മറന്നിട്ടില്ല."

ആളുകൾ വേഗം മറക്കും, അമ്മ മറക്കില്ലെന്നതാണു കുഴപ്പം.

പുന്തോട്ടത്തിൽ ഭാഗം നടന്നപ്പോൾ അച്ഛനും അമ്മയുമില്ലാത്ത ശേഖരേട്ടൻ ഒറ്റപ്പെട്ട് ഉഴന്നുനടന്നു നാടുവിട്ടുപോയി.

കൊല്ലങ്ങൾക്കുശേഷം മടങ്ങിവന്നതു പണക്കാരനായിട്ടാണ്. കോഴിക്കോട്ട് ഹോട്ടൽ നടത്തുകയായിരുന്നുവത്രേ. നിക്ഷേപം കിട്ടിയതാണെന്നും നാട്ടിൽ ചിലർക്കു വിശ്വാസമുണ്ട്. ഹാജിയാരുടെ കൈയിലായിരുന്ന പഴയ പുന്തോട്ടത്തിലെ വീടും പറമ്പും വാങ്ങി. വലിയ പുരയും പത്തായപ്പുരയും പണിചെയ്തു നാട്ടിൽ പ്രമാണിയായി. അങ്ങാടിയിൽ ഒരു മാളികപ്പുര കയറ്റി. താഴെ മൂന്നു മുറികൾ കച്ചവടത്തിനു കൊടുത്തിട്ടുണ്ട്. താഴത്തേതിൽനിന്നുതന്നെ പുടമുറി കഴിക്കണമെന്നു വാശിയുണ്ടായിരുന്നുവത്രേ. മാധവിയേടത്തി പുതിയ വീട്ടിലേക്കു താമസം മാറ്റി. പെരുമ്പലത്തൂരിൽ കുറെ കൃഷിസ്ഥലം വാങ്ങി. കോടതിയിൽനിന്നുള്ള ലേലത്തിൽ ചുരുങ്ങിയ വിലയ്ക്കു തട്ടിയെടുത്തതാണെന്നു കേട്ടിട്ടുണ്ട്. അവിടെ കാര്യസ്ഥനു താമസിക്കാൻ ഒരു ചെറിയ വീടുണ്ട്. ആ കളപ്പുരയിൽ പണ്ടു പപ്പടച്ചെട്ടികൾ താമസിച്ചതായതുകൊണ്ട് ചെട്ടിപ്പുരയെന്ന പേരിലാണ് ഇന്നും അറിയുന്നത്. അങ്ങാടിയിലെ മാളികപ്പുരയുടെ പിന്നിലെ തൊഴുത്തിൽ ഊർച്ചക്കാളകൾ. ദൂരത്തെ കളപ്പുരയിൽ

അഞ്ചാറു കന്നുണ്ട്.

മറ്റുള്ളവരോട് അമ്മ പറയും:

"മാധവിക്കോ, ഓളക്ക് മുജ്ജന്മസുകൃതംന്നേ പറേണ്ടൂ, പ്പോ രാജപദവ്യല്ലേ?"

കുമാരേട്ടൻെറ കല്യാണം അമ്മയുടെ ആഗ്രഹപ്രകാരമാണത്രേ നടന്നത്. വീട്ടിലെ സ്ഥിതി മോശമാവാൻ തുടങ്ങിയിരുന്ന കാലം. അമ്മാമന്മാർ രണ്ടുപേരും ഓഹരിവിറ്റു ഭാര്യ വീടുകളിലേക്കു താമസം മാറ്റി. അച്ഛൻ മരുമകനായി കലഹിച്ച് അവകാശത്തീരു കഴിഞ്ഞു താഴത്തേതിലും വന്നു. റാവുത്തരുമായുണ്ടായിരുന്ന കേസിൽ അച്ഛനു സ്വകാര്യമായുണ്ടായിരുന്ന നിലം പോയി. മൂവായിരം ഉറുപ്പിക പിരിഞ്ഞുകിട്ടാൻ അച്ഛനുവേണ്ടി ശേഖരേട്ടൻ തിരൂർ കോടതിയിൽ കേസു നടത്തുകയായിരുന്നു. മേലെപ്പുറത്തുനിന്നൊരു കല്യാണക്കാര്യമാലോചിച്ചുവന്നപ്പോൾ അമ്മയ്ക്ക് ഇരിക്കപ്പൊറുതിയില്ലാതെയായി. എടപ്പാളങ്ങാടി മുഴുവൻ സ്വന്തമാണ്. മാണിയൂർക്കാട്ടിലെ ഒരു തേക്കു വിറ്റാൽ ഒരു കുടുംബത്തിനു കാലാകാലം കഴിയാം എന്നൊക്കെ കേട്ടിട്ടുണ്ടായിരുന്നു. അത്ര വലിയ സ്ഥലത്തു ചെന്നിറങ്ങിപ്പോരാൻ

നമുക്കു ത്രാണിയുണ്ടോ? അച്ഛൻ സംശയിച്ചു. അമ്മ ശാസ്ത്രം പറഞ്ഞിട്ടുണ്ടാവും: ഒരു കൊമ്പു പിടിയ്ക്ക്യാച്ചാൽ പുളിങ്കൊമ്പു പിടിക്കണം.

പാറുക്കുട്ട്യേടത്തിയുടെ വിവാഹം കഴിഞ്ഞ കാലത്ത് അമ്മയ്ക്ക് ഗോവിന്ദൻകുട്ടിയെ ഗർഭമായിരുന്നു.

“പെണ്ണുങ്ങള് വര്ണോര് വര്ണോര് ചോയിയ്ക്കാ, നിയ്ക്കെന്നെ ഒരു കൊറവ്.”

“പേറും തീണ്ടാരീം മാറി മക്കൾടെ മക്കളെ കളിപ്പിച്ചിരിക്കേണ്ട കാലത്ത് ൻെറാരു യോഗേ!”

പാറുക്കുട്ട്യേടത്തിയെ വിവാഹം കഴിക്കാൻ ഒരാളുണ്ടാകുമെന്ന് ആരും വിചാരിച്ചിട്ടില്ലത്രേ. കറുത്തിട്ടാണ്. ജനിച്ചപ്പോൾത്തന്നെ ഒരു കാൽ ശോഷിച്ചിട്ടാണ്. ഒരു കാൽ മാത്രമൂന്നി ശോഷിച്ച കാൽ വലിച്ചുപിടിച്ചു വെച്ചുകൊണ്ടുവേണം നടക്കാൻ. അടുക്കളയിലേക്ക് ഉഴിഞ്ഞിട്ടതായിരുന്നു.

നാലതിരുകൾവിട്ടു സഞ്ചരിക്കാറില്ല. ആളുകൾ കൂടുന്നേടത്തു പോകാറുമില്ല.

—ഇന്നും അതൊരദ്ഭുതമാണോർക്കുമ്പോൾ. ആരോടും അധികം സംസാരിക്കാറുകൂടിയില്ലായിരുന്നുവത്രേ പാറുക്കുട്ട്യേടത്തി. എന്നിട്ടും

നാരായണക്കുറുപ്പുമായി ലോഹ്യത്തിലായി. അയാൾ, വീട്ടുകാർ മുഴുവൻ എതിർത്തിട്ടും ആളുകൾ മുഴുവൻ പരിഹസിച്ചിട്ടും ഉറപ്പിച്ചു പറഞ്ഞുവത്രേ:

"എനിക്കു പാറുക്കുട്ടി മതി."

സ്ഥാനികളായ നായർക്കുറുപ്പന്മാരുടെ കുടുംബമാണ്. അതുകൊണ്ട്, അയാളുടെ വീട്ടുകാർ വകവെച്ചില്ലെങ്കിലും അമ്മയ്ക്കു നേട്ടമായിരുന്നു.

അവർക്കു മൂന്നു കുട്ടികളുണ്ടിപ്പോൾ. ഒമ്പതു നാഴിക ദൂരെ സ്വന്തസ്ഥലത്ത് ഒരു ചെറിയ വീടുണ്ടാക്കി താമസിക്കുന്നു. അയാൾക്ക് അടുത്ത സ്കൂളിൽത്തന്നെയാണു ജോലി. അതുകൊണ്ട് അധികം തമ്മിൽ കാണാറില്ല. നാലാമത്തെ കുട്ടി മരിച്ചുവെന്നറിഞ്ഞപ്പോൾ ഗോവിന്ദൻകുട്ടിയാണു പോയത്. എന്തെങ്കിലു മത്യാവശ്യമോ വിശേഷങ്ങളോ ഉണ്ടെങ്കിലേ പോകാറുള്ളൂ. അവിടേക്കു ചെല്ലുമ്പോഴെല്ലാം പാറുക്കുട്ട്യേടത്തി ജീവനില്ലാത്ത കാൽ വലിച്ചു വെച്ചു സന്ധ്യയ്ക്ക് ആരും കാണാതെ അതിരി നടുത്തേക്കു ചെന്നു നീരോലിക്കെട്ടിനിടയിലൂടെ ഇടവഴിയിൽ നില്ക്കുന്ന മാസ്റ്ററെക്കണ്ടു

മനസ്സുകുളിർപ്പിച്ച കാര്യം, പറഞ്ഞുകേട്ട കഥകൾ, ഓർത്തുപോവും. പ്രായത്തേക്കാളേറെ വയസ്സുബാധിച്ച ആ മനുഷ്യനെ കാണുമ്പോഴെല്ലാം ഗോവിന്ദൻകുട്ടി ഓർക്കും: അയാൾ ഏട്ടത്തിയിൽ കണ്ടത് എന്താണാവോ! ബന്ധുവെന്ന ഒരടുപ്പം അയാളോട് ഒരിക്കലും തോന്നിയിട്ടില്ല. അധികം സംസാരിക്കാറില്ല. എങ്കിലും ആളുകൾ മുഴുവൻ പരിഹസിച്ചിട്ടും എനിക്കു നൊണ്ടിക്കാലുള്ള പാറുക്കുട്ടിയെ മതിയെന്ന് ഉറപ്പിച്ചുപറഞ്ഞ ധീരതയോർക്കുമ്പോൾ ഗോവിന്ദൻകുട്ടിക്കു ബഹുമാനം തോന്നും.

കുറച്ചു കൃഷി ചെയ്യാനുണ്ട്. സ്കൂളിലെ ശമ്പളമുണ്ട്. അതുകൊണ്ട് അഞ്ചുപേരുള്ള കുടുംബം കഴിയുന്നു. അവരുടെ വിഷമതകൾ മറ്റുള്ളവരെ അറിയിക്കാറില്ല. അവർ മറ്റുള്ളവരുടെ കാര്യങ്ങളിലും അത്ര ശ്രദ്ധിക്കാറില്ല.

അമ്മ കിടപ്പിലായെന്നറിഞ്ഞപ്പോൾ പാറുക്കുട്ട്യേടത്തി വന്നില്ല. കാളവണ്ടിയിൽ കുറെ ദൂരം വന്നാലും ഒരു കുന്നുകയറി മറിയണം. അവർക്കതൊവില്ല. നാരായണക്കുറുപ്പും ചന്ദ്രനും വന്നുപോയി. ചില ശനിയാഴ്ചകളിൽ സ്കൂൾ മാസ്റ്റർമാരുടെ മീറ്റിങ്ങിന് നാരായണക്കുറുപ്പ്

മുമ്പു പോയിരുന്നത് ഈ വഴിക്കാണ്. അപ്പോൾ നിരത്തിലോ കടവിനടുത്തോവെച്ചു കണ്ടു വെന്നുവരും. വിവരങ്ങൾ അന്വേഷിക്കാറുണ്ട്.

കുഞ്ഞ്യോപ്പോളുടെ കാര്യമോർക്കുമ്പോൾ, കരിപുരണ്ട അടുക്കളച്ചുവരുപോലെ ഒരിക്കലും തെളിയാത്ത ദൈന്യതയുടെ ചിത്രമാണ് അവരെന്നു തോന്നുന്നു. നിലമുണ്ടായിരുന്നെങ്കിൽ വീട്ടിൽ കഷ്ടപ്പാടില്ല. അമ്മയുടെ കാലം കഴിഞ്ഞാലും അവർക്കു ചെലവിനു ബുദ്ധിമുട്ടില്ല. താനില്ലെങ്കിലും കൃഷിനടത്താൻ അയ്യപ്പൻ മതി.

ഓണവും വിഷുവുമെടുക്കുന്ന പന്ത്രണ്ടു ചാളക്കാർ പണ്ടുണ്ടായിരുന്നതായി, പഴയ കാലത്തെ അന്തസ്സ് അയവിറക്കുമ്പോൾ അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. ഇപ്പോൾ അയ്യപ്പനേയുള്ളൂ. അവനു പ്രായമായിരിക്കുന്നു. കൃഷിപ്പണിയില്ലെങ്കിലും താഴത്തേതിലെ പടിക്കലെ ചെറുമനായി അയ്യപ്പൻ ഇപ്പോഴും കരിമ്പനയോലമേഞ്ഞു കാറ്റത്തു വിറച്ചുനില്ക്കുന്ന ചാളയിൽ അവശേഷിക്കുന്നു.

പെങ്ങൾ പടിഞ്ഞാറേതിലെ കുളത്തിൽ കുളിക്കാൻ പോകുന്നതൊഴിച്ചാൽ എവിടേയും

പോകാറില്ല. മുപ്പട്ടു തിങ്കളാഴ്ചകളിൽ അമ്മ പറയാറുണ്ട്:

"എടീ, ഒരു മുപ്പട്ടു തിങ്കളാഴ്ചല്ലേ? പടിഞ്ഞാറേല കൊക്കരെണീല് കൊട്ട താഴ്ത്തുന്നേനു പകരം ആ അമ്പലത്തുപ്പോയി ഒന്നു കുളിച്ച് തൊഴുതൂടെ? നാല് കാതം വഴിയൊന്നുല്യല്ലോ."

കുഞ്ഞ്യോപ്പോള് ഒന്നും പറയില്ല. അതിരാളന്റെ അമ്പലത്തിൽ ഇടിയും താലവുമുണ്ടാകുമ്പോൾ, കുന്നത്തെ അമ്പലത്തിൽ ശിവരാത്രി വിളക്കിന്, അല്ലെങ്കിൽ ഭഗവതിക്കാവിൽ പാട്ടിന് അയൽവക്കത്തുകാർ വീടടച്ചു പോകുമ്പോഴും കുഞ്ഞ്യോപ്പോള് താഴത്തെതിലെ അടുക്കളയിൽ നിറയാത്ത കലങ്ങളുടെ ഇടയിൽത്തന്നെ കഴിഞ്ഞുകൂടും.

"നീയ് തള്ളേം മുതുക്കും ഒന്നായിട്ടില്ല. എന്തിനാ പറഞ്ഞിട്ട്! ഈ ജന്മംല്ലെങ്കിൽ ഇന്ന്യത്തെ ജന്മങ്കിലും സുകൃതംണ്ടാവട്ടേന്നു വെച്ചൂടെ?"

ഈ ജന്മത്തിൽത്തന്നെ വേണ്ടുവോളം പുണ്യം നേടീട്ടുണ്ടവർ. ചെറുപ്പത്തിൽ അമ്പലങ്ങളായ അമ്പലങ്ങളിലെല്ലാം കുളിച്ചുതൊഴുതു. ആയിരത്തിരികൾക്കും ഭഗവതിപ്പാട്ടിനും താലമെടുത്തു. ആ പുണ്യം

കൊണ്ടാണല്ലോ താഴത്തേതിലെ അടുക്കളയു
ടെ കരിപിടിച്ച ചുവരുകൾക്കുള്ളിൽ കഴിയു
ന്നത്!

പടിഞ്ഞാറെ വീട്ടിലെ തള്ള അമ്മയെ കാ
ണുമ്പോഴെല്ലാം കുഞ്ഞ്യോപ്പോള് കേൾക്കാതെ
പറയാറുണ്ട്:

"എന്തൊരു നെറേര്ന്ന്! കൈ കഴുകിത്തൊ
ടണം!"

കുട്ടിക്കാലത്തു കണ്ട, വരിവരിയായി നില്ക്കു
ന്ന പെൺകിടാങ്ങളുടെ ഇടയിൽ അരിത്തിരിയു
ടെ പ്രകാശത്തിൽ കുളിച്ചുതിളങ്ങുന്ന സുന്ദരി
യായ കുഞ്ഞ്യോപ്പോളുടെ ചിത്രം ഒരിക്കലും
മറക്കാതെ മനസ്സിൽ ബാക്കി നില്പുണ്ട്.

കുഞ്ഞ്യോപ്പോള് അന്നത്തെ പരിഷ്കാരിയാ
യിരുന്നു. താഴത്തേതിൽ തറവാട്ടിൽ ആദ്യമായി
ബ്ലൗസിട്ട പെൺകുട്ടി അവരായിരുന്നുവത്രേ.

മാധവിയേടത്തി ബ്ലൗസിട്ടിരുന്നില്ല.
ശേഖരേട്ടൻ്റകൂടെ രാജപദവിയിൽ ഇരിക്കാൻ
തുടങ്ങിയപ്പോളാണ് റൗക്കയിടാൻ തുടങ്ങിയത്.
പാറുക്കുട്ട്യേടത്തി ബ്ലൗസിട്ടാലും ഇല്ലെങ്കിലും
ആർക്കും ഒന്നുമില്ലായിരുന്നു.

പറഞ്ഞുകേട്ടിട്ടുണ്ട്:

ഇല്ലത്തെ മാളാത്തോല് പെൺകുട്ടികളെ പാട്ടുപഠിപ്പിച്ചിരുന്നു. ഓണക്കാലത്ത് ഇല്ലത്തെ മുറ്റത്തു പാട്ടും കളിയും തകർക്കും. ഒരു കൊല്ലം അവിട്ടത്തിനു കുഞ്ഞ്യാപ്പോളോടു കളിക്കാൻ വരാൻ പറഞ്ഞയച്ചു. ഇരിക്ക്ണമ്മയോടു കുഞ്ഞ്യാപ്പോളു പറഞ്ഞുവത്രേ:

“ഇല്ലത്തെ പടി കടക്കുമ്പം ബ്ലൗസൂരി കക്ഷത്തുവെച്ചിട്ടു ചെല്ലണ്ടേ? അയിന്ന് ന്നെകാക്കണ്ട”

അതു വലിയ ഒച്ചപ്പാടുണ്ടാക്കിയ ഒരു സംഭവമായിരുന്നു.

ആ സുന്ദരിയാണ് മുളപൊന്തിയ കാലടികൾ നിലത്തു മുഴുവനൂന്നാതെ പ്രാഞ്ചിനടക്കുന്ന ഈ കരുവാളിച്ച സ്ത്രീ. “നായര് സമുദായത്തില്ണ്ടായിരുന്നില്ല ഓളന്തി ഒരു പെണ്ണ്.” ആ പെണ്ണിനു പുടവ കൊടുക്കാൻ തമ്പുരാക്കന്മാരാരെങ്കിലും വരുമെന്നായിരുന്നു അമ്മയുടെ പ്രതീക്ഷ. അവസാനം വലിയൊരാൾ വന്നു. തമ്പുരാനല്ലെങ്കിലും പണക്കാരനാണ്. തമിഴനാണെങ്കിലും ബ്രാഹ്മണനാണ്.

അന്ന്, ഇപ്പോൾ വടക്കെ പാടത്തിൻെറ അതിരടിയിൽ മമ്മാലിയുടെ നേന്ത്രവാഴ നില്ക്കു

ന്നോടത്ത്, കിണറ്റിൽ വീണുമരിച്ച കോപ്പൻ മാസ്റ്റർ നടത്തിയിരുന്ന മൂന്നുവരെയുള്ള സ്കൂളിൽ രണ്ടാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു ഗോവിന്ദൻകുട്ടി.

പാലം പണിക്കുവന്ന ഒരു മേസ്ത്രി ഉണ്ടായിരുന്നു, കൊല്ലങ്കോട്ടുകാരൻ ഒരു നായർ. അയാൾ അച്ചഛന്റെ ലോഗ്യക്കാരനായി. അയാളാണ് ആ വിവാഹാലോചന കൊണ്ടുവന്നത്. തഞ്ചാവൂർകാരൻ ബ്രാഹ്മണനാണ്. ലക്ഷക്കണക്കിനു സ്വത്തുണ്ട്. മലയാളത്തിൽനിന്നു നല്ലൊരു പെൺകുട്ടിയെ കല്യാണംകഴിക്കണമെന്നാണ് ആഗ്രഹം.

"ദേശം പകർന്നില്ലേ ശങ്കരൻനായരേ?"

"അതോണ്ടെന്താ?" ബ്രാഹ്മണനാണ്. മലയാളം വെള്ളം വെള്ളംപോലെ പറയും. അവിടെ ചെന്നു കണ്ടാലല്ലേ അറിയൂ. ഒരു മഠം കെട്ടീട്ടുണ്ട് ഇപ്പോൾ. അതിന്റെ പണം ണ്ടെങ്കിൽ ഈ നാടു വെലയ്ക്കു വാങ്ങാം."

തമിഴ്നാട്ടിൽനിന്നു വന്ന ബ്രാഹ്മണർ വലിയ കുടുംബങ്ങളിൽനിന്നു കല്യാണം കഴിച്ച പല അനുഭവങ്ങളും അയാൾ പറയുകയും ചെയ്തു.

അച്ഛൻ ഭാഗിച്ചുപോയ അമ്മാമന്മാരുമായി

ആലോചിച്ചു. ബ്രാഹ്മണനല്ലേ, തെറ്റൊന്നുല്യാ!

കുട്ടിയെ കാണാൻ അയാൾ വന്നു. ഗോവിന്ദൻകുട്ടി കണ്ടില്ല. കാണാൻ കഴിയാത്തതിൽ ദുഃഖമുണ്ട്.

(ജീവിതത്തിൽ പിന്നീടൊരിക്കൽ എവിടെയെങ്കിലും വെച്ച് ആ മുഖം തിരിച്ചറിയേണ്ടിയിരുന്നു.)

സ്കൂൾവിട്ടു വന്നപ്പോൾ ഉമ്മറം നിറയെ ആളുകളാണ്. തമിഴ്നാട്ടിൽനിന്നു കുഞ്ഞ്യോപ്പോളെ കല്യാണംകഴിക്കാൻ വന്ന ആളും കൂട്ടുകാരും അപ്പോൾ ഇറങ്ങിയതേയുള്ളു.

"കറുത്തിട്ടാണെങ്കിലും എന്തൊരു ശ്രീത്വം, അതാണ് കുലവൈഭവം കുലവൈഭവംന്ന് പറേണ്."

കാശിയിലും രാമേശ്വരത്തും പോയിവന്ന, മരിച്ച ഭാര്യയുടെ ജ്യേഷ്ഠത്തിയുടെ മകളെ കല്യാണം കഴിച്ചു ചായപ്പീടിക നടത്തി കഴിയുന്ന കുട്ടമ്മാൻ നാട്ടിൽ പുരാണവും ശാസ്ത്രവും അറിയുന്ന ഒരാളാണ്. അദ്ദേഹമാണ് പറഞ്ഞത്.

അകത്തും പുറത്തും വർണ്ണനകളായിരുന്നു. വരട്ടെ എന്നു തമിഴന്റെ ചുവയോടെ തെക്കിനി

യിൽ നില്ക്കുന്ന അമ്മയോടു യാത്ര പറഞ്ഞതു പെണ്ണുങ്ങൾക്കു ചിരിക്കാൻ വകയായിരുന്നു.

ഉള്ളിത്തൊലിപോലെയുള്ള കുപ്പായത്തെപ്പറ്റി, കൈവീതിയുള്ള കസവുവെച്ച വേഷ്ടിയെപ്പറ്റി, കഴുത്തിലെ ആനച്ചങ്ങലപോലത്തെ സ്വർണ്ണച്ചെയിനിൻെറ തൂക്കത്തെപ്പറ്റി, കാതിലെ വൈരക്കല്ലുകളെപ്പറ്റി, കല്ലുപതിച്ച മോതിരങ്ങളെപ്പറ്റി, വർണ്ണനകൾ ചുറ്റും ഇരമ്പിനടന്നു.

“പത്ത് വെരല്ക്കും പൊൻമോതിരംന്ന് ഞാൻ പണ്ട് പറേണ കേട്ട്ട്ടേള്ളു.”

അമ്മയുടെ ഒരാങ്ങള പറഞ്ഞു:

“ആ ദേഹത്തിലൊട്ടാകെ ണ്ടാവും ഒരരലക്ഷത്തിൻെറ മുതല്.”

അടുത്ത വീട്ടിൽനിന്നു വിവരമറിയാൻ വന്ന പെണ്ണുങ്ങളോട് അമ്മ പറഞ്ഞു: “ഇന്യൊക്കെൻെറ കുഞ്ഞുകുട്ടീടെ യോഗംപോലിരിക്കും.”

പടിഞ്ഞാറേതിലെ തള്ള നരച്ചിരിക്കുന്ന മകളോടു പറഞ്ഞു:

“തലേലെഴുത്ത് നന്നാവണ്ടെടി പെങ്കുട്ട്യോളായാല്.”

അച്ചൻ, ശങ്കരൻനായർ കേൾക്കാതെ പിറു

പിറുത്തു:

"ഒന്നും പറയാറായിട്ടില്ല കുട്ട്യേരെ, നമ്മക്ക് അവിടെച്ചെന്ന് അവര്ടെ ചിറ്റുപാടൊന്നു നോക്കണം, വെറുതെ അങ്ങട്ട് പിടിച്ചുകൊടുക്കാൻ വയ്യ."

കിഴവൻ കുട്ടമ്മാനും അമ്മയുടെ രണ്ടാമത്തെ ആങ്ങളയുംകൂടിയാണ് പുറപ്പെട്ടത്. ശങ്കരൻ നായർ നേർത്തേ എഴുതിയിരുന്നു. മടങ്ങിവരുമ്പോൾ ശങ്കരൻനായർ നേർത്തേ വരച്ചുവെച്ച ചിത്രങ്ങൾ പലതും മാഞ്ഞുപോകുമെന്നു സംശയമുണ്ടായിരുന്നു അച്ചന്.

മൂന്നാം ദിവസം തിരിച്ചെത്തിയ സംഘക്കാർ പടികയറിയപ്പോൾത്തന്നെ കുട്ടമ്മാൻ വിളിച്ചു പറഞ്ഞു:

"അപ്പുണ്ണ്യാരെ, ഒന്നും സംശയിക്കാണ്ടെ ദിവസം നിശ്ചയിച്ചോളു."

തെക്കിനിയുടെ വാതിൽക്കലും കുത്തഴികളിലും കണ്ണുകൾ പതിഞ്ഞു. അകം മുഴുവൻ ആളുകൾ നിറഞ്ഞുകഴിഞ്ഞു.

"എന്തൊക്ക്യാ, വിസ്തരിച്ചു പറയിൻ."

കുട്ടമ്മാൻ വർണ്ണിച്ചു. വിട്ടുപോയ വിവരങ്ങൾ എരോമമ്മാൻ കൂട്ടിച്ചേർത്തു: അപ്പളും ഞാൻ

പറഞ്ഞില്ലേ എന്ന ഭാവത്തിൽ ശങ്കരൻനായർ ഒതുങ്ങിനിന്നു.

മുഹൂർത്തം നിശ്ചയിച്ചുകഴിഞ്ഞപ്പോൾ ശങ്കരൻനായർ സ്വാമിയുടെ ഒരു കത്തുംകൊണ്ടു വന്നു. വിവാഹം തീരെ ആഘോഷമില്ലാതെ നടത്തണം. സന്ധ്യയ്ക്കുള്ള വണ്ടിക്കു പാർട്ടി വരും. നാലഞ്ചാളേ ഉണ്ടാവൂ. ഇവിടെ ചുരുങ്ങിയ മട്ടിൽ മതി. അങ്ങനെയൊക്കെയാണു സ്വാമിക്കിഷ്ടം. ഇനിയൊക്കെ നിങ്ങളുടെ ഇഷ്ടംപോലെ.

ശങ്കരൻനായർ പിന്നെ വന്നതു കല്യാണത്തിൻെറ തലേന്നാളാണ്.

ഒരുക്കങ്ങൾ ഗോവിന്ദൻകുട്ടിക്ക് ഇന്നും ഓർമയുണ്ട്. മുറ്റം നിറയെ പന്തലിട്ടിരുന്നു. കളമുറ്റത്തു ദേഹണ്ണക്കാരുടെ നെടുമ്പുരകൾ. മാണിയൂരിൽനിന്നും എടപ്പാളിൽനിന്നും ബന്ധുക്കൾ രണ്ടുദിവസംമുമ്പേ എത്തിയിരുന്നു. പാറുക്കുട്ട്യേടത്തിയും കുട്ടിയും നാരായണക്കുറുപ്പും ഒരാഴ്ചമുമ്പേ വന്നു. മാധവിയേടത്തി ആദ്യവസാനത്തിനുണ്ട്. കൊച്ചപ്പനു പനിയായതുകൊണ്ട് അവനെ കൊണ്ടുവന്നില്ല.

ശേഖരേട്ടന് ആകപ്പാടെ ആ കല്യാണം ഇഷ്ടമായിരുന്നില്ലത്രേ. ശേഖരേട്ടനോടു ചോദി

ക്കാതെ ഉറപ്പിച്ചതുകൊണ്ടാണെന്ന് അന്നൊക്കെ കേട്ടിരുന്നു.

ദേഹണ്ണത്തിനു പട്ടന്മാരായിരുന്നു. ദൂരത്തുനിന്നാണു പെട്രോമാക്സ് വിളക്കുകൾ വരുത്തിയത്. നാട്ടുകാർ ആദ്യമായി ഒരു കല്യാണത്തിനു ഗ്രാമഫോൺ പാടുന്നതു കേട്ടത് അന്നായിരുന്നു.

ദേശമടക്കിയായിരുന്നു സദ്യ. ക്ഷണിക്കാൻ ബന്ധത്തിൽപ്പെട്ട പെണ്ണുങ്ങളുടെകൂടെ ഗോവിന്ദൻകുട്ടി എല്ലാ വീടുകളിലും കയറിയിറങ്ങി.

കല്യാണദിവസം വീട് താലപ്പൊലിപ്പറമ്പായി മാറി. ശങ്കരൻനായർ അച്ചരനോടു ശുണ്ഠിയോടെ ചോദിച്ചുവെന്നു പിന്നീടറിഞ്ഞു:

"ഘോഷൊന്നും കൂട്ടണ്ടാന്നു സ്വാമി എഴ്തീട്ടും എന്താ ഈ കാട്ട്യേക്കണ്?"

"ഇനി എനിക്കൊന്നിനെ പന്തലിലിക്ക് എറക്കാൻ ഇല്ല്യേലോ ശങ്കരൻനായരെ?"

പുത്തൻകളത്തിൽനിന്നുകൂടി സ്ത്രീകൾ വന്നിരുന്നു. അവർ പന്തലിലിരുന്ന് ഉണ്ണില്ല. അവർക്കു തെക്കിനിയിൽ ഇലവെയ്ക്കണമെന്ന് അമ്മ അച്ചരനേയും പ്രധാന ശ്രമക്കാരനായ കുട്ടമ്മാമനേയും ഇടയ്ക്കിടെ ഓർമപ്പെടുത്തി

കൊണ്ടിരുന്നു.

അന്നു പുത്തൻകളത്തിൽ ഉണ്ണിമായമ്മയുടെ പിറകിൽ വാലുപോലെ വിടാതെ നില്ക്കുന്ന ചെറിയ കുട്ടിയായിരുന്നു രാജമ്മ.

രാജമ്മ അന്നൊരിക്കലേ വീട്ടിൽ വന്നിട്ടുള്ളു. അവൾക്കത് ഓർമയുണ്ടാകില്ല. മൂന്നുനാലു വയസ്സു പ്രായമുള്ളപ്പോളാണ്. അന്നവളുടെ കിലുങ്ങുന്ന പാദസരം കാണാതെപോയതും നടുത്തളത്തിൽനിന്നു കണ്ടുകിട്ടിയതും ഗോവിന്ദൻകുട്ടി ഓർമിക്കുന്നുണ്ട്.

എതിരേല്ക്കാൻ നാദസ്വരക്കാരും വിളക്കുകാരും കടവത്തേക്കു പുറപ്പെട്ടപ്പോൾ ശങ്കരൻനായരെ അന്വേഷിച്ചു.

"ഇപ്പളല്ലേ ഇബടണ്ടായ്ര്ന്ന്?"

"ആപ്പീസിലേക്കു നടന്നിട്ട്ണ്ടാവും."

ഏഴരയ്ക്ക് എത്തുന്ന വണ്ടിക്കാണു കല്യാണക്കാർ വരുന്നത്. പാലത്തിന്റെ അപ്പുറത്തു തോണിക്കാരേയും ആളുകളേയും നിർത്തിയിട്ടുണ്ട്. പുഴവഴിക്കു വന്നു പാലായക്കടവിൽ ഇറങ്ങിയാൽ അധികം നടക്കാതെ കഴിക്കാം.

പന്തലിൽ പെട്രോമാക്സുകൾ എരിഞ്ഞു കത്തുന്നു. ഗ്രാമഫോൺ പാടുന്നതിന്റെ

രഹസ്യം എന്തെന്നു മനസ്സിലാക്കാൻ വട്ടമിട്ടിരിക്കുന്ന കുട്ടികളിൽനിന്നകന്നു കോലായിൽ ഒരു പുല്പായത്തടുക്കിൽ കാലാട്ടിക്കൊണ്ടിരിക്കുന്ന രാജമ്മുവിൻെറ പരിസരത്തിലായി ഗോവിന്ദൻ കുട്ടി നിന്നു.

പാട്ടിനിടയ്ക്ക് ഉറക്കെയുറക്കെ ചിരിക്കുന്ന ഒരു പ്ലേയിറ്റ് ഉണ്ടായിരുന്നു. അതു കേൾക്കുമ്പോൾ രാജമ്മുവും ഉറക്കെ ചിരിക്കും.

കുരവളത്തറയ്ക്കു മുന്നിലായിരുന്നു പുടവ കൊടുക്കുകയും മാലയിടുകയും ചെയ്യാനുള്ള  പ്രത്യേക സ്ഥലം. വലിയ നിലവിളക്കുകൾക്കു മുന്നിൽ നിറപറയിൽ തെങ്ങിൻപൂക്കുലകൾ വിടർത്തി നിർത്തിയിരുന്നു. മുകളിൽ ഈന്തിൻപട്ടകൾക്കു താഴെ തൂക്കിയ തിളങ്ങുന്ന ചിത്രപ്പണികളുള്ള കമ്പളം പുത്തൻകളത്തിൽനിന്നു വരുത്തിയതായിരുന്നു.

പുഴവക്കത്തുനിന്നു തകിലടിയുടെ ശബ്ദം ചെവിയോർത്തുകൊണ്ട് ഇരുന്നു. വണ്ടി പാലത്തിന്മേൽകൂടി ചൂളംവിളിച്ചുകൊണ്ടു കടന്നുപോയപ്പോൾ, കാരണവർ ശ്രമക്കാരെ വീണ്ടും കാര്യങ്ങൾ ഓർമപ്പെടുത്തി.

നേരം കടന്നുപോയി.

നാദസ്വരവും തകിലടിയും കേട്ടില്ല, അന്വേഷിച്ചുപോയ ആളുകൾ മടങ്ങിവരാൻ വൈകിയപ്പോൾ പുതിയ കൂട്ടർ പിറകെ പോയി. കുട്ടികൾ ബഹളംകൂട്ടാൻ തുടങ്ങിയപ്പോൾ അവർക്കു ക്രിയയ്ക്കു മുമ്പേ ഇലവയ്ക്കാമെന്ന് ആരോ പറഞ്ഞു.

"അതൊരു ഭംഗ്യല്ല." അച്ചരൻ തടഞ്ഞു. കടവത്തു കാത്തുനിന്നു മടുത്ത ചിലർ തീവണ്ടിയാപ്പീസിലേക്കു നടന്നു. ഓടികിതച്ചുംകൊണ്ട് അവർ പടികടന്നപ്പോൾ അച്ചരനും കാരണവന്മാരും ചുറ്റും കൂടി. "അവര് വന്നിട്ടില്ല ഈ വണ്ടിക്ക്!"

"ഹെന്ത്?"

ആരും ഒന്നും പറയാൻ ധൈര്യപ്പെട്ടില്ല.

"വണ്ടി തെറ്റീതാവും. പത്തരയ്ക്കല്ലേ നിവണ്ടി, അതുംകൂടി കാക്വാ."

നെടുംപുരയിൽ സദ്യയ്ക്കൊരുക്കിയ സാധനങ്ങൾ മരപ്പാത്തികളിൽ ഇലകൾകൊണ്ടു മൂടിയിട്ടിരിക്കുകയായിരുന്നു. കുട്ടികൾ വിശന്ന് ഉറക്കമായി. അകത്തും പുറത്തും ഒച്ചയും അനക്കവും പതുക്കെ അടങ്ങി:

"ശങ്കരൻനായരോ?"

"പറേമ്പോലെ ശങ്കരന്നായരോ?"

"അയാളെ ആപ്പീസിൽ കണ്ടില്ല."

പത്തരവണ്ടിയും വന്നു. കല്യാണക്കാർ ഇനി യും വന്നില്ല. അച്ചരൻ ബോധംകെട്ടപോലെ വീണു. അമ്മയ്ക്ക് ദണ്ഡമിളക്കവും കൂക്കും വിളി യുമായി. ചിലർ ഊണുകഴിച്ചു. അടുത്ത വീടു കളിലുള്ളവരെല്ലാം രക്ഷപ്പെടുന്ന ഭാവത്തിൽ പതുക്കെ ഇറങ്ങി നടന്നു.

ഗോവിന്ദൻകുട്ടി രാവിലെ ഉണർന്നപ്പോൾ കുരുത്തോലയും ഈന്തപ്പട്ടകളുംകൊണ്ട് അലങ്കരിച്ച പന്തൽ ഒഴിഞ്ഞുകിടക്കുകയായിരു ന്നു. നിലവിളക്കുതന്നെ കെട്ടുപോയിരിക്കണം. നിറപറയും പൂക്കുലകളും രസക്കുടുക്കകൾ തൂക്കിയ മേലാപ്പും അങ്ങനെതന്നെയുണ്ട്. ആ ഒഴിഞ്ഞ പന്തലിന്റെ ഒരു മൂലയിൽ അച്ചരൻ നെറ്റിക്കു കൈ കൊടുത്ത് ഇരിക്കുകയായിരു ന്നു.

മാറത്തെ നരച്ച രോമം തടവിക്കൊണ്ട് കുട്ടമ്മാ നോട് അച്ചരൻ പറയുകയായിരുന്നു: "ഞാനൊ രു കഷണം കയറ് ചിലവാക്കല്ലേ ഭേദം കുട്ട്യേട്ടാ? നാലാൾടെ മോത്ത് നോക്കണ്ടേ?"

അന്നും അമ്മയ്ക്ക് ഇടയ്ക്കിടയ്ക്ക് ദണ്ഡമി

ളകി. കുഞ്ഞേച്ച്യാപ്പോള് കട്ടിലിൽ മുഖമമർ
ത്തിക്കിടക്കുകയായിരുന്നു. അടുത്തു മാധവി
യേടത്തിയും പാറുക്കുട്ടിയേടത്തിയും പടിഞ്ഞാ
റേതിലെ തള്ളയുമുണ്ട്. വാതിലിനപ്പുറം ഗോവി
ന്ദൻകുട്ടി സംശയിച്ചുനിന്നു.

പടിഞ്ഞാറേതിലെ തള്ള ഇറങ്ങിപ്പോകു
മ്പോൾ ആരോടെന്നില്ലാതെ പറഞ്ഞു:

“തലേലെഴ്ത്ത് നന്നാവണ്ടേ?”

മുതിർന്നപ്പോൾ, ആ കല്യാണത്തിൻെറ
ചരിത്രം പലരും വിവരിക്കുന്നതു കേൾക്കേണ്ടി
വന്നിട്ടുണ്ട്. അപ്പോൾ ഒരു ദുഃഖമേ തോന്നിയി
രുന്നുള്ളു; പെണ്ണുകാണാൻ വന്ന ആ ചെട്ടിയെ
ഒന്നു കണ്ടില്ലല്ലോ. ചന്തമുള്ള പെൺകുട്ടികളെ
മധുരയ്ക്കും തഞ്ചാവൂർക്കും ചെട്ടികൾക്കു
വെള്ളാട്ടിമാരായി കയറ്റി അയയ്ക്കാൻവേണ്ടി
ബ്രാഹ്മണനായി കല്യാണംകഴിക്കാൻ വന്ന ആ
മനുഷ്യനെ—

കണ്ടുപിടിക്കാൻ കഴിഞ്ഞെങ്കിൽ കൊ
ല്ലണമെന്നാഗ്രഹിച്ചിട്ടുണ്ട്—

അയാളെ കണ്ടാലറിയില്ല. ശങ്കരൻനായരേയും
പിന്നീടൊരിക്കലും കണ്ടിട്ടില്ല.

എല്ലാം പിന്നീടാണ് വീട്ടിലുള്ളവർക്ക്

മനസ്സിലാവുന്നത്. കുട്ടമ്മാമനേയും എരോമമ്മാമനേയും സൽക്കരിച്ച വലിയമഠം, ഗോവിന്ദൻകുട്ടിക്കു പേരോർമയില്ലാത്ത ഒരു സ്ഥലത്തെ മുസാവരിബംഗ്ലാവായിരുന്നു.

അന്നത്തെ സംശയം അതായിരുന്നു: കുഞ്ഞ്യോപ്പോളെ കൊണ്ടുപോകാൻ എന്തേ ചെട്ട്യാരും കൂട്ടരും വരാത്തത്?

"ഇത്ര കൊട്ടും ഘോഷ്വായിട്ട് നാടടക്കം ആളോള് വരുംന്നൊന്നും അവരു വിചാരിച്ചിരുന്നില്യ. കളെള്ള്യറ്റെ പൊളിഞ്ഞാ, പിന്നെ അവരുടെ പൊടി കിട്ട്വോ?"

അതിൽപ്പിന്നെ പഴക്കമേറിയ ഈ ഭിത്തികൾക്കുള്ളിൽ ഒതുങ്ങിക്കൂടുകയാണ് കുഞ്ഞ്യോപ്പോള്.

സുന്ദരിയായ അവരെ ചോദിച്ച് പിന്നെ ആരും വന്നില്ല. വർഷങ്ങൾ വേണ്ടിവന്നില്ല, അവരുടെ പ്രകാശം കത്തിയടങ്ങാൻ. നരച്ച മുടികൾ ഈ മുപ്പത്തിമൂന്നാം വയസ്സിൽ അവരുടെ തലമുടിയിൽ കാണാൻ തുടങ്ങിയിരിക്കുന്നു.

കയർത്തു പറയുമ്പോൾ മീനച്ചൂടിൽ നടുവൊടിഞ്ഞു വീഴാൻ ഭാവിച്ചു നില്ക്കുന്ന ചടച്ച പൂവൻവാഴപോലെ അവർ മുഖം താഴ്ത്തിനില്ക്കു

മ്പോൾ, കൊല്ലങ്ങൾക്കപ്പുറത്തെ ആ ചിത്രമാണോർമ്മ വരിക.

അപ്പോൾ മനസ്സിൻെറ പാറക്കെട്ടുകൾ തകരുകയും താൻ ചുരുങ്ങി കുട്ടിയാവുകയും ചെയ്യുന്ന ഒരനുഭവമാണ്.

...തിരിഞ്ഞുകിടന്നപ്പോൾ ചാരുപടി വല്ലാതെ ശബ്ദിച്ചു. അഴികൾക്കിടയിലൂടെ നേർത്ത കാറ്റു കടന്നുവന്നപ്പോൾ കണ്ണു തുറന്നു.

കാറു നീങ്ങിയ മാനത്തു തെളിച്ചമുണ്ട്. മുറ്റത്തു നേർത്ത വെളിച്ചത്തിൽ പടിഞ്ഞാറേതിലെ കള്ളത്തിപ്പയ്യ് മേഞ്ഞുനടക്കുന്നതു കണ്ടു.

ഉറക്കംവരുന്ന ഭാവമില്ല. വയറെരിയുകയായിരുന്നു. കയ്യാലത്തറയ്ക്കപ്പുറത്തെ തെങ്ങിൽനിന്നു നോട്ടം തിരിച്ചപ്പോൾ കണ്ണുകൾ ചെന്നുവീണതു കളപ്പടിക്കലെ തന്തപ്ലാവിലാണ്.

ഉമ്മറത്തുനിന്നു കുമാരേട്ടൻെറ കുര കേട്ടു.

വീണ്ടും കണ്ണടച്ചു കിടന്നു.

# 3

**കു**ഞ്ഞ്യോപ്പോളുടെ ശബ്ദം കേട്ടാണ് ഉണർന്നത്.

"ഏട്ടൻ പുവ്വായിത്രേ ഗോവിന്ദുട്ട്യേ. നെന്നെ ദാ വിളിക്ക്ണു."

താഴത്തിറങ്ങി വന്നപ്പോൾ അമ്മ എഴുന്നേറ്റിട്ടില്ല. കണ്ണു തുറന്നു കിടക്കുകയാണെന്നു കുത്തഴിയിലെ മങ്ങിയ വെളിച്ചത്തിലും കാണാമായിരുന്നു.

ചുവന്ന വരയുള്ള കരിമ്പടം കഴുത്തുവരെ മൂടിയിട്ടുണ്ട്. തെക്കിനിയിൽ കിഴക്കോട്ടുള്ള ആൾവലിപ്പത്തിലുള്ള അഴിയിട്ട ജാലകത്തിനു മുന്നിൽ പുലർച്ചയ്ക്ക് കുഞ്ഞ്യോപ്പോള് കത്തിച്ചുവെച്ച ചെറിയ നിലവിളക്ക് അപ്പോഴും കെട്ടിരുന്നില്ല. അടുപ്പിൽ തീയെരിഞ്ഞില്ലെങ്കിലും സൂര്യൻ താഴത്തേതിലെ അന്തിവിളക്കു കണ്ട്

അസ്തമിക്കുകയും കിഴക്കേ കുത്തഴിയിലെ പ്രകാശംകണ്ട് ഉണരുകയും വേണമെന്ന് അവർക്ക് നിർബന്ധമുണ്ട്.

തലയിൽ എണ്ണ പുരട്ടുന്നതു വല്ലപ്പോഴുമായിരിക്കും. എന്നാലും സന്ധ്യയ്ക്കും പുലർച്ചയ്ക്കും തിരി നനയ്ക്കാനുള്ള  വെളിച്ചെണ്ണ ചെറിയ ഭരണിയുടെ അടിയിൽ കാണും.

കുമാരേട്ടൻ ഉമ്മറത്തു കുന്തിച്ചിരിക്കുകയായിരുന്നു. നിലത്തു കണ്ണുകൾ തറഞ്ഞുകിടക്കുകയാണെന്നു തോന്നും. കുമാരേട്ടൻെറ തല മുക്കാലും കഷണ്ടിയായിരിക്കുന്നു. ചെവിക്കുമുകളിലായി ഇരുവശത്തും നര കയറീട്ടുണ്ട്. ചൂളിപ്പിടിച്ചുകൊണ്ടുള്ള ആ ഇരുപ്പു കണ്ടപ്പോൾ സാധാരണത്തെപ്പോലെ അരിശമല്ല, ഒരു നേർത്ത വേദനയാണു തോന്നിയത്. വലിയ വീട്ടിൽനിന്നു കല്യാണം കഴിച്ചു തലയിലേറ്റിയ ചുമടുകൊണ്ട് ഇപ്പോഴും ഞെരുങ്ങുന്നു.

പുറത്തു വെളിച്ചം പരന്നിട്ടേയുള്ളു. മണൽ അമർന്നുകിടക്കുന്ന മുറ്റത്തു കാളിത്തള്ള അടിച്ചുവാരിയ പോറലുകൾ വളയങ്ങൾപോലെ ചിതറിക്കിടക്കുന്നു.

ഒച്ചയനക്കിയപ്പോൾ കുമാരേട്ടൻ തല പൊന്തി

ച്ചു. എല്ലുന്തിയ കറുത്ത മുഖത്തു കോപമല്ല, ഒരു തളർന്ന നിസ്സഹായതയാണ്.

"ഞാൻ എറങ്ങ്വാണ്."

"ഉം."

"ഞാനെന്താ ചെയ്യേണ്ടേന്ന് നീയ് പറഞ്ഞില്ല."

ഒന്നും മിണ്ടിയില്ല.

കുമാരേട്ടൻ ഒന്നു കുരച്ചു മുറ്റത്തേക്കു നീട്ടി ത്തുപ്പി:

"ഞാനാലോചിച്ചിട്ട് ഒരു വഴീംല്യ. പത്തുമു പ്പതുറുപ്പികണ്ടായില്ലെങ്കിൽ മാനംകെടും...."

പിന്നെയും ഗോവിന്ദൻകുട്ടി ഒന്നും പറയുന്നി ല്ലെന്നു കണ്ടപ്പോൾ കുമാരേട്ടൻ നിലത്തുനിന്നു കണ്ണുയർത്താതെ പറഞ്ഞു:

"സന്ധ്യായപ്പ കിട്ടാനാച്ചാൽ അതുംല്യ. ഞാൻ ഇവടങ്ങളില് ആരോടു ചോയിച്ചാലാ കിട്ട്വാ? മാ ണിയൂരാച്ചാ ചോദിക്ക്ണത് നമുക്ക് ഒരു പോരാ യ്യാ. ഇല്ലത്ത്–"

"കളപ്പടിക്കലെ പ്ലാവ് കുട്ട്യസ്സന്നു വിറ്റോളൂ." കുമാരേട്ടൻ ആകെ അന്തംവിട്ടതുപോലെ നിന്നു. ഗോവിന്ദൻകുട്ടിയാണതു പറഞ്ഞതെന്നു വിശ്വ സിക്കാൻ അയാൾ ഞെരുങ്ങുന്നുണ്ടെന്നു തോ ന്നി.

"തന്തയായാലും കായ്ക്കണത് അതേയുള്ളു. മിഥുനം കർക്കടകത്തില് നാല് കുരുടെങ്കിലും ണ്ടാവും. അതാണാലോചിക്കുമ്പോ, ഒക്കെ നിക്കറിയാഞ്ഞിട്ടല്ല."

ഗോവിന്ദൻകുട്ടി കുമാരേട്ടൻെറ മുഖത്തു നോക്കാതെ പറഞ്ഞു:

"അതിൻെറ ഉള്ളൊക്കെ പൊത്തായിരിക്ക്ണു. അതു നിർത്ത്യാണ്ട് പ്പൊ വല്യ കാര്യൊന്നൂല്യ"

തൊടിയിലേക്കിറങ്ങിപ്പോകുമ്പോൾ ശരീരമാകെ തളരുന്നുണ്ടെന്നു തോന്നി. കാൽമുട്ടുകൾ വേദനിക്കുന്നു.

കിണറ്റിൻകരയിൽ എത്തിയപ്പോൾ എന്തോ ഓർമിച്ചുകൊണ്ട് ഗോവിന്ദൻകുട്ടി ചോദിച്ചു:

"കണ്ടങ്കോരൻ ഊർച്ചമരം കൊണ്ടോയ്യോ കുഞ്ഞ്യാപ്പോളെ?"

"കണ്ടങ്കോരൻ വന്നു വിളിച്ചപ്പളാ ഞാൻ ഉണർന്ന്."

കൃഷിയില്ലാത്ത വീട്ടിൽ ഊർച്ചമരത്തിൻെറ ആവശ്യമില്ല. തൊഴുത്തും ആവശ്യമില്ല. ആറെണ്ണത്തെ കെട്ടാവുന്ന തൊഴുത്താണ്. ഒഴിഞ്ഞ പുല്ലുവട്ടിയും കുറ്റിക്കയറും കാണുമ്പോഴെല്ലാം ആലോചിക്കാറുള്ളതാണ്. മേയാൻ

വൈക്കോലില്ലാത്തപ്പോൾ ഇതു നിർത്തിയിട്ട് എന്തു കാര്യമാണ്?

മമ്മാലിയുടെ ചുണ്ടിപ്പണയം വീട്ടിയാൽ വീണ്ടും ചെറുകോടുനിലം സ്വന്തമാവും. അപ്പോൾ കന്നും തൊഴുത്തും കരിയും നുകവുമെല്ലാം വേണ്ടിവരുന്നതാണല്ലോ.

ഒരിക്കൽ നഷ്ടപ്പെട്ടതെല്ലാം തിരിച്ചുവരുമെന്ന് ആശിക്കാൻ അയാൾക്കു ധൈര്യമില്ലായിരുന്നു.

പലകയ്ക്കു മുന്നിലിരുന്നപ്പോൾ ഭയങ്കര വിശപ്പുണ്ടായിരുന്നു. രാത്രിയിൽ ഉണ്ടിട്ടില്ല. ഓട്ടുകിണ്ണം നിറയെ കഞ്ഞി വിളമ്പിയിരുന്നു. അപ്പോൾ നെല്ലിൻെറ കണക്കാണാലോചിച്ചത്. ദിവസം അഞ്ചുനാഴിയരി എടുക്കുകയാണെങ്കിൽ നെല്ല്, ഇനി നോക്കട്ടെ, മൂന്നു ദിവസത്തേക്കു കൂടിയുണ്ടാവും. അടയ്ക്ക പറിക്കാൻ ഇനിയും രണ്ടാഴ്ചകൂടിയുണ്ടാവണമെന്നാണു പറഞ്ഞത്.

കൈ കഴുകുമ്പോൾ കൂക്കും വിളിയും ആർപ്പും കേട്ടു.

“ഒയിച്ചെടാ പുല്ലക്കുട്ട്യേ, ഹേറായ്.”

ചെയ്യാനൊന്നുമില്ല. കാളപൂട്ടു കാണാം. പൂന്തോട്ടത്തിലെ എരുതും മണിക്കാളയും ആദ്യ

മായി ഇറങ്ങുന്നതാണ്. ആളുകൾ ധാരാളമുണ്ടാകും. ബനിയനെടുത്തിടണോ? വേണ്ട. പതിവുപോലെ മതി. മുതിർന്നതിൽപ്പിന്നെ നാട്ടിൽ ഷർട്ടിട്ടു നടന്നിട്ടില്ല. കരിയും നുകവും തേക്കുകൊട്ടയുമായി നടക്കുന്ന താൻ ഷർട്ടിട്ടു നടന്നാൽ നാട്ടുകാർ, എന്തിന്, അമ്മകൂടി പറയും:

"ഓൻെറാരു പ്രമാണിത്തരേ."

## 4

**ചു**വന്ന മുണ്ടു മടക്കിക്കുത്തി കുഞ്ഞരയ്ക്കാരുടെ ഇളയ മകൻ വരുന്നുണ്ടായിരുന്നു. ചെറിയ തോർത്തുമുണ്ടുകൊണ്ടു മൊട്ടത്തലയ്ക്കു ചുറ്റിക്കെട്ടി തുമ്പ് ആകാശത്തിലേക്കു കുത്തിനിർത്തിയാണ് ബാപ്പുവിൻെറ നടപ്പ്. ആ തലയിൽക്കെട്ടിൻെറ അന്തസ്സുകണ്ടു ഗോവിന്ദൻകുട്ടി മുമ്പേ അവനിട്ട പേരാണ് സുൽ

ത്താൻ.

"എന്താ സുൽത്താൻ?"

"വാപ്പ ഒന്നു ചെല്ലാമ്പറഞ്ഞ്."

"ഇക്കാക്കടെ കത്തു വന്നോ?"

"ഇല്ലാന്നാ തോന്ന്."

അവിടെനിന്നു നോക്കിയാൽ കാണാം കുഞ്ഞരയ്ക്കാരുടെ പുര. നിരത്തുവക്കിൽ, പുഴ തെക്കുനിന്നു തിരിയുന്ന കരയ്ക്ക്. അബ്ദുവിനു കത്തെഴുതാനോ, അബ്ദുവിൻെറ കത്തു വായിക്കാനോ ആയിരിക്കും. പൂട്ടു കുറച്ചുനേരം കണ്ടിട്ടുപോയി നോക്കാം. തിരക്കൊന്നുമില്ലല്ലോ.

"ഇത്തിരി കയിഞ്ഞിട്ടു വന്നാമ്പ്പോരെടോ?"

"ഇക്കിശ്ശല്യ."

ഗോവിന്ദൻകുട്ടി അവൻെറ സ്വരം അനുകരിച്ചുകൊണ്ടു പറഞ്ഞു:

"ഇക്കിശ്ശണ്ട്. ഞാൻ ഇത്തിരി കഴിഞ്ഞ് വരാംന്ന് പറ വാപ്പോട്."

അവൻെറ പിൻകഴുത്തിൽ കളിയായി അടിച്ചുകൊണ്ടുപറഞ്ഞു: "സുൽത്താനേ, ഓട്."

പുത്തൻകളത്തിലെ പടിക്കലും കളപ്പുരയുടെ ചുവരിനടുത്തുമായി കുറെപ്പേർ കൂടിയിട്ടുണ്ട്. നിരത്തിൽനിന്നു പടിപ്പുരയിലേക്കു നെടുകെ

ഒറ്റക്കാളവണ്ടിക്കു പോകാവുന്ന വീതികൂടിയ വലിയ വരമ്പാണ്. വരമ്പത്തു തൊപ്പിക്കുടകളും ശീലക്കുടകളും നിരന്നുകഴിഞ്ഞു. ഉയർന്ന ഞാറ്റുവട്ടിയിലാണ് ജനങ്ങൾ കൂടുതൽ ഊർച്ചക്കാളകളെ നിർത്താറുള്ളത്.

ഞാറ്റുവട്ടിയിലാണ്, ഊർച്ചക്കണ്ടത്തിനപ്പുറത്തെ ചെറിയ കണ്ടങ്ങളിൽ പൂട്ടു നടക്കുന്നുണ്ട്. ഒറ്റനോട്ടത്തിൽ ഇരുപത് ഏറിലധികം കന്നുണ്ടെന്നു മനസ്സിലായി. പൂട്ടുന്ന ചെറുമക്കളുടെ കോലാഹലമാണു കേൾക്കുന്നത്.

കാളപൂട്ടുകൊണ്ട് ഒറ്റദിവസം ഒരോടി നിലം മുഴുവൻ പണി കഴിയുന്നു. പിന്നെ നടാനിറങ്ങിയാൽ മതി.

ഗോവിന്ദൻകുട്ടി വലിയ വരമ്പത്തേക്കു കയറി. വിശാലമായ ഊർച്ചക്കണ്ടത്തിൽ കൊഴുത്തചേറു മദിച്ചു കിടക്കുന്നു. നാലഞ്ചേറ് കന്നു പൂട്ടിയൊരുക്കിയിട്ടതാണ് ആ കണ്ടം.

ഊർച്ചക്കാളകൾ ചിലതേ എത്തിയിട്ടുള്ളൂ. ഓരോന്നിനും ചുറ്റും എട്ടുപത്താളെങ്കിലും കാണും. മുമ്പിൽത്തെളിക്കാർ, ഊർച്ചക്കാർ, കയറു പിടുത്തക്കാർ. ഉടമസ്ഥന്മാരിൽ ചിലർ ഞാറ്റുവട്ടിയിലുണ്ട്. അവരുടെകൂടെ കാളയുടെ കടുപ്പം

കാണാൻ വന്ന ആശ്രിതന്മാരും നാട്ടുകാരായ കൃഷിക്കാരും കാളക്കച്ചവടക്കാരും കാളകളുടെ ലക്ഷണം മനസ്സിൽ കണക്കിട്ടുകൊണ്ടു ചുറ്റി നടക്കുന്നുണ്ട്.

പണ്ട്, തറവാടു ഭാഗിക്കുന്നതിനുമുമ്പ്, അപ്പു മ്മാമ പത്തായപ്പുരയുടെ മേളിലിരുന്നാൽ കാക്ക പാറാത്ത കാലത്ത്, കളമുറ്റത്തു തൊഴുത്തിൽ ഊർച്ചക്കാളകളുണ്ടായിരുന്നുവത്രേ. ഒരു പണിക്കാരനു രാവും പകലും ജോലി, കാളയ്ക്ക് മടിച്ചിൽ കൊടുക്കുകയായിരുന്നുവത്രേ. പരു ത്തിക്കൊട്ട അരയ്ക്കാനും ആട്ടിൻതല ഇടി ച്ചുകൊടുക്കാനും മറ്റൊരു പണിക്കാരൻ, ഊർ ച്ചക്കാരൻ കണ്ടുണ്ണി.

എല്ലാം പഴയ കഥകളാണ്. അന്നത്തെ കാളത്തൊഴുത്തിന്റെ സ്ഥാനത്തു കുമ്പളത്തടങ്ങളാണ്.

തടിച്ചുകൊഴുത്ത ഊർച്ചക്കാളകളെ കണ്ടു കൊണ്ടു നില്ക്കുന്നതു ഗോവിന്ദൻകുട്ടിക്ക് ഒരാനന്ദമാണ്. ഊർച്ചമരത്തിനു മുകളിലൂടെ കൊഴുത്ത ചേറ്. മറിയുമ്പോൾ പൊങ്ങുന്ന ഇഴുക്കമുള്ള മണ്ണിന്റെ മണം തട്ടിയാൽ കുട്ടി ക്കാലത്തു ലഹരി കയറിയിരുന്നു.

നമ്പൂതിരിയുടെ മകൻെറ, നെറ്റിക്കു വെള്ളച്ചു ട്ടുള്ള കറുത്ത എരുതും കണ്ണപ്പനും ഇക്കൊ ല്ലവുമുണ്ട്. ശിവരാമമേനോൻെറ വലിയ വട്ടക്കൊമ്പുള്ള പോത്തിനു ചുറ്റുമാണ് കൂടു തൽ കാഴ്ചക്കാർ. ചങ്ങലയിട്ടാണ് കെട്ടിയിരി ക്കുന്നത്. എണ്ണ കിനിയുന്നുണ്ടെന്നു തോന്നി പ്പോകുന്ന ശരീരത്തിൽ തൊടാൻ, പേടിച്ചുപേടി ച്ച് അടുത്തു നില്ക്കുന്ന കുട്ടികൾക്കു കൊതി യുണ്ട്. കടഞ്ഞു മിനുസപ്പെടുത്തിയ കൊമ്പു തിരിച്ചാൽ കുട്ടികൾ ഒരു കൂക്കുവിളിയോടെ ഓടി അകന്നുനില്ക്കും.

അടുത്ത പ്രദേശങ്ങളിലെല്ലാം പ്രസിദ്ധി നേടിയതാണ് ശിവരാമമേനോൻെറ പോത്ത്. ഏതു വമ്പൻ മണിക്കാളയും എരുതും അതിനു കിടനില്ക്കില്ല. അതിൻെറ തുണയ്ക്കു പറ്റിയ ഒരു പോത്തിനെ കിട്ടാൻ മേനോൻ ശ്രമിച്ചു തുടങ്ങിയിട്ടു നാലഞ്ചുകൊല്ലമായത്രെ.

ഉഴിഞ്ഞ കൊമ്പിൽ ചുവപ്പുനിറം കൊടുത്ത രണ്ടു വെള്ളക്കാളകളെക്കൊണ്ട് ഒരു സംഘം വന്നു:

"ആരട്യാ ആ കന്ന്?"

അടുത്തു നില്ക്കുന്ന ഒരാൾ വെള്ളച്ചുട്ടുള്ള

എരുതിന്റെ കൂടെ വന്ന ഊർച്ചക്കാരനോടു ചോദിച്ചു.

"അതാ മനോക്കാവിലെ തീയ്യന്റ്യാ. വണ്ടിക്കു കെട്ടാനേ പറ്റൂ. ഊരാൻ കൊള്ളില്ല."

എരുതിന്റെ താട തടവിക്കൊണ്ടു പുല്ലിലിരുന്നു ബീഡിവലിക്കുന്ന മുന്നിൽത്തെളിക്കാരനാണു പറഞ്ഞത്.

ഊർച്ചക്കാരൻ വന്ന കാളകളെ ഒന്നു നോക്കി: "ഞാൻ നോക്ക്യ കന്നാ. പ്രായം കടന്ന്രിക്ക്ണു. രണ്ടിനും നാലു പല്ല് തേഞ്ഞിട്ടുണ്ട്."

പുത്തൻകളത്തിലെ എരുതിനെ പടിപ്പുരയുടെ മുറ്റത്തുതന്നെയാണു നിർത്തിയിരിക്കുന്നത്. ദൂരെ പാടത്തിന്റെ കര പറ്റിക്കൊണ്ട് കുറിയ കൊമ്പുകളും കനത്തു തുളുമ്പുന്ന പൂഞ്ഞയുമുള്ള പൂന്തോട്ടത്തിലെ വെള്ള എരുതിനെ വെടയും മൂക്കുകയറും പിടിച്ചു രണ്ടുപേർ നടത്തിക്കൊണ്ടുവരുന്നതു കണ്ടു. പിറകിൽ പാളത്തൊപ്പിയും കയറിൻ ചുരുളുമായി മാമ്പി വരുന്നുണ്ട്. വെള്ളച്ചുണങ്ങുള്ള മൈലൻ കുറെ പിന്നിലാണ്. കഴുത്തിൽക്കയറു പിടിച്ച് അവനെ നടത്താൻ ഒരാൾ മതി. "എളതരം" കാട്ടാത്ത ആ ഗൗരവക്കാരനെയാണ് ഗോവിന്ദൻകുട്ടിക്ക് പു

ല്ലയെക്കാളുമിഷ്ടം.

പൂന്തോട്ടത്തിലെ എരുതും കാളയുമെത്തി യപ്പോഴേക്ക് ഞാറ്റുവട്ടിയിൽ തിക്കും തിരക്കുമാ യിക്കഴിഞ്ഞിരുന്നു. പുത്തൻകളത്തിലെ പടിപ്പു രയിലേക്കാണു നേരെ നടത്തിച്ചത്. വരമ്പിനിരു വശത്തേക്കും ആളുകൾ മാറിനിന്നു. കൗതുകമു ള്ള കണ്ണുകൾ അവയ്ക്കുചുറ്റും സഞ്ചരിക്കുന്നു ണ്ട്. ആദ്യമായി ഊർച്ചക്കണ്ടം മയക്കാൻ പോവു കയാണ്.

ഗോവിന്ദൻകുട്ടി ഞാറ്റുകണ്ടത്തിലെ തി രക്കിൽനിന്നു പുറത്തുകടന്നു. വെയിലിനു ചൂടുപിടിക്കാൻ തുടങ്ങിയിരുന്നു. ഞാറ്റു കണ്ടത്തിൻെറ മൂലയിലെ തലപോയ കിഴവൻ കരിമ്പനയുടെ നേർത്ത നിഴൽ വലിയ വരമ്പി നു വിലങ്ങനെ വീണുകിടക്കുന്നേടത്തെ തണലിലേക്കു മാറിനിന്നു വടക്കോട്ടു നോക്കി യപ്പോൾ ശേഖരേട്ടൻ വരുന്നതു കണ്ടു. വലിയ മുണ്ടിൻെറ കോന്തല ഇടത്തെ കക്ഷത്തിലി ടുക്കി മെതിയടിയിട്ട കാലുകൾ നീട്ടിവെച്ച് ഇടയ്ക്കിടെ തിരിഞ്ഞു പിറകിൽ നടക്കു ന്നവരോട് ചിലതു ചോദിച്ചുകൊണ്ടാണ് തലയുയർത്തിപ്പിടിച്ചുകൊണ്ടുള്ള നടത്തം.

പിറകിൽ ശേഖരേട്ടൻ സാധാരണ പുറത്തിറങ്ങു മ്പോഴുള്ള പതിവുകാരൊക്കെയുണ്ട്. അല്പം ജ്യോതിഷവും മന്ത്രവാദവും കുറച്ചു ശ്ലോകംചൊ ല്ലാനുമറിയുന്ന നാണുപ്പണിക്കർ, കാര്യസ്ഥൻ പത്മനാഭൻ, കോടതികാര്യസ്ഥൻ അപ്പുനാ യർ. അടുത്തെത്തിയപ്പോഴാണ് നാലാമത്തെ ആളെ കണ്ടത്. തെക്കത്തി നാടകത്തിലെ വേഷക്കാരനെപ്പോലെ മുടി വളർത്തി വേഷ്ടി പുതച്ച് ഒരു ലയത്തിലെന്നപോലെ ആടിയാ ടി നടക്കുന്ന ഒരു കറുത്ത തടിച്ച മനുഷ്യൻ. അയാളെ ഗോവിന്ദൻകുട്ടി മുമ്പെവിടെയോ വെച്ചു കണ്ടിട്ടുണ്ട്. ഓ, മനസ്സിലായി, റാവു ബഹദൂറിന്റെ ഡ്രൈവറും കാര്യസ്ഥനുമാണ്. റാവു ബഹദൂർ മേനോൻ തൂക്കിക്കൊല്ലാൻ അധികാരമുള്ള ജഡ്ജിയായിരുന്നു. ഇപ്പോൾ പെൻഷൻ പറ്റി, ''ദ്വാരക'' എന്ന വലിയ വീ ടുകയറ്റി താമസിക്കുകയാണ്. ആറു നാഴിക അകലെ. ശേഖരേട്ടനുമായി വലിയ ലോഗ്യത്തി ലാണെന്നു കേട്ടിട്ടുണ്ട്. മൂപ്പരുടെ എന്തെങ്കിലും കാര്യത്തിനു വന്നതായിരിക്കും ഈ തെക്കത്തി നാടകക്കാരൻ.

ശേഖരേട്ടൻ നടന്നതു പുത്തൻകുളത്തിലെ

പടിക്കലേക്കാണ്. ഭേദപ്പെട്ടവരെല്ലാം കാളപൂട്ടു കാണാൻ ഇരിക്കുന്നത് അവിടെയാണ്. പടിപ്പുരയുടെ മുൻവശം. വലിയ വരമ്പു ചെന്ന് അവസാനിക്കുന്നിടം ഉയർത്തി നിരപ്പാക്കിയ തറയാണ്. പന്തലിട്ടിട്ടുണ്ട്. അവിടെ ഇരുന്നാൽ മറവില്ലാതെ കാളപൂട്ടു കണ്ടത്തിൻെറ നാലു മൂലയിലും കാണാം.

ശിവരാമമേനോൻെറ പോത്തും പുത്തൻ കളത്തിലെ എരുതും ചേർന്ന ഒരു ജോഡിയാണ് കഴിഞ്ഞതവണ പൂട്ടു കൊണ്ടുപോയത്. ആ ജോഡിയിൽ അവിടെ കൂടിയിട്ടുള്ളവർക്കെല്ലാം മതിപ്പുണ്ട്. പക്ഷേ, ശേഖരേട്ടൻ മോഹവില കൊടുത്തുവാങ്ങി രണ്ടുകൊല്ലമായി വളർത്തിയെടുത്തു കൊണ്ടുവന്ന ജോഡി നടാടെ ഇറങ്ങുന്നതുകൊണ്ട് ഒന്നും പറഞ്ഞുകൂടാ.

ചെറിയ കണ്ടങ്ങളിൽ പൂട്ടും ഊർച്ചയും നടക്കുന്നുണ്ട്. കരി കയറിയിറങ്ങിയ കണ്ടത്തിൽ ഊർച്ചമരം സഞ്ചരിക്കുമ്പോൾ കലങ്ങിമറിഞ്ഞു നിരപ്പായി കുലുങ്ങിയമർന്ന ചേറു കൊഴുത്തു മദിച്ചുകിടക്കുന്നു.

പുത്തൻകളത്തിലെ കാര്യസ്ഥൻ നാടു മുഴുവൻ ഞെട്ടത്തക്കവിധത്തിൽ അലറി:

"ഈ പെണ്ണുങ്ങള് എന്തു കണ്ടിട്ടാ എറങ്ങാതെ നിക്ക്ണ്? നേരുച്ച്യായില്ല്യേ?"

വയൽവക്കിലെ കവുങ്ങിൻതോട്ടത്തിലെ തണലുകളിൽ ചെറിയ കാവൽമാടങ്ങൾപോലെ കാണപ്പെട്ട കുണ്ടൻകുടകളനങ്ങി. ചെറുമികൾ കണ്ടത്തിലിറങ്ങി. മൂത്ത ചെറുമൻ വരമ്പുമുട്ടത്തിൽ കൂട്ടിവെച്ച തലയരിഞ്ഞ ഞാറ്റിൻ മുടികൾ വീശിയെറിഞ്ഞു. കറുത്ത ചേറിൽ അളന്നുമുറിച്ചിട്ടപോലെ അകലമൊപ്പിച്ച് വീണു ഞാറുപച്ചപ്പുള്ളികളായി.

കുട്ടിക്കാലത്ത് അമ്പലപ്പറമ്പിലെ ഉത്സവം കണ്ട ആഹ്ലാദത്തിന്റെ അലകളാണ് ആ കാഴ്ച നോക്കിനിൽക്കെ ഗോവിന്ദൻകുട്ടിയുടെ മനസ്സിൽ ഉയരുക പതിവ്. ഒരിടത്തു കിണഞ്ഞു കരി താഴ്ത്തി ചേറു കലക്കി വലിക്കുന്ന പത്തിരുപതു പൂട്ടു കന്ന്. ഊർന്നു നിരപ്പാക്കുന്ന ചെറുമക്കളുടെ മുടിങ്കോൽ പിടിച്ച കൈ നിറുകയിൽ വെച്ചുകൊണ്ടുള്ള ആർപ്പുവിളികൾ, ചേറുലയുന്ന സ്വരം, ചെറുമികൾ വരിയായി കുമ്പിട്ടു നില്ക്കുന്നതോടെ കൈകൾ താളത്തിൽ പ്രവർത്തിക്കുന്നു. ചേറിൽ പൊട്ടുകുത്തി കിടക്കുന്ന ഞാറ്റിൻമുടികൾ വിടരുന്ന പച്ചപ്പാവാടച്ചുരുളു

കളെ ഓർമിപ്പിച്ചുകൊണ്ട് നിരന്നുകയറുന്നു. കൃഷിക്കാരനായശേഷം പുത്തൻകൊയ്ത്തിനേക്കാളും അയാളെ ആഹ്ലാദിപ്പിക്കാറ് നാടും പണിയുമാണ്. കാളിത്തള്ളയും മാണിയുംകൂടി ഏഴെട്ടു ദിവസമെടുക്കും ചെറുകോടു നാടു കഴിക്കാൻ. ഗോവിന്ദൻകുട്ടി ആ സമ്പ്രദായം മാറ്റി, പത്തു ചെറുമികളെ കണ്ടത്തിലിറക്കി ഒറ്റ ദിവസംകൊണ്ടു നട്ടുതീർക്കും. കരിയും ഊർച്ചമരവും നടുന്ന കൈകളും മത്സരിക്കുമ്പോഴേ കണ്ടമുണർന്നുവെന്നു തോന്നുകയുള്ളൂ.

കളത്തിലെ പടിക്കൽനിന്നു ഞാറ്റുമുടി ചിന്നുന്ന കണ്ടങ്കോരനോട് ആരോ വിളിച്ചു പറയുന്നതു കേട്ടു: "വലിയൊരു നാടും പണിയായിട്ട് ഈ ചെറുമ്യോളുടെ നാവെറങ്ങ്യോ? പാടാൻ പറയെടാ കണ്ടങ്കോരാ."

കണ്ടങ്കോരൻ അതു കേൾക്കാത്ത ഭാവത്തിൽ ഞാറ്റിൻമുടികൾ ചിന്നിക്കൊണ്ടിരുന്നു. പെണ്ണുങ്ങൾ കുനിഞ്ഞുകുനിഞ്ഞു ധൃതിയിൽ നട്ടുകയറി.

തലയിൽ വലിയ മുണ്ടുകെട്ടി തോർത്തുടുത്തുകൊണ്ടു വലിയ വരമ്പിലൂടെ നടന്നുപോയ രണ്ടുപേർ പറഞ്ഞു:

"പാട്ടും കൂത്തുമൊക്കെ പണ്ടത്തെ കാലായിരുന്നു. ഇപ്പം നേരം മെനക്കെടീക്കണം. വല്ലി മണി കൊറയാതെ അളന്നു വാങ്ങണം."

ഊർച്ചക്കാളകൾ കണ്ടത്തിലിറങ്ങാൻ ഇനിയും നേരമായിട്ടില്ല. കരിമ്പനയുടെ മെലിഞ്ഞ നിഴൽ അകന്നുമാറിയിട്ടും കുമ്മായം തേക്കാത്ത സർവ്വേക്കല്ലിൻെറ മുകളിൽ ഓട്ടുകഷണംകൊണ്ടു വരച്ചും കോറിയും ഗോവിന്ദൻകുട്ടി ഇരുന്നു. വെയിലിൻെറ ചൂടു വർദ്ധിക്കുകയായിരുന്നു. കളത്തിലെ പടിക്കൽപ്പോയി നില്ക്കുകയാണു സുഖം. അവിടെ ധാരാളംപേരുണ്ട്. വലിയവരെല്ലാം അവിടെയാണ്. പടിപ്പുരയ്ക്കും കുളപ്പുരയുടെ പിൻപടവിനും ഇടയ്ക്കു തോട്ടത്തിൻെറ വേലി പൊളിഞ്ഞുകിടക്കുകയാണ്. ആ വഴി കയറി തോട്ടത്തിൽ നിന്നാൽ ഉയരത്തിലായതുകൊണ്ട് നാലുമൂലയും കണ്ട് ഇരിക്കാം.

"എന്താ ചെറ്യമ്പ്രാ, വെയില് കായ്ാ?"

ഊർച്ചക്കാരൻ മാമ്പിയാണ്.

ഗോവിന്ദൻകുട്ടി എഴുന്നേറ്റുനിന്നു:

"എവിടയ്ക്കാ മാമ്പ്യേ?"

"ഒരു വയംവള്ളി നോക്ക്ാ. ഇപ്പ നോക്കുമ്പളാ

ഊർച്ചമരത്തിൻെറ കെട്ടറ്റിരിയ്ക്കണ്."

മാമ്പി തലചെരിഞ്ഞു സ്വരം താഴ്ത്തിക്കൊ ണ്ടു ചോദിച്ചു:

"വീടിണ്ടെങ്കിൽ ഒന്നു കാട്ടിക്കാണീ ചെറ്യ മ്പ്രാ."

മടിയിൽ ഇല്ലെന്നറിഞ്ഞിട്ടും ഗോവിന്ദൻകുട്ടി ഒന്നു തപ്പിനോക്കി:

"ഇല്യലൊ മാമ്പ്യേ."

"ബ്രാളത്തിൻെറ എനക്കട് എങ്ങനെണ്ട് ചെറ്യ മ്പ്രാ?"

"അധികം ല്യ."

"വല്യ ചെറ്യമ്പ്രാൻ ഇങ്ങട്ടു വരാറ്ല്ലേ?"

"എടയ്ക്കു വരും. ഇന്നലെ ണ്ടായിര്ന്നു."

മാമ്പി താഴത്തേതിലെ മേൽഭാഗത്ത് അയ്യ പ്പൻെറ ചാളയുടെ കുറച്ചപ്പുറത്തായിരുന്നു മുമ്പ് താമസിച്ചിരുന്നത്. അയ്യപ്പൻെറ പെങ്ങളുടെ മകനാണ്. കുട്ടിക്കാലത്തു മാമ്പിയുടെ കൂടെ ഗോവിന്ദൻകുട്ടി കുറേക്കാലം അലഞ്ഞുനടന്നി ട്ടുണ്ട്. ശനിയും ഞായറും ഒഴിവുള്ളപ്പോൾ വീട്ടി ക്കാട്ടിൽ മുടിങ്കോൽ വെട്ടാൻ പോകുന്ന മാമ്പി യുടെകൂടെ കൂടിയാൽ മുള്ളിൻപഴം പറിക്കാം. കയ്യാലത്തറയുടെ പിന്നിലിരുന്നു മാമ്പി മുഷി

ഞ്ഞുനാറുന്ന തോർത്തിൻെറ മടിയിൽ ഒളിച്ചു വെച്ചു കൊണ്ടുവരുന്ന ബീഡി ആരും കാണാതെ വലിച്ചതാണ് മാമ്പിയെ കാണുമ്പോൾ ആദ്യം ഓർമവരിക.

ആദ്യത്തെ പ്രാവശ്യം അനർത്ഥമൊന്നുമുണ്ടായില്ല. അവൻെറ കൂടെ നടക്കുന്നതു കണ്ടാൽ അമ്മയുടെവക ശകാരമാണ്:

"ആ ചെറുമച്ചെക്കൻെറ വാല്മ്മക്കെട്ടീട്ടു നീയെന്തിനാടാ നടക്ക്ണ്? അയിത്തം ല്യ ചിത്തം ല്യ. കീഴ്ക്കൊറഞ്ഞാരായിട്ടാ സഹവാസം."

നാലാം ക്ലാസ്സിൽ പഠിക്കുന്ന കാലത്താണെന്നു തോന്നുന്നു. വാഴക്കൂട്ടത്തിൽ മാമ്പിയുടെ തൊട്ടടുത്തിരുന്നു ബീഡിപ്പുകയുടെ നിഷിദ്ധസുഖം ആസ്വദിച്ചിരിക്കുമ്പോൾ മേലേപ്പടിക്കലൂടെ ഇറങ്ങിവന്ന കുമാരേട്ടൻ കണ്ടു; കണ്ടുവെന്നു മനസ്സിലായത് പിന്നീടാണ്.

മാമ്പിയുടെ ഉപദേശമനുസരിച്ച് ഇല ചവച്ചു തുപ്പി, ചുണ്ടു തുടച്ചു പതുക്കെ ഉമ്മറത്തേക്കു കയറിയപ്പോൾ എവിടെനിന്നാണെന്നറിയാതെ ഒരടിയാണ് പിൻകഴുത്തിൽ വീണത്. തല തരിച്ചുപോയി. കുമാരേട്ടൻ!

കുറ്റം പലതായിരുന്നു-ചെറുമച്ചെക്കൻെറ

കൂടെ നടന്നത്. ചെറുമച്ചെക്കനെ തൊട്ട അയി ത്തംകൊണ്ടു വീട്ടിനകത്തേക്കു കുളിക്കാതെ കയറിയത്. എല്ലാറ്റിലും പ്രധാനം ബീഡി വലി ച്ചത്.

അമ്മയുടെ വക ഉടനെ കൊണ്ടില്ല. ശുദ്ധം മാറാതെ, തന്നെഅടിക്കാൻവേണ്ടി കുളിച്ചുവരു ന്നതുവരെ കാത്തുനില്ക്കേണ്ടിവന്നു.

എല്ലാം കഴിഞ്ഞ് കരച്ചിലും ദേഷ്യവും എല്ലാം കലർന്ന സ്വരത്തിൽ പറഞ്ഞു:

"അധോഗദ്യാവണ്ട കാലത്താണ് നെന്നേൻെറ വയറ്റിൽ പൊട്ടീത്."

ഗോവിന്ദൻകുട്ടി സ്കൂളിൽ പോകാൻ തുടങ്ങിയ കാലത്തു മാമ്പി പൂന്തോട്ടത്തിലെ കന്നിനെ നോക്കാൻ തുടങ്ങി; അഞ്ചാം ക്ലാസ്സ് ജയിച്ചപ്പോഴേക്ക് ഓണവും വിഷുവും എടുത്തു പൂന്തോട്ടത്തിലെ പടിക്കൽ ചെറുമനായി.

കുന്നത്തമ്പലത്തിൻെറ തടപ്പള്ളിക്കു പുറത്ത് ഒരു കൂറ്റൻ കരിങ്കൽപ്രതിമയുണ്ട്. വഴിപാടു ദിവസങ്ങളിൽ എണ്ണേപുരട്ടി നിർത്തി യതു പലപ്പോഴും ഗോവിന്ദൻകുട്ടി കണ്ടിട്ടുണ്ട്. ചുമലിലും വാരിക്കും മാംസപേശികൾ ഇളകി ക്കളിക്കുന്ന മാമ്പിയുടെ ഉറച്ച ശരീരം കാണു

മ്പോൾ ഗോവിന്ദൻകുട്ടി ഓർത്തുപോവുക ആ പ്രതിമയെയാണ്.

"വെയിലുകൊള്ളാണ്ട് കളത്തിലെ പടിക്കല് ചെന്നിരുന്നോളി ചെറ്യമ്പ്രാ."

"പൂട്ട് തൊടങ്ങാറായോ മാമ്വേ്യ?"

മൊയലാളീടെ കന്നെത്ത്ണ താമതേള്ളു."

അങ്ങനെ വരട്ടെ. പൂട്ടു കാണാൻ വന്നവരിൽ മാപ്പിളമാർ ധാരാളമുണ്ട്. കുഞ്ഞയമ്മത് മുതലാളിയുടെ കാളകൾ പൂട്ടുകൊണ്ടുപോകുന്നതു കാണാൻ തന്നെയാവണം ദൂരത്തുനിന്നുകൂടി മാപ്പിളമാർ എത്തിയിരിക്കുന്നത്.

ശിവരാമമേനോന്റെ പോത്തും കളത്തിലെ എരുതുമുണ്ട്. ശേഖരേട്ടന്റെ കന്നുണ്ട്. അത്ര എളുപ്പത്തിൽ ആരും ജയിച്ചുപോവില്ല!

കളത്തിലെ പടിക്കൽ മുമ്പു കാളപൂട്ടുണ്ടായിട്ടുണ്ട്. പക്ഷേ, ആവശ്യപ്പെട്ടിട്ടും മുതലാളി കന്നിനെ ഇറക്കിയില്ല; ഒഴികഴിവു പറഞ്ഞു.

"ഇക്കുറി ന്തേ പെഴച്ചു മാമ്വേ്യ!?"

"വല്യമ്പ്രാൻ പറഞ്ഞോണ്ട് അയക്ക്ണ്താ. അകായിലെ കന്ന് എറങ്ങ്വല്ലെ ആദ്യം, ഒന്നു മുട്ടിനോക്കാലൊ. കോപ്പക്കുട്ട്യാത്രെ ഊർച്ചക്കാരൻ.."

പത്തുപന്ത്രണ്ടുനാഴിക ചുറ്റുവട്ടത്തിൽ ഏറ്റ വും പേരുകേട്ട ഊർച്ചക്കാരൻ കോപ്പക്കുട്ടി യാണ്. കഴിഞ്ഞകൊല്ലം കോപ്പക്കുട്ടിയാണ് എരുതും പോത്തും ചേർന്ന ഇണയെ തെളി ച്ചത്. കാളക്കമ്പക്കാർ പറയാറുള്ളത്, കോപ്പക്കു ട്ടി ഊർച്ചമരത്തിൽ നില്ക്കുമ്പോൾ മനസ്സിൽ വിചാരിക്കുന്നത് കന്നിനറിയുമെന്നാണ്. പുറത്തു പതുക്കെ തട്ടുകയല്ലാതെ മുടിങ്കോൽ ഉപയോഗിക്കുന്നതു പതിവില്ല കോപ്പക്കുട്ടി. വാലുകടിച്ചും ഇടത്തും വലത്തും മാറിമാറി ആഞ്ഞടിച്ചും ഊർച്ചമരത്തിൽനിന്നു കലികയറി അലറുന്ന ഊർച്ചക്കാർ കോപ്പക്കുട്ടി കണ്ടത്തി ലിറങ്ങിയാൽ നാണിച്ചുപോവും.

“അടേ്യൻ നടക്കുന്നു ചെറ്യമ്പ്രാ.”

വെയിലിനു ചൂടേറി. വലതുഭാഗത്തെ ചെറി യ വരമ്പിലേക്കിറങ്ങി. അതിലൂടെ നടന്നു കളപ്പുര ചുറ്റി വേലി കടന്നാൽ പടിക്കൽ കൂടിയ പുരുഷാരത്തെ കടന്നുപോകാതെ തോട്ടത്തി ലേക്കു കയറിനില്ക്കാം.

വേലി കടക്കുമ്പോൾ കളത്തിലെ വീടിൻെറ പിൻവശത്തേക്കൊന്നു നോ ക്കി. അടുക്കളക്കിണറിൻെറ സമീപത്തെ

ബിലാത്തിപ്ലാവിന്റെ നിഴൽപ്പാടിൽനിന്ന് ആരോ കോലായിലേക്കു കയറുന്നതു കണ്ടു. മറഞ്ഞപ്പോഴാണു മനസ്സിലാവുന്നത്, അത് രാജമ്മുവാണ്. ഇടവപ്പാതി തുടങ്ങിയതിൽപ്പിന്നെ രാജമ്മുവിനെ കണ്ടിട്ടില്ല. അകത്തെ കുളത്തിലെ വെള്ളം വറ്റുമ്പോൾ പുഴയിൽ കുളിക്കാൻ കല്യാണിയമ്മയെക്കൂട്ടി പോകാറുള്ളപ്പോഴെല്ലാം അകലത്തുനിന്നു കാണാറുണ്ട്.

വീണ്ടും മുറ്റത്തേക്കിറങ്ങിയെങ്കിൽ ഒന്നു കാണാമായിരുന്നു.

ബിലാത്തിപ്ലാവിന്റെ ചുവട്ടിലെ നിഴൽപ്പാടിലേക്കു പിന്നെ ഇറങ്ങിയതു പാത്രം തേക്കാൻ വേണ്ടി പണിക്കാരിയാണ്.

നോക്കിനില്ക്കെ പിന്നിൽ ആളെത്തിയത് അറിഞ്ഞില്ല.

“കടകപ്പാച്ചാൽ കടക്കെടോ.”

കുറ്റബോധത്തോടെ തലതിരിച്ച് ഗോവിന്ദൻകുട്ടി ധൃതിയിൽ മുളമ്പടികൾ കടന്നു.

തോട്ടത്തിന്റെ അതിർത്തിയിലെ തിണ്ടത്തു ചിലർ സ്ഥലം പിടിച്ചിരുന്നു. വീണുകിടക്കുന്ന ഒരു കവുങ്ങിൻപട്ടയെടുത്തിട്ട് ഗോവിന്ദൻകുട്ടി അകലെ ഇരുന്നു.

പടിപ്പുരമുറ്റത്തിരിക്കുന്നവരെ അവിടെനിന്നും നോക്കിയാൽ കാണാം. കുട്ടിശ്ശങ്കരമേനോനും ശേഖരേട്ടനും അടുത്തടുത്താണിരിക്കുന്നത്. അവരുടെ അപ്പുറം നാണപ്പമേനോനും മനയ്ക്കലെ ചെറിയ നമ്പൂതിരിയും കുറേക്കൂടി മുന്നിലാണിരിക്കുന്നത്. വെള്ളികെട്ടിച്ച വിശറി കൊണ്ടു പതുക്കെ വീശി, ശേഖരേട്ടൻ ഇടയ്ക്കിടെ തിരിഞ്ഞ് മേനോൻെറ ചെകിട്ടിൽ സംസാരിക്കുന്നുണ്ട്.

കാത്തുകാത്തിരുന്ന് അവസാനം മുതലാളിയുടെ കന്നും വന്നെത്തി. മുതലാളി വന്നിട്ടില്ല. കാര്യസ്ഥനും പണിക്കാരുമുണ്ട്. പാളത്തൊപ്പി വെച്ചു മുന്നിൽ ബീഡിവലിച്ചു നടക്കുന്ന നീണ്ട മനുഷ്യനാണ് കോപ്പക്കുട്ടി.

നുകംവെച്ച ഊർച്ചക്കാളകൾ ഓരോ ജോഡിയായി കണ്ടത്തിലിറങ്ങി. വിശാലമായ ഊർച്ചക്കണ്ടവും കാഴ്ചക്കാരുടെ തിരക്കും കലങ്ങിമറിഞ്ഞ ചേറിൻെറ മണവും കാളകളെ ലഹരിപിടിപ്പിക്കുന്നുണ്ടെന്നു തോന്നി. നുകത്തിനു മുൻവശം പിന്നിലേക്കു കയറിട്ടുപിടിച്ചുകൊണ്ടു  നില്ക്കുന്ന മുന്നിൽത്തെളിക്കാരെ തട്ടിമാറ്റി ഇപ്പോൾ കുതിച്ചുപായുമെന്നു തോന്നും

കാളകളുടെ ചവിട്ടും തിരക്കും കണ്ടാൽ. പൂന്തോട്ടത്തിലെ എരുതുകൾക്ക് ഊർച്ചമരം കെട്ടാൻ മൂക്കുകയർ പിടിച്ചുനിർത്താൻ വരമ്പത്തുനിന്നു രണ്ടുപേരെക്കൂടി വിളിക്കേണ്ടിവന്നു.

മുടിങ്കോലുകൊണ്ടു പുറം ചൊറിഞ്ഞ് അതു പിന്നിൽ തിരുകി, ബീഡിക്കുറ്റി വലിച്ചെറിഞ്ഞ് അവസാനമായി കണ്ടത്തിലേക്കിറങ്ങി കോപ്പക്കുട്ടി.

മുന്നിൽ പോത്തും എരുതുമായിരുന്നു. ഊർച്ചക്കണ്ടങ്ങൾ പലതും കണ്ടുകഴിഞ്ഞ പാകത അവ നില്ക്കുമ്പോഴുണ്ട്. ചവിട്ടും കുത്തും മൂക്കുചീറ്റലുമില്ല. മുന്നിൽ നുകം പിടിക്കാനും അരികിൽനിന്നു കയറിട്ടുപിടിക്കാനും ആളു വേണ്ട. പ്രായംചെന്ന ചെറുമൻ ആപ്പയാണ് അവയെ ഊരുന്നത്. എരുതിൻെറ താട തടവി പോത്തിൻെറ മുതുകത്തു പതുക്കെ ഒന്നടിച്ച് ഊർച്ചമരം തൊട്ടു നെറുകയിൽവെച്ച് അവനൊന്നാർപ്പു വിളിച്ചപ്പോൾ ഗോവിന്ദൻകുട്ടിയുടെ കൈത്തണ്ടയിൽ രോമങ്ങൾ എഴുന്നുനിന്നു. അലസഭാവത്തിൽ നിന്നിരുന്ന പോത്തും കാളയും മുന്നോട്ടു കുതിച്ചു. ഊർച്ചത്തണ്ടു പിടിച്ച കിഴവൻ ആപ്പ ഒരു ചെറുപ്പക്കാരൻെറ

ലാഘവത്തോടെ ചവിട്ടുപടിയിലേക്കു ചാടി ക്കയറി. പിറകിൽ മറ്റു ജോഡികളും. ഒന്നാംമൂല തിരിഞ്ഞപ്പോൾ ഓട്ടത്തിൻെറ വേഗം കൂടി.

ആദ്യത്തെ ആ ഓട്ടം കന്നിനു കണ്ടം പഴകാ നും ചേറുണരാനുംവേണ്ടിയാണ്.

നല്ല വെയിലുണ്ടായിട്ടും ആളുകൾ വലി യവരമ്പത്തു കൂടിനിന്നു. കണ്ടത്തിൻെറ നാലു ചുറ്റും, നെടുങ്ങനേയും വിലങ്ങനേയും ഓടി ച്ചശേഷം 'കുറ്റിക്കൽ' കൊണ്ടുവന്നു നിർത്തി. ഊർച്ചക്കാരുടേയും കന്നുകളുടേയും ദേഹം ചേറു പുരണ്ടു.

മൂന്നു ജോഡികളായും രണ്ടു ജോഡികളായും ഊർച്ച നടത്തി. ഏഴെട്ടു തവണ കണ്ടം ചുറ്റു മ്പോഴേക്കു കടുപ്പമില്ലാത്ത കന്ന് ക്ഷീണിച്ചു തളരും. ഒറ്റതിരിഞ്ഞുള്ള പിന്നത്തെ ഓട്ടത്തിലാ ണ് കാളയുടേയും ഊർച്ചക്കാരൻെറയും വമ്പു കാണേണ്ടത്.

ആദ്യമിറങ്ങിയതു തെക്കുനിന്നു വന്ന പ്രായമായ മണിക്കാളകളാണ്.

ആരോ വിളിച്ചുപറഞ്ഞു:

"അരും മുക്കും ചേർന്നു തെളിക്കണം ട്ട്വോടോ."

പ്രായമായ ആ ജോഡി രണ്ടാംവട്ടം മുഴു മിച്ചില്ല.

അടുത്തതു പെരുമ്പലത്തൂരിൽനിന്നു വന്ന എരുതും മണിക്കാളയുമാണ്.

പിന്നിലെങ്ങുനിന്നോ ഒരു ചിരി കേട്ടു. ഗോവി ന്ദൻകുട്ടി തിരിഞ്ഞുനോക്കി, ഉടനെ മുഖം തിരി ക്കുകയും ചെയ്തു. കാളത്തേക്കിനുവേണ്ടി നടവെട്ടിയ കിണററിൻെറ ഉയർന്ന പടവുകൾക്കു മീതെ രാജമ്മുവുണ്ടു നില്ക്കുന്നു. കൂടെ പണി ക്കാരി കല്യാണിയമ്മയുമുണ്ട്.

കവുങ്ങിൻതടികൾക്കിടയിലൂടെ ഊർച്ചക്കണ്ട ത്തിലേക്കു നോക്കിയിരിക്കുകയാണ്. ഇങ്ങോട്ടു നോക്കിയിരിക്കുകയില്ല. ഇങ്ങോട്ടു നോക്കരുതേ എന്നു പ്രാർത്ഥിക്കുകയും ചെയ്തു. തിരുമ്മിത്തി രുമ്മി മഞ്ഞനിറമായ ഒറ്റമുണ്ടുമാത്രമാണ് ഉടു ത്തിരിക്കുന്നത്. രാജമ്മുവിൻെറ മുന്നിൽച്ചെന്നു പെടുമ്പോഴെല്ലാം ഈ ജാള്യത അനുഭവപ്പെടാറു ള്ളതാണ്.

രാജമ്മു പുത്തൻകളത്തിലെ മകളാണ്. എന്നി ട്ടും അവളുടെ മുന്നിൽ യോഗ്യനായി നടക്കാൻ ആഗ്രഹം തോന്നുന്നതു വിഡ്ഢിത്തമാണ്; ഇടയ്ക്കിടെ ഓർമിക്കായ്കയല്ല. പുഴവക്കത്തു

നിന്നു കല്യാണിയമ്മയുടെ കൂടെ നടന്നുവരുമ്പോൾ ചെറുകോടിൽ ചേറിൽ കുളിച്ചുകൊണ്ട് അയ്യപ്പൻെറ പിറകെ കരിപിടിക്കുന്നതു കണ്ടിട്ടുള്ളതാണല്ലോ.

തിരിഞ്ഞുനോക്കാതെ കണ്ടത്തിൽത്തന്നെ കണ്ണുംനട്ടിരുന്നു, അസ്വസ്ഥതയോടെ.

പെരുമ്പലത്തൂരിൽനിന്നുവന്ന കന്നിൻെറ നുകക്കോൽ വഴിക്കുവെച്ചു മുറിഞ്ഞതുകാരണം അടുത്ത ചെറിയ കണ്ടത്തിലേക്കു മാറ്റിനിർത്തിയിരിക്കുകയാണ്.

പോത്തും എരുതുമാണ് പുറപ്പെട്ടിരിക്കുന്നത്. കുതിച്ചുപായുന്ന ഊർച്ചമരത്തിൻെറ പിറകെ ചേറിൻെറ ഒരല സഞ്ചരിക്കുന്നതു കാണാമായിരുന്നു. വരമ്പത്തുനിന്നും പടിപ്പുരമുറ്റത്തു നിന്നും ആർപ്പുവിളികൾ മുഴങ്ങി. മൂന്നാംവട്ടം കണ്ടംചുറ്റി കുറ്റിക്കലെത്തിച്ച ഊർച്ചക്കാരന് നാണപ്പമേനോൻ ഒരു പാവുമുണ്ട് എറിഞ്ഞുകൊടുത്തു. ചേറുപുരണ്ട കൈകൾകൊണ്ടു കിഴവൻ ആപ്പ അതു പിടിച്ചു തലയിൽ കെട്ടി. ചേറിൻമുകളിൽ തങ്ങിനില്ക്കുന്ന വെള്ളം, ഓടിച്ചൂടുപിടിപ്പിച്ച കന്നിൻെറ മേലേക്കു കൈക്കുടന്നകൊണ്ടു നാലഞ്ചുവട്ടം തെറിപ്പിച്ച് ആപ്പ

വരമ്പത്തേക്കു കയറിയിരിക്കുന്നു.

"അടുത്ത കന്നേതാണ്?"

ഊർച്ചയിലുള്ള രസം മുഴുവൻ നഷ്ടപ്പെട്ടപോലെ തോന്നി.

ഗോവിന്ദൻകുട്ടി പതുക്കെ തിരിഞ്ഞുനോക്കി. കല്യാണിയമ്മയെ കണ്ടില്ല. രാജമ്മു കുറേക്കൂടി അടുത്തേക്കു നീങ്ങിനിന്ന് ഊർച്ചക്കണ്ടത്തിലേക്കു കണ്ണുകളെറിഞ്ഞു നില്ക്കുകയാണ്.

(പരിഭ്രമിക്കാനൊന്നുമില്ല. രാജമ്മു ഇവിടെ ഒരാളിരിക്കുന്നതുകൂടി ശ്രദ്ധിച്ചിട്ടുണ്ടാവില്ല.)

കുഞ്ഞേ്യാപ്പോളുടെ കല്യാണത്തിനു മൂകാമിയമ്മയുടെ വാലുപോലെ താഴത്തേതിലെ തെക്കിനിയിൽ ചുറ്റിപ്പറ്റിനിന്നത് ഇന്നും ഓർമിക്കാറുണ്ട്.

എത്ര വേഗത്തിലാണ് രാജമ്മു വളർന്നത്! എട്ടാം ക്ലാസ്സിൽ മൂന്നുതവണ തോറ്റപ്പോൾ രാജമ്മുവിൻെറ പഠിപ്പു നിർത്തി. അപ്പോഴാണു മൂകാമിയമ്മ മരിച്ചത്. പുത്തൻകളത്തിൽ ആകെയുള്ള സന്തതിയാണ്. കുട്ടിശ്ശങ്കര മേനോൻ പറഞ്ഞു: "ഇനി രാജമ്മു ഇത്തിരിശ്ശെ വീട്ടുഭരണം നോക്കട്ടെ."

പുത്തൻകളത്തിലെ തറവാട്ടമ്മ തൻെറ

പിന്നാലെ അനുസരണയോടെ നടന്ന സ്കൂൾ കുട്ടിയായിരുന്ന കാലമോർമിച്ചപ്പോൾ തമാശതോന്നി.

കൊച്ചപ്പനും ഗോവിന്ദൻകുട്ടിയും ഒരു ക്ലാസ്സിലായിരുന്നു. രാജമ്മു താഴത്തെ ക്ലാസ്സിലും. പുത്തൻകളത്തിലെ പടിക്കൽച്ചെന്നു രാജമ്മുവിനെ വിളിച്ചു തോട്ടുവരമ്പു കടന്നാൽ കൊച്ചപ്പൻ തട്ടാന്റെ പടിക്കൽ കാത്തുനില്ക്കുന്നുണ്ടാവും.

കൊച്ചപ്പനേക്കാളും ഏഴുമാസമേ ഗോവിന്ദൻകുട്ടിക്കു മൂപ്പുള്ളു. സ്ഥാനംകൊണ്ട് അമ്മാവനാണെങ്കിലും ഏട്ടനെന്നാണ് ആദ്യം മുതൽക്കേ അവൻ വിളിച്ചുവന്നത്.

കൊച്ചപ്പന് എന്നും അലക്കിയ ഷർട്ടും ട്രൗസറുമുണ്ടായിരുന്നു. തിരുമ്മിയിട്ട് മുഴുവനുണങ്ങാത്ത ഷർട്ടും മുണ്ടുമായിട്ടാണ് ഗോവിന്ദൻകുട്ടി സ്കൂളിലേക്കിറങ്ങുക.

പടിക്കൽച്ചെന്നു രാജമ്മുവിനെ വിളിക്കുമ്പോൾ മുറ്റത്തിന്റെ അതിർത്തിയിൽ വന്നുനിന്നു മൂകാമിയമ്മ ഉറക്കെ വിളിച്ചുപറയും:

“കന്നും പയ്ക്കളേം സൂക്ഷിച്ചു പോണട്ടോ മാട്ടോരത്ത്ക്കൂടെ.”

പൂന്തോട്ടത്തിലെ ശേഖരൻനായരുടെ മകനാണെന്ന നാട്യം കൊച്ചപ്പന് എപ്പോഴു മുണ്ടായിരുന്നു.

“ഗോവിന്ദുട്ടി ശരിക്കു കുട്ടീടെ ഏട്ടനാ?”

“ഏട്ടനല്ല. അമ്മാമനാ. പക്ഷേ, ഞങ്ങള് വേറെയാ താമസം.”

അതെപ്പോഴും കൊച്ചപ്പൻ കുട്ടികളെ ഓർമിപ്പി ച്ചിരുന്നു.

തുലാമാസത്തിൽ ആകാശം കറുത്താൽ രാജമ്മുവിനു പേടിയാണ്. ഇടിയും മഴയും വന്നാൽ നിലവിളി കണ്ണുകളിലും ചുണ്ടുകളി ലും എത്തുന്ന രാജമ്മുവിനെ അടുത്തുനിർത്തി ധൈര്യപ്പെടുത്തി മേച്ചിൽപ്പുറമിറങ്ങിവരും.

“അവിടെ വഴുക്കലുണ്ട്. എറങ്ങുമ്പം സൂക്ഷി ച്ചോളൂ.”

ഓരോ അടി വെക്കുമ്പോഴും നിർദ്ദേശങ്ങൾ കൊടുത്തിരുന്നു.

കൊച്ചപ്പനു പവറിനു കുറവില്ലെങ്കിലും പേടി ത്തൊണ്ടനായിരുന്നു. മേച്ചിൽപ്പുറത്തെത്തി യാൽ അവൻെറ പത്രാസൊക്കെ പോവും.

“വെട്ട്ണ പോത്താ തോന്നണു ഗോയിന്ദുട്ട്യേട്ടാ.”

“ഇപ്പുറത്തുകൂടി വെച്ചോ. രാജമ്മു കൊടമടക്കി നടന്നോളു. ഞാൻ നോക്കണ്ണ്ട് പോത്തിനെ.”

സ്വത്തും പ്രതാപവും നഷ്ടപ്പെട്ട ഒരു വീട്ടിലെ അംഗമായ ഗോവിന്ദൻകുട്ടിക്കു രാജമ്മുവിന്റെ മുന്നിൽ മാന്യത നിലനിർത്താൻ പാടുപെടേണ്ടി വന്നു.

ഉച്ചയ്ക്കാണ് വിഷമം മുഴുവൻ–

സ്കൂളിൽ ചോറുകൊണ്ടുവരുന്നവർ അവർ മൂന്നുപേരായിരുന്നു. കൊച്ചപ്പനും ഗോവിന്ദൻകുട്ടിയും തൂക്കുപാത്രങ്ങൾ കൊണ്ടുവരും. രാജമ്മുവിനു പണിക്കാരിലാരെങ്കിലും ഉച്ചയ്ക്കുമുമ്പേ കൊണ്ടുവന്നു വെയ്ക്കും.

കൈവേലക്ലാസ്സിൽ കളിമണ്ണുകൊണ്ടുണ്ടാക്കുന്ന സാധനങ്ങൾ സൂക്ഷിക്കുന്ന ചെറിയ മുറിയിലിരുന്നാണ് ഊണുകഴിക്കുക. ഒരുമണിക്കു വിട്ടാൽ കൊച്ചപ്പനോടു പറയും: “ഞാനിത്തിരി കഴിഞ്ഞേള്ളു, നീയുണ്ടോ.”

കൊച്ചപ്പനും രാജമ്മുവും ഊണുകഴിഞ്ഞു പോന്നാലേ ഉണ്ണാൻ കടക്കുകയുള്ളു. കാരണം, തന്റെ തൂക്കുപാത്രത്തിൽ കുറച്ചു കഞ്ഞി മാത്രമാണുണ്ടാവുക. അവരുടെ മുന്നിൽവെച്ച്

അതു തുറക്കാതിരിക്കാൻ എന്നും ശ്രദ്ധിക്കാറു ണ്ടായിരുന്നു.

ഒരുമിച്ചു വന്നുപെട്ടാൽത്തന്നെ പാത്രം ഒരു മൂലയിലേക്കു മാറ്റിവെച്ച് അവർക്കു പുറംതിരി ഞ്ഞിരുന്ന്, സൂത്രത്തിൽ ഒറ്റവലിക്ക് ഒച്ചയില്ലാ തെ വെള്ളം കുടിച്ചുതീർക്കും. പിന്നെ മുകളിലെ പരന്നതട്ടിൽ വെച്ച കരുവേപ്പില കൂട്ടിയ ചമ്മന്തി കലർത്തി ഒരൂണ് അഭിനയിക്കണം.

എന്നും കൊച്ചപ്പനും ചോദിക്കാൻ ഒരു ചോദ്യ മുണ്ട്:

"ഗോവിന്ദുട്ട്യേട്ടന് എന്തേര്ന്ന് കൂട്ടാൻ?"

ആ ചോദ്യം തന്നെ വിഷമിപ്പിക്കുന്നുണ്ടെന്നു നന്നായറിയും ഗോവിന്ദൻകുട്ടിക്ക്.

കൊച്ചപ്പൻ ഒരു പോത്തനായിരുന്നു. ഊണു കഴിഞ്ഞു കൈ കഴുകിയാൽ സാമ്പാറിൻെറ മണമുള്ള കൈത്തലം നാലു കുട്ടികൾക്കെങ്കി ലും മണപ്പിക്കാൻ കൊടുക്കണം.

ഒരിക്കൽ അവനൊരബദ്ധം ഒപ്പിച്ചു. കരുതി ക്കൂട്ടിയാവില്ല. ഗോവിന്ദൻകുട്ടിക്കു തടയാനി ടംകിട്ടുന്നതിനുമുമ്പ് രാജമ്മുവിൻെറ മുന്നിൽ വെച്ചു തൂക്കുപാത്രം തുറന്നു:

"എന്തൊക്ക്യാ, നോക്കട്ടെ."

ഒരു നീർപ്പോള പൊട്ടിപ്പോയി....

ആകെ പരിഭ്രമിച്ചു വിളറിനില്ക്കുന്ന ഗോവിന്ദൻകുട്ടിയുടെ മുഖത്തേക്കു വല്ലാതൊന്നു നോക്കി. ആ നിമിഷത്തിൽ അവനെ കൊല്ലണമെന്നു തോന്നി. വേണമെന്നുവെച്ചു ചെയ്തതാവില്ല. എന്നാലും–

അരിശവും നിസ്സഹായതയുംകൊണ്ടു ഭ്രാന്തു കയറിനിൽക്കെ രാജമ്മുവിൻെറ നേരെ തിരിഞ്ഞു. പത്തു വയസ്സുള്ള ആ പെൺകുട്ടിയുടെ മുഖത്തു പരിഹാസമില്ല. ഒരു വാടിയ മുഖഭാവം കണ്ടു.

അന്നു വൈകുന്നേരം കൊച്ചപ്പൻ കേൾക്കാതെ അവൾ ചോദിച്ചു: "കുട്ടിക്കെന്താ കുട്ടീടെ വീട്ട്ന്ന് ഊണു കൊടുത്തയയ്ക്കാത്ത്? അപ്പോൾ അരിശം വന്നില്ല. കരയാതിരിക്കാൻ വിഷമിച്ചു.

തൻെറ വീട്ടിൽ ഉച്ചയ്ക്കൂണ് വിശേഷദിവസങ്ങളിൽ മാത്രം കിട്ടുന്ന ഒരു ഭാഗ്യമായിരുന്നുവെന്ന്  അവളോടു പറഞ്ഞില്ല. തലകുനിച്ചു നടന്നു. കൊച്ചപ്പൻെറ ശേഷമേ രാജമ്മു ഉണ്ണാൻ വരുള്ളൂ, പിന്നെ–

ഒരിക്കൽ സംശയിച്ചു സംശയിച്ചു ചോദിക്കു

കയുണ്ടായി: നമ്മൾക്കു രണ്ടാൾക്കുംകൂടി ഈ പാത്രത്തിന്നുണ്ണാം?"

ആ ക്ഷണം സ്വീകരിച്ചില്ല. അഭിമാനം ചോറിനേക്കാൾ സ്വാദേറിയതായിരുന്നു.

ചോറ്റുപാത്രം തുറന്നു മാനംകെടുത്തിയ കുറ്റത്തിനു കൊച്ചപ്പനെ ഒന്നും ചെയ്തില്ല. ചെയ്താൽ പിന്നെ സ്കൂൾ മുഴുവൻ അവൻ, പകപോക്കാൻവേണ്ടി അതു പാട്ടാക്കും. കേസ് മാധവിയേടത്തിയുടെ അടുത്തെത്തും. മാധവിയേടത്തി അമ്മയോടു പറയും: "പേര് ചീത്തയാക്കാൻവേണ്ടി ആറാം തമ്പത്ത്ല് ദൈവം നിയ്ക്ക് തന്ന തൃപ്പുത്രൻ!"

സ്കൂളിൽ പഠിക്കുന്ന കാലത്ത് ഒരിക്കലേ കൊച്ചപ്പനുമായി അടിയുണ്ടായിട്ടുള്ളു. അത് അഴുക്കുചാലിൽ കെട്ടിനിന്ന വെള്ളം വിലക്കിയിട്ടും തെറിപ്പിച്ചു കളിച്ചു രാജമ്മുവിൻെറ കുപ്പായം നനച്ചിട്ടാണ്. കൊച്ചപ്പനു തന്നേക്കാളും പൊക്കമുണ്ട്. ശരീരത്തിനു തന്നേക്കാളും പുഷ്ടിയുണ്ട്. എന്നിട്ടും കലങ്ങിയ കണ്ണും ചോരച്ച കവിളും തലയിലൊരു മുഴയുമായാണന്നവൻ വീട്ടിലെത്തിയത്.

പൂന്തോട്ടത്തിലെ കന്നു കണ്ടത്തിലേക്കിറങ്ങി

യപ്പോൾ ഗോവിന്ദൻകുട്ടി ഒന്നു നിവർന്നിരുന്നു. കുറ്റിക്കൽനിന്നു പുറപ്പെട്ടതുതന്നെ ഒരു കൊടുങ്കാറ്റുപോലെയാണ്. ആളുകൾ അന്തം വിട്ടു നിന്നു. പക്ഷെ, രണ്ടാംവട്ടത്തിലേക്കു കടന്നപ്പോൾ രണ്ടിന്റേയും തല താണു. മാമ്പി മുമ്പോട്ടു ചാഞ്ഞുകിടന്ന് ഒന്നിന്റെ വാൽ കടിച്ചപ്പോൾ അല്പനേരത്തേക്കു ചൊടി കൂടി. രണ്ടാംവട്ടം മുഴുമിക്കുന്നതിനു മുമ്പു വെള്ള എരുതു മുട്ടുമടക്കി. നുകം ചെരിഞ്ഞപ്പോൾ വലത്തുവെച്ച എരുതു മൂക്കുകുത്തി മറിഞ്ഞു. ഊർച്ചമരത്തിൽനിന്ന് എടുത്തുചാടിയതുകൊണ്ടു മാമ്പി പരുക്കുപറ്റാതെ രക്ഷപ്പെട്ടു. ആകെ ചേറിൽ കുഴഞ്ഞുപോയ മാമ്പി എഴുന്നേറ്റുനിന്നു രണ്ടിനേയും മാറി മാറി പ്രഹരിച്ചു.

ശേഖരേട്ടൻ ഒന്നും മിണ്ടാതെ എഴുന്നേറ്റു നിന്നു.

ആരോ താഴത്തുനിന്നു പറയുന്നതു കേട്ടു:

"കയറു പിടിച്ചതു പറ്റീല്യ."

പലരും അഭിപ്രായങ്ങൾ ഉറക്കെ പറയുന്നുണ്ടായിരുന്നു.

"കണ്ടം പഴകാത്ത ദോഷാ."

പൂന്തോട്ടത്തിലെ കന്നു പരാജയപ്പെട്ടതു

കണ്ടപ്പോൾ ഗോവിന്ദൻകുട്ടിക്ക് ഒന്നും തോന്നിയില്ല. മനസ്സ് ഊർച്ചക്കണ്ടത്തിൽനിന്നെല്ലാം അകലത്തായിരുന്നു... കുട്ടിക്കാലത്തിന്റെ മേച്ചിൽപ്പുറങ്ങളിൽ മൊട്ടുകുട ചൂടി കഴുത്തിൽ കാൽപ്പവൻമാലയിട്ടു നടന്ന ഒരു ചെറിയ പെൺകുട്ടിയുടെ പിറകെ അലഞ്ഞുനടക്കാൻ രസം തോന്നി.

മുഷിഞ്ഞ ഷർട്ടും മുട്ടിറങ്ങുന്ന മുണ്ടുമായി തൂക്കുപാത്രത്തിൽ ഉച്ചക്കഞ്ഞിയെടുത്തു നടന്ന ആ കാലത്തും കൊച്ചപ്പന്റെ മുന്നിൽ നീണ്ടു നിവർന്നുനില്ക്കാനുള്ള ധൈര്യമുണ്ടായിരുന്നു. ഇപ്പോൾ–

കഴിഞ്ഞ തവണ കൊച്ചപ്പൻ നാട്ടിൽ വന്നപ്പോൾ വൈകുന്നേരം നടക്കാനിറങ്ങിയ നേരത്തു പാലായക്കടവിനു സമീപം വെച്ചു ഗോവിന്ദൻകുട്ടിയെ കണ്ടു. കൊച്ചപ്പൻ തടിച്ചു ചുവന്നിട്ടുണ്ട്. തേച്ചുമിനുക്കിയ ഷർട്ടും മുണ്ടും പ്ലാസ്റ്റിക്കിന്റെ ചെരുപ്പും... ഷേവുചെയ്തു പച്ചനിറം വീണ കവിളുകളിൽ നീലഞരമ്പുകൾ തുടിക്കുന്നതു കാണാം. ചുണ്ടത്തു കറുത്തുമിനുത്ത മീശ കുരുത്തുനില്ക്കുന്നു. എരിയുന്ന സിഗരറ്റിന്റെ മണത്തോടൊപ്പം പൗഡറിന്റെ

നല്ല വാസനയും അടുത്തെത്തി.

"എന്തൊക്ക്യാ ഗോയിന്ദുട്ട്യേട്ടാ വിശേഷം?"

ആ ചോദ്യത്തിൽ ഒരലക്ഷ്യഭാവമുണ്ടായിരുന്നു. കൊച്ചപ്പൻ വലിയ ആളായിക്കഴിഞ്ഞു. ഏഴാം ക്ലാസ്സുവരെ പഠിച്ചു. കരിയും കൈക്കോട്ടുമായി നടക്കുന്ന ഗോവിന്ദൻകുട്ടി അയാളുടെ വളരെ താഴെയാണ്...

ഗോവിന്ദൻകുട്ടി ചിരിച്ചു.

"എന്നേ കൊച്ചപ്പൻ വന്നത്?"

"ഇന്നലെ."

"എത്രീസംണ്ട് ലീവ്?"

"ഞാൻ മറ്റന്നാത്തന്നെ പോവും."

മുത്തശ്ശിയുടെയും കുഞ്ഞുക്കുട്ടിച്ചെറിയമ്മയുടേയും  കാര്യം അന്വേഷിച്ചു.

എരിഞ്ഞ സിഗരറ്റുകുറ്റി വലിച്ചെറിഞ്ഞു പാക്കറ്റ് ഷർട്ടിന്റെ മടക്കിവെച്ച കൈക്കൈത്തേക്കു കൊണ്ടുപോകുമ്പോൾ എന്തോ ഓർത്തിട്ടു ചോദിച്ചു:

"വലിക്കണോ ഗോയിന്ദുട്ട്യേട്ടാ?"

"വേണ്ട. ബീഡിയേ വലിക്കാറുള്ളൂ. അതും പതിവില്ല. കൈയിൽ കാശുള്ളപ്പോൾ മാത്രം."

ഊർച്ചക്കണ്ടത്തിനു ചുറ്റും വീണ്ടും കോലാ

ഫലമായി. മുതലാളിയുടെ കന്നാണിനി.

ഗോവിന്ദൻകുട്ടിക്കു താൽപര്യം തോന്നിയി ല്ല. നാലുവട്ടം ഓടി സ്ഥാനം നേടിക്കൊള്ളട്ടെ; അയാൾക്കൊന്നുമില്ല.

മുതലാളിയുടെ കന്ന് പൂട്ടുകൊണ്ടുപോയാൽ മുതലാളിയേക്കാളേറെ ആഹ്ലാദിക്കുന്നത് അവി ടത്തെ മാപ്പിളമാരായിരിക്കും. ശേഖരേട്ടൻെറ കന്നോടിയിട്ടില്ലെങ്കിൽ ദുഃഖിക്കാൻ നായന്മാ രുണ്ട്. കോടതികളിലും പോലീസ് സ്റ്റേഷനു കളിലും വെച്ചു തീരാത്ത ആ മത്സരം ഊർ ച്ചക്കണ്ടത്തിലും അവസാനിക്കുകയില്ല.

സൂര്യൻ ആകാശത്തിൻെറ നിറുകയിലേക്കു കയറിക്കഴിഞ്ഞു. പുറത്തെ വെയിലിന് ഉഗ്രമായ ചൂടുണ്ട്. കവുങ്ങിൻതോട്ടത്തിലെ പച്ചപിടിച്ച കുളുർമയിലൂടെ ഒരിളംകാറ്റു കടന്നുവന്നു.

ചേറുലയുന്ന ശബ്ദം ദൂരത്തു വീശുന്ന കൊടുങ്കാറ്റിൻെറ മർമരംപോലെ അയാൾ കേട്ടു.

വിശക്കുന്നുണ്ട്. അടുക്കളയിൽ കുഞ്ഞോ്യാ പ്പോള് കഞ്ഞിയും ചക്കക്കൂട്ടാനും തയ്യാറാക്കി കാത്തിരിക്കുന്നുണ്ടാകും.

അമ്മ എന്തു പറഞ്ഞാലും താൻ കാര്യംനോ ക്കാൻ തുടങ്ങിയ മുതല്ക്കു കഞ്ഞിയായാലും

വെള്ളമായാലും മൂന്നുനേരം അടുപ്പിൽ തീയെരിഞ്ഞിട്ടുണ്ട്.

കുമാരേട്ടൻെറ കാലത്തു മിഥുനം - കർക്കിടകത്തിൽ പകൽ കഞ്ഞിവെക്കാത്ത ദിവസങ്ങൾ പലതുമുണ്ടായിരുന്നു.

കവുങ്ങിൻതോട്ടത്തിൻെറ കുളുർമയുള്ള തണലിൽ പാതി കണ്ണടച്ചിരിക്കുമ്പോൾ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു സംഭവം ഓർമവന്നു.

നാലാം ക്ലാസ്സിൽ പഠിക്കുന്ന കാലത്താണ്. ശനിയാഴ്ച. വീട്ടിൽ നെല്ലില്ല. കുമാരേട്ടൻ നെല്ലു തീർന്നുവെന്നു കണ്ടാൽ പതുക്കെ ഭാര്യവീട്ടിലേക്കു പോകും. വെച്ചില്ലെങ്കിലും കഴിച്ചില്ലെങ്കിലും ഒന്നുമില്ല.

രാവിലെ കഞ്ഞിയില്ലായിരുന്നു. കുഞ്ഞ്യോപ്പോള് അടുത്ത ചില വീടുകളിലെല്ലാം പോയി വെറുംകൈയോടെ മടങ്ങിവന്നു.

പത്തുമണിയായപ്പോൾ അമ്മ പറഞ്ഞു: "ഇന്ന് പൂന്തോട്ടത്തില് കൊച്ചപ്പൻെറ പിറന്നാളാണ്. നെന്നോടു ചെല്ലാൻ പറഞ്ഞിട്ടുണ്ട്."

വിശ്വാസം വന്നില്ല.

"എപ്പളേ പറഞ്ഞത്?"

"ആവോ!"

അമ്മയ്ക്കു ദേഷ്യം വന്നു: "നല്ലതു നായ യ്ക്കു ചേരില്ലാന്നൊരു ശാസ്ത്രംണ്ട്. നിയ്യ് പൊയ്ക്കൊ. സുഖായിട്ടു സദ്യേമുണ്ടു പോരെ."

പിന്നെയും സംശയമായിരുന്നു.

"കൊറവൊന്നും വിചാരിക്കാൻ ല്യ. നെൻെറ ഒടപ്പെറന്നോൾടെ വീടല്ലെടാ അത്?"

സംശയിച്ചു മടിച്ചാണ് പോയത്. ഭയം ഒന്നായി രുന്നു: കയറിച്ചെല്ലുമ്പോൾ ആരെങ്കിലും എന്തി നേ വന്നത് എന്നു ചോദിച്ചെങ്കിലോ?

ആരും അപകടം ചോദിച്ചില്ല. ശേഖരേട്ടൻ ഉമ്മറത്തുണ്ടായിരുന്നു.

''ആ, ഗോയിന്ദൻകുട്ടിനായരല്ലേ ഈ വരണ്?'' എന്നാണു പറഞ്ഞത്. ശേഖരേട്ടൻ സ്വതവേ അങ്ങനെയാണ്. എല്ലാവരേയും നാ യരെന്നും അമ്മയെന്നും വിളിക്കും. ഭാര്യയെ മാധവിയമ്മയെന്നാണു വിളിക്കുക. കൊച്ചപ്പൻ കൊച്ചപ്പൻനായരും.

മാധവിയേടത്തി തിരക്കിലായിരുന്നു.

"ത്രടുത്തായിട്ടു നിനക്കിങ്ങോട്ടൊക്കെ എടയ്ക്കു വന്നൂടെ ഗോയിന്ദുട്ട്യേ? കാണാനേ കഴിഞ്ഞ്ല്യലോ."

ചായ കുടിച്ചു. മൈസൂർപ്പഴവും ഉപ്പേരിയും തിന്നു. മാധവിയേടത്തി തിരക്കിനിടയിലും നൂറു കൂട്ടം പൊന്നാരങ്ങൾ ചോദിച്ചു.

പിറന്നാൾക്കാരൻ കൊച്ചപ്പൻ മുകളിലായിരുന്നു. മാധവിയേടത്തി വിളിച്ചുവരുത്തി.

"ഗോയിന്ദുട്ട്യേട്ടനല്ലേടാ ഈ വന്നിരിയ്ക്കണ്! ഓനെ അങ്ങട് വിളിച്ചു കൊണ്ടോക്കോ."

കൊച്ചപ്പൻെറകൂടെ അകത്തും പുറത്തും പലേടത്തും കളിച്ചുനടന്നു. പടിപ്പുരയ്ക്കപ്പുറത്തു റാവുബഹദൂർ മേനോൻെറ വീട്ടിൽനിന്നു കൊണ്ടുവന്ന ലെഗോൺ കോഴിക്കുട്ടിയെ കണ്ടുകൊണ്ടു നില്ക്കുമ്പോൾ കൊച്ചപ്പൻ പൊടുന്നനെ ചോദിച്ചു:

"എന്തേ ഗോയിന്ദുട്ട്യേട്ടൻ പോന്ന്?"

ഒന്നും മിണ്ടിയില്ല.

"ഏട്ടൻേറാടിന്നു വെച്ചിട്ടില്ലേ?"

ഒന്നും പറയാനില്ല.

കൊച്ചപ്പൻ കാണാതെ, മാധവിയേടത്തിയും ശേഖരേട്ടനും കാണാതെ ഉണ്ണുന്നതിനുമുമ്പ് ഓടിപ്പോരികയാണു ചെയ്തത്.

അന്നു കോപംവന്നതു കൊച്ചപ്പനോടല്ല, അമ്മയോടാണ്. അമ്മയെ ഒരു കടലാസുകഷ്ണം

പോലെ പിച്ചിപ്പറപ്പിക്കാൻ തോന്നി.

"എന്താ തോട്ടത്തിലിരുന്ന് ഒറങ്ങ്വാണോ?"

ഞെട്ടിത്തെറിച്ചുപോയി. ഇരമ്പുന്ന ഊർച്ചക്കണ്ടത്തിൽനിന്നുള്ള അലർച്ചയും രാജമ്മുവിൻെറ നനുത്ത ശബ്ദവും ചെവിയിലേക്കു തിരിച്ചുവന്നു. പരിഭ്രമത്തോടെ എഴുന്നേറ്റുനിന്നപ്പോൾ രാജമ്മു കുറച്ചകലെ നില്ക്കുന്നതു കണ്ടു.

കറുത്ത ബ്ലൗസും വീതിയേറിയ കറുപ്പുകരയുള്ള കോടി വേഷ്ടിയും. മഞ്ഞയും ചുവപ്പും കലർന്ന നിറത്തിൽ വിരൽവീതിയിൽ നാലഞ്ചു കരകളുള്ള കോടിമുണ്ടാണ് ഉടുത്തിരിക്കുന്നത്. കണ്ണുകൾ കുനിഞ്ഞപ്പോൾ വലതുകാലിൻെറ ഞെരിയാണിക്കു മുകളിൽ അല്പം മടങ്ങിക്കിടക്കുന്ന മുണ്ടിനുതാഴെ ഒന്നരയുടെ വെളുത്ത തുമ്പ് എത്തിനോക്കുന്നതു കണ്ടു.

ഗോവിന്ദൻകുട്ടിക്കു ചിരിക്കണമെന്നുണ്ടായിരുന്നു. പരിഭ്രമത്തിനിടയിൽ അതു മറന്നുപോയി. കാലിപ്പിള്ളേർ കാരകൊട്ടുന്ന മേച്ചിൽപ്പുറത്തെ നനഞ്ഞ പുല്ലുകൾ വളർന്ന ഒറ്റയടിപ്പാതയിലൂടെ മുന്നിൽ നടത്തിക്കൊണ്ടുപോകാറുള്ള ആ ചെറിയ കുട്ടിയെ പരിഭ്രമത്തിനിടയിലും

ഒരു നിമിഷം ഓർത്തു. ആ കുട്ടിയല്ല മുന്നിൽ. പുത്തൻകളത്തിലെ തറവാട്ടമ്മ.

"ആരടെ കന്നാ കേമം ഗോയിന്ദുട്ട്യേ?"

പറയാനറിഞ്ഞുകൂടാ.

"നോക്കീല്ല."

"കാളപൂട്ടു കാണാൻ വന്നിരുന്നിട്ട് നോക്കീല്യാന്നോ?സ്കൂൾപ്പടിക്കല് ഞങ്ങളെക്കൊണ്ടാക്കി കാളപൂട്ടു കാണാൻ പോയി, പരമേശ്വരൻ മാഷടെ കൈയീന്ന് തല്ലു വാങ്ങിയത് ഓർമണ്ടോ?"

ഈശ്വരാ! രാജമ്മുവിന് അത് ഓർമയുണ്ടെന്ന്! പഠിച്ച കാലത്തെ വേദനയും സുഖങ്ങളും മാത്രമേ ഇന്ന് ഓർമിക്കാനുള്ളു. (ഒന്നും മറന്നിട്ടില്ല, ഒന്നും മറക്കുകയുമില്ല.)

"ഗോയിന്ദുട്ട്യേ കണ്ട്ട്ട് കാലശ്ശ്യായല്ലോ!"

ഗോവിന്ദൻകുട്ടി ഒന്നും മിണ്ടിയില്ല.

പാടത്തേക്കു നോക്കിനില്ക്കുകയാണെന്നു കണ്ടപ്പോൾ ഗോവിന്ദൻകുട്ടി നല്ലപോലെ മുഖത്തുനോക്കി. രാവിലെ തൊട്ട ചാന്തുപൊട്ട് കലങ്ങിയ നെറ്റിയിൽ വിയർപ്പിന്റെ നനവു കാണാമായിരുന്നു. വിയർപ്പിൽ നനഞ്ഞ കവിൾത്തടത്തിൽ ചെവിക്കുമുകളിൽനിന്ന് ഊർന്നുവീ

ണ ഒരു മുടിച്ചുരുൾ പറ്റിക്കിടക്കുന്നു.

വീണ്ടും രാജമ്മു മുഖം തിരിച്ചപ്പോൾ ഗോവി ന്ദൻകുട്ടി നിലത്തു നോക്കി.

"കുഞ്ഞിക്കാള്ളേമ്മയ്ക്കു സുഖംല്യാന്ന് കേട്ടൂലോ. എന്താ?"

"വയസ്സായേൻെറന്ന്യാണ്. അധികല്യ."

രാജമ്മുവിൻെറ മുന്നിൽ നില്ക്കുന്നതിനെപ്പറ്റി ഓർത്തപ്പോൾ--മഞ്ഞനിറത്തിലുള്ള ഒറ്റമുണ്ടും കരുവാളിച്ച ശരീരവും എല്ലുന്തിയ മുഖത്തു വളർന്ന കുറ്റിരോമങ്ങളും അടി വെയ്ക്കുമ്പോൾ നിലത്താകെ പരക്കുമെന്നു തോന്നുന്ന പോത്തൻകാലടികളും--പെട്ടെന്നു വസ്ത്രം വീണപോലെ നാണക്കേടാണു തോ ന്നിയത്. ഓടിപ്പോകണം, ഒരു നിമിഷംകൊണ്ട് രക്ഷപ്പെടണം.

അകലെനിന്നു പണിക്കാരി വിളിച്ചുപറഞ്ഞു:

"തമ്പുരാട്ട്യേ, അട്യേൻ പൂവ്വാട്ടൊ? അട്യേൻ ചോയിച്ചത്."

"ദാ വരണു."

രാജമ്മു തിരിഞ്ഞുനോക്കുമ്പോൾ യാത്ര പറയുമെന്ന് ഒരു വിഡ്ഢിത്തം തോന്നി. അതു ണ്ടായില്ല.

കാളത്തേക്കിന്റെ സമീപത്തെത്തിയപ്പോൾ ഊന്നൊടിഞ്ഞു കുലപൊട്ടിനില്ക്കുന്ന പൂവൻ വാഴയുടെ നേരെ നോക്കി രാജമ്മു എന്തോ പിറുപിറുത്തു.

ഗോവിന്ദൻകുട്ടി വിചാരിച്ചു: പുത്തൻകളത്തിലെ തറവാട്ടമ്മയുടെ കണ്ണുകൾ എല്ലായിടത്തും എത്തുന്നുണ്ട്.

ആർപ്പുവിളികൾ മുഴങ്ങുന്നു. നാലുവട്ടം അരുകും മൂക്കും ചേർന്ന് ഓടിയ മുതലാളിയുടെ കാളകൾ കുറ്റിക്കൽ മടങ്ങിയെത്തിയപ്പോൾ കോപ്പക്കുട്ടിക്കു കാശും മുണ്ടും പലരും എറിഞ്ഞുകൊടുത്തു.

അവസാനത്തെ കൂട്ടത്തെളിക്കുമുമ്പുള്ള വിശ്രമമാണിനി. തീരാൻ സമയം കുറെയെടുക്കും.

ഗോവിന്ദൻകുട്ടിക്കു പിന്നെ ഇരിക്കണമെന്നു തോന്നിയില്ല. പതുക്കെ നടന്നു. കളപ്പുരയുടെ പിന്നിലെ മുളമ്പടി കടക്കുമ്പോൾ വെറുതെ പുത്തൻകളത്തിലെ അടുക്കളമുറ്റത്തേക്ക് ഒന്നു നോക്കി. ഒക്കിൽ ഒരു കൈ കുത്തി, വേഷ്ടിയുടെ തുമ്പുകൊണ്ടു വീശി രാജമ്മു, മുറ്റത്തിരുന്ന് എന്തോ ചെയ്യുന്ന ആർക്കോ നിർദ്ദേശം കൊടു

ക്കുന്നു.

പാടം വലംവെച്ചു ധൃതിയിൽ നടന്നു.

പടി കയറുമ്പോൾ ഊർച്ചപ്പാടത്തുനിന്ന് അത്യുച്ചത്തിൽ ബഹളം കേട്ടു. ഒരുനിമിഷം സംശയിച്ചുനിന്നു. ദൂരെ പാതവക്കിൽ നിന്നു ചിലർ വലിയവരമ്പത്തേക്ക് ഓടിച്ചെല്ലുന്നതും കണ്ടു. അവസാനത്തെ കൂട്ടത്തെളിക്ക് ഇത്രവേഗം ഒരുങ്ങിക്കഴിഞ്ഞോ എന്ന് ആലോചിക്കുകയും ചെയ്തു. എന്താണ്?

എന്തായാലും ഒന്നുമില്ല. അഞ്ഞൂറും അറുന്നൂറും പറ വിത്തിടാൻ നിലമുള്ളവർക്ക് ഊർച്ചക്കാളകളെ തൊഴുത്തിൽ നിർത്താം. പൂട്ടുകണ്ടത്തിൽ പേരു നേടാം. നാലുപേർക്കു കഴിയാനുണ്ടായിരുന്ന പത്തുപറ നിലം അതാ, കതിരിട്ടു കിടക്കുന്നു. അതു കൊയ്യാനെത്തുന്നതു താഴത്തേതിലെ ചെറുമക്കളല്ല. മമ്മാലിയുടെ കൂലിപ്പണിക്കാരാണ്. നാശം....

പടിഞ്ഞാറേതിലെ കുളത്തിന്റെ മേൽക്കരയിൽ അനക്കമില്ലാതെ കിടക്കുന്ന വെള്ളത്തിൽ തന്റെ വികൃതമായ ഛായ നോക്കിക്കൊണ്ട് ഇരുന്നു.

അകലെ പൂട്ടുകണ്ടത്തിലെ ബഹളം അവ്യ

ക്തമായി അപ്പോഴും കേൾക്കാമായിരുന്നു.

# 5

നെല്ലുണങ്ങാനിട്ട പറമ്പിലേക്കു വീണ്ടും തണൽ നീണ്ടുവന്നപ്പോൾ നെബീസുവിനു ശുണ്ഠിവന്നു. മിനുട്ടിനുമിനുട്ടിന് ആ വലിയ മാവിൻെറ തണൽ മാറിക്കൊണ്ടിരിക്കും. പൊരിയുന്ന വെയിലത്താണു നെല്ലെന്നു സമാധാനിച്ച് തിരിയുമ്പോഴേക്കും സൂത്രക്കാരനായ മാവിൻെറ നിഴൽ പറമ്പിലേക്കുതന്നെ വീണുകഴിയും. ഒറ്റ മാങ്ങ ഉണ്ടാവില്ല; സർക്കാർ പാതവക്കത്തെ മാവിനൊക്കെ നമ്പർവെയ്ക്കുന്നതുകൊണ്ടു വിറകൊടിക്കാനും പാടില്ല. എന്നാലും അതിനെ പിരാകാൻ തോന്നില്ല. ബാപ്പ എപ്പോഴും

പറയാറുണ്ട്:

"പണ്ടത്തെ കൊടുംകാറ്റത്ത് ഈ പഹേൻ മാത്രം ചതിച്ചില്ല ഞമ്മളെ. ഇതെറ്റെ വീണിര്ന്നെങ്കിൽ പൊര അമ്പീര്ന്നില്ലേ?"

ഉച്ചയ്ക്ക് കഞ്ഞി കുടിച്ച് ഉമ്മയുടെ കാലിൽ കുഴമ്പു പുരട്ടിത്തിരുമ്മിക്കൊടുത്തുകഴിഞ്ഞാൽ ഒന്നു തിരുമ്പിക്കുളിക്കണമെന്നു വിചാരിച്ചതാണ്. മഴക്കാലമായതുകൊണ്ടു വൈകുന്നേരം ചിലപ്പോൾ ഇരുട്ടുകുത്തി മഴ വന്നുവെന്നുവരും.

പറമ്പിൻെറ മൂലയിൽ കാലിൻെറ മടമ്പിട്ടൊന്നു തിരിച്ചു. അഞ്ചെട്ടു മണി ഉമി തിരിഞ്ഞു പെറുക്കിയെടുത്തു വായിലിട്ട് ഉണക്കംനോക്കിയപ്പോൾ അരി ഞെണുങ്ങുന്നു. ഒന്നുകൂടി കായണം.

ഉമ്മയുടെ കുപ്പായവും തുണിയുമുണ്ട് സോഡാക്കാരത്തിൽ പുഴുങ്ങിവെച്ചിട്ട്. അതൊന്നു തിരുമ്പിയിടാമായിരുന്നു. പക്ഷേ, നെബീസുവിൻെറ കണ്ണുകൾ തെറ്റുന്നതു നോക്കിയിരിക്കുകയായിരുന്നു കാക്കകൾ. ബാപ്പുവിനെ കാണുന്നുമില്ല. ഈ ചെക്കനെവിടെപ്പോയി? ഉച്ചയ്ക്ക് തീനും കഴിഞ്ഞു മുണ്ടു മടക്കിക്കുത്തി തലയിൽ കെട്ടുംകെട്ടി സുജായിയായി ഇറങ്ങിയതാണ്.

എട്ടൊമ്പതു വയസ്സായിട്ടല്ലേ ഉള്ളൂ? എന്നാലും അവൻെറ നടത്തം കാണണം. ആ താഴത്തേതിലെ നായരുകുട്ടി കൊടുത്ത പേരു നന്നായിട്ടുണ്ട്. സുൽത്താൻ!

കരിതേച്ച മുറ്റത്തിൻെറ അതിർത്തിയിൽ വേലിക്കടുത്ത് അവൾ കുത്തിയിട്ട ശീമപ്പയറിൻെറ ഞെടിയൊടിഞ്ഞിരിക്കുന്നു. അതൊന്നു നേരെയാക്കി വെച്ചുകൊടുത്തു. നിറയെ തിരിനീട്ടിയിട്ടുണ്ട്. ഒറ്റയെണ്ണം തൊടാൻ ഉമ്മയെ സമ്മതിക്കില്ല. മുഴുവൻ വിത്താക്കണം. ഒരുമുഴം പോരുന്ന പയറാണ്. എന്നിട്ട് അടുത്ത തിരുവാതിര ഞാറ്റുവേലയ്ക്കു തൊടി നിറച്ചു കുത്തിയിടണം.

ഊരിയെടുക്കാവുന്ന മുളമ്പടി പിടിച്ചുകൊണ്ടു നിന്ന നെബീസു പാടങ്ങളുടെ വിശാലമായ പരപ്പിലേക്കു നോക്കി. അപ്പോൾ കളത്തിലെ പടിക്കലെ കാളപൂട്ടുകണ്ടത്തിൽനിന്നു വലിയ ബഹളം കേട്ടു. പാതയിലൂടെ നടന്നുപോകുന്ന രണ്ടുപേർ നിന്നു നോക്കുന്നതും കണ്ടത്തിലേക്ക് ഓടിപ്പോകുന്നതും കണ്ടു. കാളപൂട്ടിൽ കവിഞ്ഞ എന്തോ നടക്കുന്നുണ്ടെന്ന് അവൾക്കു തോന്നി.

നെബീസു കോലായിലേക്കു കയറി ച്ചെന്ന് അകത്തെ പത്തായക്കട്ടിലിന്റെ മുകളിൽക്കിടന്നു മയങ്ങുന്ന ബാപ്പയെ വിളിച്ചു പറഞ്ഞു:

"വാപ്പാ, വാപ്പാ, കളത്തിലെ പടിക്കല് വല്യ ജഗള!"

(എടീ കള്ളത്തിക്കാക്കേ, നെബീസാനെ പറ്റി ക്കാനൊന്നും നോക്കണ്ട).

"കാളപൂട്ടിന്റെ തിരക്കാടീ പെണ്ണേ."

ബാപ്പ കണ്ണു തുറക്കാതെ പറഞ്ഞു.

"അല്ല വാപ്പാ, ആളും മാളും ഓടിക്കൂട്ണ്ണ്ട്."

ബാപ്പാ കണ്ണു തുറന്ന് എന്തോ പറയാൻ ഭാവി ച്ചു. എന്നിട്ടു പൊടുന്നനെ എന്തോ ഓർത്തിട്ട് എഴുന്നേറ്റു.

"ചതിച്ചോ പഹേർ?"

ഉറക്കം പിടിച്ചതുകൊണ്ടു ബാപ്പയുടെ കണ്ണു കൾ ചെമ്പരുത്തിപ്പൂവിന്റെ നിറമായിരുന്നു. നരകയറിയ കൊമ്പൻമീശയുടെ ഒരറ്റം താണു കിടന്നിരുന്നു. ഇടത്തെ കൈത്തണ്ടകൊണ്ടു ചിറിയൊന്നു തുടച്ചപ്പോൾ വീണ്ടും അതുയർ ന്നുനിന്നു. കുട്ടിക്കാലത്തു നെബീസുവിന് ഒരാ ഗ്രഹം തോന്നിയിരുന്നു: വാപ്പയുടെ മീശ പിടിച്ചു

തൂങ്ങി 'വൈക്കോൽക്കുണ്ട' മറയണം.

ഉമ്മ അകത്തെ മുറിയിലാണു കിടക്കുന്നത്. ഇടവപ്പാതിക്കു മഴയും തണുപ്പും വന്നതിൽപ്പിന്നെ ഇടയ്ക്കിടെ ഉമ്മയുടെ കാലിൽ നീരിറക്കവും കടച്ചിലുമാണ്. വൈകുന്നേരമായാൽ കുളിരുവരും. വാതപ്പനിയാണ്. കുഞ്ഞുണ്ണിവൈദ്യരുടെ കുഴമ്പു പുരട്ടുന്നുണ്ട്. രണ്ടുനേരവും കിഴിനടത്തുകയും ചെയ്യും. വേനല്ക്കാലമായാൽ ഉമ്മയ്ക്കു സുഖമാണ്. പണിയെടുക്കാം; നീരിളക്കവും വാതപ്പനിയുമില്ല.

വാപ്പ പടിക്കൽ ചെന്നുനിന്നു നോക്കി. നെബീസു വാപ്പയുടെ അല്പം പിന്നിലായി വേലിക്കൽ, കടലാവണക്കിന്റെ തണ്ടു വളച്ചുപിടിച്ച് എത്തിനോക്കി. ജഗളതന്നെ. അല്പം കഴിഞ്ഞപ്പോൾ ആളുകൾ കണ്ടത്തിൽനിന്നു കയറിപ്പോകുന്നതും പടിപ്പുരയ്ക്കൽ വീണ്ടും കൂട്ടംകൂടി നില്ക്കുന്നതും കണ്ടു. ഒരു കൂട്ടക്കാർ വലിയ വരമ്പത്തുനിന്നു  വടക്കോട്ടിറങ്ങി.

"എന്താ വാപ്പാ?"

"ആവോ, ചെന്നു ചോയ്ക്ക്."

വാപ്പ കണ്ണിനുമുകളിൽ കൈവെച്ചു ചുഴിഞ്ഞു നോക്കുകയായിരുന്നു. അപ്പോൾ നെബീസു

പൊടുന്നനെ ബാപ്പുവിൻെറ കാര്യം ഓർത്തു: “ജഗളയാണെങ്കിൽ അതിലററ്റ ആ ബലാലു ചെന്നുപെട്ടാൽ എന്താ പറയണ്ട്ൻെറ ബദരീങ്ങളെ.

ബാപ്പു തെണ്ടാൻപോയ വിവരം പറയണോ ബാപ്പയോട്? ശുണ്ഠികയറിയാൽ പിന്നെ ഇന്നു വന്നാൽ ചെക്കനു പൂതിമാറും. കരച്ചിലും പിഴിച്ചിലും ഉമ്മയുടെ അടുത്തുചെന്ന് ആവലാതി പറച്ചിലും കഴിഞ്ഞാൽപ്പിന്നെ ഇത്താത്തയോടാവും അവൻെറ ദുല്മ്.

“ബെറ്ക്കനെന്നെ തല്ലുകൊള്ളിക്കല്ലേ ഇത്താത്തൻെറ പണി. ഞാൻ കാട്ടിത്തരാം.”

അവൻ ഇടിയും കുത്തും  പിച്ചും മാന്തലു മൊക്കെയായാൽ നെബീസുവാണ് കഷ്ടപ്പെടുക. അങ്ങോട്ടൊന്നും ചെയ്യാൻ പാടില്ല. ഉമ്മ കണ്ടാൽ പറയും:

“പെണ്ണേ, ആ ചെക്കനോടു തല്ലൂടാൻ  ജ്ജെന്താടീ ഇള്ളക്കുട്ട്യാ? ഒന്നിനോക്കണംപോന്ന ഒരു പെണ്ണാന്ന് ബിജാരംണ്ടോ?”

ഒന്നിനുമാത്രം പോന്ന പെണ്ണായാൽപ്പിന്നെ സുൽത്താന്മാരായി നടക്കുന്ന അനുജന്മാരുടെ തല്ലും കുത്തും സഹിക്കണം. ചിരിക്കാൻ പാടില്ല,

കരയാനും പാടില്ല.

ബാപ്പ മുളമ്പടിയുടെ രണ്ടു കുറ്റിക്കാലുകളി ലും കൈവെച്ചു നിവർന്നുനിന്നു. പാടത്തിൽ നിന്നു കുറേശ്ശെ കുറേശ്ശയായി ആളൊഴിയു ന്നുണ്ട്. വലിയ വരമ്പത്തുകൂടി വന്ന ചിലർ റോട്ടിലേക്കുകയറി ഈ വഴിക്കാണ് വരുന്നത്. ബാപ്പ അവരെ വിളിച്ചു ചോദിക്കും ഇപ്പോൾ. ജഗളയെന്തായിരുന്നുവെന്നു മനസ്സിലാക്കാം.

നെല്ലിൻപരമ്പിനു ചുറ്റും നടന്നും ഉണക്കം നോക്കിയും അവൾ മുറ്റത്തുതന്നെ നിന്നു.

പാതയിലൂടെ നടന്നുവരുന്നവർ അടു ത്തെത്തിയപ്പോൾ കുഞ്ഞരയ്ക്കാർ പടിക്കപ്പുറത്തേക്കു കടന്നു. രണ്ടു ചെറു പ്പക്കാരാണ്. കായക്കറ പിടിച്ച കൈയുള്ള ബനിയനും മുഷിഞ്ഞ ട്രൗസർ പരിഷ്കാരമായി ധാരാളം പുറത്തുകാണിച്ചുകൊണ്ടുടുത്ത കള്ളി മുണ്ടും തലയിൽ ഉറുമാൽക്കെട്ടും ചുണ്ടത്തൊ രു ബീഡിയുമായി മുന്നിൽ നടക്കുന്ന ചെറു പ്പക്കാരൻ വളരെ ഉത്സാഹത്തിൽ കൈയും കലാ ശവും കാട്ടി പിറകിൽ നടക്കുന്നവനോട് എന്തോ പറയുന്നുണ്ട്.

"എന്താ ബീരാനെ?"

കുഞ്ഞരയ്ക്കാർ വിളിച്ചു. നീട്ടിവലിച്ചു നടന്നിരുന്ന അവൻ പെട്ടെന്നു നിന്നു. എന്നിട്ട് ഒട്ടും രസിക്കാത്ത മട്ടിൽ കുഞ്ഞരയ്ക്കാരെ ഒന്നു നോക്കി.

“എന്തേ കളത്തിലെ പടിയ്ക്കല്!”

ബീരാൻ ഒട്ടും പിടികിട്ടാത്ത മട്ടിൽ അല്പം പരിഹാസത്തോടെ പറഞ്ഞു:

“കാളപൂട്ട്!”

“അല്ല, അൻറുമ്മാടെ ഇരുപത്തെട്ട്.”

അരിശം കണ്ണുകളിൽ കത്തിപ്പടർന്ന ബീരാൻ കൂടെയുള്ള ചങ്ങാതിയെ ഒന്നു നോക്കി; പിന്നെ നരകയറിയ കൊമ്പൻമീശയുള്ള ആ കടുത്ത മുഖത്തെ കലങ്ങിയ കണ്ണുകളിലും. അമ്പത്തഞ്ചാം വയസ്സിലും ഉടയാത്ത ശരീരവും മാറത്തു നെടുനീളത്തിൽ കാണുന്ന വലിയ കലയും പിന്നീടാണവൻെറ കണ്ണുകളിൽപ്പെട്ടത്. അവൻെറ സ്വരം ചെറുതായി.

“ഇങ്ങളെന്തിനാന്നും കുഞ്ഞരയ്ക്കാർക്കാ മന്സനെ തിന്നാൻ വര്ണ്?”

“ചോയിച്ചേന് സമാധാനം പറ. വമ്പത്തരം കുഞ്ഞരയ്ക്കാർട്ട അട്ത്തു കാട്ടണ്ട.”

കൂടെയുള്ള കറുത്ത വളഞ്ഞുകുത്തിയ ചെറു

പ്പക്കാരൻ വേഗം പറഞ്ഞു: “അവടെ തല്ലും വക്കാണ്വായി.”

അപ്പോൾ ബീരാൻതന്നെ വിവരിച്ചു. മുതലാളിയുടെ ഊർച്ചക്കാരൻ കോപ്പക്കുട്ടിയും പൂന്തോട്ടത്തിലെ പടിക്കൽ പണിചെയ്യുന്ന മാമ്പിയും തമ്മിൽ അവസാനത്തെ കൂട്ടത്തെളിക്കിറങ്ങിയപ്പോൾ ഒന്നും രണ്ടും പറഞ്ഞു തെറ്റി. കോപ്പക്കുട്ടി മാമ്പിയെ മുടിക്കോൽകൊണ്ടടിച്ചു.

കറുത്തു വളഞ്ഞുകുത്തിയ ചെറുപ്പക്കാരൻ തിരുത്തി: “അടി കൊണ്ടില്ല. വീശ്യപ്പളയ്ക്കു മാമ്പി മാറിക്കളഞ്ഞു.”

മാമ്പി കോപ്പക്കുട്ടിയെ പകരമടിച്ചപ്പോൾ വരമ്പത്തുനിന്നു കുറേപ്പേർ ചാടിയിറങ്ങി മാമ്പിയെ കണക്കിന് അടിച്ചുവിട്ടു. മാമ്പിയെ താങ്ങിയെടുത്താണ് പൂന്തോട്ടത്തിൽക്കാരുടെ അങ്ങാടിപ്പുരയുടെ മുന്നിലേക്കു കൊണ്ടു പോയത്.

“ഹും, അഞ്ചെട്ടാള് കൂടീട്ടാ ഓനെ തച്ചു മലത്തീത്?”

ബല്ലാത്ത തട്ട്യല്ലേ പഹേന്റെ. ഒന്നുരണ്ടാള് പിടിച്ചാലൊന്നും ഓനൊരു എരല്യ.” ബീരാൻ വിശദീകരിച്ചു.

കുഞ്ഞരയ്ക്കാർ സൗമ്യമായി ചോദിച്ചു:

"അപ്പോ ങ്ങളെബടേര്ന്ന്?"

"ബരമ്പത്ത്."

"എന്തേ ശെയ്തീര്ന്ന്?"

ഇതെന്തൊരു വിഡ്ഢിത്തമാണു ചോദിക്കുന്നതെന്ന മട്ടിൽ ബീരാൻ കുഞ്ഞരയ്ക്കാരെ ഒന്നു നോക്കി.

"അഞ്ചെട്ടാളുകൂടി ഒര്ത്തനെ തച്ചു മലത്ത്ണതുകണ്ട് ബെറ്ക്കനെ കൈയുംകെട്ടി നിന്നു, അല്ലെടാ?"

ബീരാൻകുട്ടി നീരിറക്കി. കൂട്ടുകാരൻ തലയിലിട്ട തോർത്തു ശരിയാക്കി കക്ഷത്തിലെ കിത്താവുകെട്ട് ഒന്നുകൂടി അടുക്കിപ്പിടിച്ചു പറഞ്ഞു:

"ഞമ്മടെ കൂട്ടരെ തല്ലാൻ ചാടീത്."

"ആര്?"

"കുട്ട്യസ്സനുക്കേം നമ്പ്രത്തെ സെയ്താലിക്കേം കുഞ്ഞ്യേനും ഒക്കെണ്ടാര്ന്നു."

കുഞ്ഞരയ്ക്കാർ ഒന്നും പറഞ്ഞില്ല. എന്നിട്ടു കനത്തിൽ ഒന്നു മൂളി. അവർ പരുങ്ങിനിന്നു.

"നടന്നോ. ചെത്ത്മ്പ്ല് കാണ്ണ നാലാളോട് തല്ലു കണ്ടേന്റെ ശേല് പറഞ്ഞുകൊട്.

നടന്നോ."

ചെറുപ്പക്കാർ പിറുപിറുത്തുകൊണ്ടു നടന്നു പോയപ്പോൾ കുഞ്ഞരയ്ക്കാർ മനസ്സിൽ പറഞ്ഞു:

"ആണും പെണ്ണും അല്ലാത്ത ബക."

പരമ്പു കൂട്ടിയിട്ടു നെബീസു കൊമ്പുമുറത്തിലേക്കു നെല്ലു മാറ്റുകയായിരുന്നു. ബാപ്പ പടി കടന്നു വന്നപ്പോൾ അവൾ സംശയിച്ചുകൊണ്ടു ചോദിച്ചു:

"എന്തേര്ന്നു ബാപ്പ, ജഗള?"

ബാപ്പ അതു കേട്ടില്ല.

"കളി നിർത്താനല്ല പഹേര് വട്ടം. നാടു കുട്ടിച്ചോറാക്കും."

കുഞ്ഞരയ്ക്കാര് അകത്തുകയറി തിത്തുമ്മയെ വിളിച്ചു:

"ഞാൻ പറയാറില്ലെടി തിത്തുമ്മോ. ഇപ്പഹേര്ക്ക് പൂതി തീർന്നില്ല. കളി പിന്നീം ബാക്യാ."

തിത്തുമ്മ പായിൽ എഴുന്നേറ്റിരുന്നു. തട്ടം ശരിയാക്കി കാൽ തടവി എഴുന്നേറ്റു പായ്ക്കെടുത്തു വെച്ച മെതിയടിപ്പുറത്തു കയറി ഉമ്മറപ്പടിമേൽ വന്നിരുന്നു.

"ആരാ തല്ലും ബക്കാണും?"

ചോദിച്ചതിനല്ല, മനസ്സിലെന്തെങ്കിലും വിചാരം കടന്നാൽ മാപ്പിള ഉത്തരം പറയുകയെന്നു തിത്തുമ്മയ്ക്കറിയാം.

"തൊടങ്ങട്ടെ. ഓല്ക്കെന്താ, മൊയലാളിക്കു കായിണ്ട്; ശെചെരൻനായർക്കും കായിണ്ട്, കേസും കൂട്ടും നടത്തണ്. ഓല്ക്കു പതിനഞ്ചാ യീം പുലീം കളിക്കണ ശേലേള്ളൂ. ചങ്കുംപൊങ്കു ല്യാത്ത കൊറെ സ്സാമിങ്ങളുണ്ട് തല്ലാൻ. കൊറെ ഹിന്തുക്കളും ണ്ട്, ത്ഫൂ!"

മാപ്പിള അങ്ങനെ പറയാൻ തുടങ്ങിയാൽ അന്തമുണ്ടാവില്ല. പക്ഷെ, ആർ ആരെ തല്ലി എന്ന ഇക്കഴിഞ്ഞ സംഭവമറിയാൻ മാത്രം കഴിയില്ല. തിത്തുമ്മയ്ക്കതെറിയണം.

ബാപ്പു ഒരു മൂളിപ്പാട്ടോടെ മുറ്റത്തുനിന്നു കോലായിലേക്കു കയറി. ബാപ്പ ഉറക്കമുണർന്നിരിക്കുന്നുവെന്നു കണ്ടപ്പോൾ മൂളിപ്പാട്ട് എവിടെയോ വീണുപോയി. തുമ്പു കുത്തനെ നിർത്തിയ തലയിൽക്കെട്ടഴിച്ച് അവൻ സാധുവായി അകത്തേക്കു കടന്നു.

ബാപ്പയും ഉമ്മയും കേൾക്കാൻവേണ്ടി അവൻ ഒരു വാർത്ത അറിയിച്ചു:

“കളത്തിലെ പടിക്കല് വല്യ തല്ലേര്ന്നുമ്മാ.”

“ആരടെ തല്ലേര്ന്ന്ടാ. അച്ചുമൂത്താനും ആല്യമും (ഒരിരുപതുകൊല്ലംമുമ്പ് തെക്കേ മലബാറിലെ പേരുകേട്ട രണ്ടു തല്ലുകാർ) ഏർന്നു കളത്ത്ല്?”

ബാപ്പു നാവിറങ്ങിയപോലെ നിന്നു.

“ഇങ്ങളെന്തിനാ ആ ചെക്കൻെറ മേക്കട്ടു കേറ്ണ്?”

തിത്തുമ്മ ചോദിച്ചു.

കുഞ്ഞരയ്ക്കാർ ഒന്നും മിണ്ടിയില്ല. ഒരു ബീഡി കത്തിച്ചു തുടർച്ചയായി പുകവിട്ടുതീർത്തു മകളെ വിളിച്ചു:

“മോളേ നെബീസേ്വാ, ത്തിരി ബെള്ളം കൊണ്ടാ വാപ്പാക്ക്. കർക്കടെമാസായിട്ടും ബല്ലാത്ത പൊകച്ചില്.”

നെബീസു കല്ലുഗ്ലാസ്സിൽ വെള്ളം കൊണ്ടുവന്നുവെച്ചു. ഒരിറക്കു കുടിച്ചപ്പോൾ കുഞ്ഞരയ്ക്കാർക്കുതോന്നി, ഒന്നങ്ങാടിയിൽ പോണം. കാര്യമൊന്നുമുണ്ടായിട്ടല്ല. ആളുകൾക്കു ഹാലിളകിയിരിക്കുന്നതു കാണാം. പള്ളിയിൽ കയറി ഒന്നു നിസ്കരിച്ചു മടങ്ങാം. വെള്ളം പകുതി കുടിച്ചു താഴെവെച്ചു കുഞ്ഞരയ്ക്കാർ

റോഡിലേക്കിറങ്ങി. വെയിൽ മങ്ങി മൂടിക്കെട്ടിനില്ക്കുകയായിരുന്നു.

ദൂരെ കാളപൂട്ടുകണ്ടം ഒഴിഞ്ഞുകിടക്കുന്നതു കണ്ടു. കളത്തിലെ പടികളിൽ ആരുമില്ല. നട്ട കണ്ടങ്ങളിൽ ഒട്ടാകെ പുതിയ ഞാറിൻെറ ഇളം പച്ച നിറം പരന്നുകിടക്കുന്നു. ചെറുമികൾ ഉച്ചയ്ക്കു പണി മാറ്റിക്കയറിയിരിക്കുകയാണ്.

റോട്ടുവക്കിലൂടെ മരങ്ങളുടെ തണൽ ചേർന്നുകൊണ്ടു നടക്കുമ്പോൾ കുഞ്ഞരയ്ക്കാർ ഓർത്തു: മായൻകുട്ടിയെ നായന്മാർ ചേർന്ന് അടിച്ചു തലപൊട്ടിച്ച ക്രിമിനൽക്കേസോടെ എല്ലാം അവസാനിച്ചുവെന്നാണു കരുതിയത്. ഇല്ല, ആളുകൾക്ക് ഊതിക്കത്തിക്കാൻ ഒരു തീപ്പൊരി വീണു കിട്ടിയിരിക്കുന്നു.

മുതലാളിയുടെ കാളകൾ പൂട്ടു കൊണ്ടുപോകുന്നതു കാണാൻവേണ്ടി ആളുകൾ രാവിലെ പോകുന്നതു കണ്ടപ്പോൾത്തന്നെ കരുതിയതാണ്, കാളപൂട്ടിൻെറ വാശി കൈയാങ്കളിയിൽ ചെന്നെത്തുമെന്ന്.

ചക്കമ്മയുടെ പടിക്കലെത്തിയപ്പോൾ അകത്തുനിന്ന് ഉറക്കെ ഇഴഞ്ഞ സംസാരം കേട്ടു:

"അല്ലെങ്കിലും  ഇവഴ മാപ്പളമൊട്ടോള്ക്കിത്തി

രി ഏറീരിക്ക്ണ്. ഞാംന്ന് ൻെറച്ചൻെറ കാലാണ് കളത്തിലെ പടിക്കല്ണ്ടായിരുന്നുച്ചാല് ഒന്നിൻെറങ്കിലും കൊഴലു പൊഴത്താ.”

കുഞ്ഞരയ്ക്കാർ അവജ്ഞയോടെ ഒന്നു നോക്കി. നിലത്തുറയ്ക്കാത്ത കാലുകളോടെ ആടിയാടി ആകെ വിയർത്തുകുളിച്ചു നില്ക്കുന്ന വേലുവാണ്.

ഉമ്മറത്തു വേറെയും ചിലർ ഇരിക്കുന്നുണ്ട്. കുഞ്ഞരയ്ക്കാർ മനസ്സിൽ പറഞ്ഞു: ‘കുടി തീപ്പൂട്ടീട്ട്ണ്ടാവില്ല. കൈയില് നാലണ കിട്ടീട്ട്ണ്ടെങ്കി ഹറാമ്പെറപ്പിന്നു കൊണ്ടോയി പണ്ടാരടക്കി.’

ഏനുവിൻെറ ചായപ്പീടികയിൽ മാപ്പിളമാർ ചിലരിരുന്നു സംസാരിക്കുന്നതു കേട്ടു:

“അത്രയ്ക്കുസറുള്ള ഒരുത്തൻണ്ടോ ബടെ കോണുടുത്തിട്ട്? അതാനിയ്ക്കൊന്ന് കാൺട്. എന്തേയ് ഏനുക്കാ?”

അതു പറഞ്ഞ സുലൈമാൻ റോട്ടിലേക്കു നീട്ടിത്തുപ്പി നോക്കിയതു കുഞ്ഞരയ്ക്കാരുടെ മുഖത്താണ്. കണ്ണുകൾ കൂട്ടിമുട്ടി. പീടിക കടന്നു പോയപ്പോൾ കുഞ്ഞരയ്ക്കാർ ഓർത്തു: ഇപ്പോൾ അവൻ പറയുന്നുണ്ടാവും, ആ പോണ്

ഇസ്ലാമെന്നും പറഞ്ഞ് ഒരു ഹമ്ക്ക്!

ഇസ്ലാമിൻെറ വീര്യം കാട്ടാൻ മുളവടിയുമായി ഇടവഴിയിൽ പതിയിരിക്കാൻ കുഞ്ഞരയ്ക്കാരെ കിട്ടില്ല.

അല്ലെങ്കിലും മനുഷ്യപ്പറ്റില്ലാത്തവനെന്ന പേർ മുമ്പേ വീണിട്ടുണ്ട്.

–ഞമ്മടെ കൈക്കോട്ടു ബീണാത്തന്ന്യോ, കുടീല് കലത്തില് കാണൂ.

ആമിനയെ കെട്ടിച്ചുകൊടുത്തമുതല്ക്ക് ആളുകൾക്ക് ഒരു പേരുകൂടി പറയാനുണ്ടായി: പട്ടാണിക്കു മോളെ ബിറ്റ് കായ് വാങ്ങ്യേ ഹമുക്ക്.

പറയിനെടാ പട്ടികളെ, പറയിൻ!

ആമിന കെട്ടിച്ചുകൊടുക്കാതെ കുടിനിറഞ്ഞു നില്ക്കുമ്പോൾ ആർക്കും വിഷമമൊന്നും ഉണ്ടായിരുന്നില്ല. വേലിക്കരികിലൂടെ മൂളിപ്പാട്ടുമായി വെള്ളമൊലിപ്പിച്ചുകൊണ്ടു നടന്ന ഒരു ബലാലിനും വാപ്പാടിം ഉമ്മാടിം ഉള്ളിലെ വേവും ചൂടും അറിയില്ല. ആലോചനക്കാർ വന്നു. പണ്ടത്തിൻെറയും പാത്രത്തിൻെറയും കണക്കാണ് ആദ്യം പറയുക. നൂറുറുപ്പിക കടം ചോദിച്ചു ചെന്നപ്പോൾ സഹായിക്കാൻ ഒരു മൊയലാളി

യും ഉണ്ടായില്ല....

അപ്പോഴാണ് പാലം റിപ്പെയറിന് ആ പട്ടാണി വന്നത്. ചെറുപ്പക്കാരനായ അസ്ഗർ ആലി ഒറ്റാംതടിയാണ്. അറുപതു റുപ്പികശമ്പളവുമുണ്ട്. അയാൾ ആമിനയെ കണ്ടു. മൂന്നുമാസം അയാൾ ഈ ഭാഗത്തുണ്ടായിരുന്നു. കുഞ്ഞരയ്ക്കാരുമായി പരിചയപ്പെട്ടു.

അയാൾ കെട്ടുവാഴ്ചയുടെ കാര്യമേ പറഞ്ഞുള്ളു. കാതിലയുടെയും കഴുത്തിലയുടെയും പൊന്നേലസ്സിൻെറയും കണക്കു പറഞ്ഞില്ല.

ഉപദേശിക്കാൻ ഓരോരുത്തരായി വന്നു:

“എങ്ങാണ്ടു കെടക്ക്ണ ഒരുത്തന് പെണ്ണിനിം പുടിച്ചുകൊടക്ക്ണ് ഒരു ശേലാടോ കുഞ്ഞരയ്ക്കാരേ?”

മൊല്ലാക്കയും മുക്രിയുംകൂടി ഉപദേശിച്ചു. തിത്തുമ്മകൂടി എതിർത്തതാണ്.

“എന്നാ മക്കളേ അവ്ട്ടിലുംവെച്ചു കുത്തിര്ന്നോ”

ആ തീരുമാനത്തിൽ ദുഃഖിക്കേണ്ടതായിവന്നില്ല. ആമിന ദൂരത്താണെങ്കിലും സുഖമായിരിക്കുന്നു.

അത്താണി കടന്നു കടവത്തെത്തിയപ്പോൾ കുഞ്ഞരയ്ക്കാർ ഓർത്തു, മായൻകുട്ടിയെ ഹിന്ദുക്കൾ ചേർന്ന് അടിച്ചു തലപൊട്ടിച്ചത് ഈ തിരിവിൽവെച്ചായിരുന്നു. അതായിരുന്നു അവസാനം നടന്ന കേസ്. കേസ് കേൾക്കാൻ നാട്ടിൽനിന്ന് ഒരുപാട് ആളുകൾ തിരൂർക്ക് പോയിരുന്നു. മജിസ്ട്രേട്ടുകോടതിയുടെ മുറ്റം നിറച്ചും ആളുകളായിരുന്നു.

അന്നു മജിസ്ട്രേട്ട് മുതലാളിയേയും ശേഖരൻ നായരേയും വിളിച്ചു പറഞ്ഞുവെന്നു കേട്ടിട്ടുണ്ട്: അവരറിയാതെ ഇവിടെ ഒന്നും നടക്കില്ല. മേലിൽ അവർ സൂക്ഷിച്ചിരുന്നാൽ മതി.

ലഹളക്കാലത്ത് ഒരു വാക്കേറ്റംകൂടി നടക്കാത്ത സ്ഥലമായിരുന്നു ഇത്.

അന്നു മക്കത്തുപോയ വലിയമുതലാളി ഉണ്ടായിരുന്ന കാലമാണ്. കാര്യങ്ങളെല്ലാം നോക്കിയിരുന്നതു മകനായിരുന്നു. വലിയമുതലാളി വയസ്സുചെന്നു കിടപ്പിലായിരുന്നു. ലഹളയുടെ വിവരങ്ങൾ അടുത്തടുത്തു കേട്ടുതുടങ്ങി. പലരും ഒഴിച്ചുപോണോ എന്നു സംശയിച്ചുനില്ക്കുമ്പോൾ മുതലാളി പറഞ്ഞു:

"ആരും പോണ്ട. ഞമ്മള് പടച്ചോൻെറ

വേണ്ട്കണ്ടായിട്ട് കണ്ണടയ്ക്കാണ്ട് ഇരിക്ക്ണ് ണ്ടെങ്കി ഒറ്റ മാപ്ലീം ഒരു ഹിന്ദൂനെ തൊടൂല."

വടക്കുനിന്നും കൂട്ടംപിരിഞ്ഞുവന്ന ഒരു സംഘം കുന്നിറങ്ങിയിരിക്കുന്നുവെന്നു കേട്ടപ്പോൾ മുതലാളി കാര്യസ്ഥനെ വിട്ടു വിളിപ്പിച്ചു. അവരെ നേരെ കൊണ്ടുവന്നതു മുതലാളിയുടെ  മുറ്റത്തേക്കാണ്. ഇരുപത്തി യാറു പേരുണ്ടായിരുന്നു. ആറു കൊറ്റനാടിനെ വെട്ടി. പൊടിപൊടിച്ച വിരുന്നുസൽക്കാരമാ യിരുന്നു. ഒരു വണ്ടി നെല്ലു പത്തായത്തിൽനി ന്ന്  അളന്നുകൊടുക്കാൻ കല്പിച്ചു. എന്നിട്ടു മൂപ്പനെ അടുത്തേക്കു വിളിച്ചു ചുമലിൽ തട്ടി പറഞ്ഞു: "ഇനി തിരിഞ്ഞുനോക്കാണ്ട് ശേലക്ക് നടത്തം കാട്ടിക്കാ. ഇവടെ നമ്മടെ കുട്ട്യോളാ ശി റ്റുവട്ടത്ത്. ഓല്ക്ക് വല്ല ദുല്മുംണ്ടാക്യാ-"

ചിരിച്ചുകൊണ്ടുതന്നെയാണു പറഞ്ഞത്:

"കണ്ടത്തെ കോയസ്സനാജിൻെറ കളീം മാറ്റും."

വൈകുന്നേരം ആ സംഘം കുന്നുകയറുന്നത് ആളുകൾ മുഴുവൻ നോക്കിനിന്നു.

-മൂപ്പര് ഒരാണേർന്ന്.

മകൻ മുതലാളിയായപ്പോ കൂടെ കൂടാൻ

ചിലരുണ്ടായി. വാപ്പകാരണവന്മാരുണ്ടാക്കി യിട്ടുണ്ടല്ലോ മുതല്. തടിയനങ്ങാണ്ടുണ്ടായ കാശു കോടതികേറി ചെലവായാലും ദെണ്ണം തോന്നില്ല.

പുത്താൻകളത്തിലെ മേനോന്മാരെപ്പറ്റി കുഞ്ഞരയ്ക്കാർക്കു നല്ല അഭിപ്രായമാണ്. അവർ ഒന്നിനും ഭാഗം പിടിക്കാറില്ല. നാലഞ്ചു തലമുറമുമ്പ് അവർ പെരുംപിലാവിൽനിന്നു ഭാഗിച്ചുവന്നവരാണ്. അവർക്കു കുഞ്ഞയമ്മദ് മുതലാളിയോടും എതിർപ്പില്ല. ശേഖരൻനാ യരോടും എതിരില്ല.

ശേഖരനും കുഞ്ഞരയ്ക്കാരും ചെറുപ്പത്തി ൽ നേന്ത്രവാഴത്തോട്ടത്തിലെ കാവൽപ്പുര യിൽ ഒരുമിച്ചു കിടന്നവരാണ്. അതിനുമുമ്പ്, കുട്ടിക്കാലത്തു 'ഈച്ചപാക്യ'മെന്നു കുട്ടികൾ ക ളിയാക്കി വിളിച്ചിരുന്നതും കുഞ്ഞരയ്ക്കാർക്ക് ഓർമ്മയുണ്ട്. അന്നു കുരുവഴിയിൽ പീടികകളി ല്ല. കടവിന്നടുത്ത് ഒരു ചായപ്പീടികയും അത്താ ണിക്കടുത്ത് ഒരു പലചരക്കുകച്ചവടവും മാത്രമേ യുള്ളു. കൊയ്ത്തു കഴിഞ്ഞ എള്ളിൻകാലായ കളിൽ കന്നിനെ മേയാൻ വിട്ടു മാവിൻ ചോട്ടിൽ ച്ചെന്നിരിക്കും. കുറെ കുട്ടികളുണ്ടാവും.

ശേഖരൻനായരും കുഞ്ഞരയ്ക്കാരും പനമേൽനിന്നു വീണുമരിച്ച ശങ്കുണ്ണിയുംകൂടി കളിക്കുമ്പോഴൊക്കെ ഈച്ചഭാഗ്യം ശേഖരനായിരുന്നു.

അരക്കാശിനു മൂന്നു ബീഡിയും വാങ്ങിയാണ് കളിക്കാനിരിക്കുക.

മൂന്നുപേരും ഓരോ ബീഡി നിലത്തുവെക്കും. നിലം വൃത്തിയായിരിക്കണം. (ബീഡി നേർത്തേ പരിശോധിക്കണം. ശർക്കര തൊട്ടിട്ടുണ്ടെങ്കിലോ?) ആദ്യം ഈച്ച വന്നിരിക്കുന്ന ബീഡിയുടെ ഉടമസ്ഥനു മറ്റു രണ്ടു ബീഡിയും സ്വന്തമാവുന്നു. ശേഖരൻ കളിക്കാനുണ്ടെങ്കിൽ മറ്റുള്ളവർ തോറ്റതുതന്നെ.

വലിയ മൂക്കും ഉണ്ടക്കണ്ണുകളും ചെറിയ തലയുമുള്ള ശേഖരൻ വരുമ്പോൾത്തന്നെ ശങ്കുണ്ണി പറയും: “ഈച്ചപാക്യം വര്ണ്ണ്ടെ കുഞ്ഞരയ്ക്കാരേ.”

ആ കാലം ഏതോ പകലുറക്കത്തിൽ കണ്ട തെളിവില്ലാത്ത ഒരു കിനാവുപോലെ അത്ര അകലത്താണ്.

ശേഖരൻനായർ പണക്കാരനായി തിരിച്ചെത്തിയപ്പോൾ തുടങ്ങിയാണ് കുഞ്ഞയമ്മദ്

മുതലാളിയുമായുള്ള കിടമത്സരം.

മുതലാളിയുടെ നിലത്തിനുതൊട്ടു ശേഖരൻ നായർ പറമ്പു വാങ്ങി. ഒരതിർത്തിത്തർക്കത്തിൽനിന്നാണ് വൈരമാരംഭിക്കുന്നത്. വേലി അങ്ങോട്ടോ ഇങ്ങോട്ടോ നീങ്ങിയിട്ടുള്ളതെന്ന് ആദ്യം കാര്യസ്ഥന്മാർ തർക്കിച്ചു. പിന്നെ കൈക്കോട്ടിൻതായകളാണു കാര്യം പറഞ്ഞത്.

വാശികയറിയപ്പോൾ മുതലാളി മാപ്പിളമാരെ വിളിച്ച് അത്തത്തിനു കന്നുപൂട്ടാൻ പറഞ്ഞു. ശേഖരൻനായർ അതിനു പകരം വീട്ടി. ചെണ്ടകൊട്ടും ആർപ്പുംവിളിയുമായി പള്ളിയുടെ മുമ്പിലൂടെ താഴത്തെക്കാവിലെ വേലയ്ക്കു തിറയും പൂതനും കടന്നുപോയി. രണ്ടും പണ്ടുണ്ടായിട്ടില്ല. അത്തത്തിനു കന്നുപൂട്ടിയ ചെറുമക്കൾക്കും പൂതൻകെട്ടിയ മണ്ണാന്മാർക്കും മുറയ്ക്ക് അടികൊണ്ടു. കേസിൽ മുതലാളിയും നായരും പണം കോരിച്ചെലവിട്ടു.

മുതലാളിയുടെ മുമ്പത്തെ കാര്യസ്ഥൻ നായരായിരുന്നു. മക്കം കണ്ട മുതലാളിയുടെ കാലം മുതല്ക്കേയുള്ള വയസ്സൻ. ആ തന്ത എതിരേ വന്നപ്പോൾ വരമ്പത്തിട്ടു രണ്ടുപേർ അടിച്ചു.

‘‘മാപ്ലയ്ക്കു കൊടപിടിക്കുന്ന’’ നായരായതു കൊണ്ട്.

അങ്ങാടിയിലൂടെ കടന്നുപോകുമ്പോൾ എവിടെയും സംസാരം കാളപൂട്ടും തല്ലുമായിരുന്നു. ഇരുവശത്തേക്കും നോക്കാതെ കുഞ്ഞരയ്ക്കാർ നേരേ നടന്നു. നിസ്കരിച്ച് ഇറങ്ങിവന്ന ചിലർ സലാം പറഞ്ഞു; വീട്ടി.

പള്ളിയിൽനിന്നു പുറത്തു കടന്നപ്പോൾ മമ്മാലിയുടെ മകൻ കുഞ്ഞുട്ടി മൂപ്പെത്താത്ത ഒരു കുല കായ ചുമലിൽവെച്ചു വരുന്നുണ്ടായിരുന്നു.

“നിക്കിൻ കുഞ്ഞരയ്ക്കാരക്കാ!”

“എന്താണ്ടോ? വാപ്പ ഇരിമ്പിള്ള്യേത്ത്ന്ന് ബന്നോ?”

“വന്നിട്ട്മ്മിണി ദിവസമായി. പിന്നെ അള് കേട്ടില്ലേ കുഞ്ഞരയ്ക്കാരക്കാ, ഞങ്ങടെ ഏനുക്കാടെ പീട്യേന്നു ചേക്കുട്ടിക്കായും കൊളങ്കടത്തെലെ സുലൈമാനും ഒക്കെ പറയ്യേ. ശേഖരൻ നായര് ആളെ വിട്ടു മയമുട്ടിക്കാനെ തല്ലിക്കാൻ പോണ്ത്രേ.”

“മയമുട്ടി എന്തേ ചെയ്ത്?”

“മയമുട്ടിക്കാണ് മാമ്പീനെ ആദ്യം തച്ചത്.”

"ബാക്കി ഏതാളോ?"

"ആദ്യം മയമുട്ടിക്കാല്ലേ തച്ചത്?"

"ആ അത് പറ. അയ്ന് അനക്കെന്താ വെറി?"

കുഞ്ഞുട്ടി ഒന്നു ചിരിച്ചുകൊണ്ടു പറഞ്ഞു:

"അല്ല, ഞമ്മടെ ഇസ്ലാമിനെ തൊടുമ്പം ഞമ്മളും ഒരു കയ്യ് നോക്കണ്ടേ?"

ദേഷ്യമല്ല അപ്പോൾ കുഞ്ഞരയ്ക്കാർക്കു തോന്നിയത്, ഒരു തമാശയായിരുന്നു.

"കേസും കൂട്ടായിട്ടു ചോന്ന തലേക്കെട്ട്വാര് വരുമ്പളോ കുഞ്ഞുട്ട്യേ?"

"അപ്പ മൊയലാളില്ലേ കുഞ്ഞരയ്ക്കാർക്കാ ഞമ്മക്ക്?"

"ബർമ്മത്തൊന്നു കൊണ്ട് പഹയാ അന്റെ പണി തീർന്നാലോ? തീരില്ല അത്രളുപ്പം അന്റൊന്നും ജീവ്, അയച്ചിട്ടല്ല. അപ്പാരക്കാ ചേതം? അന്റെ വാപ്പക്കോ മൊയലാളിക്കോ?"

"ന്നാലും മ്മളൊക്കെ സ്ലാമല്ലേ കുഞ്ഞരയ്ക്കാർക്കാ?"

അപ്പോൾ കുഞ്ഞരയ്ക്കാരുടെ തമാശയുടെ ഭാവം മാറി:

"സ്ലാമിന്റെ കാര്യം അന്നേക്കാളും അന്റെ വാപ്പേക്കാളും അന്റെ മൊയലാളിനേക്കാ

ളും നിക്ക് പുടിണ്ട്. അൻെറ മൊയലാളി നോടു ചോയ്ക്ക്. എത്ര തല്ല്കൊണ്ടിട്ടുണ്ട്, എത്ര കൊടുത്തിട്ട്ണ്ട്ന്ന്. തല്ല് വെച്ചുകെട്ടാൻ അന്നെപ്പോലെ ചെല ബലാല്ങ്ങള്ണ്ട്."

കുഞ്ഞുട്ടി അവജ്ഞയോടെ പറഞ്ഞു:

"ങ്ങള് പേടിക്കണ്ട-ങ്ങളെ ആരൊന്നും ചെയ്യി ല്ല." എന്നിട്ടു തിരിഞ്ഞു നടന്നു.

"ത്ഫൂ!" ഒന്നു കാർക്കിച്ചു തുപ്പിക്കൊണ്ടു കുഞ്ഞരയ്ക്കാർ നേരെ നടത്തം തുടർന്നു.

തല്ലെന്നു കേൾക്കുമ്പോൾ പേടിക്കുന്ന ആളല്ല കുഞ്ഞരയ്ക്കാർ. ഇപ്പോൾ തലയിൽ കെട്ടുംകെട്ടി വമ്പന്മാരായി നടക്കുന്ന ചെക്കന്മാർക്കാർക്കും അതറിയില്ല; കുഞ്ഞരയ്ക്കാരുടെ കൈത്തണ്ടയുടെ ബലം എന്തായിരുന്നുവെന്ന്.

-എടാ, നിൻെറയൊക്കെ തന്തോടും വാപ്പോടും ചോദിക്ക്.

കീഴോട്ടു കുത്തനെ വരച്ച ഒരു വരപോലെ നരകയറിയ രോമം വളർന്നുനില്ക്കുന്ന മാറത്ത്, വലത്തെ ചുമലിനു താഴെ ചെറുവിരലിൻെറ നീളത്തിൽ കിടക്കുന്ന ആ കല അറിയാതെ അയാൾ ഇടത്തെ കൈത്തലം കൊണ്ടു തടവി നോക്കി.

മഴയത്തു മണൽ കുത്തിയൊഴുകി ചെമ്മണ്ണിളകി ചളി കൂടിക്കിടക്കുന്ന ഒഴിഞ്ഞ നാട്ടുവഴിയിലൂടെ കുഞ്ഞരയ്ക്കാർ നടന്നു. ഒരു വശത്തു മതിൽപോലെ ഇടതിങ്ങി വളരുന്ന മുൾക്കൈതക്കൂട്ടവും കടന്നു വയലിന്റെ ചെരുവിലൂടെ അയാളുടെ നീണ്ട നിഴൽ സഞ്ചരിക്കുകയായിരുന്നു.

# അദ്ധ്യായം രണ്ട്

## 1

ഗോവിന്ദൻകുട്ടി കയറിച്ചെന്നപ്പോൾ കുഞ്ഞരയ്ക്കാർ പുരയിലുണ്ടായിരുന്നില്ല. ബാപ്പു ഉമ്മറത്തെ തിണ്ണമേൽ കാലാട്ടിക്കൊണ്ടിരിക്കയായിരുന്നു.

"വാപ്പെവെടെടോ സുൽത്താനെ?"

"വാപ്പ പള്ളിയ്ക്ക് പോയിക്കണു."

വെള്ളിയാഴ്ച വൈകുന്നേരത്തെ നിസ്കാരത്തിനു കുഞ്ഞരയ്ക്കാർ പള്ളിയിൽ പോകുന്നതു പതിവാണ്. നോമ്പും നിസ്കാരവും അയാൾ ഒഴിവാക്കാറില്ല.

ശബ്ദം കേട്ടപ്പോൾ തിത്തുമ്മ ചോദിച്ചു:

"ആരാടാ വാപ്പ്വോ അത്?"

"അതു ഗോയിന്ദുട്ട്യാരാ."

തിത്തുമ്മ നീർവീഴ്ചയുള്ള കാല് ഏന്തിവലിച്ചുവെച്ചുകൊണ്ടു വാതില്ക്കലേക്കു വന്നു.

"പുതുമഴ തൊടങ്ങ്യേപ്പോ പിടിച്ചതാ കാല്മ്മ്ല്, പോണ വയ്യൊന്നും കണ്ടില്ല. ആ തട്ക്ക്ട്ടു കൊടുക്കെടെ ചെക്കാ."

ഇറയത്തു തൂക്കിയിട്ടിരുന്ന വട്ടത്തിലുള്ള പനയോലത്തടുക്കു ബാപ്പു തിണ്ണയിലിട്ടുകൊടുത്തു. ഗോവിന്ദൻകുട്ടി ഇരുന്നു.

"മാനൂട്ടീടെ കത്തു വന്നോ?"

"ഒരു മാസം എട്ടു ദെവസായി."

"ഒരു മാസായിട്ടേയുള്ളു." അകത്തുനിന്നു നെബീസു തിരുത്തി.

"പോടി, അനക്കാ ന്നേക്കാളും കണക്ക്? ഒരു മാസും എട്ടീസായി ഇബ്ടംന്നു കത്തു വിട്ടിട്ട്. അക്കിശ്ശും ല്യേ? നിക്കു പകലൊക്കങ്ങനെ നടന്നുകയ്ക്കാം. ലാത്തിരി ചെന്ന് ഒരു പാത്തു കെടന്നാ കണ്ണുക്കുത്ത്യോ ഒറക്ക് വരൂലാ."

"രണ്ടീസ്തിൻറുള്ളില് കത്തു വരും, എന്താത്ര പേടിക്കാൻ?"

തിത്തുമ്മ കാലു തടവിക്കൊണ്ടു കട്ടിളയിലേക്കു ചാഞ്ഞ് ക്ഷീണിച്ച സ്വരത്തിൽ പറഞ്ഞു:

"ൻെറ മനസ്സ് ഒറയ്ക്ക്ണില്യ കുട്ട്യേ. പട്ടാളത്തിലെ ചോറ് കൊലച്ചോറാ."

ഗോവിന്ദൻകുട്ടി ഒന്നും മിണ്ടിയില്ല. പടിഞ്ഞാ

റേതിലെ തള്ളയുടെ മകൻ ഇന്ത്യയിൽനിന്നു വളരെ ദൂരെ, വിമാനത്തിൽ നാലഞ്ചു ദിവസം കൊണ്ട് പറന്നെത്താവുന്ന ഏതോ രാജ്യത്തായിരുന്നു. മാസത്തിലൊരിക്കൽ കത്തും പണവും വന്നിരുന്നു. തപാൽശിപായിയാണ് കത്തു വായിച്ചുകൊടുക്കുക. നാലഞ്ചുദിവസം കഴിഞ്ഞാൽ അതു മടിയിൽ തീറാധാരംപോലെ ഭദ്രമായി സൂക്ഷിച്ചുവെച്ചു വടി കുത്തിക്കൊണ്ടു മേലേപ്പടി ഇറങ്ങിവരും, ഒന്നുകൂടി വായിച്ചു കൊടുക്കാൻ വേണ്ടി. ഒരു മാസം കത്തു വന്നില്ല. പണം വന്നു. മൂന്നു ദിവസം കഴിഞ്ഞപ്പോൾ കമ്പിയാണു വന്നത്. പടിഞ്ഞാറേതിൽ അലമുറയായി. പുത്തൻപുരയ്ക്കലെ പടിപ്പുരയ്ക്കലേക്കു കമ്പിയുംകൊണ്ട് ഓടിയത് ഗോവിന്ദൻകുട്ടിയാണ്. തിരിച്ചു വന്നപ്പോൾ തള്ള എന്തും പ്രതീക്ഷിച്ച് മരവിച്ചിരിക്കുകയായിരുന്നു. തൊണ്ട വരണ്ട് അന്തംവിട്ടു നില്ക്കുമ്പോൾ തള്ള നേർത്ത സ്വരത്തിൽ ചോദിച്ചു:

"ൻെറ കുട്ടി പോയി, അല്ലേ?"

അബ്ദു നില്ക്കുന്ന സ്ഥലത്ത് ഒന്നും സംഭവിക്കുകയില്ല എന്നു പറയുന്നത് അർത്ഥശൂന്യമാണ്. ഒന്നും പറയാതെ, അയാൾ

താടിക്കു കൈകൊടുത്ത് കരിതേച്ച നിലത്തു നോക്കിയിരിക്കുന്ന തിത്തുമ്മയെ നോക്കി.

അബ്ദു നാലാം ക്ലാസ്സുവരെയേ പഠിച്ചിട്ടുള്ളു. ഗോവിന്ദൻകുട്ടിയേക്കാൾ ഒരു വയസ്സിനു മൂപ്പു ണ്ട്. പട്ടാളത്തിൽ ചേർന്നതുമുതല്ക്ക് മാസം ഇരുപതുറുപ്പിക വരുന്നുണ്ട്.

അബ്ദുവിനു വെള്ളം കോരണം, നിലം കഴു കണം, മണ്ണ് കിളയ്ക്കണം. കഴിഞ്ഞ തവണ നാട്ടിൽ വന്നപ്പോൾ അവൻ പറഞ്ഞു: നാട്ടില് വരുമ്പോ എട്ടും പൊട്ടും തിരിയാത്തോര്ടെ മുമ്പിലേള്ളൂ ഈ പത്രാസ്. അവടെ നരകാ. ഈ കയ്യ് നോക്കിൻ."

തഴമ്പുവീണ രണ്ടു കൈത്തലവും കാണിച്ചു കൊണ്ട് അവൻ പറഞ്ഞു: "പട്ടാളത്തിൽ ചേർ ന്നോരൊക്കെ യുദ്ധം ചെയ്യാന്നല്ലേ ആളോൾടെ വിചാരം."

നാട്ടിലേക്കയയ്ക്കുന്ന ഇരുപതുറുപ്പികയും ബാപ്പയുടെ കായ്കറികൃഷിയുംകൊണ്ട് അവി ടെ കുടുംബത്തിനു പട്ടിണികൂടാതെ കിടക്കാം. അതായിരുന്നു അബ്ദുവിൻെറ ആശ്വാസം.

തിത്തുമ്മ അപ്പോഴാണ് എന്തോ ഓർമിച്ചത്: "കളത്തിലെ പടിക്കല് തല്ലും വക്കാണുമായീന്നു

കേട്ടൂലോ. അള്ണ്ടായിരുന്നോ?"

"ഞാൻ പ്പൊ അയ്യപ്പൻ പറഞ്ഞിട്ടാ അറിഞ്ഞത്"

"തല്ല് ബര്ണൂന്നു കണ്ടപ്പം നായര് ചോടൊയ്ച്ചു."

ഉമ്മയുടെ പിറകിൽ വാതിലിനോടു പറ്റി നില്ക്കുന്ന നെബീസുവിൻെറ പാതി മുഖം പുറത്തു കണ്ടു. അവളുടെ തവിട്ടുനിറത്തിൻെറ ഛായ കലർന്ന കണ്ണുകളിൽ ഒരു കള്ളച്ചിരിയുണ്ടായിരുന്നു.

"അള് കേറിപ്പോണതു ഞാൻ കണ്ട്ക്ക്ണ്."

"നെൻെറ കണ്ണു കഴുകൻ്റ്യാണല്ലോ. ലോകം മുഴോനെത്തും."

ഉമ്മ തിരിഞ്ഞുനോക്കിയപ്പോൾ നെബീസു ഒന്നുകൂടി വാതിലിനപ്പുറത്തേക്ക് ഒതുങ്ങിനിന്നു.

തലയിൽ കെട്ടിയിട്ട മുഷിഞ്ഞ ചോപ്പുചരടു പിന്നിൽ തൂക്കിയിട്ട് കാലിലെ തരിയിട്ട വെള്ളിത്തള കിലുക്കി തിത്തുമ്മയുടെകൂടെ കക്കിരിക്കാ പൂവൽ കടിച്ചുകാർന്നുകൊണ്ടു വീട്ടിലേക്കു കയറിവരാറുള്ള ആ ചെറിയ ഉമ്മപ്പെണ്ണിൻെറ ഓർമയാണു നെബീസുവിനെ

കാണുമ്പോൾ ഇപ്പോഴും മനസ്സിൽ വരിക. അമ്മ അവളെ കാണുമ്പോൾ ഇപ്പോഴും പറയാറുണ്ട്: താഴത്തേതലെ തറവാട്ടില് പെറ്റുണ്ടായ കുട്ട്യാ ഇത്.

കൊടുങ്കാറ്റുണ്ടായ ദിവസമാണ് നെബീസുവിനെ പെറ്റത്. റോട്ടുവക്കത്തെ മരങ്ങളുടെ കൊമ്പുകൾ പൊട്ടിവീഴാൻ തുടങ്ങിയപ്പോൾ കുഞ്ഞരയ്ക്കാര് പത്തും തികഞ്ഞിരിക്കുന്ന ഉമ്മയേയും കുട്ടികളേയുംകൂട്ടി പാതിരയ്ക്കു വന്നു പടിക്കൽനിന്നു വിളിച്ചു. അമ്മ അടുക്കളയുടെ തൊട്ടുള്ള മുറിയിൽ കിടന്നുകൊള്ളാൻ സമ്മതിച്ചു. കവുങ്ങിൻതോട്ടത്തിൽ കാറ്റ് മുടിയഴിച്ചാടുകയും മരങ്ങൾ പൊട്ടിച്ചിതറുകയും ചെയ്യുമ്പോൾ രാമനാമം ജപിക്കുകയായിരുന്നു അമ്മ. അപ്പോഴാണ് തലങ്ങും വിലങ്ങും വീണു കിടക്കുന്ന കവുങ്ങുകൾക്കിടയിലൂടെ പടികയറി മുറ്റത്തെത്തി അവർ വിളിക്കുന്നത്.

"നേരം വെളിച്ചാവുമ്പോ ആര് ആര്യോക്ക്യാ കാണ്വാന്നു നിശ്ശംല്യാണ്ടിരിക്ക്ണ നേരാ. അയിത്തം നോക്കില്യ, ചിത്തും നോക്കില്യ."

ആ രാത്രിയിൽ അവിടെക്കിടന്നാണ് നെബീസുവിനെ തിത്തുമ്മ പ്രസവിച്ചത്.

“ഒന്നു മുറുക്കിത്തുപ്പണ എടോണ്ടു കഴിഞ്ഞു. നമ്മടേപ്പോക്കെ പെണ്ണ്ങ്ങളാച്ചാൽ പേരറിച്ചീം വെള്ളാട്ടീം ദാസീം വെളക്കടേത്രോളും പിന്നാരൊക്കെ വേണം?”

കുഞ്ഞരയ്ക്കാരും കുടുംബവും ഒഴിച്ചുപോയപ്പോൾ എമ്പ്രാന്തിരിയെ വരുത്തി വീടാകെ പുണ്യാഹം തളിപ്പിച്ചു.

## 2

രാവിലെ ജാലകത്തിലെ ചാക്കുമറയിലൂടെ ആരും കാണാതെ പതുക്കെ ഒന്നെത്തിനോക്കിയപ്പോൾ വെള്ളത്തുണ്ണിക്കടിയിൽക്കിടന്ന് ഇളകിയിരുന്ന ആ വസ്തുവാണ് ഇപ്പോൾ വാതിൽപ്പലകമേൽ മുഖമമർത്തിവെച്ചു നില്ക്കുന്ന നെബീസുവെന്ന് ഓർക്കുമ്പോൾ അദ്ഭുതം തോന്നും.

“ആ ചെക്കനൊന്ന്ങ്ങട്ടു വന്നുകിട്ട്യാ മത്യായിർന്നു. കഞ്ഞീം വെള്ളോായിട്ടാണെങ്കിലും

തമ്മ്ത്തമ്മില് കണ്ടു കെടക്കാലൊ."

തിത്തുമ്മ വീണ്ടും മകൻെറ കാര്യം ഓർമിച്ചു.

"വരുംന്ന്. ലീവു കിട്ടണ്ടേ കാലാവുണ്ണൊള്ളു."

"ഇന്ന്ട്ടുവേണം പട്ടാമ്പിക്കാര് വന്ന സങ്ങതി ഒന്ന് ഒറപ്പിക്കാൻ."

അപ്പോൾ ചുമരിലൂടെ നെബീസുവിൻെറ നിഴൽ അകത്തേക്ക് അരിച്ചുനീങ്ങുന്നതു കാണായി.

"ഒന്നിനെത്തന്നെ ആളും മനസിനും എത്താൻ വയ്യാത്തോട്ത്തിക്ക് കൊണ്ടോയി. ഞാൻ പറഞ്ഞാ ഇച്ചെക്കൻെറ വാപ്പന്നെ തിന്നും. ഇനി ഉള്ളതെങ്കിലും കണ്ണെത്ത്ണോടത്തു കെടക്കട്ടെ പടച്ചോനേന്ന് ഒറ്റ വിജാരേള്ളു."

പടിക്കൽ കുഞ്ഞരയ്ക്കാരുടെ തല പൊങ്ങി കണ്ടപ്പോൾ തിത്തുമ്മ സംസാരം നിർത്തി. കോലായിലേക്കു കയറുന്നതിനുമുമ്പു കുഞ്ഞരയ്ക്കാരു ചിരിച്ചുകൊണ്ടു ചോദിച്ചു:

"ങ്ങക്ക് തല്ലാൻ വയ്ക്ക്യോ നായരുട്ട്യേ?"

ഗോവിന്ദൻകുട്ടിയും തമാശയിൽ ചോദിച്ചു:

"ആരെയാ വേണ്ട്?"

"ഇബടെ മൂക്കു കീഴ്പ്പട്ടായ മുറിവിണ്ടാലന്മാരെക്കൊക്കെ തല്ലണംന്നാ പൂതി. വയ്ക്ക്യോ?"

ഗോവിന്ദൻകുട്ടി എഴുന്നേറ്റു. തടുക്ക് തിണ്ണയുടെ ഒരരുകിലേക്കു നീക്കിയിട്ടു ചുമർ ചാരിയിരുന്നു പറഞ്ഞു:

"തല്ലണെങ്കിൽ തല്ലാം."

"ൻെറ നോട്ടത്തില് രണ്ടാളെ തല്ലാനുണ്ട്. ഒന്ന് ങ്ങടെ അള്ള്യേനെത്തന്നെ. ഈ൱ച്ചപാക്യംകൊണ്ടു കായ്ണ്ടാക്ക്യേ ആ മൂക്കൻ നായരെ. ഇങ്ങക്ക് പറമ്പേം ദേസ്യം ബരണ്ട. അത് ങ്ങള് കയിച്ചാ, മറ്റതു ഞാനേറ്റ്."

ജാള്യത പുറത്തുകാട്ടാതെ രസം നടിച്ചുകൊണ്ടു ഗോവിന്ദൻകുട്ടി ചോദിച്ചു:

"മറ്റതാര്യാ?"

"മറ്റതു ചോയിക്കാൻണ്ടോ?" മൊയലാളീനെത്തന്നെ. അത്നുള്ള ആവതൊക്കെ കുഞ്ഞരയ്ക്കാരക്ക് ഇപ്പളും ണ്ട്ന്നു കൂട്ടിക്കോളി."

തിത്തുമ്മയ്ക്കതു പിടിച്ചില്ല:

"ദോക്കിൻ, ദമാഷ് പറേണന്നുംണ്ട് ഒരു തരോം ചെതും."

"ജ്ജ് മുണ്ടാണ്ടവിടെ ഇരുന്നോ. ഗോയിന്ദുട്ട്യാരെ, ന്നാപ്പിന്നെ ഈ കെഴക്കുമ്മുറി അംശത്തില് മന്സന്ന് ഒരു വിട്ടൊയിച്ചല്ണ്ടാവും. എന്തേ തോണ്ണ്യേത്?"

ഗോവിന്ദൻകുട്ടി ആ പരുക്കൻമനുഷ്യന്റെ തമാശയുടെ രസം ഓർത്തുനോക്കുകയായിരുന്നു.

“മണ്ണാരും ചെർമ്മക്കളും മാപ്ലക്കുണ്ടന്മാരും ശ്ശികൊണ്ടല്ലൊ. ഇനി തല്ലിന്റെ ചേല് ഓല്ക്കും ഒന്നു നോക്കണോലൊ.”

അരപ്പട്ടയുടെ കീശയിൽനിന്നു നാലണ തിരഞ്ഞെടുത്തു തിണ്ണയിലിട്ടുകൊടുത്ത് കുഞ്ഞരയ്ക്കാര് ബാപ്പുവിനോടു പറഞ്ഞു:

“എടാ കാഞ്ഞിരപ്പടിക്കലെ പീട്യേല് ഒരു തപ്പ് മണ്ണെണ്ണ വന്നിട്ടുണ്ട്ത്തറെ. കുപ്പിട്ത്തു ചെല്ല് വേഗം. അട്പ്പുംകണ്ണി കുത്തിര്ന്നിട്ടാ ചോറു വെയ്ക്കണ്. നാലണ്ടീസായിട്ട് അടോടെന്താ കാട്ട്ണ്?”

“കൊട്ടണ്ണീം തിരിംതന്നെ.”

ബാപ്പു നാലണയെടുത്തു തിരിച്ചും മറിച്ചും നോക്കി. പുറത്തേക്കു തൂക്കിയിട്ട കാൽ, വളരെ പ്രയാസപ്പെട്ടിട്ടെന്നപോലെ വലിച്ചെടുത്ത്, പിന്നേയും തിണ്ണയിൽത്തന്നെ ഇരുന്നു.

ചെക്കന്റെ തണുപ്പൻമട്ടു കണ്ടപ്പോൾ കുഞ്ഞരയ്ക്കാരുടെ തമാശയുടെ ഭാവം മാറി. ഇടത്തെ കൈ ഉയർത്തി നാടുമുഴുവൻ ഞെട്ടു

ന്ന ശബ്ദത്തിൽ അലറി:

"മണ്ടടാ ബലാലെ!"

ചരടിട്ടു തൂക്കിയ, മൂടുകുഴിഞ്ഞ കുപ്പിയും തൂക്കി ബാപ്പു ഓടി. ഒഴിച്ചുകൂടാത്ത തലയിൽ ക്കെട്ടുകൂടി എടുക്കാൻ മറന്നിരിക്കുന്നു സുൽ ത്താൻ.

മണ്ണെണ്ണയുടെ ക്ഷാമത്തെപ്പറ്റിയും ശർ ക്കരപ്പൊടിയിട്ടു ചായകുടിക്കേണ്ടിവന്ന ഗതി കേടിനെപ്പറ്റിയും കുഞ്ഞരയ്ക്കാർ പറഞ്ഞു.

യുദ്ധം എവിടെയെത്തിയെന്നു കുഞ്ഞര യ്ക്കാർക്ക് അറിയണമെന്നുണ്ട്. പക്ഷേ, ഗോ വിന്ദൻകുട്ടിക്കൊന്നും അറിഞ്ഞുകൂടാ. ആർ ക്കും വലിയ വിവരമൊന്നുമില്ല. ചായപ്പീടികയി ലിരുന്ന് ആളുകൾ ചന്തയ്ക്കുപോയപ്പോഴും പൊന്നാനി ആസ്പത്രിയിൽ പോയപ്പോഴും കേട്ട കഥകൾ വിവരിക്കാറുണ്ട്. പുത്തൻകുളത്തിൽ കടലാസ് വരുന്നുണ്ട്. പുത്തൻകുളത്തിലെ പണി ക്കാരനാണ് പുറത്തിറങ്ങുമ്പോൾ യുദ്ധത്തെപ്പറ്റി ദേശത്തെ ആളുകൾക്കും പറഞ്ഞുകൊടുക്കു ന്നത്. ആരെങ്കിലും സംശയം പ്രകടിപ്പിച്ചാൽ അവർ പറയും: "മൂപ്പര് കടലാസ് വായിച്ചു പറേണ് കേട്ടു."

ലോകത്തിൽ എവിടെയൊക്കെയോ യുദ്ധം നടക്കുന്നുണ്ട്. വിമാനങ്ങൾ ബോംബിടുകയും കപ്പലുകൾ മുങ്ങുകയും ആളുകൾ മരിക്കുകയും ചെയ്യുന്നുണ്ട്. നാട്ടിൽനിന്നു കുറേപ്പേർക്കു പട്ടാളത്തിൽ ജോലികിട്ടിയിട്ടുണ്ട്. അതിലപ്പുറമൊന്നും കിഴക്കുമ്മുറിയിൽ ആർക്കും അറിഞ്ഞുകൂടാ. മണ്ണെണ്ണയും പഞ്ചസാരയും കൊണ്ടെന്താ യുദ്ധത്തിനു കാര്യം? അതുമാത്രമാണ് ആളുകളെ വിഷമിപ്പിക്കുന്ന സംശയം.

യുദ്ധത്തിൽ ജയം ആർക്കാണെന്ന കാര്യത്തിൽ താൽപര്യമുള്ളവർ അപൂർവ്വമേ ഉള്ളു. കുന്നത്തമ്പലത്തലലെ എമ്പ്രാന്തിരി തൊഴാൻ ചെല്ലുന്നവരോടൊക്കെ പറയാറുണ്ടത്രേ, 'ജർമൻ' ജയിക്കുമെന്ന്. എമ്പ്രാന്തിരിക്ക് എന്തോ ജർമനിയിൽ വലിയ താൽപര്യമുണ്ട്. വൈകുന്നേരത്തെ പൂജയ്ക്ക് എമ്പ്രാന്തിരി മഠത്തിൽനിന്നിറങ്ങി, പാടത്തിൻെറ വക്കിലൂടെ തൂക്കുവിളക്കുമായി കടന്നുപോകുമ്പോൾ കളത്തിലെ പടിക്കൽ നില്ക്കും. ആരെയെങ്കിലും കണ്ടു ജർമൻെറ വിവരമന്വേഷിച്ചേ പോകൂ.

"കടലാസ് എന്തു പറേണു, ജർമൻ കേറ്വ ന്നല്ലേ?"

എമ്പ്രാന്തിരി നിരത്തിലൂടെ പോകുമ്പോൾ ആളുകൾ തമാശയ്ക്കു ചോദിക്കും:

“ജർമൻെറ ഒരു കപ്പല് മുങ്ങീന്നു കേട്ടു; നേരാ എമ്പ്രാന്തിരി?”

“ഹേയ്, ശുദ്ധ പൊളി. അവൻെറ കപ്പല് വെള്ളക്കാരനു തൊടാൻ കിട്ടില്ല. അവനേതാ വീരൻ!”

യുദ്ധം കഴിഞ്ഞാൽ ക്ഷാമം തീരുമെന്ന് ആളുകൾ വിശ്വസിക്കുന്നു. എവിടെച്ചെല്ലുമ്പോഴും കേൾക്കാം: “അപ്പഴയ്ക്കല്ലേ യുദ്ധം പൊട്ടീത്!”

അപ്പോഴെല്ലാം ഗോവിന്ദൻകുട്ടി ഓർമിക്കാറുണ്ട്. യുദ്ധം തീർന്നാലും അങ്ങാടിസാമാനങ്ങൾക്കു വില താണാലും വീട്ടിൽ ഒരു മാറ്റവും ഉണ്ടാവാൻ പോകുന്നില്ല. ശർക്കരെച്ചായയും കൊട്ടെണ്ണയും. ഉണ്ണാൻ വേണ്ട നെല്ലു മുറ്റത്തെത്തുന്നവർക്കേ ബുദ്ധിമുട്ടാവുന്നുള്ളൂ.

ചെറുകോടുനിലം കൊയ്താൽ കറ്റയെത്തുന്നതു മമ്മാലിയുടെ മുറ്റത്താണ്.

അയാൾ കുമാരേട്ടനെ വീണ്ടും ശപിച്ചു. വാക്കിനു വാക്കിനു പ്രമാണവും ശാസ്ത്രവും തോന്നുന്ന അമ്മ മറ്റുള്ളവർക്കു കൊടുക്കാറുള്ള ഒരുപദേശമുണ്ട്:

"സാമൂതിരികോവിലോത്തെ നെല്ലീം കണ്ടങ്ങോ രൻെറ കഴിച്ചില്വാ അവരടെ. എപ്പളും ഒരു കാര്യം ഓർക്കണം; കൊക്കിൽ കൊള്ളുന്നതേകൊത്താവൂ." ആ ഒരു കാര്യം ഓർമിക്കേണ്ട സമയത്ത് അമ്മ ഓർമിച്ചില്ല.

മേലേപ്പുറത്തെ തറവാട്ടുമഹിമ ചുമന്നുചുമന്നു നട്ടെല്ലു പൊട്ടാറായിരിക്കുന്നു. ഇനിയും എത്രനാൾ ചുമക്കാമെന്നൊന്നു കാണണം.

"എന്താ നായരേ, മുണ്ടാണ്ടു കുത്തിരിക്ക്ണ്?"

"ഹെയ് ഒന്നുംല്യ. എന്തേ കുഞ്ഞരയ്ക്കാര് കാണണംന്ന് പറഞ്ഞ്?"

കുഞ്ഞരയ്ക്കാർ എഴുന്നേറ്റ്, ഇറയത്തു സ്ഥാനംതെറ്റി തൂറിച്ചു നില്ക്കുന്ന ഓലക്കീറു തിരുകി ശരിപ്പെടുത്തി. "ആ ചെക്കൻെറ കത്തിനീം വന്നില്ല. ഒന്നുകൂടി എയ്തിനോക്യാലോ?"

"എഴുതാം."

"നെബീസോ, ആ എയ്താൻള്ളതൊക്കെ അട്ക്ക്ത്തോ. പായീം പലകീം എവടെ?"

തിത്തുമ്മ പായച്ചുരുളുകൾ നിലത്തേക്കിട്ടു. പലക കുഞ്ഞരയ്ക്കാരുടെ മുന്നിലേക്കു നിരക്കി വെച്ചു.

നിലത്തു പായ നിവർത്തിയിട്ടു പലകപ്പുറത്തു

വെച്ചാണ് എഴുതുക. കോലായിൽ മാറു തടവി കണ്ണടച്ചു നടന്നുകൊണ്ടു കുഞ്ഞരയ്ക്കാർ ഓർത്തോർത്തു പറയും, തിത്തുമ്മ ഓരോ വാക്കും ശ്രദ്ധിക്കും; വാതിലിനപ്പുറത്തുനിന്നു നെബീസുവും.

"പടച്ചവൻെറ വേണ്ടുകയാൽ മകൻ മാനുട്ടി വായിച്ചറിവാൻ വാപ്പ എഴുത്ത്."

അതങ്ങനെതന്നെ എഴുതണം. ആദ്യം കത്തെഴുതിയപ്പോൾ ഗോവിന്ദൻകുട്ടി അതു പരിഷ്കരിച്ചെഴുതി:

പ്രിയപ്പെട്ട മകന്.

"അങ്ങനെ പോര നായരുട്ട്യേ, അതൊക്കെ അയിൻെറ മട്ടംപോലെ തന്നെ എയ്തണം."

മാനുട്ടിയുടെ കത്തു കാണാത്തതുകൊണ്ടു ബാപ്പയും കുടിയിലുള്ളവരും വളരെ വ്യസനിച്ചിരിക്കയാണ്. പടച്ചവൻ സഹായിച്ചു സുഖക്കേട് ഒന്നുമില്ലെന്നു വിശ്വസിക്കുന്നു.

ഇക്കുറി കായ്കറി മോശമാണ്. തുടക്കത്തിൽ തന്നെ തണ്ടുപഴുത്തു കുറെ നഷ്ടം വന്നു. എന്നാലും അങ്ങനെയൊക്കെ കഴിയുന്നു.

"വരണ്ട കാരിയംകൂടി ഒന്നെയ്തി."

ക്ഷമകെട്ട തിത്തുമ്മ പറഞ്ഞപ്പോൾ

കുഞ്ഞരയ്ക്കാർ കനത്ത സ്വരത്തിൽ താക്കീതു ചെയ്തു:

“ചെലയ്ക്കാണ്ടിരുന്നോ. ജ്ജ് ന്നെ പഠിപ്പിക്കണ്ട.”

അവസാനം മാനുട്ടി കഴിയുന്ന വേഗം വരേണ്ട കാര്യവുമെഴുതി.

“നെബീസൂനെ നോക്കാൻ പട്ടാമ്പിക്കാര് ഒരു കൂട്ടര് ബന്നിര്ന്ന്.”

ഗോവിന്ദൻകുട്ടി ഒരു നേർത്ത ചിരിയോടെ വാതിൽക്കലേക്കു നോക്കി. നനുത്ത കാലൊച്ച വാതിൽക്കൽനിന്ന് അകത്തേക്കു സഞ്ചരിക്കുന്നു. കുഞ്ഞരയ്ക്കാർ കണ്ണടച്ചുകൊണ്ടുതന്നെ നടന്നു പറയുകയായിരുന്നു:

“അത്യമ്മാൻകാക്ക ബയിക്കാണു ബന്നത്. സംഗതി തെറ്റില്ല. അഞ്ച് പവന്റെ പണ്ടം പണിച്ചിട്ടാ മതി. ചെക്കനു പട്ടാമ്പി അങ്ങാടീല് ചെറ്യോര് കച്ചോടംണ്ട്. പൊത്ത്യേര്ത്തുള്ള കൂട്ടരാ. ഞാൻ ഇബടെ കൂട്ടീട്ട് ഒരു പാകം കാണ്ണില്ല. ഇഞ്ഞ്യാക്കെ നെന്റെ അഭിപ്രായംപോലെ.”

കുഞ്ഞരയ്ക്കാര് ഗോവിന്ദൻകുട്ടി എഴുതിക്കഴിയുന്നതുവരെ കടലാസിലേക്കു നോക്കി

കൊണ്ടുനിന്നു.

"അങ്ങനെ പോരെ?"

"മതി."

"ബരാൻ താമസം ണ്ടച്ചാല് കായ്യ്യയയ്ക്കാൻ" തിത്തുമ്മയ്ക്കു മുഴുമിക്കാൻ പറ്റിയില്ല. കുഞ്ഞരയ്ക്കാർ ഒന്നു നോക്കി.

"ത്ഫൂ! ആംതൂരന്മാര് അൻെറ തലേൻറുള്ള് കാണണ്ട."

തിത്തുമ്മ നിരാശയോടെ ഒതുങ്ങിയിരുന്നു.

"ന്യൊന്നു വായിയ്ക്കീ. വല്ലിച്ചും വിട്ട്ട്ണ്ടോ നോക്കട്ടെ."

ഗോവിന്ദൻകുട്ടി വായിച്ചുകൊടുത്തു. കുഞ്ഞരയ്ക്കാർക്കു തൃപ്തിയായി.

"മടക്കിനോക്കിൻ. മോളേ നെബീസോ്വാ!"

അടുക്കളെയിൽനിന്ന് നെബീസു വിളികേട്ടു.

"ആ കാപ്പട്ടീൻറവ്വുത്ത് വിലാസം എയ്ത്യേ തുണ്ടുണ്ട്. അതു കൊണ്ടോന്ന്വാട്ക്ക്."

വിലാസമെഴുതി ഒട്ടിച്ച കവർ കുഞ്ഞരയ്ക്കാർ ഏറ്റുവാങ്ങി.

"രാവിലെ ചെക്കനെ വിടണം."

"നാളത്തെ തവാലില് പോയാ എന്നാ കിട്ട്വാ, ഗോയിന്ദുട്ട്യോരെ?" തിത്തുമ്മ അന്വേഷിച്ചു.

"നാലീസം മതി."

"മടക്കത്തവാലില് ബദലിട്ടാ വെള്ള്യാടു വെള്ളി എട്ട്. ശന്യൊമ്പത്. തിങ്കളാഴ്ച ശിവായി വരുമ്പം മറൂടിണ്ടാവണം."

മൂന്നുനാഴിക ദൂരെയാണു തപാലാപ്പീസ്. ആഴ്ചയിൽ രണ്ടുദിവസമാണ് ശിപായി ഈ അംശത്തിലേക്കു വരവ്.

റോഡിലൂടെ ഉറക്കെയുറക്കെ സംസാരിച്ചു വന്ന മൂന്നുനാലുപേർ പടിക്കലെത്തിയപ്പോൾ വിളിച്ചുപറഞ്ഞു:

"കാഞ്ഞിരപ്പടിക്കലെ് മണ്ണെണ്ണ കൊടു ക്കണ്ണ്ണുണ്ടത്രെ കുഞ്ഞരയ്ക്കാരാപ്ലേ."

ഗോവിന്ദൻകുട്ടി തിണ്ണയുടെ മുകളിലേക്ക് എത്തിച്ചുനോക്കി.

കവിളരിശുപിടിച്ച് ഒരുഭാഗം മുഖം വാവൽ ചപ്പിയ പറങ്കിമാങ്കപോലെ വികൃതമായുള്ള ആശാരിക്കുഞ്ചുവാണ്.

"ഞാൻ വാപ്പൂനെ വിട്ട്ട്ടുണ്ട്, കുഞ്ചോ്വാ."

"ആ കമ്മളും ണ്ടോ? കേട്ടില്ല്യേ പൂരം? അപ്പു ക്കമ്മളും, അധികാരീം തമ്മില് തിക്കും തെരക്ക്വാ യിത്രെ. ചോന്ന തലക്കെട്ട്വാര് വരുംന്നന്ന്യാ തോ ന്നണ്."

"എന്തോ?"

"എന്തെടൊ കുഞ്ഞോ്വാ?"

ശേഖരൻനായർ യാദാസ്തിന് അധികാരിയുടെ അടുത്തേക്ക് ആളെ അയച്ചു. അധികാരി മുതലാളിയുടെ ആശ്രിതനായതുകൊണ്ട് യാദാസ്ത് കൊടുത്തില്ല. അധികാരിപ്പണിമാത്രം പാരമ്പര്യംകൊണ്ടു കിട്ടിയ നാരായണൻനായർ ഇരിക്കുന്ന വീടും പറമ്പും കൂടി മുതലാളിക്കു പണയമാണ്. അയാളുടെ അധികാരസ്ഥാനം മാറ്റാൻ ശേഖരേട്ടൻ കുറെ ശ്രമിച്ചുകാണും. അപ്പോൾ അധികാരിക്കുവേണ്ടി മുതലാളിയും തുക്കിടിയെ സ്വാധീനിച്ചു. സ്വത്തില്ലെങ്കിലും കാസരോഗിയും പ്രാരബ്ധക്കാരനുമായ നാരായണൻനായർ അധികാരിയായി തുടരുന്നു.

"ഇൻസ്‌റ്റരടൿത്തിയ്ക്ക് വല്യമ്മള് ആളെ വിട്ട്ട്ട്ണ്ടത്രെ." അവർ കടന്നുപോയപ്പോൾ കുഞ്ഞരയ്ക്കാർ നരച്ച മീശ തടവിക്കൊണ്ടു പഴയ ചോദ്യം വീണ്ടും എടുത്തിട്ടു:

"ങക്ക് തല്ലാൻ വയ്ക്ക്യോ നായരേ?"

ഇപ്പോൾ തമാശയുടെ സ്വരം നഷ്ടപ്പെട്ടിരുന്നു. ഗോവിന്ദൻകുട്ടി എഴുന്നേറ്റു.

"എവടയ്ക്കാഞ്ഞി?"

"അക്കരെക്കടെക്കണം, പള്ള്യാലില് പത്തു വാഴയ്ക്കു സ്ഥലം ചോയിച്ചുട്ട്ണ്ട്. എന്തായി നോക്കട്ടെ."

"ദ്ക്കൂടെ അങ്ങ് എറങ്ങിക്കോളിന്ന്. പഹേര് തോണി ഇത്തലയ്ക്കാന്നാ വിട്ണ്പ്പോ."

കുഞ്ഞരയ്ക്കാരുടെ പുരയുടെ പിന്നിൽനിന്നു പുഴവക്കത്തേക്കിറങ്ങാൻ പടവുകൾ വെട്ടിയിട്ടുണ്ട്. പുഴയ്ക്ക് അവിടെ വീതി കുറവാണ്. തുലാവർഷത്തിൽക്കൂടി അവിടെ അല്പം മണൽത്തിട്ടു ബാക്കി നില്ക്കാറുണ്ട്.

പടവുകളിറങ്ങുമ്പോൾ നെബീസു കയറിവരുന്നതു കണ്ടു. ഒരാൾക്കുമാത്രം ഇറങ്ങാൻ പാകത്തിലാണ് വഴി. അയാൾ അവൾ കയറിപ്പോകാൻ വേണ്ടി മാറിനിന്നു. മുകളിലെത്തിയപ്പോഴാണ് അവൾ ഗോവിന്ദൻകുട്ടിയെ കണ്ടത്. നീലക്കരയുള്ള തട്ടത്തിനു താഴെ കുമ്പാളയുടെ നിറമുള്ള അവളുടെ മുഖം ആകെ തുടുത്തുപോയി.

"പട്ടാമ്പിക്കാര് നോക്കീട്ട് എന്തേ പറഞ്ഞ് നെബീസോ?"

നെബീസുവിന്റെ മുഖം ഒന്നുകൂടി ചുവന്നു.

"മുണ്ടാണ്ടെ പൊക്കോളിൻ നായരെ." അവൾ

പിറുപിറുത്തു. എന്നിട്ടു ധൃതിയിൽ നടന്നു. തിരിഞ്ഞുനോക്കിയപ്പോഴും നായര് ചിരിച്ചുകൊണ്ടു നില്ക്കുകയാണ്. അവൾക്കു വല്ലാത്ത അരിശം തോന്നി. ഒന്നിനോ്വാകണോംപോന്ന പെണ്ണൊരുത്തിയായെന്ന് ഉമ്മ പറയാറുള്ള കാര്യം അവൾ തല്ക്കാലത്തേക്കു മറന്നു. ഒന്നു കൊഞ്ഞനം കാണിച്ചിട്ട് അവൾ കൂടുതൽ അരിശത്തോടെ വീടിനകത്തേക്കു കടന്നു.

മൂടിക്കെട്ടിയ ദിവസമായിരുന്നു. രാവിലെമുതല്ക്ക് ആകാശത്തിൽ കാറും കറുപ്പുമുണ്ട്. പെരുമഴയുടെ ലക്ഷണമുണ്ടെങ്കിലും തുള്ളിയിടുന്നതേയുള്ളൂ, ഇടയ്ക്കിടയ്ക്ക്. നനഞ്ഞ മുറ്റത്തു ചാണകം മെഴുകി രണ്ടു തുമ്പക്കുടവും ഒരു മുക്കുറ്റിയും കുഞ്ഞേ്യാപ്പോള് പൊട്ടിച്ചിട്ടപ്പോൾ കോലായിൽ കുന്തിച്ചിരിക്കുന്ന ഗോവിന്ദൻകുട്ടി മനസ്സിലാവാത്ത മട്ടിൽ പെങ്ങളെ നോക്കി.

"ഇന്നത്താണ്."

ഒരുത്സാഹവും തോന്നിയില്ല. വലിയ പൂവട്ടി നിറയെ കണ്ണാന്തളിപ്പൂക്കൾ, ചെറിയ പൂവട്ടി നിറയെ തുമ്പപ്പൂവ്. ചാണകം മെഴുകിയ കളത്തിനു നടുവിൽ പൂക്കൾ നിറഞ്ഞുകിടക്കുന്ന ആ ദിവസം പുലരുന്നതു കൊതിച്ചുകൊണ്ട് കാത്തി

രിക്കാറുള്ള കുട്ടിക്കാലത്തെപ്പറ്റി ഓർത്തപ്പോൾ എന്തെന്നില്ലാത്ത ഒരു ദുഃഖം തോന്നി. അലരിയും തെച്ചിയും അന്വേഷിച്ചു വീട്ടിക്കാട്ടിൽ നടന്ന ഉത്രാടപ്പൂലരിയും എല്ലാം വേദനയോടെ മാത്രമേ അയവിറക്കാൻ കഴിയൂ.

കരിമ്പടം പുതച്ചു വടിയൂന്നിക്കൊണ്ടു കിണറ്റിൻകരയിൽനിന്നു പ്രയാസപ്പെട്ടു കയറിവരുന്ന അമ്മ പതിവുപോലെ ഒരു പഴമൊഴി പറഞ്ഞു:

"അത്തം കറുത്താ ഓണം വെളുക്കും; അതാണ് ശാസ്ത്രം."

എന്തോ, കണ്ടുതന്നെ അറിയണം. കൊയ്ത്തു കഴിഞ്ഞു നാലു ദിവസമായിട്ടും മമ്മാലിയുടെ കൂലിക്കാർ വന്നിട്ടില്ലാത്തതുകൊണ്ടു ശാസ്ത്രം പിഴയ്ക്കുമെന്നാണു തോന്നുന്നത്.

അയാളുടെ ചിന്തകൾ വായിക്കുന്നുണ്ടെന്നു തോന്നി കുഞ്ഞ്യോപ്പോള്.

"മമ്മാലി എന്തേ പറഞ്ഞ്?"

"ഒന്നും പറഞ്ഞിട്ടില്ല. ഒന്നുംകൂടി ചോയിച്ചോക്കട്ടെ ഞാൻ."

മമ്മാലിയോടു ചോദിക്കാൻ വിഷമമുണ്ടായിരുന്നു. കഴിഞ്ഞ മകരത്തിൽത്തന്നെ രണ്ടു പൂവലിനുംകൂടിയുള്ള നെല്ലു വാങ്ങിയിട്ടുണ്ട്.

എന്നാലും അവൻ അറിഞ്ഞു ചെയ്യേണ്ടതാണ്. അടയ്ക്കാക്കുറ്റിയിൽനിന്നും വാങ്ങാവുന്നതിലധികം വാങ്ങിക്കഴിഞ്ഞിരുന്നു.

അമ്മ ഉപദേശിച്ചു:

"ഓണം തിരോണായിട്ടു വറത്തുകുത്തിവെയ്ക്കാൻ എടവർത്തര്ത് ഗോയിന്ദുട്ട്യേ, പറഞ്ഞിക്കാം. ഉള്ളതെന്താച്ചാൽ നേർത്തെ കൊണ്ടന്നിട്ടാൽ, വെയിലും വെക്കാനായിട്ടു നെല്ല് വെച്ചോണക്കി അര്യാക്കാം."

ഗോവിന്ദൻകുട്ടി ഒന്നും മിണ്ടിയില്ല. കുഞ്ഞ്യാപ്പോള് നിവർത്തിയിട്ട ഈറൻതലമുടി വേർപെടുത്തിക്കൊണ്ടു മുറ്റത്തേക്കു നോക്കി നില്ക്കുകയായിരുന്നു. അവരുടെ മുഖം കരുവാളിച്ചിരുന്നു. കണ്ണുകളുടെ തടങ്ങളിൽ ചുരുണ്ടുകൂടിയ നിഴൽപ്പാടുകൾ പെരുകീട്ടുണ്ട്.

ഇന്നലെ രാത്രി: ഊണു കഴിഞ്ഞശേഷം അടുക്കളയിൽ തീയെടുക്കാൻവേണ്ടി ചെന്നപ്പോൾ അമ്മ തളത്തിലിരുന്നു കഞ്ഞി കുടിക്കുകയായിരുന്നു. അമ്മയ്ക്ക് ഊണു കഴിച്ചാൽ ദഹനമില്ല, രണ്ടുനേരവും കഞ്ഞിയാണ്. അടുക്കളയിൽ കുഞ്ഞ്യാപ്പോള് ഉണ്ടായിരുന്നില്ല. തീക്കൊള്ളിയെടുത്തു ബീഡി കത്തിച്ചുതിരിഞ്ഞപ്പോൾ

വീതനപ്പുറത്തിരിക്കുന്ന പാത്രം വെറുതെ തുറന്നുനോക്കി. അടിയിൽ നാലഞ്ചു വറ്റുമാത്രം വരണ്ടുകിടക്കുന്നു. അപ്പോൾ കുഞ്ഞ്യാപ്പോള് വരുന്ന ശബ്ദം കേട്ടു. ധൃതിയിൽ ഉമ്മറത്തേക്കു നടക്കയും ചെയ്തു.

വെയ്ക്കാനരിയില്ല, എന്നു കുഞ്ഞ്യാപ്പോളുടെ ആ നില്പിൽനിന്നു മനസ്സിലാവും.

അയാൾ ഒന്നും ചോദിച്ചില്ല. അവരൊന്നും പറഞ്ഞില്ല.

ഉത്തരത്തിൻെറ മൂലയിൽവെച്ച തൊപ്പിക്കുടയെടുത്തു തലയിൽ കമഴ്ത്തി നേരെ മേലേപ്പടി കയറി മുച്ചിക്കാടു കടന്നു പറങ്കിമാവുകൾ വളരുന്ന ചരൽപ്പറമ്പുകളിലൂടെ നടന്നു. അതിരാളൻ കുന്നിൻെറ ചെരുവിൽ നിന്നു മരം വെട്ടുന്ന ശബ്ദവും അതിൻെറ മാറ്റൊലിയും കേട്ടു. കുമാരേട്ടൻ വിറ്റ കളപ്പടിക്കലെ തന്ത്യാവ് ഇനിയും മരക്കച്ചവടക്കാരൻ മുറിച്ചുകൊണ്ടുപോയിട്ടില്ലെന്ന കാര്യമാണ് ഓർമവന്നത്.

ഒറ്റപ്പെട്ട പറങ്കിമാവുകൾ വളരുന്ന ചരൽപ്പറമ്പുകൾ ക്രമത്തിൽ ഉയർന്നുചെന്നു കുന്നുകളിൽ തലചായ്ക്കുന്നു.

അടയ്ക്കപെറിക്കാരൻ പറങ്ങോടൻെറ പുര

കടന്നപ്പോൾ ഇടവഴിയിലൂടെ പെണ്ണുങ്ങളും കുട്ടികളും ധൃതിപിടിച്ച് ഒരു സംഘമായി പോകുന്നതു കണ്ടു.

അപ്പുറത്തെ മൊട്ടപ്പറമ്പിൽ ഓലകുത്തി മറച്ചുണ്ടാക്കിയ കൂരയുടെ വാതില്ക്കൽ മൂടിപ്പുതച്ചു പൊട്ടിയൊലിക്കുന്ന വിരലുകളിൽ പൊതിഞ്ഞു കൂടുന്ന ഈച്ചകളെ പ്രാകിയിരിക്കുന്ന കുഷ്ഠരോഗി പാറുത്തള്ള ചോദിച്ചു:

"എവടക്കാ എച്ച്മോ!"

ആരും മറുപടി പറഞ്ഞില്ല.

"എവട്യ്യാടീ മാമാങ്കം?"

കടന്നുപോകുന്നവരാരും അതിനു മറുപടി പറഞ്ഞില്ല. ആശാരിക്കുഞ്ചുവിൻെറ പടിക്കൽ നിന്ന് ഒരു പെണ്ണു വിളിച്ചുപറഞ്ഞു:

"ചീരേടത്ത്യേ, ചീരേടത്ത്യേ, വെട്ടത്തെ കമ്മടോടെ പന വെട്ടണ്ണ്ട്. പോര്ണെങ്കി പോരിൻ."

കുഷ്ഠരോഗി പാറുത്തള്ള പിന്നേയും വിളിച്ചു ചോദിച്ചു: "എവടയ്ക്കാടീ ങ്ങളൊക്കെ?"

ആരും ശ്രദ്ധിച്ചില്ല.

"നല്ല പൊടിള്ള പനയാത്രേ."

സംഘത്തിൽ ആളുകൾ കൂടുന്നുണ്ടായിരു

ന്നു. അവർ ഇടവഴിയിലേക്കിറങ്ങി. പാറുത്തള്ള ഈച്ചകളെ ആട്ടിപ്പിടിച്ചും പ്രാകിയും പിന്നേയും ആരോടെന്നില്ലാതെ പറഞ്ഞു:

"ചോദിച്ചാ ഒന്നിനും നാവില്ല."

ദ്രവിച്ച തെങ്ങോല കുത്തിമറച്ച ആ പുരയും കുഷ്ഠരോഗം മാന്തിക്കീറിയ ആ തള്ളയും മരണത്തിൻെറ ക്രൂരമായ ഒരു പരിഹാസംപോലെ എന്നും അവിടെയുണ്ടായിരുന്നു.

ആദ്യമായി ആ വഴി സ്കൂളിലേക്കു പോയപ്പോഴും പാറുത്തള്ളയുണ്ടായിരുന്നു.

അന്നും ചെവി കേൾക്കില്ല. വ്രണങ്ങൾ മാന്തി വെയിലു കാഞ്ഞുകൊണ്ടു പറമ്പിൻെറ അതിർത്തിയിൽ ഉയർന്നുകാണുന്ന പാറക്കെട്ടിൻെറ മുകളിൽ ആ സത്വത്തെക്കണ്ടപ്പോൾ ഭയപ്പെട്ടു പോയിട്ടുണ്ട്.

ഭയത്തിൻെറ സ്ഥാനത്തു പിന്നീട് അറപ്പായിരുന്നു. ഒരിക്കലും ഒന്നു നേരെ നോക്കാൻ മനസ്സുവന്നിട്ടില്ല. മേച്ചിൽപ്പുറമ്പിറങ്ങി വേനൽക്കാലത്തു ഞാവൽപ്പഴങ്ങൾ പൊട്ടിച്ചിതറിക്കിടക്കാറുള്ള കുന്നിൻചെരുവിലൂടെ നടന്ന് ഇവിടെയെത്തുമ്പോൾ ഇടംകണ്ണിട്ടു നോക്കും. അപ്പോൾ ഓലപ്പുരയുടെ വാതില്ക്കൽ ആകെ

മൂടിപ്പുതച്ച ഒരു രൂപം ഇരിക്കുന്നുണ്ടാവും-പാറുത്തള്ള.

രാജമ്മുവിന് ഭ്രാന്തന്മാരേക്കാൾ, വെട്ടുപോത്തിനേക്കാൾ, ഭയമായിരുന്നു പാറുത്തള്ളയെ കാണുമ്പോൾ.

"അതതാ വര്ണൂ. നിക്ക് പേട്യാവ്ണൂ."

"ആ തള്ള ഒന്നും കാട്ടില്യ കുട്ട്യേ. അതിൻ്കൂാാ."

പടിക്കലെത്തിയപ്പോൾ മമ്മാലിയുടെ മൂത്തമകൻ എതിരേ വരുന്നുണ്ടായിരുന്നു.

"വാപ്പണ്ടോ അവടെ?"

"ഉണ്ട് തോണ്ടീ."

മമ്മാലി തൊടിയിലായിരുന്നു. കവുങ്ങിൻതോട്ടത്തിൻെറ അതിരിലെ മാവിന്മേൽ പടർത്തിയ മുളകുവള്ളിയിൽനിന്ന് ഏണി ചാരിവെച്ച് ഒരു ചെറുമച്ചെക്കൻ തോക്ക പൊട്ടിച്ചിടുന്നുണ്ടായിരുന്നു.

"ആ, ഗോയിന്ദുട്ട്യാരോ?"

തോക്ക പെറുക്കിക്കൂട്ടുന്ന മമ്മാലികണ്ടപ്പോൾ ലോഹ്യം പറഞ്ഞു.

"അരച്ചാക്ക് മൊളക്ണ്ടാവാറുണ്ട് ഈ ഒറ്റക്കാല്മ്മ്ന്ന്. ഇക്കുറി ഒരു മൊറം കിട്ടൂല. എടാ

തുപ്രാ ആ പൊടസ്സൂണ്ണീസ്ല്ത്തീം നുള്ള്ണം. ഒരു തിരീം പൂവാണ്ള്. പെറ്ക്കി കോലായ്ത്ത്ങ് കൊണ്ടന്നിട്. ഗോയിന്ദുട്ട്യാര് ഇരിക്ക്ണില്ലേ?"

"വേണ്ട."

"എന്തേ എറങ്ങീത് ഈ ബയിയ്ക്ക്?"

കൊയ്ത്തിനെപ്പറ്റിയും വിളവിനെപ്പറ്റിയും ക്ഷാമത്തെപ്പറ്റിയും സംസാരിച്ച് അവസാനം നെല്ലിൻെറ കാര്യം പറയണമെന്നാണ് ആദ്യം കരുതിയിരുന്നത്. മമ്മാലിക്കറിയാം വന്ന കാര്യം. വളച്ചുകെട്ടി പറഞ്ഞുകൊണ്ടുവന്നാൽ കൂടുതൽ വിഡ്ഢിയാവുകയാണ്.

"ഒരു ചാക്കു നെല്ലു തരണം മമ്മാലി."

വളരെ പെട്ടെന്നാണ് പറഞ്ഞത്. മമ്മാലിക്കു പറയാൻ കിട്ടുന്നതിനുമുമ്പ് അയാൾ വിശദീകരിച്ചു:

"വീട്ടില് ഒരുമണി നെല്ലില്ല. ഒരു ഓണാണ് വരണത്."

മമ്മാലി വീണുകിടക്കുന്ന ഉണങ്ങിയ ഇലകൾക്കിടയിൽനിന്നു മുളകുതോക്ക ചികഞ്ഞെടുത്തു മുഖമുയർത്താതെ പറഞ്ഞു:

"ഇക്കുറി വെളവൊക്കെ മോശാ ഗോയിന്ദുട്ട്യാരേ."

വിളവു മോശമായിരുന്നില്ല. വിളഞ്ഞുകിടക്കുന്ന കതിരുകളെ അയാളുടെ കണ്ണുകൾ തൊട്ടു തടവാത്ത ദിവസങ്ങൾ അപൂർവ്വമായിരുന്നു.

"കണ്ടത്തില് കണ്ടപ്പം നല്ല നെല്ലേര്ന്ന്. മെതിച്ചപ്പോ പതിരിന്റെ ഒരു കൊളേളര്ന്ന്. വിത്തും വല്ലീം ഒത്തുന്നേളളു."

"മമ്മാലി സഹായിക്കാഞ്ഞാ ഇക്കുറി ഞങ്ങടെ ഓണം-"

മമ്മാലി തോക്ക തിരച്ചിൽ മതിയാക്കി എഴുന്നേറ്റുനിന്നു. എന്നിട്ട് അറിയാത്ത ഭാവത്തിൽ ചോദിച്ചു:

"മകരത്തിലെ കൊയ്ത്തിനു കണക്കിലെത്ര ബാക്കിണ്ട്, ഗോയിന്ദുട്ട്യാരേ?"

"കണക്കുപ്രകാരം ഇനി അടുത്ത മുണ്ടകത്തിലേ തരണ്ടൂ. അതിനിക്കറിയാം. കണക്കുപ്രകാരമല്ല ചോയ്ച്ചതും-"

ഗോവിന്ദൻകുട്ടിക്കു താൻ അയാളുടെ മുമ്പിൽ ചെറുതായിച്ചെറുതായി നിലംപറ്റിപ്പോവുകയാണെന്നു തോന്നി.

"ഒരു ചാക്കു നെല്ലു തന്നാൽ വല്യ ഉപകാരാവും. മുണ്ടോത്തില് വടിക്കുമ്പോൾ അതു കിഴിക്കും ചെയ്യാം."

മമ്മാലി ആലോചിച്ചു.

"ഗോയിന്ദുട്ട്യാരേ, വയ്ക്കെങ്കില് ഞാ മുട്ടും തടവും പറയില്ല, വെള മോശാണ്. ഉണ്ടാവില്ല. അതോണ്ടന്ന്യാ."

പിന്നേയും ആവർത്തിക്കുന്നത് വെറുതെയാണെന്നു തോന്നി.

ആട്ടെ എന്നു മാത്രം പറഞ്ഞു പോകാൻ ഭാവിക്കുമ്പോൾ മമ്മാലി പറഞ്ഞു:

അലോഗ്യം ഒന്നും തോന്നര്ത്. ഒരു പൊത്ത്യേരത്തും ല്യാത്തോണ്ടാ."

"എന്തിന് അലോഗ്യം?"

അയാൾ പതുക്കെ തിരിച്ചുനടന്നു. പടി കടന്നപ്പോൾ നടത്തത്തിനു വേഗം കൂട്ടി. ചാറൽമഴ നിന്നിരുന്നു. ആകാശം തെളിഞ്ഞിട്ടുണ്ട്. ചരൽപ്പറമ്പുകളിൽ പറങ്കിമാവുകൾക്കിടയിലെ ഒഴിഞ്ഞ വിടവുകളിൽ തിളങ്ങുന്ന ഈറൻവെയിൽക്കീറുകൾ വീഴാൻ തുടങ്ങിയിരുന്നു.

അത്തം വെളുക്കുകതന്നെയായിരുന്നു. ഒരിക്കൽ അമ്മയുടെ ശാസ്ത്രം ശരിയാവാൻ തന്നെയാണ് പോകുന്നത്. ഇടവഴി കടന്നപ്പോൾ പറങ്ങോടന്റെ പറമ്പിനപ്പുറത്തു ചെലന്നിക്കൂട്ടം നില്ക്കുന്ന അതിർത്തിക്കടുത്ത

പാറക്കെട്ടിൽ മുഷിഞ്ഞ ഒരു തുണിക്കഷണം പുതച്ചു കുഷ്ഠരോഗി പാറുത്തള്ള വെയിൽ കായാൻ എത്തിയിരിക്കുന്നു.

പണ്ടൊരിക്കലും ആ തള്ളയോടിത്ര വെറുപ്പു തോന്നിയിട്ടില്ല.

അസത്ത്, ചാവില്ല. ഇനിയും ഒരു നൂറു കൊല്ലം കഴിഞ്ഞ് ഒരു ചിങ്ങമാസത്തിൽ ഈ വഴി ആരെങ്കിലും കടന്നുപോകുമ്പോഴും ഈ പാറപ്പുറത്തു നനഞ്ഞ വെയിലത്ത് ഈച്ചപൊതിഞ്ഞ വ്രണങ്ങളെ ലാളിക്കുന്നുണ്ടാവും......

## 3

**വീ**ട്ടിലേക്കു മടങ്ങിച്ചെല്ലാൻ മനസ്സു വന്നില്ല. രണ്ടു മാർഗ്ഗം മുന്നിലുണ്ട്. ഒന്നു നേരെ പൂന്തോട്ടത്തിൽ ചെന്നു മാധവിയേടത്തിയെ കണ്ടു കാര്യം പറയുക. പിന്നീടാലോചിച്ചപ്പോൾ അതേതായാലും വേണ്ടെന്നു തോന്നി. മാധവിയേടത്തിക്കു നെല്ലു തരണമെങ്കിൽ

ശേഖരേട്ടനോടു ചോദിക്കണം. ചോദിച്ചാൽ തരാതിരുന്നിട്ടല്ല. അതു കടംവാങ്ങലാവില്ല. തിരിച്ചു കൊടുത്താൽ വാങ്ങില്ല. മാനക്കേട്!

പുത്തൻകളത്തിൽ ചെന്നു കുട്ടിശ്ശങ്കരമേനോനോടു ചോദിച്ചാൽ ഒരുപക്ഷേ കിട്ടിയെന്നു വരും. കുട്ടിശ്ശങ്കരമേനോനു ഗോവിന്ദൻകുട്ടിയെ അറിയാം; താഴത്തേതിലെ സ്ഥിതിയുമറിയാം. പുത്തൻകളത്തിൽ ചെന്നു കടം ചോദിക്കുമ്പോൾ-

വരണ്ട വറ്റുകൾ പറ്റിക്കിടക്കുന്ന ഒരൊഴിഞ്ഞ ചോറ്റുപാത്രത്തിൻെറ ഓർമ മനസ്സിലുണ്ടായിരുന്നു. അപ്പോൾ തീരുമാനിച്ചു, കുട്ടിശ്ശങ്കരമേനോനെ കാണുകതന്നെ.

പുത്തൻകളത്തിലെ മേലെപ്പറമ്പിലെത്തിയപ്പോൾ കണ്ടങ്കോളി കുടപ്പനയോല വെട്ടുന്നതു കണ്ടു.

“എവടക്കാ ചെറ്യമ്പ്രാ?”

“കളത്തിലിയ്ക്ക്. കുട്ടിശ്ശങ്കരമേൻനെ ഒന്നു കാണണം.”

“തമ്പ്രാൻ അവ്ടില്ലല്ലോ ചെറ്യമ്പര്രാ. വെളുക്കുമ്പ പോയതാ.”

ഗോവിന്ദൻകുട്ടി സംശയിച്ചുനിന്നു.

"മുത്തമ്പ്രാൻ ണ്ട്."

നാണപ്പമേനോൻ ഉണ്ടായതുകൊണ്ടു കാര്യമില്ല. നാണപ്പമേനോനു തന്നെ കണ്ടാൽ അറിയുകപോലുമില്ല. വളരെക്കാലം അദ്ദേഹം പെനാങ്കിലോ സിങ്കപ്പൂരിലോ ഒക്കെ ആയിരുന്നു. ഇപ്പോൾ നാട്ടിൽ ഉദ്യോഗമൊഴിഞ്ഞു വന്നിരിക്കുകയാണ്. പ്രായംകൊണ്ടു കാരണവർ അദ്ദേഹമാണെങ്കിലും കാര്യം നോക്കുന്നതു കുട്ടിശ്ശങ്കരമേനോനാണ്.

"എപ്ലാ തമ്പ്രാൻ വരാ കണ്ടങ്കോള്യേ?"

എവിടയ്ക്കാണെന്നു കണ്ടങ്കോളിക്കറിഞ്ഞുകൂടാ.

"ഉച്ചാമ്പ്ളയ്ക്ക് വരാണ്ടിരിക്കൂല. മ്മിണി അകലത്തിക്കൊന്നവാവൂലാ."

അയാൾ നേരെ മടങ്ങി. വീട്ടിലെത്തിയപ്പോളുണ്ട്, ഉമ്മറപ്പടിയിൽ കുമാരേട്ടൻ ഇരിക്കുന്നു. പ്ലാവു മുറിപ്പിക്കാൻ വന്നതായിരിക്കും. കുളപ്പടിക്കലെ തന്തപ്ലാവിൽനിന്നാരംഭിക്കട്ടെ. പിന്നെ നല്ല മരങ്ങളൊന്നുമില്ല. കയ്യാലത്തറയുടെ പിന്നിലെ കാഞ്ഞിരവും കോടികാച്ച മൂവ്വാണ്ടൻ തയ്യും അതിർത്തിയിലെ എരിഞ്ഞിയും വിറകുവിലയ്ക്ക് ഓരോന്നായി വില്ക്കാം. തൊപ്പിക്കുട

ഇറയത്തു തിരുകിവെച്ചു മുഖം താഴ്ത്തിക്കൊണ്ട് ഉമ്മറത്തുകൂടി നടന്നുപോകുമ്പോൾ കുമാരേട്ടനെ നോക്കിയില്ല.

ഉമ്മറവാതിലിനപ്പുറത്ത് അമ്മ പുല്പായത്തടുക്കിൽ കാൽ നീട്ടിവെച്ചു മുഖം കുനിച്ചിരിക്കയായിരുന്നു.

അമ്മ പതിവിനു വിപരീതമായി ഒന്നും പറഞ്ഞില്ല. കുഞ്ഞ്യോപ്പോളോടു നെല്ലിൻെറ കാര്യം പറയണോ? പറഞ്ഞേക്കാം.

അടുക്കളത്തളത്തിൽ ചെന്നപ്പോൾ വലിയ ചെമ്പിൻെറ മുകളിൽ മുണ്ടുകെട്ടി കുഞ്ഞ്യോപ്പോള് ഇടിച്ചുകുതിർത്ത പനയീര തിരുമ്മി പൊടിയെടുക്കുകയാണ്.

ഒരു കുറ്റം ചെയ്ത ജാള്യതയോടെ കുഞ്ഞ്യോപ്പോള് എഴുന്നേറ്റുനിന്നു: "പടിഞ്ഞാറെക്കാര് ഒരു കഷ്ണം പന തന്നു. നല്ല പൊടിണ്ട് തോന്ന്ണു"

ഗോവിന്ദൻകുട്ടി അതു കേട്ടതായി നടിച്ചില്ല: "മമ്മാല്യേ കണ്ടു. നെല്ലു കിട്ടീല്യ."

കുഞ്ഞ്യോപ്പോള് പനമ്പൊടി പുരണ്ട കൈകളിലേക്കു കണ്ണോടിച്ചുകൊണ്ടു മിണ്ടാതെനിന്നു.

ഗോവിന്ദൻകുട്ടി തളത്തിൽനിന്നു പുറത്തു കടന്നപ്പോൾ സംശയിച്ചുകൊണ്ടു ഭയപ്പെട്ട സ്വരത്തിൽ കുഞ്ഞ്യോപ്പോള് വിളിച്ചു:

“ഗോയിന്ദുട്ട്യേ!”

അയാൾ നിന്നു.

“ഉച്ചയ്ക്കലത്തെ കാര്യം. ഞാൻ നോക്കീട്ട് ഒരു വഴീം കാണ്ണില്ല. ഏട്ടനുംകൂടി ഉള്ളതാ. ആണുങ്ങൾക്കു നാലു പ്ലായില വെള്ളെങ്കി ലും വെളമ്പിത്തരാൻ ല്യാണ്ടെ ഒരു നേരം മുമ്പ് ഉണ്ടായിട്ടില്ല.”

“വയറ് ആണുങ്ങൾക്കു മാത്രമല്ലല്ലോ കുഞ്ഞ്യോപ്പോളെ. കളത്ത്ന്ന് ഒരു ചാക്കു നെല്ല് ചോയ്ക്കാംച്ചു ചെന്നപ്പൊ മേനോൻ ല്യ അവടെ”

ഉമ്മറത്തേക്കു നടക്കുമ്പോൾ അടക്കിനിർ ത്തിയ വെറുപ്പു മുഴുവൻ പൊട്ടിപ്പുറപ്പെടാറായി രുന്നു. പ്ലാവും മാവും വിറ്റു ഭാര്യവീട്ടിൽ ഏട്ടൻ അത്യാവശ്യം കൊടുക്കട്ടെ. ഇവിടെ പെണ്ണുങ്ങൾ പനയീര പിഴിഞ്ഞും ആണുങ്ങൾ നെല്ലിനു തെണ്ടിനടന്നും.-

ഇന്ന്, ഇപ്പോൾ, ഈ നിമിഷത്തിൽ കുമാ രേട്ടനോട് ചിലതു പറയണം. വളരെ നാളായി

കരുതിവെച്ചതു മുഴുവൻ. മകനു താളം പിടിക്കു ന്ന തള്ളയും കേൾക്കട്ടെ.

കടന്നു ചെന്നപ്പോൾ കുമാരേട്ടൻ ആരോ ടെന്നില്ലാതെ പറയുന്നതാണു കേട്ടത്:

“എന്റെ മരിച്ചുപോയ അച്ചന്റെ കാലാണ് ആ പടി ഇനി ഞാൻ ചവിട്ടില്ല.”

അമ്മ ഒന്നും മിണ്ടുന്നില്ല.

“ഏറെ കുത്ത്യാ ചേരം കടിക്കും. ഇല്ല്യാ ത്തോടത്തു കടം വാങ്ങീം അത്യദ്ധ്വാനം ചെയ്തും കൊണ്ടോയിക്കൊടുത്ത്-”

“അയിന് ഓളും കുട്ട്യോളും എന്തേ പെഴച്ച് കുമാരാ?”

“നാലാളുടെ മുമ്പിലുവെച്ച്, അതും മറ്റു സമ്മന്തക്കാർള്ളപ്പോ, ആ തന്ത ൻെറ മാനം കെട്ത്ത്യപ്പോ ഓളത് കേട്ടുംകൊണ്ടു നിന്നു.”

അമ്മ ചോടിച്ചു:

“പെണ്ണുങ്ങളാ കാര്യം പറയാ?”

“എറങ്ങ്ണോ ൻെറകൂടേന്നു ചോദിച്ചപ്പൊ ഓള് എറങ്ങണ്ടേരന്ന്. ആന്തരം ള്ളോളാച്ചാ.”

ഗോവിന്ദൻകുട്ടിക്കു കാര്യങ്ങൾ മനസ്സിലായി ത്തുടങ്ങി. മേലേപ്പുറത്തുകാരുമായി കലഹിച്ചാ ണു കുമാരേട്ടൻ വന്നിരിക്കുന്നത്.

ഗോവിന്ദൻകുട്ടി അടുത്തെത്തിയപ്പോൾ കുമാരേട്ടൻ നിർത്തി. കുമാരേട്ടനേക്കാളും ദൈന്യത അമ്മയുടെ മുഖത്തായിരുന്നു. കിഴക്കെ കോലായിലെ ഉത്തരത്തിൽ പിടിച്ചു കൊണ്ടു ഗോവിന്ദൻകുട്ടി നിന്നു.

പുറത്തു വീണ്ടും മഴ ചാറാൻ തുടങ്ങിയിരിക്കുന്നു. കാലത്തു മുറ്റത്തു മെഴുകിയിട്ടതു ചേറും ചാണകവും കലർന്നു വൃത്തികേടായിക്കിടക്കുന്നു. മുക്കുറ്റി പകുതിയിലേറെ വൃത്തികേടിൽ മറഞ്ഞുപോയിരിക്കുന്നു.

കുമാരേട്ടൻ അമ്മയോടെന്ന ഭാവത്തിൽ അനുജൻ കേൾക്കാൻ വേണ്ടി പറഞ്ഞു:

“ഞാൻ ഇബിടെ ഇരിക്യാച്ചിട്ടു നിങ്ങക്കാർക്കും ഒരു പരിഭ്രമോം വേണ്ട. ഞാൻ കാലർച്ച്ട്ടോ എങ്ങനേങ്കിലും ൻേറാടത്ത്യ്ക്കുള്ളത് ണ്ടാക്കിക്കോണ്ട്-”

ഗോവിന്ദൻകുട്ടി ആ വാക്കുകൾ ചവച്ചിറക്കി. കുമാരേട്ടന് ആധാരമെഴുത്തും കോടതിക്കാര്യങ്ങളും അറിയാം. അതുകൊണ്ടു കഴിഞ്ഞുകൂടാൻ വേണ്ടതുണ്ടാക്കാം.

അമ്മ പതിവുപോലെ ഒരു തത്ത്വം പറഞ്ഞു:

“അവനോന് ണ്ടെങ്കിൽത്തന്നേ അവനോൻേറ

ന്നു പറയാൻ വയ്ക്കു."

നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അമ്മയുടെ വടിയുടെ ശബ്ദം വടക്കിനിയിലേക്ക് അകന്നു പോയി. ഉമ്മറത്ത് കുമാരേട്ടനും അയാളും തനിച്ചായി.

"എടോ ഇവടെ ചെലവിൻെറ സ്ഥിത്യെന്താണ്?"

വളരെക്കാലത്തിനു ശേഷമാണു കുമാരേട്ടൻ അതു ചോദിക്കുന്നത്. വെറുപ്പിൻെറ സ്ഥാനത്തു ചുമടിറക്കാൻ ഒരത്താണി അകലെ കണ്ട തല്ക്കാലത്തെ ആശ്വാസം തോന്നി.

"ഗോയിന്ദുട്ട്യോടാ ചോയ്ച്ച്."

"ഇന്നിവിടെ വെച്ചിട്ട്ല്യ."

കുമാരേട്ടൻ പിന്നെയൊന്നും ചോദിച്ചില്ല. തിരിഞ്ഞുനോക്കിയപ്പോൾ, കുത്തഴിയിലൂടെ കണ്ടു കുമാരേട്ടൻ മടിയിലെ കടലാസ് പൊതിയഴിച്ചു നോക്കുകയാണ്. ഒരഞ്ചുറുപ്പികനോട്ടും മൂന്നോ, നാലോ ഒറ്റയുറുപ്പികയുമുണ്ട്.

അകത്തേക്ക് ഉറക്കെ വിളിച്ചുപറഞ്ഞു:

"ആരാ അവടെള്ളത്? ആ കാളിത്തള്ളേനോടോ, ചെർമ്മച്ചെക്കനോടോ ഒന്നു വരാമ്പറ."

പടിഞ്ഞാറേ അതിരിൽനിന്നു കുഞ്ഞ്യാപ്പോ

ള് അപ്പുവിനോടു വിളിച്ചുപറഞ്ഞു:

"അപ്പോ ഒന്നു കാളിത്തള്ളെ വിളിച്ചാ."

അപ്പുവിൻെറ ഉച്ചത്തിലുള്ള കാള്യേ പൂപി വിളി കേട്ടു.

കാളി വടക്കുപുറത്തു വന്ന ശബ്ദം കേട്ടപ്പോൾ അമ്മയാണ് വിളിച്ചു പറഞ്ഞത്:

"കാള്യേ, നെന്നെ ദാ ചെര്യമ്പ്രാൻ വിളിക്ക്ണൂ.. ഉമ്മറത്തിക്കു ചെല്ല്."

കുമാരേട്ടൻ കോലായിലേക്കിറങ്ങി.

"ഇല്ലത്ത്ന്നു രണ്ടുപറ നെല്ലു വാങ്ങിക്കോ. ഇന്നാ ഇതെടുത്തോ. ആറുറുപ്പികണ്ട്. വെറ്റിലവട്ടീലുവെച്ചു കളേണ്ട. ഇല്ലത്തു മൂന്നുറുപ്പികാത്രേ വെല. അവിട്ന്നാച്ചാ പതിര്ണ്ടാവില്യ. വടക്കെപ്പൊറത്ത്ന്നു കൊട്ട വാങ്ങീട്ടു വേഗം പൊക്കോ."

കുമാരേട്ടൻ സംതൃപ്തിയോടെ കോലായിൽ നടന്നു.

ആ കളമിറ്റൊക്കെ മൊട്ടടിച്ചപോലല്ലേ നിക്ക്ണ്. തിരുവാതിര ഞാറ്റേലയ്ക്കു പത്തു കന്ന് പിരിച്ചുവെയ്ക്കായിരുന്നില്ലേടോ? പണ്ടൊക്കെ മേഞ്ചെലവിനു വേണ്ട ചെറുകായ വിക്കാൻ ണ്ടാവും ഇത്തോട്ടത്തില്."

ശുഷ്കിച്ചുപോയ കവുങ്ങിൻതലപ്പുകളിലും കയ്യാലത്തറയ്ക്കു പിന്നിൽ പടുമുള പൊട്ടിപ്പടർന്ന കുമ്പളവള്ളിയിലുമെല്ലാം കുമാരേട്ടന്റെ കണ്ണുകൾ ചെന്നെത്തി.

"അടയ്ക്കാക്കുറ്റിടെ കണക്കു കുത്തിവെച്ചിട്ടുണ്ടോടോ?"

ഗോവിന്ദൻകുട്ടി മൂളി.

"ഒന്നു കാണട്ടെ."

മുകളിലെ തെക്കേ മുറിയിലെ കാൽപ്പെട്ടിയിൽനിന്നു നീലച്ചട്ടയുള്ള ഒരു പഴയ നോട്ടുപുസ്തകം എടുത്തുകൊണ്ടുവന്നു. കുമാരേട്ടൻ വെള്ളിക്കമ്പി പിടിപ്പിച്ച കണ്ണടയെടുത്തുവെച്ചു പുസ്തകത്തിലെ കണക്കുകൾ മറിച്ചുനോക്കുമ്പോൾ ഗോവിന്ദൻകുട്ടി ഓർമിച്ചു:

താഴത്തേതിൽത്തറവാടിന്റെ ഭരണം ഇളമുറക്കാരൻ മൂപ്പിനു തിരിച്ചേല്പിക്കുകയാണ്.

വയറ്റിൽ വിശപ്പു കത്തിക്കാളുകയായിരുന്നു. ഒന്നും ചെയ്യാനില്ല.

അയാൾ പടിക്കലേക്കിറങ്ങി. സൂര്യൻ തലയ്ക്കു മുകളിലെത്തിക്കഴിഞ്ഞിരുന്നുവെങ്കിലും വെയിലിനു ചൂടു കുറവാണ്. മഴ പെയ്തു

കുതിർന്ന പടിവാതില്ക്കൽനിന്നു പാടത്തേക്കു നോക്കി. ഞാറുകളെല്ലാം വേരോടി കറുത്തു കഴിഞ്ഞിരുന്നു. കാറ്റടിക്കുമ്പോൾ പാടത്തിനുമുകളിൽ തിളങ്ങുന്ന മഞ്ഞവെയിൽ അലയിളകി. കാണാത്ത കാലടികൾ നീങ്ങുമ്പോൾ കോടി മായാത്ത പാവുമുണ്ടിൻെറ വീതിക്കസവുകര ഒഴുകിയകലുകയാണ്.

അയാൾ മനസ്സിലെവിടെയോ മാഞ്ഞുകിടക്കുന്ന ചിത്രം ആരും കാണാതെ ഒരു നിമിഷം പുറത്തെടുത്തു നോക്കി. ഉറക്കത്തിലെന്നപോലെ ഒരു നേരിയ ചിരി മുഖത്തു പരന്നു.

തോട്ടത്തിൽ വീണുകിടക്കുന്ന കൂരടയ്ക്ക പെറുക്കി വരുന്ന ചെറുമൻ അയ്യപ്പൻ ചുമച്ചു. അയിത്തമാവാതിരിപ്പാൻ ചെറ്യമ്പ്രാൻ മാറി നില്ക്കണമെന്നാണ് ആ കുരയുടെ അർത്ഥം.

"നീ പൊയ്ക്കോ."

വെറുതെ വരമ്പത്തേക്കിറങ്ങി. വരമ്പിൽനിന്നു വരമ്പിലേക്കു കടക്കുമ്പോൾ മനസ്സു കണക്കുകൂട്ടുകയായിരുന്നു: കാളി തിരിച്ചുവരുന്ന നേരം. നെല്ലു വറുത്തുകുത്തി കഞ്ഞിവെച്ചു വിളമ്പാൻ വേണ്ടി വരുന്ന നേരം. കുമാരേട്ടൻെറ തിരിച്ചുവരവിനെപ്പറ്റിയും മമ്മാലിയെപ്പറ്റിയും പനയീര

ഇടിച്ചുപിഴിഞ്ഞുവിരകുന്ന കുഞ്ഞ്യാപ്പോളെ പ്പറ്റിയും ആലോചിച്ചുകൊണ്ടു നടന്നു. കൂട്ട ത്തിൽ ഒരു കുട്ടിയുടെ ആർത്തിയോടെ നിറയെ ചോറും കൂട്ടാനും വിളമ്പിയ ഒരു നാക്കിലയും മനസ്സിൽ കണ്ടു.

നടന്നുനടന്ന് അവസാനം ചെന്നെത്തിയതു കുഞ്ഞരയ്ക്കാരുടെ പടിക്കലാണ്.

# 4

“മാധവിയേടത്തി ഒന്ന വിളിച്ചോ?”

മീനാക്ഷി തളത്തിൻെറ വാതില്ക്കൽ ചെന്നു ചോദിച്ചു.

“നീയെന്താ അവടെ ഒരുക്ക്ണ്? ആ ചൊല്ലൊ ന്നിങ്ങട് എട്ത്തോ.”മാധവിയേടത്തി ഇട്ടിച്ചിരി യമ്മയോടു പറഞ്ഞു.

“പണ്ടത്തെമാതിരിയൊന്നും അല്ല തള്ളെ, കയ്യെത്ത്ണോടത്ത് കാലെത്ത്ല്യ. ഈ പെണ്ണ്ള്ളതോണ്ടാ എത്തിപ്പോരണ്.”

"ഏതാ ബള്?"

"നമ്മുടെ കിട്ടുണ്ണ്യേട്ടൻെറ മകളല്ലേ? കഴിഞ്ഞ മകരംമുതല് അവള് ഇവടെത്തന്ന്യാ."

"ആ. അന്യന്മാരല്ലല്ലോ."

"ആരാന്നു കൊടുക്കണ്ത് അവനോൻെറ കുട്ട്യോൾക്കായ്ക്കോട്ടെന്നു പറയോ! ഞാൻ കൊച്ചപ്പൻെറച്ചരനോട്."

മീനാക്ഷി ചെല്ലം തിരഞ്ഞെടുത്തു തളത്തിൽ കൊണ്ടുപോയിവെച്ച്, ഇട്ടിച്ചിരിയമ്മയെ നോക്കി ചിരിച്ചു. താഴത്തേതിലെ പടിഞ്ഞാറേ വീട്ടിൽ ഒരിക്കൽ മീനാക്ഷി പോയിട്ടുണ്ട്, കുറെ കൊല്ലങ്ങൾക്കുമുമ്പ്. തള്ളയുടെ ഒരു മകൻ പട്ടാളത്തിലായിരുന്നു. മരിച്ച വിവരത്തിനു കമ്പി യാണു വന്നത്.

"നെന്നെ കണ്ടിട്ട് നിയ്ക്ക് മനസ്സിലായില്ല്യ ട്ടോ? കോണുടുത്തു നടക്കണ പ്രായത്തില് കണ്ടതാ ഞാൻ. ഇതൊന്നു കുത്തിപ്പൊട്ടിച്ചു തന്നാ–"

കളിയടയ്ക്കയുടെ കഷണങ്ങൾ അമ്മി ത്തലയ്ക്കൽ വെച്ചു പൊടിച്ചുകൊണ്ടുവന്നു കൊടുത്തപ്പോൾ തള്ളയ്ക്കു സന്തോഷമായി.

"ഞാനേയ്, അമ്പലത്തിലൊന്നു തൊഴുതു

പോരുമ്പോ കേറീതാ; മുപ്പട്ടുവെള്ളിയാഴ്ചല്ലേ? ഇവടെ കേറീട്ട് ശ്ശി കാലായി. ന്റെ മടീ കെടന്ന് വളന്നോരാ ഇവരൊക്കെ."

ഇട്ടിച്ചിരിയമ്മ പഴയകാലത്തെ പല കഥകളും അയവിറക്കി. താഴത്തേതിലെ തൊട്ട അയൽ പക്കക്കാരായതുകൊണ്ട് അവർ ഒരു കുടുംബംപോലെ കഴിഞ്ഞവരാണ്. മാധവിയമ്മയും കുമാരൻനായരും പാറുക്കുട്ടിയുമെല്ലാം തന്റെ മുറ്റത്തു ചെറിയ കുട്ടികളായി ഓടിക്കളിച്ചത് ഇന്നലെ കഴിഞ്ഞതുപോലെ ഓർക്കുന്നു...

മീനാക്ഷി വാതിലിനടുത്തായി നിന്നു.

"താഴത്തേതിലിക്കു നിങ്ങളാരും വരാറില്യ. അതോണ്ടു ഞങ്ങളാച്ച്യേലര്ക്ക് ഒന്നു കാണാനും വഴീല്ല." ഇട്ടിച്ചിരിയമ്മ മാധവിയേടത്തിയോടു പരിഭവം പറഞ്ഞു.

"കുടണ്ടെ തള്ളേ, പറേമ്പോ പത്തുപടി അകലേള്ളു. ന്നിട്ടെന്താ? അമ്മയ്ക്കു സൂക്കേടാന്നു കേട്ടപ്പൊ ഒന്നോടിപ്പോയതാ."

എന്നിട്ടു മാധവിയേടത്തി തന്റെ കഷ്ടപ്പാടുകൾ വിവരിക്കാൻ തുടങ്ങി. അകത്തും പുറത്തുമായി പത്തുപന്ത്രണ്ടുപേർ ജോലി ചെയ്യാത്ത ദിവസമില്ല. അവർക്ക് ഉച്ചയ്ക്ക് ഭക്ഷണം

തയ്യാറാക്കിക്കൊടുക്കണം. അതു ചില്ലറ ജോലി യാണോ? അല്ലെന്ന് ഇട്ടിച്ചിരിയമ്മ സമ്മതിച്ചു.

"ഈ കോട്ടപോലെത്തെ സ്ഥലം ചെതലും മാറാലീം തട്ടി സൂക്ഷിക്കാൻ തന്നെ ശ്ശിണ്ട് പാട്"

"ഒരു കർക്കടകസ്സംക്രാന്തി കഴിഞ്ഞപ്പയ്ക്ക് ൻെറ എല്ലും മുള്ളും നുറുങ്ങി. തേയ്ക്കാനും മോറാനും ഞാൻ വേണ്ടെങ്കിലും കൂടെനി ന്നു പണിചെയ്യിക്കാൻ ഞാൻതന്നെ വേണ്ടേ തള്ളേ?"

"പിന്ന്യോ? അവനോളം വരോ ആരാന്?"

മീനാക്ഷി പലപ്പോഴും കേട്ടിട്ടുള്ളതാ ണിതൊക്കെ. ഒന്നു മുറുക്കി പഞ്ചായത്തു പറഞ്ഞു പോകാൻവരുന്ന പെണ്ണുങ്ങളോ ടെല്ലാംമാധവിയേടത്തി തറവാട്ടുഭരണത്തിൻെറ പ്രാരബ്ധങ്ങൾ  വിവരിക്കാറുണ്ട്.

"ശേഖരന്നായര്ണ്ടോ ഉമ്മറത്ത്?"

"അങ്ങാടീലാ. രാവിലെ കുളികഴിഞ്ഞ് അങ്ങാ ടീപ്പോയാപ്പിന്നെ വൈകുന്നേരാ വരവ്. നേരത്തി ന് ഒരുക്കിക്കൊടുത്തയയ്ക്കണം. അവട്യാച്ചാൽ ആളൊഴിഞ്ഞ നേരംല്യ. ചായടെ വെള്ളം അടു പ്പത്ത്ന്ന് എറക്കാൻ നേരംല്യ." ഓട്ടുകോളാമ്പി യിലേക്കു മുറുക്കിത്തുപ്പി ചിറിതുടച്ചുകൊണ്ട്

മാധവിയോടത്തി പറഞ്ഞു: "പറേമ്പോലെ മീനാക്ഷ്യേ, ഒരു ഗ്ലാസ്സ് വെള്ളം ണ്ടാക്ക് ഇട്ടിച്ചിര്യേമ്മയ്ക്ക്."

ഇട്ടിച്ചിരിയമ്മ മര്യാദയ്ക്കുവേണ്ടി വേണ്ടെന്നു പറഞ്ഞു. എന്നിട്ടു ചായയില്ലാതെയിരുന്ന പഴയകാലത്തെ ഓർമിച്ചു:

"ഇപ്പഴത്തെ ഓരോ പരിഷ്കാരെ. മൊലകുടിക്കണ കുട്ട്യോൾക്കുംകൂടി വേണം വെളിച്ചാമ്പൊ ഈ വെള്ളം."

"ഒക്കെ ശീലാവ്ണേനനുസരിച്ചിരിക്കും. ഇബടെ കൊച്ചപ്പൻ ദാ, ചായ ഒരെറക്കു കുടിക്കില്ല. ഓന് കാപ്പ്യേ വേണ്ടൂ."

മീനാക്ഷി അടുക്കളയിൽച്ചെന്നു ചായകൂട്ടി.

ഊണു കഴിഞ്ഞ് ഇത്തിരി വിശ്രമിക്കാൻ ഇടകിട്ടുന്ന നേരമാണ്. അപ്പോഴേക്ക് ഓരോരുത്തരെ കെട്ടിയെഴുന്നള്ളിക്കും. തള്ളയായിട്ടും മുതുക്കായിട്ടും! മനസ്സിൽ ഇട്ടിച്ചിരിയമ്മയെ പ്രാകുകയും ചെയ്തു.

വലിയ ഓട്ടുഗ്ലാസ്സിൽ നിറയെ ചായ മുന്നിൽ കൊണ്ടുവന്നു വെച്ചപ്പോൾ ഇട്ടിച്ചിരിയമ്മ സംതൃപ്തിയോടെ ഒന്നു ചിരിച്ചു.

"കുട്ട്യോളെ ഞാൻ ചീത്തപറയാറുണ്ടെങ്കിലും

നിയ്ക്കീ വെള്ളം ചെന്നില്ലെങ്കി ഒരു ചെന്നിക്കുത്താ."

മീനാക്ഷിക്ക് ഒരു പരിഹാസച്ചിരി തേട്ടിവന്നു.

ഇട്ടിച്ചിരിയമ്മ ആർത്തിയോടെ ചായകുടിക്കുന്നതു നോക്കിക്കൊണ്ടു തെല്ലിട നിന്നപ്പോൾ മാധവിയേടത്തി ഓർമിപ്പിച്ചു:

"പെണ്ണേ, നീയ് പഞ്ചായത്തു കേട്ടുകൊണ്ടു നിന്നാൽ വൈകുന്നേരത്തെ പണിയൊരുങ്ങില്ല"

രാവിലെ വിളക്കുകൊളുത്തിക്കാട്ടാൻ എഴുന്നേല്ക്കുമ്പോൾ പുറത്തു നല്ല ഇരുട്ടായിരിക്കും. പിന്നെ പണികഴിഞ്ഞു കോണിച്ചോട്ടിൽ പായ വിരിച്ചു കിടക്കാൻ ചെല്ലുന്നതു പാതിരയ്ക്കാണ്.

ശേഖരമ്മാൻ അങ്ങാടിമാളികയിൽനിന്നു വരുന്നതു വളരെ വൈകുമ്പോളാണ്. തോട്ടത്തിൻെറ വിടവിലൂടെ കാണാം, അകലെനിന്നുള്ള റാന്തലിൻെറ വെളിച്ചം. അപ്പോൾ മാധവിയേടത്തി ഓർമിപ്പിക്കും: "കുളിമുറീലെ അടുപ്പത്ത് ഒന്നുംകൂടി പൂട്ടിക്കോ."

മുമ്പിൽ റാന്തൽ പിടിച്ചു മാക്കുണ്ണി നടക്കുന്നുണ്ടാവും. മിക്ക ദിവസവും കൂടെ ആരെങ്കിലും കാണും. ഉമ്മറത്തെത്തി അവരുമായി നാട്ടു

കാര്യങ്ങൾ പറഞ്ഞിരിക്കുമ്പോഴേ കുഴമ്പു പുരട്ടാൻ ആരംഭിക്കും. മുറ്റത്തു കൈക്കോണകം മാത്രമുടുത്തു കുഴമ്പു തിരുമ്മിപ്പിടിപ്പിച്ചുകൊണ്ടു കുറേനേരം നടക്കണം. അതിനിടയ്ക്കാണ് അകത്തേക്കുള്ള കല്പനകൾ:

"മാധവിയമ്മേ, നാളെ എനിക്ക് വാവൊരിക്കലുണ്ട്; മറക്കണ്ട."

മാധവിയമ്മ, കൊച്ചപ്പൻനായര്-അങ്ങനെയാണ് സാധാരണ വിളിക്കുക പതിവ്.

കുളിമുറിയിൽ ചെന്നു ചെറുപയററച്ചതിനു മിനുസം പോരെന്നു തോന്നിയാൽ ഉടനെ വിളിക്കുന്നത് മീനാക്ഷിയമ്മയെയാണ്.

കുളികഴിഞ്ഞു വരുമ്പോഴേക്ക് പൂജാമുറിയിൽ വിളക്കു കത്തിച്ചു വെക്കണം. തട്ടിൽ ഭസ്മം. നാമം കഴിഞ്ഞു പുറത്തുവന്നയുടനെ ഉണ്ണാൻ വന്നിരിക്കുന്ന ദിവസം രക്ഷയാണ്. അല്ലെങ്കിൽ മുകളിലത്തെ 'ഭസ്മം'തൊടൽ കഴിഞ്ഞു കോണിയിറങ്ങി വരുമ്പോഴേക്ക് മീനാക്ഷി ഉറക്കംതൂങ്ങി വീണുപോകുമെന്ന നിലയിലായിരിക്കും.

രണ്ടാമത്തെ ഭസ്മംതൊടലിന് ഒരുക്കുന്നത് മാധവിയേടത്തിതന്നെയാണ്. പിഞ്ഞാണത്തിൽ കോഴിമുട്ട പൊരിച്ചത് എടുത്തുകൊണ്ട് അവർ

മുകളിലേക്കു പോകുമ്പോൾ അവസാനമായിട്ട് ഒന്നുകൂടി ഓർമപ്പെടുത്തും:

"തലമൂടി ങ്ങടെ ചിക്കിപ്പരത്തിടല്ലേ. ഒരെഴ ചോറിലോ കൂട്ടാനിലോ കിട്ട്യാൽ പിന്നെ ബടെ പൊടിപൂരാണ്."

കഴിഞ്ഞ മകരമാസത്തിലാണ് ഇവിടെ വന്നത്. അതിൽ പിന്നെ ഒന്നു വീട്ടിൽ പോയി വരാൻകൂടി ഇടകിട്ടിയില്ല. അമ്മ ഇടയ്ക്കു വന്നു കണ്ടു പോകും.

അച്ചരൻ മരിച്ചതിൽപ്പിന്നെയാണ് അമ്മ പുറത്തു പണിചെയ്യാൻ ഇറങ്ങിയത്. അവനോൻ തെണ്ടിച്ചാത്തന്നേ അവനോൻെറ വയറ്റിലെത്തൂ എന്നാണ് അമ്മ പറയാറുള്ളത്. ഇല്ലക്കാരാണ് സഹായിച്ചത്. കുത്താനുള്ള നെല്ലു വീട്ടിലെത്തിച്ചുകൊടുക്കും. പുഴുങ്ങിയു ണക്കി കുത്തി അരിയാക്കിയാൽ കാര്യസ്ഥൻ ഗോയിശ്ശാര് വന്ന് അഞ്ചിന് രണ്ട് അളവു വാങ്ങും.

അമ്മയ്ക്കു പണ്ടത്തെപ്പോലെ ജോലി ചെയ്യാൻ വയ്യ. ഉലക്കയെടുത്താൽ വാരിക്കൽ ഒരു മിന്നലാണ്.

അച്ചരൻ ശേഖരമ്മാൻെറ കുടുംബത്തിൽ

പ്പെട്ട ആളാണ്. ശേഖരമ്മാനെ ചുറ്റിപ്പറ്റിയാണ് അച്ചൻ കഴിഞ്ഞുകൂടിയിരുന്നത്. ശേഖരമ്മാനുവേണ്ടിയാണ് അച്ചൻ പണ്ടു കുഞ്ഞാലിക്കുട്ടിയെ തച്ച കേസിൽ പ്രതിയായത് എന്നു കേട്ടിട്ടുണ്ട്.

അച്ചൻ മരിച്ചശേഷം നാരായണേട്ടൻ ഇടയ്ക്കു വന്ന് അന്വേഷിക്കാറുണ്ടായിരുന്നു. അച്ചൻെറ രണ്ടാമത്തെ അനുജനാണ്.

പൂന്തോട്ടത്തിൽ മാധവിയേടത്തിക്കു സഹായത്തിന് ഒരു പെൺകുട്ടി വേണമെന്നു വന്നപ്പോൾ നാരായണേട്ടനാണത്രേ ശിപാർശ ചെയ്തത്:

“നമ്മുടെ കിട്ടുണ്ണ്യേട്ടൻെറ മകളുണ്ട്. അയിനെ വിളിക്ക്യാ. അവര്ടെ കാര്യൊക്കെപ്പോ ത്തിരി മോശാണ്.”

ഇല്ലത്തേക്ക് അഞ്ചിനു രണ്ടു കുത്തിക്കഴിയുകയാണെന്നു നാരായണേട്ടൻ പറയാതെതന്നെ ശേഖരമ്മാന് അറിയും.

“ആരാന്നു കൊട്ക്കണേത് വകേലുള്ള ഒന്നിനു കിട്ട്വാച്ചാൽ അങ്ങന്യായിക്കോട്ടെ.” മാധവിയേടത്തി എപ്പോഴും പറയാറുള്ളതു ശേഖരമ്മാനും ആവർത്തിച്ചിരിക്കും.

നാരായണേട്ടൻ വീട്ടിൽ വന്നു പറഞ്ഞപ്പോൾ അമ്മയ്ക്കു മടിയുണ്ടായിരുന്നു.

"ഞാൻ ൻെറ ല്യായോണ്ട് ഇങ്ങനൊക്കെ ചെയ്യ്ണു. ഓളെ അന്യൻെറ ദാസിപ്പണിക്ക് അയക്ക്ണത് എനിക്കിഷ്ടല്യേ്യ."

"കണ്ടോരടെ വീട്ടില് മീനാക്ഷി ദാസിപ്പണി ചെയ്യണംന്ന് ഞാനും പറേല്യ ഏട്ടത്ത്യേമ്മേ. ശേഖരേട്ടൻേറാടെ നിക്യാച്ചാൽ അന്യൻേറാടെ ആവ്വോ? മാധവ്യേടത്തിക്ക് ഒരു പെങ്കുട്ടീംകൂടി ല്യാത്തതാ. ഓളക്കതു ഗുണാവും. അതില് ഒരു പോരായ്മീം ഞാൻ കാണ്ണില്യ."

അമ്മ പിന്നെ തർക്കിച്ചില്ല. മീനാക്ഷിയോടു ചോദിച്ചപ്പോൾ സമ്മതമാണെന്നും അല്ലെന്നും പറഞ്ഞില്ല.

വിഷുവിൻെറ ഒരാഴ്ചയ്ക്കുമുമ്പു വീട്ടി ലേക്കു ചെറുമൻെറ കൈയിൽ ഒരു ചാക്കു നെല്ലു കൊടുത്തയച്ചു. രണ്ടു ബ്ലൗസും മുണ്ടും എടുത്തുകൊടുത്തു. മീനാക്ഷിയെപ്പറ്റി ആരോ ടെങ്കിലും പറയുമ്പോഴൊക്കെ മാധവിയേടത്തി പറയാറുണ്ട്:

ഓളും ൻെറാരു കുട്ട്യേപ്പോലെത്തന്നെ അല്ലേ? പ്പ ദാ വിഷൂന്നു കൊച്ചപ്പൻെറച്ചാരനോടു പറഞ്ഞ്

രണ്ടു മുണ്ടും ബ്ലൗസും ഞാൻ എടുപ്പിച്ചു കൊടു ത്തു. നെയ്ത്തനെ ഈ വഴിക്ക് പ്പൊ കാണാറേ ഇല്ല. ഇനീ വരുമ്പോ രണ്ടെണ്ണംകൂടി എടുത്തു കൊടുക്കണ്ന്ന് ഞാൻ നിരീച്ചിട്ട്ണ്ട്."

നെയ്ത്തൻ റാവുത്തർ വലിയ തുണി ക്കെട്ടു ചുമന്നു വരമ്പിലൂടെ നീണ്ട മുളവടിയൂ ന്നി വിളിച്ചുചോദിച്ചു നടക്കുന്ന ദിവസങ്ങൾ ആഴ്ചയിൽ മൂന്നെങ്കിലും കാണും. അടുക്കളമു റ്റത്തു ചായ്ച്ചുകെട്ടിയതിൻെറ ചുവട്ടിൽ നിന്നു ജോലിചെയ്യുമ്പോഴായിരിക്കും വിളി കേൾക്കുക. തൊട്ടടുത്തു മാധവിയേടത്തി ഉണ്ടായിട്ടും അതു കേൾക്കാത്തതാണദ്ഭുതം!

അരിയോ ചില്ലാനമോ വായ്പ വാങ്ങിപ്പോ കുന്ന പെണ്ണുങ്ങൾ മാധവിയേടത്തി കേൾക്കെ മീനാക്ഷിയോടു പറയാറുണ്ട്:

"വല്യോരു സ്ഥലാ ഇത്. നേരാംപോലെക്കെ മാധവ്യേടത്തീടെകൂടെ നിന്നാൽ മേലാക്കം നെനക്കന്യാ ഗുണം."

അടുത്ത വീടുകളിൽനിന്നു വരുന്ന പെണ്ണു ങ്ങൾ സംസാരിച്ചിരിക്കുമ്പോഴേ നല്ലതെല്ലാം ഓർമവരികയുള്ളുവെന്നു മീനാക്ഷിക്കു തോ ന്നിപ്പോകാറുണ്ട്. ജോലിയും മുറയ്ക്കുണ്ട്.

വെയ്ക്കാനും വിളമ്പാനും വെള്ളം കോരാനും നിലം തുടയ്ക്കാനും എല്ലാം അവൾതന്നെ വേണം.

അമ്മ വന്നപ്പോൾ, സുഖത്തിൻെറ കാര്യം ചോദിച്ചപ്പോൾ മാധവിയേടത്തി കേൾക്കാതെ പറഞ്ഞു:

"നല്ല സുഖാ! ൻെറ എല്ലും മുള്ളും നുറുങ്ങി."

അമ്മ ഉടനെ കയർത്തു: "പിന്നെ നീയിവിടെ അമ്മായ്യമ്മ ചമയാൻ വന്നതല്ലേ?"

ഒന്നും മിണ്ടിയില്ല.

"കൊറച്ചീസംകൂടി നിക്കു മീനാക്ഷ്യേ. വയ്യാച്ചിട്ടു പോയ്യാ ശേഖരമ്മാന് അതു മതി തെറ്റാൻ. നാരായണേട്ടനും ൻെറ നെഞ്ഞത്തു കേറാൻ വരും. ഓണും തെരക്കും ഒന്നു കഴിയട്ടെ."

അമ്മയ്ക്കും വേദനയുണ്ടായിരുന്നു. നാലു പെറ്റു. ജീവനോടെ ഒന്നിൻെറ മുഖം കാണാൻ കൊതിച്ചുണ്ടായതാണ്.

പോകുമ്പോൾ അമ്മ ഉപദേശിച്ചു:

"മുഖം കറപ്പിക്കാണ്ടെ പറഞ്ഞതൊക്കെ കേട്ടു നടന്നോ. അവരൊക്കെ വല്യേ ആൾളാണ്. ചാർച്ചേം കുടുംബോം ഒക്കെ പറയാംന്നന്നേള്ളു നാട്ടില് കഴിഞ്ഞു കൂടണങ്കി അവര്ടെയൊക്കെ

ആശ്രയം തന്നേള്ളൂ"

ഇല്ലത്തേക്കു പൂവു കൊണ്ടുപോയ വെള്ള ക്കൊട്ടയെടുത്ത് അമ്മ പടിയിറങ്ങുമ്പോൾ മാധവിയേടത്തിയോടു പറഞ്ഞു:

"പണ്യാക്കെ പറഞ്ഞുകൊടുത്തു ചെയ്യി ക്കണം. ശാസിക്കാനും ശിക്ഷിക്കാനും ഒക്കെ നിങ്ങളാച്ചേലര്ക്ക് അധികാരംണ്ട്."

(അമ്മ മാധവിയേടത്തിയെ ഒന്നും വിളിക്കാറി ല്ല. വയസ്സ് ഒപ്പമായതുകൊണ്ട്.)

തിരുമ്മിത്തിരുമ്മി കറുത്തുപോയ തോർത്തു മുണ്ടു മാറത്തിട്ട് അമ്മ വെള്ളക്കൊട്ടയുമെടുത്തു തോട്ടത്തിലൂടെയുള്ള വഴിക്ക് ഇറങ്ങിപ്പോയി. അപ്പോൾ മീനാക്ഷിക്കു മാധവിയേടത്തിയെ ഒന്ന് ഒളിഞ്ഞു നോക്കാതിരിക്കാൻ കഴിഞ്ഞി ല്ല. കഴുത്തിൽ കുഴിമിന്നി. കാതിൽ കടലാ വണക്കിൻ കായയുടെ വലിപ്പമുള്ള തോട.

റൗക്കയുടെ മീതെ വെളുത്തേടനലക്കിയ നേരിയ ഈർക്കിലക്കരമുണ്ട്. പൂന്തോട്ടത്തിലെ തറവാട്ടമ്മയുടെ സ്ഥാനത്തു ചിലപ്പോൾ അറി യാതെ അമ്മയെ സങ്കല്പിച്ചുപോകാറുണ്ട്. പൂന്തോട്ടത്തിൽ വരുമ്പോൾ അമ്മ പഴയ കഥ ഓർമിക്കാറുണ്ടോ ആവോ!

ശേഖരമ്മാൻ ആദ്യം പുടമുറി ആലോചിച്ചത് അമ്മയ്ക്കായിരുന്നു. അന്നു വലിയമ്മാവനുള്ള കാലമായിരുന്നു. ശേഖരമ്മാൻെറ ആലോചന വന്നപ്പോൾ വലിയമ്മാവൻ പറഞ്ഞുവത്രെ: "ചെണ്ടപ്പൊറത്തു കോല് വെച്ചോടത്തൊക്കെ നെരങ്ങ്ണ തോന്ന്യാസി. സ്വത്തില്ലെങ്കിൽ പ്രയത്തം ചെയ്യാനെങ്കിലും വേക്കണം. ൻെറ മരോളാൾക്ക് ഏതായാലും അവൻ വേണ്ട" എന്നിട്ടാണു പ്രയത്തം ചെയ്യാൻ അറിയുന്ന അച്ചരനെക്കൊണ്ടു പുടവ കൊടുപ്പിച്ചത്.

ശേഖരമ്മാൻ അങ്ങനെയിരിക്കുമ്പോഴാണു നാടുവിട്ടത്. കൊല്ലങ്ങൾക്കുശേഷം തിരിച്ചു വന്നതു പണക്കാരനായിട്ടാണ്. നാട്ടിലെ പ്രമാണിയായി. അപ്പോൾ വലിയ തറവാട്ടുകാരായ താഴത്തേതിലെ മാധവിയേടത്തിയെ കല്യാണം കഴിച്ചു.

അവസാനകാലത്തു ശേഖരമ്മാനെ ആശ്രയിച്ചിട്ടു വേണ്ടിവന്നു അച്ചരനുകൂടി കഴിയാൻ. ഒരിക്കൽ ആരോ പഴയ കഥകൾ ഓർമിപ്പിച്ചപ്പോൾ അമ്മ പറഞ്ഞത് ഇതുമാത്രമായിരുന്നു:

"ഒക്കെ ദൈവത്തിൻെറ കളിയാണ്; വിധിച്ചതേ വരൂള്ളു."

ഉഴുന്നുപരിപ്പ് എടുത്തുകിട്ടണം. കലവറ തുറന്നുതരാൻ പറയാൻ തളത്തിലേക്കു കടന്നു. ഇട്ടിച്ചിരിയമ്മ പോകാൻ ഭാവിക്കുകയായിരുന്നു.

“ഏട്ടൻ കാര്യം നോക്ക്യാലും അനുജൻ കാര്യം നോക്ക്യാലും ഒക്കെ കണക്കുതന്നെ. ആ തള്ളയുടെ കാര്യം വല്ലാത്ത കഷ്ടാന്നല്ലേ പറയണ്ടു”

മാധവിയേടത്തിയുടെ തറവാട്ടിലെ കാര്യങ്ങളാണ് ഇട്ടിച്ചിരിയമ്മ പറയുന്നത്. മീനാക്ഷി വാതില്ക്കൽ സംശയിച്ചുനിന്നു.

“ഒരു ബുദ്ധിമുട്ടും ല്യാതെ അമ്മയ്ക്കിവിടെ സുഖായിട്ട് ഇരിയ്ക്കാലോ?”

“അതിനിക്കറില്ല്യേ? സുഖായിട്ട്ന്ന്മാത്രം പറഞ്ഞാ മത്യോ? രാജപദവീലിരുന്നൂടെ, രാജപദവീല്?”

“പറഞ്ഞാ കേക്കണ്ടേ?”

“ഇനി കണ്ടെങ്കിൽ കണ്ടൂന്നന്നേള്ളു.” ഓരോ തവണ ഇറങ്ങിപ്പോവുമ്പോഴും ഇട്ടിച്ചിരിയമ്മ പറയാറുള്ളതാണ്.

ഇട്ടിച്ചിരിയമ്മ പോയിക്കഴിഞ്ഞിട്ടും മാധവിയേടത്തി തളത്തിൽനിന്നെഴുന്നേറ്റില്ല. തുറന്നുവെച്ച ഓട്ടുചെല്ലത്തിൽ നോക്കിക്കൊണ്ട് അവരെന്തോ ഓർക്കുകയായിരുന്നു. താഴത്തെ

തിലെ കാര്യങ്ങളായിരിക്കും.

പൂന്തോട്ടത്തിലെ ശേഖരൻനായരുടെ ഭാര്യ യായിത്തീർന്നതുകൊണ്ട് അവർക്കിന്നു വലിയ വീടുണ്ട്. നെല്ലും വിത്തും നിറഞ്ഞ പത്താ യങ്ങളുണ്ട്. അകത്തും പറത്തും പണിയെടു ക്കാൻ ആളുകളുണ്ട്, നാട്ടുകാരുടെ ബഹുമാനമു ണ്ട്, എല്ലാമുണ്ട്.

ഈ ഭാഗം ഒരിക്കൽ-

മീനാക്ഷി നിയന്ത്രിച്ചു. അതൊക്കെ വിഡ്ഢി ത്തമാണ്. പതുക്കെ വിളിച്ചു:

"മാധവ്യേട്ത്ത്യേ!"

ചെല്ലപ്പെട്ടി ഒരരുകിലേക്കു നീക്കിവെച്ചു മാധവിയേടത്തി എഴുന്നേറ്റു.

"ഉഴുന്നുപരിപ്പ് എട്ത്തോളു."

കലവറ തുറന്ന് ഉഴുന്നുപരിപ്പ് എടുത്തു കൊടുത്തു മാധവിയേടത്തി പറഞ്ഞു: "ഇതു വെള്ളത്തിലിട്ടുകഴിഞ്ഞിട്ട്യേയ്, പത്തായപ്പെരടെ മോളൊക്കെ ഒന്ന് അടിച്ചു തൊടച്ചിക്ക്. കൊച്ചപ്പൻ പോയന്ന് പൂട്ടീട്ടതാ."

"കൊച്ചപ്പേട്ടൻ എന്നാ വര്ണ് മാധവിയേ ട്ത്തി?"

"ആവോ! തൊളയാരം ചോദിയ്ക്കാണ്ട്

പറഞ്ഞ പണിനോക്ക് പെണ്ണേ."

മീനാക്ഷി വിഡ്ഢിത്തം പറ്റിയ ഖേദത്തോടെ തിരിച്ചുനടന്നു.

ഉഴുന്നുപരിപ്പും അരിയും കുതിരാനിട്ട് ചൂലും വെള്ളവും തേപ്പുതുണിയും പത്തായപ്പുരയുടെ കോലായിൽ കൊണ്ടുപോയി വെച്ചു. കോണി മുറിയുടെ വാതിൽ അടച്ചിരിക്കുകയാണ്.

"താക്കോല് ആ കണ്ണാടീടെ പിന്നില്ണ്ട്." മാധവിയേടത്തി വിളിച്ചുപറഞ്ഞു.

വരാന്തയുടെ ചുവരിൽവെച്ച സരസ്വതിയുടെ ചില്ലിട്ട പടത്തിനു പിന്നിൽനിന്നു താക്കോൽ എടുത്തു തിരിഞ്ഞപ്പോൾ വീണ്ടും വിളിച്ചു:

"നല്ലോണം തൊടയ്ക്കണം ട്ടോ മീനാക്ഷ്യേ? ആള് പെരുമാറാതെ കെടന്ന്ട്ട് ആകെ നാനായി ധായിട്ട്ണ്ടാവും."

പത്തായപ്പുരയുടെ മുകളിൽ രണ്ടു മുറിയുണ്ട്. കോണിവാതിൽ തുറന്നപ്പോൾ ഇരുട്ടും നനവും ചേർന്നുണ്ടായ ഒരസുഖകരമായ മണം തോന്നി. നിലം അവിടെ വിണ്ടുപൊട്ടിക്കിടക്കുകയാണ്. താഴത്തെ നില നന്നാക്കിയിട്ടു കാലം കുറച്ചായി രിക്കുന്നു.

മുകളിൽ കറുത്ത ചായം കൊടുത്ത അഴികളി

ട്ട വരാന്തയിൽനിന്നാണ് മുറികളിലേക്കു കടക്കു
ക. ചെറിയ മുറി എന്നും അടച്ചിടുകയാണു പതി
വ്. വിരുന്നുകാരായി അധികംപേരുണ്ടെങ്കിലേ
അതുപയോഗിക്കാറുള്ളൂ. തെക്കെ മുറിയാണ്
കൊച്ചപ്പേട്ടൻ ഉപയോഗിക്കാറുള്ളത്.

വരാന്തയുടെ പകുതിമുതല്ക്കു തെക്കെ അറ്റം
വരെ ചുവന്ന ചൂടിപ്പായ വിരിച്ചിട്ടുണ്ട്. നല്ല പതു
പതുപ്പ്. ചവുട്ടിയിൽ കാലുരച്ചശേഷമാണു നട
ന്നത്. എന്നിട്ടും അവൾ താഴെ നോക്കി. തന്റെ
കാലടിയിലെ ചളി പുരളുന്നുണ്ടോ അവിടെ?

അടച്ചിട്ട വാതിൽ തുറന്നു അകത്ത് ഇരുട്ട്
ഉറങ്ങിക്കിടക്കുകയായിരുന്നു. ജാലകങ്ങൾ ഉന്തി
ത്തുറന്നപ്പോൾ പ്രകാശം കുത്തിയൊഴുകി. തിരി
ഞ്ഞുനോക്കിയപ്പോൾ ഉള്ളൊന്നു കാളിപ്പോയി.
ഒരു നിമിഷം മാത്രം. പിന്നെയാണു മനസ്സിലാ
യത്-അൽമാറയുടെ മേൽ പതിച്ച വലിയ കണ്ണാ
ടിയിൽ പുൽച്ചൂൽ പിടിച്ചുകൊണ്ട് അമ്പരപ്പോ
ടെ തന്നെനോക്കി നില്ക്കുന്ന കറുത്ത പുള്ളിയു
ള്ള മുഷിഞ്ഞ ബ്ലൗസിട്ട പെണ്ണു താൻതന്നെയാ
ണ്? കൗതുകത്തോടെ അവൾ ചുറ്റും നോക്കി.
അരുകിൽ കൊതുകുവല കെട്ടിയ കട്ടിൽ.
നടുവിൽ ഒരു ചെറിയ ചാരുകസേരയും വട്ടത്തി

ലുള്ള സ്റ്റൂളും. ചുമരിൽ തട്ടുകളിലായി നിറയെ പുസ്തകങ്ങൾ. ജാലകപ്പടിയിൽ ചീർപ്പും ഒരൊഴിഞ്ഞ പൗഡർടിന്നും ഇരുപ്പുണ്ട്. വാതില്ക്കൽ നിന്നു തന്നെ ആരെങ്കിലും നോക്കുന്നുണ്ടോ എന്ന സംശയത്തോടെ, പൗഡർടിന്നെടുത്തു കൊട്ടിനോക്കി. ഒഴിഞ്ഞതാണെങ്കിലും കുറച്ചു കൈപ്പത്തിയിൽ വീണു. മണപ്പിച്ചുനോക്കിയപ്പോൾ നല്ല വാസന. മുഖത്തിട്ടാലോ.

പുത്തൻകളത്തിലെ രാജമ്മു അമ്പലത്തിൽ നിന്നു വരുമ്പോൾ മീനാക്ഷി അദ്ഭുതത്തോടെ, അല്പം അസൂയയോടെയും നോക്കിനിന്നിട്ടുണ്ട്. രാജമ്മുവിനു തന്നോളം വെളുപ്പില്ല. എന്നിട്ടും പൗഡറിടുമ്പോൾ മുഖത്തിനെന്തു വെളുപ്പ്!

പൗഡറിട്ട് ല്യാത്ത നെറംണ്ടാക്കീട്ട് പ്പൊത്ര കാര്യൊന്നും ല്യ. സ്വയം ഒരു സമാധാനം തോന്നാറുണ്ട്. എങ്കിലും രാജമ്മു കടന്നുപോകുമ്പോൾ ലോകം മുഴുവൻ വാസന പരക്കുന്നുണ്ടെന്നു തോന്നും.

കണ്ണാടിയിൽ നോക്കിയപ്പോൾ അവൾക്ക് ആകെ നാണം തോന്നി. മുടിയിൽ വെണ്ണീറു പറ്റിയിട്ടുണ്ട്. മുഖത്തു പാറിക്കിടന്ന മുടിച്ചുരുൾ ഒന്നൊതുക്കിവെച്ചു. മുഷിഞ്ഞ മുണ്ടിൻെറ കോ

ന്തലകൊണ്ടു മുഖമൊന്നു തുടച്ചു.

നിലം അടിച്ചുവാരി. തേച്ചു നനച്ചു തുടച്ചപ്പോൾ നിലം കണ്ണാടിപോലെ മിന്നി. കൊതുകുവല ഉയർത്തിയിട്ടു കിടക്ക കുടഞ്ഞു വിരിച്ചു. രണ്ടു കിടക്ക. കാല്ക്കലും തലയ്ക്കലും വലിയ തലയണ. ഒരാൾക്കു കിടക്കാൻ ഇതൊക്കെ വേണോ?

പൂന്തോട്ടത്തിലെ ശേഖരൻനായരുടെ ഒറ്റ മകനല്ലേ? വക്കീലാവാൻ പോണ ആളല്ലേ? വേണേരിക്കും.

മീനാക്ഷി മനസ്സിൽ പറഞ്ഞു. കൊച്ചപ്പേട്ടൻ കല്യാണംകഴിച്ചു കൂട്ടിക്കൊണ്ടുവരണ ഏടത്യേമ്മയ്ക്കു സുഖംതന്നെ.

അമ്മ പറയാറുണ്ട്. പെണ്ണുങ്ങൾക്കു തലേലെഴുത്തു നന്നായാൽ മാത്രം മതി. കൊച്ചപ്പേട്ടൻ കല്യാണംകഴിക്കാൻ പോകുന്ന പെണ്ണിൻെറ തലയിൽ ദൈവം നേർത്തേ നല്ലതുവരാൻ എഴുതിവെച്ചിരിക്കും. കനത്ത മിനുസമുള്ള വിരിയിട്ട ഇരട്ടക്കിടക്കയ്ക്ക്  എന്ത് പതുപതുപ്പാണ്!

അമ്മയുടെ തലയിൽ വരച്ച ദൈവം തൻെറ തലയിലൊന്നു വരയ്ക്കാതിരിക്കട്ടെ.

പടിക്കൽനിന്നു സംസാരം കേട്ടു.

വരാന്തയുടെ അഴികൾ പിടിച്ച് ഒട്ടുമാവിൻ ചില്ലകൾക്കിടയിലൂടെ എത്തിനോക്കിയപ്പോൾ ആദ്യം കണ്ടതു കുട്ടിശ്ശങ്കരമേനോനെയാണ്. പിറകിൽ ശേഖരമ്മാനുമുണ്ട്.

മാധവിയേടത്തി വിളിക്കും ഇപ്പോൾ. വരാന്ത ധൃതിയിൽ അടിച്ചുവാരാൻ തുടങ്ങുമ്പോഴേക്കും മാധവിയേടത്തിയുടെ വിളി കേട്ടു:

"നീയ്യിന്നെന്താ പത്തായപ്പെരേല് തപസ്സാ?"

മീനാക്ഷി അതു കേട്ടില്ലെന്നു നടിച്ചു. ചെയ്യു ന്ന പണി മുഴുവനാകട്ടെ.

പണിയെടുക്കാഞ്ഞാൽ അതു കുറ്റം. പണി യെടുക്കാനൊട്ടു സമ്മതിക്കയുമില്ല.

# 5

സന്ധ്യയ്ക്കു വിളക്കു കണ്ടു തൊഴു തശേഷമാണ് കുട്ടിശ്ശങ്കരമേനോൻ പോകാൻ ഭാവിച്ചത്.

"വർത്തമാനം പറഞ്ഞിരുന്ന് നേരം പോയത്

അറിഞ്ഞില്ല." മേനോൻ മുറ്റത്തേക്കിറങ്ങി. ശേഖരൻനായരും മുറ്റത്തേക്കിറങ്ങി.

"എപ്പളും ഇല്ല്യാത്തതല്ലേ? അടുക്കെ ഇരിക്ക്ണോരാണ് എന്നു പറഞ്ഞിട്ടെന്താ, തമ്മില് കാണ്ണതും രണ്ടുവാക്കു സംസാരിക്ക്ണതും വല്ലപ്പോഴക്ക്യാണ്."

"അതേതേ. തറവാട്ടു കാര്യം നോക്ക്ണോർക്കൊക്കെ അങ്ങനത്തന്ന്യാന്നു വെച്ചോളൂ. എപ്പളും തെരക്കെന്നെ. അലക്കൊഴിഞ്ഞു കാശിക്ക് പോവാന്ണ്ടോ എട?"

"ഇപ്പം കാരണോരുംണ്ടല്ലേ കാര്യം നോക്കാൻ"

"ഏട്ടനല്ലേ? നല്ല ആളാ. ദെന്റെ തലേന്ന് അങ്ങട് പോയിക്കിട്ട്യാ മതീച്ചിട്ടാ ഞാൻ. ഏട്ടൻ പറഞ്ഞത് എന്താ ശ്ശണ്ടോ? വയസ്സ് കാലത്ത്ത്തിരി സൊയിരായിട്ട് ഇരിക്കണംച്ചിട്ടാ നാട്ടില് വന്ന്. തറവാട്ടുകാര്യം ഒരക്ഷരം എനിക്കു കേക്കണ്ടാന്ന്."

"അതും കാര്യമാണ്. അവനോൻ ആവുംകാലം അദ്ധ്വാനിക്ക്ണ് വയ്യാത്ത കാലത്ത്ത്തിരി സുഖ്ക്കാൻ തന്ന്യാ."

"ഞാനെറങ്ങട്ടെ. എടള്ളപ്പോ ശേഖരൻനായർ

ക്കും ആവാലോ അങ്ങട്ടൊക്കെ ഒന്നൊറങ്ങ്വാ."

ശേഖരൻനായർ ചിരിച്ചു: "വേണ്ടാച്ച്ട്ടൊന്നാ ല്ലാന്ന് വെച്ചോളൂ."

"ഏതാ ആ വെളക്കു കാണിച്ച പെങ്കുട്ടി?"

"അതു നമ്മടെ മരിച്ചുപോയ കിട്ടുണ്ണീടെ മകളാ. അകത്തിക്കൊരു സഹായത്തിന്നു നിർത്തീതാ. വകേലൊന്നാവുമ്പൊ അന്യന്മാരേക്കാളും സൂക്ഷ്മംണ്ടാവും. കുട്ടിശ്ശങ്കരമേൻന് ഒരു കാര്യം കേൾക്കണോ? ഒറ്റക്കാര്യത്തിലേ നിക്ക് വ്യസനള്ളൂ. ഞാൻ അത്യദ്ധ്വാനം ചെയ്തുണ്ടാക്കി ഈ നെലേലൊ ആയി. നാളയ്ക്ക് ഈ തറവാട്ട്ല് അന്തിത്തിരി കാട്ടാൻ ഒരു പെങ്കുട്ടിണ്ടായില്യലൊന്നാലോചിക്കുമ്പോ–"

"വേണ്ടാത്തോർക്കാണല്ലോ ദൈവം കോരിക്കൊട്ക്ക്വാ. ഒരു പെങ്കുട്ട്യേ കൊണ്ടന്നാ ആ കൊറവങ്ങട് തീരുംച്ചോളൂ."

ശേഖരൻനായർ അതോർത്തുകൊണ്ടുതന്നെ മൂളി.

മേനോൻ പോയപ്പോൾ ശേഖരൻനായർ മെതിയടിപ്പുറത്തു മുറ്റത്തു നാലുചാൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഒരു തോൽവിയുടെ

കയ്പും ഒരു വിജയത്തിൻെറ ലഹരിയും മനസ്സിൽ തേട്ടിവന്നിരുന്നു. ചെറുമൻ മാമ്പി യെ തല്ലിയ കേസന്വേഷണത്തിനു വന്ന ഇൻ സ്പെക്ടർ ചാർജ് ചെയ്യാതെ തള്ളിക്കളഞ്ഞു. ഇൻസ്പെക്ടർ ഒരു വടക്കൻ നമ്പ്യാരാണ്. മാമ്പിയേയും കോപ്പക്കുട്ടിയേയും വിളിച്ചുവരു ത്തി. ചോദ്യങ്ങൾ ചോദിച്ചു. ബഹളത്തിൽ പങ്കെടുത്ത  ചില മാപ്പിളമാരെക്കൂടി വരുത്തി; എന്നിട്ടു രാജിയാവാൻ പറഞ്ഞു. എല്ലാം നടത്തി യതു കുഞ്ഞഹമ്മദിൻെറ മുറ്റത്തുവെച്ച്.

അങ്ങാടിയിലൂടെ ജീപ്പിൽ അങ്ങോട്ടുമിങ്ങോ ട്ടും കടന്നുപോയപ്പോൾ, അയാൾക്കു തന്നെ ഒന്നു വന്നു കാണാൻ സൗകര്യമുണ്ടായില്ല. എന്നിട്ടു കുഞ്ഞഹമ്മദിൻെറ മുറ്റത്തുചെന്ന് ആളെ അയച്ചിരിക്കുന്നു.

മാപ്പിളമാർക്കു കുടപിടിച്ചുകൊടുക്കാൻ മടി യില്ലാത്ത ഒരു ചെറ്റയെ തൻെറ അടുത്തേക്കു വി ട്ടിരിക്കുന്നു.

“ഒന്നവടംവരെ ചെല്ലാൻ പറഞ്ഞു.”

“ആര്?”

“ഇൻസെട്ടർ. മൊയലാളീടെ ബംഗ്ലാവില്-”

“പ്ഫ!” ഒരാട്ടാണു കൊടുത്തത്. “ആരെടാ

നിൻെറ മൊയലാളി? ഇൻസെട്ടരോടു പറ, പൂന്തോട്ടത്തിലെ ശേഖരൻനായർക്ക് ഒരു സ്ഥലംണ്ട്. കാണണങ്കില് അവിടെ വരണംന്ന്."

കേസ് രാജിയായി. കോപ്പക്കുട്ടിയെ കുഞ്ഞാഹമ്മദിൻെറ പരിവാരങ്ങൾ നിരത്തിലൂടെ എഴുന്നള്ളിച്ചു നടക്കുന്നത് അങ്ങാടിമാളികയുടെ ജനലിലൂടെ കണ്ടപ്പോൾ പെരുവിരലിൽനിന്ന് ഒരു വിറയലാണ് കയറിയത്.

ആ അരിശം അടങ്ങിയതു കുട്ടിശ്ശങ്കരമേനോനെ കണ്ടപ്പോളാണ്. പുത്തൻകളത്തിലെ കുട്ടിശ്ശങ്കരമേനോൻ പൂന്തോട്ടത്തിൽ വന്നു ചായകുടിച്ചു സംസാരിച്ചിരുന്നു. അതു സാധാരണ പതിവില്ലാത്തതാണ്.

മുറ്റത്ത് ഒരരുകിൽ നട്ട മൂവ്വാണ്ടൻമാവിൻെറ തൈ പശു കടിച്ചത് അപ്പോഴാണ് കണ്ണിൽപ്പെട്ടത്.

"മാധവിയമ്മേ!"

അടുക്കളയുടെ ഭാഗത്തായതുകൊണ്ടാവണം ഭാര്യ വിളി കേട്ടില്ല.

"ഹേ മാധവിയമ്മേ!"

കുറെക്കൂടി ഉച്ചത്തിൽ വിളിച്ചു.

ഉമ്മറവാതില്ക്കൽ വന്നു ഭാര്യ വിളി കേട്ടു.

"ചെവിടുല്യ മടേല്യ. ഈ പെരയ്ക്ക് ഒരു ഭാഗത്തു തീപിടിച്ചാലും ഹേ, നിങ്ങളാരും അറീല്യ."

മെതിയടി കടകട ശബ്ദത്തിലടിച്ചുകൊണ്ടുള്ള നടത്തത്തിനു ധൃതികൂടി.

"എന്റെ കാലം കഴിഞ്ഞാൽ ഈ പെരത്തറേല് നിങ്ങള് വാഴക്കുറ്റി കുത്തും."

ഭാര്യ വാതില്ക്കൽ നിന്നു. പറയാനാരംഭിച്ചാൽ അതു കഴിയുന്നതുവരെ നില്ക്കണം. കേൾക്കാനാളില്ലെങ്കിൽ സ്വരം പകരും.

കേട്ടുനില്ക്കുക. മറുപടി പറയാൻ പാടില്ല. ക്രമത്തിൽ കാര്യമില്ലാത്ത ശകാരം കുറഞ്ഞുവരും. മാധവിയമ്മയ്ക്കതു തഴക്കമാണ്.

"ഹേ, ആയമ്മേ! ഈ തയ്യിന് ഒരു കൂടുവെപ്പിക്കാൻ ഞാൻ കല്പിച്ചിട്ടു വേണോ? നിങ്ങൾക്കാർക്കും മൊതലു നഷ്ടം വന്നാൽ വേദന തോന്നില്ല. അദ്ധ്വാനിച്ചോനേ നാശംവരുമ്പോ വേദനയറിയൂ. ഞാൻ അത്യദ്ധ്വാനം ചെയ്ത്... അത്യദ്ധ്വാനം ചെയ്ത്...എന്നെക്കൊണ്ടു പറേപ്പിക്കണ്ട."

ഭാര്യ കുറേ നേരംകൂടി കാത്തുനിന്നു. കാറും കറുപ്പും കണ്ടപോലെ പെയ്യാതെ

ഒന്നു ചാറിയതേ ഉള്ളൂ എന്നു സമാധാനിച്ച് അകത്തേക്കു പോയി.

ശേഖരൻനായർ കോലായിലേക്കും കയറി.

“ഈ തെക്കിനീല് ഒരു വെളക്കു കത്തിച്ചു വെയ്ക്കാൻ ആളില്ലേ ഇവിടെ?”

അകത്തുകടന്നു നേരെ മുകളിലേക്കാണു കയറിപ്പോയത്.

മീനാക്ഷി പേടിയോടെ മാധവിയമ്മയുടെ ചെവിട്ടിയിൽ മന്ത്രിച്ചു:

“മോളിലും വെളക്കില്ല.”

“വെളക്കത്തിരുന്നിട്ടു ചെയ്യേണ്ട പണ്യൊന്നും ല്യ. ത്തിരി ചിറിനനേംകൂടി ചെയ്താന്, ദ്ലപ്പറം ണ്ടാവും ഘോഷം.” താഴത്തു നില്ക്കുന്നവർ പൂമുഖത്തിൻെറ മുകളിലെ മുറിയുടെ വാതിൽ തുറക്കുന്ന ശബ്ദം കേട്ടു. അമ്പരപ്പോടെ നില്ക്കുന്ന മീനാക്ഷിയോടു മാധവിയമ്മ പറഞ്ഞു:

“നീയ് നെൻെറ പണ്യൊന്താച്ചാ നോക്കിക്കൊ പെണ്ണേ. ഇതൊന്നും ഇന്നും ഇന്നലേം കാണാനും കേൾക്കാനും തൊടങ്ങീതല്ലല്ലോ.”

ശേഖരൻനായർ താഴത്തിറങ്ങിവന്നത് സാവധാനത്തിലാണ്. തെക്കെ അറയിൽനിന്നു കറിക്കത്തി എടുത്തുകൊണ്ടുവരുന്ന മീനാക്ഷി

മുന്നിൽ പെട്ടുപോയി. അവൾ ചൂളി ഒരരുകിലേക്കു മാറിനിന്നു. ശേഖരൻനായർ കടന്നുപോയപ്പോൾ മീനാക്ഷി വിചാരിച്ചു: ഇന്നു ഭസ്മം തൊടൽ നേരത്തെയാണ്.

വരാന്തയിൽ തെക്കുവടക്കായി നെടുനീളത്തിൽ കുറേനേരം നടന്നപ്പോൾ ശേഖരൻനായരുടെ മനസ്സു ശാന്തമായി.

താഴത്തെ കോലായിൽനിന്ന് ആരോ ഒന്നു ചുമച്ചു.

"ആരാത്?"

"ഞാനാ, കുട്ട്യാരാണൻ."

"എന്താ നാരായണൻനായരേ, ഈ നാട്ടിൽ തന്നെണ്ടോ താനൊക്കെ?"

നാരായണൻനായർ കോലായിലേക്കു കയറി സിമൻറുതിണ്ണയോടു ചേർന്നുനിന്നു.

"രണ്ടീസായിട്ടു പൂളപറേര്യർന്ന്. അതോണ്ട് അങ്ങോട്ടീലിക്കൊന്നും എറങ്ങീല്യ. ഞാനിപ്പൊ അവിടെ കേറിനോക്കി. നേർത്തെങ്ങട്ടു പോന്നൂന്നു പറഞ്ഞു ചെർമക്കള്."

"വൈകുന്നേരം കളത്തിലെ കുട്ടിശ്ശങ്കരമേനോൻ വന്നു. അപ്പോളങ്ങട്ടെറങ്ങി..."

നാരായണൻനായർ താൽപര്യത്തോടെ കേട്ടു

നിന്നു.

"ഹേ നായരെ, കളത്തിലെ മേനോന്മാര് ഇബടത്തെ ഏതെങ്കിലും ഒരു നായര്വീട്ടില് ചെന്നിരിക്കാ. വര്ത്തമാനം പറയ്ാ, കാപ്പി കുടിക്യാ മുമ്പു പതിവുണ്ടോന്നാ ചോദിച്ചത്?"

"സംശംല്യ."

ഉണ്ടെന്നോ ഇല്ലെന്നോ പറയാൻ ബുദ്ധിമുട്ടു തോന്നുന്ന സന്ദർഭങ്ങളിലെല്ലാം നാരായണൻ നായർ പറയുക അങ്ങനെയാണ്."താഴത്തേലെ മാധവിയമ്മടെ വലിപ്പംകൊണ്ടാണോ അവരൊക്കെ ഇവിടെ കേറിവര്ണ്?"

"സംശംല്യ."

"സജ്ജനങ്ങൾക്കറിയാം, ആരോടാ പെരുമാറണ്ടത്ന്ന്. ഈ നാട്ടിലിണ്ട്കൊറെ ചെറ്റകള്, മാപ്ലയ്ക്കു കൊടപിടിച്ചുകൊടുക്കും, മൊയലാളീന്നല്ലാതെ ഒന്നിനെങ്കിലുംനാക്കത്ന്നുവീഴ്വോ? നെരത്ത്ബ്ക്കൂടെ അവൻ പോണ്ണ്ടെങ്കിൽ ഒന്നിനും ഊര ഒറയ്ക്കില്ല. അതു കാണ്മ്പോ എനിക്കങ്ങനെ..."

"മാമ്പിടെ കേസ്-" നാരായണൻനായർ വഴിക്കുവെച്ചു കേട്ട വാർത്ത പതുക്കെ എടുത്തിട്ടു.

"എങ്ങന്യാണ്ടാ ആവാണ്ടിരിക്യാ? ഇവടെ

ഹിന്ദുക്കൾക്ക് ഒരുമണ്ടോ? ഓരോരുത്തരും താനല്ലേ രാജാവ്ന്നാ നാട്യം. അതിനു മാപ്ലാരെ കണ്ടു പഠിക്കണം.”

“അയിന് സംശല്യേയ്.”

“കുട്ടിശ്ശങ്കരമേൻനോട് അതേ ഞാൻ പറഞ്ഞത്. ഞാൻ എന്നെക്കൊണ്ടാവ്ണ കാലത്തു നോക്കി. മാപ്ലമൊട്ടോള് ഇപ്പോ വീണ്ടും തല പൊന്തിക്കാ. ഇപ്ലത്തെ ചെറ്പ്പക്കാര് വയ്ക്കെങ്കിൽ നോക്കിക്കോട്ടെ.”

“പഴേ കാലത്തെന്തി ഉശ്രുള്ള ഒരു ചെറുപ്പക്കാരൻ ണ്ടോ ഇന്നാട്ടിൽ?”

നാരായണൻനായർ പണ്ടത്തെ ഒരു തല്ലു കേസിൽ പ്രതിയായിരുന്നു. പാതവക്കിൽ വിളഞ്ഞുകിടക്കുന്ന വയലിൽ എട്ടുപത്തുപേർ പതിയിരുന്നു സെയ്താലിക്കുട്ടിയുടെ മേൽ ചാടിവീണ കഥ ഇപ്പോഴും നാലുപേർ കൂടുന്നേടത്തൊക്കെ പറയാറുണ്ട്.

“അന്ന് അമ്മള്ള കാലാ. മയിസ്രേട്ടുകോടതീലിയ്ക്ക് വിധി പറയ്ണ ദിവസം പെലച്ചാമ്പൊ, പൊറപ്പെട്ടു നിക്കുമ്പോ അമ്മടെ കണ്ണും മുഖോം കണ്ടപ്പോ ൻെറ എടനെഞ്ഞു പൊട്ടി. യോഗണ്ടെങ്കിൽ അമ്മടെ ചോറുണ്ണാൻ സന്ധ്യാ

നവളയ്ക്ക് എത്തണ്ട്. ഇല്ലെങ്കിൽ എൻെറ ചോറ് കണ്ണൂര് ജയിലിലാ.

"തള്ള കരച്ചിലോടു കരച്ചിൽ. കിട്ടുണ്യേട്ടൻ ണ്ട് അപ്പയ്ക്കു കേറിവര്ണു. മൂപ്പര് അമ്മടെ നേരെ ഒരു ചാട്ടം: 'കരയല്ലേന്നും ജയില് ആണു ങ്ങൾക്കുള്ളതാ.'

"മൂപ്പര് എന്തോര്ന്ന് മൊതല്ന്ന് അറിഞ്ഞൂടെ? അതൊക്കെ ഒരു കാലം!"

ആ കഥ ഒരിക്കൽക്കൂടി കേട്ടുകൊണ്ടിരു ന്നപ്പോൾ ശേഖരൻനായർക്കു രസം തോന്നി.

"അവടെ ഒര്ത്തില് ഇര്ന്നോടൊ. എത്ര നേരാ യി വന്ന കാല്മ്മല് നില്ക്ക്ണു."

വലിയ കസേര തിണ്ണയുടെ അരുകിലേക്കു നീക്കിയിട്ടു കാൽ നീട്ടിവെച്ചു ശേഖരൻനായർ ചാഞ്ഞുകിടന്നു. നാരായണൻനായർ തിണ്ണയിൽ പകുതി ഇരുന്നു.

"അതൊക്കെ ഇപ്പത്തെ മുറിവിണ്ടാലന്മാർ ക്കറിഞ്ഞുകൂടാ."

ചെറുപ്പക്കാരുടെ കൊള്ളരുതായ്മകളെപ്പറ്റി നാരായണൻനായർക്കു പലതും പറയാനുണ്ടാ യിരുന്നു. ബീഡിയും തീപ്പെട്ടിയുംകൊണ്ടേ നടക്കൂ; ചായപ്പീടികയുടെ ബഞ്ചുകളിൽനിന്ന്

ഇറങ്ങിയ നേരമില്ല.

"ശേഖരേട്ടന് ഒരു പൂരം കേൾക്കണോ? ഞാൻ ൻെറ കണ്ണോണ്ട് കണ്ടതാ. കുറ്റം പറയണംച്ചിട്ട് പറയ്വല്ല. ഇപ്പത്തെ ചെറുപ്പക്കാരുടെ കൊള്ളരുതായ പറേമ്പോ പറയ്യാന്നേള്ളൂ. നമ്മടെ സ്വന്തം കുട്ട്യല്ലേ? അന്യായല്ലോന്ന് ആലോയ്ച്ച് ഞാൻ മൂക്കത്തു വെരല് വെച്ചുപോയി!"

മീനാക്ഷ്യമ്മേ, ചെല്ലത്ത്ല് അടയ്ക്കല്യ."

ശേഖരൻനായർ അകത്തേക്കു വിളിച്ചു പറഞ്ഞു. എന്നിട്ട് എന്തു സംഭവിക്കും ഈ നാട്ടിൽ എന്ന ഭാവത്തിൽ നാരായണൻനായരെ നോക്കി.

നാരായണൻനായർ സംഭവം വിവരിച്ചു:

"ഞാൻ ഉച്ചാമ്പോ പൂളക്കാലായേല് പണിക്കോര്ന്ന്. കൊടാള് മുറിഞ്ഞു. വെട്ടാത്യോ കൊടാളോ എന്തെങ്കിലും ഒരായുധം കിട്ടോന്ന് നോക്കാൻ നെരത്തിൻെറ വക്കത്ത് ആ  കുഞ്ഞരയ്ക്കാരുടെ കുടീല്ലേ, അവടെ ചെന്നപ്പൊ എന്താ പറേണ്ട്!"

"ഉം?"

"നമ്മടെ ഗോയിന്ദുട്ടീണ്ട്, നമ്മുടെ താഴത്തേലെ ഗോയിന്ദുട്ടി, പൂജ്യനായിരുന്നു ചായ കു

ടിയ്ക്കണ്വോ. അതോണ്ടല്ല. തീണ്ടിത്തിന്ന്ണേ
നൊന്നും വേസ്ഥല്യാണ്ടായ കാലാ. കണ്ടില്ലാ
ന്നടിക്കാം. ഒന്നിനേ്വാക്കണം പോന്ന ഒരു ലഗ്നം
ണ്ടല്ലോ അവിടെ. അത്ണ്ട് കൊഴഞ്ഞ് മയ്റ്റീട്ട്
അടുത്തന്നെ." നാരായണൻനായർ സ്വരം
ഒന്നുകുടി ഉയർത്തിപ്പറഞ്ഞു: "സത്യം പറയാ
ലൊ, ൻെറ ദേഹാസകലാകൂടീട്ട്ണ്ട് ഒരു കലി
പാഞ്ഞിട്ട്-"

കസേരയുടെ കൈയിൽവെച്ച ചെല്ലത്തിൽനി
ന്നു വെറ്റില തിരഞ്ഞെടുത്തു കൈത്തണ്ടയുടെ
പുറത്തുവെച്ചുരസി. മുറ്റത്തേക്ക് ഒന്നു തുപ്പി.

"നിങ്ങളാച്ചെലരെ ഓർത്തിട്ടാ, ഞാൻ കമാ
ന്നൊരക്ഷരം മിണ്ടാതെ ഒരു പോക്കുപോന്നു."

അകത്തുനിന്നു മീനാക്ഷി അടയ്ക്ക പൊടി
ച്ചതു കൊണ്ടുവന്നു. അടപ്പൻെറ തട്ടിൽ
നിറച്ചു നിലത്തിനു വേദനയേൽപിക്കാതെ
അകത്തേക്കു പതുക്കെ നടന്നുപോയി.

ശേഖരൻനായർ ആലോചിച്ചുകൊണ്ടു
പറഞ്ഞു: "ആ ചെക്കനെ ഞാനങ്ങന്യല്ല ധരിച്ചീ
ര്ന്ന്".

"ഞാനും."

"ആ, പറേമ്പോപ്പറേട്ടെ, കുമാരൻനായരെ

ഇന്നോ ഇന്നലേയ്യോറ്റെ കണ്ടിര്ന്ന്വോ?"

"ഇവിടെണ്ടോ അത്ന്?"

"മേലേപ്പൊറത്ത്ന്ന് തെറ്റിപ്പോന്നാട്ക്ക്ണ്
ന്നൊക്കെ ഒരു ശ്രുതി കേട്ടു. ഞാൻ കണ്ടിട്ടില്ല."

ഗോവിന്ദൻകുട്ടിയുടെ കാര്യം കേട്ടപ്പോളത്തേക്കാളേറെ ശേഖരൻനായർക്കു ക്ഷോഭം തോന്നിയത് അപ്പോഴാണ്. അയാൾ സംബന്ധം മാറ്റി വീട്ടിൽ വന്നുകൂടിയിരിക്കുന്നുവെങ്കിൽ തന്നെ ഒന്നു വന്നു കാണാം, ഒന്നു വിവരം പറയാം. കേട്ടുകേൾപ്പിച്ച് അറിയണമെന്നായിരിക്കുന്നു ഇപ്പോൾ നാട്ടിലെ കാര്യങ്ങൾ.

"നല്ലത് നായയ്ക്കു ചേരില്ലെടോ. മേലെപ്പൊറത്തോര് അസ്സല് തറവാട്ട്കാരാ. അതെനിക്കറിയാം."

"നാളയ്ക്കുള്ള ഒരു തൂമ്പാപ്പൊ ആ ഗോവിന്ദുട്ടി."

"എൻെറ അളേ്യാരായതുകൊണ്ട് എനിക്കൊന്നൂല്യ. ഹേ, എനിക്ക് അവരെയാരടേം ഒരു സഹായും വേണ്ട. പക്ഷെ, ഈ ദേശത്ത് ഒരു നായര് ചെക്കൻ ചൊവ്വില്ലാണ്ടാവ്ണത് കണ്ടാൽ നിക്കത് സഹിക്കില്ല. ഞാൻ അങ്ങനെ വളർന്നതാ."

“സംശല്യ. മക്കള് നന്നാവാനും ഒരു ഭാഗ്യം വേണം. ശേഖരേട്ടൻെറ മോത്തുനോക്കി മൊഖസ്തുതി പറയ്ാന്ന് ധരിക്കരുത്. ഇപ്പ ദാ ബടിംങ്ങളല്ലോ ഒരാണ്. പഠിക്ക്ണകാലത്തും ഇവിടിരിക്ക്ണകാലത്തും കണ്ടോരായിട്ട് കൂട്ട് കൂടാ. കീഴ്ക്കോറഞ്ഞോരായിട്ട് സഹവാസം-ഞാൻ ദിലെടയ്ക്ക് കണ്ടിട്ടില്ല. കൊച്ചപ്പൻ ഓണത്തിന് വര്ണില്ലേ?”

“നാളെ സന്ധ്യയ്ക്കുള്ള വണ്ടിയ്ക്ക് വരുംന്ന് കത്തുണ്ട്. ഓനിപ്പോൾ വക്കീൽഭാഗം പഠിച്ച് ഒരു ബി.ഏ.ബിയ്യേലാ. എന്നാലും എൻെറ മുമ്പിൽ നില്ക്കുമ്പൊ എലി എലിപോലെ വിറയ്ക്കും. കുട്ട്യോള് കേട്വന്നാൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യംല്യ. വളർത്ത്ണോടത്താ. ശിക്ഷിക്കണ്ടോടത്തു ശിക്ഷിക്കണം. നല്ലോണം പറയണ്ടോടത്ത് നല്ലോണം പറയണം.”

“സംശല്യ, സംശല്യ.”

വാഴത്തോട്ടത്തിൽനിന്നു ചുറ്റിത്തിരിഞ്ഞെത്തിയ ഒരു തണുത്ത കാറ്റ് കോലായിലേക്ക് അടിച്ചുകയറി. ഇരുമ്പുകമ്പിയിൽ കൊളുത്തിയിട്ട പതിനാലാം നമ്പർ വിളക്കിൻെറ നാളം ഒന്നു പാളി. വായുവിൽ നനവും തണുപ്പും തങ്ങി

നില്ക്കുന്നുണ്ടായിരുന്നു. ദൂരെ എവിടെയോ മഴ പെയ്യുന്നുണ്ടായിരിക്കണം.

നാരായണൻനായർ വെളിച്ചം വീഴാത്തിടത്ത് തിണ്ണയിൽ കുന്തിച്ചിരുന്നു മുറുക്കാൻ ചവച്ചു തുടങ്ങി. സംസാരിച്ചു സംസാരിച്ചു വന്ന കാര്യത്തിലിനിയും എത്തിയിട്ടില്ലല്ലോ എന്ന പരിഭ്രമം അയാളുടെ മനസ്സിലുണ്ടായിരുന്നു.

"പറഞ്ഞുപറഞ്ഞ് ഓണം അടുത്തെത്തി."

"എന്തോണം! ആണ്ടറുതിക്ക് പ്പൊക്കെ ഉണ്ടേടോ വല്ല രസം? അതൊക്കെ പോയി, നാടും അധോഗതിയായ മാതിര്യന്നെ."

നാരായണൻനായർക്ക് ഒരു പിടിവള്ളി കിട്ടി.

"പറേമ്പോലെ കാലംകെട്ട കാലത്ത് എന്ത് ഓണാണ്? കൊയ്ത്തും മെതീം ള്ളോർക്കും, പട്ടാളത്ത്ന്ന് പണം വരാൻ ള്ളോർക്കും ബുദ്ധിമുട്ടില്ല. തീയ് തീയ്പോലല്ലേ തൊട്ടേനും പിടിച്ചേനും ഒക്കെ വെല!"

ശേഖരൻനായർ വലിയ ചാരുകസേരയിൽനിന്നെഴുന്നേറ്റു.

"ഞാൻ ദാ വര്ണു!"

അകത്തു കടന്നു മുകളിൽ വിളക്കുണ്ടോ എന്നു വിളിച്ചു ചോദിക്കുന്നതു കേട്ടപ്പോൾ നാ

രായണൻനായർ ഊഹിച്ചു: ഒരിക്കൽക്കൂടി ഒന്നു ചുണ്ടു നനയ്ക്കാനാണ്. തലയ്ക്കുപിടിച്ചാൽ സ്വഭാവം കൈതമുള്ളുപോലെയാണ്. ശ്രദ്ധിച്ച് അടുത്തുകൂടിയാൽ കുഴപ്പമില്ല. ചോദിച്ചതു കിട്ടും. പിഴച്ചാൽ വായിൽ തോന്നിയ ശകാരം മുഴുവൻ വിളിച്ചുപറയുകയും ചെയ്യും.

വൈകുന്നേരം പുറത്തിറങ്ങിയതുതന്നെ, അങ്ങാടിപ്പുരയിൽ ചെന്നു കണ്ടു തിടുക്കം പറഞ്ഞ് ഒരുചാക്കു നെല്ലു ചോദിക്കണമെന്നു വെച്ചാണ്.

കോണിപ്പടികൾ ശബ്ദിക്കുന്നതും മുകളിലെവിടെയോ ഒരു വാതിൽ കറകറ തുറക്കുന്നതും കേട്ടു. രണ്ടാംവട്ടം കഴിഞ്ഞുവരുമ്പോൾ ശേഖരേട്ടന്റെ പ്രകൃതം എങ്ങനെയിരിക്കുമെന്നു മാത്രമായിരുന്നു ഉൽക്കണ്ഠ. ഗോവിന്ദൻകുട്ടിയുടെ ചായകുടിയും കുമാരൻനായരുടെ സംബന്ധംമാറ്റലും മാമ്പിയുടെ പോലീസ്കേസും ഒന്നും മനസ്സിലുണ്ടായിരുന്നില്ല. നാളെത്തന്നെ ഒരു ചാക്കു നെല്ലു കിട്ടിയാലേ ഓണത്തിന്റെ ചെലവു നടക്കൂ; ഉത്രാടത്തിനിനി എത്ര ദിവസമുണ്ട്?

ശേഖരൻനായർ തിരിച്ചുവന്നപ്പോൾ മു

ഖം കുറേക്കൂടി ചുവന്നിരുന്നു. ചുമലിലിട്ട തോർത്തുകൊണ്ടു മുഖവും കഴുത്തും തുടച്ച് ഒരു ചുരുട്ടു കത്തിച്ചു കോലായിൽ നടന്നു.

“എന്തെടോ പറഞ്ഞുകൊണ്ടുവന്നത്?”

“അല്ല, സാധനങ്ങൾടെ വെല കേറീട്ട്യേ-”

“ഒക്കെ പുരാണത്തില് പറഞ്ഞിട്ട്ണ്ട്. കൽക്കീടെ അവതാരം. പാപഗ്രഹങ്ങള് ഒത്തുചേരവ്വാ. നമ്മുടെ കുട്ടീഷ്ണപ്പണിക്കര് ഇന്നലെ വന്നപ്പോക്കൂടി പറഞ്ഞില്ലേ? കലികാലലക്ഷണാണ് ഒക്കെ.”

“മൂന്നു റുപ്യ നെല്ലിന്നു വെലയായ്യേ കാലം. നിയ്ക്ക് ബുദ്ധ്യൊറച്ചേപ്പിന്നെ കേട്ടിട്ടില്ല. നമ്മടെ ഇല്ലക്കാര്...”

ശേഖരൻനായർ വീണ്ടും കലികാലത്തിൻെറ ലക്ഷണങ്ങൾ പറയാൻ തുടങ്ങിയപ്പോൾ നാരായണൻനായരുടെ മനസ്സു പതുക്കെ മങ്ങാൻ തുടങ്ങി. വന്ന കാര്യം നടക്കുന്ന ലക്ഷണമില്ല. അല്പം ഇഴഞ്ഞ അക്ഷരത്തിൽ ഒരു സംസ്കൃതശ്ലോകവും.

ആരോ പടികയറി വരുന്നുണ്ടായിരുന്നു. പടിപ്പുരയ്ക്കപ്പുറത്തു ചൂട്ടുകുത്തിക്കെടുത്തുന്നതു കണ്ടു. ആളറിയാൻ ചുമച്ചപ്പോൾ,

"ആരാത്?" ശേഖരൻനായർ പടിക്കലേക്കു നോക്കാതെതന്നെ വിളിച്ചുചോദിച്ചു.

"ദ് ഞാനാ."

പെരുമ്പലത്തൂർ കാര്യസ്ഥൻ പദ്മനാഭനും പടിപ്പുരയ്ക്കൽ രാത്രി കാവൽകിടക്കാറുള്ള ചെറുമച്ചെക്കനുമായിരുന്നു.

നാരായണൻനായർ വിചാരിച്ചു: നാശം, ഇനി നെല്ലിന്റെ കാര്യം പറയാൻ നോക്കണ്ട. നാളയ്ക്ക് ഉത്രാടം നാലായി.

"പെരുമ്പലത്തൂര്ന്ന് എപ്പളാടോ പോന്ന്?"

ശേഖരൻനായരുടെ പ്രധാന കൃഷിസ്ഥലങ്ങൾ ദൂരെ പെരുമ്പലത്തൂരിലാണ്. അവിടെ പൊളിഞ്ഞ ഒരു നമ്പൂതിരി വിറ്റുകളഞ്ഞ, പണി മുഴുമിപ്പിക്കാത്ത പുരയിലാണ് കാര്യസ്ഥൻ പദ്മനാഭൻ സ്ഥിരതാമസം.

"ഞാൻ പ്പൊ വന്നേള്ളു. ആ ഓവുചാലിന്റെ മേപ്പൊറം പുഴ്ക്കണ്ട കാര്യൊന്നു പറയാനെ. കല്പണിക്കാര് രണ്ടാള് പണില്യാണ്ടു നിക്ക്ണ്ണ്ട്. തെങ്ങുംമുട്ടിട്ടു കെട്ട്യാത്ലാവർഷത്തിനു നിക്ക്ണകാര്യം ഇക്കുറി സംശയാന്നാ എല്ലാരും പറേണ്!"

ശേഖരൻനായർ ചുരുട്ടിന്റെ പുകവിട്ടുകൊ

ണ്ട്, സിമൻറുതിണ്ണമേൽ താളം പിടിച്ചിരുന്നു കേട്ടു. അവസാനം ഒന്നു മൂളുകയും ചെയ്തു.

നാരായണൻനായർ പതുക്കെ എഴുന്നേറ്റു.

“എവടയ്ക്കാടോ?”

“ഞാനെറങ്ങാൻ നോക്കട്ടെ.”

“ഇരിയ്ക്കെടോ. മാധവ്വേമ്മേ, കുട്ട്യാരാണെനും ണ്ടാവും ഊണിന്ന്. അപ്പോ എന്താ പറഞ്ഞീര്ന്ന്? ചെറ്യോൻ പൊന്ത്വാ, വലിയോൻ താഴ്വാ, സജ്ജനങ്ങളെ നിന്ദിയ്ക്കാ, അയിത്തും ചിത്തും ഈശ്വരവിശ്വാസും ഇല്യാണ്ടാവ്വാ. അതാണു കലീടെ ലക്ഷണം.”

മുറ്റത്തിന്റെ മറുതലയ്ക്കലൂടെ മാക്കുണ്ണി ഒരു നിഴൽപോലെ പതുക്കെ വടക്കുപുറത്തേക്കു നീങ്ങുമ്പോൾ ശേഖരൻനായരുടെ കണ്ണിൽപ്പെട്ടു.

“ആരാ ആ പോണ്?”

“ഇതട്ട്യേനാ, മാക്കുണ്ണി.”

“ആ മാക്കുണ്ണ്യേ, രാവിലെ മറ്റു പണ്യെന്താച്ചാൽ അയിനു തിരിയ്ന്നേനുമുമ്പെ താഴത്തേല് ചെന്നു കുമാരൻകമ്മളോടു ഞാനൊന്നു കാണണം ന്ന് പറഞ്ഞിരിയ്ക്കണെതായിട്ടു പറ.”

“ഓ.”

"എന്താ പറയ്യ്യാ? കാണണം ന്ന് മാത്രം പറഞ്ഞാ മതി. പിടിച്ച പിടിയാലെ വിളിച്ചുകൊണ്ടരൊന്നും വേണ്ട. മനസ്സിലായ്യോടോ?"

"ഓ."

നാരായണൻനായർ പരുങ്ങിക്കൊണ്ടു കോലായിൽനിന്നു തലചൊറിയുന്നതു കണ്ടപ്പോൾ പറഞ്ഞു:

"കുട്ട്യാരാണാ, നീയവിടെ ഇരിക്ക്, ഞാൻ പ്പോ വരാം."

വീണ്ടും മുകളിലേക്കു പോയപ്പോൾ നാരായണൻനായർ താഴെ ചുവർചാരി, കുന്തിച്ചിരുന്ന് സ്വയം ശപിച്ചു.

ഏതു യുഗത്തിന്റെ ലക്ഷണവുംകൊണ്ടാണാവോ ഇനി വരുന്നത്!

## 6

ഉമ്മറത്തെ പൊട്ടിപ്പൊളിഞ്ഞ ചാരുപടിമേൽ ഇരുന്നും കിടന്നുമാണ് കുമാരേട്ടൻ പകൽകഴി

കുക. അതുകൊണ്ടു വിഷമം ഗോവിന്ദൻകുട്ടി ക്കായിരുന്നു. കുമാരേട്ടൻ ഉമ്മറത്തുള്ളപ്പോൾ അവിടെ ഇരിക്കാനോ കിടക്കാനോ വയ്യ. മുകളി ലെ തെക്കേ അറയിലെ ഇരുട്ടിൽ കുറേനേരം ഇരിക്കുമ്പോൾ ശ്വാസം മുട്ടുന്നുണ്ടെന്നു തോ ന്നും. തട്ടുയരം കുറഞ്ഞ ആ മുറിക്കു ചതുരയഴി കളിട്ട ഒരു കുത്തഴിയേ പുറത്തേക്കു തുറക്കാ നുള്ളു. തൂങ്ങി നില്ക്കുന്ന ഇറയുടെ മറവുകൊ ണ്ടു പകലും ഇരുട്ടു മാറില്ല. അപ്പോൾ രാവിലെ പുറത്തിറങ്ങും. പുഴവക്കിലൂടെ കുറെ നടന്നു കുഞ്ഞരയ്ക്കാരുടെ പുരയിലെത്തും. ഉച്ചയാ വുന്നതുവരെ അവിടെ സംസാരിച്ചിരിക്കും. ഉച്ചയ്ക്കു വന്നു വല്ലതും കഴിച്ചാൽ തെക്കേ അറയിൽ പായ നിവർത്തി ഒന്നു കിടക്കും. ഉറങ്ങാനല്ല. ഉറക്കം വരാറില്ല. വൈകുന്നേരം പുറത്തിറങ്ങിയാൽ ചിലപ്പോൾ തോണിക്കടവി നടുത്തു ചെന്നിരിക്കും. നേർത്തേയാണെങ്കിൽ വീണ്ടും എത്തിച്ചേരുക കുഞ്ഞരയ്ക്കാരുടെ പുരയിലാണ്. ഇടയ്ക്കൊരു ബീഡി വലിക്കാം. ശർക്കരപ്പൊടിയിട്ട ഒരു കടുംചായ കുടിക്കാം.

കുമാരേട്ടൻ മൂന്നുനാലു ദിവസത്തേക്കു പുറത്തിറങ്ങിയില്ല. മരക്കച്ചവടക്കാരൻ കുട്ടി

ഹസ്സൻ ഒരിക്കൽ വന്നു. പടിക്കലേക്കു മാറി നിന്നു രണ്ടുപേരും സംസാരിച്ചു. കുട്ടിഹസ്സൻ പോയപ്പോൾ കുടയെടുത്തു മേലേപ്പടി കയറിപ്പോയി. അടയ്ക്കവെട്ടുപുരയിലെ ഹാജിയാരെ കാണാനായിരിക്കും.

ആരോടും ഒന്നും സംസാരിക്കാറില്ല. വിളിച്ചാൽ വന്നു ഭക്ഷണം കഴിക്കും. അധികസമയവും ഉമ്മറത്തെ പടിമേൽ കാൽമുട്ടുകൾക്കു മുകളിൽ താടിവെച്ചു കുന്തിച്ചിരിക്കുകയാണ് ജോലി.

കുമാരേട്ടനോട് ഒരിക്കൽ അമ്മ ചോദിക്കുന്നതു കേട്ടു: "നീയെന്താ കുമാരാ ഇങ്ങനെ മുനീടെന്തി ഇരിയ്ക്ക്ണ്?"

അപ്പോൾ പതിവില്ലാത്തവണ്ണം അമ്മയോടു തട്ടിക്കയറി: "പിന്നെ ഞാനെന്താ ചാടിക്കളിക്കണോ?"

പത്തു കൊല്ലത്തിലേറെ മേലെപ്പുറത്തെ നിലവാരത്തിനൊപ്പിച്ചു സംബന്ധക്കാരനായിരിക്കാൻ പാടുപെട്ട്, അവസാനം ഇങ്ങനെയാണ്! ഗോവിന്ദൻകുട്ടി വിചാരിച്ചു.

ഭാര്യവീട്ടിൽ സ്ഥിരതാമസമാക്കിയ കാലത്ത് കുമാരേട്ടനോട് അമ്മ ചോദിക്കുകയുണ്ടായി:

"പണ്ടില്ലാത്തതല്ലേ കുമാരാ?" ഭാര്യവീട്ടിലെന്നെ താമസിയ്ക്ക്വാച്ചാ."

"ഞാനവടെ അങ്ങനെ മുട്ടിച്ചു നിക്കൊന്നുല്യ. ഇല്ലത്തും അവിട്യായട്ടും അങ്ങനെ കഴിയാം. കാരണോര് എപ്പഴും നിർബന്ധിയ്ക്കണൂണ്ട്. എന്തിനാ അങ്ങട്ടും ഇങ്ങട്ടുംങ്ങനെ നടക്ക്ണ്! കുമാരൻനായർക്ക് ഇബടെ നിക്ക്ണേന് ഒരസ്കിതീം വിചാരിക്കാൻല്യാച്ചോളൂ. ഇബ്ട്ത്തെ കാര്യങ്ങളെ നോക്കാൻ ന്നെക്കൊണ്ട് തന്നെ ആവില്ല. നിങ്ങടെ കുട്യോൾക്കുംകൂടി ള്ളതാണല്ലോ എന്നാ പറയാറ്."

അതുകൊണ്ടു ശമ്പളം കൊടുക്കാതെതന്നെ മേലേപ്പുറത്തേക്ക് ഒരു കാര്യസ്ഥനെ കിട്ടി. രാത്രിയിൽ ഇല്ലത്തേക്കുള്ള ആധാരമെഴുത്ത്, പകൽ പാടത്തു പണിയെടുപ്പിക്കൽ. അവസാനം നാലുപേരുടെ മുന്നിൽവെച്ച് അപമാനിച്ചപ്പോഴേ മനസ്സിലായുള്ളു, താനെവിടെയാണു നില്ക്കുന്നതെന്ന്. മാനം വീണ്ടെടുക്കാൻവേണ്ടി താഴത്തേതിൽ വന്നു പട്ടിണി പങ്കിടുന്ന ആ മനുഷ്യനെ കാണുമ്പോൾ ചിലപ്പോൾ എന്തെന്നില്ലാത്ത ഒരരിശമാണു തോന്നുക.

ചിലപ്പോൾ കഷ്ടം തോന്നും, മിണ്ടാപ്രാണി

യായി കാൽമുട്ടുകൾ കൂട്ടിപ്പിടിച്ചുകൊണ്ടുള്ള ആ ഇരുപ്പു കാണുമ്പോൾ.

അന്നു രാവിലെ പൂന്തോട്ടത്തിലെ പണിക്കാരൻ മാക്കുണ്ണി കുമാരേട്ടനെ കാണാൻ വന്നിരുന്നു. ശേഖരേട്ടൻ ഒന്നു കാണണമെന്നു പറഞ്ഞിരിക്കുന്നുവത്രേ.

കുമാരേട്ടൻ ഒട്ടും രസിക്കാത്ത മട്ടിൽ ഒന്നു മൂളുകമാത്രം ചെയ്തു.

മാക്കുണ്ണി പോവുമ്പോൾ തിരിച്ചുവിളിച്ചു പറഞ്ഞു: "ഞാൻ വൈകുന്നേരം അങ്ങാടീലിക്ക് വര്ണ്ണ്ട്. അപ്പോ കണ്ടോളാംന്നു പറ."

പക്ഷേ, മാക്കുണ്ണി പടിയിറങ്ങി വരമ്പു കടന്നപ്പോൾ കുമാരേട്ടനും പുറത്തിറങ്ങി.

വെയിൽ മങ്ങുന്നതും കാത്തു ഗോവിന്ദൻകുട്ടി കോലായയുടെ വക്കിലിരുന്നു. ഒടുവിൽ പടിക്കലേക്കു കാൽവെച്ചപ്പോൾ വാഴത്തോട്ടത്തിൽ എരുമത്തുവയുടെ ഇല നുള്ളിക്കൊണ്ടിരുന്ന കുഞ്ഞോപ്പോളു വിളിച്ചുപറഞ്ഞു:

"നെന്നെ അമ്മ അന്വേഷിച്ചിരുന്നു."

"അമ്മടെ അടുത്തുകൂടെല്ലേ ഞാൻ പോന്ന്?"

അതിനു കുഞ്ഞോപ്പോള് മറുപടി പറഞ്ഞില്ല. എന്തോ പതുക്കെ പിറുപിറുത്തു. മടങ്ങിച്ചെന്നു

വടക്കിനിയുടെ വാതില്ക്കൽ നിന്നു വിളിച്ചു ചോദിച്ചു:

"അമ്മ ന്നേ വിളിച്ചോ?"

"ആ വിളിച്ചു."

"എന്തിനേ?"

അമ്മയ്ക്കാ ചോദ്യം തീരെ രസിച്ചില്ലെന്നു തോന്നുന്നു. അമ്മയുടെ സ്വരം പതറുന്നു. പുച്ഛരത്തോടെ പറയുകയാണ്:

"ൻെറ തൃപ്പുത്രനല്ലേ, ഒന്നു കാണാൻ."

ഗോവിന്ദൻകുട്ടി ഒന്നും മിണ്ടിയില്ല.

"പെറ്റ തള്ള ഒരു മൂക്കില് മൊടക്കച്ചെരക്കായി കെടക്ക്ണ്ണ്ടലോ. ഒന്നു കാണാലോ മകന്."

ഗോവിന്ദൻകുട്ടിക്ക് ആദ്യം ഒരരിശമാണു തോന്നിയത്. ചെറുപ്പത്തിൽ, മരിച്ചുപോയ പടിഞ്ഞാറേതിലെ കണ്ടുണ്ണിമ്മാൻ പറഞ്ഞുകേട്ടു പഠിച്ച ഒരു തമാശയുണ്ട് പ്രായത്തെപ്പറ്റി. അതോർമ്മ വന്നു പിന്നെ. അറുപതിൽ ചൊറി, എഴുപതിൽ ഏക്കം, എൺപതിൽ തൂക്കം, തൊണ്ണൂറിൽ നീക്കം നൂറിൽ എടുത്തിടാ. എഴുപതായിട്ടാണ് അമ്മയ്ക്ക് അറുപതിലെ ചൊറി ആരംഭിക്കുന്നത്!

അയാൾ വടക്കിനിയിലേക്കു കടന്നു. ഉയരം

കുറഞ്ഞ കട്ടിലിൽ കരിമ്പടത്തിനു താഴെ തട്ടിൻ പുറത്തെ വളയങ്ങളിലേക്കു തുറിച്ചുനോക്കി ക്കൊണ്ട് മൂക്കത്തു വിരൽവെച്ചു കിടക്കുകയാ ണ്. അമ്മ.

ഈ മൂക്കത്തു വിരൽ ചേർത്തു കഷ്ടംവെച്ചു കിടക്കുന്നതു കാണുമ്പോഴൊക്കെ ഒരു കലിയാ ണു വരിക.

-കാലൻ കയറും ഉലക്കയുമായി കെട്ടിയെടു ക്കാൻ വരുമ്പോഴും അമ്മ കഷ്ടംവെയ്ക്കും.

"കണ്ടില്ലേ? ഇനി പൊയ്ക്കൂടെ?"

അമ്മ ഒന്നും മിണ്ടിയില്ല. മറുപടി കാത്തുനി ന്നു.

"കാറ്റുകൊള്ളാൻ എറങ്ങേണ്ടേ്വരിക്കും?"

"തിന്നതു ചങ്കില് കുത്ത്വല്ലേ?" ദഹിക്കാൻ ത്തിരി നടക്കണം."

"നാവെടുത്താൽ തറുതലേ പറയൂ. ദ്ന എന്ന്ന്റെ വയറ്റില് പൊട്ടി, അന്നു തറവാട് അധോഗത്യായി."

ഗോവിന്ദൻകുട്ടി കട്ടിളപ്പടി കടന്നു. അധികംസമയം അവിടെ നിന്നാൽ വല്ലതുമൊ ക്കെ പറഞ്ഞുപോവും.

"എടാ, നിന്നെ കണ്ടിട്ടു പുണ്യം കിട്ടാനല്ല.

ആ മണ്ണാൻെറ പീടികേന്ന് ഒഴക്കു ധാന്വന്തരം കൊഴമ്പ് വാങ്ങിക്കൊണ്ടരാനേ." താഴത്തേതിലെ കുഞ്ഞിക്കാളിയമ്മയ്ക്കാണെന്നുപറഞ്ഞാൽ മണ്ണാൻ കുഞ്ഞുണ്ണി കുഴമ്പു വെറുതെ തരില്ലെന്നു പറയാനാണ് ഉടനെ തോന്നിയത്. വേണ്ട, ചണ്ണ പൊട്ടിയപ്പോൾ നക്കുപ്പും നാരായക്കല്ലുമില്ലാതായ കഥ ഒരിക്കൽക്കൂടി കേൾക്കേണ്ടിവരും.

പടിയിറങ്ങുമ്പോൾ ആലോചിച്ചുപോയി. അമ്മയെ പറഞ്ഞിട്ടു കാര്യമില്ല. വയസ്സുകാലത്തു വേണ്ടതൊന്നുമില്ല. കുഴമ്പില്ല, മരുന്നില്ല, വേണ്ടത്ര ഭക്ഷണമില്ല. വാതക്കടച്ചിലുമായി കരിമ്പടത്തിനു ചുവട്ടിൽ ചുളിപ്പിടിച്ചു കിടക്കുമ്പോഴും വടി കുത്തിപ്പിടിച്ചു തെന്നിത്തെന്നി നടക്കുമ്പോഴുമെല്ലാം അമ്മ അക്കാര്യം ഓർമിക്കുന്നുണ്ട്. ആരോടെല്ലാമോ അരിശവും വൈരാഗ്യവും തോന്നുന്നുണ്ട്. ചിലപ്പോൾ അതു പൊട്ടിപ്പുറപ്പെടുന്നതു തൻെറ നേരെയാണ്. അല്ലെങ്കിൽ കുഞ്ഞ്യോപ്പോളുടെ നേരെ.

നാലണയെങ്കിലും കൊടുക്കാതെ കുഴമ്പു കിട്ടില്ല. നാശം, നാലണ കൈയിലുണ്ടാവുന്നത് ഇനിയെന്നാണാവോ! റോട്ടിലേക്കു കയറി

യപ്പോൾ എവിടേക്കാണു പോകേണ്ടതെന്ന് ഉദ്ദേശമൊന്നുമുണ്ടായിരുന്നില്ല.

ഞാറ്റുവട്ടിയിൽ, റോട്ടുവക്കിലെ അരയാലിൻെറ മുകളിലെ പോന്നകൾക്ക് ഉന്നംനോക്കിക്കൊണ്ട് ഒരു തോക്കുകാരൻ നില്ക്കുന്നുണ്ട്. കൂടെ മൂന്നുനാല് ആശ്രിതന്മാരുമുണ്ട്. പുത്തൻ കളത്തിൽ വിരുന്നുവന്ന വല്ലവരുമായിരിക്കും.

അരയാലിൻെറ പച്ചപ്പടർപ്പിനടിയിൽ എവിടെയാണ് പക്ഷിയിരിക്കുന്നതെന്നു ചുഴിഞ്ഞു നോക്കിക്കൊണ്ടു വളരെ പതുക്കെ നടക്കുമ്പോൾ പിന്നിൽനിന്നൊരു ശബ്ദം കേട്ടു:

"നിക്കീ."

അത്ഭുതത്തോടെ അയാൾ തിരിഞ്ഞുനിന്നു. നെബീസു-

"ബിളിക്ക്ണ്?"

"ആര്?"

"ബാപ്പ."

"സുൽത്താനെവടെ?"

"ഓൻ പീട്യേ പോയിരിക്ക്ണ്."

റോട്ടുവക്കത്തെ വേലിപ്പടർപ്പിൽനിന്ന് ഒരു കടലാവണക്കിൻകൊമ്പു താഴ്ത്തിപ്പിടിച്ചു നെബീസു ഒരില പൊട്ടിച്ചു. കറവരുന്ന തണ്ടു

നഖത്തിലുരച്ചുകൊണ്ടു തലതാഴ്ത്തിനിന്നു.

"ഇപ്പ വരണോ?"

"ഇങ്ങള് പോണ് കണ്ടപ്പോ വാപ്പ ഇന്നോടു ബിളിക്കാൻ പറഞ്ഞ്."

ഉച്ചവരെ കുഞ്ഞരയ്ക്കാരുടെ പുരയിൽ ത്തന്നെയായിരുന്നു. അപ്പോൾ ഒന്നും പറഞ്ഞി ല്ലല്ലോ.

"ഇക്കാക്കടെ കത്ത് വന്നോ?"

"ആവോ. വാപ്പോട് ചോയ്ചോാക്കി."

നെബീസുവിൻെറ മുഖം തുടുത്തിരുന്നു. കണ ക്കിൽക്കൂടുതൽ പൂനീലം മുക്കിയതട്ടം തലയിൽ പകുതിയോളം കയറിക്കിടക്കുകയാണ്. നെറ്റി യിലേക്ക് ഇറങ്ങിനില്ക്കുന്ന എണ്ണമയമില്ലാത്ത മുടിച്ചുരുളുകൾക്കു താഴെ വിയർപ്പുതുള്ളികൾ ഉരുണ്ടുകൂടി നില്ക്കുന്നതു കാണാമായിരുന്നു. അവൾ നടന്നു. കാച്ചിത്തുണിയുടെ പച്ചക്കരയു ടെ താഴെ, പോക്കുവെയിലിൽ തിളങ്ങിക്കിടക്കു ന്ന നനുത്ത പൂഴിമണലിൽ പതിയുന്ന തുടുത്ത കാലടികൾ  നോക്കിക്കൊണ്ട് അയാൾ പിറകെ നടന്നു. കൈത്തണ്ടയിൽ ധാരാളമായിട്ടു മഞ്ഞ യും ചുവപ്പും കലർന്ന കുപ്പിവളകൾ താളത്തിൽ ചിരിച്ചുകുഴഞ്ഞു.

നെബീസുവിനു രഹസ്യം അടക്കിനിർത്താൻ കഴിഞ്ഞില്ല. നാലടി നടന്നപ്പോൾ അവൾ തിരിഞ്ഞുനിന്നു.

“ഇക്കാക്കടെ കത്തും പണ്ടും ബന്ന്.”

“അപ്പൊ ന്ന് കൊറ്റു കുശാലാവൂലോ? നെൻെറ കൊറ്റൻകുട്ടീനെ ബിസ്മ്യാക്കാൻ പറയാം വാപ്പോട്.”

“ന്നിട്ടു വല്യ കോള് തിന്നും.”

അയാൾ നെബീസുവിൻെറ ഒപ്പമെത്തി. കാലടിയിലെ മൺതരികൾക്കു നേരിയ ചിരി വിതറിക്കൊടുത്തുകൊണ്ടു നടക്കുന്ന നെബീസുവിനെ അയാൾ മുഖം തിരിച്ചുനോക്കി. ചുവന്ന നൂൽകൊണ്ടു തുന്നിയ കുടുങ്ങിക്കിടക്കുന്ന കുപ്പായമുലയുമ്പോൾ, അയാൾ പൊടുന്നനെ ഒരദ്ഭുതം കണ്ടെത്തിയപോലെ ഓർത്തുപോയി. നെബീസു വളർന്നു വലുതായിരിക്കുന്നു. താഴത്തേതിലെ അടുക്കളത്തളത്തിനു തൊട്ടുള്ള നെല്ലുകുത്തുമുറിയുടെ പായതൂക്കിയ ജനൽപ്പഴുതിലൂടെ അറയ്ക്കുന്ന ചുവപ്പുനിറത്തിൽ വെള്ളത്തുണിക്കുള്ളിൽ ഇളകിക്കൊണ്ടിരുന്ന കുഞ്ഞിനെ കണ്ടതു വർഷങ്ങൾക്കുമുൻപാണ്. അവളുടെ കല്യാ

ണകാര്യം പറഞ്ഞപ്പോഴും നിത്യമെന്നപോലെ കാണുമ്പോഴും ഈ അത്ഭുതം ശരിക്കും കണ്ടെത്താത്തതിൽ തമാശ തോന്നി. ഒരിക്കൽ കൂടി അയാൾ അവളെ നോക്കി. കുപ്പിവളകൾ താളത്തിൽ കിലുങ്ങുന്ന കൈത്തണ്ടയിൽ നനു ത്ത രോമങ്ങൾ കുനുത്തുനില്ക്കുന്നു. ചുവപ്പു തുന്നലിന്റെ ചിത്രപ്പണികൾ വരയും കുറിയുമി ട്ട നീലം മായാത്ത കുപ്പായത്തിൽ പൂട ചിക്കുന്ന മാടപ്രാവുകൾ കുറുകിയിരിക്കുന്നു.

കുറ്റബോധത്തോടെ അയാൾ കണ്ണുകൾ പിൻ വലിച്ചു, അവൾ നോക്കിയപ്പോൾ.

നടത്തത്തിനു വേഗം കൂട്ടി.

അതിരാളൻകുന്നിന്റെ ചെരുവിലെ കണ്ണാ ന്തളിപ്പടർപ്പുകളെയാണ് ആലോചിച്ചുപോയത്. കൊല്ലം മുഴുവൻ അവിടെ കാടുപിടിച്ചു നില്ക്കു ന്നുണ്ടാവും. കാണില്ല. അഥവാ ഓർമിക്കില്ല. ഓണക്കാലമടുത്തെത്തുമ്പോൾ ഒരു ദിവസം പൊടുന്നനെ നീലച്ഛായയലിഞ്ഞുചേർന്ന ഇളംചുവപ്പു പൂക്കൾ ആകെ കുന്നിൻപുറം നിറഞ്ഞുനില്ക്കുന്നു.

“ങ്ങടെ കാർന്നരല്ലേന്ന് അത്?”

“ഏ?”

വീട്ടിൻെറ പടിക്കലെത്താറായിരുന്നു. നെബീസു പിറകിൽനിന്നു ചോദിച്ചു:

"ങ്ങടെ കാർന്നരല്ലേ ആ നിക്ക്ണ്ന്ന്?"

ഗോവിന്ദൻകുട്ടി പടിഞ്ഞാട്ട് വയലുകളുടെ മുകളിലൂടെ താഴത്തേതിലെ പടിക്കലേക്കു നോക്കി. വരമ്പിൻെറ മുട്ടത്തു കണ്ണുകൾക്കു മീതെ കൈപ്പത്തി ചേർത്തുവെച്ചു റോട്ടിലേക്കു നോക്കുന്നു, ഇങ്ങോട്ടുതന്നെ. എന്തെങ്കിലും വിളിച്ചു പറയാനാണോ? ഒരു നിമിഷം അയാൾ സംശയിച്ചുനിന്നു. എന്തുപറയാനാണുള്ളത്?

കുഞ്ഞരയ്ക്കാർ മുറ്റത്തിൻെറ അതിർത്തിയിലെ കള ചെത്തിക്കളയുകയായിരുന്നു.

"ഉള്ളിലൊരു തണുപ്പു വീണു. ഗോയിന്ദുട്ട്യാരേ, ചെക്കൻെറ ബിവരം വന്ന്."

ശബ്ദം കേട്ടു കോലായിലേക്കു വന്ന തിത്തുമ്മ മാപ്പിളയോട് അപേക്ഷിച്ചു:

"ഒന്നു ബായ്പിക്കീ. ആ ശിവായിനമ്പ്യാര് ഒരു വെറ്റ്യേൻ. ബായിച്ചാത്തന്നെ ഒരു തലേം വാലും ല്യ."

"ഇരിക്കീ. ഞാൻ കൈയൊന്നു കഗ്ഗി വരാം."

കുഞ്ഞരയ്ക്കാർ പുരയുടെ പിൻഭാഗത്തേക്കു പോയി.

അകത്തെ പത്തായപ്പെട്ടി ഒച്ചപ്പെടുന്നതു കേട്ടപ്പോൾ തിത്തുമ്മതന്നെ കത്തു തപ്പിയെടുക്കുകയാണെന്നു മനസ്സിലായി. വാതിൽ പറ്റിക്കൊണ്ടു നില്ക്കുന്ന നെബീസുവിനോട് അയാൾ സ്വകാര്യം പറയുന്നമട്ടിൽ പറഞ്ഞു:

“അപ്പോ ഇക്കാക്ക വന്നാൽ പട്ടാമ്പിക്കാർ കൊണ്ടോയതുതന്നെ.”

അവൾ ചൊടിച്ച് കൊഞ്ഞനംകാണിച്ച് ഓടി മറയുമെന്നാണു കരുതിയത്. പക്ഷേ, അതു കേട്ടതായി ഭാവിക്കാതെ വാതിൽപ്പലകയിൽ കവിളമർത്തിക്കൊണ്ടു പാതിയടഞ്ഞ കണ്ണുകളോടെ നിശ്ശബ്ദം നില്ക്കുകമാത്രമാണു ചെയ്തത്. സുൽത്താനു പറഞ്ഞുകൊടുക്കാൻ അയാൾ ഓർമിച്ചുവെച്ചിരുന്ന രണ്ടു വരികളുണ്ടായിരുന്നു:

നെബീസുത്താൻെറ കല്യാണത്തിന്
എന്തിര്ത്താണ് പാടീത്?
പെട്ടിപ്പാട്ടു മുമ്പില്വെച്ചി
ട്ടെന്തിര്ത്താണ് പാടീത്?

ഒറ്റയ്ക്കവളെ കണ്ടുകിട്ടുമ്പോൾ പരിഹസിക്കാൻവേണ്ടി കരുതിയ വരികൾ നാക്കിൻതുമ്പത്തെത്തിയതായിരുന്നു. അയാൾ അടക്കി.

നീലനിറത്തിലുള്ള ലക്കോട്ട് നീട്ടിക്കൊണ്ടു തിത്തുമ്മ പറഞ്ഞു:

"പെറക്ക്ണ മാസം വരുന്നാ ഇബടെ വായിച്ചു പറേണ് കേട്ട്. ഒന്ന് മട്ടമ്പോലെ വായിച്ചാണി ങ്ങള്."

കുഞ്ഞരയ്ക്കാര് കോലായിൽ കയറി പറഞ്ഞു:

"അരറാത്തല് പഞ്ചാരയ്ക്ക് ഒരു വഴി വെച്ചിട്ടുണ്ട് ഞമ്മള്. ചെക്കനിപ്പ കൊണ്ടരും. ഉസറും ചെടീംള്ള ഒരു ചായ കുടിക്കണം മ്മക്ക്. അട്ടു നോക്കി നിക്കാണ്ട് ത്തിരി വെള്ളടുപ്പത്ത് വെയ്ക്കടീ നെബീസോ."

നെബീസുവിന്റെ കുപ്പിവളകൾ കിലുങ്ങി. അകന്നുപോവുന്ന കാലടിയൊച്ചകൾ ചെവിയോർത്തുകൊണ്ട്, ഒരു വിഡ്ഢിയെപ്പോലെ കുഞ്ഞരയ്ക്കാരുടെ മുഖത്തുനോക്കി അയാളിരുന്നു.

"ഇങ്ങള് ബായിച്ചാലെ ഇബൾക്ക് ബോധ്യാവ്ള്ളു. ബായിച്ചാട്ടെ."

# 7

തെക്കിനിയിലേക്കുള്ള ഉമ്മറപ്പടിമേൽ വെച്ച വിളക്കിന്റെ വെളിച്ചം താഴത്തെ കോലായയിലേക്ക് എത്തിയിരുന്നില്ല. ഉമ്മറത്താരുമില്ലെന്നാണ് കരുതിയത്. ഇരുട്ടു വീണുകിടക്കുന്ന കോലായയിൽനിന്ന് ഉമ്മറത്തേക്ക് ഒരു കാൽ വെച്ചതേയുള്ളു, എവിടെനിന്നെന്നില്ലാതെ ഒരു വിളി കേട്ടു:

"ഗോയിന്ദുട്ട്യേ!"

ഗോവിന്ദൻകുട്ടി നിന്നു.

കോലായയുടെ പടിഞ്ഞാറെ അറ്റത്തുനിന്നു കുമാരേട്ടൻ ഒരു നിഴൽപോലെ പതുക്കെപ്പതുക്കെ വന്നു.

ആ വിളി അത്ര പന്തിയല്ലെന്നു തോന്നി, ഗോവിന്ദൻകുട്ടിക്ക്. ഉമ്മറത്തേക്കു കയറാതെ ഉത്തരത്തിൽ ഒരു കൈവെച്ചുകൊണ്ടു തിരിഞ്ഞുനിന്നു.

"നീയെവടേർന്ന്?"

ആ സ്വരം കേട്ടപ്പോൾ അതൊരു വെറും ചോദ്യമല്ലെന്നു മനസ്സിലായി.

"പൊറത്ത്."

"പൊറത്ത് കാറ്റോടി നടക്കാൻ പോയിരുന്നതാ, അല്ലേ?"

അതിനൊന്നും മറുപടി പറയാനില്ല.

"എന്തടാ മിണ്ടാതെ നിക്കണ്?"

കുമാരേട്ടൻ അത്ര ഉച്ചത്തിൽ അടുത്തകാലത്തൊന്നും തന്നോടു സംസാരിച്ചിട്ടില്ല.

"എന്താ, നെനക്ക് നാവില്ലേ?"

ഗോവിന്ദൻകുട്ടി വെറുപ്പ് അടക്കിനിർത്തി. ഇരുട്ടിലേക്കു നോക്കിക്കൊണ്ടു നിന്നു. വാഴത്തോട്ടത്തിൽ വെളിച്ചത്തിന്റെ നനഞ്ഞ ബിന്ദുക്കൾപോലെ നാലഞ്ചു മിന്നാമിനുങ്ങുകൾ വഴി കാണാതെ ഉഴന്നു നടക്കുന്നു.

"നെനക്ക് സമാധാനം പറയ്വാ വയ്യല്ലേ?"

മനസ്സിലെ സംശയങ്ങളുടെ പൊന്തക്കാടുകളിൽ തപ്പിത്തടഞ്ഞുകൊണ്ട് അയാൾ വീണ്ടും നിശ്ശബ്ദനായി നിന്നു.

"എടാ, നീയൊരു ഉളക്കുട്ട്യല്ല. ഒന്നിനോ്വാക്കണം പോന്ന ഒരാണൊരുത്തനാ. എടാ മൊതലില്ലെങ്കിലും നാണോം മാനോം വേണം."

ഒരു യുഗം കാത്തുനില്ക്കേണ്ടിവന്നു പറയാനവസരം കിട്ടാൻ.

“ഞാൻ മാനംകെട്ട ഒന്നും ചെയ്തിട്ടില്ല.”

“ആരോടാടാ നീ പറേണ്? നാട്ടില് നിയ്ക്ക് തലനീർത്തി നടക്കണം; മനസ്സിലായോ? ഈ തറേല് പൊട്ട്യേ ഒന്നിനെപ്പറ്റ്യെങ്കിലും ഇങ്ങനെ പറയാൻ എടവന്നിട്ടുണ്ടോ കീഴ്ക്കടെ? ഓരോരുത്തര് പറേമ്പൊ ചെവിട്ട്ല് വെരലിട്ട് നടക്കേ ഞാൻ.”

കുമാരേട്ടൻ തൊട്ടുമുന്നിൽ വളഞ്ഞുകുത്തിക്കൊണ്ടു നിന്നു.

“അതിന് ഞാനെന്തേ ചെയ്ത്?”

“ഞാ–നെന്തേ ചെയ്ത്? ചോയ്ക്ക്ണു; എടാ കണ്ണിക്കണ്ട ഉമ്മാരടെ വടക്കേപ്രത്ത് നിരങ്ങ്വല്ലടാ രാവ്പകല് നെന്റെ ഉദ്യോഗം?”

ഗോവിന്ദൻകുട്ടിയുടെ മനസ്സിൽ ഒരു തീപ്പൊരി വീണു നീറി. ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. വാക്കുകൾ തൊണ്ടയിൽ കുടുങ്ങിനില്ക്കുന്നുണ്ടെന്നു തോന്നി, വായ തുറന്നപ്പോൾ.

“നിങ്ങളെനിക്ക് വേറെ ഉദ്യോഗം എട്ത്ത്വെച്ചിട്ടുണ്ടോ!”

“പ്ഫ ചെല്ലേ!” കുമാരേട്ടന്റെ കറുത്ത മുഖത്തെ തീ പറക്കുന്ന കണ്ണുകളും ഉന്തിനില്ക്കുന്ന മുഴയും കൂടുതൽ അടുത്തെത്തിയതായി

തോന്നി. വരണ്ടുപോയ തൊണ്ടയൊന്നു കാറി ക്കുടഞ്ഞു ഗോവിന്ദൻകുട്ടി പറഞ്ഞു:

"ഏട്ടൻ മര്യാദയ്ക്കു വർത്തമാനം പറയണം. കുരുത്തക്കേട് കിട്ടുംന്ന് ഞാനാലോയ്ക്കില്ല."

"ന്നാ നീയെന്നെ അങ്ങട്ട് തല്ലടാ."

അപ്പോൾ അകത്തു മുളവടി ഒച്ചപ്പെട്ടു.

"കുമാരാ!" അമ്മ ധൃതിയിൽ ഉമ്മറത്തെത്തി

"അയലക്കത്ത് ആള്വോളണ്ട്ന്ന് ഓർമവേണം"

കുമാരേട്ടൻ അമ്മയുടെ നേരെയാണ് ഉടനേ തിരിഞ്ഞത്:

"തള്ളേ, നിങ്ങള് നിങ്ങടെ പാട്ടിന്ന് കുത്തി ര്ന്നോളിൻ. ആറാം തമ്പത്തില് നിങ്ങള്ണ്ടാ ക്യേ തൃപ്പുത്രനെക്കൊണ്ട് നാട്ടില് തലനീർ ത്തി നടക്കാൻ വയ്യാത്ത നെലയാവും. അനു ഭവിക്കും. നോക്കിക്കോളിൻ, നിങ്ങളൊക്കീം അനുഭവിക്കും."

നീരട്ടിയെണ്ണയൊഴിച്ച ഓട്ടുവിളക്കിൻെറ മഞ്ഞവെളിച്ചത്തിൻെറ വട്ടത്തിൽ കുമാരേട്ടൻ ചുരമാന്തിക്കൊണ്ടു നടന്നു.

"എടാ, ഇന്നു നീയെന്നെ തല്ലാൻ വന്നു. നാളെ നെൻെറ കയ്യ്ൻെറ മേല് വീഴൊടാ, വീഴും. നിയ്ക്ക് അറിയാം. നെന്നെ നല്ലോണം മനസ്സിലാ

യിട്ട്ണ്ട് നിയ്ക്ക്."

ആ ശബ്ദം പതുക്കെപ്പതുക്കെ താണുവന്ന് ഒരിടർച്ചയിലെത്തി.

"ഇഷ്ടംപോലെ നടന്നോ. അടയ്ക്കാവും കാലത്ത് മടീല് വെയ്ക്കാം. കഴുങ്ങാവുംകാലത്ത് ആയ്യോണം ന്നണ്ടലോ. എവടെ വേണെങ്കിൽ പൊക്കോ-ഉമ്മാരടട്ക്കത്തോ ചെറ്മ്യോളടട്ക്കത്തോ എവട്യാച്ചാ-"

അരിശവും സങ്കടവുംകൊണ്ട് ആകെ തളർന്നു നില്ക്കുകയായിരുന്നു ഗോവിന്ദൻകുട്ടി. അധികസമയം അവിടെ നിന്നാൽ നാവും കൈയും എന്തൊക്കെ ചെയ്യുമെന്നറിഞ്ഞുകൂടാ. ഭ്രാന്തു പിടിച്ച ഒരവസ്ഥയായിരുന്നു. കാറ്റിൽനിന്നു വിളക്കിൻെറ നാളം മറയ്ക്കാൻ പാതി ചാരിയ ഒരു പൊളിവാതിൽ ഗോവിന്ദൻകുട്ടി ചവുട്ടിത്തുറന്നു. അകത്തു കട്ടിലിൽ എഴുന്നേറ്റിരിക്കുന്ന അമ്മ പറഞ്ഞു:

"ഗോയിന്ദുട്ട്യേ, ഇദൊന്നും നന്നല്ല."

തളത്തിൽ പുകയുന്ന ചിമ്മിനിയുടെ മുമ്പിൽ തല ഞാവിക്കൊണ്ടു കുഞ്ഞ്യോപ്പോള് ചുമർ ചാരിയിരിക്കുന്നുണ്ട്.

അമ്മ പിന്നെയും പറയുകയായിരുന്നു:

"വയസ്സുകാലത്ത് നിയ്ക്കൊരു ഭാഗത്തു തല്ലും വക്കാണും കാണാതെ കെടന്ന് തെക്കെ കണ്ടത്തിലിയ്ക്ക് പോണംന്ന്ണ്ട്. അയിനും-"

ഇളകിനില്ക്കുന്ന കോണിപ്പടികൾ കാലടികൾക്കു ചുവട്ടിൽ അമർന്നുകരഞ്ഞു. ഈറൻ മണമുള്ള ഇടനാഴിയുടെ അറ്റത്തെ മുറിയിൽ ചെന്നു തുറന്നു കിടക്കുന്ന ചാരുപടിയുടെ സമീപം നിന്നു. എന്തു ചെയ്യണം? പൊളിഞ്ഞ ഭിത്തികളും ചാരുപടിയും മെത്താരണയുമെല്ലാം ഇടിച്ചു പൊളിക്കണമെന്നും തോന്നി.

ഉമ്മറത്തുനിന്ന് അരിച്ചെത്തുന്ന വാക്കുകൾ കേൾക്കാതിരിക്കാൻ ആഗ്രഹിച്ചു. എങ്കിലും ചെവിടോർത്തുപോയി.

ആക്രമണമല്ല, ആവലാതിയാണ്.

"പഴേ നാമൂസും പറഞ്ഞിരുന്നാൽ വയറ്റിൽ ചെല്ലില്ല. നേരത്തിനു നേരത്തിന് കേറിവരുമ്പോ കിണ്ണത്തില് കഞ്ഞീം ചോറും നെറഞ്ഞിരിക്കും ന്നാ ആണൊരുത്തൻെറ വിചാരം. സ്വത്തില്ലാത്തോര് ദഹണ്ണിക്കണം. ഓൻെറ പ്രായത്തില് കൈക്കോട്ടു പിടിച്ച തഴമ്പാ ൻെറ കൈയിലിപ്പളും."

അവനവനുണ്ടായിരുന്ന നിലം ആരാനു

പണയമെഴുതി, ഇപ്പോൾ നിന്നുപദേശിക്കുന്നു, കൈക്കോട്ടു പിടിക്കാൻ.

ഇയാൾ നമ്പൂരിയുടെ സ്രാമ്പിയിലും ഭാഗം വെയ്ക്കുന്ന വീടുകളുടെ തിണ്ണയിലുമിരുന്നു കുത്തിക്കുറിച്ചു കിട്ടിയതു ഭാര്യവീട്ടുകാർക്കു പൊലിച്ചുകഴിയുമ്പോൾ–

ഒരിക്കൽ അതൊക്കെയും പറയാൻപോകുന്നുണ്ട്. അയ്യപ്പൻ പൂട്ടുമ്പോൾ വരമ്പുവെയ്ക്കാനിറങ്ങിയത് ആരായിരുന്നു? ഒരു കൂലിക്കാരനേക്കാളും പണിചെയ്തിരുന്നു. അറ്റ വേനല്ക്കു കൊക്കരണിയിൽനിന്ന് എടുവലിച്ചു തേവി കവുങ്ങു നനയ്ക്കാൻ ശമ്പളക്കാരനുണ്ടായിരുന്നില്ല. എന്നിട്ടിപ്പോൾ ഉപദേശിക്കാൻ ആൾ വന്നിരിക്കുന്നു. ദഹണ്ണിക്കണം. ആരുടെ നെഞ്ഞത്താണ് ദഹണ്ണിക്കേണ്ടത്?

അയാൾ ചാരുപടിമേൽ കമിഴ്ന്നുകിടന്നു. അപ്പോഴാണ് മടിയിൽ തിരുകിവെച്ച കുപ്പി തടഞ്ഞത്. കുഴമ്പാണ്. കുഞ്ഞരയ്ക്കാരുടെ കൈയിൽനിന്ന് എട്ടണ കടം വാങ്ങി മടക്കത്തിനു മണ്ണാൻെറ മരുന്നുപീടികയിൽ കയറി. മെത്താരണപ്പഴുതിലൂടെ മുറ്റത്തേക്കു വലിച്ചെറിയുവാനാണു തോന്നിയത്. കുഴമ്പു വാങ്ങിക്കൊ

ണ്ടു വരാൻ പ്രാപ്തിയുള്ള മകനോടു പറയാമാ യിരുന്നില്ലേ തള്ളയ്ക്ക്?

ഇരുണ്ടുകിടക്കുന്ന മാനത്ത് ഇളിച്ചു കാട്ടുന്നപോലെ ഒച്ചയില്ലാത്ത മിന്നലുകൾ തെളിഞ്ഞു. കാറ്റത്തു പടിഞ്ഞാറെ മുറ്റത്തുനി ന്നു പൊങ്ങിയ കരിയിലകൾ ചുറ്റിത്തിരിഞ്ഞു കുത്തഴിയിലൂടെ അകത്തേക്കു പാറിവന്നു.

പടിഞ്ഞാറെ കുന്നിൻചെരിവിനപ്പുറത്തെ പറയച്ചാളയിൽനിന്നു തുടികൊട്ടുന്ന ശബ്ദം കേൾക്കാനുണ്ടായിരുന്നു. കാറ്റിൽ ഉലയുന്ന ഉണങ്ങിയ വാഴക്കൈകളുടെ കിരുകിരുപ്പും തുടി കൊട്ടും നാട്ടുവഴിയിലൂടെ അരഞ്ഞരഞ്ഞുപോ കുന്ന കാളവണ്ടിയുടെ കിലുക്കവും മാറിമാറി ശ്രദ്ധിച്ചുകൊണ്ട് അയാൾ കണ്ണുതുറന്ന് ഒന്നും കാണാതെ കിടന്നു. വീട്ടിൽ ഒച്ചയും അനക്കവും അടങ്ങിയിരിക്കുന്നുവെന്നു പിന്നീടാണു മനസ്സി ലായത്.

കഴിഞ്ഞോ?

“ഉണ്ണാൻ വായോ.”

കോണിച്ചോട്ടിൽനിന്ന് കുഞ്ഞ്യോപ്പോള് വിളി ച്ചു. ഊണു വേണ്ട. ഒന്നും വേണ്ടെന്നു വിളിച്ചു പറയണമെന്നുണ്ടായിരുന്നു.

"ഗോവിന്ദുട്ട്യേ, ഉണ്ണാൻ വായോ."

വീണ്ടും കുഞ്ഞ്യോപ്പോള് വിളിക്കുന്നു.

അവരിനി പതുക്കെ കയറിവരും.

"വര്ണൂ."

എതിരായി ഇല വെച്ചിരുന്നു. കുമാരേട്ടൻ ഇരുന്നിട്ടില്ല. ഗോവിന്ദൻകുട്ടി വടക്കുഭാഗത്തെ പലകയിൽച്ചെന്നിരുന്നു.

ചുവന്ന ചോറാണ് വിളമ്പിയത്. മടുപ്പിക്കുന്ന ഒരു മണം.

"വൈക്കോല്നെല്ലിൻെറ അര്യാണ്."

എരുമത്തൂവ കഞ്ഞിവെള്ളത്തിൽവെച്ച ഒരു കൂട്ടാനും നാളികേരം ചുട്ടരച്ച ഒരു സമ്മന്തിയും വിളമ്പി.

രണ്ടുരുള വാരിത്തിന്നു. പുറത്തെ കുപ്പക്കല്ലിൽ കാലുകഴുകുന്നതും കാർക്കിച്ചു തുപ്പുന്നതും കേട്ടു. തെക്കുഭാഗത്തെ ഇലയുടെ മുമ്പിൽ കുമാരേട്ടൻ വന്നിരുന്നു. ഗോവിന്ദൻകുട്ടി മുഖമുയർത്തി നോക്കിയില്ല.

വൈക്കോലരിയുടെ മണവും വെളിച്ചെണ്ണയും മുളകും പുരളാത്ത കൂട്ടാനും ചേർന്നപ്പോൾ ഓക്കാനം വന്നു. കൈകുടഞ്ഞെഴുന്നേറ്റപ്പോൾ കുമാരേട്ടനു ചോറുവിളമ്പുന്ന കുഞ്ഞ്യോപ്പോള്

ഇലയിലേക്കും മുഖത്തേക്കും മാറിമാറി നോക്കി.

ധൃതിയിൽ കൈ കഴുകി നടന്നു.

അമ്മ ഇരുട്ടിൽ കിടന്നു പിറുപിറുക്കുന്ന ശബ്ദത്തിൽ നാമം ജപിക്കുന്നുണ്ട്. ഇടയ്ക്കിടെ ഞരങ്ങുന്നുമുണ്ട്. രാത്രിയിൽ അമ്മയ്ക്ക് ഉറക്കമില്ല. നാമം ജപിക്കും. ഇടയ്ക്ക് ഒച്ചയുയർത്താതെ ഞരങ്ങും. മുകളിൽ ചാരുപടിയുടെ അരികിലിട്ട കുഴമ്പുകുപ്പിയുടെ കാര്യം ഓർമ്മിച്ചു. കൊടുക്കണോ? അവിടെ ഇരിക്കട്ടെ. അമ്മയും മകനുംകൂടി മാനവും മാനക്കേടും പഠിപ്പിക്കുകയായിരുന്നല്ലോ.

ഓവിൽ വെള്ളം കൊണ്ടുവെയ്ക്കാൻ വന്നപ്പോൾ കുഞ്ഞേത്ര്യാപ്പോള് പറഞ്ഞു:

"ആരെങ്കിലും കൊത്തിക്കടിപ്പിച്ച്ട്ട്ണ്ടാവും. അതാ ഏട്ടൻ-"

ഗോവിന്ദൻകുട്ടി മൂളി.

അടുത്ത ദിവസം പുറത്തിറങ്ങിയില്ല. അന്നു പൂരാടമായിരുന്നു. മുകളിലെ ആ ഇടുങ്ങിയ മുറിക്കകത്തെ ചാരുപടിമേൽ കിടന്ന് ഒരു പകൽ കഴിച്ചുകൂട്ടി.

അന്നു കുമാരേട്ടൻ പകലു മുഴുവൻ പുറത്തായിരുന്നു. ഉച്ചയ്ക്ക് ഒരുകുല നേന്ത്രപ്പഴം ഒരു

മാപ്പിളച്ചെറുക്കൻ കൊണ്ടുവന്നു. മുകളിലെ ഇടനാഴിയിലെ വളയിൽ കുഞ്ഞോപ്പോള് അതു കെട്ടിത്തൂക്കി. വരിവരിയായി തങ്കനിറത്തിലുള്ള കായക്കുലകൾ തൂങ്ങിനില്ക്കുകയും പൂരാടച്ചന്തയിൽ നിന്നു കൊണ്ടുവന്ന സാധനങ്ങൾ അകം മുഴുവൻ നിറഞ്ഞുകിടക്കുകയും ചെയ്ത കാലം പണ്ടെന്നോ കണ്ട ഒരു സ്വപ്നം പോലെ അകലത്താണ്.

"ഉള്ള കാലത്തു നന്നായിട്ട് ഓണം ഉണ്ടതാണല്ലോ? ഇക്കൊല്ലം ഇങ്ങന്യൊക്കെയൊണ്." കുമാരേട്ടൻ ആരെയോ സമാധാനിപ്പിക്കാനെന്നപോലെ ആരോടെന്നില്ലാതെ പറഞ്ഞു.

"പൂന്തോട്ടത്തില്, പോയിരുന്ന കൊച്ചപ്പൻ വന്നിട്ടുണ്ട്."

"ഓനിപ്പളും മദിരാശീലാ?"

അമ്മ കുമാരേട്ടനോടു ചോദിച്ചു.

"പഠിപ്പൊക്കെ കഴിഞ്ഞു പ്രാറ്റീസ് തൊടങ്ങീല്യേ ഒറ്റപ്പാലത്ത്?"

"ആയുസ്സിട്ട് കൊടക്കട്ടെ." അമ്മ മൂത്ത മകളെ അനുഗ്രഹിച്ചു: "ഓൾക്കാ ഭാഗ്യംണ്ടായീലോ."

"പൊടമുറിടെ ശ്രമം വല്ലോം ഉണ്ടോ, കേട്ടോ കുമാരാ?"

"ഞാൻ ആവക തൊളയാരൊന്നും ചോയിച്ചില്ല. ഓനത്രയ്ക്ക് വയസ്സൊന്നും ആയില്യലോ."

"പോണേന് മുമ്പ് ഓനോട് നിയ്ക്കൊന്ന് കാണണംന്ന് പറ കാണുമ്പോ."

കുമാരേട്ടൻ മൂളി.

കുറച്ചുകഴിഞ്ഞപ്പോൾ കുമാരേട്ടൻ വീണ്ടും വിളിക്കുന്നതു കേട്ടു:

"എടുത്തു ഗോയിന്ദുട്ടി?"

"മോളില്ണ്ടാവും."

"ഹും."

വൈകുന്നേരം കുഞ്ഞരയ്ക്കാരെ കാണണമെന്നു കരുതിയതാണ്. തൃത്താല കണ്ട്റോളു പീടികയിൽ ഒരു കണക്കെഴുത്തുകാരനെ വെക്കാൻ പോകുന്നുവെന്ന കാര്യം കുഞ്ഞരയ്ക്കാര് തന്നെയാണ് നാലു ദിവസം മുമ്പു പറഞ്ഞത്. ലോറിക്കാരൻ കുഞ്ഞിപ്പയെ പിടിച്ചാൽ കാര്യം നടക്കും. കുഞ്ഞിപ്പ വലിയ മുതലാളിയാണ്. രണ്ടു ബസ്സും നാലഞ്ചു ലോറിയുമുണ്ടത്രെ. അയാളെ പിടിച്ചാൽ നാട്ടിനടുത്തു തന്നെ ജോലി കിട്ടും. അയാളെ പിടികൂടാനുള്ള മാർഗ്ഗം ആലോചിക്കണം എന്നൊക്കെ കരുതിയാണ് ഇന്നലെ സന്ധ്യയ്ക്കു വീട്ടിലെത്തിയത്.

എവിടേയും പോകുന്നില്ലെന്നു തീരുമാനിച്ച് പിന്നേയും കുറെ കിടന്നു. ഒടുവിൽ ഉമ്മറത്തേക്കിറങ്ങിവന്നു. മുറ്റത്തു നടക്കുകയായിരുന്നു കുമാരേട്ടൻ. ഒരു രാത്രിക്കും ഒരു പകലിനും ശേഷം നേരിട്ടു കാണുകയാണ്. ഗോവിന്ദൻകുട്ടി കിഴക്കേ ഇറയത്ത് തൂണിൻെറ സമീപമിരുന്നു. നേരെ വഴിയിലിറങ്ങി. കുമാരേട്ടൻ കാണെ കുഞ്ഞരയ്ക്കാരുടെ പുരയിലേക്കു നടന്നാലോ? അവിടെ പോകുന്നതിനായിരുന്നല്ലോ ഇന്നലത്തെ കോലാഹലം മുഴുവൻ.

“ആ ചെറുമനോട് പെലരുമ്പോ ത്തിരിമണ്ണു വെട്ടിടാൻ പറഞ്ഞിട്ട്ണ്ട്. മാതേവരെണ്ടാക്കാൻ.”

തന്നോടാണെന്നു ഭാവിച്ചില്ല.

“അയ്യപ്പന്നുമാത്രം രണ്ടെടങ്ങഴി നെല്ലും ഒഴക്ക് വെളിച്ചെണ്ണീം ഒരു നാളികേരും കൊടുക്കണം. ആശാരീം മൂശാരീം ഒക്കെ വന്നാൽ അളവില്ലാന്ന് പറഞ്ഞ് മടക്വന്നേ. ഉള്ളകാലത്ത് അളവും കാഴ്ചക്കാർക്ക് ചോറും ഒക്കെ ശ്ശി കൊടുത്തിട്ട്ണ്ട്. ഇപ്പോ ഇങ്ങന്യൊക്കെ ആവ്വു.”

ഒച്ചുപിടിച്ചുകിടക്കുന്ന മുറ്റത്തിനോടോ കല്ലുകൾ പൊട്ടിയടർന്നു നില്ക്കുന്ന പഴയ മതിലിനോടോ ആണ് ഇതെല്ലാം പറയുന്നതെന്ന മട്ടിൽ

ഗോവിന്ദൻകുട്ടി ദൂരത്തു നോക്കി ഇരുന്നു.

കുമാരേട്ടൻ നിർത്തിയെന്നു തോന്നുന്നു. തീരെ പ്രതീക്ഷിക്കാത്തതായിരുന്നു താണസ്വരത്തിലുള്ള ആ വിളി:

"ഗോയിന്ദുട്ട്യേ!"

ഗോവിന്ദൻകുട്ടി മുഖം തിരിച്ചപ്പോൾ മതിലിൽ പിടിച്ചുകൊണ്ടു കീഴ്പോട്ടു നോക്കിനില്ക്കുകയാണ് കുമാരേട്ടൻ.

"കണ്ടുകൂടായോണ്ടു പറഞ്ഞതല്ല, നീയ് നേരെയാവണംച്ചിട്ടാ."

അപ്പോൾ ഉള്ളിൽ കത്തിയെരിഞ്ഞിരുന്ന അമർഷം ഒരു തളർച്ചയും വേദനയുമായി മാറി.

"മൊതലില്ലെങ്കിലും നമ്മടെ ഈ വീട്ടിനൊരു പേരുണ്ട്. അതോണ്ട് ആള്വോള് ഓരോന്നു പറേണ് കേക്കുമ്പം–"

ഗോവിന്ദൻകുട്ടിക്കു തന്റെ കണ്ണുകൾ നനയുന്നുണ്ടെന്നു തോന്നി. മുമ്പൊരിക്കലും തോന്നാത്ത ഒരു ദുഃഖത്തോടെ അയാൾ എഴുന്നേറ്റു നിന്നു.

പലതും പറയണമെന്നുണ്ടായിരുന്നു.

ഇന്നലെ രാത്രി: ഒരു നിമിഷത്തിൽ ആ ഒട്ടിയ മുഖം ഇടിച്ചുതകർക്കാൻ കൈ തരിച്ചതാണ്.

കറുപ്പും വെളുപ്പുമായ രോമം കാടുപിടിച്ചു ചടച്ച മാറത്തു വിരൽ പായിച്ചുനില്ക്കുന്ന ഈ മനുഷ്യനെയാണതെന്ന് ഓർത്തപ്പോൾ അയാൾക്കു ലജ്ജ തോന്നി.

പോക്കുവെയിൽ മൂടിയ മുറ്റത്തേക്കു കളമുറ്റത്തിനതിരിലെ വെള്ളിലപ്പടർപ്പിൻെറ നിഴൽ ഒരു നനവുപോലെ അരിച്ചെത്തി.

മേലേപ്പടി കയറി ഗോവിന്ദൻകുട്ടി കുന്നിൻ ചെരുവിലേക്കു നടന്നു.

ഇനി കുറെ നാൾ കുറുക്കൻപാറയുടെ അറ്റത്തു ചെന്നിരിക്കാം വൈകുന്നേരങ്ങളിൽ. അവിടെയിരുന്നാൽ അതിരാളൻകുന്നിൻെറ വടക്കേ ചെരുവും ദൂരെ കടവും കാണാം. ഇപ്പുറത്തെ പറങ്കിമാവിൻകൂട്ടത്തിനും രക്ഷസ്സിൻെറ തറയ്ക്കും താഴെ പുത്തൻകളത്തിലെ പുരയുടെ മോന്തായത്തിലെ ഗരുഡൻ ഒരു കറുത്ത ബിന്ദുപോലെയും കാണാം.

എണ്ണച്ചക്കിനു ചുറ്റും നടക്കുന്ന മണുങ്ങൻ മൂരിയുടെ അവസ്ഥയാണെന്നു തോന്നി. പുഴക്കടവിലെ അത്താണിക്കും ചുണ്ടോലിക്കുന്നിൻ ചെരുവിലെ കുറുക്കൻപാറയ്ക്കുമിടയ്ക്കുള്ള വട്ടത്തിൽ ചുറ്റുന്നു; പുറപ്പെട്ടേടത്തുതന്നെ

നാഗം തിരിച്ചെത്തുന്നു.

നരച്ച ആകാശത്തിനു താഴെ നേർത്ത മഞ്ഞവെയിലിൽ തെളിയുന്ന കറുത്ത ബിന്ദുവായ ഗരുഡനെ നോക്കിക്കൊണ്ടിരിക്കേ അയാൾ നിശ്ശബ്ദമായി പറഞ്ഞു:

ഒരിക്കൽ രക്ഷപ്പെടാതിരിക്കില്ല.

ഒരിക്കൽ–

# അദ്ധ്യായം മൂന്ന്

# 1

ഉത്രാടം രാവിലെ ദേഹണ്ണക്കാരൻ കുട്ടൻ നായർ പൂന്തോട്ടത്തിൽ വന്നു. സഹായിക്കാൻ ആണുങ്ങൾ വേറെയുമുണ്ട്. അവർക്കു വേണ്ട സാധനങ്ങൾ ഒരുക്കിക്കൊടുക്കേണ്ട ജോലിയേ മീനാക്ഷിക്കുണ്ടായിരുന്നുള്ളു. പുറത്തെ ചായ്പിലെ അടുപ്പുകളിലാണു വെപ്പ്. ഉച്ചയായപ്പോഴേക്കും കായ വറുത്തുകഴിഞ്ഞു. ശർക്കരയുപ്പേരിയുടെ പണി ഒരു ഭാഗത്തു നടക്കുന്നു.

"ദഹണ്ണം പൊടിപാറണം ട്ടൊ കുട്ടൻനായരെ?"

നടപ്പുരയിൽ പലകയിട്ടു മുറുക്കുന്ന മാധവിയമ്മ വിളിച്ചുപറഞ്ഞു.

മുളകാപ്പച്ചടിയും നാരങ്ങാക്കറിയും കുറുക്കുകാളനുമുണ്ടാക്കിവെച്ചു കുട്ടൻനായർ

ചോദിച്ചു:

"ഇനിയെന്താ ഞങ്ങള് വേണ്ടത് മാധവ്യേ മ്മേ?"

"ഇന്യൊക്കെ ഞാനും മീനാക്ഷീം ണ്ടായാ മതി. അല്ലേ മീനാക്ഷ്യേ?"

മാധവിയേടത്തിയുടെ ആ ചോദ്യത്തിനു മീനാക്ഷി ഉത്തരമൊന്നും പറഞ്ഞില്ല.

പകൽ അടുക്കളയിലൊരു സഹായത്തിനെത്തിയ ഉമ്മേട്ടുവമ്മ അരിവാർക്കുന്നു. സന്ധ്യയ്ക്കു തൃക്കാക്കരപ്പനെ പൂജിക്കാനുള്ള പൂവടയുണ്ടാക്കി അടുപ്പത്തു കയറ്റിക്കഴിഞ്ഞപ്പോൾ മാധവിയേടത്തി പറഞ്ഞു:

"ഇനി നെനക്ക് കൊള്ത്തപ്പൂവേ മേക്കഴ്കേ എന്താച്ചാൽ ആയ്ക്കോ."

പകൽ മുഴുവൻ ചൂടും പുകയുമേറ്റു ശരീരമാകെ വിയർപ്പിൽ കുളിച്ചിരുന്നു. പുലരുമ്പോൾ ഒന്നു മുങ്ങിവന്ന് അടുക്കളയിൽ കയറിയതാണ്.

കുളിമുറിയിൽനിന്ന് വാരസോപ്പിൻെറ ഒരു കഷണവും കലവറയിലെ താമ്പാളത്തിൽനിന്ന് ഒരുപിടി വാകയുമെടുത്തു മടിയിലിട്ടു മീനാക്ഷി കുളത്തിലേക്കു നടന്നു.

കവുങ്ങിൻതോട്ടത്തിനു നടുവിൽ വെയി

ലധികം തട്ടാതെ കിടക്കുന്ന കുളത്തിലെ വെള്ളത്തിനു വല്ലാത്ത തണുപ്പുണ്ടായിരുന്നു. നല്ല സുഖം. തണുത്ത വെള്ളത്തിൽ ആണ്ടു കിടക്കാൻ തോന്നി. മേൽ കഴുകണമെന്നാണ് ആദ്യം വിചാരിച്ചിരുന്നത്. തലയിൽ വെണ്ണീറും പുകയുമാണ്. ആകെ മുങ്ങിക്കുളിച്ചു.

കോണിച്ചുവട്ടിലെ നെല്ലിടുന്ന മുറിയിൽ വന്ന് ഈറൻ മാറ്റി. ആ മുറിയിൽ ഒരു പഴയ അഴക്കോൽ കെട്ടിയിട്ടുള്ളതുകൊണ്ടു നനച്ചതെല്ലാം തോരാനിടാമെന്ന സൗകര്യമുണ്ട്. നിത്യച്ചെലവിനുള്ള പുഴുങ്ങിയ നെല്ല് ഇടുന്നത് ആ മൂലയ്ക്കാണ്. പൂന്തോട്ടത്തിൽ വന്ന ദിവസം മാധവിയേടത്തി അതു തുറന്നിട്ടു പറഞ്ഞു:

"നെൻെറ സാധനങ്ങളെന്താച്ചാ ഇതില് വെച്ചോ." സാധനങ്ങൾ കൈയിൽ ചുരുട്ടിപ്പിടിച്ച ഒരു മുണ്ടും ബ്ലൗസും മാത്രമായിരുന്നു.

അടുക്കളയിൽ ചെന്നപ്പോൾ ഉമ്മട്ടുവമ്മ അട ഇറക്കിവെച്ചിട്ടുണ്ട്. അത്താഴത്തിനുള്ളതെല്ലാം കാലമായിരിക്കുന്നു. ഉണ്ണാൻ വിളിക്കുന്നതിനു മുമ്പു നാലു പപ്പടം പൊട്ടിച്ചു വറുക്കേണ്ട ജോലികൂടിയുണ്ട്. അതിൽത്തന്നെ വേണമെങ്കിൽ കൊണ്ടാട്ടംമുളകും വറുക്കാം.

വിളക്കു കൊളുത്താറായിട്ടില്ല. ഉമ്മറത്തുനിന്ന് ആണുങ്ങളുടെ സംസാരം കേട്ടു. ശേഖരമ്മാന്‍ അങ്ങാടിയില്‍നിന്നു വന്നിട്ടില്ല. ഉത്രാടമായതു കൊണ്ടു സന്ധ്യയ്ക്കു നേര്‍ത്തേ വരുമായിരിക്കും.

നടപ്പുരയുടെ മുറ്റത്തെ തറയില്‍ ഒരരുകിലിട്ട കല്ലുരലിലേക്ക് ഒരു കാല്‍ കയറ്റിവച്ചു കൊണ്ടുനിന്നു മീനാക്ഷി തല വേര്‍പെടുത്തു. ഏറ്റവും തിരക്കുപിടിച്ച ദിവസമാണ് അല്പം ഇടകിട്ടുന്നതെന്ന കാര്യം അവളോര്‍മിച്ചു. കുളിച്ചാല്‍ ഒന്നു തല വേര്‍പെടുത്തുന്നതിനുപോലും സാധാരണ ദിവസങ്ങളില്‍ ഇടകിട്ടിയെന്നു വരില്ല. ഈറന്‍ കെട്ടിപ്പൊത്തിവെച്ചു തലയാകെ കട്ടപിടിച്ചിരിക്കുന്നു.

ഉമ്മറമുറ്റത്തു കരയുന്ന ചെരുപ്പ് അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്നതു കേള്‍ക്കാമായിരുന്നു. ചെരുപ്പിന്‍റെ ഒച്ച കിഴക്കേ തലയ്ക്കലെത്തിനിന്നു.

"ഓണായിട്ടു പകിടകളിയൊന്നുല്ല്യേ കുട്ടനായരേ?"

കൊച്ചപ്പേട്ടനാണ്. മീനാക്ഷി ഒന്നു തിരിഞ്ഞുനോക്കി. സിഗരറ്റിന്‍റെ പുക വിട്ടുകൊണ്ട്

കൊച്ചപ്പേട്ടൻ നിന്നു നോക്കുന്നു. ഉമ്മറത്തിരിക്കുന്ന കുട്ടൻനായരെയല്ല, ഇങ്ങോട്ട്. അവൾ കല്ലുരലിന്റെ വക്കിൽനിന്നു കാൽ ഇറക്കിവെച്ചു. ധൃതിയിൽ കണ്ണുകൾ പിൻവലിച്ചു.

"എന്ത് പകിടകളി? അതൊക്കെ പണ്ടായിരുന്നു കുട്ട്യേ. ഒരോണം ഉത്രാടാന്ള്ള പ്രഭതോന്ന്ണ്ടോ പൊറത്തൊറങ്ങ്യാ? പണ്ടത്തെ കാലാച്ചാൽ–"

മദിരാശീല് എങ്ങന്യാ. ഓണംണ്ടോ?"

വേലായുധൻനായരുടെ സംശയമാണ്.

"തമിഴ്‌രാജ്യത്ത്ല് എന്തോണാ ഹെ?" കുട്ടൻനായർ അറിവുകുറഞ്ഞ വേലായുധൻനായർക്ക് ഉപദേശിച്ചു: "തമിഴർക്ക് ഓണല്ല പ്രധാനം. മാട്ടുപ്പൊങ്ങലാ. മാട്ടുപ്പൊങ്ങല് കേട്ടിട്ടില്ലേ? ? ഞാൻ അഞ്ചുവരിഷം തമിഴുനാട്ടില് കഴിച്ചിട്ടണ്ട് ചെറുപ്പത്തില്."

"കുട്ടികൾക്കാണ് ഓണും വിഷൂം ഒക്കെ." അതു കൊച്ചപ്പേട്ടന്റെ ശബ്ദമാണ്. കിഴക്കെ മുറ്റത്തുതന്നെയാണ് നില്ക്കുന്നത്.

തിരുവാതിരക്കാലത്ത് ഒന്നുഞ്ഞാലാടാൻ വേണ്ടി ഇല്ലത്തെ മുറ്റത്ത് ഊഴം കാത്തു നിന്നിരുന്നതും ഓണക്കാലത്ത് പാട്ടും കളിയുമുള്ള

വീടുകളിൽ മാറിമാറി കയറിയിറങ്ങിയതും എത്ര ഉത്സാഹത്തോടെയായിരുന്നു. കൊച്ചപ്പേട്ടൻ പറയുന്നതു ശരിയാണ്. കുട്ടിക്കാലം കഴിഞ്ഞാൽ ഓണവും വിഷുവുമൊന്നും ഉത്സവങ്ങളല്ല.

നിലത്തു വീണുകിടക്കുന്ന മുടിയിഴകൾ ശ്രദ്ധാപൂർവ്വം പെറുക്കി പെരുവിരലിൽ ചുറ്റി അടുക്കളയുടെ പിന്നിലൂടെ നടന്നു വാഴത്തോട്ടത്തിലേക്കിട്ടു തിരിച്ചു വരുമ്പോൾ വീണ്ടും കിഴക്കെ മുറ്റത്തേക്കു നോക്കി. പിറകോട്ടു ചീകിവെച്ച തലമുടി തടവിക്കൊണ്ട്, മുണ്ടു മടക്കിക്കുത്തി കൈയുള്ള വെള്ളബനിയനിട്ട് നില്ക്കുന്ന കൊച്ചപ്പേട്ടൻെറ കണ്ണുകളിലാണു നോട്ടം ചെന്നുമുട്ടിയത്. ധൃതിയിൽ നടന്നു നടപ്പുരയിലേക്കു കയറി. വാതിൽപ്പലകയുടെ പിച്ചളമൊട്ടുകളിൽ തിരുപ്പിടിച്ചുകൊണ്ടുനിന്നു. ഉമ്മറത്തെ മുറ്റത്തു ചെരുപ്പിട്ട കാലടികൾ വീണ്ടും സഞ്ചരിക്കുന്നതു കേട്ടു.

മിനിഞ്ഞാന്നു സന്ധ്യയ്ക്കുള്ള വണ്ടിക്കാണ് കൊച്ചപ്പേട്ടൻ വന്നത്. തീവണ്ടിയാപ്പീസിലേക്കു പെട്ടിയും സാമാനങ്ങളുമെടുക്കാൻ ചെറുമനേയും വിളക്കുംകൊണ്ടു മാക്കുണ്ണിയേയും അയച്ചിരുന്നു. മാക്കുണ്ണിയുടെ റാന്തലിൻെറ പിറകെ

മുറ്റത്തേക്കു കയറിവന്നപ്പോൾ ഒന്നു കാണണ മെന്നുണ്ടായിരുന്നു. ഉമ്മറത്തു ശേഖരമ്മാനു ള്ളതു കാരണം ഒന്നെത്തി നോക്കാൻ മടിച്ചു. മാധവിയേടത്തി ഉമ്മറത്തേക്കോടുമ്പോൾ പറ ഞ്ഞു:

"അടുപ്പത്തു നോക്കണേ പെണ്ണേ. അടീപ്പിടി ക്കും."

ശേഖരമ്മാൻ ചോദിച്ചു:

"എന്തേ ഇത്ര വൈക്യേ?"

"മെയിലിന്നു ഷൊർണ്ണൂരെത്തി. ലോക്കല് കിട്ടാൻ കുറേ നേരം കാത്തിരിക്കേണ്ടിവന്നു."

രാത്രിയിൽ ഉണ്ണാൻ വന്നിരുന്നപ്പോൾ ചോറു വിളമ്പിയതും കോപ്പയിൽ തൈര് കൊണ്ടുപോ യിവെച്ചതും അവളായിരുന്നു. ആകെ ഒരു പരി ഭ്രമം തോന്നി. കാല്ക്കൽ നോക്കിയാണ് അടു ക്കളയിൽനിന്നങ്ങോട്ടും ഇങ്ങോട്ടും നടന്നത്. ഇലയിൽ മാത്രം നോക്കിയാണു വിളമ്പിയത്.

വളരെ സാവധാനത്തിലായിരുന്നു മൂപ്പരുടെ ഊണ്. ശേഖരമ്മാൻ ഊണുകഴിഞ്ഞു പോ യപ്പോൾ മാധവിയേടത്തി കട്ടിളപ്പടിയിൽ വന്നി രുന്നു പഞ്ചായത്തു തുടങ്ങി.

"ഹോട്ടലില് മത്യാവ്ണവരെ ചോറു കിട്ട്വോ?"

"എന്നിട്ടാ നെൻെറ തടിങ്ങടനെ പരോശായിരിയ്ക്ക്ണ്?"

"ഒന്നുല്ല. അന്നു വന്നപ്പോ ഒരു തെളിവുണ്ടായിരുന്നു."

മാധവിയേടത്തിയുടെ പുറകിൽ ചുവരിൽ ചാരിനിന്നുകൊണ്ട് മീനാക്ഷി എല്ലാം കേട്ടു. മദിരാശിയെപ്പറ്റി കുറെ വല്ലതും പറയുമെന്നാണ് വിചാരിച്ചത്. കാണാൻ യോഗമില്ലെങ്കിലും എന്തൊക്കെയാണെന്ന് കേൾക്കാലോ. പക്ഷേ, മദിരാശിയെപ്പറ്റി ഒന്നും പറഞ്ഞില്ല. അധികം സംസാരിക്കാത്ത മട്ടാണെന്നു തോന്നി. വാക്കുകൾക്ക് ഇത്ര വലിയ പിശുക്കു കാട്ടണോ ആവോ! വലിയ പഠിപ്പുള്ള ആളുകളാകുമ്പോൾ അങ്ങനേയിരിക്കും.

വക്കീൽഭാഗത്തിനു പഠിക്കാൻ പെണ്ണുങ്ങളുണ്ടാകുമോ? അതും അറിയണമെന്നുണ്ടായിരുന്നു. ഹോട്ടലിലെ ചോറിൻെറ കാര്യമാണ് ഈ മാധവിയേടത്തി ചോദിക്കാൻ കണ്ട വിഷയം. വക്കീൽഭാഗവും ഡോക്ടർഭാഗവും ഒക്കെ ഇപ്പോൾ പെണ്ണുങ്ങളും പഠിക്കുന്നുണ്ടെന്ന് മാധവിയേടത്തിതന്നെയാണ് പറഞ്ഞത്. കൊച്ചപ്പേട്ടനു കല്യാണംകഴിക്കാൻ ചേർച്ചയുള്ള കുട്ടികളു

ണ്ടാവും അക്കൂട്ടത്തിൽ! ഇംഗ്ലീഷ് പഠിച്ച ആളു കൾ കല്യാണം കഴിഞ്ഞാൽ തമ്മിൽത്തമ്മിൽ പറയുന്നത് ഇംഗ്ലീഷാണോ? നല്ല തമാശ!

"ഇത്തിരി കൂട്ടാൻ വെളമ്പിക്കോ മീനാക്ഷ്യേ."

മരിക എടുത്തു വന്നപ്പോൾ കൊച്ചപ്പേട്ടൻ പറഞ്ഞു: "വേണ്ട, ഇതിലുണ്ട്."

"മുരിങ്ങടെലയാണ്. നെനക്കു മുരിങ്ങടെല വല്യൃഷ്ടാണല്ലേ."

"ഇതിലുണ്ട്." അവൾ മടങ്ങിപ്പോയി.

"ഇദാരാണമ്മേ?"

വളരെ ഗൗരവത്തിലുള്ള ആ ചോദ്യം കേട്ട പ്പോൾ മീനാക്ഷിക്കു പരിഭ്രമമാണ് തോന്നിയത്.

"ഇതു നമ്മുടെ കിട്ടുണ്ണ്യേട്ടൻെറ മകളല്ലേ? നിയ്ക്ക് സഹായത്തിനു കൊറച്ചുകാലായിട്ട് അവളാണ്."

"ഉം." കനത്തിലൊന്നു മൂളുകമാത്രം ചെയ്തു. തൻെറ മുഷിഞ്ഞ വേഷം കണ്ടിട്ടു തോന്നീട്ടു ണ്ടാവും: അസത്ത്! വൃത്തിയുള്ള ഒന്നിനെ നിർ ത്തിക്കൂടെ അമ്മയ്ക്ക്?

ഉമ്മറത്തു പൂജയ്ക്ക് ഒരുക്കേണ്ട സമയമാ യെന്ന് മാധവിയേടത്തി പറഞ്ഞു:

"വെളക്കൊളുത്തി കാട്ടീട്ടു മതി."

ഉമ്മറത്തു ദേഹണ്ണത്തിനു വന്ന ആണുങ്ങൾ രണ്ടുപേരുണ്ട്. കൊച്ചപ്പേട്ടനുമുണ്ട്.

മീനാക്ഷി നിലവിളക്കിൽ മൂന്നു തിരിയിട്ടു കത്തിച്ചു തെക്കിനിയിലെത്തിയപ്പോൾ 'ദീപം' എന്നു പറഞ്ഞു. ശബ്ദം പൊങ്ങിയില്ല. വിളക്കു കണ്ടുതൊഴേണ്ടവർ കേൾക്കാഞ്ഞിട്ട് അബദ്ധം വേണ്ട. വാതിൽ കടക്കുന്നതിനുമുമ്പ് ഒരു നിമിഷം നിന്നു കുറച്ചുകൂടി ശബ്ദമെടുത്തു പറഞ്ഞു: "ദീപം."

ചുമലിൽനിന്നു തോർത്തുമുണ്ടെടുത്തു പിടിച്ചു കുട്ടൻനായരും വേലായുധൻനായരും തൊഴുതു. പുളയുന്ന ദീപനാളങ്ങൾക്കു മുകളിലൂടെ മീനാക്ഷി മുറ്റത്തേക്കു നോക്കി. കൊച്ചപ്പേട്ടനുണ്ട് ശേഖരമ്മാൻ കിടക്കാറുള്ള വലിയ ചാരുകസേലയിൽ കിടക്കുന്നു. വിളക്കു കണ്ടപ്പോൾ എഴുന്നേറ്റില്ല. തൊഴുതതുമില്ല.

പഠിപ്പുള്ളവർക്ക് ഇതിലൊന്നും വിശ്വാസമില്ലായിരിക്കും.

ഒതുക്കുകല്ലിലും കുവളത്തറയിൽ ഉണ്ടാക്കിവെച്ച കമിഴ്ന്ന പാമ്പിൻപത്തിപോലുള്ള കല്ലുവിളക്കിലും തിരിവെച്ചു. വെളിച്ചെണ്ണയിലേക്കിറങ്ങി കെടാൻപോയ തിരിയൊന്നു നീട്ടി

ചൂണ്ടുവിരൽ മുടിയിൽ തുടച്ച് അകത്തേക്കു കടന്നു. തലതിരിക്കാതെ തന്നെ ഒരു തോന്നലുണ്ടായി. വലിയ ചാരുകസേലയിൽനിന്നു കണ്ണുകൾ തൻെറമേൽ വീഴുന്നുണ്ട്. അതു മനസ്സിലായപ്പോൾ പരിഭ്രമം വർദ്ധിക്കുകയും ചെയ്തു.

തൃക്കാക്കരപ്പനെ പൂജിച്ചതു കുട്ടൻനായരാണ്. നാളികേരവും ഓട്ടുകിണ്ടിയിൽ വെള്ളവും നാക്കിലകളിൽ നെയ്യും ചന്ദനവും തുളസിപ്പൂവും ധൂപക്കുറ്റിയും വെച്ചതിൻെറ പുറകിൽ മാതേവർക്കഭിമുഖമായി പലകപ്പുറത്തു ചെന്നിരിക്കുമ്പോൾ കുട്ടൻനായർ പറഞ്ഞു: "ഇതു കൊച്ചപ്പൻ ചെയ്യണ്ടതാ. തറവാട്ടിലെ അന്നന്നത്തെ കുട്ട്യോളാണ് തൃക്കാക്കരപ്പനെ പൂജിക്കണ്ട്."

ചാഞ്ഞുകിടന്നു സിഗരറ്റിൻെറ പുകവിട്ടുകൊണ്ടു പറഞ്ഞു:

"കുട്ട്യായിരുന്നപ്പോ ഞാൻതന്നെയാണു പൂജിച്ചിരുന്നത്."

അടഞ്ഞ ജനാലയുടെ പഴുതിലൂടെ നീലപ്പുകച്ചുരുളും സിഗരറ്റിൻെറ മണവും കടന്നുവന്നു. ആ മണം മീനാക്ഷിക്കിഷ്ടമായി.

"മടാളെടുത്തു മീനാക്ഷ്യേ?"

ഉറക്കെ കുട്ടൻനായർ വിളിച്ചുചോദിച്ചു.

താനടുക്കളയിലാണെന്നു കരുതിയാവും കൂട്ടി യാർക്കുന്നത്. എല്ലാമൊരുക്കിയപ്പോൾ നാളി കേരമുടയ്ക്കാനുള്ള മടവാള് വെയ്ക്കാൻ മറന്നു പോയി.

മാധവിയേടത്തി ഉമ്മറത്തേക്കു വന്നു. ദൂരെ എവിടെനിന്നോ പൂവിളി കേട്ടു.

“പൂജ കഴിഞ്ഞാ ആർപ്പുവിളിക്കണം കുട്ടന്നായരേ.”

“തൃക്കാക്കരപ്പനെ പൂജിയ്ക്ക, ആർപ്പുവിളി യ്ക്ക്യ-ഇതൊക്കെ കുട്ട്യോളാ വേണ്ടത്. അതാ നേർത്തേ ഞാൻ കൊച്ചപ്പനോടു പറഞ്ഞീര്ന്ന്.”

“ഓനൊക്കെ വല്യ ആളായില്ലേ?”

കൊച്ചപ്പേട്ടൻ അപ്പോൾ എന്തെങ്കിലും പറയു മെന്നാണു കരുതിയത്. ഒന്നും പറഞ്ഞില്ല.

ജനാലപ്പഴുതിലൂടെ സിഗരറ്റിൻെറ പുക സു ഗന്ധത്തോടെ അടുത്തേക്കു വീണ്ടും അരിച്ചു വന്നു.

“ഈ പൊകങ്ങനെ ചെന്നിട്ടന്ന്യാ ശരീരം വാട്ണ്. കോഴി കൊത്തിത്തിന്ന്ണെന്തി രണ്ടു വറ്റാ തിന്ന്വാ. പലഹാരം തിന്ന്വാ? അതും ല്യ.”

മാധവിയേടത്തി മകൻ തടിക്കാത്തതിനു കാരണം കണ്ടുപിടിച്ചു.

“അന്യനാട്ടില് ശീലിച്ചിട്ടു നമ്മടെ കൂട്ടാനൊന്നും പിടിയ്ക്ക്ണ്ണ്ടാവില്യ.” വേലായുധൻനായർ അഭിപ്രായപ്പെട്ടു.

ദൂരത്തുനിന്നും അകലത്തുനിന്നും ആർപ്പുവിളികൾ കേട്ടുതുടങ്ങി.

“പൂച്ചകരേലും നായകരേലും ഒക്കെണ്ട്.”

പൂജ കഴിഞ്ഞു കുട്ടൻനായർ മാത്രം ആർപ്പുവിളിച്ചു. പൂജിച്ച പൂവട കർമ്മിക്കുതന്നെ. പിഞ്ഞാണത്തിൽ ആവി പറക്കുന്ന അടയും ഇലച്ചീന്തുകളുമായി മാധവിയേടത്തി വന്നു.

കസേരക്കൈയിൽ ഒരില വെച്ചപ്പോൾ കൊച്ചപ്പേട്ടൻ പറഞ്ഞു: “എനിക്കു വേണ്ട.”

“എന്നാ ഊണു കഴിഞ്ഞിട്ടു തിന്നാം.”

വേലായുധൻനായർ പറഞ്ഞു: “മധുരം ബഹുപാകം. അസ്സലായിട്ട്ണ്ട്.”

“പാണര് വര്വ ഇന്നല്ലേ കുട്ടന്നായരേ?”

കൊച്ചപ്പേട്ടൻ കസേരയിൽനിന്നെഴുന്നേറ്റു.

“ഇന്നന്നെ. കർക്കടെശ്ശംക്രാന്തിക്കും ഉത്രാടം രാത്രീം അങ്ങന്യാ നമ്മടെ ഇവടൊക്കെ.”

പാണൻ ഉണ്ണിപ്പെരയൻെറ ഒരു പട്ടി കിണറ്റിൽ വീണു ചത്ത കഥ കുട്ടൻനായർ പറഞ്ഞു.

“ഉണ്ണിപ്പെരൻെറ തന്തേ അക്കക് ഓർമണ്ടോ

കുട്ട്യേട്ടാ? നമ്മടെ ഒക്കെ കുട്ടിക്കാലത്ത് ഓനായി രുന്നു."

"കാറൊട്ട്യേനേര്ന്ന്. ആല്ഞ്ചോട്ടില് കച്ചോടം ചെയ്തീര്ന്ന ഒരു റാവുത്തന്ണ്ടായിരുന്നു. പാലത്ര ചന്തേന്നു വര്മ്പഴാ ഒടിച്ചുകൊന്ന്-"

ഒടിയന്മാരുടെ കഥകൾ ഇനി തുടങ്ങുമോ എന്നു മീനാക്ഷി ഭയപ്പെട്ടു. കുറെ കഥകൾ കേട്ടാൽ രാത്രി പാത്രം കഴുകാൻ മുറ്റത്തിറങ്ങാൻകൂടി പേടി തോന്നും. ഭാഗ്യത്തിന് അതുണ്ടായില്ല.

"തെക്കോട്ടാ പാണരുടെ പാട്ടിനു പ്രധാനം. പത്തുപന്ത്രണ്ടാളായിട്ടല്ലേ വര്വാ? ആണുങ്ങളും പെണ്ണുങ്ങളും. വഴിപാടു കഴിഞ്ഞാൽ പിന്നെ ഷ്ടംപോലെ പാടിക്കാം. അസ്സലായി പാടും ചെയ്യും. പാട്ട്യോളും പാണരും വട്ടത്ത് നിന്നു കയ്യൊട്ടിക്കളിക്ക്ണതല്ലേ കാണണ്ട്!"

"ആങ്ഹാ, അങ്ങനീണ്ടോ?"

"പാതിരകഴിയും നമ്മടെ തൊള്ള പൊള്ള്യോനും പാട്ടീം എത്താൻ."

"ഹേയ്, ഇവട്ട്യൊക്കെ നേർത്ത കഴീം. ആദ്യം മുന്നില്ലങ്ങളില്. പിന്നെ പുത്തൻകളത്തില്, താഴത്തേല്, പിന്നെ ഇബടെ."

മാധവിയേടത്തി തിരുത്തി:

"കഴിഞ്ഞകൊല്ലം ഇബടെ വന്നിട്ടാ താഴത്തേലും കളത്തിലും പോയത്."

പടികരൽനിന്നു മെതിയടിയുടെ ശബ്ദവും സംസാരവും കേട്ടു.

"മൂപ്പര് വര്ണ്ണ്ണ്ട്."

കൊച്ചപ്പൻ മുറ്റത്തേക്കിറങ്ങി. മാധവിയേടത്തി അകത്തേക്കു കടന്നു.

ശേഖരമ്മാന് അന്നു കുളിയുണ്ടായിരുന്നില്ല. കാലിൽ മുക്കിപ്പിടിക്കാൻ ചെറിയ ചെമ്പിൽ കുറച്ചു ചൂടുവെള്ളം കൊണ്ടുവെച്ചാൽ മതിയെന്നു മാധവിയേടത്തി പറഞ്ഞു.

ഉണ്ണാൻ കുട്ടൻനായരും വേലായുധൻനായരും കൂടിയുണ്ടായിരുന്നു.

എല്ലാവർക്കും ഒരുമിച്ചാണ് നടപ്പുരയിൽ ഇല വെച്ചത്.

"ആരാ ദഹണ്ണക്കാരൻ, കുട്ടനാ?"

ശേഖരമ്മാൻ ചോദിച്ചു.

"അങ്ങന്യൊന്നുല്യ. ഒപായത്തില് ഓരോന്ന്-"

മുളകാപച്ചടിയിൽ മധുരം പോരെന്നും നാരങ്ങാക്കറിക്കു ചൊടിയുണ്ടെന്നും അഭിപ്രായം പറഞ്ഞു ശേഖരമ്മാൻ.

"മൊളകാപച്ചടിടെ കാര്യം നിക്കു തോന്നി. നാളെ നോക്കീട്ട് മതി ഇനി ശർക്കരടാന്ന് പറയോ ഞാൻ മാധവ്യേമ്മോട്. ഒക്കെ ഒന്നു ചേരാൻണ്ട്"

വടക്കേ ഇറയത്തു മാക്കുണ്ണിക്കു വിളമ്പിക്കൊടുത്ത്, മാധവിയേടത്തിക്കും വിളമ്പി ഉണ്ണാനിരുന്നപ്പോളാണ് ദൂരത്തുനിന്നു പാണരുടെ ഉടുക്കിന്റെ ശബ്ദം കേട്ടത്.

മാധവിയേടത്തി ചെവിയോർത്തു:

"ഇല്ലത്ത്ന്നാ. പറേമ്പോലെ ഇന്ന് പഹേര് പാതിരയ്ക്ക് വിളിച്ചോണർത്താൻ എത്തുംന്നാ തോന്ന്ണ്."

പുറത്തു മാനം തെളിഞ്ഞതും നിലാവു പരന്നതും പൊടുന്നനെയായിരുന്നു. എച്ചിലില ചുരുട്ടിപ്പിടിച്ചുകൊണ്ടു മീനാക്ഷി മുറ്റത്തേക്കിറങ്ങിയപ്പോൾ ആകെ വിസ്മയിച്ചുപോയി. എന്തു നിലാവാണ്! കവുങ്ങിൻതോട്ടത്തിൽ നിഴലുകൾക്കിടയിൽ കണ്ണാടിക്കീറുകൾപോലെ പ്രകാശം വീണു കിടക്കുന്നു. പൂവൻവാഴക്കൂട്ടത്തിന്റെ ഇളകുന്ന തുമ്പുകളിലേക്ക് അവൾ നോക്കി. ആമാടക്കണ്ണികൾ ആരോ ഉരുട്ടിക്കളിക്കുന്നു.

ചാണകം മെഴുകിയ മുറ്റം ഒരു പൊയ്കയാണ്. നിലാവിൽ നോക്കൂ. വേണമെങ്കിൽ മുങ്ങിക്കുളിക്കാം.

കൈ കഴുകാനിറങ്ങിയ മാധവിയേടത്തിയും പറഞ്ഞു:

"ഓണലാവ് ക്കുറി കേമാണലോ!"

അടുക്കളെയിൽ പാത്രങ്ങൾ ഒതുക്കിവെച്ചു. മുറ്റമടിക്കാരിക്കുള്ള ചോറിൽ വെള്ളമൊഴിച്ചു. മാധവിയേടത്തി ഓരോന്ന് ഓർമിപ്പിച്ചു തുടങ്ങി:

"രാവിലെ  പഴം പുഴ്ങ്ങാൻള്ള വല്യേ ചെമ്പ് പത്തായത്ത്ന്ന്ട്ത്തിട്ടില്ലേ മീനാക്ഷ്യേ?"

"ഉവ്വ്."

"പാണർക്ക് നറച്ചപ്പിന് നെല്ലും അരീം വേണം. എടങ്ങാഴിം നാഴിം വെളക്കിൻറട്ത്ത്തന്നെ വെച്ചിയ്ക്ക്. അപ്പോ ഓടി നടക്കാൻ പറ്റില്ല."

കുട്ടൻനായർ മാധവിയേടത്തിയോടു യാത്ര പറയാൻ വന്നു.

"ചതയത്തിൻറന്നു നേർത്തേ വരണം കുട്ടൻനായരെ. കാഴ്ച്ചക്കാർക്കും പണിക്കാർക്കും ഒക്കെ ചോറുകൊടുക്ക്ണ ദിവസല്ലേ? അതിൻെറ മാതിരി കെട്ടിത്തിരിച്ച്ല്ള്ള ഒരേർപ്പാടില്ല."

കുട്ടൻനായർ വരാമെന്നേറ്റു.

"വേലായുധൻനായര് പോയ്യോ?"

"ഇല്ല്യ. ഉമ്മറത്ത്ണ്ട്. പോണ ലക്ഷണം ല്യ. മൂപ്പരക്ക് നേരം പൂവാൻന്ന് വർത്താനത്തിന് ആളായി. മൂളിക്കോളുല്ലോ ഇര്ന്നിട്ട്."

കുട്ടൻനായർ പോയപ്പോൾ മാധവിയേടത്തി പറഞ്ഞു:

"നേർത്തെ കെടക്കാൻ നോക്കിക്കോ പെണ്ണേ. ഒന്നൊറങ്ങി എണീറ്റ്ട്ട് അട്ക്കളേക്കടക്കണം. നൂറുകൂട്ടം പണീണ്ട്. ആ പാണരുടെ എഴുന്നള്ളത്തും കൂടി കഴിഞ്ഞാൽ ഒരു ഭാഗത്ത് തണലേ് ചായ്ക്കായിരുന്നു."

പാണർക്കുള്ളതെല്ലാം മീനാക്ഷി ഒരുക്കി വെച്ചിട്ടുണ്ട്.

മാധവിയേടത്തി മുകളിലേക്കു കയറിപ്പോകുമ്പോൾ പറഞ്ഞു:

"ആ കൂട്ടത്തില് അതു മറന്നു മീനാക്ഷ്യേ. ആ പിഞ്ഞാണം നല്ലോണം തൊടച്ചിട്ട് രണ്ടടവെച്ചിട്ടു കൊച്ചപ്പനു കൊണ്ടോയിക്കൊടുത്താ. പിഞ്ഞാണം നല്ലോണം തൊടയ്ക്കണേ."

പൂക്കളും വള്ളികളും വക്കിൽ പടർന്ന പരന്ന പിഞ്ഞാണം വൃത്തിയായിത്തന്നെ ഇരിക്കുന്നു.

എന്നാലും മീനാക്ഷി ഒന്നുകൂടി തുടച്ചു. ചളി കണ്ടിട്ടു മനസ്സിൽപ്പിടിക്കാതെ തിന്നാതിരിക്കണ്ട. ഇതുവരെ ശേഖരമ്മാന്നു വിളമ്പിക്കൊടുക്കുമ്പോളായിരുന്നു ഭയം. ഇപ്പോൾ അതിലും ഭയമായിരിക്കുന്നു.

ഉമ്മറക്കോലായിൽ ചാരുകസേരയുടെ രണ്ടു കൈകളിലേക്കും കാലു നീട്ടിവെച്ചു കിടന്നു ശേഖരമ്മാൻ വാമനൻ മാവേലിയുടെ മൂന്നടി മണ്ണ് അളന്നു വാങ്ങിയതു വിവരിച്ചു കൊടുക്കുകയാണ്. കിഴക്കെ കോലായിൽ പുല്പായത്തടുക്കിലിരുന്നു വേലായുധൻനായർ മൂളുന്നുണ്ട്.

കൊച്ചപ്പേട്ടൻ ഉമ്മറമുറ്റത്തു നടക്കുകയാവുമെന്നാണു കരുതിയത്. മുകളിലേക്കു പോയിരിക്കുന്നു. മുകളിൽ കൊണ്ടുപോയി കൊടുക്കണോ, അതോ താഴെവെച്ചു വിളിച്ചാൽ മതിയോ? കൊച്ചപ്പേട്ടനുള്ളപ്പോൾ അവൾ പത്തായപ്പുരയുടെ മുകളിലേക്കു പോകാറില്ല. താഴത്തിറങ്ങിവരുന്ന നേരം നോക്കിയിട്ടാണ് അടിച്ചുവാരുന്നതും കിടക്ക കുടഞ്ഞുവിരിക്കുന്നതും. മാധവിയേടത്തിയോട് ചോദിക്കാൻ ചെന്നാൽ ചിലപ്പോൾ ദേഷ്യപ്പെട്ടെന്നുവരും.

മുറ്റത്ത് ഒട്ടുമാവിൻെറ നിഴലിനു ചുറ്റും നിലാ

വു തിരയടിക്കുകയായിരുന്നു. ഇളംതണുപ്പുള്ള കാറ്റിൽ ഒട്ടുമാവിൻെറ ചില്ലുകളുലയുമ്പോൾ അമ്പലക്കുളത്തിനു നടുവിലെ നീർവാഴക്കൂട്ടം പോലെ കറുത്ത നിഴൽപ്പാട് ഇളകിയമർന്നു.

ശ്രദ്ധിച്ച് ഒച്ചയുണ്ടാക്കാതെ കോണിപ്പടികൾ കയറി. വരാന്തയിൽ കാലെടുത്തുവെച്ചപ്പോൾ അവിടമാകെ സിഗരറ്റിൻെറ മണം പറന്നു നട ക്കുന്നു. മുറിയിലെ വെളിച്ചം വരാന്തയുടെ കിഴക്കെ അറ്റത്തേക്കു തെല്ലു നീണ്ടുകിടക്കുന്നു. പുറത്തെ നിലാവ് അടുപ്പിച്ചിട്ട അഴികൾക്കിടയി ലൂടെ ഊർന്നുവരുന്നതുകൊണ്ട് ഇരുട്ടു നേർ ത്തുപോയ വരാന്തയിലൂടെ നടന്നപ്പോൾ ചൂടി പ്പായയുടെ ഒരറ്റത്തിട്ട സ്റ്റൂളിൽ അറിയാതെ ചെന്നു മുട്ടി. കാലിൻെറ മുട്ടു വേദനിച്ചതു സാരമില്ല. തട്ടിമുട്ടി ഒച്ചയുണ്ടാക്കി വായിക്കു ന്നവർക്ക്. അലോഗ്യമാവുമല്ലോ ദൈവമേ! പിഞ്ഞാണം വീണുടയാതിരുന്നതുതന്നെ ഭാഗ്യം!

വാതില്ക്കൽ സംശയിച്ചുനിന്നു. പുറത്തെ മേശപ്പുറത്തു വെച്ചുപോന്നാലോ?

മേശപ്പുറത്തേക്കു കാൽ കയറ്റിവെച്ചു വായി ക്കുകയാണ്. തലയിലൂടെ സാരിയിട്ടു ചിരിച്ചു മയങ്ങിനില്ക്കുന്ന ഒരു പെണ്ണിൻെറ വലിയ

വർണ്ണചിത്രമുണ്ട് പുസ്തകത്തിന്റെ ചട്ടയിൽ.

ധൃതിയിൽ കടന്നു കസേരയുടെ സമീപമിട്ട സ്റ്റൂളിൽ പിഞ്ഞാണം രണ്ടു കൈകൊണ്ടും വെച്ചു പുറത്തു കടന്നപ്പോൾ ചോദിച്ചു:

"എന്താത്?"

"പൂവടയാണ്."

"എനിക്കു വേണ്ട. കൊണ്ടുപൊയ്ക്കോളൂ."

മീനാക്ഷിക്കു വീണ്ടും സംശയമായി. പൂവട നല്ലതാണ്, പ്രസാദമാണ് എന്നു പറയണോ?

"എനിക്കു വേണംന്ന് തോന്ന്ണില്ല. എട്ത്തോളൂ."

വീണ്ടും പറഞ്ഞപ്പോൾ അവൾ പിഞ്ഞാണമെടുത്തു.

"പാണര് വര്ണ്ണ്ടോ മീനാക്ഷീ?"

തിരിഞ്ഞുനില്ക്കാതെ അവൾ പരിഭ്രമമടക്കി പറഞ്ഞു:

"ഏ......ആ ഇല്ലത്ത്ന്ന് കേട്ടു."

അവൾക്കു വേഗം പോയാൽ മതിയായിരുന്നു.

" ആ പിന്നെ, ഒരു ഗ്ലാസ് വെള്ളം കൊണ്ടന്നു വെച്ചിക്ക്."

പിഞ്ഞാണം മടങ്ങിവരുന്നതു കണ്ടപ്പോൾ മാധവിയേടത്തി ചോദിച്ചു: "എന്തേടീ?"

"വേണ്ടാന്നു പറഞ്ഞു."

"ഓൻ പണ്ടും അങ്ങന്യാ. മധിരം ഓനു പിടി ക്കില്ല."

"ചുക്കൊള്ളം വേണൊംന്നു പറഞ്ഞു."

" ആ ചെറ്യേ കൂജാവിലാക്കി ഗ്ലാസ്സും കൊ ണ്ടോയി വെച്ചോ അരീത്ത്. രാത്രി വേണ്ട്യേരും."

വെളിച്ചെണ്ണയെടുക്കാനുള്ള ഭരണിയും കുഴി യല്ലുമായി മാധവിയേടത്തി വീണ്ടും കോണി കയറി.

ചുക്കുവെള്ളമെടുത്ത് ഉമ്മറത്തേക്കു വന്നപ്പോൾ മുറ്റത്തു തിണ്ടിനടുത്തായി നടക്കു കയായിരുന്നു കൊച്ചപ്പേട്ടൻ. മുകളിൽനിന്ന് ഇത്രവേഗം താഴത്തെത്തിയോ? പാണരുടെ പാട്ട് അടുത്തെത്തുന്നുണ്ടോ എന്നു ചെവിടോർക്കു കയാണെന്നു തോന്നുന്നു. വായിൽ പല്ലില്ലാത്ത ഉണ്ണിപ്പെരയൻ ഉടുക്കുകൊട്ടി അടച്ച തൊണ്ട പൊട്ടിക്കാൻവേണ്ടി പാടുന്ന ഈ പാട്ടിൽ എന്താണാവോ ഇവർക്കൊക്കെ ഇത്ര കമ്പം!

ശേഖരമ്മാൻ വാമനന്റെ കഥകഴിച്ച് ഓണത്തിന് പണ്ടു മാപ്പിളമാർ കന്നുപൂട്ടാ നിറങ്ങിയപ്പോൾ തല്ലുണ്ടായ കഥ പറയു കയാണ്. വേലായുധൻനായരുടെ മൂളൽ പതു

കപ്പെത്തുകെയായിത്തീർന്നിട്ടുണ്ട്.

പത്തായപ്പുരയുടെ മുകളിലെ മുറിയിൽ പുക അപ്പോഴും ചുറ്റിത്തിരിഞ്ഞുനില്ക്കുന്നുണ്ടായിരുന്നു. കൂജയും ഗ്ലാസ്സും മേശപ്പുറത്തു വെച്ചു. തുളുമ്പിപ്പോയ വെള്ളം കൈകൊണ്ടു തുടച്ചുകളഞ്ഞ് മീനാക്ഷി ധൃതിയിൽ മുറിയിലാകെ ഒന്നു നോക്കി. അടിച്ചുവാരാൻ വന്നപ്പോൾ കാണാത്ത ഒരു പടം ചുമരിൽ തൂക്കിയിരിക്കുന്നതു കണ്ടു. കറുത്ത കോട്ടിട്ട്, കഴുത്തിൽ പാപ്പാത്തിയെപ്പോലെ ഒരു സാധനം പിടിപ്പിച്ചു കൊച്ചപ്പേട്ടൻ ഗൗരവത്തിലിരിക്കുന്നു.

കോണിമുറിയിലെ ഇരുട്ടിൽ, അരികിൽ കാഴ്ചക്കാർ കൊണ്ടുവന്നതിൽനിന്നു കെട്ടിത്തൂക്കാൻവേണ്ടി തിരഞ്ഞുവെച്ച പഴുത്ത വെള്ളരിക്ക കൂട്ടിയിട്ടതു തട്ടിത്തടയാതിരിക്കാൻ ഇരടി കൊണ്ടു നടന്നപ്പോൾ-ഞെട്ടിത്തെറിച്ചുപോയി.

തൊട്ടുമുന്നിൽനിന്ന് ഒരു ചോദ്യം കേട്ടു.

“ആരാത്?”

ഞാനാണെന്നു പറയാൻ വാക്കുകൾ തൊണ്ടയിൽ ഉരുണ്ടുകൂടിനിന്നു. മാറിനില്ക്കാൻ ഇടകിട്ടുന്നതിനു മുമ്പ് കൈകൾ ശരീരത്തിൽ ചുറ്റിയിരുന്നു.

ഈശ്വരന്മാരേ! അവൾ മനസ്സിൽ ഉറക്കെ വിളിച്ചു. കൈകൾ വിടുവിച്ച് ഓടിപ്പോകണമെന്നും ഉറക്കെ നിലവിളിക്കണമെന്നും സിഗരറ്റിൻെറ മണമുള്ള ചുണ്ടുകൾ മുഖത്തു നിന്നു തട്ടിമാറ്റണമെന്നും തോന്നി. പക്ഷെ, തണ്ടൊടിഞ്ഞ വാഴക്കൂമ്പുപോലെ അവൾ തളർന്നു വിറച്ചു നില്ക്കുകമാത്രം ചെയ്തു. മേലാകെ തീ പാറുകയായിരുന്നു.

"പാണര് വന്നാൽ എന്നെ വിളിച്ചോണർത്തണം കേട്ടോ? ഇപ്പോ പൊയ്ക്കോളു."

ബോധമില്ലാതെയാണു നടന്നത്. ഉമ്മറത്തിരിക്കുന്ന ശേഖരന്മാൻെറയും വേലായുധൻനായരുടേയും കണ്ണുകൾ തൻെറമേൽ തറച്ചുകയറുന്നുണ്ടെന്നു തോന്നി.

തെക്കിനിയിൽ വിറകൊള്ളുന്ന ശരീരത്തോടെ വെളിച്ചം വീഴാത്തിടത്തു നിന്ന് അവൾ ഉറക്കെ കുടിനീരിറക്കി. മാധവിയേടത്തിയുടെ മുന്നിലേക്കു ചെല്ലാൻ ഭയം തോന്നി. മുഖത്തും കഴുത്തിലുമെല്ലാം സിഗരറ്റിൻെറയും പൗഡറിൻെറയും മണം തങ്ങിനില്ക്കുന്നുണ്ടോ?

അറച്ചറച്ചുകൊണ്ടാണ് അവൾ നടപ്പുരയിലേക്കു നടന്നത്.

അപ്പോൾ പാണരുടെ പാട്ടിന്റെ അലകൾ ഉടുക്കുകൊട്ടുന്ന ശബ്ദത്തിനൊപ്പം കുളുർത്ത നിലാവുപുരണ്ട വായുവിലൂടെ, കവുങ്ങിൻ തോട്ടത്തിലൂടെ ഇഴഞ്ഞുവരുന്നുണ്ടായിരുന്നു.

"കലശാട്ടം പതിനെട്ടും കഴിഞ്ഞെന്റെ മഹാ ദേവാ

കലശമാടി കുടിയിലിട്ട തൃക്കാക്കരെ മഹാ ദേവ"

ഉണ്ണിപ്പെരയന്റെ അടച്ച തൊണ്ടയിൽനിന്നു വാക്കുകൾ അരഞ്ഞുവീഴുന്നു.

"ചാത്തമ്പറ്റില്ലത്തൊത്തീട്ടേള്ളൂന്നാ തോന്ന്ണ്" നിയ്ക്കൊരു പാത്ത് കെടക്കണം. പാതിര്യാവുംന്നന്യാ തോന്ന്ണ്.

മാധവിയേടത്തി മുറക്കാൻചെല്ലത്തിനു മുമ്പി ലിരുന്നു.

"ഒണക്കംപോരാത്ത വെറക്ണ്ടെങ്കിൽ ആ വീ തനപ്പൊറത്ത് വെച്ചോ. രാവിലെ ഓണം തിരോ ണായിട്ടു തീപ്പിടിപ്പിക്കാൻ ഊതി മെനക്കെടണ്ട"

മാധവിയേടത്തി നേരിട്ടു നോക്കാതിരിക്കണേ എന്നായിരുന്നു പ്രാർത്ഥന. അവൾ മുഴുവൻ കേട്ടില്ല. വേഗത്തിൽ അടുക്കളെയിലേക്കു നടന്നു. കരിപിടിച്ച ജനലിനു മുന്നിൽ പുറത്തേക്കു

നോക്കിക്കൊണ്ടു നിന്നു. തോട്ടത്തിൽ നിലാവും നിഴലും കെട്ടിപ്പിടിച്ചുരുളുകയാണ്. ഉടുക്കിൻെറ താളത്തിനൊത്ത് ഉണ്ണിപ്പെരയൻെറ പാട്ടു ചീനക്കുഴലിൻെറ ശബ്ദത്തിൽ ഏറ്റുപാടുന്നു:

"ഇന്നുമടിയനാരെ തന്നൊരു വരംകൊണ്ട്
ഇന്നുമടിയങ്ങള് തുടിവെച്ചു പാടുന്നേൻ..."

വിയർപ്പുപൊടിഞ്ഞ മുഖം മുണ്ടിൻെറ കോന്തലകൊണ്ടു തുടച്ച്, മുറ്റത്തെ നിലാവിൻെറ പൊയ്കയിലേക്കു വീണ്ടും നോക്കി, അയവിറക്കിക്കൊണ്ടു നിന്നപ്പോൾ-

അവൾക്കു കരയണമെന്നു തോന്നി.

ചിരിക്കണമെന്നും.

## 2

**ഓ**ലക്കുടയുടെ താഴെ പലകപ്പുറത്തു വെച്ച മാവേലിയേയും മക്കളേയും എടുത്തു തൊഴുത്തിൻതറയിലേക്കു മാറ്റിവെച്ചപ്പോൾ ഗോവിന്ദൻകുട്ടി വിചാരിച്ചു: ഓരോണംകൂടി കഴി

ഞ്ഞു.

കുട്ടിക്കാലത്തു പറയാനാവാത്ത ദുഃഖത്തോടെയാണ് മാവേലിയെ എടുത്തിടാറ്. ഇനി ഒരു കൊല്ലം കാത്തിരിക്കണമല്ലോ സമൃദ്ധിയുടെ ദിവസങ്ങൾ വരാൻ! ഇപ്പോൾ ദുഃഖമില്ല. ഉത്രാടത്തിൻ നാൾ മണ്ണു കുഴയ്ക്കുമ്പോൾ സന്തോഷവും തോന്നിയിരുന്നില്ല.....

അന്നും വൈകുന്നേരം കൊച്ചപ്പൻ വീട്ടിൽ വന്നു. കുമാരേട്ടൻ വീട്ടിലുണ്ടായിരുന്നില്ല. തോട്ടത്തിൽ രണ്ടു വാഴ പിരിഞ്ഞുവെയ്ക്കാമെന്നു വിചാരിച്ച് ഗോവിന്ദൻകുട്ടി കൈക്കോട്ടെടുത്ത് ഇറങ്ങിയതായിരുന്നു. അപ്പോഴാണ് പടികയറി കൊച്ചപ്പൻ വരുന്നതു കണ്ടത്. ഇളം മഞ്ഞ നിറത്തിലുള്ള സില്ക്കു ഷർട്ട്. അകത്തിട്ട ബനിയന്റെ കൈയിന്റെയും കഴുത്തിന്റെയും വരകൾ പുറമേ കാണാം; നിലത്തിഴയത്തക്കവണ്ണം ഞാത്തിയുടുത്ത ഡബിൾമുണ്ട്. ഷേവുചെയ്ത നേരിയ പച്ചനിറം വ്യാപിച്ച തുടുത്ത കവിളുകൾ. ചുണ്ടിലൂടെ അരിച്ചിറങ്ങുന്ന മീശയ്ക്കു കഴിഞ്ഞ തവണ കണ്ടപ്പോഴത്തെക്കാളും കറുപ്പും കരുത്തും കൂടിയിട്ടുണ്ടെന്ന് ഒറ്റനോട്ടത്തിൽ ഗോവിന്ദൻകുട്ടിക്കു തോന്നി.

കൈക്കോട്ടു വാഴത്തടത്തിൽത്തന്നെ ഇട്ടു കിണറ്റുവക്കിൽ വന്നു ചെമ്മണ്ണിഴുകിയ കാലുകൾ കഴുകി ഉമ്മറത്തേക്കു വന്നപ്പോൾ കൊച്ചപ്പൻ കോലായിൽ അലസമായി നടക്കുകയായിരുന്നു.

"എന്തൊക്ക്യാ ഗോവിന്ദുട്ട്യേട്ടാ?"

ഗോവിന്ദൻകുട്ടി ചിരിച്ചു.

പൊളിഞ്ഞ ചാരുപടിയിൽ കൊച്ചപ്പൻ ഇരുന്നപ്പോൾ മുണ്ടു കീറുന്നതു സൂക്ഷിക്കണമെന്നു പറയണമെന്നുണ്ടായിരുന്നു.

"കൊറിച്ചീസായ്യോ വന്നിട്ട്?" പൂരാടത്തിന്റെ തലേദിവസം രാത്രിയിലാണു വന്നതെന്നു കുമാരേട്ടൻ പറഞ്ഞ് അറിഞ്ഞിരുന്നുവെങ്കിലും വെറുതെ ചോദിച്ചു.

"ആ, ഒരാഴ്ചയായി. കുമാരമ്മാമ എവടെ?"

പൊറത്തു പോയിരിക്ക്യാണ്."

അമ്മമ്മ കെട്ക്കാണോ? എന്നു ചോദിച്ചുകൊണ്ടു കൊച്ചപ്പൻ അകത്തേക്കു കടന്നു. വാതിൽ കടക്കുമ്പോൾ കൊച്ചപ്പനു നന്നായി കുനിയണം. കൊച്ചപ്പന്റെ സമീപം നില്ക്കുമ്പോൾ തന്റെ ശരീരപ്രകൃതിയെപ്പറ്റി ഗോവിന്ദൻകുട്ടിക്ക് ലജ്ജ തോന്നി.

"ആരാണു ഗോവിന്ദുട്ട്യേ?" അമ്മ കിടക്കു

ന്നോടത്തുനിന്നു വിളിച്ചുചോദിച്ചു.

"ഇതു ഞാനാ അമ്മേ്മേ."

ഗോവിന്ദൻകുട്ടി തെക്കിനിയിലോളം ചെന്ന് ഉമ്മറത്തേക്കുതന്നെ മടങ്ങി. ഇനി കൊച്ചപ്പനോട് അമ്മയുടെ കുറെ പായ്യാരം പറച്ചിലുണ്ടാവും; നാശം!

"ൻെറ കുട്ട്യേ നെന്ന്യൊന്നു കാൺണംന്ന് ശ്ശി ദിവസായി വിചാരിക്ക്ണു. കുമാരൻ നീയ് വന്നൂന്നു പറഞ്ഞപ്പോമൊതല് ഞാൻ ഇവടെ പറഞ്ഞോടങ്ങിയതാ. അമ്മമ്മയ്ക്ക് ഇനി ശ്ശി കാലൊന്നൂല്ലീ ഭൂമീല്." അമ്മ തോരാതെ ഇടറിയ സ്വരത്തിൽ പറയുകതന്നെയാണ്: "ഇനി മറ്റുള്ളോരെ ബുദ്ധിമുട്ടിക്കാണ്ട് നിങ്ങളെയൊക്കെ കണ്ടു കണ്ണടച്ചാ മതീന്നേള്ളൂ." വാക്കുകൾ നുറുങ്ങി അവസാനം കരച്ചിലിലാണു ചെന്നെത്തിയത്. അതമ്മയുടെ പതിവാണ്. അമ്മ എഴുന്നേറ്റിരുന്നു:

"ൻെറ കുട്ട്യേ, നെനക്കു പിന്നെപ്പിന്നെ പരോശാണല്ലോ!"

"ഏയ്, പരോശൊന്നൂല്യ."

"തടി നോക്കണം. ചൊമര്ണ്ടെങ്കിലേ ചിത്രെഴുതൂന്ന് ഒരു ചൊല്ലുണ്ട്. കുഞ്ഞുകുട്ട്യേ,

ത്തിരി വെള്ളം അടുപ്പത്ത് വെയ്ക്ക്. കൊച്ചപ്പന് ഒരു ഗ്ലാസ് ചായുണ്ടാക്കിക്കൊടുക്ക്."

ചായയ്ക്കു പാലുണ്ടാവില്ല. ചായപ്പൊടിയുണ്ടാവുന്ന കാര്യവും സംശയമാണ്. പടിഞ്ഞാറേതിലേക്ക് ഓടേണ്ടിവരും ഇപ്പോൾ.

"ചായയൊന്നും വേണ്ട ചെറ്യമ്മേ. ഞാനിപ്പോ കളത്തില് കേറി. അവിട്ന്നു ചായ കുടിച്ചിട്ടേ എറങ്ങാൻ സമ്മതിച്ചുള്ളു."

വീണ്ടും വീണ്ടും വിലക്കിയപ്പോൾ അമ്മ പറഞ്ഞു:

"ന്നാ വേണ്ട. ഒരു  പഴം കണലിലിട്ടു ചുട്ടുകൊണ്ടന്നുകൊടുക്ക്. ഓനത് പണ്ടും ഇഷ്ടാ."

കുമാരേട്ടൻ വാങ്ങിയ പഴക്കുലയുടെ താഴത്തെ പടലയിൽ നാലഞ്ചു കായ ചീഞ്ഞു നില്ക്കുന്നുണ്ട്. അതാണോ കുഞ്ഞ്യോപ്പോള് ചുട്ടുകൊടുക്കേണ്ടത്?ഇല്ലെങ്കിൽ സൽക്കരിക്കാണ്ടന്നു വെച്ചുകൂടെ അമ്മയ്ക്ക്?

കളത്തിലെ ഉമ്മറത്ത് കുട്ടിശ്ശങ്കരമേനോൻേറയും നാണപ്പമേനോൻേറയും ഒപ്പമിരുന്നു സംസാരിക്കുന്ന കൊച്ചപ്പനു രാജമ്മു ചായ ഒഴിച്ചുകൊടുക്കുന്നതു ഗോവിന്ദൻകുട്ടി സങ്കല്പിച്ചുനോക്കി. രാജമ്മു ആവണമെന്നില്ല. പണി

ക്കാരി കല്യാണിയമ്മയും അപ്പുണ്ണിയുമൊക്കെ ഉണ്ടല്ലോ. എങ്കിലും–

(വാതിലിനപ്പുറത്ത് രാജമ്മു നോക്കിനിന്നിട്ടുണ്ടാവും. പോക്കുവെയിലിൻെറ നിറമുള്ള സിൽക്കുഷർട്ടിലും പൗഡർ പൂശിയ തുടുത്ത മുഖത്തും ചുരുണ്ട തലമുടിയിലുമെല്ലാം രാജമ്മുവിൻെറ കണ്ണുകൾ സഞ്ചരിച്ചിട്ടുണ്ടാവും.)

കാളപൂട്ടുകണ്ടത്തിൻെറ മേലേപ്പുറത്ത് കവുങ്ങിൻ തോട്ടത്തിൽ രാജമ്മു വന്നുനിന്നു തന്നെ നോക്കിയപ്പോൾ–

–തന്നിൽ കാണാനുള്ളതൊന്നുമില്ല. ചെമ്പൻ രോമമുള്ള കൈത്തണ്ടയും തടിച്ചുകുറുകിയ ശരീരവും.

ഒരിക്കലും തനിക്കു മുഖമുയർത്തി രാജമ്മുവിൻെറ മുഖത്തു നോക്കാനാവില്ല.

അകത്ത് അമ്മ മകളെപ്പറ്റി ആവലാതിപ്പെടുകയായിരുന്നു:

"ന്നാലും എന്ത് തെരക്കായാലും ഓളെ വട്ടിലിട്ടെടുത്ത തള്ളയല്ലേ? ഒന്ന് വന്നു കണ്ടാലെന്താ എടയ്ക്കെങ്കിലും?"

"അമ്മോടു പറയാം ഞാൻ."

"പറയ്യൊന്നും വേണ്ട. എത്ര മോഹിച്ചിട്ട്ണ്ടാ

യ ഒരു കുട്ട്യാ നിയ്ക്കോള്. കീഴ്ക്കടെത്തെ കഥ പറഞ്ഞിട്ടെന്താ കാര്യം?"

കൊച്ചപ്പൻ വീട്ടിൽ അമ്മയുടെ പ്രാരബ്ധങ്ങളെപ്പറ്റി പറയുന്നതിനിടയ്ക്ക് ക്ഷണിച്ചു:

"അമ്മമ്മ കൊറച്ചീസം അങ്ങട്ടു പോരു. അവടൊരു ബുദ്ധിമുട്ടുംണ്ടാവില്ല."

"ഇനി അതൊന്നും മോഹിയ്ക്കണില്ല. കുട്ട്യേ, ഇബടി ഇന്നേ തീയതിവരെ ഒരു ബുദ്ധിമുട്ടുംണ്ടായിട്ടില്ല. നിങ്ങളാച്ചെലര്ക്ക് ഒരു തള്ള ഇബടെണ്ട്ന്ന് ഒരോർമ ണ്ടായ്യാ മാത്രം മതി."

"അതൊക്കെ എപ്പഴും ഓർമണ്ട് അമ്മമ്മേ."

ഒറ്റപ്പാലത്തു വക്കീലായിരിക്കാൻപോകുന്ന വിവരം കൊച്ചപ്പൻ പറഞ്ഞു. മദിരാശിയിലാണു നല്ലത്. എന്നാലേ ഗുണമുള്ളൂ. പക്ഷേ, അച്ഛന്റെയും അമ്മയുടെയും നിർബന്ധമാണു നാട്ടിനടുത്തുതന്നെ ആവണമെന്ന്. ഏതായാലും കുറച്ചുകാലം ഇവിടെ നില്ക്കട്ടെ. എന്നിട്ടു തീരുമാനിക്കാം എന്തു ചെയ്യണമെന്ന്.

സംസാരിച്ചു സംസാരിച്ച് അമ്മ തന്നെപ്പറ്റി തുടങ്ങിയപ്പോൾ ഗോവിന്ദൻകുട്ടി ആകെ അസ്വസ്ഥനായി.

"ഇബടെ ദാ ഒരാള്. അച്ചാലും പിച്ചാലും നടന്നു രാവുപകല് കഴിക്കാണ്. ഒക്കേറ്റിനും ഭാഗ്യം വേണ്ടേ."

ആരോടെന്നില്ലാതെ പറഞ്ഞു:

"പത്തിരുപത്തിമൂന്നു വയസ്സേ ആയിട്ടുള്ളു. അപ്പളയ്ക്ക് ഓനൊരു നല്ല ചോറായി. ആയുസ്സിട്ടു കെടക്കട്ടെ ഭഗവാനേ...."

"എന്തൊക്ക്യാ ചെറ്യേമ്മേ വർത്തമാനം?"

കുഞ്ഞ്യാപ്പോളോടാണ്. കുഞ്ഞ്യാപ്പോള് പറഞ്ഞതെന്താണെന്നു കേട്ടില്ല.

കൊച്ചപ്പൻ യാത്രപറഞ്ഞു: "അമ്മമ്മേ, ഞാനെറങ്ങട്ടെ. ഞാൻ എടയ്ക്കെടെയ്ക്കു വരാം. കൊറ്ച്ചീസം കഴിഞ്ഞിട്ടേ ഞാൻ പോണ്ള്ളു."

അമ്മ അവസാനമായി പറഞ്ഞു:

"നിങ്ങടെ കാശും പണോം  ഒന്നും എനിക്കു വേണ്ട. അയിനിട്ടൊട്ടല്ലേനും. അമ്മമ്മ ണ്ട് എന്ന് ഒരു വിചാരം ണ്ടായ്യാ മതി. എവടെത്ത്യാലും നിങ്ങടെയൊക്കെ മൊരട് ഒന്നാ. അദ് നെൻെറ അമ്മോടും പറഞ്ഞേക്കോണ്ടൂ."

"ചെറ്യേമ്മേ, ഞാനെറങ്ങട്ടെ?"

വാതിൽ നൂണുകടന്നു കൊച്ചപ്പൻ ഉമ്മറത്തെത്തിയപ്പോൾ ഗോവിന്ദൻകുട്ടിയും

കോലായിലേക്കു കയറി.

ഞാൻ എറങ്ങ്ണു ഗോവിന്ദുട്ട്യേട്ടാ! നിങ്ങളെന്താ ആ വഴിക്കൊന്നും വരാറേ ഇല്ല്യലോ?"

തനിക്കു സമയം കിട്ടുന്നില്ലെന്നു പറയാൻ നിവൃത്തിയില്ലാത്തതുകൊണ്ടു ഗോവിന്ദൻകുട്ടി പറഞ്ഞു: "വരാം."

മുറ്റത്തിറങ്ങി ഒരു സിഗരറ്റ് കത്തിച്ചു പുകവി ട്ടുകൊണ്ട് കൊച്ചപ്പൻ നിന്നു. ഒരരുകിൽ തിക്കി വരുന്ന ചെടിപ്പടർപ്പിനെ ഉദ്ദേശിച്ചു ചോദിച്ചു:

"അതെന്തു ചെട്യാ?"

"ചെട്യല്ലാ, മരുന്നാ, ആടലോടകം. അമ്മയ്ക്ക് അതിന്റെ നീരു വേണം പൊടി കഴിക്കാൻ."

"വലിയ, ദാ, ഇത്രപോന്ന പൂവ്ണ്ടാവ്ണ ഒരു ചെടിയുണ്ട്. കണ്ടപ്പോൾ അതാന്നു സംശയിച്ചു."

"എന്നാ ഒറ്റപ്പാലത്തു പോണ്?"

"തീർച്ചയാക്കീട്ടില്ല്യ." അവടെ മാധവമേന്റെ ജൂനിയറാവണോ അതോ ബാലകൃഷ്ണൻനാ യരുടെ ജൂനിയറാവണോ എന്ന കാര്യം ഇനിയും തീർച്ചയാക്കീട്ടില്ല്യ. ഒറ്റപ്പാലത്താവുമ്പോൾ നാട്ടി ന്നടുത്തായീലോ. ഞാറാഴ്ച ഞാറാഴ്ച വരാം. ഗോവിന്ദുട്ട്യേട്ടൻ വലിക്ക്ണ്വോ?"

"വേണ്ട."

"എന്നാൽ ഗോവിന്ദുട്ട്യേട്ടാ, നമ്മുടെ നാടുപോലെ ദാരിദ്ര്യംപിടിച്ച ഒരു സ്ഥലം എവടീംണ്ടാവില്ല. ഒരു കവറു കിട്ടണെങ്കിൽ നാലുനാഴിക പോണം. ഒരു പായ്ക്കറ്റ് സിഗരറ്റു വേണമെങ്കിൽ ആറുനാഴിക ദൂരത്ത്ന്ന് കൊണ്ടരണം."

നിങ്ങളൊക്കെ എങ്ങനെയാണ് ഇവിടെ കഴിയുന്നത്? കൊച്ചപ്പൻ അത്ഭുതപ്പെടുന്നുണ്ടെന്നു തോന്നി.

ഇടയ്ക്കു വീട്ടിലേക്കൊക്കെ ഒന്നു വരൂ ഗോവിന്ദുട്ട്യേട്ടാ എന്ന് ഒരിക്കൽക്കൂടി ക്ഷണിച്ചുകൊണ്ട് കരയുന്ന കറുത്ത ചെരുപ്പ് ഉരച്ചുകൊണ്ട് കൊച്ചപ്പൻ നടന്നു.

വരമ്പത്തുകൂടെ നീണ്ടുനിവർന്നു പോകുന്ന ആ ചെറുപ്പക്കാരനെ ഗോവിന്ദൻകുട്ടി നോക്കിനിന്നു. തൻെറ മരുമകനാണതെന്നു വിശ്വസിക്കാൻ  പ്രയാസം തോന്നി. മുറ്റത്തു സിഗരറ്റുപുകയുടെ മണം തെല്ലിടകൂടി ചുറ്റിപ്പറ്റി നിന്നു.

മുറ്റത്തിൻെറ കിഴക്കേ അതിർത്തിയിൽ നിന്നാൽ പാതവക്കിൽ കുഞ്ഞരയ്ക്കാരുടെ പുരയുടെ മുൻവശത്തുള്ള കുറ്റൻമാവിൻെറ ഇലപ്പടർപ്പു കാണാം. കുഞ്ഞരയ്ക്കാരുടെ വീ

ട്ടിൽ പോയിട്ട് കുറച്ചു ദിവസമായി. ഇപ്പോൾ ത്തന്നെ ഇറങ്ങി നടന്നാലെന്താണ്? അവിടെ കാര്യമൊന്നുമില്ല. മാപ്പിളക്കുടിയിൽ ചെന്നിരിക്കുന്നതു കുമാരേട്ടനിഷ്ടമില്ല. ആർക്കും ഇഷ്ടമില്ല. അതുകൊണ്ടുതന്നെ അവിടെപ്പോയിരിക്കാൻ ഒരു രസം തോന്നുന്നു.

-എന്താടാ നിനക്ക് മാപ്ലക്കുടീല് കാര്യം?

ഒരു കാര്യവുമില്ല.

-പിന്നെന്തിനാടാ അവടെ ചിരിം തോളിലിട്ട് ഇരിയ്ക്കണ്?

വേറെ എവിടേയും പോയിരിക്കാനില്ലാത്തതുകൊണ്ടുതന്നെ.

സ്വയം വാദിച്ചുകൊണ്ട്, സ്വയം മനസ്സിൽ വളർന്നുകൊണ്ട്, കുറെ നേരം നോക്കിനിന്നു. എന്നിട്ടു വീണ്ടും വാഴ പിരിഞ്ഞുവെയ്ക്കുന്ന പണി മുഴുമിക്കാൻവേണ്ടി തോട്ടത്തിലേക്കു നടന്നു.

പതിനാറാമകത്തിൻെറ പിറ്റേന്നു മാധവിയേടത്തി അമ്മയെ കാണാൻവന്നു. തൻെറ പ്രാരബ്ധങ്ങളും തിരക്കുകളും അമ്മയ്ക്കു വിവരിച്ചുകൊടുത്തു. അമ്മയ്ക്കു പുതയ്ക്കാനൊരു കമ്പിളിയും രണ്ടുകെട്ട് വെറ്റിലയും

കുമ്പാളപ്പൊതിയിൽ കുറച്ചു തണ്ണീരാമൃതും കൊണ്ടുവന്നിരുന്നു. കൂടെ മാധവിയേടത്തിയുടെ അടുക്കളപ്പണിക്കാരിയായ ആ പെണ്ണുമുണ്ടായിരുന്നു. അവൾ നമ്പ്രത്തെ പള്ളിയാലിൽ താമസിക്കുന്ന ലക്ഷ്മിയമ്മയുടെ മകളാണ്. വലിയവളപ്പിലെ തീയരുടെ കലങ്കരി കാണാൻ ഒരിക്കൽ പോയത് ആ വീട്ടിന്റെ മുറ്റത്തിൽക്കൂടിയായിരുന്നു.

പോകുമ്പോൾ കോലായിൽ തൂണുചാരി പാടത്തേക്കു നോക്കിയിരിക്കുന്ന ഗോവിന്ദൻകുട്ടിയോടു മാധവിയേടത്തി ചോദിച്ചു:

"ഗോവിന്ദുട്ട്യേ, നീയിങ്ങനെ ബുദ്ധ്പോലെ ഇരിയ്ക്കണ് എന്താ?"

"പിന്നെ ഞാനെന്താ ചെയ്യണ്ട്, കുമ്മീം കോലാട്ടോം കളിക്കണോ?"

മാധവിയേടത്തിയേക്കാളും പരിഭ്രമിച്ചുപോയത് കൂടെയുണ്ടായിരുന്ന പെണ്ണായിരുന്നു.

മാധവിയേടത്തിയോട് അങ്ങനെ കയർക്കരുതായിരുന്നു. മാധവിയേടത്തിക്കു തന്നെ ഇഷ്ടമാണ്. കുട്ടിക്കാലത്ത് അവരായിരുന്നു തന്നെ വളർത്തിയതെന്നു പറഞ്ഞുകേട്ടിട്ടുണ്ട്.

മാധവിയേടത്തിയുടെ സ്വരം താണു:

"നീയ്ൻെറ ഒരാങ്ങളക്കുട്ട്യല്ലേ? അതോണ്ട് ചോദിച്ചതാ. നീയ് നടന്നോ മീനാക്ഷ്യേ, ഞാനൊപ്പണ്ട്."

ഗോവിന്ദൻകുട്ടി ഒന്നും മിണ്ടിയില്ല. അരിശം വിട്ടിരുന്നില്ല. ആങ്ങളക്കുട്ടിയോടു സ്നേഹം തോന്നുന്നുവെങ്കിൽ, നാടു ഭരിക്കുന്നു എന്നു പറയുന്ന ആളാണല്ലോ ഭർത്താവ്. പറഞ്ഞ് ഒരു പണി വാങ്ങിച്ചു തന്നുകൂടെ?

"അവനോൻെറടത്തിന് ഒരു ബുദ്ധിമുട്ട്ല്യാണ്ടെ നിന്നെ കാണാൻ മോഹള്ളതോണ്ടു ചോദിച്ചു ന്നേള്ളു."

മീനാക്ഷി മുന്നിൽ നടന്നുകഴിഞ്ഞിരുന്നു. മാധവിയേടത്തിയുടെ പുറകെ തല താഴ്ത്തിപ്പിടിച്ചുകൊണ്ടു ഗോവിന്ദൻകുട്ടി പടിയിറങ്ങി. അപ്പോൾ ഒരാശയം തോന്നി. ചോദിച്ചാലോ? വളരെ ദിവസങ്ങളായി മനസ്സിൽ അളക്കുകയും ചെരിയുകയും ചെയ്തുതുടങ്ങിയിട്ട്. ചോദിച്ചാലോ? മാധവിയേടത്തിക്കു കഴിയും. മാധവിയേടത്തിക്കേ കഴിയുകയുള്ളു.

വിഡ്ഢിയെപ്പോലെ മുഖംതാഴ്ത്തി നില്ക്കുന്ന ഗോവിന്ദൻകുട്ടിയോടു ചോദിച്ചു:

"എന്താ ഗോയിന്ദുട്ടി ആലോചിക്ക്ണ്?"

ചോദിക്കുന്നതിൽ തെറ്റൊന്നുമില്ല. മൂത്താ പെങ്ങളാണ്. ഇതിലെന്തു മാനക്കേടാണുള്ളത്?

"ഏടത്തി നിക്കൊരുപകാരം ചെയ്യണം." അയാളുടെ സ്വരം പതറിയിരുന്നു.

"എന്താ വേണ്ട്?"

"നിയ്ക്ക് വല്ല നാട്ടിലും പോയി പെഴയ്ക്കാം ന്ണ്ട്. അന്യനാട്ടില് എച്ചിലെടുത്തിട്ടോ ഗ്ലാസ് മോറീട്ടോ എങ്ങനെ കഴിഞ്ഞൂട്യാലും ആരും അറീല്യ. ആരും അറിയാണ്ടെ നിക്കൊരു പത്തു റുപ്പിക തരണം."

മാധവിയേടത്തി ഒന്നും മിണ്ടാതെ നിന്നു. ഗോവിന്ദൻകുട്ടിക്കു സംസാരിക്കാൻ ധാരാളമുണ്ടെന്നു തോന്നി. മനസ്സിലെ ഊരാംകുടുക്കുകൾ കെട്ടഴിയുന്ന ആശ്വാസമുണ്ട്.

"ഞാൻ ഇതിലെടയ്ക്ക് ഏടത്തീനോട് ഒരു കാര്യം ചോദിച്ചിട്ടില്ല-ബുദ്ധിമുട്ടിച്ചിട്ടൂല്യ. ഉണ്ടാവണ കാലത്ത് തിരിച്ചു തരണ്ട്."

നിനയ്ക്കാതിരിക്കെ തൊണ്ടയിടറിപ്പോയി. വിദൂരസ്ഥമായ ഒരു നഗരത്തിൽ തിരക്കുപിടിച്ച തെരുവീഥിയിലൂടെ ജനക്കൂട്ടത്തിനിടയിൽ പരിഭ്രാന്തനായി സഞ്ചരിക്കുന്ന ഒരു രംഗം ഒരു നിമിഷത്തേക്കു മനസ്സിൽ തെളിഞ്ഞു. ഭാഗ്യം എവി

ടെയാണെന്ന് ആരു കണ്ടു?

അയാൾക്കു വീണ്ടും വാക്കുകൾ കിട്ടി:

"ഉണ്ടായിട്ടില്ലെങ്കിലോ-ഗോയിന്ദുട്ട്യേക്കൊണ്ട് നിങ്ങക്കാർക്കും ഒരു ബുദ്ധിമുട്ടും വരുംചെയ്യില്ല."

നനഞ്ഞുപോകുന്ന തൻെറ കണ്ണുകൾ മാധവിയേടത്തി കാണാതിരിക്കട്ടെ എന്നു പ്രാർത്ഥിച്ചു.

മാധവിയേടത്തി ധൃതിയിൽ പറഞ്ഞു:

"എന്താൻെറ കുട്ട്യേ നീയ് ഇങ്ങനൊക്കെ പറേണ്? നിനക്കെന്തിൻെറ കേടാ?"

അയാൾ നനഞ്ഞ കണ്ണുകൾ തിരിച്ച് അകലേക്കു നോക്കിക്കൊണ്ടു നിരാശയോടെ നിന്നു. മാധവിയേടത്തിക്കു മനസ്സിലാവുകയില്ല. ആർക്കും തന്നെ മനസ്സിലാവുകയില്ല.

"നെനക്ക് പത്തിരുപത്തിമൂന്ന് വയസ്സല്ലേ ആയിട്ടുള്ളു? ഇനിംണ്ടല്ലോ നന്നാവാൻ കാലം?"

"നന്നാവ്ണു. ഇവടെ കെടന്ന്ട്ട് എപ്പ്ള നന്നാവാനാ? പണീല്യ. വീട്ടില് നേരത്ത് ഭക്ഷണംല്യ. കയ്യില് ഒററ മുക്കാലില്ല്യ. പിന്നെങ്ങനെ കഴിയും ഏട്ത്ത്യേ? ഒരു ഷർട്ടും മുണ്ടും വാങ്ങാനും മധുരേലോ കോയമ്പത്തൂരോ എത്താനുംള്ള കാശ് തന്നാ മതി."

തോട്ടത്തിൻെറ അതിരിലെ മുതുകൊടിഞ്ഞ

പഴയ മതിലിനു മുകളിൽ തെറ്റിക്കിടക്കുന്ന ഒരു വെട്ടുകല്ലിൽ അയാൾ നഖംകൊണ്ടു വളഞ്ഞ വരകൾ വരച്ചു. അഭിമാനംകൊണ്ടു വിശപ്പു മാറില്ല. ആരോടെങ്കിലും ഒന്നു പറയണമെന്നു വളരെ ദിവസമായി വിചാരിച്ചിരിക്കയായിരുന്നു.

"ഗോയിന്ദുട്ട്യേ, നെൻെറ മൂത്ത ഒടപ്രന്നോളാ ഞാൻ. ൻെറ മടീക്കെടന്ന് വളർന്നതാ നീയ്. ഏടത്തി പറണേത് കേക്ക്വോ?"

എന്താണെന്നു നിശ്ശബ്ദം ചോദിച്ചു.

"എടുത്തുചാട്ടംകൊണ്ട് ഒന്നും ചെയ്യല്ലേ. ഞാൻ ശേഖരേട്ടനോട് കാര്യായിട്ടൊന്ന് പറേട്ടെ. അമ്മയ്ക്കും കുഞ്ഞൂട്ടിക്കും നീയൊന്നേ ഒരാശ്രയം ള്ളൂ. മേലേപ്പൊറത്ത് ലോഗ്യായാൽ കുമാരേട്ടൻ അവരുടെ പാട്ടിനു പോവും.

ഗോവിന്ദൻകുട്ടി അർത്ഥമില്ലാതെ മൂളി.

"കൊറച്ചീസം ക്ഷമിച്ചിരിക്ക്. എന്തെങ്കിലും വഴി കാണും. ഞാൻ ശേഖരേട്ടനോട് കാര്യായിട്ട് പറേണ്ണ്ട്, ട്ട്വോ?"

മാധവിയേടത്തി നടന്നകന്നപ്പോൾ അവരോടു മുമ്പൊരിക്കലും തോന്നാത്തത്ര ബഹുമാനം തോന്നി.

സ്വപ്നങ്ങൾ വളരെ വിചിത്രങ്ങളാണെന്ന്,

അന്നു രാത്രി ഒരുറക്കം കഴിഞ്ഞു കണ്ണുതുറന്നു കിടക്കുമ്പോൾ തോന്നി. വലിയൊരു കെട്ടിടത്തിന്റെ മുറിയിൽ ഒരാൾ മേശപ്പുറത്തു കൂടിക്കിടക്കുന്ന നോട്ടുകൾ എണ്ണുകയും കെട്ടുകയും കറുത്ത ചട്ടയുള്ള തടിച്ച പുസ്തകങ്ങളിൽ എഴുതുകയും ചെയ്യുന്നതായി കണ്ടു. ആ കെട്ടിടത്തിന്റെ മുന്നിൽ നിരത്താണ്. ചെങ്കല്ലു പാവിയ നിരത്ത്. പരിചയമുള്ള പലരും മുന്നിലൂടെ കടന്നുപോവുന്നു.

ആ സ്ഥലം തനിക്കു പരിചയമില്ലാത്തതാണ്. ആ കെട്ടിടം എവിടെയും മുമ്പ് കണ്ടതായി ഓർമയില്ല. ഇരുട്ടിന്റെ കറുത്ത മുഖത്തേക്കു പകച്ചു നോക്കിക്കൊണ്ടു കിടക്കുമ്പോൾ ഒരു കാര്യം ശരിയാണെന്നു തോന്നി. വെളുത്ത കുപ്പായവും തെളിവുള്ള മുണ്ടും ധരിച്ച് ഇരിക്കുന്ന ആ ഉയരം കുറഞ്ഞ തടിച്ച ചെറുപ്പക്കാരനെ തനിക്കറിയാം; താൻതന്നെ.

നേർത്ത പ്രതീക്ഷ ദിവസങ്ങൾക്ക് ഒരർത്ഥമുണ്ടാക്കി. ഒരു ദിവസം പുന്തോട്ടത്തിൽനിന്നു മാധവിയേടത്തി ആളെ അയയ്ക്കുമെന്നുള്ള വിചാരത്തോടെ, ക്ഷമയോടെ കാത്തിരുന്നു.

തുലാവർഷത്തിൽ പുഴയിൽ പൊങ്ങിയ

വെള്ളം താണു. മഴ മാറിയപ്പോൾ പ്രഭാതത്തിൽ, മുണ്ടകവിളയുടെ കതിരുനിറഞ്ഞ പാടത്തേക്കു മഞ്ഞിറങ്ങാൻ തുടങ്ങി.

തണുത്ത കാറ്റടിക്കുന്ന ഒരു പ്രഭാതത്തിൽ പുകപോലെ പരന്നുകിടക്കുന്ന മഞ്ഞിലൂടെ ആരോ പടിക്കലേക്കു നടന്നടുക്കുന്നതു കണ്ടു. അടുത്തെത്തിയപ്പോൾ അത്ഭുതത്തിനതിരില്ലാ യിരുന്നു. അബ്ദു.

അടുത്ത മാസമേ വരുള്ളൂ എന്നു കത്തെഴുതി യിരുന്നതാണല്ലോ–

“എപ്പ വന്നു?”

പടി കയറുന്നതിനു മുമ്പുതന്നെ വിളിച്ചുചോ ദിച്ചു.

“രാത്തിരി.”

ലീവ് വിചാരിച്ചതിലും നേർത്തെ കിട്ടിയ വിവരം പറഞ്ഞു. അബ്ദു തടിച്ചിട്ടുണ്ട്. കുറേക്കൂ ടി കറുത്തിട്ടുണ്ട്.

ഉമ്മറത്തു കുമാരേട്ടനുണ്ടായിരുന്നതുകൊണ്ട് അവിടെയിരുന്നു സംസാരിക്കാൻ മടി തോന്നി. രണ്ടാളുംകൂടി പടിയിറങ്ങി.

തണുത്ത കാറ്റിനു ചുളുചുളുപ്പുണ്ടായിരുന്നു.

ഒരു പായ്ക്കറ്റ് സിഗരറ്റ് പുറത്തെടുത്ത്

അബ്ദു പറഞ്ഞു: "നമ്മക്കൊന്നു വലിക്കാം."

രൂക്ഷമായ മണമുള്ള കറുത്ത പുകയില നിറച്ച കടുപ്പം കൂടിയ സിഗരറ്റ്. പുക വലിച്ചു കയറ്റിയപ്പോൾ ഒരു ചൂടും ഉശിരും തോന്നി. വയൽവരമ്പിലൂടെ സംസാരിച്ചുകൊണ്ടു നടന്നു.

"എന്തൊക്ക്യാണു പിന്നെ വർത്താനം?"

"വർത്താനൊക്കെ പറയണ്ടതു നീയല്ലേ? ദാ കണ്ടില്ലേ രാവു പകല് ഉണല്മുട്ടി കുത്തിരിക്വന്നെ."

അബ്ദുവിൻെറ കമ്പനി സ്ഥലംമാറുകയാണത്രേ. ഒരു മാസത്തെ ലീവേയുള്ളു. തിരിച്ചുചെന്ന ഉടനെ ഡെഹറാഡൂണിലേക്കു പുറപ്പെടണം. ഡെഹറാഡൂൺ ഹിമാലയത്തിനടുത്താണ്. ഇന്ത്യയുടെ വടക്കേ അറ്റം. അവിടെ എത്തുമ്പോൾ കൊടുംതണുപ്പായിരിക്കും.

പട്ടാളത്തിലെ വിശേഷങ്ങൾ പറയുന്നതിലധികം താൽപര്യം അബ്ദുവിനു നാട്ടിലെ വിവരങ്ങൾ  അറിയുന്നതിനായിരുന്നു.

"മൊതലാളീം അടെ അള്ള്യേനും തമ്മിലെങ്ങനെ?"

"പണ്ടത്തന്ത്യന്നേ."

"പ്പൊ കേസൊന്നൂല്ല്യേ?"

“ആരന്വേഷിക്കാനാടോ? കാശ്ള്ളോര് കേസ് നടത്തട്ടെ. തമ്മിത്തല്ലട്ടെ. നമ്മക്കെന്ത് ചേതം?”

“മ്മക്കു കുടീപ്പോവ്വാ. ഒരു ചായ കുടിക്കാം.”

ഗോവിന്ദൻകുട്ടി വേണ്ടെന്നു പറഞ്ഞു. എന്നാൽ പീടികയിൽ പോയി ഒരു ചായ കുടിക്കാമെന്നായി. ചൂടുള്ള ഒരു ചായ കുടിക്കാൻ ആഗ്രഹമുണ്ടായിരുന്നു. എങ്കിലും വേണ്ടെന്നു ശഠിച്ചു.

വൈകുന്നേരം കുഞ്ഞരയ്ക്കാരുടെ പുരയിൽ ചെല്ലാമെന്നു സമ്മതിച്ചാണ് പിരിഞ്ഞത്.

വൈകുന്നേരങ്ങളിൽ കടവിനടുത്തുള്ള സിമൻറുതിണ്ണയിൽ ചെന്നിരുന്ന്, അബ്ദുവിൻെറകൂടെ പട്ടാളക്യാമ്പുകളിലും വലിയ നഗരങ്ങളിലും സഞ്ചരിക്കുന്നത് ഒരു രസമായിരുന്നു. അക്ബർ ചക്രവർത്തിയുടെ കൊട്ടാരവും പാഠപുസ്തകങ്ങളിൽ സപ്താശ്ചര്യങ്ങളിലൊന്നെന്നു വായിക്കുകയും കലണ്ടർ ചിത്രങ്ങളിൽ മാത്രം കാണുകയും ചെയ്ത താജ്മഹളും അബ്ദു കണ്ടിട്ടുണ്ട്. ഒരു വലിയ നഗരത്തിലെ തേവിടിശ്ശിത്തെരുവിനെപ്പറ്റി അബ്ദു പറഞ്ഞപ്പോൾ വിശ്വസിക്കാൻ പ്രയാസം തോന്നി. അങ്ങനത്തെ പെണ്ണുങ്ങളുണ്ടോ

ഈശ്വരാ ഭൂമിയിൽ?

"എന്നാലും നാട്ടില് പത്തുമുപ്പതുറുപ്പ്യ കിട്ടാൻ പാകംണ്ടെങ്കിൽ ഞമ്മക്കാ ചോറു വേണ്ട. പട്ടാളംന്ന് വെച്ചാ നരകാണ്, നരകം!"

അബ്ദു പോകുന്നതിനു മുമ്പായി നെബീസുവിന്റെ കല്യാണം നിശ്ചയിക്കുമെന്നാണു കരുതിയത്. കുഞ്ഞരയ്ക്കാരും അബ്ദുവും കൂടി രണ്ടുതവണ പട്ടാമ്പിയിൽ പോയി. ഒരു വെള്ളത്താടിക്കാരൻ വയസ്സൻ, അയാളൊരു മുക്രിയാണെന്ന് അബ്ദു പറഞ്ഞു, ഇങ്ങോട്ടും വന്നു.

പക്ഷേ, അതലസിപ്പോയി.

കുഞ്ഞരയ്ക്കാർ പറഞ്ഞു: "ഇനീം ബരും. ഒക്കേറ്റിനും പടച്ചോനില്ലേ ആള്?"

ലീവുകാലത്തിന്റെ പതിനെട്ടാം ദിവസം അബ്ദുവിന് ഒരു കമ്പിവന്നു. ലീവ് അവസാനിപ്പിച്ചിരിക്കുന്നു. ഉടനെ റിപ്പോർട്ടു ചെയ്യണം. വൈകുന്നേരം പടിക്കൽ ചെന്ന് അബ്ദുവിനെ വിളിച്ചപ്പോൾ തിത്തുമ്മ ഇറങ്ങിവന്നു:

"ഇങ്ങോട്ടൊന്നു വരീ ഗോയിന്ദുട്ട്യാരെ. ഒന്നിരന്ന്ട്ട് പോവ്വൂടിൻ."

അപ്പോഴാണ് കമ്പിവന്ന വിവരം അറി

ഞ്ഞത്. തിത്തുമ്മ ആകെ ബേജാറായിരുന്നു. കുഞ്ഞരയ്ക്കാര്‍ നിരാശ പുറത്തു കാട്ടിയില്ല.

"ഓനൊരാള് കുടീല് നാലീസം പാടെ ഇര്ന്നാല് പട്ടാളം പൊളിയേ്വാ? ശ്ശിമ്മിണി ആള്ള തല്ലേ?"

തിത്തുമ്മയുടെ ശുദ്ധഗതിയോര്‍ത്തു ചിരി വന്നു.

പിറ്റേന്ന് ഉച്ചയ്ക്കാണ് യാത്ര നിശ്ചയിച്ചിരുന്നത്. രണ്ടരയ്ക്കാണ് വണ്ടി. അതിനു ചെന്നു ഷൊര്‍ണ്ണൂരിറങ്ങി ഒരു മണിക്കൂര്‍ കാത്തിരുന്നാല്‍ മതി മെയിലിന്.

കഞ്ഞി കുടിച്ചു നേരേ കുഞ്ഞരയ്ക്കാരുടെ പുരയിലേക്കു കടന്നു. അബ്ദു തയ്യാറായി നില്ക്കുകയായിരുന്നു. ചെറിയ ഒരിരുമ്പുപെട്ടി മാത്രമേ സാമാനമായിട്ടുള്ളു.

"വാപ്പേ്വാ, ആ കുട്ട്യാത്തോട് ഒന്നു വേം വരാന്‍ പറ. പെട്ട്യോന്ന് ആപ്പീസോളം കൊണ്ടോയി വെയ്ക്കാന്‍ പറ."

കൂലിക്കാരന്‍ വേണ്ടെന്ന് അബ്ദു പറഞ്ഞു. ഒരാള്‍ക്കു തൂക്കാനുള്ളതേയുള്ളു.

അകത്തു തേങ്ങലും കരച്ചിലുമായിരുന്നു. കുഞ്ഞരയ്ക്കാര്‍ മാത്രം വിഷമം പുറത്തു കാട്ടാ

തെ നിന്നു.

കടവുവരെ ഗോവിന്ദൻകുട്ടി നിശ്ശബ്ദം അബ്ദുവിൻെറ പുറകെ നടന്നു. തോണി മറുകരയിലായിരുന്നു.

സിമൻറുതിണ്ണയിലേക്കു മുളങ്കൂട്ടത്തിൻെറ നിഴൽ ചാഞ്ഞു കിടക്കുന്നേടത്തു  കടവുതോണിയും കാത്ത് അവർ നിന്നു.

നുരയും പതയുമായി കലങ്ങിയൊഴുകുന്ന ആഴമേറിയ ജലപ്പരപ്പിലൂടെ തൊപ്പിക്കുടവെച്ച ഒരു ചെറുമൻ മാത്രം യാത്രക്കാരനായുള്ള തോണി ചാഞ്ഞും ചരിഞ്ഞും കടവുപറ്റി.

“ആപ്പീസിലോളം വരാം ഞാൻ.”

“വേണ്ട.” അബ്ദു പറഞ്ഞു. “മണപ്പൊറത്ത് തീ പറക്ക്ണ വെയിലാ.”

“സാരല്യ.”

“വേണ്ടാന്ന്. ഞാൻ പൊയ്ക്കോണ്ട്.”

കുട്ട്യാത്ത പെട്ടി തോണിയിൽ കൊണ്ടു ചെന്നു വെച്ചപ്പോൾ അബ്ദു എഴുന്നേറ്റു:

“ഇനി എന്നാണ്?”

“അടുത്തന്നെ കാണാംന്ന് വെയ്ക്കാം.”

അബ്ദു ചിരിക്കാൻ ശ്രമിച്ചു.

“നാട്ടില് വാപ്പയ്ക്ക് ആരും ല്യ ഒരു സഹായം.

വാപ്പടെ കുറ്റം തന്ന്യാ കൊറെ. എല്ലാരോടും കടിച്ച് മുറിച്ചിട്ടാ വർത്താനം. ങ്ടൊക്കെ അനേഷണം ണ്ടാവണം എപ്പളും."

ഗോവിന്ദൻകുട്ടിക്കു പറയാൻ വാക്കുകൾ കിട്ടിയില്ല.

"പോട്ടെ?"

കലങ്ങി നുരചിന്നിയ തുലാവെള്ളത്തിലൂടെ തോണി നീങ്ങിയപ്പോൾ ഗോവിന്ദൻകുട്ടി തിരിച്ചു നടന്നു.

ചക്കമ്മയുടെ പടിക്കലെത്തിയപ്പോൾ വലിയ മാവിൻെറ ചുവട്ടിൽ ഉച്ചവെയിലിൽ പൂഴിമണൽ തിളങ്ങുന്ന, നീണ്ടുകിടക്കുന്ന ഈ പാതയിലേക്കു നോക്കിക്കൊണ്ട് ദൂരെ നെബീസു ഒരോർമത്തെറ്റുപോലെ നില്ക്കുന്നതു കാണായി. പാതവക്കിലെ തണൽമരങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് അയാൾ നേരേ നടന്നു.

## 3

അസുഖകരമായ ഒരു നേർത്ത തലവേദനയോടെയാണ് ഉണർന്നതുതന്നെ. ഉറക്കം ശരിയായില്ല.

പാതിര കഴിഞ്ഞപ്പോൾ തുടങ്ങിയതാണ് അയൽവക്കത്തെ കുളങ്ങളിൽനിന്നു തുടിയും പാട്ടും. ഇനിയും നാലഞ്ചുദിവസംകൂടിയുണ്ട് ഈ ഉപദ്രവം. പാതിര കഴിഞ്ഞാൽപ്പിന്നെ നാട്ടിലെ പെണ്ണുങ്ങൾ മനുഷ്യരെ കിടന്നുറങ്ങാൻ സമ്മതിക്കില്ല.

ഉണർന്നുകിടന്നു കിളിവാതിലിലൂടെ നോക്കുമ്പോൾ പുറത്തു കനത്ത മഞ്ഞിൻപടലങ്ങൾ നരച്ച നിലാവെളിച്ചത്തിൽ നിറഞ്ഞു നില്ക്കുന്നതു കാണാമായിരുന്നു. രാത്രി കിടക്കാൻ പോവുമ്പോൾ കുമാരേട്ടൻ ഒരു പണിയേല്പിച്ചിരുന്നു. രാവിലെ മമ്മാലിയെ ഒന്നു

ചെന്നു കാണണം. നേർത്തേ പോയിട്ടില്ലെങ്കിൽ അവൻ പുരയിൽ കാണില്ല.

തണുത്ത കാറ്റത്തു കുളിർന്ന് ഉള്ളിൽ കിടുകിടുക്കുമ്പോൾ ഗോവിന്ദൻകുട്ടി ആലോചിച്ചതു മമ്മാലിയുടേയോ ചെറുകോടുനിലത്തിൻേറയോ കാര്യമല്ല. രാവിലെ ഇത്ര തണുപ്പു തോന്നുമ്പോൾ, പാതിര കഴിഞ്ഞ നേരത്തു തണുതണുത്ത വെള്ളത്തിൽ ഈ പെണ്ണുങ്ങൾ ഓലോലം മുങ്ങി തുടിച്ചു പാടുന്നതെങ്ങനെയാണ്? പെണ്ണുങ്ങൾക്കു തണുപ്പു കുറവായിരിക്കണം. ഈ പെണ്ണുങ്ങൾ വല്ലാത്ത സൃഷ്ടികൾതന്നെ? ഒറ്റമുണ്ടു മാത്രമായി നടക്കുമ്പോഴും വേവും ചൂടുംകൊണ്ടു കഷ്ടപ്പെടുന്ന പൊരിയുന്ന വെയിലുള്ള മീനമാസക്കാലത്ത് അവരെ കാണുമ്പോൾ അദ്ഭുതപ്പെടാറുണ്ട്. ഇവർക്കും ഉഷ്ണം കുറവാണ്!

എന്തോ, പെണ്ണുങ്ങളുടെ കാര്യമാണ്.

കഴിഞ്ഞ ചിങ്ങത്തിൽ അത്തത്തിൻനാൾ രാവിലെയാണ് മമ്മാലിയെ കണ്ടത്. അതിൽപ്പിന്നെ കുമാരേട്ടൻ രണ്ടുമൂന്നു തവണ കണ്ടിട്ടുണ്ട്.

എവിടെയെങ്കിലും പണി കിട്ടിയാൽ എത്ര

കഷ്ടപ്പെട്ടിട്ടായാലും കുറച്ചുറുപ്പികയുണ്ടാക്കണം. എന്നിട്ടുവേണം മമ്മാലിയുടെ പണയം വീട്ടി ചെറുകോടുനിലം മടക്കിവാങ്ങാൻ. ആ നിലം ചതിക്കില്ല. അതിൽ രണ്ടു പൂവൽ വിളവെടുത്താൽ ചെലവിനു ബുദ്ധിമുട്ടില്ല.

പക്ഷേ, പണമുണ്ടാവാൻ പോകുന്നില്ല. പണി കിട്ടാനും പോകുന്നില്ല.

പഠിപ്പില്ലാത്തവർക്ക് എന്തു ജോലിയാണ് കിട്ടുക? എങ്കിലും ശേഖരേട്ടൻ വിചാരിച്ചാൽ പലതും നടക്കും. പലരേയും പരിചയമുള്ളതാണ്. റാവു ബഹദൂറിൻെറ അടുത്ത ലോഗ്യക്കാരനാണ്. റാവു ബഹദൂറിനു ഷൊർണ്ണൂരിനടുത്തുള്ള കമ്പനിയിൽ എന്തോ വലിയ സ്ഥാനമുണ്ട്. ആഴ്ചയിലൊരിക്കൽ അവിടെ പോകാറുണ്ട്. അവിടെ ചിലർക്കെല്ലാം ജോലി വാങ്ങിക്കൊടുത്തിട്ടുണ്ട്. അദ്ദേഹം ശ്രമിച്ചിട്ടാണ് പൊന്നാനികോടതിയിൽ മനമക്കാവിലെ കരുണാകരന് ആമീനുദ്യോഗം കിട്ടിയത്. എന്തെങ്കിലുമൊരു പിടുത്തം കിട്ടിയാൽ മതി.

പലരും പറയാറുള്ളതാണ്, തലയിലെഴുത്തു നന്നെങ്കിൽ പഠിപ്പൊന്നും വേണ്ട നന്നാവാൻ.

ചെറിയ ക്ലാസ്സിലെ പാഠപുസ്തകത്തിൽ

ഏതോ മഹാന്റെ കഥയുണ്ടായിരുന്നു. വിറകു വെട്ടി നടന്ന കുട്ടിയായിരുന്നു. പുസ്തകം കടം വാങ്ങി വായിക്കാൻ എട്ടുപത്തു നാഴിക നിത്യവും നടക്കും. അവസാനം അയാൾ വലിയ ആളായി; ഏതോ രാജ്യത്തിലെ ഭരണാധികാരിയായി.

ആരാണതെന്ന് ഓർമയില്ല.

അതു മാത്രമല്ല; പഠിച്ചതൊന്നും ഓർമയില്ല. കാണാപ്പാഠം പഠിച്ച മണിപ്രവാളം ശ്ലോകങ്ങൾ ചിലത് ഓർമിച്ചുനോക്കിയിട്ടുണ്ട്.

"ചാടായി വന്നു ശകടാസുരൻ താൻ–"

–ശങ്കുണ്ണിയാണെടുത്തിരുന്നത്. അവൻ എത്ര തല്ലുകൊണ്ടാലും പിന്നെയും ചൊല്ലുക ചാടായിവന്നു ചകടാസുരൻ എന്നാണ്. ആ ശ്ലോകങ്ങൾ അന്നൊക്കെ എത്ര വേണമെങ്കിൽ വീർപ്പുവിടാതെ ചൊല്ലിത്തീർക്കാൻ കഴിഞ്ഞിരുന്നു. രണ്ടാമത്തെ വരി എത്ര ഓർത്താലും ഇപ്പോൾ തോന്നില്ല.

സ്കൂൾ വിട്ടശേഷം ആകെ വായിക്കാറുള്ളത് അബ്ദു അയയ്ക്കുന്ന കത്തുകളാണ്. എഴുതാറുള്ളതും അതുതന്നെ.

ആമീനോ കണക്കെഴുത്തുകാരനോ നെല്ലളവുകാരനോ ആയി സ്വയം സങ്കൽപി

ക്കാൻ ശ്രമിച്ചുനോക്കിയിട്ടുണ്ട്. സ്വന്തം ചെലവി ന് അന്യരെ ആശ്രയിക്കാതെ മാസം തികയു മ്പോൾ ശമ്പളം കുറച്ചാണെങ്കിലും വാങ്ങി, കൊല്ലങ്ങൾ കഴിയുമ്പോൾ ഭാഗ്യത്തിന്റെ ചവി ട്ടുപടികൾ ഓരോന്നായി–പക്ഷേ, അതൊന്നും സംഭവിക്കുമെന്നു തോന്നുന്നില്ല. അതിരാളൻ കുന്നിനും ഭാരതപ്പുഴയ്ക്കും ഇടയ്ക്കുള്ള ഈ ഗ്രാമത്തിൽത്തന്നെ ചുറ്റിത്തിരിഞ്ഞ് ഇരുട്ടു പതി യിരിക്കുന്ന, തട്ടുയരം കുറഞ്ഞ ആ ഇടുങ്ങിയ മുറിക്കകത്ത് ജീവിതം അവസാനിക്കും.

അന്നു വളരെ നേർത്തേ പുറപ്പെട്ടുവെങ്കി ലും മമ്മാലിയെ കണ്ടില്ല. മമ്മാലി പിൻനിലാ വിനെഴുന്നേറ്റ് ഒമ്പതുനാഴിക ദൂരെയുള്ള ചാലിശ്ശേരിക്കു നടന്നിരിക്കുന്നുവത്രേ. അറു മുഖന്റെ പുരയ്ക്കടുത്തു മാട്ടത്തിനപ്പുറത്തെ പാറപ്പുറത്തു മുഷിഞ്ഞ മുണ്ടുകൊണ്ടു മൂടിപ്പു തച്ചു കുഷ്ഠരോഗി പാറുത്തള്ള ഇരിക്കുന്നത് അന്നും കണ്ടു.

വീട്ടിലെത്തിയപ്പോൾ കുഞ്ഞ്യോപ്പോള് പറഞ്ഞു:

“ശേഖരേട്ടൻ ഏട്ടന് ആളെ അയച്ചിരുന്നു.” എന്താണിതിലിത്ര അദ്ഭുതം?

"എന്തിനേ?"

അതിനു കുഞ്ഞേ്യാപ്പോള് മറുപടിയൊന്നും പറഞ്ഞില്ല. അവരുടെ ശുഷ്കിച്ച മുഖത്തു പണ്ടൊരിക്കലും കണ്ടിട്ടില്ലാത്ത ഒരു നേർത്ത വെളിച്ചം ചിരിയൊതുക്കിനില്ക്കുന്നതു കണ്ടു. ഉറങ്ങുന്ന കുട്ടികളുടെ ചിരിയാണ് ഓർമവന്നത്.

അപ്പോൾ അകത്ത് കുമാരേട്ടനും അമ്മയും തമ്മിൽ തർക്കിക്കുകയായിരുന്നു:

"ൻെറ മകൾടെ നായരാണ്ന്ന്ള്ള കാര്യോക്കെ ശരി. ന്നാലും പുന്തോട്ടത്തിലെ ശേഖരൻ നായരെ എനിക്കറിയാം."

"ഇഷ്ടംണ്ടെങ്കി മതി. ആരാന് ചെല്ലപ്പട്ടിട്ത്ത് കൊടപിടിച്ചു നടക്കാനൊന്ന്വല്ല പറഞ്ഞിട്ടുള്ളത്. നല്ലത് വിചാരിച്ച് ആരെന്ത് ചെയ്താലും-എന്തിനാ പറേണ്!"

സംസാരം കുറച്ചുകൂടി നീങ്ങിയപ്പോൾ ഗോവിന്ദൻകുട്ടിക്കു മനസ്സിലായി; കുമാരേട്ടനെ വിളിച്ചത് ഗോവിന്ദൻകുട്ടിയുടെ ജോലിക്കാര്യം പറയാനാണ്. മാധവിയേടത്തിയെ സ്നേഹത്തോടെ ഓർമ്മിച്ചു.

പക്ഷേ, ജോലിയെന്താണെന്ന് അമ്മ പറഞ്ഞപ്പോഴാണ് മനസ്സിലാവുന്നത്. പുറത്തെ

കളത്തിലെ കൃഷിക്കാരൻെറ ജോലി. പദ്മനാഭനെ പറഞ്ഞയച്ചിരിക്കുന്നു. കൃഷി നടത്താൻ ആളില്ല.

"താഴത്തെലെ ഒരാങ്കുട്ടീനെ പൂന്തോട്ടത്തില് ദാസ്യപ്പണിക്ക് വിളിക്കാൻ തോന്നീലോ അയാൾക്ക്! കുമാരാ, കാശും പണവും പോയാലും നമുക്ക് മാനാ വലുത്."

ഗോവിന്ദൻകുട്ടി എല്ലാം കേട്ടു. പതുക്കെ വടക്കിനിയിലേക്കു കടന്നപ്പോൾ കുമാരേട്ടൻ പൊടുന്നനെ പറഞ്ഞു:

"ഓനല്ലേ ഈ നിക്ക്ണ്? ഓൻതന്നെ നിശ്ചയിക്കട്ടെ."

ഗോവിന്ദൻകുട്ടി ഒന്നും മിണ്ടിയില്ല. അമ്മ എഴുന്നേറ്റിരുന്നു. എന്തോ തുടങ്ങാൻ ഭാവിക്കുകയാണ്. അമ്മയുടെ മുമ്പേ കുമാരേട്ടൻ പറഞ്ഞു:

"പദ്മനാഭൻ പോയപ്പോൾ കൃഷി നോക്കി നടത്താൻ അവടെ ആളില്ല. ആരാൻ കൊണ്ടോയിത്തിന്നണത് അവനോന് ആയ്ക്കോട്ടെച്ചിട്ട്അയാള് പറഞ്ഞു, നെന്നെ അയയ്ക്കാൻ. ഇഷ്ടംണ്ടെങ്കില് പോവാം. നിയ്ക്ക് മനയ്ക്കലെ വ്യവഹാരകാര്യസ്ഥനാവാച്ചാല് ൻെറ അനന്ത്രോന്നു കൃഷിക്കാരനും

ആവാം." എന്നിട്ട് അമ്മയോടായി:

"നിങ്ങളെന്ത് കണ്ടിട്ടാ ഈ പറേണ്? പുന്തോട്ടത്തില് അന്യമ്മാരാ? നമ്മടെ കുട്ട്യോൾക്ക് ഉള്ളതല്ലേ അക്കാണ്ണതൊക്കെ. അയില് ഞാനൊരു തെറ്റും കാണ്ണില്ല. ത്തിരി ലോകപരിജ്ഞാനൊക്കെ നിയ്ക്കുണ്ട്."

"ഉം, ഒക്കെ വിറ്റ് തിന്നോളിൻ. ഒക്കെ വിറ്റ് തിന്നോളിൻ!"

"ൻെറ അഭിപ്രായാച്ചിട്ട് ആരും അനുസരിക്കണ്ട. കുടുംബത്തിന്നു മുഴ്വോൻ സമ്മതാച്ചാൽ മതി."

അപ്പോൾ ഗോവിന്ദൻകുട്ടി കൊച്ചപ്പനെപ്പറ്റിയാണാലോചിച്ചിരുന്നത്–

"കുഞ്ഞുകുട്ടീംകൂടി കേൾക്കണം." തളത്തിൽ നില്ക്കുന്ന കുഞ്ഞ്യോപ്പോളെ കണ്ടപ്പോൾ ഒരു പുതിയ പിടി കിട്ടിയപോലെ കുമാരേട്ടൻ അവരെക്കൂടി ഉൾപ്പെടുത്തി.

"നെനക്കെന്താ തോന്ന്ണ്ച്ചാൽ പറഞ്ഞോ."

കുഞ്ഞ്യോപ്പോള് ഒന്നും പറയുമെന്നു കരുതിയതല്ല. അദ്ഭുതപ്പെട്ടുപോയി. കുഞ്ഞ്യോപ്പോള് മടിക്കാതെ ഉത്തരം പറഞ്ഞപ്പോൾ:

"ഒരു കിണ്ണം കൊറച്ചു വെച്ചാ മതീലോ!"

അമ്മ മിണ്ടാതായി.

"എന്താടോ വിചാരിക്ക്ണ്?"

അയാൾ വീണ്ടും ആലോചിച്ചു. മനസ്സിലൂടെ പല മുഖങ്ങളും കടന്നുപോയി. കൊച്ചപ്പൻ, അബ്ദു, കുഞ്ഞ്യാപ്പോള്, മാധവിയേടത്തി, ശേഖരേട്ടൻ. പലതും പറയാനുണ്ടായിരുന്നു. അതു കുമാരേട്ടനോടു പറയേണ്ടതല്ല. ശേഖരേട്ടനോടാണ്. ആശ്രിതനായി നില്ക്കുകയും അളിയനായതുകൊണ്ടു ശമ്പളമില്ലാതെ പണിയെടുക്കുകയും ചെയ്യാനാണെങ്കിൽ- പക്ഷേ, അതൊക്കെ പറയുമ്പോൾ-

എന്താണു പറയേണ്ടതെന്നു രൂപപ്പെടുത്തുമ്പോൾ കുമാരേട്ടൻ പറഞ്ഞു: "നെൻെറ ഇഷ്ടം" തോർത്തുമുണ്ടു കുടഞ്ഞു ചുമലിലിട്ടു പുറത്തു കടക്കുകയും ചെയ്തു.

ഒരു കിണ്ണം കുറയുന്ന കാര്യമാണ് കുഞ്ഞ്യാപ്പോള് പറഞ്ഞത്. ആ വ്യത്യാസം എത്ര വലുതാണെന്ന് അമ്മയ്ക്കും കുമാരേട്ടനും അറിയില്ല. ഒരുപക്ഷേ, കൃത്യമായി തനിക്കും.

കുഞ്ഞ്യാപ്പോള് രാവിലെ കുളിച്ചു മുടിത്തുമ്പു കെട്ടിയതു കണ്ടപ്പോൾ മനസ്സു വീണ്ടും കുട്ടിക്കാലത്തേക്ക് ഓടിക്കളിച്ചു. പാതിരയ്ക്കു

തിരുവാതിര കളിച്ചു നെറ്റിയിൽ മഞ്ഞളിൻെറ വരക്കുറിയും തലയിൽ പാതിരപ്പൂക്കളുമായി പെൺകിടാവായി നിന്നത് ഇവരായിരുന്നു. കുളത്തിൻെറ മേൽക്കരയിൽ ഉണങ്ങിയ കവുങ്ങിൻപട്ടകൾ കത്തിച്ചു തീയിനടുത്തിരിക്കെ, തുടിച്ചുപാടുന്ന പെൺകിടാങ്ങൾക്ക് 'ഒന്നേ ഒന്നേംപോ' പാടിക്കൊടുത്തിരുന്നതും ഇവരായിരുന്നു. ആരും അതിനെപ്പറ്റി പിന്നെ സംസാരിച്ചില്ല. മാധവിയേടത്തിയെ ചെന്നു കാണണോ എന്നു സംശയിച്ചിരിക്കുമ്പോൾ ശേഖരേട്ടൻ തന്നെയുണ്ട് പടികയറി വരുന്നു.

കൂടെ ആരുമുണ്ടായിരുന്നില്ല. ഉമ്മറത്തിരുന്നു കുമാരേട്ടനുമായി കുറച്ചു നാട്ടുവിശേഷങ്ങൾ പറഞ്ഞു. പിന്നെ അമ്മ കിടക്കുന്നേടത്തേക്കു വന്നു. പോകുമ്പോൾ അമ്മയോടു പറഞ്ഞു:

"പിന്നെ ഒരു കാര്യം പറയണംന്ന് കൂടിണ്ട്. കുമാരനെ രാവിലെ കണ്ടപ്പോ പറഞ്ഞിര്ന്ന്. അവിട്ത്തെ കാര്യൊക്കെ ത്തിരി കൊഴപ്പത്തിലാ. പത്മനാഭനൊച്ഛാ പോയി. അകത്ത് കെടന്നു വട്ട് തിരിയാനല്ലേ മാധവിയമ്മേക്കൊണ്ടാവൂ. കുഞ്ഞിക്കാളേ്യമ്മേ, നിയ്ക്കായോയി വയസ്സൊക്കെ. നിങ്ങക്കാർക്കും വിരോധം ല്യങ്കിൽ ഗോവിന്ദൻ

കുട്ടി കൃഷീടെ കാര്യൊക്കെ ഒന്ന് നോക്കി നടത്തട്ടെ. അവനതിൻെറ ഊട്ക്ളളവനാ. ഒരു മേലന്വേഷണത്തിന് അവനോൻെറ ആള്ല്ലെങ്കിൽ കണ്ടത്തിൽ പാതി, കളത്തിൽ പാതി."

"അവനോൻെറന്തി വരൊ ആരാന്?"

അമ്മയുടെ സ്വരം രാവിലെ കേട്ടതായിരുന്നില്ല.

"അതാണു ഞാൻ മാധവിയമ്മയോടു പറഞ്ഞതും. കൊച്ചപ്പനാച്ചാൽ അങ്ങുംല്യാ ങ്ങുംല്യാ. ഇനിപ്പോ അവന്ണ്ടെങ്കിൽത്തന്നേ ഇതിൻെറ വല്ല ഗന്ധം ണ്ടോ? എൻെറ കാലം കഴിഞ്ഞാൽ ആങ്ങളാരന്നെ വേണ്ടേ അവൾക്കാശ്രയം?"

"സംശം ല്യ."

"ഗോയിന്ദുട്ടീടെ എല്ലാ കാര്യത്തിന്നും ഒരു ബുദ്ധിമുട്ട് ണ്ടാവില്ല. അവനെ ഒരു വഴിയ്ക്കാക്കണംന്ന് മാധവീം പറയാറുണ്ട്. ഒക്കെ ഞാൻ പാകം കണ്ടിട്ടുണ്ട്!"

ഗോവിന്ദൻകുട്ടിയോടു രാവിലെ അങ്ങാടിയിലേക്കു വരാൻ ക്ഷണിച്ചുകൊണ്ട്, അമ്മയോടു വീണ്ടും യാത്രപറഞ്ഞാണ് ശേഖരേട്ടൻ

ഇറങ്ങിയത്.

അമ്മ അയാൾ പടിയിറങ്ങുന്നതിനു മുമ്പായി എല്ലാവരോടുമായി പറഞ്ഞു: "ഇപ്പ പറഞ്ഞതു കാര്യാ. മര്യാദയ്ക്കാച്ചാൽ ഒക്കെ വേണ്ടതന്യാ. അവനോനൻെറ വെല വിട്ടു നടക്കുമ്പഴാ താഴ്ത്തി ക്കെട്ട്വാ. കണ്ടോപ്പോ സർവരും. ൻെറ മുമ്പില് അയാൾക്കിപ്പഴും ഒരു ശങ്കീം ബഹുമാനും ഒക്കെണ്ട്. താഴത്തെലെ കുഞ്ഞിക്കാള്യേമ്മ ആരേർന്നന്ന് നിങ്ങൾക്കറീല്യ. അന്യമ്മാരക്കറിയാം."

പെരുമ്പലത്തു താമസിച്ചു പൂന്തോട്ടത്തിലെ കൃഷിപ്പണിയുടെ മേൽനോട്ടം നടത്തുകയെന്നതിനപ്പെറ്റി ആലോചിച്ചപ്പോൾ ഗോവിന്ദൻകുട്ടിക്കു രസം തോന്നി. കുട്ടനാടൻ നടുന്ന, വർഷക്കാലത്തു കായലായി മാറുന്ന, കരിങ്കൊറപ്പാടമുൾപ്പെടെ പത്തിരുന്നൂറു പറ വിത്തിൻെറ സ്ഥലമുണ്ട്. ഓണവും വിഷുവുമെടുത്ത ചെറുമക്കൾ കൊല്ലത്തോടുകൊല്ലം പത്തുമുപ്പതുപേർ പണിചെയ്യാനുണ്ട്. ആറു ജോഡി പൂട്ടു കന്ന്. ഒരു സാമ്രാജ്യം ഭരിക്കുന്നതു മനസ്സിൽ കണ്ടുകൊണ്ടാണ് അന്നു മുഴുവൻ നടന്നത്. പക്ഷേ, ഒരു കാര്യം ഓർമി

ക്കാതിരിക്കാനാഗ്രഹിച്ചു-കൊച്ചപ്പൻ. വയൽ വരമ്പത്തു നിന്നു പണിയെടുപ്പിക്കുമ്പോൾ ഇളം മഞ്ഞ നിറത്തിലുള്ള സില്ക്കുഷർട്ടും നിലത്തിഴയുന്ന ഡബിൾമുണ്ടും ചുണ്ടത്തു സിഗരറ്റുമായി നീണ്ടുനിവർന്നു തലയുയർത്തി നടന്നുവരുന്ന കൊച്ചപ്പൻ്റെ ചിത്രം മനസ്സിൻ്റെ ഭിത്തിയിൽ പ്രകാശം വേണ്ടത്ര വീഴാത്ത ഒരു മൂലയിൽ കണ്ടപ്പോൾ ആകെ അസ്വസ്ഥനായി.

സ്വയം ആശ്വസിച്ചു: കൊച്ചപ്പൻ നാട്ടിലുണ്ടാവില്ല. ഉണ്ടെങ്കിൽത്തന്നെ കൊച്ചപ്പൻ യജമാനനും ഗോവിന്ദൻകുട്ടി വെറും ശമ്പളക്കാരനുമാവില്ല.

പിറ്റേന്നു രാവിലെ അങ്ങാടിയിൽ ചെന്നു. നിരത്തുവക്കിൽ പീടികകളുടെ വരിയിൽനിന്നൽപം വിട്ടു ശേഖരേട്ടൻ പണികഴിപ്പിച്ചതാണ് അങ്ങാടിപ്പുര. മതിൽക്കെട്ടിനകത്ത് സിമൻ്റ് പാവിയ ഒരു വലിയ മുറ്റമുണ്ട്. നെല്ലും വിത്തും ഉണങ്ങാൻ വേണ്ടത്ര സ്ഥലമുണ്ട്. ഊർച്ചക്കാളകളെ നിർത്തുന്ന തൊഴുത്തും അതിനകത്താണ്.

ഒരു സർവ്വേക്കല്ല് മാറ്റി കുഴിച്ചിട്ട കേസ് സംബന്ധിച്ചു ചിലർ ചുറ്റിപ്പറ്റി നില്ക്കുമ്പോ

ഴാണ് ഗോവിന്ദൻകുട്ടി മുകളിലേക്കു കയറി ച്ചെന്നത്.

മുകളിൽ ഒരു മുറിയേ ഉള്ളു. അധി കസമയവും ജാലകത്തിനു സമീപമിട്ട വലി യ ചാരുകസേരയിൽ മഞ്ചലിലെന്നപോലെ കിടക്കുകയാണ് ശേഖരേട്ടൻെറ പതിവ്. പാതയി ലൂടെ കടന്നുപോകുന്നവരെ കാണാം.

കുട്ടിക്കാലത്ത്, അങ്ങാടിപ്പുരയുടെ പണികഴി ഞ്ഞ ഉടനെ ഒരിക്കൽ പോയതാണവിടെ. അന്നു ചുമർ ചെത്തിത്തേച്ചിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ നീലക്കുമ്മായമിട്ട ചുമരിൽ പഴനിമലയു ടേയും അയ്യപ്പൻേറയും വെണ്ണ മോഷ്ടിക്കുന്ന ഉണ്ണിക്കണ്ണൻേറയും പടങ്ങളുണ്ട്. ഒരരുകിൽ ഒരു വലിയ വീട്ടികട്ടിൽ. മേശപ്പുറത്തു പഞ്ചാംഗവും രാമായണവും ഭാഗവതവും.

"ഇരിയ്ക്കെടോ."

ഗോവിന്ദൻകുട്ടി ഒന്നു ചിരിച്ചതേയുള്ളു; ഇരു ന്നില്ല.

"എങ്ങനൊക്ക്യാ വേണ്ട്? പെരുമ്പലത്തു തന്നെ താമസിക്കാണ്ടു പണി നടക്കില്ല. അവടെ താമസിച്ചൂടെ?"

"ആവാം."

"രാവിലെണീറ്റ് ഇവിട്ന്നങ്ങട്ടു പോവ്വാച്ചാല് ബുദ്ധിമുട്ടാണ്. അവടെ എപ്പളും ആള് വേണം. എന്താ അങ്ങന്യല്ലേ?"

"അതെ."

പിന്നെ പണിയെടുപ്പിക്കുന്നതിനെപ്പറ്റി പറഞ്ഞു. ചെറുമക്കളോടു പെരുമാറേണ്ട വിധം. നൂറു ചെലവാക്കേണ്ടയിടത്തു കാര്യവിവരമുള്ളവനു പത്തു ചെലവാക്കിയാൽ മതി. ഒരു നല്ല വാക്കും. പത്മനാഭൻെറ തകരാറ് അവിടെയായിരുന്നു.

കളപ്പുരയിൽ പാത്രങ്ങളുണ്ട്. അത്യാവശ്യം വീട്ടുസാമാനങ്ങളും. വെയ്ക്കാൻ അടുത്ത വീട്ടിലെ തള്ള സഹായിക്കും. തള്ളയാണു മുറ്റമടിക്കുന്നത്. അവർക്കു കന്നിയിലും മകരത്തിലും അയ്യഞ്ചു പറ നെല്ലു കൊടുക്കാറുണ്ട്.

ഗോവിന്ദൻകുട്ടി എല്ലാം മൂളിക്കേട്ടു.

"ശ്ശി ദൂരത്തൊന്ന്വല്ലല്ലോ. ഒഴിവുള്ളപ്പോ ഒന്നു വന്നുപോവാൻ ഒരു പ്രയാസൂംല്യ...നെല്ലും വിത്തും ഒക്കെള്ളതായതോണ്ടു സ്വന്തം ആൾള് അവടെ ഇല്ലാണ്ടു നടക്കില്ല."

"ഉം."

"എപ്പളാ പോണ്?"

"എപ്പളാച്ചാൽ പൂവാം."

ശേഖരേട്ടൻ പഞ്ചാംഗം നോക്കി. കണക്കുകൂട്ടി. നാള് നന്നല്ല. നാളെ നാളും പക്കവും നന്ന്. രാഹുകാലത്തിനുമുമ്പേ പുറപ്പെടുകയാണു നല്ലത്. പുലർച്ചയ്ക്ക് എഴുന്നേറ്റു പോകാം.

ഗോവിന്ദൻകുട്ടി സമ്മതിച്ചു.

താക്കോൽകൂട്ടം ഏറ്റുവാങ്ങി കോണിയിറങ്ങുമ്പോൾ ശേഖരേട്ടൻ പറഞ്ഞു:

"നാട് പിച്ചയായിട്ട്ള്ള കാലാ. കൊടുത്താ കിട്ടില്ല. നെല്ലും വിത്തും ഒക്കെ കടം ചോദിക്കാൻ ആള് ശ്ശി ണ്ടാവും. ഓർമ്മിച്ചോളോണ്ടു."

"ആ."

റോഡു മുറിച്ചുകടന്നു പാടത്തേക്കിറങ്ങിയപ്പോൾ തോന്നി, ഒന്നു പൂന്തോട്ടത്തിൽ കയറിയിട്ടു പോകാം. മാധവിയേടത്തിയോടു വിവരം പറയാനുള്ള ചുമതലയുണ്ട്. കൊല്ലങ്ങൾ തന്നെയായയെന്നു തോന്നുന്നു പൂന്തോട്ടത്തിൽ പോയിട്ട്. പത്തു കണ്ടം കടക്കേണ്ട ദൂരമേ ഉള്ളുവെങ്കിലും ആ വീട് എത്ര അകലത്തായിട്ടാണു തോന്നിയിരുന്നത്!

പത്തായപ്പുരയുടെ കോണിവാതിൽ അടച്ചു പൂട്ടിക്കിടക്കുന്നതു കണ്ടു. കൊച്ചപ്പൻ പോയി

രിക്കയൊണെന്ന് ഊഹിച്ചു. ഓ, ഇന്നു ചൊവ്വാഴ്ചയാണ്. ഇനി അടുത്ത ശനിയാഴ്ച വൈകുന്നേരമേ വരൂ.

ഉമ്മറത്ത് ആരുമുണ്ടായിരുന്നില്ല.

തോട്ടം കിളയുള്ള ദിവസമാണ്. നാലു ചെറുമക്കൾ വളപ്പിൽ പണിയെടുക്കുന്നുണ്ട്. കൂട്ടത്തിൽ മാമ്പിയെ കണ്ടില്ല. ഉമ്മറത്തെ നിലത്തു ചവുട്ടിയപ്പോൾ തോന്നി, കൽക്കണ്ണാടിയിലെന്നപോലെ മുഖം നോക്കാം. തട്ടിനു നടുവിലെ വട്ടക്കണ്ണിയിൽനിന്നു കർക്കട സംക്രമത്തിനു തൂക്കിയ കതിർക്കുല അപ്പോഴും തൂങ്ങിക്കിടക്കുന്നുണ്ട്. ഉമ്മറച്ചുമരിൽ ഒരു പുതിയ ചിത്രം സ്ഥലം പിടിച്ചതു ഗോവിന്ദൻകുട്ടി കണ്ടു. നീളമുള്ള കറുത്ത കോട്ടിട്ട് കൈയിൽ ഒരു കടലാസ് പിടിച്ചുനില്ക്കുന്ന കൊച്ചപ്പൻെറ പടം.

ഗോവിന്ദൻകുട്ടി ഒന്നു ചുമച്ചു. വാതിൽക്കലൊരു കാൽപ്പെരുമാറ്റം കേട്ടു. അന്നു മാധവിയേടത്തിയുടെ കൂടെ വന്ന പെൺകുട്ടി. മരിച്ചുപോയ കിട്ടുണ്ണിനായരുടെ മകൾ.

അടുക്കളെയിൽനിന്നു തീയുതി വരികയാണെന്നു തോന്നി.

കണ്ണും മുഖവും ആകെ ചുവന്നു വീങ്ങിയിരി

ക്കുന്നു.

"മാധവ്യേട്ത്തി കുളിക്ക്യാണ്."

നനുത്ത സ്വരത്തിൽ അവൾ നിലംനോക്കി പറഞ്ഞു.

കൊച്ചപ്പൻ  ഉണ്ടാവില്ലെന്ന് അറിയാമായിരുന്നുവെങ്കിൽക്കൂടി ചോദിച്ചു: "കൊച്ചപ്പനില്ലേ?"

അവൾ ഇല്ല എന്ന അർത്ഥത്തിൽ പതുക്കെ തലയാട്ടി. കണ്ണുതുടച്ച് അകത്തേക്കു തിരിച്ചു പോവുകയും ചെയ്തു.

മാധവിയേടത്തി കുളികഴിഞ്ഞ് ഈറൻ മാറുന്നതിനുമുമ്പേ ഉമ്മറവാതില്ക്കൽ വന്നു പറഞ്ഞു: "എന്താ നിയ്യിങ്ങനെ അന്യന്മാരെപ്പോലെ ഉമ്മറത്തെന്നെ നിക്ക്ണ്?"

അയാൾ അകത്തേക്കു കടന്നു. വലിയ ജാലകങ്ങളിലൂടെ വെളിച്ചം വീണ തെളിഞ്ഞു കിടക്കുന്ന അകം കാണുമ്പോളൊക്കെ ഗോവിന്ദൻകുട്ടിക്ക് അസൂയ തോന്നാറുണ്ട്. തീജ്ജ്വാലയുടെ നിറമുള്ള തട്ടും തുലാങ്ങളും. ചുവന്ന സിമൻറിട്ടു മിനുപ്പിച്ച നിലം. നിലത്തു ചവിട്ടുമ്പോൾ വൃത്തികേടാക്കുകയാണോ എന്നു ഭയം തോന്നും.

നടപ്പുരയുടെ അരികിലിട്ട പത്തായക്കൂട്ടിൻെറ

മുകളിലെ നാക്കിലകൾ അല്പം മാറ്റിവെച്ചു ഗോവിന്ദൻകുട്ടി ഇരുന്നു.

"അങ്ങാടീപ്പോയില്ല്യേ?"

"പോയി."

"പെരുമ്പലത്തിയ്ക്ക് എപ്പളാ പോണ്?"

"നാളെ പെലർച്ചയ്ക്ക്."

ആരാൻെറ സേവയ്ക്കു നിക്ക്ണേക്കാളും നല്ലതാ ഗോയിന്ദുട്ട്യേ, അവനോൻെറ ആള്വോളെ സഹായിച്ച് അവനോൻേറടം കഴിണ്."

ഗോവിന്ദൻകുട്ടി മൂളി.

"നീയന്നു പറഞ്ഞമുതല് പറയാൻ തൊടങ്ങീതാ ഞാൻ. ഒരു വഴി കിട്ടണ്ടേ? പത്മനാഭനെ പറഞ്ഞയയ്ക്കാൊന്നു കേട്ടപ്പോ ഞാൻ പറയേ്വ."

പത്മനാഭൻ പോയതല്ല, പറഞ്ഞയച്ചതാണെന്ന് ഇപ്പോഴാണ് മനസ്സിലാവുന്നത്. മാണിയൂർക്കാരനാണയാൾ. അയാളുടെ അച്ഛൻ റാവു ബഹദൂർ മേനോൻെറ കൃഷിക്കാരനായിരുന്നു. മേനോൻ പറഞ്ഞിട്ടാണ് ശേഖരേട്ടൻ പത്മനാഭനെ വെച്ചതെന്നു കേട്ടിട്ടുണ്ട്.

പത്മനാഭൻെറ കുറ്റം മാധവിയേടത്തി പറയുകയായിരുന്നു:

"മാസാമാസം പതിപ്പത്തുറുപ്യ. ചെലവ്, താ

മസിക്കാൻ സ്ഥലം, ഓണത്തിന് ഓണപ്പട, കന്നീം മകരും ഈരണ്ടു ചാക്കു നെല്ല്. ഓലേച്ചിരിയാത്ത ഓനൊക്കെ എന്തു പണീട്ത്താലാ ഇതൊക്കെ തരാവ്വാ? എന്നിട്ട് കൂറുണ്ടോ? അവനോൻ വിശ്വസിച്ചേല്പിക്കുമ്പോ നല്ല ആന്തരംള്ളോരാവണം."

പത്മനാഭനു ഭാര്യയും കുട്ടിയുമുണ്ട്. വീട്ടിൽ പിന്നേയും ആളുകൾ കാണും. ജോലിയില്ലാതെയിരിക്കുന്ന പത്മനാഭൻ മാണിയൂരിനടുത്ത് എവിടെയോ ഉള്ള ഒരു വൈക്കോൽപ്പുരയുടെ ഉമ്മറത്തെ പൊളിഞ്ഞ ചാരുപടിയിൽ സമയത്തെ ശപിച്ചുകൊണ്ടിരിക്കുന്നതു ഗോവിന്ദൻകുട്ടിക്കു കാണാൻ കഴിഞ്ഞു.

"മീനാക്ഷ്യേ!"

മീനാക്ഷി വന്നു.

അടുക്കളെയിൽ പച്ചവിറകേ കത്തിക്കാനുള്ളുവെന്നു തോന്നുന്നു. അവളുടെ മുഖവും കണ്ണുകളും അപ്പോഴും ചുവന്നു വികൃതമായിരിക്കുന്നു.

"ഒരു ഗ്ലാസ് ചായണ്ടാക്കിക്കൊട്ക്ക് ഗോയിന്ദുട്ട്യേട്ടന്ന്. ഇവള്ള്ളതുകൊണ്ടാ ഞാൻ തപ്പിപ്പിടിച്ച് ഒരുട്ട്യൊക്കെ ഒപ്പിച്ചു മാറ്ണ്. നമ്മടെ

ബന്ധത്തില്ള്ള ഒരു കുട്ട്യന്ന്യാ."

ചായ കുടിച്ചുകൊണ്ടിരിക്കേ ചോദിച്ചു:

"കൊച്ചപ്പൻ വരാറില്ലേ?"

"ശനിയാഴ്ച രാത്രി വന്നു. ഞായറാഴ്ച രാവിലെതന്നെ പോയി. എന്തിനാണാവോ, പതിവില്ലാതെ അച്ഛനും മോനും ഒന്നും രണ്ടും പറഞ്ഞു കൊക്കറെ ചൊല്ലീട്ടാ പോയത്."

ഗോവിന്ദൻകുട്ടി പോകാൻ ഭാവിക്കുമ്പോഴാണ് ഉമ്മറത്തേക്ക് ആരോ കയറുന്ന ശബ്ദം കേട്ടത്. കുട മടക്കുന്ന ശബ്ദവും ഒരു നേർത്ത സംസാരവും വളകിലുക്കവും കേട്ടു. ആദ്യം വാതില്ക്കൽ കണ്ടതു കല്യാണിയമ്മയുടെ മുഖമാണ്. നെറ്റിയിൽ ചന്ദനംകൊണ്ടു നെടുനീളത്തിൽ കുറിയും നരകയറിയ മുടിയിൽ തെച്ചിപ്പൂക്കളും  കണ്ടു. വിരുന്നുകാരൊക്കെ ഉണ്ടേ എന്നു പറഞ്ഞാണു കല്യാണിയമ്മ അകത്തേക്കു കടന്നത്. പിറകെ രാജമ്മു.

സാരിചുറ്റിയ രാജമ്മുവിനെ ആദ്യമായി കാണുകയാണ്. മുട്ടുവരെ കൈയെത്തുന്ന വെലറ്റുനിറത്തിലുള്ള മിനുങ്ങുന്ന പട്ടുജാക്കറ്റും ഇളം ചുവപ്പിൽ തിളങ്ങുന്ന നേരിയ നീലപ്പൂക്കളും വള്ളികളും പടരുന്ന സാരിയും.

വിയർപ്പുകൊണ്ടു നനഞ്ഞ കഴുത്തിൽ ചെറിയ ചുവപ്പുകല്ലുകൾ മൂന്നുവരിയായി കെട്ടിച്ച മാല കുടുങ്ങിക്കിടക്കുന്നു.

മാധവിയേടത്തി ഇരിക്കുന്നിടത്തുനിന്നു പിടഞ്ഞെഴുന്നേറ്റു:

"ഇങ്ങ്ട്ടുള്ള വഴിയൊക്കെ അറിയ്യോ ഇപ്പളും?"

രാജമ്മു ചിരിച്ചു: "മാധവ്യമ്മയ്ക്ക് അങ്ങട്ട്ള്ള വഴീം മറന്നിരിക്ക്ണു."

മാധവിയേടത്തിതന്നെ പുല്പായെടുത്തു കട്ടിലിന്മേലിട്ടു. പിന്നെ പരിഭ്രമമായിരുന്നു. "കാപ്പിയുണ്ടാക്കട്ടെ? അതിനുമുമ്പു കുറച്ചു നാരങ്ങവെള്ളമായാലോ?"

"ഒന്നും വേണ്ട. അമ്പലത്തീന്നു പോരുമ്പോ പടിക്കലെത്ത്യപ്പോ ഞാൻ പറയേ കല്യാണീനോട് ഒന്നു കേറിപ്പോവാംന്ന്."

"അങ്ങനെങ്കിലും ഒന്നു കാണാൻ കഴിഞ്ഞല്ലോ. മീനാക്ഷ്യ, ത്തിരി വെള്ളടുപ്പത്തു വെയ്ക്ക്, വേഗം. ഒരു ഗ്ലാസ് കാപ്യാവാം. വഴി നടന്നതല്ലേ?"

ഗോവിന്ദൻകുട്ടി നേർത്തേ പിൻവാങ്ങിയിരുന്നു. രാജമ്മുവിന്റെ കണ്ണു

കൾ വാതിലിനപ്പുറത്തേക്കു നീണ്ടുവന്നപ്പോൾ അയാൾ ആകെ ചുളുങ്ങിപ്പോയി.

"നിയ്ക്കാച്ചാ ഈ ഏട്ടാകൂടത്ത്ന്ന് എങ്ങട്ടും എറങ്ങാൻ എട കിട്ടില്ല. അങ്ങട്ടും ങ്ങട്ടും പോണം, തമ്മാമ്മില് കാണണംന്നൊക്കെ മോഹം ല്യാഞ്ഞിട്ടല്ല. കൊച്ചപ്പൻ നാള് പറയോ!–"

കൊച്ചപ്പൻ പറഞ്ഞതെന്താണെന്നു മുഴുമിക്കുകയുണ്ടായില്ല.

മീനാക്ഷിക്കു കല്പനകൾ തുരുതുരെ വന്നു:

"കാപ്പി ഒന്നു വേഗം കൂട്ട്."

"ഓലക്കുടി കത്തിച്ചിട്ടു വെള്ളം വാടണ്ട."

"ഇവടെ എല്ലാവർക്കും ചായ്യാണ് പത്ഥ്യം. കൊച്ചപ്പന്ന്–" ഗോവിന്ദൻകുട്ടിക്ക് ആരോടെന്നില്ലാതെ, എന്തെന്നില്ലാതെ, വെറുപ്പും അരിശവും തോന്നി.

കാപ്പിയുണ്ടാക്കാനുള്ള കല്പന മീനാക്ഷി കേട്ടില്ലെന്നു തോന്നുന്നു. നടപ്പുരയുടെ ഉയരം കുറഞ്ഞ വാതിൽപ്പടിയിൽ ചാരിക്കൊണ്ടു കണ്ണു തിരുമ്മി അവൾ നില്ക്കുന്നതാണ് കണ്ടത്.

ഈ വാതിൽവഴി മുറ്റത്തിറങ്ങി നേരേ നടക്കാം. യാത്ര പറയുന്നില്ല. പുത്തൻ കളത്തിലെ എല്ലാമായ പെൺകുട്ടിയും പൂന്തോ

ട്ടത്തിലെ തറവാട്ടമ്മയും തമ്മിൽ സ്വൈരമായി സംസാരിക്കട്ടെ.

വാതിൽക്കൽ ചെന്നപ്പോൾ മീനാക്ഷി പരിഭ്രമത്തോടെ മാറിനിന്നു. ചുവന്ന കണ്ണുകളും വീർത്ത മുഖവുമായി നില്ക്കുന്ന ആ പെൺകിടാവിൻെറ കഴുത്തിൽ കറുത്ത ചരടിൽ കോർത്തിട്ട ചതവുപറ്റിയ പൊൻതകിട് ഒറ്റ നോട്ടത്തിൽ കണ്ടു.

പണ്ടൊരിക്കലും തോന്നാത്ത ഒരു വൈരാഗ്യം മനസ്സിലേക്ക് ഇഴഞ്ഞുകയറി. കഴുത്തിൽ മൂന്നിഴയായി ചുവന്ന കല്ലുപതിച്ച ആഭരണവും കാതിൽ ലോലാക്കും വാഴക്കൂടപ്പൻെറ ഇളം പോളയുടെ നിറമുള്ള പട്ടുകുപ്പായവും മിന്നുന്ന നീലപ്പൂക്കൾ പടർത്തിയ ഇളം ചുവപ്പുസാരിയും ഉണ്ടെങ്കിൽ ഇവളുടെ മുന്നിൽ രാജമ്മ-

ഇവൾ മാത്രമല്ല. നെബീസു, കോതമ്മയുടെ മകൾ ജാനു, സുഭദ്ര-

ആവേശത്തോടെ മനസ്സു പരിചയമുള്ള സ്ത്രീരൂപങ്ങളെ വെളിച്ചമില്ലാത്ത ഇടനാഴികളിൽനിന്നു തിരഞ്ഞുപിടിക്കുകയായിരുന്നു.

വീട്ടിലേക്കു നടക്കുമ്പോൾ പുത്തൻകളത്തിലെ പടിക്കലെ ഉയർന്ന വലി

യവരമ്പത്തുനിന്നു പാതവക്കിലെ മാവിൻ
തണലിൽ ചുവന്ന മൺഭിത്തികളും വൈക്കോൽ
മേഞ്ഞ നരച്ച ശിരസ്സുമായി നില്ക്കുന്ന
കുഞ്ഞരയ്ക്കാരുടെ പുരയുടെ നേരെ
നോക്കി. വൈകുന്നേരം അവിടെ പോണം.
കുഞ്ഞരയ്ക്കാരോടും നെബീസുവോടും തിത്തു
മ്മയോടുമെല്ലാം പറയണം, ഞാൻ പോവു
കയാണ്.

അരിപ്പീടികയും പള്ളിയും മുതലാളിയുടെ
ബംഗ്ലാവും കടന്നുപോകുന്ന ആ പാതയി
ലൂടെ അഞ്ചുനാഴിക നടന്നാൽ എത്തേണ്ട
സ്ഥലമായി.

പക്ഷേ, വിദൂരവും അജ്ഞാതവുമായ ഒരു
സ്ഥലത്തേക്കു പോവുകയാണു താനെന്ന ഒരു
ബോധമായിരുന്നു മനസ്സിൽ. ഒരു ഗ്രാമത്തിൽ
നിന്നു മറ്റൊന്നിലേക്കല്ല, ഒരു രാജ്യം പിന്നിട്ടു
മറ്റൊരു രാജ്യത്തിലേക്ക്.

# 4

**പ്രി**യപ്പെട്ട അബ്ദുവിന് സ്വന്തം ഗോവിന്ദൻ കുട്ടി എഴുതുന്നത്-

എന്തെന്നാൽ, തമ്മിൽ പിരിഞ്ഞശേഷം വിവരങ്ങളൊന്നും അറിയാൻ കഴിയാതെവന്നതിൽ വ്യസനിക്കുന്നു. വിശേഷിച്ച്, ഞാനിപ്പോൾ പെരുമ്പലത്താണ്. അവിടെനിന്നാണ് ഈ കത്തെഴുതുന്നത്. കഴിഞ്ഞ 20-ാം തീയതിയാണു ഞാനിവിടെ വന്നത്. ഇന്നേക്ക് ഒമ്പതായി. ഇവിടെ പൂന്തോട്ടക്കാരുടെ കൃഷിപ്പണി നോക്കിനടത്തിയിരുന്ന ആൾ പോയതു കാരണം എന്നോട് ഇവിടെവന്നു നില്ക്കാൻ ആവശ്യപ്പെട്ടു. അമ്മയും കാരണവരും എല്ലാം നിർബന്ധിച്ചപ്പോൾ ഞാനും യെസ് മൂളിയതാണ്. ഒരുപക്ഷേ, എന്റെ യോഗം ഇതായിരിക്കും.

ഇവിടെ ബുദ്ധിമുട്ടൊന്നുമില്ല. താമസിക്കാൻ

ചെറിയൊരു കളപ്പുരയുണ്ട്. പണ്ടു മന്നമ്പിള്ളി നമ്പൂതിരിയുടെ സ്ഥലമായിരുന്നു ഇത്. നാലാം കല്ലിൽനിന്നു കിഴക്കോട്ടുവരുന്ന ചെത്തുവഴിക്കു വരുമ്പോൾ കരിങ്കൊറപാടത്തിൻെറ വടക്കെ കരയിൽ കാണുന്നതാണ് സ്ഥലം. നീയ് മുമ്പ് കണ്ടിട്ടുണ്ടായിരിക്കും. ഞാൻ തന്നെയാണ്. രാത്രിയിൽ ചെറുമൻ കാവലിനുണ്ട്. പകൽ ഒരു തള്ള വന്നു പണിയൊക്കെ ചെയ്തോളും. വീട്ടിലെ സ്ഥിതിയാലോചിക്കുമ്പോൾ ഇവിടെയെല്ലാംകൊണ്ടും സുഖമാണെന്നുതന്നെ പറയാം.

ഇങ്ങോട്ടു പോരുന്ന ദിവസം ഞാൻ വാപ്പയെ കണ്ടിരുന്നു. വിശേഷിച്ചൊന്നുമില്ല. അക്കരെ പള്ളിയാലിലെ വാഴ മോശമില്ല. ഇവിടങ്ങളിൽ കൊയ്ത്തു തുടങ്ങാൻ ഇനിയും കുറച്ചുദിവസം പിടിക്കും. കൊയ്ത്തു തുടങ്ങിയാൽപ്പിന്നെ കുറച്ചുദിവസത്തേക്കു വീട്ടിൽ പോകാൻ തരപ്പെട്ടുവെന്നു വരില്ല. അതിനുമുമ്പ് ഒരിക്കൽക്കൂടി അവിടെ ഒന്നു പോയിപ്പോരണം. എൻെറ വീട്ടിൽ വിശേഷിച്ചൊന്നുമില്ല.

ശമ്പളത്തിൻെറ കാര്യം ഒന്നും പറഞ്ഞിട്ടില്ല. സ്വന്തം ആളുകളാവുമ്പോൾ ഒന്നും അങ്ങട്ടുമി

ങ്ങട്ടും പറയാൻ നിവൃത്തിയില്ല. മാസത്തിൽ ചെലവുകഴിച്ചു പതിപ്പത്തു റുപ്പികയും രണ്ടു കൊയ്ത്തിന്നും ഓരോ ചാക്കു നെല്ലുമാണു മുമ്പത്തെ ആൾക്കു കൊടുത്തിരുന്നതെന്നു കേട്ടു. എന്തായാലും കിട്ടുന്നതു ചെലവാക്കാതെ നോക്കണമെന്നും തരപ്പെടുമ്പോൾ മമ്മാലി യുടെ പണയം വീട്ടി ചെറുകോടു മടക്കിയെടു ക്കണമെന്നും മോഹമുണ്ട്. എല്ലാം വിധിപോലെ വരും.

ഡെഹറാഡൂണിൽ ചെന്നതിൻെറശേഷം നിൻെറ വിവരങ്ങളെന്തെല്ലാമുണ്ട്? അവിടെ അടുത്തെങ്ങാൻ യുദ്ധം വന്നുപൊട്ടാൻ ഇടയു ണ്ടോ? എന്തായാലും നീ വളരെ സൂക്ഷിച്ചിരി ക്കണം.

വേറെ വിശേഷങ്ങളൊന്നുമില്ലാത്തതിനാൽ കത്തു ചുരുക്കുന്നു. എല്ലാ വിവരങ്ങൾക്കും മടക്കത്തപാലിൽ മറുപടി അയയ്ക്കണം. എനി ക്ക്, ടി.ഗോവിന്ദൻകുട്ടിനായർ, പൂന്തോട്ടത്തിൽ വക കളപ്പുര, മന്നമ്പിള്ളി മനയ്ക്കു സമീപം, പോസ്റ്റ് പെരുമ്പലത്തൂർ എന്ന മേൽവിലാ സത്തിൽ കത്തിട്ടാൽ മതി.

എന്ന്,

സ്വന്തം ഗോവിന്ദൻകുട്ടി.

തലേന്നു രാത്രിയിൽ പകുതി എഴുതിവെച്ച കത്തു മുഴുമിച്ചശേഷം ചിമ്മിനിവിളക്കിൻെറ സമീപം നിലത്തു കമിഴ്ന്നുകിടന്ന് അയാൾ വീണ്ടും ഒന്നു വായിച്ചുനോക്കി. കവറിലിട്ട്, പകർത്തി സൂക്ഷിച്ച കടലാസു നോക്കി ശ്രദ്ധിച്ചു വിലാസമെഴുതി. മഷി പരക്കാത്തവിധം മുണ്ടുകൊണ്ട് ഒപ്പി ഉത്തരത്തിൽ സൂക്ഷിച്ചു വെച്ചു.

നേരം എത്രയായെന്നതിനെക്കുറിച്ച് ഒരു രൂപവുമില്ല. ഇവിടെ വന്നതിൽപ്പിന്നെ സമയത്തിൻെറ കണക്കു മനസ്സിൽനിന്നു വിട്ടു പോയിരിക്കുന്നു. വീട്ടിലായിരിക്കുമ്പോൾ തീവണ്ടി പാലംകയറുന്ന ശബ്ദം കേൾക്കാം. വണ്ടികൾക്ക് അവിടത്തുകാർ പേര് കൊടുത്തിരിക്കുന്നതുതന്നെ സമയക്കണക്കിലാണ്. പത്തര, പന്ത്രണ്ടേമുക്കാൽ, മൂന്നര, അഞ്ചര അങ്ങനെ. തീവണ്ടിയുടെ ശബ്ദം കേൾക്കാത്ത ഇവിടെ എത്തിയതിൽപ്പിന്നെ ആകാശത്തും നിഴലുകളിലും നോക്കി ഊഹിക്കാനേ നിവൃത്തിയുള്ളു.

വിളഞ്ഞുകിടക്കുന്ന പാടങ്ങളിൽ അങ്ങിങ്ങായി മുളങ്കാലുകളിൽ പൊക്കിക്കെട്ടിയ മാടപ്പു

രകളിൽനിന്നു ചെറുമക്കളുടെ കാവൽവിളികളും കൂക്കും കേൾക്കാനുണ്ടായിരുന്നു. വെള്ളം കെട്ടിനില്ക്കുന്ന കരിങ്കൊറ കടന്നു മഞ്ഞുനിറഞ്ഞ വായുവിലൂടെ വരുന്ന കാറ്റിന് എല്ലുകളിലേക്ക് അരിച്ചുകയറുന്ന തണുപ്പുണ്ടായിരുന്നു.

വള്ളിക്കൊട്ടകളും പണിയായുധങ്ങളും വെച്ച ഓലകെട്ടിയ നടുമ്പുരയിൽ, തെങ്ങിൻ പാത്തികൾ ചെറുമൻ കാരി തിരിഞ്ഞും മറിഞ്ഞും കിടന്നപ്പോൾ ശബ്ദമുണ്ടാക്കി.

"ചെര്യമ്പ്രാൻ കെടന്നില്ലേ?"

"ഇല്ല."

"കുരുപ്പടക്കാൻ ഒരു കാറ്റ്. വല്ലാത്ത കുളിര്!"

ഗോവിന്ദൻകുട്ടി മൂളി. കാരി തപ്പിത്തടഞ്ഞെണീറ്റുവരുകയായിരുന്നു. കാരിക്കു പണിയെടുക്കാൻ വയ്യാത്തത്ര പ്രായമൊന്നുമായിട്ടില്ല. എങ്കിലും മടിയനാണ്. പണിക്കിറങ്ങിയാൽ തപ്പിത്തടഞ്ഞ് അതുമിതും പറഞ്ഞ് സമയം കഴിക്കും. ഒറ്റയ്ക്കു കിട്ടിയാൽ കുറെ പഴയ പഞ്ചായത്തുകൾ പറയണം. ശേഖരേട്ടൻ ഇവിടെ സ്ഥലം വാങ്ങിയ കാലം മുതല്ക്കുള്ള പണിക്കാരനായതുകൊണ്ട് അവനു കുറെ സ്വാതന്ത്ര്യമൊക്കെയുണ്ടെന്ന് അവനും അറി

യാം.

"വീടിക്കുറ്റിണ്ടെങ്കിൽ ഒന്നിങ്ങട്ട്ട്ടാണി ചെറ്യ മ്പ്രാ."

പുക ചീറ്റുന്ന ചിമ്മിണിയുടെ നാളത്തിൽ നിന്നു ഗോവിന്ദൻകുട്ടി ഒരു ബീഡി കത്തിച്ചു. ഇറയുടെ അറ്റത്തു ചുളിപ്പിടിച്ചു കുന്തിച്ചിരിക്കു ന്ന കാരിയുടെ മുന്നിലേക്ക് ഒരു ബീഡി എറി ഞ്ഞുകൊടുത്തു.

കഴിഞ്ഞ എട്ടൊമ്പതു ദിവസത്തിനിടയ്ക്കു കാരിയുടെ കഥകൾ കുറെ കേട്ടതാണ്. ഒറ്റാം തടിയാണ്. ചെറുമി മരിച്ചിട്ടു പതിനൊന്നു കൊല്ലമായി. അവൾ പെറ്റില്ല. മച്ചിയായിരുന്നു. കണ്ണേങ്കാവിലെ വേലയ്ക്കാണ് ആ ചെറുമിയെ അവൻ കണ്ടത്. അവൾ കാരണം പരുതൂരിൽ നിന്നു വന്ന ഒരുകൂട്ടം മുളയരുമായി കാരി ഒരടി കലശലുണ്ടാക്കി.

"അന്ന് ഇക്കാണ്ണ തട്ട്യൊന്നുല്ല ചെറ്യമ്പ്രാ, രണ്ടു ചാക്കു നെല്ല് മീതക്കേമ്മീതെ വെച്ച് ആറു നാഴ്യ കയ്യും വീശി നടന്നിട്ട്ണ്ടേയ്യേൻ, കൊലൊ ളമ്പ്ന്ന് ആതാവില്വരെ. ഇപ്പ അരച്ചാക്കു പൊ ന്തിക്കാൻ വയ്ക്കിണ ചെർമ്മക്കള് ഒന്ന്ണ്ടോ തെരഞ്ഞാ? ചെറ്യമ്പ്രാൻതന്നെ പറയി...."

ഇരുട്ടിൽ ഒരു തീത്തുള്ളിപോലെ കാരിയുടെ ബീഡിത്തുമ്പു പ്രകാശിച്ചു.

ചുറ്റും പരന്നുകിടക്കുന്ന പാടം ഒരു മഹാസമുദ്രമാണെന്നും അതിൻെറ നടുവിൽ ആകാശത്തിലേക്കു തുറിച്ചുനില്ക്കുന്ന ഒരു പാറക്കെട്ടിൽ താൻ തനിയെ ഇരിക്കുകയാണെന്നും തോന്നി. കാവൽവിളികൾകൊണ്ട് ഇടയ്ക്കിടെ ഞെട്ടിത്തെറിക്കുന്ന നനഞ്ഞു കറുത്ത അന്തരീക്ഷം കാരണമൊന്നുമില്ലാതെ അയാളെ അസ്വസ്ഥനാക്കി.

"ചെറ്യമ്പ്രാന് എത്ര വയസ്സായി ചെറ്യമ്പ്രാ?"

കാരിയുടെ ബീഡിക്കുറ്റിയുടെ കണ്ണ് ഒന്നു ചിമ്മിത്തുറന്നു.

"ഇരുപത്തിമൂന്ന്; എന്തേ?"

"ഒന്നൂല്യ. അടേൃൻ ചോയ്ച്ചുന്നേള്ളു. അടേൃനിപ്പോ എത്ര വയസ്സായിട്ടുണ്ടാവുംന്നാ ചെറ്യമ്പ്രാൻെറ നോട്ടം?"

ഗോവിന്ദൻകുട്ടി ചിരിച്ചു.

"എത്രായി, കേക്കട്ടെ."

"അടേൃന് നിച്ചല്യ. അതോണ്ടല്ലേ ചോയ്ക്കണ്."

ഗോവിന്ദൻകുട്ടി മിണ്ടാതായപ്പോൾ കാരി വീ

ണ്ടും അന്വേഷിച്ചു.

"വല്യേമ്പ്രാന്പ്പോ എത്ര വയസ്സ്ണ്ടാവ്വും?"

ശേഖരേട്ടന്റെ കാര്യമാണ് കാരിയുടെ സംശയം.

"അയ്മ്പതായിട്ടുണ്ടാവ്വും."

"വല്യേമ്പ്രാന്റെ ചോടേ അടേൃൻ നിക്കൂ, ഒറപ്പാ."

"എന്തിനാപ്പോ ത്ര ഒറപ്പിയ്ക്കണ്?"

ഇരുട്ടിൽ കാൽമുട്ടുകൾ കൂട്ടിപ്പിടിച്ചിരിക്കുന്ന കാരി ഇക്കിളിപ്പെട്ടപോലെ ഒന്നു ചിരിച്ചു.

"അറിഞ്ഞിട്ട് കാരിയണ്ട് ചെറ്യേമ്പ്രാ. അടേൃന്റെ ഉള്ളില് ഒരൊറപ്പ് വേണ്ടേ?"

വിഡ്ഢിയെപ്പോലെ കാരി വീണ്ടും ചിരിച്ചു. എന്നിട്ടു സ്വയം രസിച്ചുകൊണ്ടു പറഞ്ഞു:

"കണ്ണേങ്കാവിലെ വേലയ്ക്ക് ഇക്കുറ്യൊന്ന് പോണം ന്തായാലും."

ബീഡി വലിച്ചുതീർന്നു കാരി എഴുന്നേറ്റു. മുറ്റത്തിന്റെ അരുകിലൂടെ അവൻ നടന്നുപോകുമ്പോൾ താളത്തിൽ കാലിലെവിടെയോനിന്നു ചുള്ളിക്കൊമ്പ് ഒടിയുന്ന തരത്തിൽ ഒരു ശബ്ദം കേൾക്കാം. തെങ്ങിൻ പാത്തികൾ വീണ്ടും കടപട ശബ്ദിച്ചു.

ഇന്നു വർത്തമാനം പറയാൻ കാരിക്ക് ഉഷാറു പോരാ. വൈകുന്നേരം കുട്ടാടയുടെ ഷാപ്പിൽനിന്നു കടം കിട്ടിയിട്ടുണ്ടാവില്ല. കുട്ടാടയുടെ കടം ഒരിക്കലും തീരില്ല; കിട്ടുന്നതു മുഴുവൻ കൊണ്ടുപോയി കൊടുത്താലും.

ഉറക്കം വന്നുതുടങ്ങിയിട്ടില്ലാത്തതുകൊണ്ടു കിടന്നില്ല.

ഇവിടെ വന്നിട്ട് ഇന്നേക്ക് ഒമ്പതു ദിവസമായി. ഒമ്പതു വർഷങ്ങളായെന്നു തോന്നും, കഴിഞ്ഞുപോയ ദിവസങ്ങളുടെ ദൈർഘ്യമോർക്കുമ്പോൾ. പോരുമ്പോൾ, വളരെക്കാലത്തിനുശേഷമേ വീട്ടിലേക്കു തിരിച്ചുചെല്ലുകയുള്ളു എന്നു മനസ്സിലുറപ്പിച്ചിരുന്നു. പക്ഷേ, ദിവസങ്ങൾ മൂന്നുനാലെണ്ണം ഉന്തിനീക്കിയപ്പോൾ വീട് ആശ്വാസം തരുന്ന ഒരു സങ്കല്പമായി മാറി.

നാലാം ദിവസം വൈകുന്നേരം വീട്ടിൽ പോയി. പോരുമ്പോൾ അങ്ങാടിയിൽ കയറി. ശേഖരേട്ടൻ സ്ഥലത്തുണ്ടായിരുന്നില്ല. ഒറ്റപ്പാലത്തേക്കു പോയിരിക്കയാണെന്നു പറഞ്ഞു. മാധവിയേടത്തിയെ കാണണമോ എന്നു സംശയിച്ചു. നേരം വൈകിയതുകൊണ്ടു

വേഗത്തിൽ മടങ്ങി.

കുഞ്ഞ്യോപ്പോള് പറഞ്ഞു: "നേരം ശ്ശ്യാ യതല്ലേ? ഇനി വെളിച്ചാമ്പൊ പുവാം."

പക്ഷേ പോരുകതന്നെ ചെയ്തു. പാടം വിളഞ്ഞുകിടക്കുകയാണ്. കാവലിനു ചെറു മക്കളുണ്ടെങ്കിലും കളപ്പുരയിൽ ആരുമില്ലാതിരി ക്കുന്നതു ശരിയല്ലെന്നു തോന്നി.

നിരത്തിൽനിന്ന് അങ്ങാടിസ്സാമാനങ്ങൾ വാങ്ങിവരുന്ന സുൽത്താനെ പടിക്കൽ കണ്ടപ്പോൾ വിളിച്ചുവരുത്തി. അബ്ദുവിൻെറ കത്തുണ്ടായിരുന്നുവത്രേ. ഇപ്പോൾ കത്തെഴുതി ക്കൊടുക്കുന്നത് ആരാണെന്നു ചോദിച്ചപ്പോൾ ആ നാലാംക്ലാസ്സുകാരൻ വളരെ അഭിമാനത്തോ ടെ പറഞ്ഞു:

"ഞമ്മളന്നെ."

"അപ്പൊ വിലാസോ?"

"അത് പോഷ്ട്മേൻ എയ്തും."

കുഞ്ഞരയ്ക്കാരുടെ പുരയിൽ കയറണമെന്നു ണ്ടായിരുന്നു. പക്ഷേ, നേരം വൈകിയതുകൊ ണ്ട് വേണ്ടെന്നുവെച്ചു. അടുത്ത വരവിലാവാം. ആറോ എട്ടോ നാഴികനേരം ഇരുട്ടുണ്ടെന്ന് അറി യാമായിരുന്നു. താമസിച്ചാൽ വഴിക്കു വിഷമി

ക്കും.

പള്ളി കടന്നു പടിഞ്ഞാറെ നിരത്തിലെത്തി യപ്പോൾ ചന്തകഴിഞ്ഞു മടങ്ങുന്ന മാക്കുണ്ണിയെ കണ്ടു.

"ആ കമ്മളോ!"

അവൻ നിന്നു വർത്തമാനം തുടങ്ങി.

ഗോവിന്ദൻകുട്ടി, മാധവിയേടത്തി അറിയു മ്പോൾ പരിഭവം വേണ്ടെന്നുവെച്ചു പറഞ്ഞു:

"അങ്ങോടിച്ചെന്നപ്പോ ശേഖരേട്ടൻ ഇല്യാന്നു പറഞ്ഞു. പൂന്തോട്ടത്തില് കേറീല്യ. ഇപ്പത്തന്നെ നേരം ശ്ശ്യായി."

"മൂപ്പര്ന്നലെ പോയീതാ. ചെറ്യകമ്മളടെ അട്ത്തിക്ക്."

"കൊച്ചപ്പൻ കഴിഞ്ഞാഴ്ച വന്നിര്ന്നില്ലേ?"

"ഇല്ല. അതാ വല്യകമ്മളന്നെ തെരഞ്ഞ് പോയീത്. കല്യാണൊക്കെണ്ട്ന്ന് ഒരു പൊക കേട്ടിരിക്ക്ണു. വല്യമ്പ്രാള് ആരോടോ ഇര്ന്ന് പറേണ് കേട്ട വിവരേ അട്യേന്ള്ളു.

"ആരടെ കല്യാണം?"

"ചെറ്യെ കമ്മടെ."

"എവ്ട്ന്നാ, എപ്പളാ?"

ധൃതിയുണ്ടായിരുന്നു അയാളുടെ ശബ്ദ

ത്തിൽ.

ഇപ്പോഴാണറിഞ്ഞത്, കൊച്ചപ്പൻ കല്യാണം കഴിക്കാൻ പോകുന്നു. ഗോവിന്ദൻകുട്ടി ഒന്നും കേട്ടില്ലെന്നു പറഞ്ഞപ്പോൾ അത്താണിയുടെ മുകളിൽ ചുമടിറക്കി മാക്കുണ്ണി അദ്ഭുതത്തോടെ പറഞ്ഞു:

“ഇമ്മിണി കാലായി പൊക കേക്കാൻ തൊടങ്ങീട്ട്.”

താൻമാത്രം കേട്ടില്ല. വിഡ്ഢിയായതുകൊണ്ട് ഊഹിച്ചതുമില്ല! അല്ലെങ്കിൽ ഊഹിച്ചിട്ടെന്താണ്?

“മേമ്പ്രാമ്മാരക്ക് അലോഗ്യൊന്നൂല്യ. അക്കരെക്കളത്തില് കാരണോമ്മാരക്ക് വല്യ രസംല്യാന്ന് കേക്കണ്ണ്ട്. സ്വജനല്ലാത്ത ഒരു ദൂഷ്യം പറയാൻ ണ്ടലോ. അല്ലെങ്കില് അതൊക്കെ പ്പത്തെ കാലത്ത് ആരാ നോക്കണ്?”

ഒരദ്ഭുതരഹസ്യം മനസ്സിലേക്കു കടന്നു വന്നപോലെ വീണ്ടും വീണ്ടും അയാളത് ഉരുട്ടിക്കളിച്ചു. കൊച്ചപ്പൻ രാജമ്മുവിനെ കല്യാണം കഴിക്കാൻ പോകുന്നു. ആലോചിച്ചപ്പോൾ വിശ്വസിക്കാൻ പ്രയാസം തോന്നി. ഞാനൊരു പൊട്ടൻതന്ന്യാണ്, സംശല്യ. കരുതിയിരുന്നത്

അങ്ങനെയൊന്നുമല്ല.....

അങ്ങനെയിരിക്കെ ഒരു ദിവസം കേൾക്കാം, പുത്തൻകളത്തില് കല്യാണമാണത്രേ!

എന്ന്?

വരുന്ന ഇത്രാം തി.

എവ്ട്ന്ന്?

ദൂരത്തൊരു സ്ഥലത്ത്ന്ന്-ഏതോ വലിയവീട്ടിലെ ഏതെങ്കിലും ഒരുദ്യോഗത്തിൻെറ പേരു കേൾക്കാം. പിന്നീടു രാജമ്മ്യു പോയെന്നും കേൾക്കാം. വർഷങ്ങൾ കഴിയുമ്പോൾ ഒരു വേനൽക്കാലത്തു കുട്ടികളും ഭർത്താവുമായി, പെട്ടിയും പരിവാരങ്ങളുമായി, തറവാട്ടിലേക്കു വന്നിരിക്കുന്നുവെന്നു കേട്ടുവെന്നു വരും. പുഴക്കടവിനടുത്തുവെച്ചോ ദൂരെ വരമ്പത്തുകൂടെ കുട്ടികളുടെ കൈപിടിച്ചുകൊണ്ടു നടന്നുപോകുമ്പോഴോ അകലെനിന്നു കണ്ടുവെന്നുവരും.

(ഒന്നു കാണണം, ഇടയ്ക്കൊന്നു കാണാൻ കഴിഞ്ഞാൽ മതി, അകലത്തുനിന്ന്.)

ഉറക്കത്തിനും ഉണർവ്വിനും ഇടയ്ക്കുള്ള വേളയിൽ കണ്ണു തുറക്കുമ്പോൾ ഇല്ലാതായിത്തീരുമെന്നു വിശ്വസിച്ചുകൊണ്ട്, കണ്ടുകിടക്കാറുള്ള വർണ്ണങ്ങളുടെ അവ്യക്തസുന്ദരമായ

ഒരു ലോകത്തെക്കുറിച്ച് അയാൾ ഒരുനിമിഷം ചിന്തിച്ചു: രാജമ്മ.

ഇരുവശങ്ങളിലും അരയാലുകൾ കാറ്റിൽ തളകിലുക്കി നില്ക്കുന്ന മണൽനിരത്തിലൂടെ നടക്കുമ്പോൾ മനസ്സു കുംഭക്കാറ്റിൽപ്പെട്ട വാഴത്തോട്ടംപോലെയായിരുന്നു. തണ്ടുകൾ ആടിയുലയുകയും അടിപ്പൊന്തയിലെ കരിയിലകൾ കാറ്റിൽ പാറുകയും തമ്മിലുരഞ്ഞ് അണകൾ ഒടിഞ്ഞുതൂങ്ങുകയും ചെയ്തു.

കൊച്ചപ്പൻ ഭാഗ്യവാനാണ്. അയാൾ സ്വയം ശാസിച്ചു: അസൂയപ്പെട്ടിട്ടു കാര്യമൊന്നുമില്ല. പഠിപ്പുണ്ട്, ഉദ്യോഗമുണ്ട്, കാണാൻ തക്കവണ്ണം ആളുണ്ട്.

അമ്മ പറയാറില്ലേ: "ഈ തറവാട്ടിലും അങ്ങനെയൊരാണെങ്കിലും നേരെയായില്ലേ? ആയുസ്സിട്ട് കൊടുക്കട്ടെ."

കളപ്പുരയുടെ വാതിൽക്കൽ പുകയുന്ന ചിമ്മിനിയുടെ സമീപമിരുന്ന ഗോവിന്ദൻകുട്ടി പുറത്തേക്കു നോക്കി. ഒഴിഞ്ഞ പറമ്പിന്റെ അതിർത്തിയിലെ പുളിമരത്തിന്റെ നേർത്ത ചില്ലകൾ നരച്ച അന്തരീക്ഷത്തിൽ ഒരു കൂറ്റൻ എട്ടുകാലിവല നിർമിച്ചിരിക്കുന്നു. പുകയുടെ

നിറമുള്ള ആകാശത്തിലെ വെളിച്ചത്തിന്റെ തൊങ്ങലു മൂടിവെച്ച കിഴക്കേ ചെരിവിലേക്ക് അയാൾ കണ്ണുകളുയർത്തി.

ബന്ധുക്കാരിയായി, മരുമകന്റെ ഭാര്യയായി, ഒരിക്കൽ, എന്നെങ്കിലുമൊരിക്കലെങ്കിലും താഴത്തേതിലേക്കു രാജമ്മു വരാതിരിക്കില്ല! അതോർത്തപ്പോൾ ഒരു തമാശ തോന്നി. പുഴയിൽനിന്നു കുളിച്ചുകയറിപ്പോകുമ്പോൾ ദൂരെ ആലിൻചുവട്ടിൽ മറഞ്ഞുനിന്നത് ഈ രാജമ്മുവിനെ കാണാൻവേണ്ടിയാണ്. ആലോചിക്കുംതോറും മനസ്സസ്വസ്ഥമായി. രാജമ്മു തന്റെ ചുറ്റുപാടുകളിലേക്ക്, താനുൾപ്പെട്ട ലോകത്തേക്ക് കയറിവരാൻ പോകുന്നു.

ചിമ്മിനിയെടുത്ത് അയാൾ അകത്തേക്കു നടന്നു. അകം ചെറുതാണെങ്കിലും  രണ്ടു മുറിയുണ്ട്. അടുക്കളയ്ക്കുപുറമേ  ചെത്തിത്തേക്കാത്ത കൽച്ചുമരുകളുടെ നടുവിൽ പായ് നിവർത്തിയിട്ടു കിടന്നു. ഉടുത്ത മുണ്ടഴിച്ചു പുതച്ചു. തണുപ്പു ശരീരത്തിൽ അങ്ങിങ്ങായി ഒരു കോരിത്തരിപ്പുപോലെ അരിച്ചുകയറുമ്പോൾ മനസ്സിലേക്കു മുഖങ്ങൾ ഓരോന്നായി കയറിവന്നു. പകൽ ചാഴിവീശുന്ന പണിക്കാർക്കിടയിൽ

കണ്ട കഴുത്തുനിറയെ കല്ലുമാല കെട്ടിയ കൊഴു ത്ത ചെറുമിപ്പെണ്ണിന്റെ ശരീരവും ഒരു നിമിഷം മനസ്സിൽ കണ്ടു.

നേരം വൈകിയിരിക്കുന്നു...ഉറങ്ങണം....രാവി ലെ നേരത്തേ എഴുന്നേറ്റിട്ടു ജോലികൾ ചിലത് ഏർപ്പാടു ചെയ്യാനുണ്ട്. അയാൾ കണ്ണുകളടച്ചു.

## 5

താഴത്തേതിലെ പൂമുഖത്തു സംസാരം അപ്പോഴും അവസാനിച്ചിരുന്നില്ല.

മെതിയടി ശബ്ദിച്ചുകൊണ്ടു സാവധാ നത്തിൽ നടന്നു ശേഖരൻനായർ പറയുകയായി രുന്നു:

“അമ്മാമനിരിക്കുമ്പോ മരോന്റെ കല്യാണം നടത്വാന്നു പറേണത് ഒരു വകയാണ്. എന്താ കുഞ്ഞിക്കാളേ്യമ്മടെ അഭിപ്രായം?”

കരിമ്പടം പുതച്ച് ഉമ്മറത്തെ നിലപ്പടിയുടെ അരുകിൽ കാലടികളുടെ പുറം തടവിയിരിക്കു

ന്ന കുഞ്ഞിക്കാളിയമ്മ പറഞ്ഞു:

അതൊക്കെ അങ്ങനെ. ഇപ്പളത്തെ കാലത്ത് എന്താവാം. പക്ഷേ, എന്തു ചെയ്യുമ്പോഴും ഒരു ചെതം വേണം."

"അതൊണ്ടൊക്കെത്തന്ന്യാ ഞാൻ പറേന്ന്, എനിക്കു കൊച്ചപ്പൻെറ കാര്യം വേഗം നടത്താണ്ന്നുണ്ട്. ശരിക്കു പറഞ്ഞാൽ എന്നേക്കാളും തെരക്ക് മേന്നാ. അതിനുമുമ്പേ ഇതു ശരിയാക്കണം. ഗോവിന്ദുട്ടീടെ കാര്യത്തി നു നിക്കും ണ്ടല്ലോ ചെല ബാദ്ധ്യതയൊക്കെ." ശേഖരൻനായർ കുഞ്ഞിക്കാളിയമ്മയുടെ മുഖത്തുനിന്നു കുമാരൻനായരുടെ മുഖത്തേക്കു നോട്ടം മാറ്റി. വീണ്ടും കുഞ്ഞിക്കാളിയമ്മയുടെ മുഖഭാവം ശ്രദ്ധിച്ചുകൊണ്ടു തുടർന്നു:

"കൊച്ചപ്പനും ഗോവിന്ദുട്ടീം തമ്മില് നിക്കൊരു ഭേദംല്യ. അവനെ ഞാൻ ഒരല്ല്യേനായിട്ടല്ല കർതീ ട്ട്ള്ളത്. സ്വന്തം മകനെപ്പോലെത്തന്നെയാണ്. കുഞ്ഞിക്കാളേ്യമ്മയ്ക്ക് ഓർമണ്ടാവും എൻറീം മാധവീടീം മടിക്കെടന്നിട്ടാ അവൻ വളർന്നത്."

കുഞ്ഞിക്കാളിയമ്മ നേർത്ത സ്വരത്തിൽ എല്ലാവരേയുമായി ഓർമിപ്പിച്ചു:

"കീഴ്ക്കട കഴിഞ്ഞതൊന്നും ഞാൻ

മറക്കാറില്ല."

കുമാരൻ ഒന്നും പറഞ്ഞില്ല. ഇറയത്ത് ഈർക്കിലകൊണ്ടു പല്ലിടകുത്തി കുനിഞ്ഞിരുന്നു.

"നിയ്ക്ക് ഗോവിന്ദൂട്ടീം കൊച്ചപ്പനും എന്താ ഭേദം? വേണ്ടകാലത്ത് വേണ്ടത് വേണം. ഇപ്പളത്തെ ചെറുപ്പക്കാരാ. എപ്പളാ അപഖ്യാതി ഉണ്ടാക്കിത്തീർക്വാന്നറിഞ്ഞുകൂടാ. കുമാരനോട് അന്നന്നെ ഞാൻ പറഞ്ഞില്ലേ, ചോയ്ക്കൂ, അവൻെറ സഹവാസങ്ങള് അത്ര നന്നല്ലാന്ന്. അവനെ കുറ്റപ്പെടുത്വല്ല ഞാൻ. കൊറെയൊക്കെ പ്രായത്തിൻെറയാന്നു വെച്ചോളൂ."

ശേഖരൻനായരുടെ ശബ്ദം പൊടുന്നനെ താണു:

"ഒന്നല്ലേ നിങ്ങൾക്ക് കേൾക്കണ്ടൂ. നേരല്ലാനേരത്ത് ആ പെരേന്ന് വര്ണതും പോണതും കണ്ടോര്ണ്ട്. മാപ്ലക്കുടീലത്തെ കാര്യാന്നു കേട്ടപ്പോ നിയ്ക്കു സഹിച്ചില്ല. അതാ ഞാൻ അന്നന്നെ കുമാരനെ വിളിച്ചു പറഞ്ഞത്."

"ഞാനൊന്നും പറേണില്യ. കാലല്ലാകാലത്ത് തറവാട്ടയ്ക്ക് അപഖ്യാതി വര്ത്താൻ അങ്ങനൊന്ന് ൻെറ വയറ്റിൽ പൊട്ടി. എന്താ ചെയ്യാ?"

കുഞ്ഞിക്കാളിയമ്മയുടെ കണ്ണുകൾ നിറഞ്ഞു.

"അത്ച്ചിട്ട് അവനോന്റെ കുട്ട്യോളെ കളയാൻ വയ്ക്ക്യോ? പെരുമ്പലത്ത് അവനോടു ഞാൻ താമസിക്കാൻ പറഞ്ഞത്തന്നെ ഈ ബാധ ഒഴ്യട്ടെച്ചിട്ടാ. നിങ്ങൾക്ക് സമ്മതാച്ചാൽ-കുമാരനും കൂടി കേൾക്കണം-ഞാനൊരു കാര്യം പറയാം."

ശേഖരൻനായർ നടത്തം നിർത്തി. ഒതുക്കു കല്ലിന്റെ മുകളിൽ മാറത്തെ രോമം തിരുമ്മി കൊണ്ടു നിന്നു. കുമാരൻനായർ ഈർക്കില മുറ്റത്തേക്കെറിഞ്ഞ് ഒന്നു നീട്ടിത്തുപ്പി വെളിച്ചം വീഴുന്നേടത്തേക്കു നീങ്ങിയിരുന്നു.

ശേഖരൻനായർ പറഞ്ഞപ്പോൾ ആരും ഒന്നും സംസാരിച്ചില്ല. ചോദ്യങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് അയാൾ രണ്ടുപേരുടെയും മുഖത്തേക്കു മാറി മാറി നോക്കി.

കുമാരൻനായർ അവസാനം ചോദിച്ചു:

"സമ്മന്തം തൊടങ്ങ്യാപ്പോരലോ. എന്ത്ക്ക്ത്തിട്ടാ അവൻ അത്യാവശ്യം കൊട്ക്കാ?"

"അതിന്നു നിങ്ങളാര്ക്കും ഒരു പരിഭ്രമും വേണ്ട."

അയാൾ ഒരിക്കൽക്കൂടി ആ വാചകം ആവർ

ത്തിച്ചു:

"കൊച്ചപ്പനും ഗോവിന്ദുട്ടീം നിയ്ക്ക് ഒരുപോലേള്ളു. ഇത് ൻറീംകൂടി ഒരാവശ്യാ. ന്നിട്ട്വേണം എനിക്ക് കൊച്ചപ്പൻെറ സംഗതി നടത്താൻ. മേനോൻ കടാപിടിച്ചിട്ട് ധൃതിയായിട്ട് നിൽക്ക്ണു. അത് നമ്മടെ ഒരു ഭാഗ്യാന്നന്നെ കരുതണം. ഗോവിന്ദുട്ടീടെ സംഗത്യാച്ചാൽ ആ പെണ്ണും നിയ്ക്ക് അന്യയല്ല. ദൈവം മുഖേന അതൊരു പുണ്യാണ്. അവന്നു ബുദ്ധിമുട്ടില്ലാണ്ടെ ഇരിക്കണംന്നല്ലേള്ളു."

കുമാരൻനായർ, വർഷങ്ങൾക്കു മുമ്പ് ഈ മുറ്റത്തുവെച്ചു തൻെറ കല്യാണമുറപ്പിച്ചതോർത്തു. ഉമ്മറത്തു കാരണവന്മാരും അച്ഛനും തമ്മിൽ സംസാരംവന്നു. അന്ന് ആരും അയാളോട് ഒന്നും പറഞ്ഞില്ല. പിറ്റേന്നു വൈകുന്നേരം അച്ഛനാണു പറഞ്ഞത്: "കുമാരാ, മേടം പതിനൊന്നാന്തി നെൻെറ പൊടമുറിയാണ്മേലെപ്രത്ത്ന്ന്. കാരണോര് അതിനാവന്നീര്ന്ന്."

കല്യാണംകഴിക്കാൻ പോകുന്ന മേലേപ്പുറത്തെ പെൺകുട്ടിയുടെ പേരറിഞ്ഞതുതന്നെ കല്യാണത്തിൻെറ മൂന്നുദി

വസം മുമ്പാണ്; അടുക്കളയിൽ ശേഷക്കാർ പെണ്ണുങ്ങൾ സംസാരിക്കുന്നത് അകലത്തുനിന്നു കേട്ടപ്പോൾ. മേലേപ്പുറത്തെ കാര്യങ്ങളിലൂടെ ആലോചന നീങ്ങാൻ തുടങ്ങിയപ്പോൾ കുമാരൻനായർക്കു വിമ്മിഷ്ടം തോന്നി.

"എന്താ കുമാരൻനായരേ?"

"ഒന്നൂല്യ. എങ്ങന്യാച്ചാൽ അങ്ങനെ."

"ഞാൻ പറേണേല് ഒന്നും നിരീയ്ക്കര്ത്. താഴത്തെലെ ആങ്കുട്ട്യോള് കണ്ട ചെർമ്മക്കുടീലും മാപ്ലക്കുടീലും ചിറ്റിപ്പറ്റി നടക്ക്ണുന്ന് കേക്ക്ണത് എല്ലാവര്ക്കും ഒരവമാനാ. ഓനിതോണ്ട് നന്നാവും. കളപ്പെരേല് സുഖായിട്ട് താമസിക്കാം. അകത്താരാളുംകൂടീണ്ടങ്കിലേ അവടെ മൊതല് നശിക്കാണ്ട് കഴിയൂ, അല്ലേ?"

"അങ്ങന്നെ."

"അല്ല, ഞാൻ ദൊക്കെ പറഞ്ഞൂന്നേള്ളു. തറവാട്ടില് തലമൂത്തോരാണ് ആണായാലും പെണ്ണായാലും ഇതൊക്കെ നിശ്ചയ്ക്കണ്ട്. കുഞ്ഞിക്കാളേമ്മയ്ക്കാണ് ഒക്കേറ്റിനും അധികാരം."

"ഓനെ ഒരു നല്ല വഴിയ്ക്കാക്കണ്ട ഭാരം നിങ്ങക്കാണ്. ഒക്കെ നിങ്ങടെ കൈയിലാണി

നി.”

“അതില് ഒരു പരിഭ്രമും വേണ്ട. ഇത് കഴിഞ്ഞിട്ടേ കൊച്ചപ്പൻെറ കാര്യ്യാറപ്പിയ്ക്കൂ. വാക്കൊന്നും പറഞ്ഞുകഴിഞ്ഞിട്ടില്ല. മനസ്സോണ്ട് രണ്ടുട്ടരും കൂര്‍ട്ട്ട്ണ്ട്. അവരോടും, ഇവരോടായിത്തിരിശ്ശ്ലൊക്കെ പറഞ്ഞിട്ട്ണ്ട്. ഒക്കെ നിശ്ചയിക്കേണ്ടത് അതിലും നിങ്ങളാച്ചെലരാണ്.”

ശേഖരൻനായർ മടങ്ങുമ്പോൾ തുണയ്ക്കു കുമാരൻനായരും വിളക്കെടുത്തു കൂടെയിറങ്ങി.

അവർ പടി കടക്കുന്നതിനുമുമ്പു കുഞ്ഞിക്കാളിയമ്മ മകളോടു പറഞ്ഞു:

“എന്തൊക്കെ പറഞ്ഞാലും അയാളക്ക് കാര്യവിവരംണ്ട്.”

മകൾ ഒന്നും പറഞ്ഞില്ല.

“നീയെന്താടി മൊച്ച ചത്ത കൊററോൻെറന്തികുത്തിര്ന്ന് ആലോചിയ്ക്ക്ണ്?”

ആലോചനയിൽ മുഴുകിയിരുന്നു മകൾ.

“പാതിര ആവാറായി. അമ്മ കെടന്നോളൂ.”

ആണിപ്പുണ്ണുള്ള കാലുകൾ ഏന്തി വലിച്ചുകൊണ്ടു മകൾ കൊട്ടെണ്ണവിളക്കെടുത്തു പതുക്കെ നടന്നു.

അടുത്ത പ്രഭാതത്തിൽ ഗോവിന്ദൻകുട്ടി

എഴുന്നേറ്റു മുറ്റത്തുവന്നുനിന്നു കണ്ണു തിരു മ്മുമ്പോൾ ഒരാൾ പടികയറിവരുന്നതു കണ്ടു. നോക്കിയപ്പോൾ മാക്കുണ്ണിയാണ്.

"എന്തേ മാക്കുണ്ണ്യേ?"

"വല്യകമ്മള് ഒന്ന് ചെല്ലാൻ പറഞ്ഞു."

"എന്താ അടേ്യന്തരം?"

"അടേ്യനോട് ഒന്നും പറഞ്ഞില്ല. പെലച്ചയ്ക്ക് ണീറ്റ് പോവാൻ രാത്രി പറയ്യേ്വ."

"വൈകുന്നേരം വരാം. നീയ് പൊക്കോ."

"ഇപ്പത്തന്നെ വരാനാ പറഞ്ഞത്. പണിക്കാരു ണ്ടെങ്കിൽ അടേ്യനോട് ഇബടെ നിന്ന് കമ്മളെ അങ്ങേട്ടയയ്ക്കാനാ പറഞ്ഞ്."

ഗോവിന്ദൻകുട്ടിക്ക് ആലോചിച്ചപ്പോൾ ഒരു പിടിയും കിട്ടിയില്ല. എന്തെങ്കിലും അത്യാവശ്യ മായ ജോലി കണ്ടിട്ടുണ്ടാവും. പൂന്തോട്ടത്തിലെ കാര്യസ്ഥനാണല്ലോ താനിപ്പോൾ! ആലോചി ച്ചപ്പോൾ സംശയം ശരിയാണെന്നു തോന്നി. കൊച്ചപ്പന്റെ കല്യാണത്തിനുള്ള ഒരുക്കങ്ങൾ നടക്കുകയാവും. അതാവാനേ തരമുള്ളൂ.

മഞ്ഞുവീണു നനഞ്ഞ കതിരുകൾ അരുകിൽ തലചായ്ക്കുന്ന വരമ്പുകളിലൂടെ തണുത്ത പ്രഭാതത്തിൽ അയാൾ പൂന്തോട്ടത്തിലേക്കു

യാത്രയാരംഭിച്ചു.

# അദ്ധ്യായം നാല്

# 1

ഇളം ചുവപ്പുനിറം കലർന്ന ആദ്യകിരണങ്ങൾ വീണുതുടങ്ങുന്ന നേരത്തു ഗുരുതിപ്പറമ്പിനടുത്ത് അത്താണിയുടെ സമീപം നിർത്തിയ ഒറ്റക്കാളവണ്ടി പതുക്കെ ഇളകാൻ തുടങ്ങി.

കുഞ്ഞരയ്ക്കാരുടെ മുറ്റത്തിന്റെ അതിർത്തിയിലെ വേലിപ്പടർപ്പിൽനിന്ന് നെബീസു തല പുറത്തേക്കിട്ടു കൗതുകത്തോടെ നോക്കുന്നത് ഗോവിന്ദൻകുട്ടി കണ്ടു. അച്ചുതണ്ടിന്റെ അറ്റത്തു പാമ്പിൻപത്തിയുടെ ആകൃതിയിൽ തിരിച്ചിട്ട കുഴയാണിയുടെ തുമ്പിലെ ചെറിയ കുടമണികൾ കിലുങ്ങി. ചായം കയറ്റിയ വലിയ വട്ടക്കൊമ്പുള്ള വെള്ളക്കാളയുടെ വാലിൽ തിരുപ്പിടിച്ചു പല വികൃത ശബ്ദങ്ങളുമുണ്ടാക്കി വണ്ടിക്കാരൻ അത്തുണ്ണി മുഹമ്മദ് പറഞ്ഞു:

“കളിക്കണ്ട കാളേ. കളിക്കണ്ട അന്റെ പൊറം ഞാനിന്നു പൊളിക്കും.”

ഗ്രാമം പിന്നിട്ട് ഒഴിഞ്ഞ പാതയിലെത്തുന്നതു വരെ ഗോവിന്ദൻകുട്ടി ഒന്നും സംസാരിച്ചില്ല. വഴിവക്കിലെ അരയാലും കടവത്തെ സിമന്റുതിണ്ണയും പിന്നിലായപ്പോൾ അയാൾക്കൊരു തോന്നലുണ്ടായി: ഒരുപക്ഷേ, ഞാൻ ഇനി ഇവിടേക്കു തിരിച്ചുവരില്ല!

കാളവണ്ടിയുടെ അഴിക്കൂട്ടിൽ തലചായ്ച്ചുകൊണ്ടു മീനാക്ഷി കണ്ണടച്ചിരിക്കുകയായിരുന്നു. വിളറിയ മുഖത്തേക്ക് എണ്ണമിനുപ്പ് ഇറങ്ങിവരികയാണ്. പുലർച്ചയ്ക്ക് എഴുന്നേറ്റു കുളിച്ച്, രണ്ടിഴകൊണ്ട് അയച്ചുകെട്ടിയിട്ട മുടിയിൽനിന്ന് എള്ളെണ്ണയുടെ ഗന്ധം പൊങ്ങിയിരുന്നു. കിനിഞ്ഞിറങ്ങിവരുന്ന എണ്ണമിനുപ്പിൽ വലിയ സിന്ദൂരപ്പൊട്ടിന്റെ മുക്കാൽഭാഗവും അലിഞ്ഞുകഴിഞ്ഞു.

ചെറിയ ഇരുമ്പുപെട്ടിയുടെമേൽ കാൽമുട്ടുകൾ മടക്കിവെച്ചു തന്റെ സമീപമിരിക്കുന്ന ഈ വെളുത്തുമെലിഞ്ഞ പെൺകിടാവു തന്റെ ഭാര്യയാണ്! വിശ്വസിക്കാൻ ഞെരുക്കമായ ഒരു അദ്ഭുതസത്യംപോലെ അയാൾ അതു വീണ്ടും

വീണ്ടും ഓർമിച്ചു.

മനസ്സിൽ ദിവസങ്ങൾ കണക്കുകൂട്ടി. കഴിഞ്ഞ പന്ത്രണ്ടു ദിവസത്തിനിടയ്ക്ക് എന്തെല്ലാമാണ് സംഭവിച്ചത്?

മകരം ഏഴാം തീയതി രാവിലെയാ ണ് ശേഖരേട്ടൻെറ അടുത്തു ചെന്നത്. കൊച്ചപ്പൻെറ കല്യാണത്തിനുള്ള വല്ല ജോലി യും ഏറ്റുവാങ്ങാൻ വിളിച്ചതായിരിക്കുമെന്ന ഉറപ്പോടെയാണ് അങ്ങാടിയിൽച്ചെന്നത്. കുമാരേട്ടനെ വിളിക്കാൻ ആളെ വിട്ടപ്പോൾ അതൊന്നുകൂടി മനസ്സിലുറപ്പിച്ചു.

കുമാരേട്ടൻ വന്നു. രണ്ടുപേരും കുറേ സമ യത്തേക്ക് ഒന്നും പറഞ്ഞില്ല. അവസാനം ശേഖരേട്ടൻ കളപ്പുരയിലെ താമസവും കൃഷി പ്പണിയും സ്വത്തുനോക്കലും തൊട്ടു സംസാരം തുടങ്ങി. എന്നിട്ടെത്തിച്ചേർന്നത് ഇവിടെയായി രുന്നു.

എല്ലാം വ്യക്തമായി അയാൾ കേട്ടില്ല.

"അമ്മയും ഏട്ടനുമായി ആലോചിച്ച് ഒക്കെ വേണ്ടപോലെ ചെയ്യണം."

ശേഖരേട്ടൻ നീട്ടിയ പണം എണ്ണിനോക്കാതെ അയാൾ മടിയിൽ തിരുകി.

"നൂറു റുപ്പികണ്ട്. പണം തെകയാണ്ട് വന്നാ എന്നോടു വന്നു പറഞ്ഞോ, മടിക്കണ്ട. എനിക്ക് കൊച്ചപ്പനും നീയും തമ്മിലൊരു ഭേദം ല്യാ."

മനസ്സു വേണ്ടവിധത്തിൽ പ്രവർത്തിക്കാതായിരുന്നു. സംസാരിക്കാൻ കൈവശം വാക്കുകളൊന്നുമില്ല. താൻ പഴയ ആളല്ലാതായി മാറിക്കഴിഞ്ഞിരിക്കുന്നു. കേട്ടതും കണ്ടതുമൊന്നും പണ്ടത്തെ താനായിരുന്നുവെങ്കിൽ വിശ്വസിക്കുകയില്ല.

ചൂടു കൂടിവരുന്ന വെയിലിൽ നിരത്തിൽ അങ്ങാടിപ്പുരയുടെ വാതിലിനുമുന്നിൽ അയാൾ ഒരപരിചിതനെപ്പോലെ അന്തം വിട്ടുനിന്നു. അവിടെനിന്നു നോക്കിയാൽ ഇരുവശത്തും ഇടതിങ്ങിയ കവുങ്ങിൻതോട്ടങ്ങളുള്ള, ചെങ്കല്ലരച്ചുതേച്ച, വഴി പൂന്തോട്ടത്തിലെ പടിപ്പുരയിലേക്കു കയറിപ്പോകുന്നതു കാണാം. ആ കവുങ്ങിൻതോട്ടത്തിനു പിറകിൽ പൂന്തോട്ടത്തിലെ വലിയ വീട്ടിന്റെ ഏതോ ഭാഗത്തു പുകയൂതി കലങ്ങിയ കണ്ണുകൾ തിരുമ്മിക്കൊണ്ടു വെളുത്തുമെലിഞ്ഞ ഒരു പെൺകുട്ടി നില്ക്കുന്നുണ്ട്. ഇന്നേക്ക് ഒമ്പതാം ദിവസം അവൾ എന്റെ ഭാര്യയാവുന്നു. താഴത്തേതിലെ

ഗോവിന്ദൻകുട്ടി അവളെ കല്യാണംകഴിക്കാൻ പോകുന്നു!

വിശ്വസിക്കാൻ വയ്യ...

ഏതാനും നിമിഷങ്ങൾക്കു മുമ്പുവരെ ഒരിക്കലും മനസ്സിലേക്കു കടന്നുവന്നിട്ടില്ലാത്ത ഒരു ചിന്തയായിരുന്നു അത്; വിവാഹം. ധനുമാസത്തിലെ തിരുവാതിരക്കാറ്റടിക്കുന്ന തണുത്ത പുലർവേളകളിലും തുലാവർഷം ഇരമ്പിപ്പെയ്യുന്ന ഇരുണ്ട രാത്രികളിലും ഉടുത്ത മുണ്ടഴിച്ചു പുതച്ചു ചുളിപ്പിടിച്ചു കിടക്കുമ്പോൾ സ്ത്രീകളെപ്പറ്റി ഓർത്തുപോയിട്ടുണ്ട്. നിഗൂഢമായ ഒരു ആനന്ദത്തോടെ ഭംഗിയുള്ള ശരീരങ്ങളെ മനസ്സിൽ കണ്ടിട്ടുണ്ട്. പക്ഷേ, വിവാഹം കഴിഞ്ഞുള്ള, ഭാര്യയൊരുമിച്ചു താമസിക്കുന്ന ഒരു ചിത്രം മനസ്സിലൊരിക്കലും കണ്ടില്ല. കൊച്ചപ്പൻ രാജമ്മുവിനെ കല്യാണംകഴിക്കാൻ പോകുന്നുവെന്നു കേട്ടപ്പോൾകൂടി-കല്യാണം ഭാഗ്യം ചെയ്തവർക്കുള്ളതായിരിക്കും എന്നേ ധരിച്ചിരുന്നുള്ളു.

ദുഃഖിക്കണോ സന്തോഷിക്കണോ എന്നറിയാതെ ഒരു വിഡ്ഢിയേപ്പോലെ അന്നയാൾ വൈരപ്പൊടികൾപോലെ തിളങ്ങുന്ന മണൽ

ത്തരികളിൽ നോക്കിക്കൊണ്ടുനിന്നു. കടന്നു പോകുന്ന മനുഷ്യരാരും അപ്പോൾ തന്നെ കണ്ടാലറിയില്ല.

നേരെ വീട്ടിലേക്കു നടക്കാൻ മനസ്സുവന്നില്ല. അവിടെ അമ്മയും കുഞ്ഞ്യ്യാപ്പോളും കുമാരേട്ടനും എല്ലാം ചേർന്നു നിശ്ചയിച്ചുകഴിഞ്ഞതാണല്ലോ.അവരോടു പറയേണ്ടതായിട്ട് ഒന്നുമില്ല.

പാടത്തേക്കിറങ്ങി വയൽവരമ്പിലൂടെയുള്ള എളുപ്പവഴിക്കു പോകാതെ പാതയിലൂടെത്തന്നെ നടന്നു. വഴിക്കാരോ ചോദിച്ചു: “ആ, ഗോവിന്ദുട്ട്യാരോ, എപ്പ വന്നു?”

“ഇപ്പോ.”

“ങളിപ്പോ ഈ നാട്ട്വാരനല്ലാണ്ടായിരിക്യാ അല്ലേ?”

അതിനൊന്നും പറഞ്ഞില്ല.

വൈകുന്നേരം പെരുമ്പലത്തു മടങ്ങിയെത്തണം. നാലുദിവസം കഴിഞ്ഞാൽ മാക്കുണ്ണി വീണ്ടും വരും, ഒരാഴ്ച അവിടെ നില്ക്കാനുള്ള തയ്യാറോടെ. അപ്പോൾ ഗോവിന്ദൻകുട്ടിക്കു പോരാം. കളപ്പുരയിലേക്കു വേണ്ട പാത്രങ്ങളും സാധനങ്ങളുമെല്ലാം

പൂന്തോട്ടത്തിൽനിന്നു കൊടുത്തയയ്ക്കുന്നതാണ്. കല്യാണത്തിൻെറ മൂന്നാം ദിവസംതന്നെ അങ്ങോട്ടു താമസം മാറ്റണം. അന്നു നാളും പക്കവും നന്ന്. മകരം ഇരുപത്തിരണ്ടിനു കൊയ്ത്തു തുടങ്ങണം. അപ്പോഴേക്കു ഗോവിന്ദൻകുട്ടി അവിടെ തിരിച്ചെത്തിയിരിക്കണം.

"ഒരു സംഗതീലും നെനക്ക് ബുദ്ധിമുട്ടു വരില്ല. ഒക്കെ ഞാൻ ശ്രദ്ധിക്ക്ണ്ണ്ട്." ശേഖരേട്ടൻ പറഞ്ഞു.

"എന്താ ഇതില് നിയ്ക്കിത്ര വാശീം, താല്പര്യോംന്ന് ചോദിച്ചാ, കൊറച്ച്ണ്ട്. ദാനിക്ക്ണൂ നിൻെറ കാരണോര്. ചോദിച്ച് നോക്ക്. ഒക്കെ ഞാൻ പറഞ്ഞിട്ട്ണ്ട്."

കൊച്ചപ്പൻെറ കല്യാണം അടുത്തു നടത്തണം. അമ്മാമനിരിക്കേ മരുമകൻ കല്യാണം കഴിക്കുന്നതു തറവാട്ടുകാർക്ക് ഒരു വകയാണ്.

"ആ പെണ്ണാച്ചാൽ അന്യയല്ല. എൻെറാരു കാരണോരടെ കുട്ട്യാ. അതും ൻെറാരു ചുമതലേപ്പെട്ടതാന്ന് വെച്ചോ."

വരണ്ടു ശോഷിച്ചുകിടക്കുന്ന പുഴയി

ലേക്കു നോക്കിക്കൊണ്ട്, കടവത്തെ സിമൻറു തിണ്ണയുടെ സമീപംനിന്ന് അങ്ങാടിയുടെ മുകളിൽവെച്ചു കേട്ടതോരോന്നും വേർപെടുത്തിയെടുക്കാൻ മനസ്സ് ഒരു ശ്രമം നടത്തി.

"ഞാൻ പറേണെന്തി നടന്നാൽ അവനോനു തന്നെയാണു ഗുണം. നെൻെറ ജാതകം ഞാനാ നന്നാക്കാൻ പോണ്." ശേഖരേട്ടൻെറ വാക്കുകൾക്കു കനമുണ്ടായിരുന്നു.

അതു വീണ്ടും വീണ്ടും അയവിറക്കിയപ്പോൾ സ്വന്തമായി കുറച്ചു കൃഷിസ്ഥലവും ഒരു ചെറിയ വീടും ഉള്ള ഒരവസ്ഥ അയാൾ അകലത്തെങ്ങോ കണ്ടു.

കടവിനടുത്ത ആ സിമൻറുതിണ്ണയിൽ ഇരുന്നുകൊണ്ടു പല വൈകുന്നേരങ്ങളിലും സ്വയം ശപിച്ചിട്ടുണ്ട്. കഷ്ടപ്പാടുകളിൽനിന്ന് ഒരിക്കലും രക്ഷപ്പെടുകയില്ല! പക്ഷേ ജീവിതത്തിലിതാ ഇപ്പോൾ പട്ടിണി കിടക്കണ്ട. ഒരു വലിയ കൃഷിസ്ഥലത്തിൻെറ ഉത്തരവാദിത്തം മുഴുവനുള്ള ജോലിയുണ്ട്. നാളെ ഒരുപക്ഷേ, സ്വന്തമായി കുറച്ചുസ്ഥലം കൃഷിചെയ്യാൻ ഉണ്ടായെന്നു വരും. ശേഖരേട്ടൻ ഇത്രത്തോളം ഉദാരനാവുമെന്ന് ഒരിക്കലും കരുതിയതല്ല.

കുഞ്ഞരയ്ക്കാരുടെ പുരയിൽ കയറിയ ശേഷമേ വീട്ടിലേക്കു പോയുള്ളൂ. കുഞ്ഞരയ്ക്കാരെ കണ്ടു വിവരം പറയണമെന്നാണു കരുതിയത്. ഉമ്മറത്ത് ആരേയും കാണാഞ്ഞപ്പോൾ ഇറയത്തുനിന്നു ചുമച്ചു. വാതില്ക്കൽവന്ന് എത്തിനോക്കിയത് നെബീസുവായിരുന്നു. നെബീസു ചിരിച്ചുകൊണ്ട് പതുക്കെ ചോദിച്ചു:

"കല്യാണത്തിന്നു ഞമ്മളീം ബിളിക്കൂലേ?"

ആകെ ക്ഷീണിച്ചുപോയി. അപ്പോൾ കല്യാണകാര്യം നാട്ടിൽ മുഴുവൻ തനിക്കുമുമ്പേ പരന്നിരിക്കുന്നോ?

തിത്തുമ്മ അകത്തുനിന്നു സംസാരിച്ചുകൊണ്ടാണു വന്നത്:

"പെരുമ്പലത്ത്കാരിക്ക് ഞമ്മടെ കുടീലിയ്ക്കുള്ള വഴിയൊക്കെ അറിയോ്വാ പ്പളും?"

അയാൾ കോലായിലേക്കു കയറി. "എടുത്തു കുഞ്ഞരയ്ക്കാര്?"

"വാഴേപ്പോയതാവ്വും. ഇത്തറനേരം ഇബടത്തന്നെണ്ടായ്ര്ന്ന്. ഇര്ക്കീന്നും."

"ഇരിക്ക്ണില്യ."

"കല്യാണത്തിന്റെ തെരക്കാ?"

"ഹേയ്, ഞാൻ വര്ണ വഴിയാ. വീട്ട്ക്കേറീട്ടില്യ."

വേഗം പോന്നാൽ മതിയെന്നുണ്ടായിരുന്നു. വാതിലിനപ്പുറം നെബീസുവിൻെറ നിഴൽ ചുറ്റിപ്പറ്റിനില്ക്കുന്നതു കണ്ടു.

"ഞാനിപ്പോ എറങ്ങ്ണു. അട്ത്തുന്ന് ഒരു കത്തയച്ചിട്ട്ണ്ട് ഞാൻ. മറുപടി വന്നിട്ടില്ല. ഇന്നൊന്നുംകൂടി എഴ്ത്ണ്ണ്ട്."

ധൃതിയിൽ പുറത്തിറങ്ങിയപ്പോൾ തിത്തുമ്മ പറഞ്ഞു: "നായരുട്ടീടെ ഒരു ബെറി നോക്ക്യാണി!"

അയാൾ തിരിഞ്ഞ് ഒരു വിഡ്ഢിച്ചിരി ചിരിച്ചു വേഗം നടന്നു.

വീട്ടിൽ വിചാരിച്ചപോലെ തിരക്കും ബഹളവും കണ്ടില്ല.

അങ്ങാടിയിൽനിന്നു തിരിച്ചെത്തിയ കുമാരേട്ടൻ പൊട്ടിപ്പൊളിഞ്ഞ ചാരുപടിമേൽ കുനിപ്പിടിച്ച് ഇരിക്കുകയാണ്. കുഞ്ഞ്യോപ്പോള് ഒന്നും സംഭവിക്കാത്തപോലെ ഏന്തിവലിഞ്ഞു നടന്നു ജോലിചെയ്യുന്നു. അമ്മ മാത്രമാണു കല്യാണത്തിൻെറ കാര്യത്തെപ്പറ്റി ഇടയ്ക്കോരോന്നു പറഞ്ഞിരുന്നത്.

“പാറുക്കുട്ടീം കുട്ട്യോള്യേം കണ്ട് ഒന്നു പറഞ്ഞിയ്ക്ക്. ഇവടെ സദ്യേം, കോപ്പൊന്നും ഇല്ല്യെങ്കിലും പറേണ്ടതും വിളിക്കണ്ടതും ചുമതലയാണ്. സ്വത്തും കളോം ഒന്നും ഇല്ല്യെങ്കിലും അതും ൻെറ വയറ്റിൽ പൊട്ടീതന്ന്യാണല്ലോ”

കുമാരേട്ടൻെറ സമീപത്തു ചെന്നു പറഞ്ഞു:

“ശേഖരേട്ടൻ തന്ന ചില്ലാനംകൊണ്ട് എന്തൊക്ക്യ ചെയ്യണ്?”

അപ്പോൾ തീരെ പ്രതീക്ഷിക്കാത്തവിധം കുമാരേട്ടൻ കയർത്തു: ആവോ. ഒക്കെ ശേഖരേട്ടനറിയാലോ? ചോദിച്ചു നോക്കായ്ര്ന്നില്ലേ?”

ഗോവിന്ദൻകുട്ടി വിഷണ്ണനായി നിന്നു. കുന്തിച്ചിരുന്നു ചാരുപടിമേൽ നഖംകൊണ്ടു വരയ്ക്കുകയും കുറിക്കുകയും ചെയ്തു. കുമാരേട്ടൻ പറഞ്ഞു:

“ശേഖരേട്ടന് നാട്ട്വാരടെ മുമ്പില് യോഗ്യത കാട്ടണം. അല്ല്യേൻെറ കല്യാണം നടത്തിക്കൊടുത്തത് താനാ. അത് പത്താളോട് പറഞ്ഞാലേ തൻെറ പ്രമാണിത്തത്തിന് മത്യാവ്ള്ളു. ശേഖരേട്ടനു വേറീം കാര്യംണ്ടാവുംന്ന് വെച്ചോ.

ഇബടെ നാലാളെ വിളിയ്ക്കണ്ടേ? പത്തും പെലള്ള വീട്ട്വാരെങ്കിലും വിളിച്ച് ഒരു നേരം ശാപ്പാടു കൊടുക്കണ്ടേ? അതിന് ഞാനാരോടൊക്ക്യാ കയ്യ് കാട്ടണ്ട്!"

ആരോടും കയ്യ് കാട്ടണ്ട എന്നുമാത്രം അരിശത്തോടെ പറഞ്ഞു.

വൈകുന്നേരം മടങ്ങുമ്പോൾ ശേഖരേട്ടനെ കണ്ടു വിവരം പറഞ്ഞു.

മാക്കുണ്ണിയെ കളത്തിലാക്കി, മാണിയൂരിൽ പോയി ഉടപ്പിറന്നവളെ കണ്ടു വിവരം പറഞ്ഞു മടങ്ങിവന്ന ദിവസം മാധവിയേടത്തി അഞ്ചു പറ അരി കൊടുത്തയച്ചിരുന്നു. റാവുത്തരുടെ പീടികയിൽനിന്ന് അങ്ങാടിസ്സാമാനങ്ങൾ പിടിപ്പതും വന്നുചേർന്നു. ശേഖരേട്ടൻ അന്വേഷണം നടത്താൻ രണ്ടുതവണ വീട്ടിൽവന്നു.

പത്തുപന്ത്രണ്ടുപേരെ മാത്രമേ വിളിച്ചിരുന്നുള്ളു പുറപ്പെട്ടുപോകാൻ. മീനാക്ഷിയുടെ വീട്ടിലെ ചെലവുകളെല്ലാം നടത്തിയതു ശേഖരേട്ടനായിരുന്നു.

-കാളവണ്ടി ഒന്നു കുലുങ്ങിയപ്പോൾ മീനാക്ഷി ഇരുന്നേടത്തുനിന്നു ചെരിഞ്ഞുപോയി. അഴിക്കൂടിലെ കയറ്റുകണ്ണിയിൽ പിടിച്ച അയാ

ളുടെ കൈത്തണ്ടയിൽ ഒരു നിമിഷം അവൾ ചാഞ്ഞിരുന്നു. അവൾ മുഖമുയർത്തി നോക്കി. ഗോവിന്ദൻകുട്ടി ചിരിച്ചു.

"ഒറക്കം തൂക്ക്വോണോ?"

അവൾ ചിരിച്ചില്ല. കണ്ണുകളിൽ ക്ഷീണം ഉറഞ്ഞുകൂടിനില്ക്കുന്നു. കരഞ്ഞുകഴിഞ്ഞ ഭാവമായിരുന്നു വിളറിയ മുഖത്ത്. മാധവി യേടത്തിയുടെ കൂടെ വീട്ടിൽ വന്നപ്പോഴും പൂന്തോട്ടത്തിലെ പുറത്തെ വാതില്ക്കൽവെച്ചു കണ്ടപ്പോഴും കല്യാണം കഴിഞ്ഞ രാത്രിയിൽ മുറിക്കകത്ത് അവർ തനിച്ചായപ്പോഴുമെല്ലാം ദുഃഖത്തിന്റെ ആ നിഴൽപ്പാട് അവളുടെ മുഖത്ത് അയാൾ ശ്രദ്ധിച്ചതാണ്.

കഴിഞ്ഞ മൂന്നു രാത്രികളിൽ അവരൊരുമിച്ചായിരുന്നു.

കല്യാണം കഴിഞ്ഞ ദിവസം:

തെങ്ങുകളുടെ ഇട പയറ്റുകണ്ടങ്ങളാക്കിയ ചെറിയ പറമ്പിന്റെ നടുവിൽ മൺചുമരുകളുള്ള ചെറിയ വീട്ടിൽ അയാൾ അന്തിയുറങ്ങി. ആളുകൾ പിരിഞ്ഞുപോയപ്പോൾ നേരം വളരെ വൈകിയിരുന്നു. പുറത്തു തണുപ്പുള്ള രാത്രി. ചെറിയ ഒരഴിക്കൂടു മാത്രമുള്ള ആ

മുറിയിൽ വല്ലാത്ത ഉഷ്ണം തോന്നി. ദാഹിച്ചു. പ്രായംചെന്ന രണ്ടു സ്ത്രീകൾ  അവളെ ഉന്തി ത്തള്ളി മുറിക്കുള്ളിലാക്കിയപ്പോൾ, അവളേക്കാ ളും പരിഭ്രമവും പാരവശ്യവും അയാൾക്കായി രുന്നു. നീണ്ട കുഴലുള്ള മേശവിളക്കിൻെറ വെളിച്ചത്തിൽ കറുത്ത പുള്ളികളുള്ള വെളുത്ത സില്ക്കുബ്ലൗസും കറുപ്പുകര മുണ്ടും വീതിയു ള്ള കസവുകരയിട്ട വേഷ്ടിയുമായി അവൾ നിന്നു. ഒരു കുറ്റം ചെയ്യുന്ന സംഭ്രമത്തോടെ അയാൾ അവളെ സൂക്ഷിച്ചുനോക്കി. ആദ്യം കണ്ണിൽപ്പെട്ടതു വിളറിയ മുഖത്തെ തിളങ്ങുന്ന കണ്ണീർച്ചാലുകളാണ്.

ഒന്നും സംസാരിക്കാൻ തോന്നിയില്ല. ഇളകി യാൽ കാലുകൾ ബഹളം കൂട്ടുന്ന പഴയ ഒരൊ റ്റക്കട്ടിലിൽ അവർ കിടന്നു.

മുറി ഇരുണ്ടപ്പോൾ പുറത്തു കൈവെച്ച് അയാൾ പതുക്കെ വിളിച്ചു: “മീനാക്ഷീ!”

അതിനു മറുപടി ഒരു തേങ്ങലായിരുന്നു. തളർന്ന നിസ്സഹായതയോടെ അവളുടെ ശരീ രം ഉരുമ്മാത്തവിധം അയാൾ കണ്ണടച്ചുകിടന്നു. പലതും ആലോചിച്ചുപോയി. ആ തേങ്ങലുകൾ കേട്ടു കേട്ടാണ് അയാൾ കണ്ണടച്ചത്.

പിറ്റേന്നു രാവിലെ കുഞ്ഞേട്ട്യാപ്പോളാണു കൂട്ടിക്കൊണ്ടുപോകാൻ വന്നത്. അന്നുച്ചയ്ക്കു വീട്ടിൽ ചെറിയതോതിൽ ഒരു സദ്യയുണ്ടായിരുന്നു.

താഴത്തേതിലെ മുകളിലെ മുറിയിൽ കിടക്കാൻ ചെന്നപ്പോൾ അയാൾക്ക് പരിഭ്രമമുണ്ടായില്ല. തൻെറ ലോകത്തിൽ തിരിച്ചെത്തിയ ധൈര്യവും ആത്മവിശ്വാസവും തോന്നി.

അന്നവൾ കോലൻചെമ്പിൽ വെള്ളമെടുത്തു വന്നപ്പോൾ മുഖത്തു കണ്ണീർച്ചാലുകൾ കണ്ടില്ല. അടുത്തു കിടക്കുമ്പോൾ തേങ്ങലുകൾ കേട്ടതുമില്ല. പക്ഷേ, അവളുടെ വിളറിയ മുഖത്തെ കരഞ്ഞുകുതിർന്ന ഭാവം എപ്പോഴും അയാൾ ശ്രദ്ധിച്ചു.

സംസാരിക്കാൻ ഒന്നുമുണ്ടായിരുന്നില്ല.

"മറ്റന്നാൾ രാവിലെ നേർത്തെപ്പോണം."

ഉത്തരമില്ല.

"കൊണ്ടോവാനുള്ള സാധനൊക്കെ നേർത്തെ നാളെ വൈകുന്നേരം തന്നെ ഒരുക്കി വെച്ചോളൂ."

അവൾ എല്ലാം നിശ്ശബ്ദം കേട്ടു.

"കാളവണ്ടി അയയ്ക്കാംന്ന് പറഞ്ഞിട്ട്ണ്ട്

ശേഖരേട്ടൻ."

"എന്താ ഒന്നും പറയാത്തത്?"

"ഉം. ഉം."

കുതറി മാറുന്നതിനുമുമ്പേ അവളെ മൃഗീയശക്തിയോടെ വാരിയടുപ്പിച്ച് അയാൾ അരിശമടക്കി ചോദിച്ചു: "നിനക്കെന്താ മീനാക്ഷീ സുഖല്ല്യേ?"

"ഒന്നൂല്ല്യ."

അവൾ വീണ്ടും തേങ്ങാനും കരയാനും ആരംഭിക്കുന്നുവെങ്കിൽ തനിക്ക് അരിശം നിയന്ത്രിക്കാനാവില്ല.

അതു രണ്ടാമത്തെ രാത്രിയായിരുന്നു. താൻ ഭർത്താവായ രാത്രി.

വണ്ടിക്കാരന്റെ തലയ്ക്കു മുകളിലൂടെ പുറത്തേക്കു നോക്കിയിരിക്കുന്ന ഭാര്യയുടെ മുഖത്തുനിന്ന് അയാൾ കണ്ണെടുത്തില്ല. അവൾ നെറ്റിയമർത്തിത്തടവി, കണ്ണിറുക്കിയടച്ചു തുറന്നപ്പോൾ ഗോവിന്ദൻകുട്ടി ചോദിച്ചു:

"എന്താ സുഖല്ല്യേ?"

"ഒന്നൂല്ല്യ."

പൂഴിമണൽ ആഴത്തിൽ താണു കിടക്കുന്ന പാതയായിരുന്നു. വണ്ടിച്ചക്രങ്ങൾ

അരഞ്ഞരഞ്ഞാണ് നീങ്ങിയിരുന്നത്. വടക്കെപ്പുഴയുടെ മറുകരയിലെ കുന്നിൻചെരുവിലെവിടെയോ നിന്നു തീയും പുകയുമുയരുന്നതു കാണാമായിരുന്നു.

അയാൾ ഒരു ബീഡി കത്തിച്ചു.

വിജനമായിരുന്നു വഴി. ചാക്കുവിരിമേൽ ഊന്നിയ അവളുടെ കൈത്തലം പൊക്കി അയാൾ പതുക്കെ തടവി. വിരലുകൾക്കു താഴെ ചെറിയ തഴമ്പുകൾ വീണിരിക്കുന്നു. പൂന്തോട്ടത്തിലെ ജോലികൾ മുഴുവൻ ചെയ്തിരുന്നത് അവളാണ്. മാധവിയേടത്തി പണിയെടുപ്പിച്ചിട്ടാണ് ഇവളിത്ര ക്ഷീണിച്ചുപോയത്. നനയെത്താതെ വാടിയ മേടത്തിലെ കവുങ്ങിൻ പൂക്കുലപോലെ വിളറിയിരിക്കുന്നു. അയാൾക്കു വേദന തോന്നി. കളപ്പുരയിലെത്തിയാൽ നിനക്കൊരു പണിയും ചെയ്യേണ്ടിവരില്ല. അവിടെ സഹായത്തിനു തള്ളയുണ്ട്. പണിയെടുപ്പിച്ചാൽ മതി. നീ സുഖമായിരിക്കാൻ പോകുന്നു....

നനുത്ത സാരിയും ചുവന്ന കല്ലുകൾ വരിയായി പതിച്ച ആഭരണങ്ങളും കാതിൽ മന്ദാരമൊട്ടുകൾപോലെയുള്ള ലോലാക്കുകളുമില്ലെങ്കിലും എന്തു ചന്തമാണു കാണാൻ...

കുറച്ചുകാലം കഴിയട്ടെ. നിനക്കു വേണ്ടതെല്ലാം ഞാൻ തരുന്നുണ്ട്. എന്നി തുടു ത്ത നിറമുള്ള സാരിയും വാഴക്കുടപ്പന്റെ ഇളം പോളപോലെയുള്ള ജാക്കറ്റും ധരിച്ചു കഴു ത്തിൽ തിളങ്ങുന്ന ഒരാഭരണവും മുഖത്തു പൗഡറിന്റെ നേർത്ത വെളുപ്പും നനുത്ത സുഗന്ധവുമായി ഒരിക്കൽ നിന്നെ ഒന്നു കാണണം.

(കൊച്ചപ്പൻ വക്കീലിന്റെ ഭാര്യയേക്കാളും സുന്ദരിയായിരിക്കും നീ, പെണ്ണേ).

നേരിയ തഴമ്പുകൾ നുള്ളിക്കൊണ്ട് അയാൾ സ്വപ്നം കാണുമ്പോൾ അവൾ ചിരിക്കാൻ ശ്രമി ച്ചു. കണ്ണുകളുടെ താഴത്തെ നിഴൽപ്പാടുകളിൽ അയാളുടെ നോട്ടം ചെന്നുനിന്നപ്പോൾ അവൾ വീണ്ടും നെറ്റി തടവി പുറത്തേക്കു നോക്കി.

വണ്ടിക്കാരൻ കിഴവനെ ഒന്നു സംശയത്തോ ടെ നോക്കിയശേഷം ഗോവിന്ദൻകുട്ടി വീണ്ടും ചോദിച്ചു:

“എന്താ സുഖംല്യേ?”

“തലവേദന.”

നേരത്തെ എഴുന്നേറ്റ് എണ്ണതേച്ചു കുളിച്ചതു കൊണ്ടാവും.

പെരുമ്പലത്തെ അങ്ങാടിയും പാടത്തിന്റെ കരയിലെ വട്ടച്ചുമരുള്ള ശിവക്ഷേത്രവും ദൂരെക്കണ്ടു. ഓവുപാലം കടന്നപ്പോൾ ഗോവിന്ദൻകുട്ടി വണ്ടിക്കാരനോടു പറഞ്ഞു:

"ആ അത്താണീടെ അടുത്ത് നിർത്തിക്കോളൂ."

ശാഖകൾ പാമ്പുകളെപ്പോലെ വളഞ്ഞു പുളഞ്ഞു വികൃതരൂപത്തിലായ മാവിന്റെ ചുവട്ടിൽ വണ്ടിനിന്നു. ഗോവിന്ദൻകുട്ടി ആദ്യം ഇറങ്ങി. ചെറിയ ഇരുമ്പുപെട്ടി അത്താണിക്കു മുകളിൽ വെച്ചു.

മന്നമ്പള്ളി മഹൻ വാസുദേവൻനമ്പൂതിരി വക എന്ന് അത്താണിയുടെ പള്ളയ്ക്കു കരിങ്കല്ലിൽ കൊത്തിയ അക്ഷരങ്ങൾ ആരോ ചുവന്ന വെട്ടുകല്ലുകൊണ്ട് ഉരച്ചു തെളിയിക്കാൻ ഒരു ശ്രമം നടത്തിയിട്ടുണ്ട്.

"ചവിട്ട്ണ പടില്യ. എറങ്ങുമ്പോ സൂക്ഷിച്ചോളൂ."

മീനാക്ഷി താഴെയിറങ്ങി.

വണ്ടിക്കാരൻ മാപ്പിള വണ്ടി തിരിച്ചുനിർത്തി. ഗോവിന്ദൻകുട്ടി മടിയിൽ തപ്പാൻ തുടങ്ങിയപ്പോൾ അയാൾ പറഞ്ഞു: "അത് അവടന്ന് വാങ്ങിക്കോളാം."

"കൂല്യല്ല. പോവുമ്പോ ചായ കുടിച്ചോ."

രണ്ടണ കൊടുത്തപ്പോൾ അത്തുണ്ണിമുഹമ്മദിനു സന്തോഷമായി.

അത്താണിയുടെ സമീപം നിന്നുകൊണ്ട് അയാൾ മീനാക്ഷിക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു.

"അതാ, അവിടെയാണ് കളപ്പെര. ആ ഏത്തക്കാല് കാണ്ണില്യേ, അതിൻെറ തൊട്ട്ള്ളതൊക്കെ പൂന്തോട്ടത്ത്ക്കാരുടെ നെലാ. മറ്റെ ഒടീലുംണ്ട് കൊറെ."

വരമ്പത്തേക്കുള്ള മുളമ്പടി അയാൾ കയറിക്കടന്നു. പെട്ടി താഴെവെച്ചു പടിയുടെ അഴികൾ ഒരു വശത്തേക്കു നീക്കി, മീനാക്ഷിക്കു കടക്കാൻ.

കളപ്പുരയിൽ അടിക്കലും കോരലും കഴിഞ്ഞു തള്ള കാത്തുനില്ക്കുകയായിരുന്നു. മാക്കുണ്ണിയിൽനിന്നു ചെറുമക്കളെല്ലാം അറിഞ്ഞിട്ടുണ്ട്, ചെറ്യമ്പ്രാൻ തനിച്ചല്ല വരുന്നതെന്ന്.

തള്ള മീനാക്ഷിയെ ഏറ്റുവാങ്ങി അകത്തേക്കു കൊണ്ടുപോയി. ഗോവിന്ദൻകുട്ടി കല്യാണത്തിനായി പട്ടാമ്പിയിൽ പോയി തുന്നിച്ച നീല ഷർട്ടഴിച്ച് ഉത്തരത്തിനടുത്ത വളയിൽ തൂക്കി.

ഇടങ്ങഴി അവിൽ വെള്ളമുറത്തിൽ ചൊരിഞ്ഞു കാഴ്ചവെച്ചു കാരിച്ചെറുമൻ പഞ്ചായത്തു തുടങ്ങാൻ തയ്യാറായി തൊഴുത്തിൻകോലായിൽ പരുങ്ങിനിന്നു.

ഗോവിന്ദൻകുട്ടി മാക്കുണ്ണിയെ വിളിച്ചു പറഞ്ഞു:

“മാക്കുണ്ണി ഇപ്പത്തന്നെ പൊയ്ക്കോ. അവടെ ആള്ല്യാണ്ടു ബുദ്ധിമുട്ട്ണ്ട്ന്ന് പറഞ്ഞിരിക്ക്ണു ശേഖരേട്ടൻ.”

“ഇമ്പ്രാളം വന്ന തെവതായിട്ട് പണിക്കാർക്കു ചോറ്ല്യേ ചോയ്ക്കീൻ ചേനാരെ.”

കാരി മാക്കുണ്ണിയോട് ഒരു ശുപാർശ പറഞ്ഞു.

“കൊയ്ത്ത് കഴ്യേട്ടെടോ. പുത്തരിക്ക് എല്ലാ പണിക്കാർക്കും ചോറ്ണ്ട് കളപ്പെരേന്ന്.” ഗോവിന്ദൻകുട്ടി കാരിക്കു വാക്കു കൊടുത്തു.

ഗോവിന്ദൻകുട്ടി പാടത്തിറങ്ങി ഒന്നു നടന്നു നോക്കി. കൊയ്യാൻ വൈകിയിരിക്കുന്നു. ഇനി നിർത്തിയാൽ മണി കൊഴിയാൻ തുടങ്ങും. ഒരാഴ്ചകൊണ്ടു കൊയ്ത്തും മെതിയും കഴിക്കണം. കൊയ്ത്തുകാരെ ഏർപ്പാടുചെയ്യാൻ ചെറുമക്കളെ ഏല്പിച്ചു. സ്ഥിരംപണിക്കാരെക്കൊ

ണ്ടു മാത്രമാവില്ല.

അകത്തുകടന്ന് എന്തോ തിരയുന്ന ഭാവത്തിൽ തട്ടിത്തടഞ്ഞുനിന്നപ്പോൾ അടുക്കളയിൽ പാത്രങ്ങൾ ശബ്ദിക്കുന്നതു കേട്ടു. പുറത്തു മുറ്റത്തു വിറകു കൊത്തിച്ചീന്തുന്ന മാണിത്തള്ള അടുക്കളവാതില്ക്കലേക്കു തോരാതെ സംസാരിക്കുന്നുമുണ്ട്.

ആഹ്ലാദംകൊണ്ട് ഒന്നട്ടഹസിക്കാൻ തോന്നി, ഗോവിന്ദൻകുട്ടിക്ക്. തനിക്കൊരു കുടുംബമുണ്ടായിരിക്കുന്നു. അടുക്കളയിൽ ചെന്നു മീനാക്ഷി ജോലിചെയ്യുന്നതു നോക്കിനില്ക്കാൻ ഒരു കൊതി തോന്നി. മാണിത്തള്ള വല്ലതും പറയുമോ എന്ന ഭയംകൊണ്ടു വേണ്ടെന്നുവെച്ചു.

വീണ്ടും പുറത്തേക്കു പോകാൻ ഭാവിച്ചപ്പോൾ മീനാക്ഷിയുടെ ശബ്ദം കേട്ടു:

"നിൽക്കു."

"ഉം?"

പാലൊഴിക്കാത്ത കാപ്പിയും അലുമിനിയത്തട്ടിൽ ആവി പറക്കുന്ന ഉപ്പുമാവുമായി മീനാക്ഷി നില്ക്കുന്നു. രാവിലെ ഒന്നും കഴിച്ചിട്ടില്ലെന്ന കാര്യം അപ്പോഴാണ് ഓർമവന്നത്.

"പാലില്ലാത്ത കാപ്പ്യാണ്."

"പാല് നാളെത്തൊട്ട് ഉരീരിശ്ശെ കൊണ്ടരാൻ തള്ളോട് ഏല്പിച്ചിക്ക്. അകത്തു സാധനങ്ങളെന്തെങ്കിലും വേണ്ടത്ണ്ടോ?"

"ഒക്കെണ്ട്."

പത്തായപ്പുറത്തു കാപ്പിയും വെച്ചു.

"തലവേദന എങ്ങനെണ്ട്?"

"സാരംല്യ."

"നീ വല്ലതും കഴിച്ചോ?"

"ഉം ഉം."

"കൊറച്ചു കാപ്പി ചുടുക്കനെ കുടിക്കായ്ര്ന്നില്ലേ? തലവേദനയ്ക്കു നല്ലതാ."

"കുടിച്ചോളാം."

കാപ്പി കുടിച്ചുതീരുന്നതിനുമുമ്പു ചെറുമക്കളാരോ മുറ്റത്തുനിന്നു വിളിച്ചു:

"ചെര്യമ്പ്രാ!"

"ദാ വര്ണു."

"ചെര്യേ കണ്ണപ്പൻമൂരിക്കു വായക്കുരുപ്പാന്ന്യാ തോന്ന്ണ്. വെള്ളം കുടിയ്ക്ക്ണില്യ. വൈക്കോലും തിന്ന്ണ്ല്യ."

തൊഴുത്തിൽച്ചെന്നു നോക്കി, കാടിവെള്ളം കോരിക്കൊടുക്കാനുള്ള കുമ്പമന്വേഷിച്ചു വീണ്ടും അകത്തു വന്നപ്പോൾ പുറത്തു

നിന്ന് ഓക്കാനിക്കുന്ന ശബ്ദം കേട്ടു. അടുക്കളയിലൂടെ പുറത്തേക്കു കടന്നു വന്നപ്പോൾ ഇറയത്തു കുന്തിച്ചിരുന്ന് മീനാക്ഷി ഛർദ്ദിക്കുന്നു.

തള്ളയെ കാണാനില്ലല്ലോ.

ഇടതുകൈകൊണ്ട് ഒരു ചുമൽ അമർത്തിപ്പിടിച്ചു പിന്നിൽ മുട്ടുകുത്തിയിരുന്ന്, അയാൾ പുറം തടവിക്കൊടുത്തു.

"തലവേദനകൊണ്ടാ ഛർദ്ദി. സാരല്യ. ചെർമ്മച്ചെക്കനെ വിട്ട് ത്തിരി ലേഹം കൊണ്ടരാൻ പറയാം."

"വേണ്ട."

മുഖം കഴുകി കുലുക്കുഴിഞ്ഞ് മീനാക്ഷി അകത്തേക്കു വന്നപ്പോൾ അയാൾ പരിഭ്രമം പുറത്തുകാട്ടാതെ ചോദിച്ചു:

"കെടക്കണോ? സുഖം ല്യങ്കിൽ ഒരുഭാഗത്തു കെടന്നോളു. തള്ളോട് വെയ്ക്കാൻ പറഞ്ഞാൽ പ്പോരെ?"

"സാരംല്യ."

ഉച്ചയ്ക്ക് മീനാക്ഷി ഭക്ഷണം കഴിച്ചില്ല. വേണ്ടെന്നു ശഠിച്ചുവെങ്കിലും അയാൾ നിർബന്ധിച്ചു കഞ്ഞിക്കിണ്ണത്തിൻെറ മുമ്പിൽ പിടി

ച്ചിരുത്തി. വീണ്ടും ഛർദ്ദി വന്നു.

നേരം വൈകുന്തോറും ഗോവിന്ദൻകുട്ടിയുടെ പരിഭ്രമം വർദ്ധിക്കുകയായിരുന്നു. രാത്രിയിൽ അധികരിക്കാഞ്ഞാൽ മതി. പകലാണെങ്കിൽ വിളിച്ചതും പറഞ്ഞതും കേൾക്കാൻ എത്ര വേണമെങ്കിലും ആളുണ്ട്. ഒരു വൈദ്യനെ വിളിച്ചുകൊണ്ടുവരാമെന്നു പറഞ്ഞപ്പോൾ അവൾ പറഞ്ഞു: സാരമില്ല, ഒക്കെ മാറിയെന്ന്.

വൈകുന്നേരം അങ്ങാടിയിൽ പോയപ്പോൾ വൈദ്യശാലയിൽ കയറി. വൈദ്യനല്ലെങ്കിലും ഉടമസ്ഥൻ മാപ്പിളയ്ക്കു കുറച്ചൊക്കെ വിവരമുണ്ട്. ഇരിമ്പിളിയത്തെ വൈദ്യന്മാരുടെ വീട്ടിൽ മരുന്നുണ്ടാക്കുന്ന പണിയിൽ കുറേക്കാലമുണ്ടായിരുന്നുവത്രേ. ഒരു ഗുളികയും പൊടിയും തന്നു. ചെറുമച്ചാളകൾ നില്ക്കുന്ന പറമ്പിന്റെ താഴെനിന്ന് ഒരു മുരട് ഇഞ്ചി പറിച്ചെടുത്തു. വീട്ടിലെത്തിയപ്പോൾ സന്ധ്യയായിരുന്നു.

വിളക്കു കത്തിച്ചിട്ടില്ല. അകത്തുനിന്ന് ഒച്ചയും അനക്കവും കേട്ടില്ല. തളത്തിൽ കടന്നപ്പോൾ നിലത്തു പായവിരിച്ച് മീനാക്ഷി കമിഴ്ന്നു കിടക്കുന്നതാണു കണ്ടത്.

കാൽപ്പെരുമാറ്റം കേട്ടപ്പോൾ അവൾ എഴു

ന്നേറ്റു. അയാൾ തീപ്പെട്ടിയുരച്ചു മുട്ടവിളക്കു കത്തിച്ചു ചുവരിലെ ആണിയിൽ തൂക്കി.

"എണീയ്ക്കണ്ട, കെടന്നോളൂ."

അയാൾ മടിയിൽനിന്ന് പൊതിയെടുത്തു: ''ഈ ഗുളിക ഇപ്പൊത്തന്നെ ഇഞ്ചിനീറ്റില് ചാലിച്ചു കഴിച്ചോളൂ. ദാ ഇഞ്ചി. പൊടി ഊണിൻെറ മീതെ മോര്ല് കലക്കിക്കുടിക്കാനാ പറഞ്ഞത്. ഹെന്താ മീനാക്ഷി?"

മീനാക്ഷി കരയുകയായിരുന്നു.

"എന്തേ? എന്തേ?"

ചുമലിലൂടെ കൈയിട്ടു പിടിച്ച് അടുപ്പിച്ചുനിർത്തിയപ്പോൾ അവൾ മുഖംപൊത്തിക്കൊണ്ടുനിന്നു തേങ്ങി.

"എന്തേ, പറയുന്ന്. പറയൂ..."

അയാളുടെ സ്വരം പതറിയിരുന്നു. നനഞ്ഞ മുഖത്തുനിന്നു കൈകൾ പിടിച്ചുമാറ്റി അയാൾ വീണ്ടും വീണ്ടും ചോദിച്ചു.

ക്ഷമ നശിക്കുകയായിരുന്നു....വ്യസനവും നിസ്സഹായതയും കലർന്നുണ്ടായ പരുഷതയോടെ അയാൾ അല്പം ഉറക്കെ പറഞ്ഞു:

"മുഹൂർത്തത്തിൻെറ സമയംമുതല് നെന്നെ കാണുമ്പോഴൊക്കെ ഇതാണ്. എന്താച്ചാൽ

എന്നോട് പറഞ്ഞൂടെ? അതിനല്ലേ ഞാൻ–"

വാഴക്കൂമ്പ് ഒടിഞ്ഞുവീഴുന്നതുപോലെ അവൾ പായിലേക്കു താണു. എന്താണ് നടക്കുന്നതെന്നു മനസ്സിലാവാൻ ഇടകിട്ടുന്നതിനുമുമ്പു കാലടികളെ കൈകൾ ചുറ്റിക്കഴിഞ്ഞിരുന്നു. നനവുള്ള മുഖം കാലടികൾക്കിടയിൽവെച്ച് ഉറക്കെ ഉറക്കെ തേങ്ങുന്നതിനിടയിൽ മീനാക്ഷി പറഞ്ഞു:

"എന്നെ കൊന്നോളൂ–എന്നെ കൊന്നോളൂ."

## 2

**രാ**ത്രി.

തൊടിയുടെ അതിർത്തിയിലെ പുളിമരത്തിന്റെ കടുപ്പമേറിയ തടിയിൽ മൂർച്ചയുള്ള കത്തികൊണ്ട് ആഴത്തിൽ മുറിവുകളുണ്ടാക്കിക്കൊണ്ടു ഭർത്താവു നിന്നു.

ഇരുട്ട് കറുത്ത കൂറ്റൻ ചിറകുകളുള്ള ഒരു വലിയ കഴുകനെപ്പോലെ ഭൂമിയുടെ മുകളിൽ

അമർന്നുകിടക്കുകയായിരുന്നു.

-എനിക്കെല്ലാം മനസ്സിലാവുന്നു. ഞാൻ വിഡ്ഢിയായിരുന്നു. ലോകം കണ്ട ഏറ്റവും വലിയ വിഡ്ഢി.

(എന്നെ കൊന്നോളൂ-എന്നെ കൊന്നോളൂ.)

ആരുടെ ശവം കണ്ടാലാണ് മനസ്സു തൃപ്തിപ്പെടുക?

ഞാനിപ്പോൾ പഴയ വിഡ്ഢിയായ ഗോവിന്ദൻകുട്ടിയല്ല.

പുളിമരത്തിന്റെ ഹൃദയത്തിൽനിന്നും മൂർച്ചയുള്ള കത്തി വലിച്ചൂരിയെടുത്തപ്പോൾ തള്ളവിരലിന്റെ പാർശ്വം മുറിഞ്ഞു. ചോരപൊടിഞ്ഞ വിരൽത്തുമ്പ് വായിൽവെച്ച് ഉപ്പുരസം നുണഞ്ഞുകൊണ്ട് അയാൾ ഇരുട്ടിനോടു പിറുപിറുത്തു:

എനിക്കെല്ലാം മനസ്സിലാവുന്നുണ്ട്.

കരുതിയിരുന്നോ. എനിക്കെല്ലാം മനസ്സിലാവുന്നുണ്ട്

# 3

ഇടവഴിയിൽനിന്നു പറമ്പിലേക്കു കയറിയപ്പോൾ പിന്നിൽ ആറുനാഴികദൂരം തന്നെ അനുഗമിച്ചിരുന്ന നേർത്ത തേങ്ങൽ കേട്ടില്ല. ആ യാത്രയിൽ ആദ്യമായി അയാളൊന്നു തിരിഞ്ഞു നോക്കി. ഒതുക്കുകല്ലുകളുടെ താഴെനിന്ന് മീനാക്ഷി ഒച്ചയില്ലാതെ കരയുകയായിരുന്നു.

അമർത്തിയ സ്വരത്തിൽ അയാൾ കല്പിച്ചു:

“ഉം,വാ.”

പതുക്കെ അവൾ കയറിവന്നു.

നരച്ച വൈക്കോൽ മേഞ്ഞ മേൽപ്പുരയുടെ ഒരു കോണിൽനിന്ന് ഉച്ചവെയിലിലേക്കു

നീലപ്പൂകയുടെ ഒരു വള്ളി പടർന്നുകയറുകയാ യിരുന്നു. ആ ചെറിയ വീടിൻെറ ഉമ്മറവാതിൽ തുറന്നുകിടന്നു. വേലിക്കപ്പുറത്തെ വീട്ടിൻെറ മുറ്റത്ത് തൈമാവിൻെറ തണലിൽ ഒരു സംഘം കുട്ടികൾ പൂത്താങ്കീരി കളിക്കുന്ന ബഹളമാണ്. വേഗത്തിൽ ഇവൾ നടന്നു വീട്ടിലേക്കു കയറി യെങ്കിൽ-അതിർത്തികളിലെ വേലിത്തറി കൾക്കു പിന്നിൽ മുതിർന്നവരുടെ കൗതുകം നിറഞ്ഞ കണ്ണുകൾ ഒത്തുകൂടാൻ തുടങ്ങുന്നതു ഗോവിന്ദൻകുട്ടി കണ്ടു.

അവൾ നടക്കുമ്പോൾ കാലടികൾ വേണ്ടത്ര നിലത്തു പതിയുന്നില്ലെന്നു തോന്നി. കാറ്റിൽ പുൽത്തകിടിക്കു മുകളിലൂടെ തട്ടിത്തടഞ്ഞു നീങ്ങുന്ന ഒരു കരിയിലപോലെയാണ്. എപ്പോൾ വേണമെങ്കിൽ നിന്നേക്കും, നീങ്ങിയേക്കും.

കോലായുടെ താഴെനിന്നു വീണ്ടും അടക്കി യ സ്വരത്തിൽ അയാൾ പറഞ്ഞു: "ഉം, കയറ് വേഗം."

അകത്തുനിന്ന് ഒരു ക്ഷീണിച്ച ശബ്ദം വിളി ച്ചുചോദിച്ചു:"ആരാത്?"

അയാൾ മിണ്ടിയില്ല. അവൾ കോലായി ലേക്കു കയറുന്നതു സംതൃപ്തിയോടെ അയാൾ

നോക്കിനിന്നു. മനസ്സിൽ പറഞ്ഞു: നിന്നെ നിൻെറ വീട്ടിലെത്തിച്ചിരിക്കുന്നു. എൻെറ ഭാരമവസാനിക്കുന്നു.

വെയിലേറ്റു മഞ്ഞളിച്ചുപോയ അയാളുടെ കണ്ണുകൾക്കു വാതില്ക്കൽ വന്നുനില്ക്കുന്ന ആ പ്രായംചെന്ന സ്ത്രീയുടെ രൂപം വ്യക്തമാവാൻ ഏതാനും നിമിഷങ്ങൾ വേണ്ടിവന്നു.

അമ്മ മുന്നിലെത്തിയപ്പോൾ മകളുടെ തൊണ്ടയിൽ ചിറകെട്ടി നിർത്തിയിരുന്ന സങ്കടം കുത്തിയൊഴുകി.

“എന്താ ഗോയിന്ദുട്ട്യേ ഇത്?”

“ഒക്കെ മകളോട് ചോദിക്കിൻ. മകളെ ഒരു കേടുംകൂടാതെ ഞാൻ എത്തിച്ചിരിക്ക്ണു.”

അയാൾ രണ്ടടിവെച്ചപ്പോൾ അമ്മയുടെ ശബ്ദം വീണ്ടും കേട്ടു:

“ഗോയിന്ദുട്ടീ, നിൽക്കൂ!”

“പാർക്കാനല്ല ലക്ഷ്മ്യമ്മേ ഞാൻ വന്ന്”

പിന്നിൽ അലമുറയുയരുന്നതും ക്ഷീണിച്ച ശബ്ദത്തിൽ ഉറക്കെയുറക്കെ തൻെറ പേരു വിളിക്കുന്നതും കേട്ടുവെങ്കിലും അയാൾ നിന്നില്ല. തിരിഞ്ഞു നോക്കിയതുമില്ല. മുകളിൽ ഉച്ചവെയിലും താഴെ തെങ്ങിൻ പറമ്പുകളുടെ

പൂഴിമണലും കത്തിയെരിയുകയായിരുന്നു. ഗോവിന്ദൻകുട്ടി നടത്തത്തിനു വേഗത കൂട്ടി. അയാൾക്കപ്പോൾ ബോധമുണ്ടായിരുന്നില്ല.

വഴിക്ക് ആരെല്ലാമോ സംസാരിക്കാൻ ശ്രമിച്ചതായും പേരു വിളിച്ചതായും അവ്യക്തമായ ഓർമയുണ്ട്. നിരത്തിലെത്തി ശേഖരേട്ടന്റെ കീലുതേച്ച അങ്ങാടിപ്പുരയുടെ കനത്ത വാതിൽക്കൽ ചെന്നപ്പോഴാണു നിന്നത്. ആ വാതിൽ അടഞ്ഞുകിടന്നു. പൂന്തോട്ടത്തിലെ പടിക്കലേക്കു നോക്കി വയൽവരമ്പിൽനിന്നും കയറിച്ചെല്ലുന്ന ഒതുക്കുകൾ തുടങ്ങുന്നേടം മുതല്ക്കു പടിപ്പുരവാതിൽവരെ ഇടവഴിയുടെ ഇരുവശത്തും ആളുകൾ ഇരിക്കുന്നതു കണ്ടു. കറുത്ത രൂപങ്ങൾ. തലയിൽ കരിപിടിച്ച മൺകലങ്ങൾ ചുമന്നു ചെറുമികൾ ഇറങ്ങിവരുന്നു. ഇന്നൊരു കഞ്ഞിപാർച്ചയുണ്ട്. എന്തെങ്കിലും വിശേഷമുണ്ടായിരിക്കണം. പിറന്നാളോ ചാത്തമോ? അതോ കൊച്ചപ്പന്റെ കല്യാണത്തിന്റെ 'നിശ്ചയ'മാണോ?

പൂന്തോട്ടത്തിലേക്കു നടന്നു. നിരത്തിൽനിന്നു വരമ്പത്തേക്കിറങ്ങുന്ന മുളമ്പടിയുടെ അടുത്തെത്തിയപ്പോൾ വെള്ളത്തുണികൊണ്ടു മൂടി

യ ഒരു ശീലക്കുടയ്ക്കു വഴിമാറേണ്ടിവന്നു.

“ആ, ഇതെന്താ കഥ? ഇന്നലെ പോയീന്നു കേട്ടോരെ ഇന്നു കാണ്ണ്!”

പണിക്കരാണ്. പൂന്തോട്ടത്തിൽനിന്നു സദ്യ കഴിഞ്ഞു വരികയാവും.

അയാൾ ചിരിക്കാൻ ശ്രമിച്ചു. വാ തുറന്നിരിക്കുന്ന കലങ്ങൾക്കു പിന്നിൽ പടിയുടെ ഇരുവശത്തും നെടുനീളത്തിൽ ആളുകൾ ഇരിക്കുകയും നില്ക്കുകയും തോരാതെ സംസാരിക്കുകയും ചെയ്യുന്നു. അധികവും ചെറുമക്കളും ചെറുമികളുമാണ്. നാലഞ്ചു ചെറിയ ഉമ്മക്കുട്ടികളുണ്ട് കൂട്ടത്തിൽ. ഇരുവശത്തേക്കും നോക്കാതെ നടക്കുമ്പോൾ ആരോ ‘ചെറ്യമ്പ്രാനെ’ന്നു വിളിച്ചു. ആരോ വരുന്ന വഴിയാണോ എന്നന്വേഷിച്ചു.

പടിപ്പുരയുടെ വാതിൽ കടന്നു മുറ്റത്തെത്തിയപ്പോൾ ഗോവിന്ദൻകുട്ടി ആദ്യം കണ്ടത് പടിഞ്ഞാറെ തലയ്ക്കൽ ചാണകം മെഴുകിയ കളത്തിൽ കാക്കകൾ ബലിച്ചോറു കൊത്തുന്നതാണ്. ശേഖരേട്ടൻ കിടക്കാറുള്ള വലിയ ചാരുകസേര ഒഴിഞ്ഞുകിടക്കുന്നു. ഇവിടേയും ഇല്ലെന്നുണ്ടോ?

പത്തായപ്പുരയുടെ താഴത്തെ വാതിലുകൾ അടഞ്ഞുകിടക്കുന്നതും അയാൾ ശ്രദ്ധിച്ചു.

പാളവിശറികൊണ്ടു കോലായിൽ ചുമർ ചാഞ്ഞിരിക്കുന്ന നാരായണൻനായർ ചോദിച്ചു:

“ആ ഗോയിന്ദുട്ട്യല്ലേത്!”

“എവടെ?” ഒഴിഞ്ഞ ചാരുകസേരയുടെ നേരെ മുഖംതിരിച്ചു ചോദിച്ചു.

“നെടുമ്പെരേല്ണ്ട്. എന്തേടോ ഇത്ര അട്യന്തരായിട്ട്?”

അയാൾ ഒന്നും മിണ്ടിയില്ല.

“ഊണു കഴിഞ്ഞില്ലെങ്കിൽ കുളിച്ചു വേഗം ഉണ്ണാൻ നോക്ക്.”

സിമൻറിട്ട നിലത്തുകിടന്നു മയങ്ങുന്നവരിലാരോ പറഞ്ഞു:

ചൂട്  ഇക്കുറി നേർത്തേ തൊടങ്ങാനാ വട്ടം. ഈ വെയിലത്ത് ഒരു കൊടല്യാതെ എങ്ങന്യാടോ നിങ്ങളൊക്കെ നടക്ക്ണ്!”

ചെവിക്കു മുകളിലൂടെ ധാരയായി ഒലിച്ചിറങ്ങുന്ന വിയർപ്പു കൈത്തലംകൊണ്ടു തുടച്ച് ഒഴിഞ്ഞ ചാരുകസേരയുടെ നേരെ നോക്കി ഗോവിന്ദൻകുട്ടി നാരായണൻനായരോട് ആവശ്യപ്പെട്ടു.

“കുട്ട്യാരാണൻനായരേ, നിങ്ങളൊന്നു വിളിക്കിൻ.”

“അകത്തിക്കു പൊക്കടോ. പണ്ടില്ലാത്ത അയിത്തും ചിത്തുംപ്പോ എവ്ട്ന്നേണ്ടായ്യേ്?”

വിളിക്കേണ്ടിവന്നില്ല; തോർത്തുമുണ്ടുമാത്രം ചുറ്റി വെള്ളിത്തണ്ടും ചുവന്ന കസവുകരയുമുള്ള വിശറികൊണ്ടു വീശി ഉമ്മറത്തേക്കു കടന്നു വന്ന ശേഖരേട്ടൻെറ കണ്ണുകളിലേക്കാണ് അടുത്ത നിമിഷം നോക്കിയത്.

കോലായയിൽ ആളുകൾ ഉണ്ടെന്നും പറയുവാൻ പോകുന്നതെല്ലാം മറ്റുള്ളവർ കേട്ടേക്കുമെന്നും ഉള്ള കാര്യം ഗോവിന്ദൻകുട്ടി മറന്നുകഴിഞ്ഞിരുന്നു. മുന്നിൽ നില്ക്കുന്ന ശേഖരേട്ടൻെറ കണ്ണുകളിലേക്ക് ഇമവെട്ടാതെ നോക്കി. നിമിഷംകൊണ്ട് അത്ഭുതം ഭീതിയായി മാറുന്നതു ചാരനിറമുള്ള ആ കണ്ണുകളിൽ അയാൾ കണ്ടു.

“ദെന്താടോ കഥ? ഇന്നലെ പോയ്യ്—?”

“കഥ പറയാനല്ല ഞാൻ വന്നിരിക്ക്ണ്.”

തൻെറ വാക്കുകൾ ഇത്രവേഗം അന്തരീക്ഷത്തിലൊരു മാറ്റം വരുത്തുമെന്നു കരുതിയതല്ല. സദ്യയുടെ ക്ഷീണംകൊണ്ടു തണുത്ത സിമൻറുനിലത്തിൽ പതിഞ്ഞുകിടക്കുന്നവർ പി

ടഞ്ഞെഴുന്നേറ്റു.

"ദാ പിടിച്ചോളിൻ."

കനമുള്ള താക്കോൽക്കൂട്ടം കിലുങ്ങിച്ചിതറുന്ന ശബ്ദത്തോടെ കോലായിൽ വീണു നിരങ്ങി.

ശേഖരേട്ടന്റെ ശബ്ദം പെട്ടെന്നുയർന്നു:

"എന്തടാ ഈ കാട്ട്ണ്?"

"നിങ്ങള് തന്ന സമ്പാദ്യം. കളപ്പെരേടെ താക്കോല്. മറ്റേത് എത്തിക്കണ്ടോടത്ത് എത്തിച്ചിട്ടാ ഞാൻ വന്ന്."

"നെനക്കു ഭ്രാന്ത്ണ്ടോ? വാ, അകത്തിക്കു വാ, എന്നിട്ടു സംസാരിക്കാം."

"പറേണ്ടത് എവ്ട്ന്ന്യായാലും പറയാം..."

"ഗോയിന്ദുട്ടീ!" നാരായണൻനായർ സമീപം വന്നുനിന്ന് അയാളുടെ ചുമലിൽ കൈവെച്ചു.

ശേഖരൻനായർ ആകെ പരിഭ്രാന്തനായി നില്ക്കുകയായിരുന്നു. വർഷങ്ങൾ ഇടിഞ്ഞു വീണ്, ആകെ തകർന്ന ഒരു പടുകിഴവന്റെ മട്ടുണ്ടായിരുന്നു മുഖത്ത്. നിസ്സഹായതയുടെ ശബ്ദംപോലെ അയാൾ പതുക്കെ ചോദിച്ചു:

"നീയ്യെന്നെ അവമാനിക്കാനാ ഭാവം?"

ചുമലിൽ വെച്ച കൈ ആരുടേതെന്നു

നോക്കാതെ തട്ടിക്കളഞ്ഞ് ഗോവിന്ദൻകുട്ടി പറഞ്ഞു:

"അല്ലാ, നിങ്ങടെ കൊടലെടുക്കാൻ. അതിനാ വന്ന്. അതു കഴിഞ്ഞിട്ടേ പോണുള്ളൂ."

"എടാ–"

"വിടെടാ കൈയ്." അയാൾ തിരിഞ്ഞുനിന്നു നാരായണൻനായരെ രൂക്ഷമായൊന്നു നോക്കി. "ഈ പ്രമാണീടെ കൊടല്മാലേംകൊണ്ടേ ഞാൻ പോവൂ."

"നെനക്ക് ഭ്രാന്താ."

ഗോവിന്ദൻകുട്ടി മുന്നോട്ടു നീങ്ങിയപ്പോൾ ശേഖരൻനായർ വാതില്ക്കലേക്കു പിൻവാങ്ങി. വാതിലിനു മുന്നിലെത്തിയപ്പോൾ ശേഖരേട്ടനെയല്ല കണ്ടത്, മാധവിയേടത്തിയെയാണ്.

അകത്തെവിടെയോനിന്ന് ശേഖരൻനായരുടെ ശബ്ദമുയർന്നു.

"നോക്കിനിക്ക്വോണല്ല്യേടാ നായ്ക്കളെ. ഉശിര്ള്ള ആണുങ്ങളൊന്നുല്ല്യേടാ അവിടെ? ആ ചെക്കന്റെ–"

അതു മുഴുമിച്ചില്ല.

ആണുങ്ങൾ പ്രായാധിക്യം നോക്കാതെ

പിടഞ്ഞെണീറ്റു. ചാത്തസ്സദ്യയുണ്ണാൻ വന്ന കാരണവന്മാരായിരുന്നു നാലുപേർ. നാരായണൻ നായർ പറഞ്ഞു:

"നെന്റെ അഹമ്മതി മാറ്റാൻ ഞാനൊരുത്തൻ മതി."

മുന്നിൽ തെല്ലകലത്തായി അഞ്ചുപേർ നിരന്നുനിന്നപ്പോൾ ഗോവിന്ദൻകുട്ടിക്കു ഭയം തോന്നിയില്ല. അരിശവും അതിലേറെ പുച്ഛവും തോന്നി. മുറ്റത്തേക്ക് ഒന്നു വെറുതെ തുപ്പിക്കൊണ്ട്, പോത്തിൻകൊമ്പിന്റെ പിടിയിട്ട കത്തി കടിച്ചുനിവർത്തി ഉറച്ച ശബ്ദത്തിൽ പറഞ്ഞു:

"വയസ്സും പ്രായും ഞാൻ വിചാരിക്കില്ല. തൊട്ടാൽ തൊട്ടോന്റെ ശവം ഞാൻ വീഴ്ത്തും."

മുറ്റത്തേക്കു നോക്കാനൊന്നിട കിട്ടിയപ്പോൾ അയാൾക്കും സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. നെടുമ്പുരയിലെ പണിക്കാർ, കഞ്ഞി വാങ്ങാൻ വന്ന ചെറുമക്കൾ, പൂന്തോട്ടത്തിലെ പുറം പണിക്കാർ-ഒരു വലിയ ജനക്കൂട്ടമുണ്ട് ശബ്ദമില്ലാതെ അടങ്ങിനില്ക്കുന്നു.

അകത്തെ വാതില്ക്കൽനിന്നു മാധവിയേടത്തി വിളിച്ചു:

"ഗോവിന്ദുട്ട്യേ, നെന്റെ ഉടപ്രന്നോളാ പറേണ്.."

അയാൾ തുടരാനനുവദിച്ചില്ല.

"ഏട്ടത്തിങ്ങ് വരണ്ട. ഞാൻ ജീവനോടെ ഇരിക്ക്ണ്ണ്ടെങ്കി പകരം ചോയ്ക്കാണ്ട് വിടി ല്ല. ഏട്ത്തി അതു നായരോട് പറഞ്ഞേയ്ക്കു. ഗോവിന്ദുട്ട്യേ അങ്ങനെ പൊട്ടനാക്കാൻ മോഹി ക്കണ്ട."

ആരും സംസാരിച്ചില്ല. അകത്തും പുറത്തുമാ യി മുപ്പതിലധികം പേർ അതുകേട്ട് അനങ്ങാതെ നിന്നു.

അയാൾ മുറ്റത്തിറങ്ങി. ആ വലിയ വീടിന്റെ ഭിത്തികളുടെ ഉയരത്തിലേക്കു നോക്കിക്കൊണ്ടു ഗോവിന്ദൻകുട്ടി പറഞ്ഞു:

"തട്ടുംപുറത്തു കേറിരുന്നോ. ആയിരാളെ കാവലിന്നു വിളിച്ചോ. ന്നാലും നെന്റെ കൊടല് ഞാൻ എട്ത്ത്ട്ടില്ലെങ്കിൽ ന്റെ പേര് താഴത്തേലെ ഗോവിന്ദൻകുട്ടീന്നല്ല."

മുറ്റത്തു കൂടിയ ജനങ്ങളെ പരിഹാസത്തോ ടെ അയാൾ നോക്കി. തല്ലാൻ വരുന്നവരുണ്ടോ? പിടിച്ചുനിർത്താൻ ആർക്കെങ്കിലും മോഹമു ണ്ടോ. ഇരുമ്പുചങ്ങല പൊട്ടിക്കാനുള്ള കരു

ത്തു കൈത്തണ്ടകളിൽ ചുരമാന്തുന്നുണ്ടെന്ന് അയാൾക്ക് തോന്നി. ലോകം മുഴുവൻ വരട്ടെ. മറുപടി പറയാൻ ഞാൻ മതി. ഞാനൊരാൾ മതി....

പടിപ്പുരയ്ക്കു മുൻവശത്തെ ആളുകൾ അടുത്തെത്തിയപ്പോൾ രണ്ടായി തിരിഞ്ഞുനിന്നു വഴിയുണ്ടാക്കി.

താനൊരാണായിരിക്കുന്നു. ആരുടെ മുന്നിലും തലതാഴ്ത്താതെ നില്ക്കാറായിരിക്കുന്നു.

മുണ്ടകൻകൊയ്തു നഗ്നമായി കിടക്കുന്ന പാടത്തിന്റെ വിശാലതയിലൂടെ ഒരു ചുഴലിക്കാറ്റുപോലെ അയാൾ നീങ്ങി.

## 4

ഉമ്മറത്തുനിന്ന് ഒരു കുര കേട്ടപ്പോൾ സംശയം തോന്നി. കുഞ്ഞുകുട്ടി തെക്കിനിയിൽ വന്ന് എത്തിനോക്കി. കുമാരേട്ടൻ തന്നെ. ഇന്നു പതിവില്ലാത്ത നേരത്താണല്ലോ. സാധാ

രണ്ടെ വൈകുന്നേരം പുറത്തിറങ്ങിയാൽ കൂരു വഴിയിലെവിടെയെങ്കിലും കുറെ സമയമിരുന്ന് എട്ടരയുടെ വണ്ടി പാലം കടന്ന ശേഷമേ തിരിച്ചെത്തുകയുള്ളു. കിഴക്കേപ്പുഴയിൽ വെള്ളം വറ്റിയപ്പോൾ, വടക്കേപ്പുഴയിൽ കായ്കറികളുണ്ടാക്കിയ പള്ളിയാലുകളുടെ അപ്പുറത്തെ കയത്തിലെ വേണ്ടത്ര വെള്ളമുള്ള അവിടെയാണു കുമാരേട്ടൻെറ കുളി. അമ്മയ്ക്കു കഞ്ഞി കൊടുത്തു തളത്തിൽ ഇലയും പലകയും വെച്ചു കുറെ കാത്തിരുന്നശേഷമാണ്, ഇരുട്ടിൽ പടി കയറുമ്പോൾ തപ്പുകൊട്ടുന്ന ശബ്ദം കേൾക്കുക.

"ആരാടി അത്?" അമ്മ അന്വേഷിച്ചു.

"അരേട്ടനാ."

കുഞ്ഞുകുട്ടി കഷായം ചൂടാക്കാൻ അടുക്കളയിലേക്കു നടന്നു.

അമ്മയ്ക്കു കുറച്ചുദിവസമായി ഇടയ്ക്കിടെ ഒരു ശ്വാസംമുട്ടൽ കാണുന്നുണ്ട്. മൂന്നുകൂട്ടം മരുന്നു ചതച്ചിട്ട ഒരു കഷായം കൊടുക്കാനാ.

കഷായം കുറുക്കി ചെറിയ കുണ്ടൻപിഞ്ഞാണത്തിലാക്കി അമ്മയുടെ കൈയിലേല്പിച്ചു. തോട്ടത്തിൽനിന്ന് ഒരു നാക്കില മുറിച്ച് ഉമ്മറമു

റ്റത്തിലൂടെ കടന്നുപോരുമ്പോൾ കുമാരേട്ടൻ ചാരുപടിമേൽ കുന്തിച്ചിരിക്കുകയാണ്.

ആ ഇരുപ്പു കുറച്ചുനാളായിട്ട് അധികം കാണാറില്ല. പകൽ ചില്ലറ ആധാരമെഴുത്തു ജോലികളായിട്ടു നടക്കും. എഴുത്തുപണിയില്ലാത്ത ദിവസം തോട്ടത്തിൽ കൊത്തിയും കിളച്ചും വൈകുന്നേരംവരെ എന്തെങ്കിലും ചെയ്തു കൊണ്ടിരിക്കും. പിന്നെ പുറത്തിറങ്ങിവരുന്നത് ഉണ്ണാനാണ്.

മേലേപ്പുറത്തുനിന്നു വന്ന കാലത്തു രാവും പകലും ഈ ഇരുപ്പായിരുന്നു.

അകത്തെ പണിയെല്ലാം കഴിഞ്ഞു പടിഞ്ഞാറെ വീട്ടിലെ കുളത്തിൽ പോയി മേൽ കഴുകി ഈറൻ മാറ്റി വന്നപ്പോഴും കുമാരേട്ടൻ ആ ഇരുപ്പായിരുന്നു. കട്ടിലിനു കീഴിൽവച്ച കുണ്ടൻപിഞ്ഞാണമെടുക്കാൻ വന്നപ്പോൾ അമ്മ ചോദിച്ചു:

"കുമാരൻ പിന്നീം പൊറത്തിയ്ക്ക് പോയോഡീ?"

"ഇല്ല്യ."

"ഓനെന്താ ചെയ്യ്ണ്?"

"ഉമ്മറത്ത്ണ്ട്."

"തപസ്സ് പിന്നീം തൊടങ്ങ്യോ?"

അതിനു മകളൊന്നും പറഞ്ഞില്ല.

കുളിക്കാൻ കിണറ്റിൻകരയിലെ തൊട്ടിയിൽ വെള്ളംകോരിയിടണമോ ആവോ. വല്ലാതെ ഇരുട്ടായാൽ കൊട്ടക്കോരികൊണ്ടു കോരി നിറയ്ക്കാൻ വിഷമമാണ്.

വാതിലിനപ്പുറം മറഞ്ഞുനിന്നു ചോദിച്ചു:

"കുളിച്ചിടക്ക്ണോ?"

അതിനൊന്നും മറുപടി കിട്ടിയില്ല.

"കെണറ്റിങ്കര വെള്ളം കോരിടണോ?"

അതിനും മറുപടി കാത്തുനിന്നതു വെറുതെയായി. തെല്ലിടകൂടി ശങ്കിച്ചുനിന്ന കുഞ്ഞുകുട്ടി തിരിഞ്ഞു നടന്നു.

മകൾ ചോദിച്ചതും മകൻ മറുപടി പറയാത്തതും അമ്മയ്ക്കു മനസ്സിലായിരുന്നു.

"എന്താടീ ഏട്ടന്?"

മകളൊന്നും പറഞ്ഞില്ല.

"നീയും തൊടങ്ങിക്കോ!"

"അമ്മൊന്ന് എണീറ്റാട്ടെ. ഞാൻ കോസറ്യൊന്നു കൊടഞ്ഞു വിരിക്കട്ടെ."

അമ്മ എഴുന്നേറ്റു. "ആ കരിമ്പടടക്ത്ത് അഴക്കോലിമ്മ്ലിയ്ക്ക് ഇട്ടോ. ഞാനിപ്പോ

പൊതയ്ക്കാറില്യ."

വടിയെടുത്തു തെക്കിനിയിലേക്ക് അമ്മ നടക്കുമ്പോൾ കുഞ്ഞുകുട്ടി പിന്നിൽനിന്നു വിചാരിച്ചു: അമ്മ നടക്കുമ്പോൾ പണ്ടത്തേക്കാളും കുനിയുന്നുണ്ട്. ശരീരത്തിന്റെ കനംമുഴുവൻ മുളവടിയാണു താങ്ങി നിർത്തണതെന്നു തോന്നുന്നു.

"ഇബടെ ഒരു വെളക്കു കത്തിച്ചുവെയ്ക്കായിരുന്നില്യേടി!"

തെക്കിനി ഇരുട്ടിലായിരുന്നു.

ഉമ്മറത്തു ചാരുപടിമേൽ കുന്തിച്ചിരിക്കുന്ന കൽപ്രതിമയെ നോക്കാതെ അമ്മ താഴത്തെ കോലായുടെ കിഴക്കെ അറ്റത്തു ചെന്നിരുന്നു.

"ആ കൂട്ടിന്റുള്ളില് കെടക്കുമ്പോ സഞ്ചാരടിച്ചിട്ടു വയ്യ." ആരോടെന്നില്ലാതെയാണ് അതു പറഞ്ഞത്.

വടക്കേ വീട്ടിൽനിന്നു കുട്ടികൾ നാമം ചൊല്ലൽ കഴിഞ്ഞു പാഠമാല കൂട്ടത്തോടെ ചൊല്ലുന്നുണ്ടായിരുന്നു:

"അരികത്തമ്പോടു വരുന്നുണ്ടമ്മ ഞാൻ
കരയായ്കോമനേ കരൾവാടി...."

തല ഞാവിവലിച്ചുകൊണ്ട് അമ്മ പുറത്തെ

കനംകുറഞ്ഞ ഇരുട്ടിലേക്കു നോക്കിയിരുന്നു. സുഖകരമായ കാറ്റു കവുങ്ങിൻതോട്ടത്തിലൂടെ കടന്നുവരുന്നുണ്ടായിരുന്നു.

"എടാ!"

മകൻ വിളി കേട്ടില്ല.

"മമ്മാലി ഇക്കുറീം പറ്റിക്കാൻ തന്ന്യാണോ ഭാവം? നീയോനെ കണ്ട്വോ?"

അതിനും മകനൊന്നും മിണ്ടിയില്ല.

"ൻെറ കുട്ടിക്കാലത്ത് എഴ്ത്തശ്ശൻ പറഞ്ഞിരുന്നു, ഉണ്ണിച്ചിരുക്കുട്ടീനെക്കൊണ്ട്, ചൊല്ലിക്കൊട്, തല്ലിക്കൊട്, തള്ളിക്കൊട എന്ന്."

പണ്ടത്തെ എഴുത്തുപള്ളിയിലെ ആ ചൊല്ലൽ കൊണ്ട് ഇപ്പോൾ എന്തു വേണമെന്നാണ് അമ്മ പറയുന്നതെന്ന് മകൻ ആലോചിച്ചില്ല.

"പറഞ്ഞ്വോക്കാ, ഭേമിച്ചോക്കാ, ന്നിട്ടും പറ്റില്ല്യെങ്കില് കേസ് കൊടുക്കാ. നീയ് വെളിച്ചായാൽ ഈ കിത്താവുംകെട്ടെടുത്തു കക്ഷത്തും വെച്ചു കാലരയ്ക്കൽ തൊടങ്ങീട്ട് ശ്ശി കാലായില്ലോ? ഓൻെറ കൈയിന്നു നെല്ല് വസൂലാക്കാൻ നെന്നെക്കൊണ്ടാവില്ലേ? വല്യ വക്കീലാന്നും പറഞ്ഞുനടന്നാ മതി."

ചാരുപടിയിലിരിക്കുന്ന രൂപത്തിന്

അനക്കമൊന്നും കാണാഞ്ഞപ്പോൾ അമ്മയുടെ മട്ടുമാറി:

"നീയെന്താടാ മൊച്ചചത്ത കൊറോനെപ്പോലെ സന്ത്യാമ്പോ കുത്തിരിയ്ക്ക്ണ്?"

"തള്ളേ ൻെറ നാവ് ചിലപ്പോ മഹാ ചീത്ത്യാണ്. ന്നേക്കൊണ്ടൊന്നും പറേപ്പിയ്ക്കണ്ട."

അമ്മ നിശ്ശബ്ദയായി.

കുറേ കഴിഞ്ഞപ്പോൾ കുമാരൻനായർ ചാരുപടിമേൽനിന്നു താഴത്തിറങ്ങി.

"ഓൻ വന്നില്ലേ?" പെട്ടെന്നൊരു ചോദ്യം എറിഞ്ഞപ്പോൾ അമ്മ പകച്ചുപോയി:

"ആര്?"

"ഗോയിന്ദുട്ടി, നിങ്ങളെ തൃപ്പുത്രൻ!"

"ഓൻ ഇമ്പട്യാ? പെരുമ്പലത്തെ കളത്തിലല്ലേ?"

"പെരുമ്പലത്ത്? കൈയാമത്തിലോ ജയിലിലോ എവടെ വേണമെങ്കിൽ എത്തിക്കോട്ടെ. നിയ്ക്ക് യാതൊന്നൂല്യ. നിയ്ക്കത് കേൾക്കേണ്ടിവര്ണുലോന്നേള്ളു സങ്കടം."

"പറേടാ, എന്തേടാണ്ടായ്യേ്യ? അത് പറേ."

അമ്മയുടെ ശബ്ദമിടറി.

"ന്നാ കേട്ടോളിൻ. നിങ്ങളെ തൃപ്പുത്രനിന്നു

ശേഖരേട്ടനെ കുത്തിക്കൊല്ലാൻ ചെന്നു."

അമ്മ തരിച്ചിരുന്നു. കാലു തടവിയിരുന്ന കൈകൾ പതുക്കെ പൊങ്ങിവന്നു മുഖത്തിനു മുന്നിൽ തൊടുന്നതുപോലെ കൂമ്പിനിന്നു.

"നൊണ. ആളോള് വെറുതെ ഇല്ല്യാണ്ടീം പറഞ്ഞിട്ട്ണ്ടാക്കും. കണ്ടോരക്കൊക്കെ കൊട്ടാൻ അങ്ങനൊരു ചെണ്ടണ്ടല്ലോ?"

മകന്റെ ശബ്ദം താണു. ക്ഷോഭമടക്കി ഗൗരവത്തോടെ പറഞ്ഞു:

"ആർക്കും ഇല്ലാത്തതു പറഞ്ഞിട്ടു കാര്യല്ല്യ അമ്മേ. ചാത്തസ്സദ്യയ്ക്കു വന്ന ആളോള് മിറ്റത്തും അകായിലും നെറച്ചു നിക്കുമ്പഴാണ് ഓൻ ശേഖരേട്ടനെ–"

"എന്നിട്ടോ?"

"ആളോള് എടേക്കടെന്നു പിടിച്ചുനിർത്തീർന്നില്ല്യെങ്കില് ഇന്നു പുന്തോട്ടത്തില് ശവാ."

"ഹെന്നിട്ടോ?"

"എന്നിട്ടു പിന്നെന്താ നിങ്ങക്കു വേണ്ട്?"

തെക്കിനിയുടെ വാതിൽ ശബ്ദിച്ചു. മെത്താരണ പിടിച്ചുനില്ക്കുന്ന മകൾക്കു കൈയും കാലും തളരുന്നുവെന്നു തോന്നി.

"നീയ് ശേഖരന്നായരെ കണ്ടോ കുമാരാ?"

“എങ്ങനെ കാണും? മോത്തു നോക്കണ്ടേ ഞാൻ?”

“ചില്ലറ സംഗത്യാണോ ണ്ടായത്?”

“എന്തൊക്ക്യാ നിക്ക് കാണണ്ടീം കേൾക്കണ്ടീം വര്വാ ന്റെ ദൈവേ!” അമ്മയുടെ തൊണ്ടയിടറി.

“ഒരീസെങ്കിൽ ഒരീസം നേർത്തേ ഈ മഹാപാപീടെ ജന്മം അങ്ങട്ടെടുക്ക്ണ്ല്യല്ലോന്റെ ഭഗവാനേ.”

അമ്മ മുണ്ടിന്റെ കോന്തലകൊണ്ടു കണ്ണു തുടച്ചു. അടിഭാഗത്തുനിന്നു ചിതൽ കയറി ഉറക്കുത്തിയ കോലായിലെ ചതുരത്തൂണിലേക്കു തലചായ്ച്ചു കുട്ടികളെപ്പോലെ ഉറക്കെയുറക്കെ കരയാൻ തുടങ്ങി.

“എന്തേ ഓന് പറ്റീത് കുമാരാ? ഓനെവടെണ്ട്പ്പോ? അതൊന്നന്വേഷിക്കായിര്ന്നോ? എന്തേ ഓനിത് തോന്നാൻ?”

മകന് ഒന്നും പറയാൻ വയ്യായിരുന്നു.

മൂക്കു തുടച്ചു പൊട്ടിപ്പൊളിഞ്ഞ വാക്കുകളിൽ അമ്മ വീണ്ടും തിരക്കി: “ഓനെടുത്തു? അതൊന്നന്വേഷിയ്ക്കായിര്ന്നോ?”

മകൻ വെറുതെ വാതിൽവരെ നടന്നു.

അപ്പുറത്തു പെങ്ങളുടെ നിഴൽ വാതിൽപ്പാളിയിലൂടെ തെക്കിനിയിലേക്കു നീണ്ടുകിടക്കുന്ന വെളിച്ചത്തിൻെറ നീണ്ട ചതുരക്കഷണത്തിനു വിലങ്ങനെ അയാൾ കണ്ടു.

വീണ്ടും കോലായിലേക്കിറങ്ങി നിന്നു.

“ആ പെണ്ണിനെ വീട്ടില് കൊണ്ടന്നാക്കിട്ട്ണ്ട്.”

അമ്മ ആരെ എന്നന്വേഷിച്ചില്ല. “കുട്ട്യാരാണന്നായരാ ന്നോടു പറഞ്ഞത്. കളത്തിൻെറ താക്കോല് മോത്തേയ്ക്കെറിയ്ത്രേ ആദ്യം ചീത്. കേട്ടപ്പോ കാല് വെറച്ചിട്ട് എങ്ങന്യാ ഞാൻ അട്ട് നടന്നെത്തീത്ന്ന് ദൈവത്തിനേ അറിയൂ…”

“ഓനെട്ത്തൂ?”

“എനിക്കാ നിശ്ചയം? ൻെറ കണ്ണിൻെറ നേരെ ഒന്നു കണ്ടു കിട്ടിട്ട് വേണ്ടേ? അവനെ ഞാൻ-”

പൊടുന്നനെ അയാൾ കുടിനീരിറക്കിക്കൊണ്ടു പറയാൻ തുടങ്ങിവെച്ചതു നിർത്തി. പടിക്കൽനിന്ന് ആരോഗ്യമുള്ള ഒരു കുര കേട്ടതായിരുന്നു കാരണം. അമ്മയുടെ ചെവി പതുക്കെയായിരുന്നെങ്കിലും മകൻെറ മാറ്റം കണ്ടു പുറത്തേക്കു നോക്കി. ആരാണ് വരുന്നത്?

കാലൊച്ച മുറ്റത്തേക്കു കയറിയപ്പോൾ

അമ്മയ്ക്ക് ഇരിക്കപ്പൊറുതിയില്ലാതെയായി. വടിയൂന്നി എഴുന്നേറ്റുനിന്നു. മകൻ കോലായിൽനിന്നു പൂമുഖത്തേക്കു കയറി. വീണ്ടും താഴത്തേക്കിറങ്ങി അസ്വസ്ഥനായി നിന്നു.

അമ്മയുടെ ശബ്ദം വിറച്ചിരുന്നു:

"ആരാത്?"

"ഞാനാ-ഗോയുന്ദുട്ടി."

ഇറയത്തു നില്ക്കുന്ന നിഴലേ മകൻ കണ്ടുള്ളു. അമ്മ പറയാൻ വാക്കു കിട്ടാതെ വിഷമിച്ചു. മകൻ ചോദിച്ചു:

"ആരടെ തലെട്ക്കാനാ വന്ന്?"

ഗോവിന്ദൻകുട്ടി  എന്ന നിഴൽ മിണ്ടിയില്ല.

അവസാനം അമ്മ തേങ്ങലൊതുക്കി പറഞ്ഞു:

"എന്താടാ ഈ കേക്ക്ണ്? നീയ്ന്നെ..നീന്നേ ആ തെക്കേ കണ്ടത്തിലൊരു കുഴി കുത്തി തട്ടിമൂടീട്ടായ്ക്കോ നെൻെറ തോന്ന്യാണം. അല്ലെങ്കിൽ എന്തിനാ നെന്നെപ്പറേണ്?"

അമ്മ കണ്ണു തിരുമ്മിക്കൊണ്ടു നിശ്ശബ്ദമായി കരഞ്ഞു.

ഗോവിന്ദൻകുട്ടി ഇറയത്തുതന്നെ നിന്നു. അയാൾ ഇരുട്ടിലായിരുന്നു. അമ്മയും ഏട്ടനും ഉമ്മറത്തെ തൂക്കുവിളക്കിൻെറ വെളിച്ചത്തിലും.

ഏട്ടനു ധൈര്യം വീണ്ടുകിട്ടിയപ്പോൾ അമർഷം തിളച്ചുപൊങ്ങി: "ഈ പടി നീ ചവിട്ടരുത്. എന്നെക്കൊണ്ടും ഇബ്ട്ത്തെ പെണ്ണ്ങ്ങളെക്കൊണ്ടും കച്ചേരീം ജയിലും കേറാനാവില്ല. ഗോയിന്ദുട്ട്യോട് ഞാനാ പറേണ്. ആരടെ തല വേണെങ്കി കൊയ്തോ. പക്ഷേ, ഈ പടി കേര്യാൽ അതിന്ന് ശേഷംണ്ട്."

"ഞാൻ കേറ്ണില്ല."

"നീയൊരുത്തനേ ഇങ്ങനൊരുട്ടം കേൾപ്പിച്ചിട്ടുള്ളു ഈ തറവാട്ടില്. ഇനി നീയായി, നിൻെറ പാടായി."

അമ്മ ഇടയ്ക്കു കടന്നു പറഞ്ഞു:

"തർക്കുത്തരം പറയാൻ നിക്കാണ്ട് ചെന്നിട്ട് അയാളുടെ കാല് പിടിയ്ക്കെടാ. അല്ല്യേനാച്ചിട്ടല്ല വയസ്സ് മൂത്തൊരാളോട് അതിക്രമത്തിന്ന് നിൽക്കേ?"

"അയാളെ.....അയാളെ ൻെറ മുന്നില് കിട്ട്യാ എന്താ വേണ്ട്ന്ന് നിയ്ക്കറിയാം. ഒരിക്കൽ കിട്ടും. അപ്പോ ഞാൻ കൊട്ത്തോളാം തന്നേനൊക്കെ."

"നെന്നേ വല്ലോരും നായ്ക്കളെപ്പോലെ തല്ലി കൊല്ല്ണതും നിയ്ക്ക് കാണേണ്ട്യേരും."

"ചാവണേന് നിയ്ക്ക് പേടില്യ. ആണുങ്ങൾ

ക്കു ചേരാത്ത ചതിയാണ് ന്നോട് കാട്ടീത്."

അയാൾ ഏട്ടന്റെ നേരെ തിരിഞ്ഞു:

ഏട്ടനു മനസ്സിലാവുന്നുണ്ടോ? ആ കണ്ണുകളാണ് ചോദിച്ചത്.

"മറക്കണെങ്കിൽ ഗോയിന്ദുട്ടീടെ ജീവൻ പോണം. അതല്ല്യേന്നോട് പറഞ്ഞിയ്ക്ക്."

"എന്താടാ ഈ പറേണ്? എന്താ ഗോയിന്ദുട്ട്യേ, നെനക്ക് ഭ്രാന്താ?"

അമ്മ വീണ്ടും ഒച്ചയോടെ കരയാൻ തുടങ്ങി.

"അതെങ്കിലത്. അമ്മീം ഏട്ടനും കുഞ്ഞ്യാപ്പ്വോളും ഒക്കെ കേക്കാനാ പറേണ്. ആരൊക്കെ കൂടീട്ടാണ് എന്നെ നാണം കെട്ത്തീതിന്ന് നിയ്ക്കറീല്യ. അറിഞ്ഞാ അമ്മയായാലും ശരി ഏട്ടനായാലും ശരി, ഓർമവെച്ചോളിൻ."

അയാൾ കുഞ്ഞ്യാപ്പ്വോള് എവിടെ എന്നു നോക്കി, തെക്കിനിയിലെവിടെയെങ്കിലും നില്ക്കുന്നുണ്ടായിരിക്കും. മെത്താരണയുടെ ഇടുങ്ങിയ പഴുതിലൂടെ അവരുടെ കണ്ണുകൾ തന്റെമേൽ വീഴുന്നുണ്ടായിരിക്കും.

പറയേണ്ടതെല്ലാം പറഞ്ഞുതീർന്നോ എന്നറിഞ്ഞുകൂടാ. ഒന്നും ആലോചിക്കാതെ പടിയിറങ്ങി.

"ഗോയിന്ദുട്ട്യേ!" പിന്നിൽ അമ്മയുടെ വിളി ഒരു രോദനമായിരുന്നു.

"ഗോയിന്ദുട്ട്യേ!"

തിരിഞ്ഞുനോക്കിയില്ല.

ഇരുട്ടിൻപാടം മുറിച്ചുകടന്നു നിരത്തിലെത്തി ആലോചിച്ചു. എവിടേക്കാണിനി യാത്ര?

കുഞ്ഞരയ്ക്കാരുടെ പുരയുടെ മുൻവശത്തു നിന്നു വെളിച്ചത്തിൻെറ ഒരു ചുവന്ന കണ്ണു കാണാമായിരുന്നു.

ഉച്ചയ്ക്കു പൂന്തോട്ടത്തിൽനിന്നിറങ്ങി നേരേ നടന്നത് കുഞ്ഞരയ്ക്കാരുടെ വീട്ടിലേക്കായിരുന്നു. വെയിൽ മങ്ങുന്നതുവരെ തിത്തുമ്മയുടെ ചോദ്യങ്ങൾക്കു മറുപടിയൊന്നും പറയാതെ അതുമിതും പറഞ്ഞു കാത്തിരുന്നു. കുഞ്ഞരയ്ക്കാർ വന്നപ്പോൾ പൂന്തോട്ടത്തിൻെറ മുറ്റത്തുണ്ടായ കഥ അങ്ങാടി മുഴുവൻ പരന്നിരിക്കുന്നുവെന്നു മനസ്സിലായി.

ഞമ്മടെ തലേം പോവ്വാ പടച്ചോനെ എന്ന തമാശയുംകൊണ്ടാണ് വന്നുകയറിയതുതന്നെ.

പതുക്കെപ്പതുക്കെ അയാൾ നടന്നതെല്ലാം പറഞ്ഞു. ആരോടെങ്കിലും ഒന്നു പറയണമെന്നുണ്ടായിരുന്നു. അതിനുവേണ്ടിയാണ്

കുഞ്ഞരയ്ക്കാരെ കാത്തിരുന്നതും. വീട്ടി ലേക്കു പോകാനിറങ്ങുമ്പോൾ കുഞ്ഞരയ്ക്കാര് പറഞ്ഞു:

"പെരേച്ചെന്നിട്ട് നീ തല്ലും ബക്കാണും ണ്ടാ ക്കണ്ട. ങ്ങക്ക് ചെറുപ്പാണ്. പടച്ചോനെ ബിചാ രിച്ചു നടന്നോളിൻ. ന്നാ ഒരു ഹമ്ക്ക്നീം പേടി ക്കേണ്ട."

പുഴവക്കത്തേക്കിറങ്ങി ഒഴിഞ്ഞ മണൽ പ്പരപ്പിൽ കിടന്നാലോ?

അവസാനം ചെന്നെത്തിയത് കുഞ്ഞരയ്ക്കാ രുടെ പുരയിൽത്തന്നെയാണ്.

ഇരുമ്പുപോള കെട്ടിയ മരപ്പെട്ടി നിവർ ത്തിവെച്ചിരുന്ന് കുഞ്ഞരയ്ക്കാർ മുറുക്കു കയായിരുന്നു.

അയാളെ കണ്ടപ്പോൾ ആശ്ചര്യത്തോടെ ചോദിച്ചു: "എന്തേ മടങ്ങ്യേ?"

"ഒന്നൂല്യ."

"അങ്ങനെ പറഞ്ഞാപ്പോരല്ലോ."

സന്ധ്യയാകുന്നതുവരെ അയാൾ ഇരുന്നു സം സാരിച്ചിരുന്ന പുൽപ്പായത്തടുക്ക് എടുത്തുമാറ്റി യിരുന്നില്ല. കുഞ്ഞരയ്ക്കാരുടെ ചോദ്യം കേട്ടി ല്ലെന്ന ഭാവത്തിൽ അയാൾ അവിടെ ഇരുന്നു

നെറ്റിയിലെ വിയർപ്പു നഖംകൊണ്ടു വടിച്ചെടുത്തുകളഞ്ഞു.

രണ്ടുപേരും ഒന്നും സംസാരിച്ചില്ല.

"എന്താ അങ്ക് വേണ്ട്?"

"ആദ്യം ത്തിരി വെള്ളം കുടിക്കണം."

കുഞ്ഞരയ്ക്കാർതന്നെ അകത്തുപോയി വെള്ളം കൊണ്ടുവന്നു.

"ന്യെന്താ വേണ്ട്?"

"എനിക്ക്-ഞാനീ മിറ്റത്തെ ബെഞ്ച്മ്മല് കെടന്നോളാം. അയിന് വിരോധംണ്ടോ?"

കൊമ്പൻമീശയുടെ മുകളിൽനിന്നു ചോരനിറം ഒരിക്കലും വിടാത്ത കണ്ണുകൾ തൻെറനേരെ ഉയർന്നപ്പോൾ മുഖം താഴ്ത്താതെ കനമുള്ള ശബ്ദത്തിൽ ഗോവിന്ദൻകുട്ടി ചോദിച്ചു:

"കുഞ്ഞരയ്ക്കാർക്ക് സമ്മതല്ല്യെങ്കിൽ പറഞ്ഞോളൂ. മടിക്കണ്ട. ഞാനാ മണപ്പൊറത്ത് പോയി കെടന്നോളാം. അതിനാരടീം സമ്മതം വേണ്ടലോ."

കുഞ്ഞരയ്ക്കാർ പുറത്തേക്കു നീട്ടിത്തുപ്പി:

"ഞമ്മളാലോയ്ക്കണത് അതല്ല."

"ഉം."

"അത്തായപ്പട്ടിണ്യായിട്ട് ഞമ്മടെ പെരേലാരും കെടക്കരുത്ന്ന് ഞമ്മക്കൊരു വേസ്ഥണ്ട്. മാപ്ലാരുടെ ചോറ് ങ്ങക്ക് പറ്റ്വോ?"

ചോറ് വേണ്ടെന്നു പറയാനാണാദ്യം നിശ്ചയിച്ചത്.

"എറങ്ങുംന്നാ തോന്ന്ണ്."

ആ ദിവസത്തിൽ അപ്പോൾ ആദ്യമായി അയാളുടെ മുഖത്ത് ഒരു നേർത്ത ചിരി തെളിഞ്ഞു.

"തിത്ത്മ്വോ ഞമ്മക്ക്ന്ന് ബിരുന്ന്ണ്ട്. കൊറ്റ്ണ്ടെങ്കിൽ കൂടിക്കോ."

മുറ്റത്തെ അമരപ്പന്തലിനു ചുവട്ടിൽ ബഞ്ചു പിടിച്ചിട്ട് അടുത്തടുത്തായാണ് കിടന്നത്. കുഞ്ഞരയ്ക്കാർ ഉറങ്ങുന്നതുവരെ സംസാരിച്ചു. അമരവള്ളിയുടെ കണ്ണികൾക്കിടയിലൂടെ ആകാശത്തിന്റെ വിളറിയ മുഖംകണ്ടു കിടന്ന് അയാൾ ഉറക്കംവരാൻവേണ്ടി പ്രാർത്ഥിച്ചു.

# 5

അമരപ്പന്തലിലൂടെ ഇളം ചൂടുള്ളവെയിൽ ഇറങ്ങിവന്നു ശരീരത്തിൽ വീണപ്പോളാണു ഗോവിന്ദൻകുട്ടി ഉണർന്നത്. അമ്പരപ്പോടെയാണയാൾ ചുറ്റും നോക്കിയത്. എവിടെയാണ് താനപ്പോൾ എന്നു ബോധമുദിക്കാൻ ഒരു നിമിഷം താമസം വന്നു. കുഞ്ഞരയ്ക്കാരെവിടെ? സുൽത്താൻ ഒരു വലിയ കല്ലുഗ്ലാസ്സു നിറയെ കടുംനിറത്തിലുള്ള ചായയുംകൊണ്ടു വന്നു മുന്നിൽ നിന്നപ്പോൾ ചോദിച്ചു:

"വാപ്പെടടോ?"

"പൊറത്ത് പോയിരിക്ക്ണ്."

"എപ്പോ?"

"നേരം വെളുത്തപ്പോ."

"ഇപ്പോ നേരന്താ?"

സുൽത്താൻ ചിരിച്ചുകൊണ്ടു പറഞ്ഞു:

"മ്ബിണി നേരായി."

"നേരം വെളുത്തപ്പോ എന്നെ ഒന്നു വിളിക്കായിരുന്നില്ലേ നിനക്ക്?"

"അയിന് അെള് ഒറങ്ങ്വല്ലേര്ന്ന്?"

വഴിവക്കിലൂടെ കടന്നുപോകുന്ന ആളുകൾ പടിക്കൽനിന്ന് എത്തിച്ചുനോക്കിയിട്ടുണ്ടെങ്കിൽ താൻ കിടന്നുറങ്ങുന്നതു കണ്ടിട്ടുണ്ടാവും. പുലർച്ചയ്ക്ക് എഴുന്നേറ്റു നടക്കേണ്ടതായിരുന്നു.

എവിടേക്ക്?

ആ ചോദ്യം രാത്രിയിൽ പല തവണ അയാൾ സ്വയം ചോദിച്ചതാണ്. എവിടേക്കാണു പോകേണ്ടതെന്നാണു രൂപമില്ലാത്തത്. വീട്ടിലേക്കു പോകാം. കുമാരേട്ടൻെറ ശുണ്ഠിക്കോ അമ്മയുടെ മുള്ളുവാക്കുകൾക്കോ തന്നെ തടുത്തുനിർത്താനാവില്ല. ഗോവിന്ദൻകുട്ടിയുടെ വീടാണു താഴത്തേതിൽ. നിങ്ങൾക്കെല്ലാമെന്നപോലെ അവകാശം എനിക്കുമുണ്ട്.

കയറ്റുകട്ടിലിൻെറ മുളങ്കാലിൽ തൂക്കിയിട്ട കോടി മായാത്ത കുപ്പായത്തിൻെറ കീശയിൽ തപ്പിനോക്കി. ബീഡിയൊന്നുമില്ല. സുൽത്താനെ വിട്ട് ഒരുകെട്ടു ബീഡി വരുത്തിയാലോ?

കുഞ്ഞരയ്ക്കാർ ഒന്നു വേഗം വന്നെങ്കിൽ എന്നാശിച്ചുപോയി. കുട്ടിക്കാലംമുതല്ക്കു പരിചയമുള്ള വീടും ആളുമാണെങ്കിലും അവിടെ തനിയെ കോലായിലിരിക്കുമ്പോൾ ഒരു വിഷമം

തോന്നി. ആരെങ്കിലും കയറിവന്നാലെന്തു വിചാരിക്കും? ആളുകളുടെ കാഴ്ചപ്പാടിൽനിന്ന് ഒഴിഞ്ഞിരിക്കണം. കുഞ്ഞരയ്ക്കാരുള്ളപ്പോൾ വിഷമമില്ല.

പല്ലു തേക്കുന്നതിനുമുമ്പു ചായ കുടിക്കുക പതിവില്ലാത്തതാണ്. പല്ലുതേക്കണമെങ്കിൽ പുഴവക്കത്തേക്കിറങ്ങിപ്പോകണം. അല്ലെങ്കിൽ സുൽത്താനെ വിളിച്ച് ഒരു മൂളി വെള്ളം കൊണ്ടുവരാൻ പറയണം. അകത്തുനിന്ന് ഓലക്കൊടി കത്തുന്ന സീൽക്കാരവും എന്തോ മുറത്തിൽ പേറിക്കൊഴിക്കുന്ന ശബ്ദവും കേട്ടു. തിത്തുമ്മയുടെ സംസാരവും.

ചായ ഓരോ ഇറക്കായി കുടിച്ചു വേലിക്കിടയിലൂടെ നിരത്തിലേക്കു നോക്കിയിരിക്കുമ്പോൾ കുഞ്ഞരയ്ക്കാരുടെ തലയിൽക്കെട്ട് നിരത്തിൽ കണ്ടു.

''ആ, നേരം പെലന്നോ?'' എന്നു ചോദിച്ചുകൊണ്ടാണ് കുഞ്ഞരയ്ക്കാർ പടി കടന്നത്.

“ഇപ്പോ ണീറ്റേള്ളു. നേരം വെളിച്ചായതറിഞ്ഞില്ല.”

തലയിൽക്കെട്ടഴിച്ചു കഴുത്തും മറ്റും തുടച്ചു ചുമലിലിട്ടു കുഞ്ഞരയ്ക്കാർ പറഞ്ഞു: “ഞാൻ

ണീറ്റു രാജ്യായ രാജ്യൊക്കെ ചുറ്റി വരുമ്പളും ങ്ങള് കെടന്നു കൂർക്കം വലിയ്ക്ക്ണ്ണ്ടാവുംന്നാ ഞാൻ നിരീച്ചിര്ന്ന്."

കയറ്റുകട്ടിലിൻെറ ഒരറ്റത്തായി കുഞ്ഞരയ്ക്കാർ ഇരുന്നു. ബാപ്പുവിനെ വിളിച്ചു ചെല്ലപ്പെട്ടി വരുത്തി. ഒന്നു മുറുക്കാൻ നോക്കു മ്പോൾ അടയ്ക്ക ഇല്ല.

"ഉമ്മോട് അടയ്ക്കടെ ഒരു കണ്ടം ഇട്ക്കാൻ ണ്ടോ ചോയ്ച്ചാ."

സുൽത്താൻ നിന്നേടത്തുനിന്നു വിളിച്ചുചോ ദിച്ചു. തിത്തുമ്മയുടെ മറുപടിയും വന്നു:

"തെങ്ങുംവേരിൻെറ കണ്ടംകൂട്ടീട്ടാ ഞാനൊ ന്നു ചവച്ചേ. അതു വേണോ ചോയ്ക്കെടാ."

തുറന്നുകിടക്കുന്ന വാതില്ക്കലേക്കു നോക്കി ഉറക്കെ പ്ഫ് എന്നൊരാട്ടുകൊടുത്ത് എന്തോ പിറുപിറുത്ത് ഒരു ബീഡിയെടുത്തു കാണിച്ചു.

"ബലിക്കണോ?"

ഗോവിന്ദൻകുട്ടി മൂളി.

ചായ കുടിച്ചുകഴിഞ്ഞു ബീഡി കത്തിച്ചു പുകവിട്ടുകൊണ്ടിരുന്നപ്പോൾ ഗോവിന്ദൻകുട്ടി ഒന്നും മിണ്ടിയില്ല. ബീഡിയുടെ അവസാനത്തെ പുകയും വലിച്ചുകുടിച്ച്, നിലത്തിട്ടു ചവിട്ടി ഷർ

ട്ടെടുത്തപ്പോൾ കുഞ്ഞരയ്ക്കാർ ഒന്നിളകിയിരുന്നു.

"ഉം?"

"ഒന്നൂല്യ."

"എങ്ങട്ടാ കുപ്പായും പാപ്പാസും എടുത്തു പൊറപ്പെട്ട്ന്നത്ന്നാ ചോയ്ച്ച്."

അതിനയാൾ ഉത്തരം പറഞ്ഞില്ല.

"ബീട്ട്ലിയ്ക്കാ?"

"അല്ല."

"പിന്നെങ്ങട്ടാന്നും?" ആ സ്വരം പരുഷമായിരുന്നു. ഗോവിന്ദൻകുട്ടി ദൈന്യതയോടെ ആ മനുഷ്യൻെറ മുഖത്തേക്കു നോക്കി.

"ബീട്ടിലിക്കാച്ചാ പൊക്കോളി."

"ഞാൻ വീട്ടിൽ പോണില്ല."

"എന്നാപ്പൊ എങ്ങട്ടും സർക്കീട്ടു വേണ്ട"

അതെന്താ അങ്ങനെ പറയുന്നത് എന്ന ഭാവത്തിൽ അയാൾ കുഞ്ഞരയ്ക്കാരെ നോക്കി.

"ബെറ്ക്കനേ ഞാൻ പറേല്യാന്നുച്ച്വോളിൻ. ന്ന് പൊറത്തെറങ്ങി നടക്ക്ണത് ങ്ങടെ തടിക്ക് വെടക്കാ."

കെട്ടടങ്ങിക്കിടക്കുന്ന തീനാളങ്ങൾ ഉള്ളിൽ നാവു വിടർത്താൻ തുടങ്ങുകയായിരുന്നു.

"എന്നാൽ അതല്ലേ നിയ്ക്ക് കാണേണ്ട്?"

കുഞ്ഞരയ്ക്കാർ ശാന്തനായി പറഞ്ഞു:

"ന്നലത്തെ കളീല് ങ്ങള് ജയിച്ചു. കളീല് എപ്പളും ജയിക്കുംന്ന് ബെച്ചിറ്റില്ല."

കുഞ്ഞരയ്ക്കാർ സംസാരിക്കാൻ തുടങ്ങിയപ്പോൾ ഗോവിന്ദൻകുട്ടി സൗമ്യനായി കേട്ടിരുന്നു. ശേഖരൻനായരെ ഗോവിന്ദൻകുട്ടി കുത്തികൊല്ലാൻ ചെന്നുവെന്നാണു നാട്ടിൽ മുഴുവൻ സംസാരം. ശേഖരൻനായർ വെറുതെ ഇരിക്കുന്ന ആളല്ല. ചുവന്ന തൊപ്പിക്കാർ ആരും വന്നു കാണാത്ത സ്ഥിതിക്ക് ഇതിനു പകരം തരാൻ കണ്ടിരിക്കുന്നതു മറ്റൊരുവിധത്തിലാണ്.

"നാലു ചെക്കമ്മാര് കൂട്യാ ഏതു കൊമ്പനീം ഒറ്റക്കാക്കാം. അതിന് ഉസറും ചൊടിം വേണ്ട; നാലാള് മതി. തല്ലും വക്കാണും ഇവ്ട്ത്തെ മുറിവിണ്ടാലമ്മാർക്ക് ഒരു ഹരാ."

തോണിക്കടവത്തുവെച്ചും, വലിയവരമ്പത്തുവെച്ചും, കാളവേലസ്ഥലത്തുവെച്ചും തല്ലുണ്ടായ കഥകൾ കുഞ്ഞരയ്ക്കാർ ഓർമിച്ചു. അതു ഹിന്ദുവിനും ഇസ്ലാമിനും വേണ്ടിയായിരുന്നു. ഇതും ഹിന്ദുവിന്റെ പ്രശ്നമായി മാറിയിരിക്കയാണ്. നായന്മാരുടെ കിരീടം വെക്കാത്ത

രാജാവിനെയാണ് ഒരുത്താൻകയറി അവമാനി ച്ചിരിക്കുന്നത്. നായരായാലും ഇസ്ലാമായാലും അവമാനം കണക്കിലെടുക്കാതിരിക്കില്ല.

"എന്തിനാ അത്ര ദൂരം പോണ്?" ഒരു ചെർമ്മച്ചെക്കനെ ഇഞ്ഞിണി ആൾള് ചെന്നു ബീക്ക്ണതു കണ്ട്ട്ട് നിന്നു പഷ്ടന്നു തലയാ ട്ട്യേ കുട്ടരാ ബ്ടത്തെ ആൾള്. കാളപൂട്ടു കണ്ടത്തിലെ തല്ല് ങ്ങള് മറന്നോ?"

മറന്നിട്ടില്ല. എണ്ണ പുരട്ടിയ കരിങ്കൽപ്രതി മപോലെ ഉറച്ച ശരീരവുമായി നടന്ന മാമ്പിയെ വീണ്ടും കണ്ടപ്പോൾ അവൻ എല്ലും കോലുമാ യിരുന്നു. ചെമ്പുനിറമുള്ള മാംസപേശികൾ ഉരു ണ്ടുകളിച്ചിരുന്ന മാറത്ത് എല്ലിൻമുഴകൾ ഉന്തിനി ല്ക്കുന്നു.

"ഇങ്ങടെ അള്ള്യേനെ ഇങ്ങക്കറിനേക്കാളും മു ന്നെ നിയ്ക്കറ്യാം. ഊച്ചബാഗ്യം പോരാഞ്ഞി ട്ടും കയ്യില് ചക്കരപ്പൊട്ടും കിരിടി വന്നോനാ മൊതല്. കൊരട്ടത്തു വെച്ചാ നടക്കാ. കൊടു ത്തതും വാങ്ങീതും ചാവാൻ കെടക്കമ്പളും മറക്കൂല പഹേൻ."

"ഞാൻ പുറത്തിറങ്ങിയാൽ എന്നെ-"

"എന്നു ഞാമ്പറഞ്ഞില്ല. എന്തൊക്ക്യാണ് പൊ

കേണ്ന്നു പുടീല്യ, പൊട്ടുമ്പളേ അറിയൂ."

ഗോവിന്ദൻകുട്ടി ആലോചിച്ചു. ആരാണു തല്ലാൻ വരുന്നത്? പൂന്തോട്ടത്തിലെ കോലായിൽ കണ്ട പ്രായംചെന്ന മനുഷ്യരോ? ചെറുപ്പക്കാരാണെങ്കിൽ, ശേഖരേട്ടൻ വിളിച്ചതും പറഞ്ഞതും കേൾക്കുന്ന ചെറുപ്പക്കാരെല്ലാം തനിക്കറിയാവുന്നവരാണ്. തന്നെ അറിയുന്നവരാണ്. ഞാനവർക്കാർക്കും ഒന്നും ചെയ്തിട്ടില്ല. തെറ്റു ചെയ്യാത്ത ഒരാളെ വെറുതെ കയറി ദ്രോഹിക്കുമോ മനുഷ്യർ?

വേലിപ്പടർപ്പിൽനിന്നു കണ്ണു വലിച്ചെടുക്കാതെ ഗോവിന്ദൻകുട്ടി ചോദിച്ചു:

"ഞാനെന്തു ചെയ്യണംന്നാ കുഞ്ഞരയ്ക്കാര് പറേണ്?"

നിയ്ക്കട്ടെ. അടെ കാരണോരെ ഒന്നു കാണണം. തെരക്കൂട്ടാണ്ടിരിക്കിൻ. എടാ വാപ്പ്വോ, മുളീല് വെള്ളം കൊണ്ടന്നു വെച്ചു കൊട്, കോലായത്തിണ്ണില് എലച്ചീന്തല് മുക്ക്യേരിം. അള് വേശാറാവാണ്ടിരിക്കി. മോന്ത്യാവട്ടെ മ്മക്കു നോക്കാം."

ഗോവിന്ദൻകുട്ടിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇരുപത്തിമൂന്നു കൊല്ലം താൻ വളർന്ന

സ്ഥലത്തു തനിക്കു പുറത്തിറങ്ങി നടക്കാൻ പാടില്ല! ആളുകൾ തന്നെ കിട്ടാൻ പതിയിരിക്കുന്നു! രാത്രിയിൽ ആരും കാണാതെ ഒളിച്ചുപോകണമെന്നാണോ കുഞ്ഞരയ്ക്കാർ പറഞ്ഞുകൊണ്ടുവരുന്നത്?

"ങ്ങള് ഇബ്ട്യാന്ന് ഓല്ക്കാരക്കും അറില്യാ തോണ്ണ്. അറിഞ്ഞാത്തന്നെ ങ്ങക്ക് പേടീം വേണ്ട. ന്റെ വളപ്പിന്റെവുത്ത് ന്റെ സമ്മതം കൂടാണ്ട് കേറാൻ ആവത്ള്ള ഒര്ത്തൻ പെറക്കണം ന്നി."

ചൂടികട്ടിൽ കോലായയുടെ ഒരരുകിലേക്കു പിടിച്ചിട്ടു.

ആ കട്ടിലിലും തിണ്ണയിലുമായി ഇരുന്നും കിടന്നും കെട്ടുകെട്ടായി ബീഡി വലിച്ചുതീർത്തും ഒരു പകൽ കടന്നുപോകുന്നത് ഗോവിന്ദൻകുട്ടി മടുപ്പോടെ നോക്കി.

വൈകുന്നേരം ഉടൻ വരാമെന്നു പറഞ്ഞ് കുഞ്ഞരയ്ക്കാർ പുറത്തിറങ്ങി. വിളിച്ചതും പറഞ്ഞതും കേൾക്കാൻ അടുത്തുതന്നെ ഉണ്ടായിരിക്കണമെന്നു കുഞ്ഞരയ്ക്കാർ ബാപ്പുവിനോടു പറഞ്ഞേല്പിച്ചാണ് പോയത്.

കുമാരൻനായരെ ഒന്നു കാണുകയായിരുന്നു

വേണ്ടിയിരുന്നത്. താഴത്തേതിൽ കയറേണ്ടി വന്നില്ല. പടിയിറങ്ങിവരുന്ന ചെറുമൻ പറഞ്ഞു, ഉച്ചയ്ക്കു പോയതാണെന്ന്. കുഞ്ഞരയ്ക്കാർ നേരേ നിരത്തിലേക്കു നടന്നു. ശേഖരൻ നായരുടെ അങ്ങാടിപ്പുരയുടെ വാതില്ക്കലെത്തിയപ്പോൾ ആരോ വിളിച്ചു. വാതില്ക്കൽ ഒരു കാൽ കട്ടിളപ്പടിമേലേക്കു കയറ്റിവെച്ച് ഒരു തോർത്തുമുണ്ടുമാത്രമുടുത്തു നാരായണൻനായർ നിന്ന് അടയ്ക്ക മൊരി കളയുകയാണ്.

"കുഞ്ഞരയ്ക്കാരെ ഞാനാ വിളിച്ചത്."

കുഞ്ഞരയ്ക്കാർ നിന്നു.

"ഉം?"

"അല്ല, നമ്മളൊക്കെ ഒരു നാട്ടുകാരാണ്. എന്നും തമ്മാമ്മില് കാണേണ്ടവരാണ്."

ആ സ്വരം കുഞ്ഞരയ്ക്കാർക്കു പിടിച്ചില്ല: "അയിന്?"

"ഞങ്ങക്കറിയാം സംഗത്യൊക്കെ കുഞ്ഞരയ്ക്കാരേ, ഞങ്ങള് അമ്പഴപ്പെണ്ണുന്മാരാണൊന്നും നിരീക്കണ്ട. താഴത്തേലെ ഗോയിന്ദുട്ടിയെ നിങ്ങള് പെരേല് പാർപ്പിച്ചിരിക്ക്യാന്ന് കേട്ടു. ശര്യാ?"

"ആണെങ്കിലോ?"

"അത് നല്ലതല്ല, അതന്നെ. എത്ര കാലം ഒളി പ്പിച്ചുവെയ്ക്കുംന്നൊന്നു കാണാലോ? ഒന്നി നോക്കണം പോന്ന പെങ്കുട്ട്യോള് ള്ളോടത്ത് അന്യമ്മാര് ഊണും ഒറക്കും ആക്ക്ണത് മാപ്ലാരക്കായാലും നന്നല്ല."

കുഞ്ഞരയ്ക്കാരുടെ ചുവന്ന കണ്ണുകളിൽ ഒരു തീനാളം പുളഞ്ഞു. അയാൾ ഒരടികൂടി അടുത്തേക്കു നീങ്ങി:

"നായരേ, കോള് ബെച്ച് പറഞ്ഞാലും ഞമ്മക്ക് തിരീം. ഞമ്മക്കൊരു മോള്ണ്ട്. പ്രായം പൂർത്ത്യായി നിക്ക്ണ പെണ്ണൊന്നും നിശ്ശംണ്ട്. കണ്ടോരെപ്പിടിച്ച് ഓള് പള്ളേല്ണ്ടാക്കില്ല. ഉണ്ടാക്ക്യാത്തന്നെ ഞമ്മള് ബയിീപ്പോണോനെ പിടിച്ച് ഓൻെറ പെടന്നക്ക് ബച്ചുകെട്ടുംല്ല."

എന്നിട്ടു കുഞ്ഞരയ്ക്കാർ ഒന്നു നിർത്തി. നാരായണൻനായരുടെ മുഖം കടലാസുപോലെ വെളുത്തു.

"നാരായണന്നായര് കേട്ടോ ഞാമ്പറഞ്ഞത്?" കുഞ്ഞരയ്ക്കാർചോദിച്ചു. അയാൾ മറുപടി പറഞ്ഞില്ല. എന്തിനും തയ്യാറാണെന്ന ഭാവത്തിൽ കുഞ്ഞരയ്ക്കാർ തെല്ലിടകൂടി നിന്നു. നാരായണൻനായർ അങ്ങാടിപ്പുരയുടെ

വളപ്പിൽ പണിയെടുക്കുന്ന കൂലിക്കാരുടെനേരെ വെറുതെ ഒന്നു നോക്കി. കുഞ്ഞരയ്ക്കാർ നടത്തം തുടർന്നു. രണ്ടടി വെച്ചപ്പോൾ എന്തോ ഓർമിച്ചുകൊണ്ടു തിരിഞ്ഞുനിന്നു:

"നാരായണന്നായര് ഇദുംകൂടി കേട്ടിട്ടു പൊക്കോളി. കുഞ്ഞരയ്ക്കാരോടു കളിക്കണേങ്കി തടി ഒന്നുംകൂടി ചേലാക്കി വരീം."

വിയർപ്പുതുള്ളികൾ ഉരുണ്ടുകൂടി നില്ക്കുന്ന മാറത്തെ വലിയ കല ഒന്നമർത്തിത്തുടച്ച് അയാൾ നടന്നു.

നിരത്തിനെതിർവശത്തെ കടലാവണക്കിൻ തറി പിടിച്ചുകൊണ്ടുനിന്ന ഒരു ചെറുപ്പക്കാരൻ ഒപ്പം നടന്നെത്തി.

"കുഞ്ഞരയ്ക്കാര്ക്കാ, ഞമ്മള്ണ്ടായിരിന്ന് അര്ത്തന്നെ."

"എന്തിന്?"

"ങ്ങളോടു മുട്ടും നായര്ന്നാ ബിജാരിച്ച്. ഞമ്മള് ആക്കത്തില്ങ്ങനെ നിക്കേര്ന്ന്. ഓൻെറ കൈ പൊന്തീര്ന്നെങ്കി ആദ്യം ചാട്ണത് ങ്ങടെ മുമ്പില് ഞമ്മളായിര്ന്ന്."

സഹായിക്കാൻ നിന്നതാണല്ലേ? കുറ്റിത്തലയിൽ കള്ളിയുറുമാൽകൊണ്ട്

ഒരു വട്ടക്കെട്ടു കെട്ടിയ ആ ചെറുപ്പക്കാരനെ കുഞ്ഞരയ്ക്കാർ പരിഹാസത്തോടെ ഒന്നു നോക്കി: "ചെത്തില് തെണ്ടല്ലാതെ അനക്ക് പൊരേല് പണ്യൊന്നൂല്ലേ ബലാലെ?"

"ഞമ്മള് അക്കരേക്കാ."

"ന്നാ ബേം നടത്തം കാട്ടിക്കാ-"

കുഞ്ഞരയ്ക്കാർ പള്ളിയിലേക്കു നടന്നു. നിസ്കരിച്ചു മടങ്ങുമ്പോഴും അതേ വഴിയാണു വന്നത്. ആൻതൂർ നായരുടെ ചായപ്പീടികയിൽ നിന്ന് നാരായണൻനായരുടെ ഉറക്കെയുള്ള സംസാരം കേട്ടു. വേറെയും കുറെപ്പേരുണ്ട്. അയാൾ നോക്കിയില്ല. റോട്ടിൽ തന്നെ കണ്ടതു കൊണ്ടാവണം ഒരു നിമിഷത്തേക്കു ചായപ്പീടിക നിശ്ശബ്ദമായി.

അങ്ങാടിപ്പുരയുടെ താഴത്തെത്തിയപ്പോൾ മുകളിലെ തുറന്നിട്ട ജാലകത്തിലേക്ക് കുഞ്ഞരയ്ക്കാർ നോക്കി;  ചായം തേച്ച അഴികൾക്കിടയിലൂടെ ശേഖരൻനായർ മുറുക്കാൻ ചവച്ചുകൊണ്ടു താഴേക്കു നോക്കുകയാണ്. ഈ ച്ചഭാഗ്യത്തിൻെറ അങ്ങാടിമാളിക!

ഒന്നുരണ്ടുപേരോട് കുമാരൻനായരെപ്പറ്റി അന്വേഷിച്ചു. നിരത്തിൽ ആരും കണ്ടവരില്ല.

വലിയവരമ്പത്തേക്കു കടന്നു പുത്തൻകളത്തി ലെ പടിക്കലൂടെ താഴത്തേതിലേക്കു നടന്നു. ഒരു കണ്ടം അകലത്തുനിന്നു നോക്കുമ്പോൾ കുമാരൻനായർ എതിർവശത്തുനിന്നു വന്നു താഴത്തേതിലെ പടിക്കലേക്കു തിരിയുന്നതു കണ്ടു. പാടത്തിന്റെ അരുകുചേർന്ന് ഉടുത്ത മുണ്ടിന്റെ കോന്തല രണ്ടും അരയിൽ എടുത്തു കുത്തി കുട ആവശ്യത്തിലധികം ഉയർത്തിപ്പി ടിച്ചുവരുന്ന ആൾ കുമാരൻനായർതന്നെ. പടി കടക്കുന്നതിനു മുമ്പായി കുമാരൻനായരുടെ ഒപ്പമെത്തി.

തിരിഞ്ഞുനോക്കിയ കുമാരൻനായർ ചിരി ച്ചില്ല. നീരസം മുഴുവൻ പുറത്തുകാട്ടുന്ന മുഖഭാവത്തോടെ 'ഉം' എന്നൊന്നു ചോദിച്ചു. കുഞ്ഞരയ്ക്കാർ കുറച്ചു ലോഹ്യവും നാട്ടുവർ ത്തമാനവും പറഞ്ഞ് ഗോവിന്ദൻകുട്ടിയെപ്പറ്റി പറഞ്ഞുതുടങ്ങാമെന്നാണു കരുതിയിരുന്നത്. പക്ഷേ, കുമാരൻനായരുടെ പുളിച്ച മുഖം കണ്ടപ്പോൾ മുഖവുരകൂടാതെ ചോദിച്ചു:

"കുമാരൻനായരോട് ഒരു സംഗതി ചോയ്ക്കാ നാ വന്ന്."

"ഉം?"

"അന്സനെ ഇനീം പൊറത്ത് നിര്ത്തണം ന്നന്യാ നിച്ചയിച്ച്ക്കണ്?"

"പൊറത്തല്ലല്ലോ ഓൻ. നിങ്ങടെ അകത്താണല്ലോ, കൊറച്ചു കാലായിട്ട്."

"ൻറകത്തെ കാര്യം ന്യ്ക്കറീം. അതു പറയാനല്ല ബന്നതും. ആ കുട്ടീനെ ബിളിച്ച് നല്ല രണ്ടു വാക്കു പറഞ്ഞ്-"

"കുഞ്ഞരയ്ക്കാരേ, തന്നെയൊക്കെ എനിക്കറിയാം. ഓന് ഞാൻ നല്ലവാക്കൊ? മാപ്ലാരടെ സഹവാസല്ലേ? തീനും കെടപ്പും ഒക്കെ അവരുടെ കൂടത്തന്നല്ലേ? അപ്പോ നല്ല വാക്കു പറേണതും നിങ്ങളൊക്കെത്തന്നെ മതി."

"അതല്ല നായരേ, ഞാൻ പറഞ്ഞുകൊണ്ടു വന്ന്..."

"പണ്ടത്തെ കാലായിരുന്നെങ്കിൽ ഓനെയൊക്കെ മര്യാദ പഠിപ്പിക്കാൻ ഞാൻ മതി. ന്നിനിക്കതിന്ന് ആവതില്ല..ഓനെ നന്നാക്കാൻ നടക്വല്ലേ താൻ? ന്നാലെ ന്നി പൊന്നാനിയ്ക്കയച്ച് തൊപ്പീടടീച്ചോളീൻ. അതാ നി ഓൻെറ നന്നാവല്."

കുഞ്ഞരയ്ക്കാർ നിശ്ശബ്ദം കേട്ടു. കയർത്തൊന്നും സംസാരിക്കാൻ മനസ്സുവന്നില്ല. കറു

ത്ത എല്ലുന്തിയ ശരീരവും മുഖത്തെ അസ്ഥി ക്കുഴികളുടെ അടിയിൽനിന്ന് എത്തിനോക്കുന്ന കണ്ണുകളുമുള്ള ആ വളഞ്ഞുകുത്തിയ മനു ഷ്യനോട് അയാൾക്കിനി ഒന്നും പറയാൻ വയ്യ. ആരോടെന്നില്ലാതെ കുഞ്ഞരയ്ക്കാർ പിറു പിറുത്തു:

"ബക്കാലത്തിന്നു വന്ന ഇന്ന്യാ തല്ലണേ."

വീട്ടിൽച്ചെന്നു കയറിയപ്പോൾ കോലായയു ടെ അരുകിൽ അതേ സ്ഥാനത്ത് ഗോവിന്ദൻ കുട്ടി ഇരിക്കുന്നുണ്ട്. കുഞ്ഞരയ്ക്കാർ ഒന്നു ചിരിക്കാൻ ശ്രമിച്ചു. തിണ്ണയിലിരുന്നു സാവധാ നത്തിൽ മുറുക്കി.

"ഗോവിന്ദുട്ട്യാരേ!"

"ഉം."

"പിന്നിലാവാ ന്ന്. ണീറ്റു നടന്നോളിൻ. നേരെ കുന്നുകേറി നയ്യൂര് വഴി നടന്നാ വെളുക്കു മ്പോ മാണ്യൂരെത്താം. അബടെ ങടെ പെങ്ങള് ണ്ടല്ലോ. അവിടെ പത്തീസം നിക്കി."

"ഇപ്പത്തന്നെ പോവാം."

കുഞ്ഞരയ്ക്കാരുടെ മട്ടുമാറി:

"ങള് പോവാഞ്ഞിട്ടു കടി നിക്കില്ല നായരേ, നാട്ട്വാര്ക്കാ. ന്റെ പെണ്ണുങ്ങൾക്കും കുട്ട്യോൾ

ക്കും പൊല്ലാട്ടു പറഞ്ഞതു കേട്ടുകൊണ്ടാ ഞാൻ ബരുന്ന്. അതിനിക്കു പുല്ലാ. അതോണ്ടല്ല പറഞ്ഞത്. ങ്ങടെ കൊണം ബിചാരിച്ചിട്ടാ ഞാൻ പറേണ്. ങ്ങടെ കാരണോര് എടുത്താവായയ്ക്കു പറഞ്ഞതെന്താശ്ശ്ണ്ടോ?"

ഗോവിന്ദൻകുട്ടി മിണ്ടിയില്ല.

പൊന്നാനിക്കു പോയി തൊപ്പിട്ടോളാൻ. അതാ ങ്ങക്കിനി ബാക്കീന്നാ പറഞ്ഞ്. എങ്ങനെ? സ്സാമിന്റെ ചോറു തിന്നു സ്സാമിന്റെ പെരേക്കെടന്ന് ങ്ങള് സ്സാമായിട്ട് താഴത്തേക്കാരക്കും നായമ്മാർക്കും അഫമാനം വേണ്ട. അതോണ്ടാ പറഞ്ഞതു പൊക്കോളാൻ.

"പോവാം."

# 6

**വൈ**കുന്നേരം നിരത്തിലൂടെ പലരും കടന്നുപോകുന്നുണ്ടെന്ന് ഗോവിന്ദൻകുട്ടിക്കു തോന്നി. പടിക്കു മുകളിലൂടെ കണ്ണുകൾ

കോലായിലേക്കു നീണ്ടുവരുന്നതും പിൻവലിയുന്നതും അസ്വാസ്ഥ്യത്തോടെ അയാൾ കണ്ടു. കുഞ്ഞരയ്ക്കാരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. തെല്ലും പരിഭ്രമം പുറത്തുകാട്ടാതെ കുഞ്ഞരയ്ക്കാർ തിണ്ണയിലിരുന്നു മുറുക്കി. ബീഡി വലിച്ചു.

സന്ധ്യയായപ്പോൾ കുഞ്ഞരയ്ക്കാർ ചോദിച്ചു:

"കുളിയ്ക്കണോ അക്ക്?"

"ഉം."

"ബരി, നിയ്ക്കും കുളിക്കണം."

വീട്ടിന്റെ പിൻപുറത്തുനിന്നു പുഴയിലേക്കു വെട്ടിയ ഒതുക്കുകളിറങ്ങി കുഞ്ഞരയ്ക്കാർ മുന്നിലും ഗോവിന്ദൻകുട്ടി പിന്നിലുമായി നടന്നു. കിഴക്കെ പുഴയിലെ വെള്ളം വളരെ കുറവായിരുന്നു. ചെറിയ നീർച്ചാലിൽ ഒരിടത്ത് ഒരു കുഴി കുഴിച്ചിട്ടുണ്ട്. മുട്ടിനേ വെള്ളമുള്ളു. കിടന്നു മുങ്ങണം. ഒഴുകുന്ന വെള്ളത്തിൽ ആണ്ടുകിടന്നപ്പോൾ സുഖം തോന്നി. കുളികഴിഞ്ഞു വന്നപ്പോൾ കുഞ്ഞരയ്ക്കാർ മകളെ വിളിച്ചു:

"ചോറായിക്ക്ണോ നെബീസോ?"

"ആക്ണ്."

"ബേം നോക്ക്."

ഇരുട്ടുവീഴാൻ തുടങ്ങുന്ന നേരത്ത് ആകാശത്തിന്റെ കിഴക്കേ ചെരുവിൽനിന്ന് ഇടിമുരളാൻ തുടങ്ങി. രാത്രി മഴ പെയ്യുമെന്നു തോന്നി.

"കാലല്ലാകാലത്താണല്ലോ ഇക്കുറി മഴടെ വട്ടം."

"വല്ലാത്ത പുഴുക്കം ണ്ട്."

ആകാശം കറുത്തുകിടക്കുന്നതുകൊണ്ട് ഇരുട്ടിനു കട്ടി കൂടുതലുണ്ടായിരുന്നു. ബാപ്പു ഉണ്ണാൻ വിളിക്കുന്നതുവരെ പുറത്തെ ഇരുട്ടിൽ ഒന്നും സംസാരിക്കാതെ അവർ ഇരുന്നു.

വാതിൽ കടന്ന ഉടനെയുള്ള തളത്തിൽ കുഞ്ഞരയ്ക്കാരും ഗോവിന്ദൻകുട്ടിയും ഭക്ഷണം കഴിക്കാനിരുന്നു. വെള്ളപ്പിഞ്ഞാണത്തിൽ വെളുത്ത ചാക്കരിച്ചോറും കുണ്ടൻ പിഞ്ഞാണത്തിൽ ഉണങ്ങിയ മാന്തൾകൊണ്ടുള്ള കറിയും മുന്നിലെത്തി. ഗോവിന്ദൻകുട്ടി ഒരു ഉരുളയുണ്ടു. രണ്ടാമത്തെ ഉരുള ഉരുട്ടിയപ്പോൾ പുറത്തുനിന്ന് അടക്കിപ്പിടിച്ച ശബ്ദങ്ങൾ കേൾക്കുന്നുണ്ടോ എന്നു സംശയം തോന്നി. അയാൾ ഉരുള പിഞ്ഞാണത്തിൽത്തന്നെ ഇട്ടു ചെവിടോർത്തു. കുഞ്ഞരയ്ക്കാരും അതു കേട്ടിരുന്നു. അയാൾ

എഴുന്നേറ്റുനിന്നു.

പുറത്ത് ഇരുട്ടായിരുന്നു. ഒന്നും വ്യക്തമായി കാണാൻ വയ്യ.

ഉറക്കെ കുഞ്ഞരയ്ക്കാർ വിളിച്ചുചോദിച്ചു:

"ആരാത്?"

പടിക്കൽനിന്നാണു ശബ്ദം കേട്ടത്:

"താഴത്തേതിലെ ഗോവിന്ദുട്ടിണ്ടോ അവിടെ? ആരാദ്ന്നാ ചോദിച്ച്?"

"ആണുങ്ങളാ." മറ്റൊരു ശബ്ദമാണു മറുപടി പറഞ്ഞത്.

"ഓനോട് പുറത്തിറങ്ങാൻ പറ."

കുഞ്ഞരയ്ക്കാർ കോലായിലേക്കു വന്നു. അകത്തു നെബീസുവും തിത്തുമ്മയും അടക്കിയ സ്വരത്തിൽ വിളിച്ചു: "പടച്ചോനെ!"

ബാപ്പു കട്ടിൽപ്പത്തായത്തിന്റെ താഴെ നനഞ്ഞൊലിച്ച ഒരു കോഴിക്കുഞ്ഞിനെപ്പോലെ ചൂളിപ്പിടിച്ചിരുന്നു.

കോലായിൽനിന്നു നോക്കിയപ്പോൾ പടിക്കുപിറകിൽ ആളുകളുടെ കറുത്ത രൂപങ്ങളും വസ്ത്രങ്ങളുടെ നേർത്ത വെളുപ്പും അവ്യക്തമായി കണ്ടു.

"ബാപ്പ പോണ്ട." അകത്തുനിന്നു നെബീ

സു വിളിച്ചുപറഞ്ഞു. അതൊരു നിലവിളിയാ യിരുന്നു. കുഞ്ഞരയ്ക്കാർ മുറ്റത്തിറങ്ങി നിന്നു. ഇരുട്ടിൽ മനുഷ്യർ നിഴലുകളായിരിക്കുന്നു. അന്യോന്യം കാണാൻ വയ്യ.

കുഞ്ഞരയ്ക്കാരാണ്, കുഞ്ഞരയ്ക്കാര് - വേലിക്കപ്പുറത്തെ നിഴലുകൾ തമ്മിൽത്തമ്മിൽ പറഞ്ഞു.

“ആരാണ്ടാ അത്?”

കുഞ്ഞരയ്ക്കാരുടെ ശബ്ദം ഇരുണ്ട അന്തരീ ക്ഷത്തിൽ ഒരു ചാട്ടവാർപോലെ പുളഞ്ഞു.

“ഓനോട് പെണ്ണ്ങ്ങടെ അവ്ട്ന്ന് ഇങ്ങോട്ട് എറങ്ങാൻ പറേടോ മാപ്ലേ.”

കുഞ്ഞരയ്ക്കാർ ഇരുട്ടിൽ സ്തംഭിച്ചുനിന്നു. എന്താണ് പറയേണ്ടതെന്ന് അയാൾക്കു രൂപമി ല്ലായിരുന്നു. എന്താണ് ചെയ്യേണ്ടതെന്നും. വേലിക്കടുത്ത് എത്രപേരുണ്ടെന്നും പറയാൻ വയ്യ.

“ഓനെറങ്ങീട്ടില്ലെങ്കിൽ ഞങ്ങള് അകത്തു വന്നു തിരയും. അകത്ത് ഉമ്മാര് ണ്ടെങ്കിൽ കേൾ ക്കാനാ പറയ്ണ്.”

കുഞ്ഞരയ്ക്കാർക്ക് ശബ്ദം തിരിച്ചുകിട്ടി.

“ഈ പടിക്കിപ്പുറം കാലുകുത്ത്യാൻ

മൂന്നു മുറ്യാ. ഇതു കുഞ്ഞരയ്ക്കാരാ പറേണ്. വാപ്പ്വോ, മടാളെട്ക്കെടാ."

അയാളുടെ പെരുവിരലിൽനിന്നു കയറിയ വിറ ശരീരം മുഴുവൻ വ്യാപിക്കുകയായിരുന്നു.

"വാപ്പ്വോ!"

കട്ടിൽപ്പത്തായത്തിൻെറ താഴെ ചുളിപ്പിടിച്ചിരിക്കുന്ന ബാപ്പു അനങ്ങിയില്ല. വറ്റുപുരണ്ട കൈ ചുരുട്ടിപ്പിടിച്ചിരിക്കുന്ന ഗോവിന്ദൻകുട്ടി അവൻെറ പേടിച്ചരണ്ട മുഖത്തു നോക്കി. അകത്തെ വാതിലിനപ്പുറം കുന്തിച്ചിരിക്കുന്ന തിത്തുമ്മയെ പിന്നിൽനിന്നു കെട്ടിപ്പിടിച്ചു പുറത്തു മുഖമമർത്തി ചെവിടോർത്തിരിക്കുന്ന നെബീസുവിൻെറ കണ്ണുകളിലെ നിസ്സഹായതയുടെ ലോകവും അയാൾ കണ്ടു.

"അവനെ പൊറത്താക്ക്ണോ അതോ ഞങ്ങള് കേറണോ?"

കുഞ്ഞരയ്ക്കാർ വീണ്ടും പിന്തിരിഞ്ഞുനോക്കാതെ മുറ്റത്തുനിന്ന് അലറി:

"മടാക്കത്തി എട്ക്കടൊ കുരുപ്പേ!"

ഗോവിന്ദൻകുട്ടി വറ്റുണങ്ങിപ്പിടിച്ച കൈ ചുരുട്ടിപ്പിടിച്ചെഴുന്നേറ്റു.

ഗോവിന്ദൻകുട്ടി അയാളെയും കടന്നു മുന്നി

ലെത്തിയപ്പോളാണ് കുഞ്ഞരയ്ക്കാർ കണ്ടത്. അത്ഭുതവും അരിശവും അടക്കാനാവാതെ അയാൾ അലറി:

"എബടക്കാ പഹയാ കെട്ടിക്കള്ണ്?"

പേടിച്ചു മൂലയിലിരിക്കുന്ന ബാപ്പുവിനേയും അള്ളാവിനെ വിളിച്ചു ജപിക്കുന്ന ഉമ്മയെ കെട്ടിപ്പിടിച്ചിരിക്കുന്ന നെബീസുവിനേയും മനസ്സിൽ കണ്ടുകൊണ്ട് ഗോവിന്ദൻകുട്ടി പറഞ്ഞു:

"കുഞ്ഞരയ്ക്കാര് അകത്തു ചെല്ലൂ, ഇതെൻ്റ കാര്യാ. കൊള്ളണ്ടോനും കൊടുക്കണ്ടോനും ഞാനാ."

മുറ്റത്തു രണ്ടാമത്തെ നിഴൽ ഇളകിയപ്പോൾ തന്നെ പടിക്കൽ ഒരു മർമരമുയർന്നു: "അവൻ തന്നെ, അവൻതന്നെ."

കുഞ്ഞരയ്ക്കാർ ആദ്യമായി ഗോവിന്ദൻകുട്ടിയുടെ മുന്നിൽ ചെറുതായി നിന്നു.

"ആണാണെങ്കിൽ എറങ്ങി വാടാ!"

അടച്ച തൊണ്ടയിൽനിന്നു വരുന്ന ആ ശബ്ദം ആരുടേതാണെന്ന് ഗോവിന്ദൻകുട്ടി ഓർത്തുനോക്കി. കാളക്കൊമ്പൻ കുഞ്ഞുരാമൻ! ഓണക്കാലത്ത് പടിഞ്ഞാറെ കുന്നിൻ്റെ ചെരുവിൽ ചെറുപ്പത്തിൽ കളിക്കാൻ ചെല്ലുമ്പോൾ

അരുകുമാത്രം നിർത്തി കാളക്കൊമ്പിൻെറ ആകൃതിയിൽ വലിയ ചന്ദനഗോപി തൊട്ടു വരാറുള്ള തടിയൻ കുഞ്ഞുരാമൻെറയാണ്.

പുറത്തുകടന്ന് അവരോടു ന്യായം പറയാനാണ് വിചാരിച്ചത്. എനിക്കും നിങ്ങൾക്കും തമ്മിൽ യാതൊന്നുമില്ല. എനിക്കു കണക്കു പറയാനുള്ളത് ശേഖരേട്ടനോടാണ്. ശേഖരേട്ടനോടു മാത്രമാണ്. കുഞ്ഞരയ്ക്കാർ കട്ടിൽപ്പത്തായത്തിനടിയിലിട്ട പോത്തിൻകൊമ്പിൻെറ പിടിയിട്ട  കത്തിയുടെ കാര്യം ഒരു നിമിഷം ഓർമിച്ചു. പൂന്തോട്ടത്തിൽനിന്ന് ഉച്ചവെയിലിൽ ഭ്രാന്തനെപ്പോലെ കയറിവന്നപ്പോൾ കുഞ്ഞരയ്ക്കാർ ആദ്യം ചെയ്തതു കത്തി വാങ്ങിവെയ്ക്കുകയായിരുന്നു.

പടി കടന്നപ്പോൾ ശരിക്കും ബോധമുണ്ടായിരുന്നില്ല. കണ്ണും മനസ്സും ശരിക്കു പ്രവർത്തിക്കാതിരുന്ന ആ ഒരു സമയത്തും അയാൾ ഒന്നു കണ്ടു. അയാൾ പടിക്കലെത്തിയപ്പോൾ അവർ പിൻവാങ്ങി നില്ക്കുന്നു. അപ്പോൾ ഇവർക്കും ഭയപ്പെടാനറിയാം! പിന്നിൽ കുഞ്ഞരയ്ക്കാരുടെ ശബ്ദം കേട്ടു. എന്താണെന്ന് അയാൾ കേട്ടില്ല. തിരിഞ്ഞുനോക്കിയതുമില്ല. പടി കടന്ന് നിരത്തി

ലെത്തിയപ്പോൾ അയാൾക്ക് ധൈര്യവും ശക്തി യും തിരിച്ചുകിട്ടിയപോലെ തോന്നി. ഇത് പൊതുനിരത്താണ്. ഇവിടെ എന്തു സംഭവിച്ചാ ലും ആർക്കും ഒന്നുമില്ല.

മുന്നിലെ നിഴലുകളെ നോക്കി അയാൾ പറഞ്ഞു:

“ഞാനാണ്, താഴത്തേലെ ഗോയിന്ദുട്ടി.”

കറുത്ത രൂപങ്ങൾക്കിടയിൽ അയാളുടെ കണ്ണുകൾ സഞ്ചരിച്ചു. ചിലരെ അയാൾ തിരിച്ചറിഞ്ഞു. താഴത്തേതിൽ ചാത്തമു ണ്ടാവുമ്പോൾ ഇണങ്ങനായി വരാറുള്ള അപ്പനായരെയാണ് മുന്നിൽ കണ്ടത്. അയാളു ടെ വീർത്തുതടിച്ച മുഖത്തെ ഇടുങ്ങിയ കണ്ണു കൾ ഇരുട്ടിൽ തിളങ്ങുന്നു.

“നീയെന്നാടാ ഇത്ര വമ്പനായത്? നാലാം വേദക്കാരൻെറ ചോറുതിന്നു പായേക്കെടന്നു മത്യായപ്പെട്ടോരടെ നെഞ്ഞത്ത് കേറാൻ എന്നേ നെനക്കായത്?”

അപ്പനായരാണ് അവർക്കുവേണ്ടി സംസാരി ച്ചത്. അയാൾക്കു സംസാരിക്കാൻ അറിയാം.

“നായെ, നെന്നോടാ ചോദിച്ച്.”

ഗോവിന്ദൻകുട്ടിയുടെ ശ്വാസത്തിനു

വേഗം കൂടി. അരിശംകൊണ്ടു രക്ഷപ്പെടി
ല്ലെന്നു ബോധ്യം വന്നപ്പോൾ അയാൾക്ക് ഒരു
പാരവശ്യം വന്നു:

"ഞാൻ നിങ്ങൾക്കാർക്കും ഒരു ദ്രോഹം
ചെയ്തിട്ടില്ല! എന്നോട്-"

"പ്ഫ് നായെ, കൊലം കെടുത്ത പട്ടീ!"

മുഖം തിരിക്കാനിട കിട്ടുന്നതിനുമുമ്പ്
വലത്തെ ചെവിക്കു താഴെ കഴുത്തിൽ
കനത്തൊരു കൈ വന്നു വീണു. നിന്നേടത്തുനി
ന്നു തെറിച്ചുപോയി. നിലംപൊത്താതിരിക്കാൻ
പ്രയാസപ്പെടേണ്ടിവന്നു. വേദനയായിരുന്നില്ല.
ഒരു മരവിപ്പ്.

അയാൾ വീണ്ടും ആവർത്തിച്ചു:

"ഞാൻ നിങ്ങൾക്കാർക്കും-"

വീണ്ടും ആ കൈ പൊങ്ങിയപ്പോൾ ഗോ
വിന്ദൻകുട്ടി ഇടത്തെ കൈത്തണ്ട ഉയർത്തി.
കനത്ത കൈമുട്ടിൽ കൈവന്നു വീണപ്പോൾ
വേദനയുടെ ഒരടക്കിയ സ്വരം പുറത്തുവന്നു.
അയാളുടെ കൈ പൊങ്ങുന്നതും അപ്പനായരു
ടെ വേദനിച്ച മുളലും മാത്രമേ മറ്റുള്ളവർ ശ്രദ്ധി
ച്ചുള്ളു.

കാളക്കൊമ്പൻ കുഞ്ഞിരാമന്റെ അടച്ച

ശബ്ദം കേട്ടു: "ഒത്തൊരോടു പിടികാൻ ഓനെക്കൊണ്ടാവില്ല. വയസ്സന്മാരെ തല്ലാനും കുത്താനും–"

വികൃതമായ ശബ്ദങ്ങളോടെ ആളുകൾ ചുറ്റും വന്നു പൊതിഞ്ഞപ്പോൾ വാക്കുകൾക്കും ന്യായംപറച്ചിലുകൾക്കും സമയം കഴിഞ്ഞിരുന്നു.

കാളക്കൊമ്പൻ കുഞ്ഞിരാമന്റെ വലിയ മുഖവും കൂറ്റൻ ശരീരവും മുന്നിൽ മലപോലെ വലുതാവുന്നതയാൾ കണ്ടു. അവൻ വീശിയ കൈ ദേഹത്തു വീണില്ല. അടക്കിയതെല്ലാം ചങ്ങലപൊട്ടിച്ചു കുതിക്കുന്ന ഒരനുഭവമായിരുന്നു ഉള്ളിൽ. കുഞ്ഞിരാമന്റെ കൈയിൽനിന്ന് ഒഴിഞ്ഞുമാറി വറ്റുണങ്ങിപ്പിടിച്ച ചുരുട്ടിയ കൈ മുന്നോട്ടാഞ്ഞ് ഇടതുഭാഗത്തു കണ്ട അപ്പനായരുടെ മാറത്തു പരത്തിയടിച്ചു. ആടുകൾ അയവിറക്കുന്നതുപോലെ ഒരു ശബ്ദം കേട്ടു.

ആളുകൾ പൊതിഞ്ഞുകയറിയപ്പോൾ, കൈകൾ ശരീരത്തിൽ പലേടത്തായി വീണപ്പോൾ, വേദന അങ്ങിങ്ങായി പുളഞ്ഞുകയറിയപ്പോൾ, അയാൾ തളരുകയായിരുന്നില്ല. വീഴരുത്. വീഴാതെ അടിയുറച്ചുനില്ക്കണം. അരിശം

വികൃതമാക്കിയ മുഖങ്ങൾ അടുത്തടുത്തേക്കു വന്നപ്പോൾ വറ്റുണങ്ങിപ്പിടിച്ച ചുരുട്ടിയ കൈയാണ് അവയോടു സംസാരിച്ചത്. ഒരു മുണ്ടൻ വടിയുടെ ചലനം ചുമലിനു സമീപം കണ്ടു. ആ കൈത്തണ്ട് ഇടത്തെ കൈവിരലുകളിൽ ഞെരിച്ചുനിർത്തിക്കൊണ്ട് അയാൾ വലത്തെ കൈമാത്രമുപയോഗിച്ചുനിന്നു. വേദനയുടേയും അമർഷത്തിന്റെയും സ്വരങ്ങൾ കേൾക്കാമായിരുന്നു. അതാണ് ഓർമ നിലനിർത്തിയിരുന്നത്. വീഴരുത്. വീഴരുത്.

"ഒറ്റയൊരുത്തനല്ലേടാ ഓൻ? ഒരാളെ ഒതുക്കാൻ വയ്യേടോ ആണുങ്ങളേ?"

ആ ശബ്ദവും അയാൾ തിരിച്ചറിഞ്ഞു-നാരായണൻനായർ. ചോരയുടെ ഇളംചൂടും ഉപ്പുരസവും ചുണ്ടുകളിൽ തട്ടി. കാഴ്ചയിൽനിന്ന് ചുറ്റും കൂടിയ കറുത്ത രൂപങ്ങൾ പതുക്കെപ്പതുക്കെ മറയുകയായിരുന്നു.

വീഴരുത്...

ഇടത്തെ കൈവിരലുകൾക്കു കീഴിൽ ഒരു മണിക്കണ്ഠം കിരുകിരെ കരഞ്ഞു. വേദനയുടെ ഒരു മൂർച്ചയേറിയ ശബ്ദം കേട്ടു. രണ്ടു കൈകളും സ്വതന്ത്രമായെങ്കിലും പൊങ്ങുന്നില്ല.

വീഴാതിരിക്കാൻ പ്രാർത്ഥിച്ചുകൊണ്ട് കൈത്തണ്ടു മുഖത്തിനു മുമ്പിൽ ഉയർത്തിപ്പിടിച്ചുനിന്നു.

വീഴരുത്...

ഇരുട്ടിന് പൊടുന്നനെ കട്ടി കൂടുന്നുവെന്നും കണ്ണിൽ ചുവന്ന തിരശ്ശീല വീഴുകയും ഉയരുകയും ചെയ്യുന്നുവെന്നും തോന്നി. വീഴരുത്... മരവിച്ച ഇടതുകൈ വീശിക്കൊണ്ട് അയാൾ വീണ്ടും നിന്നു.

അപ്പോൾ വെളിച്ചത്തിന്റെ ഒരു പ്രളയമുണ്ടായി. ഇരുട്ടിൽ ഒരെച്ചിലിലയ്ക്കുവേണ്ടി കടിപിടികൂടുകയായിരുന്ന തെണ്ടിപ്പട്ടികളെപ്പോലെ എല്ലാവരും പകച്ചുനിന്നു. പടി കടന്ന് ഒരു കൈയിൽ കത്തിച്ചുപിടിച്ച ആളിക്കത്തുന്ന ഓലച്ചൂട്ടും മറ്റേക്കൈയിൽ തിളങ്ങുന്ന മടവാൾക്കത്തിയുമായി കുഞ്ഞരയ്ക്കാർ നില്ക്കുന്നു.

ഗോവിന്ദൻകുട്ടി പൂർണ്ണമായി കണ്ണുതുറന്നു. ഓലച്ചൂട്ടിന്റെ വെളിച്ചത്തിൽ നിഴലുകൾ മനുഷ്യരായപ്പോൾ വികൃതമായ മുഖങ്ങൾ അയാൾ കണ്ടു.

കുഞ്ഞരയ്ക്കാരുടെ ശബ്ദമുയർന്നു:

“ഓരോരുത്തൻ ഓരോരുത്തനായിട്ടു വന്നോ

ളിൻ. അല്ലെങ്കിൽ എല്ലാരും പാടെ. പൂതി മാറ്റാ നാ കുഞ്ഞരയ്ക്കര് ബരന്ന്.”

ആളിക്കത്തുന്ന ചൂട്ടുയർത്തിനില്ക്കുന്ന ആ രൂപം മനുഷ്യനല്ല, ചെകുത്താനാണ് എന്നു തോന്നി. ആകാശംമുട്ടുന്ന, തീ തുപ്പുന്ന ചെകുത്താൻ. അയാൾ മുന്നോട്ടു വന്നപ്പോൾ ആരോ ചോദിച്ചു:

“ഇതില് തനിക്കെന്തെടോ കാര്യം?”

“പത്താളുചേർന്ന് ഒരുത്തനെ തല്ലിക്കൊല്ലു മ്പോ അതിനിയ്ക്കു കാര്യാ. ഓടിനെടാ ബലാ ല്കളെ. അല്ലെങ്കി ഓരോരുത്തനായി വരി.”

മടവാൾക്കത്തിയായിരുന്നു സംസാരിച്ചത്.

ആളുകൾ വീണ്ടും നിഴലുകളായി. ഇരുട്ടിൻെറ മാളങ്ങളിലേക്ക് അവർ നടന്നകന്നു. അത്ഭു തത്തോടെ ഗോവിന്ദൻകുട്ടി അതു നോക്കിനി ന്നു.

നിരത്തു വീണ്ടും വിജനമായപ്പോൾ കുഞ്ഞരയ്ക്കാർ ചൂട്ടു കുത്തിക്കെടുത്തി.

ഗോവിന്ദൻകുട്ടി ഇടറുന്ന കാലടികൾ വെച്ചു കൊണ്ടു നടന്നു.

“എങ്ങോട്ടാണ്?”

“ഈ ബെയ്യാത്തോടത്താ?”

അതിനു മറുപടിയുണ്ടായില്ല. അയാൾ നടക്കുമ്പോൾ കാലിടറിയിരുന്നു. അടുത്ത അടിവെപ്പിൽ വീഴുമെന്നു തോന്നി. കുഞ്ഞരയ്ക്കാർ തടുത്തില്ല. നിശ്ശബ്ദം അയാൾ നോക്കിനിന്നു. ആർക്കും വെച്ചുവെച്ചുനടക്കുന്ന ആ മനുഷ്യനെ തടുക്കാനാവില്ലെന്നു തോന്നി.

"ഒരാങ്കുട്ടീനെ ഞാൻ ന്ന് കണ്ട്."

പൂഴിമണൽ തറഞ്ഞുകിടക്കുന്ന നിരത്തിലൂടെ അരയാലിലകൾ ചവിട്ടിക്കൊണ്ട് ഗോവിന്ദൻകുട്ടി നടന്നു. ദൂരെ അങ്ങാടിയിലെ മണ്ണെണ്ണവിളക്കുകൾ കൺമുന്നിൽ നൃത്തം ചെയ്യുന്നുണ്ടായിരുന്നു. ചുണ്ടുകളിൽ നനവും ഉപ്പുരസവും പറ്റിയിരുന്നു.

കുഞ്ഞരയ്ക്കാർ വളപ്പിലേക്കു കടന്നു. രാത്രിയിൽ കോലായയിൽ ഉറക്കംവരാതെ കിടക്കുമ്പോൾ അകത്തുനിന്നു തിത്തുമ്മ പടച്ചോനെ വിളിച്ചു നെടുവീർപ്പിടുന്നതു കേട്ടു.

ഒന്നു മയക്കം പിടിക്കാൻ തുടങ്ങിയ നേരത്താണ് പടിക്കൽനിന്ന് ആരോ വിളിച്ചത്: "കുഞ്ഞരയ്ക്കാര്ക്കാ, കുഞ്ഞരയ്ക്കാര്ക്കാ."

വീണ്ടും ആരാണ്?

"കളി അവസാനിച്ചിട്ടില്ലേ പഹേരെ?" അയാൾ

മുറ്റത്തിറങ്ങി.

"ആരാ?"

"ഞാനാ, കാതരുട്ടി."

മുതലാളിയുടെ പണിക്കാരിലൊരാളാണ് കാതരുട്ടി. അവർ തമ്മിൽ ഒരിടപാടും ഉണ്ടായിട്ടില്ല.

"എന്തോണ്ടോ, കാര്യം പറ."

കാതരുട്ടി പരുങ്ങി. അവനെ പടിക്കപ്പുറത്തു നിർത്തിയാണ് സംസാരിച്ചിരുന്നത്.

"പിന്നെ, മൊയലാളി പറഞ്ഞയച്ചതാ, ആ നായരുട്ടി ഇബ്ടെണ്ടന്ന് കേട്ടു."

"ഏതു നായരുട്ടി?"

"തായത്തേലെ ശേഖരൻനായരോട് വക്കാണം കൂട്ട്യേ."

"അയിന്?"

"അക്കുട്ടീനോട് മൊയലാളി ഒന്നു ചെല്ലാൻ പറഞ്ഞ്?"

"മൊയലാളിക്ക് പണ്ടില്ലാത്ത സിനേകം ണ്ടാവ്വാണലോ!" കുഞ്ഞരയ്ക്കാർ ഒന്നു തുപ്പി.

"അല്ല കുഞ്ഞരയ്ക്കാർക്കാ, അക്കുട്ടീനെ തല്ലാൻ ശേഖരന്നായര് ആളെ ബിട്ടട്ക്കണ്ന്ന് മൊയ്ലാളി പറഞ്ഞ്. കാര്യായിട്ട് പറഞ്ഞതാ."

"ആള് പോയി."

"ആര്?"

"ആ കുട്ടി പോയീന്ന്."

കാതരുകുട്ടിക്കു കൂടുതലൊന്നും ചോദിക്കാൻ ഇടകൊടുക്കാതെ കുഞ്ഞരയ്ക്കാർ, ഒന്നുറക്കെ കാർക്കിച്ചുതുപ്പി വീട്ടിലേക്കു നടന്നു.

# അദ്ധ്യായം അഞ്ച്

# 1

വെള്ളക്കുമ്മായം പൂശിയ അരമതിലിന്മേൽ രണ്ടു കൈകളും ഊന്നിക്കൊണ്ടുനിന്ന് അയാൾ താഴേക്കു നോക്കി. ആ വലിയ കുളത്തിൻെറ അടിയിൽ കടുംപച്ചനിറത്തിലുള്ള വെള്ളം ഒരു തടിച്ച കണ്ണാടിക്കഷണംപോലെ ചലനമറ്റു കിടക്കുന്നു.

കുളത്തിൻെറ നാലുചുറ്റിലും നിരത്താണ്.

തെക്കും പടിഞ്ഞാറും പാതയിലേക്കു വാതിൽ തുറക്കുന്ന ഉയരം കുറഞ്ഞ ഓടിട്ട ചെറിയ പുരകൾ. തെക്കു നിരത്തിൽ ആർപ്പും വിളിയുമായി കുട്ടികൾ കൂട്ടംകൂടിനിന്നു കളിക്കുന്നതു കണ്ടു.

വടക്കുഭാഗത്തു വെള്ളമതിൽക്കെട്ടിനു മുകളിൽ നീലച്ചായമിട്ട ജാലകങ്ങളുള്ള ആ വലിയ കെട്ടിടവും അപ്പുറത്തു തൊട്ടു കിടക്കുന്ന പള്ളിയുടെ മുകളിൽ പോക്കുവെയിലിൽ തിളങ്ങുന്ന ചന്ദ്രക്കലയും അയാൾ ഒന്നുകൂടി തിരിഞ്ഞുനോക്കി. ഇരുപത്തിയൊന്നു ദിവസങ്ങൾക്കുമുൻപ് മുതലാളിയുടെ കാര്യസ്ഥൻെറ മുന്നിൽ നടന്ന് ഇവിടെ എത്തിയപ്പോൾ, ഇവിടെനിന്നാണ് ആദ്യം ആ കെട്ടിടം കണ്ടത്. നീലച്ചായമിട്ട വാതിൽ കനത്ത ഭിത്തിയിൽ വലിയൊരു വിടവുണ്ടാക്കിക്കൊണ്ട് ഇപ്പോഴും തുറന്നുകിടക്കുന്നു. ഇരുപത്തിയൊന്നു ദിവസങ്ങളുടെ അകലമേ ആ വാതിൽ രണ്ടുവട്ടം കടന്നതിനിടയിലുള്ളു? ഓർക്കുമ്പോൾ നീണ്ട വർഷങ്ങളുടെ അവസാനിക്കാത്ത ദൂരമുണ്ടെന്നു തോന്നുന്നു.

വരണ്ട കല്പടവുകളുടെ ചുരുങ്ങിച്ചുരുങ്ങി

വരുന്ന ചതുരങ്ങൾക്കടിയിൽ അനക്കമില്ലാതെ കിടക്കുന്ന കടും പച്ചനിറമുള്ള വെള്ളത്തി ലേക്കു നോക്കിക്കൊണ്ട് അയാൾ നിന്നു. ആ വെള്ളം ഒരു കണ്ണാടിയാണ്. ഒരു കല്ലെറിഞ്ഞാൽ ഉടഞ്ഞുപോയേക്കും. അയാൾക്ക് അവസാ നത്തെ കിരണങ്ങൾ പാറിനടക്കുന്ന ആ കണ്ണാ ടിയിലൊന്നു മുഖം നോക്കണം.

സുന്നത്തു കഴിഞ്ഞ് അയയ്ക്കു മുകളിൽ കൂടാരംപോലെ തട്ടിൻപുറത്തേക്കു ചരടി ട്ടു കെട്ടിയുയർത്തി നിർത്തിയ ചുവന്ന കമ്പിളിപ്പുതപ്പിനു താഴെ മൂത്രച്ചിരട്ടകൾ കമി ഴ്ത്താനുണ്ടാക്കിയ തുറന്ന ചാലുകളുടെ ദുർ ഗ്ഗന്ധമേറ്റുകിടക്കുമ്പോൾ താഴത്തെ ഉരുളൻതൂ ണിനു മുകളിൽ വെച്ച കണ്ണാടിയിൽ എത്തി വലിഞ്ഞുനോക്കിയാൽ മുഖം കാണാമായിരു ന്നു. ആ മുഖം പരിചയമുള്ള മുഖമായിരുന്നു. ഏഴു ദിവസവും മൂത്രത്തിൻേറയും അഴുകിയ മാംസത്തിൻേറയും മണം ശ്വസിച്ചുകൊണ്ടു കിടന്നു. വരിവരിയായി ആളുകൾ കിടക്കുകയാ യിരുന്നു. ചുവന്ന കൂടാരങ്ങളുടെ രണ്ടു നിരകൾ പ്ലാവിൻകാതലുകൊണ്ടു നിർമ്മിച്ച പഴയ തട്ടു പലകകളിൽ വേട്ടാളൻ കൂടുകൂട്ടുന്നതു കണ്ടു

മടുത്തപ്പോഴാണ് താഴത്തെ കോലായിലെ തൂണിലെ കണ്ണാടി കണ്ടത്.

അപ്പോൾ താൻ മാറിയിരുന്നില്ല.

തല മൊട്ടയടിച്ചതും പുരികങ്ങൾകൂടി വടിച്ച് ചെറുതാക്കിയതും പിന്നീടാണ്.

പടിഞ്ഞാറുഭാഗത്തെ കല്പടവിലൂടെ ഇറങ്ങിച്ചെന്ന് ജലനിരപ്പിന്റെ സമീപം നിന്നുകൊണ്ട് അയാൾ നോക്കി. അനക്കമില്ലാതെ കിടക്കുന്ന വെള്ളത്തിൽ വെള്ളത്തുണി ചരടിൽ കുരുക്കിയെടുത്തു തലയിൽ നേരിയ വെള്ളമുണ്ടിട്ടു നില്ക്കുന്ന ഒരു മനുഷ്യന്റെ മുഖം കണ്ടപ്പോൾ അദ്ഭുതത്തോടെ വീണ്ടും നോക്കി.

"അബ്ദുള്ള!" ഗോവിന്ദൻകുട്ടിയല്ല, അബ്ദുള്ള. അറിയാതെ സ്വന്തം ചുണ്ടുകളനക്കി ശബ്ദമുണ്ടായപ്പോൾ അയാൾക്ക് ഒരു നടുക്കമുണ്ടായി.

## 2

ഇരുപത്തിരണ്ടു ദിവസങ്ങൾ-ഇരുപത്തിരണ്ടു ദിവസത്തിനകം ഒരു മനുഷ്യൻ, ഇല്ല, ഒരു പുതിയ മനുഷ്യനിതാ മുന്നിൽ!

അയാൾക്കു പുതിയ വിശ്വാസങ്ങളാണു വേണ്ടത്.

ലാ ഇലാഹ് ഇൽ അല്ഹാ മുഹമ്മദ് റസൂള്ളാ.

നിസ്കാരം പഠിപ്പിക്കുന്നതിൻെറകൂടെ പലവട്ടം ചൊല്ലിക്കൊടുത്തതാണത്.

ഇന്നലെ രാത്രിയിൽ പുതിയ വിശ്വാസങ്ങളെയും ഓതാൻ പഠിച്ചു താമസിക്കുന്ന ചെറുപ്പക്കാരെയും വിളിച്ചിരുത്തി തൊണ്ട പൊട്ടുന്ന ശബ്ദത്തിൽ ദൂരത്തെവിടെനിന്നോ വന്ന ഒരാൾ സംസാരിച്ചു.

അല്ലാഹുവിൻെറയും റസൂലിൻെറയും കല്പന അനുസരിച്ച് നിയ്യത്തു നന്നാക്കി ജീവിക്കുന്ന മനുഷ്യനാണ് ശരിയായ മുസ്ലിമായിത്തീരുന്നത്.

അനക്കമറ്റു കിടക്കുന്ന വെള്ളത്തിൽത്തന്നെ നോക്കിനില്ക്കുന്ന ആ മനുഷ്യനോടു ചോദിക്കണമെന്നുണ്ടായിരുന്നു: നീയാരാണ്? അബ്ദു

ള്ളയാണോ, ശരിയായ മുസ്ലീമാണോ?

മനസ്സിൽ ഒന്നും വ്യക്തമല്ല. ആയിരമായിരം ശബ്ദങ്ങൾ തലയ്ക്കുചുറ്റും കോലാഹലം കൂട്ടുന്നതുപോലെ തോന്നി. ഒന്നും ഓർക്കാൻ വയ്യ.

ഒരു വൈകുന്നേരം നീലച്ചായമിട്ട ആ വാതിൽ കടക്കുമ്പോൾ മനസ്സ് ഒഴിഞ്ഞുകിടന്നിരുന്നു. ജീവിതത്തിൽ ഒരു വലിയ മാറ്റം സംഭവിക്കാൻ പോകുന്നുവെന്ന് ഓർമിച്ചിരുന്നില്ല.

കടന്നുചെന്നപ്പോൾ ആദ്യം ഭംഗിയുള്ള പൂന്തോട്ടമാണു കണ്ടത്. ചട്ടിയിൽ കുതിരവാലികൾ. മണൽ വിരിച്ച മുറ്റത്ത് അകലമൊപ്പിച്ചു കുഴിച്ചിട്ട കുഴികളിൽ പൂക്കൾ വിടരുന്ന ചെടികളും. കൂടെ മുതലാളിയുടെ കാര്യസ്ഥനുമുണ്ടായിരുന്നു. അയാൾ പടിവാതില്ക്കൽ സ്റ്റൂളിട്ടിരിക്കുന്ന നരച്ച കൊമ്പൻമീശക്കാരന്റെ ചെവിയിൽ എന്തോ പറഞ്ഞു.

എന്താണ് പറഞ്ഞതെന്ന് കേട്ടില്ല. തെക്കുഭാഗത്തു വൃത്തിയുള്ള ചൂടിപ്പായ വിരിച്ച മുറിയിൽ മേശപ്പുറത്തു കടലാസുകെട്ടുകളും ചില്ലലമാരികളിൽ തടിച്ച പുസ്തകങ്ങളും കണ്ടു. മേശയ്ക്കു പുറകിൽ ആളുകളിരുന്നു ജോലി ചെയ്യുന്നു. താൻ ധരിച്ചതുപോലെയോ

ന്നുമല്ലല്ലോ എന്നാണപ്പോൾ തോന്നിയത്. താടിനീട്ടിയ മൊല്ലാക്കമാർ കൂട്ടംകൂടി നടക്കുന്ന ഒരു വലിയ പള്ളിയിലേക്കാണ് കടന്നുചെല്ലു ന്നതെന്ന ധാരണയോടെയാണ് വാതിൽ കടന്നത്. ഓത്തും വയളും ബാങ്കുവിളിയും ജപമാല തിരുമ്മുന്ന താടിക്കാരനും മാത്രമായ ഒരു ലോകം. മണൽവിരിച്ച മുറ്റത്തെ പൂച്ചട്ടികളി ലും ആപ്പീസുമുറിയിൽ തലതാഴ്ത്തി ഇരുന്ന് എഴുതുന്ന മനുഷ്യരുടെ മുഖത്തും പിന്നെ കാര്യ സ്ഥൻെറ ഒരിക്കലും ചിരികാണാത്ത കണ്ണുകളി ലും അയാൾ നോക്കി.

"ബരീ."

ചൂടിപ്പടത്തിൽ കാൽ ഉരച്ചു വൃത്തിയാക്കി കാര്യസ്ഥൻ മുന്നിൽ വന്നു. അയാൾ പിറകെ. വാതിൽ കടന്നേടത്തുതന്നെ നിന്നു. കാര്യ സ്ഥൻ ആദ്യമായിട്ടാണ് ഇവിടെ വരുന്നതെന്നു മനസ്സിലായി. എന്താണു ചെയ്യേണ്ടതെന്ന് അയാൾക്കും അറിയാമായിരുന്നില്ല.

ആദ്യം കണ്ട മേശയ്ക്കു പിന്നിലിരിക്കുന്ന കണ്ണടവെച്ച ചെറുപ്പക്കാരൻ അവരെ നോക്കി. കാര്യസ്ഥൻ മേശ വലംവെച്ച് അയാളുടെ ഇടതു വശം ചേർന്നുനിന്ന് എന്തോ താണ സ്വരത്തിൽ

പറഞ്ഞു. ചെവിയോർത്താൽ കേൾക്കാം. കേൾക്കാതിരിക്കണമെന്നായിരുന്നു മനസ്സിൽ. മുറിയിലെ അഞ്ചുപേരുടെയും കണ്ണുകൾ തൻെറ മുഖത്താണെന്ന ധാരണയിൽ എങ്ങും നോക്കാതെ നിലത്തുവിരിച്ച ചൂടിപ്പായയുടെ കണ്ണികൾ എണ്ണാൻ ശ്രമിക്കുന്നതുപോലെ അയാൾ നിന്നു. പിന്നെ ചുമരിലെ പടങ്ങളിലേക്കു കണ്ണുകളുയർത്തി. വലിയ തലക്കെട്ടും സ്വർണ്ണമുദ്രകൾ തൂക്കിയ കറുത്ത കോട്ടും ധരിച്ച ഒരു കുറ്റൻ മനുഷ്യൻെറ വലിയ പടം ഇടതുഭാഗത്തു തൂങ്ങിക്കിടന്നിരുന്നു. അതിനപ്പുറത്തു തങ്കം പൂശിയ അറബക്ഷരങ്ങളുടെ ഒരു ചിത്രപ്പണി.

കണ്ണടക്കാരൻ എഴുന്നേറ്റു. ചുവരിനരുകിൽ ബഞ്ചു ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "ഇരിക്കീൻ."

അയാൾ മുതലാളിയുടെ കാര്യസ്ഥനെ കൂട്ടി മേശകൾക്കിടയിലൂടെ നടന്ന് അകത്തെ വാതിൽ തുറന്ന് ഉള്ളിലേക്കു പോയി. എഴുതിക്കൊണ്ടിരുന്നവർ മുഖമുയർത്തി അപ്പോഴാണ് അയാളെ ഒരു പരിശോധന നടത്തിയത്.

പച്ചക്കള്ളിമുണ്ടിനു മീതെ കെട്ടിയ വീതി കൂടിയ ബെൽട്ടിൽ കലകൊമ്പിൻെറ പിടിയിട്ട കത്തി

തിരുകിയ കുറ്റിയാനായ ഒരൊറ്റക്കണ്ണൻ വന്നു മേശപ്പുറത്തു നിന്നു പുസ്തകങ്ങളെടുത്തു ചില്ലലമാരിയിൽ വെച്ചു പൂട്ടിയിട്ട് ബഞ്ചിനരികെ വന്നു ചോദിച്ചു:

"എവിട്ന്നാ?"

അയാൾ സ്ഥലപ്പേരു പറഞ്ഞില്ല. തനിക്കെന്തു കാര്യമാണെടോ എന്ന മട്ടിൽ അവനെ ഒന്നു നോക്കി.

"മുണ്ടൂലേ?"

"കുറച്ചു ദൂരത്ത്ന്നാ."

"ന്നാലും ദിക്കിന്നു പേരില്ലേ?"

എന്തോ ആ മനുഷ്യന്റെ ഭാവവും സംസാരവും അയാൾ വെറുത്തു. ഒന്നും പറഞ്ഞില്ല. മടുത്തിട്ടാവണം, ഒറ്റക്കണ്ണൻ വാതില്ക്കൽ ചെന്നു തോട്ടത്തിലേക്കു നോക്കിക്കൊണ്ടു നിന്നു. പിന്നെ കത്തിയൂരി നിവർത്തി ധൃതിയിൽ നഖം കൂർപ്പിക്കാൻ തുടങ്ങി. അകത്തേക്കുപോയ കണ്ണടക്കാരൻ തിരിച്ചുവന്നു:

"വരിൻ."

അയാളുടെ പിറകെ അകത്തെ മുറിയിലേക്കു കടന്നപ്പോൾ മുതലാളിയുടെ കാര്യസ്ഥൻ ബഹുമാനത്തോടെ നോക്കിനില്ക്കുന്നതു

കണ്ടു. വലിയ മേശയുടെ പിന്നിൽ കറുത്ത തുർക്കിത്തൊപ്പി വച്ചിരിക്കുന്ന തടിച്ച വയസ്സൻ മേശപ്പുറത്തു പെൻസിൽകൊണ്ട് എന്തോ വരയ്ക്കുകയായിരുന്നു. അവർ അകത്തു കടന്നപ്പോൾ നരച്ച പുരികങ്ങൾക്കു കീഴിൽനിന്നു മൂർച്ചയുള്ള കണ്ണുകൾ ഉയർന്നുവന്നു.

"ഉം?" അയാളൊന്നു മൂളി. മുതലാളിയുടെ കാര്യസ്ഥനും കണ്ണടക്കാരനും പരസ്പരം നോക്കുന്നത് അയാൾ കണ്ടില്ല. പക്ഷേ, അവർ പുറത്തുപോകുന്നതു മുഖം തിരിക്കാതെതന്നെ അയാൾക്കു കാണാമായിരുന്നു.

മൂർച്ചയുള്ള കണ്ണുകൾ ദേഹത്തിലെവിടെയോ ചൂഴ്ന്നിറങ്ങുന്നുണ്ടെന്നു തോന്നി. അയാൾ പതറിപ്പോയി.

ഒരു പുസ്തകം നിവർത്തിവെച്ച് വയസ്സൻ ചോദിച്ചു:

"പേര്?"

പേരു പറഞ്ഞുകൊടുത്തു.

വയസ്സൻ താണസ്വരത്തിൽ എന്തോ പിറുപിറുത്ത് ഒരു സ്റ്റീൽ പെൻ താഴെവെച്ചു മറ്റൊന്നെടുത്തു. തൊപ്പിയെടുത്തു താഴെവച്ചു നരച്ച രോമക്കുറ്റികൾ അങ്ങിങ്ങായി കാണുന്ന തല

തടവി.

"ഉം. പേര്?"

ഒരിക്കൽക്കൂടി പേർ പറയേണ്ടിവന്നു.

അയാൾ പുസ്തകത്തിലെഴുതി.

"വയസ്സ്?"

"ഇരുപത്തിനാല്."

"വീട്ടുപേര്?"

"താഴത്തേതിൽ"

"ഉം, താഴത്തേ–തി–ൽ. ഏതാ അംശം?"

"കിഴക്കുംമുറി അംശം ദേശം."

"കിഴക്കുംമുറി അംശം ദേശം. നിൽക്കട്ടെ. എഴുതാനും വായിക്കാനും അറിയ്യോ?"

അയാൾ മൂളി.

"താലൂക്ക് പൊന്നാന്യന്നെ അല്ലേ?"

"അതെ."

"സ്വന്ത മനസ്സാലല്ലേ ദീനികൂടാൻ വന്നത്?"

അയാൾ ഒരുനിമിഷം ആലോചിച്ചു. എന്നിട്ടു വെറുതെ ഒന്നു മൂളി.

"അല്ലാഹുവിൻേറയും റസൂലിൻേറയും കല്പനയനുസരിച്ച് സ്ലാമായിരിക്കാൻ തയ്യാറായി ബന്നതാണോന്നാ ചോദിച്ച്."

"ആ."

"ഹും." വയസ്സൻ പുസ്തകത്തിൽ എന്തോ എഴുതി. എന്നിട്ടു സ്റ്റീൽപെൻ താഴെവച്ചു. കസേരയിൽ ചാഞ്ഞിരുന്നു തല തടവിക്കൊണ്ടു പറഞ്ഞു:

"ഇസ്ലാമില് എല്ലാരും പടച്ചോൻെറ മക്കളാണ്. ഇസ്ലാമില് ഒര്ത്തൻ പള്ളപയ്ച്ച് കെടക്കുമ്പോ ആടിനെ അറുത്ത് ഒര്ത്തൻ അയലക്കത്ത് കൊറ്റ് കൂട്ടണത് പടച്ചോന് പൊറ്ക്കില്ല."

(എനിക്കിതൊന്നും കേൾക്കണ്ട).

"പടച്ചോൻേറയും മുത്തുനബിയുടേയും വഴി തിരിഞ്ഞ് വര്ന്നോര്ക്കും വേണ്ട്യാണ് ലച്ചം ലച്ചം ചെലവുചെയ്തു ജമായത്ത്സ്ലാം നടത്തിവര്ണ്"

"ഉം."

"ശരിക്ക് സ്ലാമാവാൻ ലോകത്തിലെവ്ട്ന്നായാലും ശരി ഇബടെ വരണം. അതു നിശ്ശണ്ടോ?"

"ഇല്ല."

"ആ, അതാണു പറഞ്ഞത് ഇസ്ലാമായി മാറിയ ഒരുത്തൻ കിത്താബിനും ഹദീസുകൾക്കും പൊറുക്കാത്തമാതിരി നടന്നാല്-"

വയസ്സൻെറ നരച്ച പുരികക്കൂടുകൾക്കു താഴെയുള്ള നരച്ച കണ്ണുകൾ നെഞ്ചിൽ തുളഞ്ഞുകയറുന്നതുപോലെ തോന്നി. എന്നിട്ട്

പെട്ടെന്നെന്തോ ഓർമ്മിച്ചപോലെ  പുസ്തകം തലതിരിച്ചുവച്ച് വര ചൂണ്ടിക്കാണിച്ചു പറഞ്ഞു:

"ഇബടെ ഒപ്പിട്ടൂടിൻ."

തൊട്ടുകാണിച്ച വരിയിൽ മുകളിൽ അറബിയിലും മലയാളത്തിലും എഴുതിയതു വായിക്കാതെ അയാൾ ഒപ്പിട്ടു.

വയസ്സൻ സംതൃപ്തിയോടെ ഒന്നമർത്തി മൂളി. കനത്ത കൈത്തലം കൊണ്ടു മേശപ്പുറത്തിരിക്കുന്ന മണിയടിച്ചു. പുറത്തെ മുറിയിൽ പഞ്ചായത്തിനു വന്ന ഒറ്റക്കണ്ണൻ വീണ്ടും പ്രത്യക്ഷപ്പെട്ടു.

"മൊല്ലാക്കക്കെട്ടത്തിയ്ക്ക് കൂട്ടിക്കൊണ്ടോ."

അപ്പോൾ അയാൾ പിൻവശത്തെ വാതില്ക്കലേക്കു നോക്കി. മുതലാളിയുടെ കാര്യസ്ഥനെ കണ്ടില്ല. അയാളെവിടെ?

"എന്താ നോക്ക്ണ്?"

"ഒന്നൂല്യ."

"ചെന്നൂടിൻ."

ഒറ്റക്കണ്ണന്റെ പിറകെ അയാൾ നടന്നു. ഒഴിഞ്ഞുകിടക്കുന്ന രണ്ടു തളങ്ങൾ കടന്നു. മൂലകളിൽ കൈതോലപ്പായുടെ കെട്ടുകൾ ചാരിവെച്ചിരിക്കുന്നത് അയാൾ കണ്ടു. തളത്തിൽനി

ന്ന് ഇറങ്ങിച്ചെല്ലുന്നേടത്ത് കനത്ത ഇരുമ്പുപോളകൾ കെട്ടിയ ഒരു വലിയ വാതിൽ കണ്ടു. ഇടം കണ്ണിട്ടുനോക്കിയപ്പോൾ ഒറ്റക്കണ്ണൻ അയാളെ ഒളിഞ്ഞുനോക്കുന്നു.

ജീവസ്സുള്ള കണ്ണിനെക്കാളും ഭയം തോന്നിച്ചിരുന്നത് അകത്തെ നീലത്തൊണ്ടലിട്ട പിഞ്ഞാണഗോട്ടിപോലുള്ള ആ ജീവനില്ലാത്ത കണ്ണാണ്. ആ വാതിൽ കടന്നപ്പോൾ അയാൾ അത്ഭുതപ്പെട്ടുപോയി.

ഒച്ചയും അനക്കവും ഒന്നും കേട്ടിരുന്നില്ല. വിശാലമായ ഒരു നടുമുറ്റത്തിനു ചുറ്റും ആളുകൾ കൂട്ടമായിരുന്നു. മുപ്പതോ അതിലധികമോ പേരുണ്ടാവും. ആരും സംസാരിച്ചിരുന്നില്ല. തിണ്ണയിലും താഴെയുമായി ഇരിക്കുന്ന ആ മനുഷ്യരുടെ വെള്ളക്കുപ്പായങ്ങളും തലയിലെ നേർത്ത വെള്ളത്തുണിയും മാത്രമേ ഒറ്റനോട്ടത്തിൽ കണ്ടുള്ളൂ. ഒരു മുഖത്തും നോക്കിയില്ല. എല്ലാ കണ്ണുകളും ഒറ്റക്കണ്ണന്റെ ചുമലുകൾ കടന്ന് തന്റെമേൽ വീഴുന്നുണ്ടെന്നു തോന്നി. ഈ മനുഷ്യൻ നടത്തത്തിന്റെ വേഗം കൂട്ടിയത് മനപ്പൂർവ്വമാണോ?

നീട്ടിവെച്ച കാലുകൾ ചുരുങ്ങി. അയാൾ

ധൃതിയിൽ അവർക്കിടയിലൂടെ നടന്നു. ഉയരം കുറഞ്ഞ മറ്റൊരു വാതിൽ കടന്നപ്പോൾ വെളിച്ചം കുറഞ്ഞ ഇടനാഴി കണ്ടു. ഇരുവശത്തും ഉയരത്തിൽ സിമന്റിട്ട തറകൾ. കുട്ടിക്കാലത്ത് ഇല്ലത്തു പോയപ്പോൾ കണ്ട തെക്കിനിത്തറകളുടെ ഓർമ്മയാണപ്പോൾ വന്നത്. വെളിച്ചമില്ലാത്ത തറമേൽ വെള്ളത്തൊപ്പിക്കാരായ മൂന്നു താടിക്കാർ വട്ടമിട്ടിരുന്ന് മുറുക്കുകയായിരുന്നു.

ഒറ്റക്കണ്ണൻ അവരുടെ മുന്നിലാണു നിർത്തിയത്. മുറുക്കാൻ ചവയ്ക്കുന്നതു നിർത്തി അവർ അയാളെ സൂക്ഷിച്ചുനോക്കി. "അറേലാക്ക്, ബെള്ക്കുമ്പളാട്ടെ." വായുവിൽനിന്ന് എന്തോ തട്ടിക്കളയുന്നതുപോലെ ഒരാൾ ആംഗ്യം കാട്ടി.

എന്തുകൊണ്ടോ അയാൾക്ക് അറപ്പും വിദ്വേഷവും തോന്നി. പക്ഷേ, സ്വയം നിയന്ത്രിച്ചു. അപ്പുറത്തു വീണ്ടും വിശാലമായ ഒരു തളമാണ്. നിലം നിറച്ചു പായ വിരിച്ചിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന മൂന്നു വാതിലുകൾ കണ്ടു. ഓലപ്പായിൽ അനക്കമുണ്ടായി. ജാലകത്തിലൂടെ നേർത്ത വെളിച്ചം പുറത്തുനിന്നു വീഴുന്നിടത്തേക്കു മാറിയിരുന്നപ്പോഴാണ് ആ മനുഷ്യനെ കണ്ടത്. കറുത്തുമെലിഞ്ഞ ഒരു ചെറുപ്പക്കാരൻ. നെറ്റിയി

ലേക്കു മുടിച്ചുരുളുകൾ വീണുകിടക്കുന്നു.

"എന്താ നോക്ക്ണ്?"

തുടർന്ന് ഇക്കിളിപ്പെട്ട കൊച്ചുകുട്ടികളെപ്പോലെ ഒരു ചിരിയും. അയാൾ നടുങ്ങിപ്പോയി.

"ഇരിക്കിൻ. നമ്മളും ഇങ്ങളെ കൂട്ടത്തിലന്നേ."

കറുത്ത മുഖത്തു പല്ലുകൾ തിളങ്ങുന്നതു കണ്ടു.

ചിരിക്കുന്നോ?

അയാളിരുന്നില്ല. ഇക്കിളിപ്പെട്ട ചിരി വീണ്ടും കേട്ടപ്പോൾ അയാൾ അസ്വസ്ഥനായി.

"ബീഡിണ്ടോ?"

"ഇല്ല."

"എവ്ട്ന്നാ?"

അയാൾ സ്ഥലപ്പേരു പറഞ്ഞു.

"നായരാ?"

"ഉം."

"അങ്ങനെ വരട്ടെ; ഞാനും നായരാ. സ്ഥാനിനായരാ. കോവിലോത്ത് ഇപ്പളും ഞങ്ങളെ കൂട്ടക്കാർക്ക് അവകാശമുണ്ട്."

"ഇരിക്കിന്ന്. നിന്നാ കാല്മ്മല് മന്തുവരും." വീണ്ടും അയാൾ കുട്ടികളെപ്പോലെ ചിരിച്ചു.

"ഞാൻ വന്നിട്ട് അഞ്ചു ദിവസായി. പഹേര്

ഇന്നീം നമ്മടെ കേസെടുത്തിട്ടില്ല. ആ തന്തക്കൊരെണ്ണിക്ക് ഒരു സംശയം, നിയ്ക്ക് നൊസ്സാന്ന്."

"നാട്ട്വാര് ൻെറ പിന്നാലെ മണത്തുവരും. അവരക്കറിയാം, നമ്മള് എന്തിനാണ് മുങ്ങീത്ന്ന്" വീണ്ടും വികൃതമായ ശബ്ദത്തിലുള്ള ചിരി മുറിയിൽ മുഴങ്ങി.

"എന്തിനാ?"

"മാർഗ്ഗം കൂടാൻ. എന്നിട്ടു വേണമല്ലോ കെട്ടാൻ. നിങ്ങളെന്താങ്ങനെ നിക്ക്ണ്? ഇരിക്കീൻന്ന്."

പരിഭവിച്ച കുട്ടികളുടെ ശബ്ദത്തിലായിരുന്നു അപേക്ഷ.

അയാൾ വെറും നിലത്തു ചുമർചാരിയിരുന്നു. നേർത്ത ഇരുട്ടിൽ തിളങ്ങുന്ന വെള്ളപ്പല്ലുകൾ കാണാതിരിക്കാൻ ആഗ്രഹിച്ചു. തുറന്നു കിടക്കുന്ന വാതിലിൻെറ ഒറ്റപ്പാളിയിലൂടെ പുറത്തെ ഒഴിഞ്ഞുകിടക്കുന്ന തളത്തിലേക്കു നോക്കി ഇരുന്നു. അപ്പോൾ തട്ടിൻെറ നടുവിൽ തൂക്കിയ കമ്പിയിൽ ആരോ ഒരു റാന്തൽ കൊണ്ടുവന്നു തൂക്കി. അതിൻെറ പ്രകാശം തളവും കടന്നു തുറന്ന വാതിലിലൂടെ പകുതിയോളം ഒഴുകിയെത്തി.

കറുത്തു മെലിഞ്ഞ ആ ചെറുപ്പക്കാരൻ പകുതി കണ്ണടച്ചിരുന്നു. പല്ലുകൾ മുഴുവൻ പുറത്തു കാട്ടി ആരോടെന്നില്ലാതെ ചിരിച്ചുകൊണ്ടിരുന്നു.

കിറുക്കുതന്നെ.

"ഞാൻ നയിച്ചിട്ടാ ഇതുവരെ കഴിഞ്ഞുകൂടീത്. ഹിന്ദ്വായാലും മാപ്ലായായാലും നയിയ്ക്കെന്നെ വേണം. എനിക്കു പിടിച്ച പെണ്ണിന്യല്ലേ ഞാൻ കെട്ട്വാ? ങ്ങള് പറയീൻ. അങ്ങന്യല്ലേ? അതിന്നു മാപ്ലാവ്വാച്ചാൽ മാപ്ലാവ്വാന്നേ! ഞാൻ പറേണോടത്തല്ലേ കാര്യം? ങ്ങള് പറയിൻ."

വാദിക്കാൻ മനസ്സുണ്ടായിരുന്നില്ല. അതിനാൽ അർത്ഥശൂന്യമായി മൂളി.

"പട്ടാമ്പീന്നു കെഴക്കല്ലേ നിങ്ങടെ നാട്?"

അതിനും മൂളി.

"അവട്യൊക്കെ ഞാൻ വന്നിട്ട്ണ്ട്." അയാൾ എഴുന്നേറ്റുനിന്നു. വെളിച്ചം പുരണ്ടുകിടക്കുന്ന തളത്തിലേക്കു നടന്നാലോ എന്നാലോചിച്ചു. ഈ മനുഷ്യൻ അവസാനമില്ലാതെ സംസാരിക്കുകയാണ്. കമ്പിറാന്തലിനു ചുറ്റും പാറ്റകൾ പറന്നുകൂടാൻ തുടങ്ങുന്നുണ്ടായിരുന്നു. കൂട്ടുകാരന്റെ സ്വരം വീണ്ടും പരിഭവം കലരുകയാ

ണ്.

"അല്ല ങ്ങള് പറയിൻ. ഞാൻ പറേണേലല്ലേ കാര്യം?"

"അതെ."

നിങ്ങൾക്കു സമാധാനമാവട്ടെ!

"അഞ്ചു ദിവസായി പഹേര് നമ്മളെ വട്ടത്തി ത്തിരിക്ക്ണു. സംഗതി എന്താച്ചാൽ കഴിച്ചു വിടാല്ലേ വേണ്ടൂ?" ശബ്ദം കുറേക്കൂടി താണു. സ്വകാര്യം പറയുന്ന തരത്തിലായി: "പട്ടാ ളത്ത്ന്നു വന്ന ഒരു സുജായിണ്ട്, ഓളെ കെട്ടാൻ നടക്ക്ണു. കാലം പോയാൽ പിന്നെ ഞാൻ അയ്യത്തടാന്നന്നേ അല്ലേ?"

"ഉം."

വികൃതമായ ആ ചിരി വീണ്ടും മുഴങ്ങി. കുറേക്കൂടി അടുത്തേക്കു നീങ്ങിയിരുന്നു.

"നിങ്ങളെന്താ ണീറ്റത്?"

അഞ്ചാങ്ങളമാർ കത്തിയും വടിയുമായി കാത്തിരുന്നിട്ടും ഓലവാതിലരിഞ്ഞ് അയാ ളകത്തു കയറി അവളുടെ പായിലിരുന്നു ചെവി യിൽ സംസാരിച്ചു തിരിച്ചുപോന്ന കഥ പറയു കയായിരുന്നു ആ ചെറുപ്പക്കാരൻ.

"അവസാനം തന്ത അടീം കാലും പിടിച്ചി

ല്ലേ? പൊന്നാര ഗോപാലാ, ഞമ്മളെ മാനം കെടുത്തര്ത്. ജ്ജ് ദീനികൂടിക്കോ. കദീച്ചക്കുട്ടി അനക്കന്നേ. പറയ്വാ തന്ത. ഏത്?"

തളത്തിലേക്ക് ഒരു നിഴൽ വീണതു കണ്ട പ്പോൾ അയാൾ വാതിൽക്കലേക്കു നോക്കി. ഒറ്റക്കണ്ണനല്ല, കരിക്കട്ടപോലെ കറുത്ത ശരീരവും ചുണ്ടിൽ പാണ്ടുമുള്ള ഒരു മനുഷ്യൻ.

"ങ്ങള് വരിൻ."

തന്നോടാണ്.

അയാൾ വാതില്ക്കലേക്കു നീങ്ങിയപ്പോൾ കൂട്ടുകാരൻ കൈ പിടിച്ചു വലിച്ചടുപ്പിച്ചു ചെവിയിൽ പതുക്കെ പറഞ്ഞു:

"ചെറമ്മൻ തൊപ്പിട്ടോനാ. നിയ്ക്കറിയാം. ഇവടെ കാണ്ണ പണിക്കാര് മുഴോൻ തൊപ്പി ട്ടോരാവേം. വരണം ങ്ങള്, ഒരു തമാശ പറയാൻ ണ്ട്."

അയാൾ പുറത്തു കടന്നപ്പോൾ ഇക്കിളി പ്പെട്ടപോലെയുള്ള ആ ചിരി പിന്നിൽ വീണ്ടും മുഴങ്ങി.

ഇരുവശത്തും ഉയരത്തിൽ തിണ്ണകൾ പടുത്തു കെട്ടിയ നടവഴിയിൽ മെതിയടിപ്പുറത്ത് ഒരാൾ നില്ക്കുന്നുണ്ടായിരുന്നു. നടുമുറ്റത്തിന്റെ സമീ

പം തൂക്കിയ പെട്രോമാക്സിൻെറ വെളിച്ചംകൊണ്ട് അവിടെ പ്രകാശം പരന്നിട്ടുണ്ട്. തറയിൽ മുറുക്കാൻ ചവച്ചിരിക്കുന്ന താടിക്കാരെ കണ്ടില്ല. ചുവന്നുതുടുത്ത മുഖവും ഇളം ചുവപ്പു ചായം കയറ്റിയ വലിയ വെള്ളത്താടിയും കഴുത്തുവരെ കുടുക്കിട്ട വെള്ളക്കുപ്പായവുമുള്ള മുസലിയാർ നടുവഴിയിൽ നിറഞ്ഞുനില്ക്കുകയാണ്.

"നീങ്ങി നില്ക്ക് ഇങ്ങട്ട്."

തൊട്ടുമുന്നിൽ അയാൾ നിന്നു. കാലുകൾക്കു ബലം നഷ്ടപ്പെട്ടപോലെ തോന്നി. പെട്രോമാക്സിൻെറ സീൽക്കാരം ചെവിയിൽ പെരുകിപ്പെരുകി വാഴത്തോട്ടത്തിലൂടെ ചീറിയെത്തുന്ന ചുഴലിക്കാറ്റിൻെറ ഇരമ്പമായി മാറുന്നു. നെറ്റിയിലും കഴുത്തിലും വിയർപ്പുചാലുകൾ ഒഴുകി.

"പറേണതു വള്ളിപുള്ളി തെറ്റാണ്ട് പറയണം"

മുസലിയാർ തലയിലെ വെള്ളത്തൊപ്പി അല്പംകൂടി പിറകോട്ടു മാറ്റിവെച്ച് ഒന്നിളകിനിന്നപ്പോൾ മെതിയടി തറയിലുരഞ്ഞു.

"ഞാൻ–"

അയാളൊന്നും മിണ്ടിയില്ല.

"പറേണത് തെറ്റാണ്ട് ഏറ്റ് പറയണം. തിരിഞ്ഞോ?"

കുറച്ചുകൂടി ഉറക്കെ ആവർത്തിച്ചു:

"ഞാൻ."

"ഞാൻ" അയാളേറ്റുപറഞ്ഞു.

"എൻെറ സ്വന്ത മനസ്സാലെ."

"ഞാൻഎൻെറ സ്വന്ത മനസ്സാലെ."

"എന്റെ സ്വന്ത മനസ്സാലെ"

"ഞാൻഎൻെറ സ്വന്ത മനസ്സാലെ."

വാതിലിനപ്പുറത്ത് നാലഞ്ചു പേർ വന്നു നിന്നത് അയാൾ കണ്ടു.

"ഇസ്ലാമിൽ വിശ്വസിച്ച്.

"ഇസ്ലാമിൽ വിശ്വസിച്ച്.

ഒറക്കെ പറയിൻ. "ഇസ്ലാമിൽ വിശ്വസിക്കുന്നു."

"ഇസ്ലാമിൽ വിശ്വസിക്കുന്നു."

"ലാ ഇലാഹ് ഇൽ അല്ലാഹ് മുഹമ്മത് റസൂല്ള്ള."

"ലായിലാ ഇല്ലല്ലാമുഹമ്മദ് റസൂലല്ല."

"അച്ചരം അച്ചരം ചേർത്ത് പറയണം. ഇങ്ങനെ: ലാ ഇലാഹ് ഇൽ അല്ലാഹ് മുഹമ്മത് രസൂല്ള്ളാ."

അയാൾ ആവർത്തിച്ചു. വാതിലിനപ്പുറം ശിരസ്സുകൾ കൂടുതലായത് അയാൾ കണ്ടു.

വെള്ളത്തുണിയിട്ട ശിരസ്സുകൾ.

"അല്ലാഹുവിലും."

"അല്ലാഹുവിലും."

"അവന്റെ മലക്കുകൾ."

"അവന്റെ മലക്കുകൾ."

തൗറാത്ത്, സബൂർ, ഇഞ്ചീൽ, ഖുർ ആൻ എന്നിങ്ങനെ അല്ലാഹുവിന്റെ കിത്താബുകൾ."

".....അല്ലാഹുവിന്റെ കിത്താബുകൾ."

"അവന്റെ നബിമാര്"

"അവന്റെ നബിമാര്"

"ഖിയാമം നാൾ."

"കിയാമം നാൾ."

"ഒറപ്പിച്ചു പറ. ഖിയാമം നാൾ."

"ഖിയാമം നാൾ."

"എന്നീ ബകകളിലും വിശ്വസിക്കുന്നു.

".........വിശ്വസിക്കുന്നു.

"ഉം." മുസലിയാർ തിരിഞ്ഞു മെതിയടി ശബ്ദിപ്പിച്ചുകൊണ്ടു പുറത്തേക്കു കടന്നു.

കൂടെവന്ന മനുഷ്യൻ പറഞ്ഞു:

"കയിഞ്ഞു, പോരി."

അയാൾ പാണ്ടുപിടിച്ച ചുണ്ടുകളിൽ നോക്കി.

"അത്രേള്ളു. നാളെ സുന്നത്ത്."

തിരിച്ചു മുറിയിലേക്കു നടക്കുമ്പോൾ ആകെ വിറയ്ക്കുന്നുണ്ടെന്നു തോന്നി. ശരീരത്തിന്റെ ശക്തി മുഴുവൻ നഷ്ടപ്പെട്ടത് എപ്പോളാണ്?

മുറിയിൽ എത്തിയപ്പോൾ കൂട്ടുകാരൻ കാത്തിരിക്കുകയായിരുന്നു.

"കഴിഞ്ഞു അല്ലേ? പഹേര് അഞ്ച് ദിവസമായി എന്നെ ഇബടെട്ടേക്കണ്. അപ്പങ്ങള് പറഞ്ഞില്ല, എന്തിനാങ്ങള് മാർഗ്ഗം കൂടാൻ വന്ന്?''

-എന്തിനാണ്?

മുസലിയാരുടെ മുന്നിൽവെച്ച് ആവർത്തിച്ച വാക്കുകൾ അയാൾ ഓർമിക്കാൻ ശ്രമിച്ചു. ഞാൻ എന്റെ സ്വന്തം മനസ്സാലെ-

"അല്ല, പറയിൻന്ന്. എന്തിനാ? പെണ്ണ്വിഷയം തന്ന്യായിരിക്കും അല്ലേ?" എന്നിട്ടു തുടയിൽ പതുക്കെ ഒന്നടിച്ചു രസംപിടിച്ചപോലെ ആ ചെറുപ്പക്കാരൻ ചിരിച്ചു.

കമ്പിറാന്തലിനു ചുറ്റും വട്ടമിട്ടു പറക്കുന്ന പാറ്റകളെ നോക്കിക്കൊണ്ടിരിക്കെ അയാൾ തന്നോടുതന്നെ ചോദിച്ചു:

എന്തിനാണ്?

അറിഞ്ഞുകൂടാ.

അതിൽപ്പിന്നെ ഇരുപത്തൊന്നു രാവുകൾ ആ

കെട്ടിടത്തിനകത്തു കഴിച്ചുകൂട്ടി. പലതും കേട്ടു. ഇസ്ലാമിനെപ്പറ്റി മൊല്ലാക്കമാർ ഓരോരുത്തരായി നിസ്കാരമറുയിൽവെച്ചു പുതിയ സത്യവിശ്വാസികളോടു വിവരിച്ചു. എന്നിട്ടും അറിഞ്ഞുകൂടാ.

“ഒരു മുസ്ലിം മറ്റൊരു മുസ്ലിമിൻെറ ഉടപ്പിറപ്പാകുന്നു. അവൻ മറ്റൊരുവനെ, നിസ്സാരനാക്കുകയോ ദ്രോഹിക്കുകയോ ചതിക്കുകയോ ചെയ്യില്ല.”

അയാളുടെ ചുണ്ടിൽ നിന്ദയുടേതായ ഒരു ചിരി അറിയാതെ പരന്നു.

(മുസലിയാർ ഹസ്രത്ത് അബൂഹുറയുടെ തിരുവചനങ്ങൾ നിങ്ങൾക്കറിയാം. പക്ഷേ മനുഷ്യരെ അറിയില്ല. മനുഷ്യൻ ദ്രോഹിക്കും. നിസ്സാരനാക്കും; ചതിക്കും. ഹിന്ദുവായാലും ഇസ്ലാമായാലും മനുഷ്യനാണോ? എങ്കിൽ-)

മുസലിയാർ നെഞ്ചിൽ ചൂണ്ടിക്കാണിച്ചു പറഞ്ഞു:

“തഖ്‌വാ ഇവിടെയാണ്. തഖ്‌വാ എന്നു വെച്ചാൽ അല്ലാഹുവിനോടുള്ള ഭയഭക്തി വണക്കം.”

ആ രാത്രിയിൽ അയാളുറങ്ങിയില്ല. ചെറു

പ്പക്കാരൻ പായ് അരുകിലേക്കു ചേർത്തിട്ടു കിടന്നു. ഇടയ്ക്കിടെ തോണ്ടിക്കൊണ്ടു ചോദിക്കും:

"എന്തിനാന്ന് പറഞ്ഞില്ല. മൂപ്പത്തി എങ്ങനെ?"

അയാൾ വേദനയോടെ ചിരിച്ചു. ചെറുപ്പക്കാരൻ തുടയ്ക്കു പതുക്കെയൊന്നടിച്ച് ആർത്തു:

"അങ്ങനെ വരട്ടെ. നമ്മക്കറിഞ്ഞൂടേ? പറയിൻന്ന്, വീട്ട്വാർക്കറിയ്യോ?"

മുതലാളിയുടെ വീട്ടിലേക്കു വിളിച്ചതിൻെറ മൂന്നാം ദിവസം കോലായിൽവെച്ചു കയ്യടിച്ചു വാക്കു കൊടുക്കുമ്പോൾ മനസ്സിൽ മറ്റൊന്നുമുണ്ടായിരുന്നില്ല.

മുതലാളി പറഞ്ഞതൊന്നുമായിരുന്നില്ല, മനസ്സിൽ.

മുതലാളി, മമ്പാട്ടെ മരച്ചാപ്പയിലെ ഉദ്യോഗവും മാളികപ്പുരയിലെ താമസവും കൈ ഞൊടിച്ചു വിളിച്ചാൽ പണിക്കാരും ഇസ്ലാമിൻെറ മഹത്വവും എനിക്കു കേൾക്കണ്ട.

തെക്കുമ്മുറി അങ്ങാടിയിലൂടെ തലനിവർത്തിപ്പിടിച്ചൊന്നു നടക്കണം.

"ഇബടെ ഒരിസ്ലാമിൻെറ പൊടി നിക്ക്ണകാലംവരെ അങ്ങളെ തൊടാൻ ഒർത്തനും വരില്ല."

ആ ഭയമില്ല. അതല്ല കാര്യം. തെക്കുമ്മുറി അങ്ങാടിയിലൂടെ താഴത്തേതിലെയും പുളിക്കൽപ്പുരയിലേയും പൂന്തോട്ടത്തിലേയും നായന്മാർ കാണണം, ഈയുച്ചഭാഗ്യം നേടിയ മാളികമുറിയുടെ ചുവട്ടിലൂടെ ഒന്നു നടക്കണം. അതിനുവേണ്ടിയാണ് അതിനുവേണ്ടി മാത്രമാണ്, ഞാൻ വന്നത്. കുഞ്ഞരയ്ക്കാരുടെ പുരയിൽ നിന്നു ഭക്ഷണം കഴിച്ച്, കുഞ്ഞരയ്ക്കാരുടെ കൈ സ്വന്തം ചുമലിൽവെച്ചുകൊണ്ടൊന്നു നടക്കണം. അതുകൊണ്ടും അവസാനിക്കുന്നില്ല.....

"ഉമ്മക്കുട്ട്യേങ്ങനെ? അതു പറഞ്ഞില്ല."

കൂട്ടുകാരൻ പിന്നേയും തിരക്കി. അയാൾക്കു മറ്റൊന്നും ചിന്തിക്കാനില്ല.

അയാളെഴുന്നേറ്റിരുന്നു. തിളങ്ങുന്ന രണ്ടു വരിപ്പല്ലുകളുടെ പ്രകാശം നിറഞ്ഞുനില്ക്കുന്ന അയാളുടെ മുഖത്തുനോക്കി, എന്തോ ഓർത്തുകൊണ്ടു സാവധാനത്തിൽ പറഞ്ഞു:

"നല്ല കുട്ടിയാണ്."

"അങ്ങനെ വരട്ടെ."

"ഓളടെ ബാപ്പയ്ക്കും ഉമ്മയ്ക്കും ഒക്കെ സമ്മതാ?"

“ഉം.”

“നിങ്ങടെ വീട്ട്വാരക്കറിയോ?”

“ഉം.”

“എത്ര കാലായി ലോഗ്യായിട്ട്? ചോയ്ക്കണോ ണ്ട് അലോഗ്യം ല്യല്ലോ?”

ഇയാളിൽനിന്നു സൈ്വര്യം കിട്ടണമെങ്കിൽ സംസാരിക്കണം; എന്നാലേ രക്ഷയുള്ളു.

“പിന്നേയ്, ചോയ്ക്ക്ണോണ്ട് അലോഗ്യല്യല്ലോ! നമ്മള് രണ്ടാളും തൊണക്കാരാ.” അയാൾ ശബ്ദം താഴ്ത്തി:

“ലോഗ്യാന്നന്നേള്ളു? വേറൊന്നും ണ്ടായിട്ടില്ലാ?”

‘‘ഉം, ഉം?’’

അയാൾ ഇക്കിളിപ്പെട്ടപോലെ ചിരിച്ചു പുളഞ്ഞു: ‘‘അതുപോട്ടെ ചെങ്ങായ്യേ്യ? നമ്മളോടു വേണോ വെളവ്?’’

‘‘ഒന്നൂല്യ, സത്യം.’’

‘‘തൊട്ട്ട്ടില്ലാന്ന് സത്യം ചെയ്യാമോ?’’

മടുപ്പോടെ എഴുന്നേറ്റു. സംസാരിച്ചാലും സംസാരിക്കാതിരുന്നാലും സൈ്വരമില്ല.

അകത്തെവിടെനിന്നോ ഒരു മണികിലുങ്ങുന്ന ശബ്ദം കേട്ടു.

പുറത്തെ തളത്തിലേക്കു കടന്നു. റാന്തലിന്റെ എരിയുന്ന ചില്ലിൽ തട്ടി പ്രാണൻ കരിഞ്ഞ പാറ്റകളുടെ നനുത്ത ചിറകുകൾ പറന്നു വീഴുന്നുണ്ടായിരുന്നു. വടക്കോട്ടു തുറന്നിട്ട ജാലകത്തിന്റെ സമീപം ചെന്നുനിന്ന് അയാൾ പുറത്തേക്കു നോക്കി. ഇടനാഴിയിലെ ഇരുട്ടിന്നപ്പുറത്ത് ഒരു ചെറിയ ചുമരുവിളക്കു മങ്ങിക്കത്തിയിരുന്നു. അതിനും അപ്പുറത്തു പോളകെട്ടിയ ഒരിരുമ്പുവാതിൽ അടഞ്ഞുകിടക്കുന്ന കനത്ത ഭിത്തി കണ്ടു. വെറുതേ നോക്കിനില്ക്കേ ആ ഭിത്തിയിൽ നിലത്തുനിന്നു തൊട്ടടുത്തു മെത്താരണക്കൂടിന്റെ വലുപ്പത്തിൽ ചതുരാകൃതിയിലൊരു വിടവു കണ്ടു. ചുമരിന്റെ കറുത്ത വായ. നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആ കറുത്ത വായിലൂടെ എച്ചിൽപ്പാത്രങ്ങൾ പുറത്തേക്കു വന്നു... അവയുടെ പിന്നിൽ കരിവളയിട്ട ഒരു വെളുത്ത കൈത്തണ്ടയും കണ്ടു... ഹൃദയത്തിലെവിടെയോ ഒരു നടുക്കമുണ്ടായി. ഒരു നിമിഷം മാത്രം. കൈ കാണാനില്ല. എച്ചിൽപ്പിഞ്ഞാണങ്ങൾ കനത്ത ഭിത്തിയുടെ കറുത്ത വൃത്തികെട്ട വായ തുപ്പിയിട്ടതുപോലെ നിലത്തു കിടക്കുന്നു. അയാൾ ചെവിയോർക്കാൻ ശ്രമിച്ചു. ഒച്ചയില്ല.

അനക്കമില്ല, കനത്ത ഭിത്തി ശബ്ദങ്ങളെ മുഴു വൻ വിഴുങ്ങുന്നു.

കണ്ടതു വിശ്വസിക്കാമോ? കരിവളയിട്ട കൈ ത്തണ്ടതന്നെയാണോ കണ്ടത്? ആകെ അമ്പ രന്നു നില്ക്കുമ്പോൾ കൂട്ടുകാരന്റെ കൈ ചുമ ലിൽ തൊട്ടു:

''എന്താ നോക്ക്ണ്?''

"ഉം, ഉം."

"ആ അതിന്നപ്പുറത്താ പെണ്ണുങ്ങള്. ആണ്ങ്ങള് കേറിക്കൂടാ. ആ പൊത്ത്ക്കൂടെ അകത്തിക്ക് വേണ്ടതൊക്കെ വെച്ചുകൊടുക്കും."

"പെണ്ണുങ്ങളോ!"

"പിന്നെ? കുപ്പായിടാൻ പെണ്ണ്ങ്ങളും വരൂലോ? എന്റെ നാട്ടില് ആ തട്ടാത്തിപ്പെണ്ണ് കുപ്പായട്ടത് കഴിഞ്ഞ മാസല്ലേ?"

അയാളൊന്നും പറഞ്ഞില്ല.

"ഒറ്റ വാതിലേള്ളു; അതു പൂട്ട്യാ തീർന്നു. പൊത്ത്ക്കൂടെ ചോറും വെള്ളും കൊടുക്ക്വാ നല്ല തമാശന്നെ. വല്ലാത്ത പഹേറാ കൂട്ടര്."

എവിടെയെല്ലാമോ വാതിലുകൾ അടയുന്ന ശബ്ദം കേട്ടു.

ഒറ്റക്കണ്ണൻ വന്നു റാന്തൽ ഊരിയെടുക്കു

മ്പോൾ പറഞ്ഞു:

"ഒറങ്ങിക്കോളിൻ പഹേറരെ. നേരം മ്പിണ്യാ യി."

അവൻ പുറത്തുകടന്നു വാതിലടച്ചു പോയപ്പോൾ ആകെ ഇരുട്ടായി. ഇക്കിളി പ്പെട്ടപോലെ ചിരിക്കുകയും കെട്ടാൻപോകുന്ന ഉമ്മക്കുട്ടിയുടെ കാര്യം മാത്രം അയവിറക്കു കയും ചെയ്യുന്ന അരക്കിറുക്കൻെറകൂടെ രാത്രി കഴിക്കണം.

കനത്ത ചുവരിൻെറ കനത്ത വായിലു ടെ നീണ്ടുവരുന്ന കരിവളയിട്ട വെളുത്ത കൈത്തണ്ടയുടെ ചിത്രം മറക്കാൻ ശ്രമിച്ചുകൊ ണ്ട് ഓലപ്പായിൽ കണ്ണിറുകെ അടച്ചുകിടന്നു.

ഇരുപത്തിഒന്നു രാത്രികളും ഇരുപത്തിരണ്ടു പകലുകളും. കടന്നുപോയ പകലുകളേയും രാവുകളേയും വേർപെടുത്തിയെടുക്കാൻ പണി പ്പെട്ടുകൊണ്ട് അയാൾ നില്ക്കേ വെളിച്ചത്തി ൻെറ മുഖം കറുക്കാൻ ആരംഭിക്കുകയായിരുന്നു.

ഇടുങ്ങിയ വീഥിയുടെ വക്കിലെ ഉയരം കുറഞ്ഞ മേൽപ്പുരകൾക്കു മുകളിലൂടെ അയാൾ പടിഞ്ഞാറോട്ടു നോക്കി. സൂര്യൻ മറയാറായിരി ക്കുന്നു. അവിടെനിന്നു നോക്കിയാൽ സമുദ്രം

കാണില്ല. അകലത്തു വീശുന്ന കൊടുങ്കാറ്റിൻെറ ഇരമ്പംപോലെ തിരമാലകളുടെ ആരവം കേൾക്കാം.

അനക്കമറ്റു കിടക്കുന്ന വെള്ളത്തിൽ തെളിഞ്ഞുകാണുന്ന പ്രതിബിംബം നോക്കി അയാൾ വീണ്ടും നിശ്ശബ്ദമായി പറഞ്ഞു:

അബ്ദുള്ള!

## 3

**പാ**ലവും തിരക്കുള്ള ഇടുങ്ങിയ തെരുവും കടന്നു. നിരത്തു വയലിലേക്കിറങ്ങുന്നേടത്ത് ഒരു കമ്പിക്കാലിൻെറ ചുവട്ടിൽ അയാൾ നിന്നു. മടിക്കുത്തിൽ തപ്പി നോക്കി. പള്ളിക്കാർ യാത്രച്ചെലവിനു തന്ന മുന്ന് ഒറ്റനോട്ടിനു പുറമേ, വരുമ്പോൾ ബാക്കിയുണ്ടായിരുന്ന

കുറച്ചു ചില്ലറകൂടിയുണ്ട്.

പീടികകൾ പിന്നിട്ടപ്പോഴാണ് തോന്നിയത്, ഒരുകെട്ടു ബീഡിയും തീപ്പെട്ടിയും വാങ്ങാമായിരുന്നു.

അന്തിക്കോളും കഴിഞ്ഞ് മടങ്ങുന്ന ആളുകൾ ഉറക്കെയുറക്കെ സംസാരിച്ചുകൊണ്ടു കടന്നുപോകുന്നു.

ഒരു ബസ്സിന്റെ ശബ്ദംകേട്ടു. പടിഞ്ഞാറുനിന്നാണ്. നെറുകയിലെഴുതിയത് അടുത്തെത്തുമ്പോഴേക്കും വ്യക്തമായി. തനിക്കു പോകേണ്ട ബസ്സല്ല; പന്ത്രണ്ടു നാഴിക ദൂരത്തുള്ള ഒരു റെയിൽവെ സ്റ്റേഷനിലേക്കാണ്.

അയാൾ നിരത്തിന്റെ ഓരം ചേർന്നുകൊണ്ട് നടന്നു. അടുത്തു കണ്ട ഒറ്റമുറിപ്പീടികയിൽച്ചെന്ന് ഒരു കെട്ടു ബീഡിയും തീപ്പെട്ടിയും വാങ്ങി. തൂണിൽ തൂക്കിയിട്ട മരച്ചട്ടയിട്ട കണ്ണാടിയിൽ ഒന്നയാൾ നന്നായി നോക്കി. വെറുപ്പോടെ ഉടനെ മുഖം തിരിച്ചു. വടിച്ചു ചെറുതാക്കിയ പുരികം കണ്ടപ്പോൾ അറപ്പു തോന്നി.

അടുത്ത കമ്പിക്കാലിന്റെ ചുവട്ടിൽനിന്ന് ഒരു ബീഡി കത്തിച്ചു. അപ്പോൾ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും കരിബസ്സുകളുടെ രോദനം

കേട്ടു കൈ കാണിച്ചു. പൊടിയുടെ ഒരു ലോകം നിർമ്മിച്ചുകൊണ്ടാണ് ബസ് കുറച്ചപ്പുറത്തായി നിന്നത്.

"ആ, അത്‌ബത്താന്നെ ഇരുന്നോളിൻ. പൊന്നാനിക്ക് തിരിഞ്ഞിരിക്കിൻ."

മുന്നിലെവിടെനിന്നോ കണ്ടക്ടരുടെ ഫലിതം രസിച്ചുകൊണ്ട് ആരോ പതുക്കെ ചിരിച്ചു.

പിൻവശത്തെ സീറ്റിലിരിക്കുന്നവർക്ക് അഭിമുഖമായി നിലത്തിട്ട ടയറിൻെറ വക്കത്ത് അയാൾ ഇരുന്നു. മുന്നിൽ തിക്കിയിരിക്കുന്ന ആറുപേരുടെ മുഖങ്ങളിലൂടെ അയാളുടെ കണ്ണുകൾ ധൃതിയിൽ ഒന്നു സഞ്ചരിച്ചു. നാട്ടിൽ നിന്നുള്ളവർ ആരെങ്കിലുമുണ്ടോ? ഇല്ല. ആരുമില്ല. പിന്നിൽ ആളുകളുടെ ബഹളമായിരുന്നു. ക്ഷാമത്തെപ്പറ്റിയാണ് ഒരിടത്തു സംസാരം. മരിച്ചുപോയ ഒരു വക്കീൽ ക്രിമിനൽക്കേസുകൾ വാദിച്ചു ജയിക്കാനെടുത്ത ഉപായങ്ങളുടെ കഥയാണ് മറ്റൊരിടത്ത്. കിഴക്കുമ്മുറിക്കാരുണ്ടാവാം, അവിടെ എവിടെയെങ്കിലും. കോടതിക്കും ആസ്പത്രിക്കുമായി ആരെങ്കിലും പൊന്നാനിക്കു വരാത്ത ദിവസമില്ല. എങ്കിൽ കയറുമ്പോൾ തന്നെ കണ്ടിരിക്കാം. മൊട്ടയടിച്ച തല മൂടി

കൊണ്ടു നേർത്ത വെള്ളത്തുണിയിട്ട് അരുകു വടിച്ച പുരികവും മേൽമീശയുമുള്ള തന്നെ ഒരുപക്ഷേ, തിരിച്ചറിഞ്ഞിരിക്കുകയില്ല.

വഴിവക്കത്തെ പീടികകളിലും വീടുകളിലും വിളക്കുകൾ തെളിയാൻ തുടങ്ങിയിരിക്കുന്നു. ബസ്സിനകത്തു പിന്നേയും കുറേ കഴിഞ്ഞാണ് വിളക്കിട്ടത്. പാടം കടന്ന് ഉയരത്തിലേക്കു ഞരങ്ങി മൂളിക്കൊണ്ടാണ് ബസ് കയറിയിരുന്നത്. പുറത്തേക്കു നോക്കുമ്പോൾ നാട്ടുവഴികളിലൂടെ ഓലച്ചൂട്ടുകൾ സഞ്ചരിക്കുന്നതു കാണാമായിരുന്നു.

മടിയിൽ ഒരു കാലിച്ചാക്കു മടക്കിവെച്ചിരിക്കുന്ന ഒരു വയസ്സൻ മാപ്പിള ഉറക്കംതൂങ്ങി ഇടയ്ക്കിടയ്ക്കു മുമ്പോട്ടു ചായുന്നുണ്ടായിരുന്നു. ഒരു കുലുക്കത്തിൽ അയാളുടെ നെറ്റി തലയിൽ വന്നു മുട്ടി. കിഴവൻ കണ്ണുതുറന്ന് ക്ഷമാപണമായി ചിരിച്ചു. തലയൊന്നു കുടഞ്ഞ് കുറേക്കൂടി പിന്നിലേക്കു ഞെരുങ്ങിക്കയറി ഇരുന്നു.

“എവടയ്ക്ക്?” കണ്ടക്ടർ വിളിച്ചുചോദിച്ചു.

അയാൾ പറഞ്ഞു: “കേലൂര്.”

“ഒരേഴണ കൊടുക്വാ. ഏയ്, അതൊന്നിങ്ങട് വാങ്ങിക്കോളിൻ.”

വയസ്സൻമാപ്പിള ഒന്നു നൊട്ടിനുണച്ചു കോട്ടുവായിട്ടു രണ്ടു കാൽമുട്ടിലും കൈയൂന്നി അല്പം മുന്നോട്ടാഞ്ഞു ചോദിച്ചു:

“കേലൂരാ ങ്ങള്?”

“ഉം.”

“ഞങ്ങളും കേലൂരാ എറങ്ങണ്. മോളെ കെട്ടിച്ചയക്കണ് അബടക്കാ. അടയ്ക്കാവെട്ടു പെരേലെ അയമൂണ്ണീനെ-താടിക്കാരൻ നാഓനെ എല്ലാരും ബിളികാ-അറിയൂലെ?”

വയസ്സനെ ഒഴിവാക്കാൻവേണ്ടി പറഞ്ഞു:

“കേലൂരല്ല, അവ്ട്ന്നും പോണം.”

“ഞാങ്ങാട്ടിര്യാ? അബടൊക്കെ ബന്നിട്ട്ണ്ട് ഞാൻ.”

“അല്ല. കെഴക്കുമ്മുറി.” അയാൾ സത്യം പറഞ്ഞു. വളരെ പതുക്കെയാണ് അയാൾ സംസാരിച്ചിരുന്നത്. കിഴവൻ തലകുനിച്ചു ചെവി ചെരിച്ചു പിടിച്ചു.

“അങ്ങനെ പറീൻ. കെയക്കുമ്മുറി ഞമ്മടെ കുഞ്ഞയമ്മദ് മൊയലാളീൻ്റൊക്കെ?”

“അട്ത്താ.”

“മ്മടെ കുടീപ്പോ ഏതായിട്ടുവരും?”

അയാൾ വാതില്ക്കലൂടെ ഇരുളിൽ ഓടി

യകലുന്ന വെളിച്ചത്തിൻെറ ബിന്ദുക്കൾ നോക്കി യിരിക്കുകയായിരുന്നു. കേട്ടില്ലെന്നു ഭാവിച്ചു.

"മൊയലാളീടെ പ്പളത്തെ സിതി എങ്ങനെ?"

"അറിഞ്ഞുകൂടാ." അന്വേഷണങ്ങൾ അവസാനിപ്പിക്കാൻവേണ്ടി അയാൾ പറഞ്ഞു:

"ഞാൻ നാട്ടിലില്ല."

"പൊറത്തു പണ്യാ?"

"ഉം."

"എവടയ്യാപ്പൊ നമ്മള്?"

"മമ്പാട്ട്."

"മരത്തിൻെറ വിസിനസ്സായിരിക്കും?"

"ഉം."

"പൊന്നാനിക്ക് എന്നേ ബന്ന്?"

"ഇന്ന്."

"കോടതി ആവിസ്യാവും."

"ഉം."

വഴിക്കു പലേടത്തും ബസ് നിന്നു. പലരും ഇറങ്ങി. പുതിയ ആളുകൾ കയറി.

മീൻചിതമ്പലുകൾ പറ്റിപ്പിടിച്ചിട്ടുണ്ടെന്നു തോന്നിയ ഉന്തിയ വയർ തടവിക്കൊണ്ടു വയസ്സൻ പറഞ്ഞു:

"ഞമ്മള് കോടനാട്ടാ. അയമ്മുട്ടി വൈശ്യരെ

കാണാൻ. മ്മിണി വൈകി. എന്താ മൂപ്പരോ ടത്തെ ഒര് തെരക്ക്."

അയാൾ ചോദ്യം അവസാനിപ്പിച്ചതുകൊണ്ടു കേൾക്കുന്ന ഭാവത്തിൽ താൽപര്യം കാട്ടിയിരുന്നു.

"പന്ത്രണ്ടു കൊല്ലായി ഞമ്മക്കൊരു പള്ളേല് ബര്ത്തം. ലാക്കട്ടര്മാരടെ മര്ന്ന് മ്മിണി കുടിച്ചടക്ക്ണ്. വൈശ്യര് ഒറ്റക്കായ് ഞമ്മളോടു വാങ്ങീട്ടില്ല. കായ് നല്ലോണം വാങ്ങും. കണക്കു പറഞ്ഞെന്നെ വാങ്ങും. പക്ഷെങ്കില് സ്സാമിങ്ങള് ആര് ചെന്നാലും നിർബന്ധം കാട്ടും. കൊടുത്താല് വാങ്ങും. കൊടുത്തില്ലെങ്കില് ഒര് ഏനക്കേടൂല്യ."

അയാളൊന്നു ചിരിക്കാൻ ശ്രമിച്ചു.

"മ്മടെ കുടി ഏതാന്നാ പറഞ്ഞ്?"

താഴത്തേതിലെയെന്നു പറയാനാണ് ആദ്യം തോന്നിയത്. ഒരുനിമിഷം ആലാചിച്ചു. ആദ്യം മനസ്സിൽ തോന്നിയതു കുഞ്ഞരയ്ക്കാരുടെ വീട്ടുപേരാണ്.

"പൊഴയ്ക്കല്."

"മ്മടെ പേരെന്താന്നാ പറഞ്ഞ്?"

അയാളുടെ സ്വരം ഒരു പിറുപിറുക്കലോളം

താണുപോയി.

"അബ്ദുള്ള."

"ഉമ്മീം വാപ്പീം താഴങ്ങളെല്ലാരും ഒക്കെണ്ടോ കുടീല്?"

"ഉം."

മരത്തിന്റെ വിസ്സിനസ്സില് നല്ല കായ്യാ. ഞമ്മടവ്ട്ന്നു കോയിക്കോട്ടുമ്പയിക്കു പോയി ബര്ണ ഈർച്ചക്കാര് കുട്ട്യോള് പറേണ് കേക്കാ"

"ഉം."

അയാൾ മുഖം തിരിച്ചു പിന്നെയും പുറത്തെ ഇരുട്ടിലേക്കു നോക്കാൻ തുടങ്ങി.

വയസ്സൻ കാൽമുട്ടിൽനിന്നു കൈയെടുത്തു വീണ്ടും സീറ്റിന്റെ പിൻവശത്തേക്കു ഞെരുങ്ങി ക്കയറിയിരുന്നു.

ബസ്സിലിരിക്കാൻ തുടങ്ങിയിട്ടു കുറേക്കാലമായല്ലോ എന്ന് ആലോചിച്ചു തുടങ്ങിയപ്പോൾ പുറത്തെ പാതവക്കിൽ പരിചയം തോന്നുന്ന പീടികകളും സ്ഥലങ്ങളും പതുക്കെ പ്രത്യക്ഷമാവാൻ തുടങ്ങി.

"കേലൂർ. കേലൂരൊക്കെ എറങ്ങ്വാ. കാരണോരേ, എറങ്ങിക്കോളിൻ." കണ്ടക്ടർ വിളിച്ചു

പറഞ്ഞു.

വയസ്സൻ പറഞ്ഞു: "ഓവ് പാലത്തിൻറടുത്ത് എറങ്ങിക്കോളാം ഞമ്മള്."

കണ്ടക്ടർ എന്തോ പിറുപിറുത്തു. അവിടെ ഇറങ്ങാൻ കുറച്ചാളുകളുണ്ട്. പുറത്തു കടന്നു ബസ്സ് നീങ്ങിയപ്പോൾ ആലോചിച്ചു: ആ വയസ്സനോട് ഒന്നു യാത്ര പറയേണ്ടതായിരുന്നു.

അത്താണിക്കടുത്താണ് ഇറങ്ങിയത്. അവിടെനിന്നു വടക്കോട്ടുപിരിഞ്ഞുപോകുന്ന നിരത്ത് കേലൂർക്കാവിൻെറ അതിർത്തിയിൽച്ചെന്നവസാനിക്കുന്നു. അവിടന്നങ്ങോട്ടു പറമ്പുകൾ കടന്ന് ഒരു നീണ്ട ഇടവഴി കടന്നാൽ പാടമായി. പാടം മുറിച്ചുകടന്നാൽ കിഴക്കെ പുഴയുടെ വക്കിലൂടെ വരുന്ന നിരത്തായി.

ചിമ്മിനിവിളക്കുകൾ എരിയുന്ന പീടികകളിൽ സന്ധ്യയുടെ  തിരക്കൊന്നു കഴിഞ്ഞിരിക്കുന്നു. അത്താണിക്കടുത്തു മുമ്പൊക്കെ ഒരു ചെക്കനിരുന്നു 'ചൂട്ടേ ചൂട്ട്' വിളിച്ചു വില്ക്കാറുണ്ടായിരുന്നു. അവനെ കണ്ടില്ല. ഇരുട്ടുള്ള രാത്രിയായിരുന്നു. മൂന്നു നാഴിക ഇരുട്ടിലൂടെ നടന്നാൽ കിഴക്കുമ്മുറിയെന്ന തൻെറ നാട്ടിലെത്തുന്നു.

വെളിച്ചത്തിൻേറയും മനുഷ്യരുടേയും ഒരു

താവളം പിന്നിട്ട് അയാൾ നടന്നു.

ഉയർന്ന വേലിപ്പുറമ്പിൽനിന്നു നോക്കിയാൽ ദൂരെ അതിരാളൻകുന്നും പാലമരവും കാണാം. മേലേപ്പുറത്തെ പാറപ്പുറത്തു നിന്നാൽ കേലൂർക്കാവിലെ താലപ്പൊലിയുടെ വിളക്കുകളും മരുന്നുപണിയും കാണാം. കഴിഞ്ഞ നാലുകൊല്ലമായി മരുന്നുപണിയില്ല. അഞ്ചാറുകൊല്ലങ്ങൾക്കുമുമ്പ് ഒരു താലപ്പൊലിക്ക് കുന്നിൻപുറത്തു പോയി നിന്നിട്ടുണ്ട്. മുറിഞ്ഞുനില്ക്കുന്ന നക്ഷത്രങ്ങളുടെ നേർത്ത വെളിച്ചം മാത്രമുള്ള ആകാശത്തിന്റെ അരുകുരുമ്മിക്കൊണ്ട് അകലെ കുന്നുകളുടെ കറുത്ത നിഴലുകൾ നില്ക്കുന്നത് അയാൾ കണ്ടുപിടിച്ചു.

ചക്കരക്കിഴങ്ങുകൾക്ക് ഏരികൂട്ടിയ പറമ്പുകൾ കടക്കുമ്പോൾ നരച്ച ആകാശത്തിന്റെ തെളിച്ചംകൊണ്ടു വഴികാണാം. ഇടവഴിയുടെ മുന്നിലെത്തിയപ്പോൾ അയാൾക്കു വിഷമം തോന്നി. രാത്രിയുടെ മല തുരന്ന തുരങ്കമാണ് മുന്നിൽ.

മൂന്നു നാഴിക നടന്നാൽ നാടായി. അവിടെ താഴത്തേതിലെ നടപ്പുരയിൽ ഇലയും പലകയും വെച്ച് അടുക്കളത്തളത്തിന്റെ കട്ടിളപ്പടിമേൽ

തല ഞാവികൊണ്ട് കാത്തിരിക്കുകയാവും കുഞ്ഞ്യാപ്പോള്.

കുഞ്ഞ്യാപ്പോളെപ്പറ്റി ഒരിക്കലും ഓർക്കാതിരിപ്പാൻ അയാളാഗ്രഹിച്ചിരുന്നു. അതവനൊരു വേദനയാണ്.

നെബീസുവിൻെറ ചെറിയ വട്ടമുഖം മനസ്സിൽ വരച്ചെടുക്കാം. കട്ടിൽപ്പത്തായത്തിനുതാഴെ മുട്ടിപ്പലകമേൽ ഇരുന്നു വലിയ വെള്ളപ്പിഞ്ഞാണത്തിൽ കുഞ്ഞരയ്ക്കാരും ബാപ്പുവും ഉണ്ണുന്നതു നോക്കിക്കൊണ്ടു കുന്തിച്ചിരുന്ന് കാലടികൾ തടവുന്ന തിത്തുമ്മയുടെ പിറകിൽ വാതിൽപ്പൊളി ചാരിക്കൊണ്ടു നില്ക്കുന്ന നെബീസുവിൻെറ മുഖത്തിൻെറ ഒരു പകുതിയിൽ വെളിച്ചം വീഴുന്നു. ചിമ്മിനിവിളക്കിൻെറ വെളിച്ചത്തിൽ അവളുടെ മുഖത്തിനു ചുവപ്പുനിറമാണ്.

പൂന്തോട്ടത്തിലെ മുറ്റത്തു മെതിയടിപ്പുറത്തു നടന്ന് എണ്ണ പുരട്ടിയ ശരീരം തടവിക്കൊണ്ടു കോലായിൽ നില്ക്കുന്നവരോടു സംസാരിക്കുകയാവും.....

“ഓനോ, ഓൻ കള്ളവണ്ടി കേറി വല്ല ദിക്കിലും എത്തീട്ടുണ്ടാവും.”

കിഴക്കുമ്മുറിയിലേക്ക് ഇനി കടന്നുവരില്ലെന്നാവും ധരിച്ചിരിക്കുക....

പുഴവക്കത്തെ പയറ്റുകണ്ടത്തിന്റെ നടുവിലെ മൺചുമരുകളുള്ള വീട്ടിലെ ചെറിയ മുറിയിൽ കിടക്കുന്ന വെളുത്തു മെലിഞ്ഞ ഒരു പെൺകിടാവിന്റെ വിളറിയ മുഖവും അയാൾ ഒരു നിമിഷം കണ്ടു.

“എന്നെ കൊന്നോളൂ......എന്നെ കൊന്നോളൂ.....”

അവൾ കരയുകയാവും.

അപ്പോൾ, കൊച്ചപ്പൻനായരുടെ ഭാര്യയാവാൻ പോകുന്ന ദിവസത്തെക്കുറിച്ചു സ്വപ്നം കണ്ടിരിക്കുകയാവും പുത്തൻകളത്തിലെ യജമാനത്തി.

കാറ്റിൽ കലപില കൂട്ടുന്ന ഇല്ലിമുളങ്കാടുകൾ ഇരുവശത്തും നാട്ടുവെളിച്ചം മറച്ചുനില്ക്കുന്ന ഇടവഴിയിലൂടെ, രാത്രിയുടെ മല തുരന്ന തുരങ്കത്തിലൂടെ നടക്കുമ്പോൾ അയാൾ ഇടതിങ്ങിനില്ക്കുന്ന ഇരുട്ടിനോടു മന്ത്രിച്ചു:

“ഞാൻ തിരിച്ചുവരികയാണ്.”

# 4

**ഒ**ച്ചയും അനക്കവുമില്ല. ആകെ വിജനമായിരുന്നു. ഗ്രാമത്തിൻെറ അതിർത്തിയിലെത്തിയപ്പോൾത്തന്നെ കണ്ടു, വെളിച്ചത്തിൻെറ കണ്ണുകൾ അടഞ്ഞിരിക്കുന്നു. ആലിൻചുവട്ടിലെ ചെറിയ ഓലപ്പുരയുടെ മുറ്റത്ത് കല്ലുട്ടിയിലേക്ക് നുകത്തണ്ടു കയറ്റിവെച്ച വണ്ടിയുടെ സമീപം കിടന്ന് അത്തുണ്ണിമുഹമ്മദിൻെറ കാള അയവിറക്കുന്നു. വണ്ടിക്കാരൻ അകത്തു നല്ല ഉറക്കമായിരിക്കും. ഇരുട്ടിൽ കാളയുടെ കണ്ണുകൾ പച്ചക്കല്ലുകൾപോലെ തിളങ്ങി. തലയിളക്കുമ്പോൾ കുടമണികൾ പതുക്കെ ശബ്ദിച്ചു. പെരുമ്പലത്തെ കളത്തിലേക്ക് കല്യാണപ്പെണ്ണിനേയും കയറ്റിപ്പോയ സവാരിയുടെ കഥ അയാൾ ഓർമിച്ചു. തണുത്ത പുലർച്ചയ്ക്കു വണ്ടിച്ചക്രങ്ങൾ കുലുങ്ങിക്കുലുങ്ങി പോകുമ്പോൾ വഴിവക്കത്തെ വീടുകളിലെ അടുക്കളയിൽ തീപിടിപ്പിക്കാനിരിക്കുന്ന പെണ്ണുങ്ങൾ എത്തിനോക്കിയിട്ടുണ്ടാവും.

"അത്തുണ്ണ്യാപ്ലടെ സവാരിവണ്ടി പോണു."

"അതു താഴത്തേലെ ഗോയിന്ദുട്ടിക്കമ്മളും ഭാര്യേം പൂവ്വാ."

പിന്നേയും വല്ലതും പറഞ്ഞിട്ടുണ്ടാവും: അറിയാത്തവർ ഭാഗ്യത്തെപ്പറ്റി; അറിയുന്നവർ ഒരു വിഡ്ഢിയെപ്പറ്റി.

പുഴവക്കത്തെ വലിയ മാവിന്റെ മാനം മുട്ടുന്ന കറുത്ത രൂപം അടുത്തു കണ്ടപ്പോൾ മനസ്സിൽ ആഹ്ലാദം ചിറകടിച്ചു. കുഞ്ഞരയ്ക്കാർ ഉറങ്ങിയിരിക്കയില്ല. വളരെ വൈകുന്നതുവരെ കോലായയിലിരിക്കും. മുറ്റത്തു നടക്കും. അതാണു പതിവ്.

ചെറിയ വാഴത്തോട്ടത്തിന്റെ നിഴൽപ്പാടിൽ ആ വൈക്കോൽപ്പുര വ്യക്തമായി.

ഒഴിഞ്ഞ നിരത്തിൽ മുളമ്പടിയുടെ സമീപത്തു നിന്നുകൊണ്ട് അയാൾ നോക്കി. വെളിച്ചമില്ല. അനക്കവുമില്ല. എല്ലാവരും ഉറക്കമായിരിക്കുന്നു. പതിവിനു വിപരീതമായി ഇന്നു കിഴക്കുമ്മുറിയിൽ രാത്രി നേർത്തേ ആരംഭിച്ചിരിക്കുന്നോ?

കടന്നുചെന്നു വിളിച്ചുണർത്തിയാലോ? നേരം എത്രയായെന്നറിഞ്ഞുകൂടാ. മുളങ്കാൽ പിടിച്ചുനിന്ന് അയാൾ കിതപ്പു മാറ്റി. ശരീരത്തിൽ

നിന്നു വിയർപ്പൊഴുകുകയായിരുന്നു. തലയി ലിട്ട മുണ്ടെടുത്തു കഴുത്തും മുഖവും തുടച്ചു. എന്നിട്ടതു നാലു ചുറ്റായി തലയിൽ വളച്ചു കെട്ടി. പാടത്തിൻെറ മറുകരയിൽ നിഴലുകൾ കൂടാരമടിച്ചപോലെ നില്ക്കുന്ന കവുങ്ങിൻ തോട്ടങ്ങളിലൂടെ വെളിച്ചം കാണുന്നുണ്ടോ? വീടുകൾ മുഴുവൻ ഉറങ്ങുന്നു.

കുഞ്ഞരയ്ക്കാരെ വിളിക്കണോ? ഒന്നും തീരു മാനിക്കാതെ ഒഴിഞ്ഞ നിരത്തിലൂടെ അയാൾ ഇരുട്ടിൻെറ ഒരു ഭാഗമായി നടന്നു. ചക്കമ്മെയുടെ പടി കടന്നപ്പോൾ മറുകരയിലേക്കു വീണ്ടും നോക്കി. അപ്പോളാണ് പെട്രോമാക്സിൻെറ വെളിച്ചം കണ്ടത്. പുത്തൻകളത്തിലെ മുറ്റത്തു നിന്നാണ്. ആളുകളും തിരക്കുമുണ്ടോ? ഒരു സംശയത്തിനു ചുറ്റും ചിന്തകൾ മഴപ്പാറ്റകളെ പ്പോലെ പിടഞ്ഞുനടന്നു. പുത്തൻകളത്തിലെ പടിപ്പുരയിൽനിന്നിറങ്ങിയ നിഴലുകൾ അടു ത്തെത്തുന്നതുവരെ അയാൾ ക്ഷമയോടെ കാത്തുനിന്നു. രണ്ടു ചെറുമികളാണ്. തലയിൽ കലം ചുമന്നുവരുന്ന അവരുടെ പുറകെ മൂന്നോ നാലോ കുട്ടികളുണ്ട്.

“എന്താ അവടെ?”

"യോ?"

"പുത്തൻകളത്തിലെന്താ, കല്യാണോ?" ചെറുമികൾ നടത്തം നിർത്താതെ പറഞ്ഞു:

"വയമ്പുറി, ഇന്നലേര്ന്ന് കല്യാണം. മയമ്പദാപ്പ രാജ്യത്തല്ലേര്ന്ന്?"

അതിനയാളൊന്നും പറഞ്ഞില്ല. തലയിൽ ക്കെട്ട് അഴിച്ച് ഒന്നുകൂടി ഉറപ്പിച്ചുകെട്ടി. ചെറുമികൾ അകന്നുപോയി. വീണ്ടും വഴി വിജനമായി. അയാൾ പൂഴിമണൽ തെറിപ്പിച്ചുകൊണ്ടു പതുക്കെപ്പതുക്കെ മുന്നോട്ടുനടന്നു.

സ്വപ്നം കാണുകയല്ല. യജമാനത്തി സ്വപ്നം കാണുകയല്ല. സുഖിക്കുകയാണ്...

കടവിനടുത്തെത്തി. പുഴ വരണ്ടു മണൽക്കാടായിരിക്കുന്നു. ശേഷിച്ച ഒരു നീർച്ചാൽ ഒഴുക്കില്ലാതെ തളംകെട്ടി നില്ക്കുന്നു.

അയാൾ സിമൻറുതിണ്ണയിലിരുന്നു. തെക്കുനിന്നു കുഞ്ഞരയ്ക്കാരുടെ പുരയുടെ മുന്നിലൂടെ വരുന്ന നിരത്ത് ഇവിടെവെച്ച് പടിഞ്ഞാട്ടു തിരിയുന്നു. അങ്ങാടിമാളികയുടെ മുന്നിലൂടെ പീടികകൾ കടന്ന് പടിഞ്ഞാട്ടു സഞ്ചരിച്ച് അത്തിക്കരയും പെരുമ്പലത്തൂരും കഴിഞ്ഞ് വടക്കേപ്പുഴയുടെ ഒരു കടവിൽച്ചെന്നവസാനിക്കുന്നു.

പൊറ്റപ്പുറത്തെ ഞാവൽമരങ്ങൾക്കിടയിലൂടെ കാണാവുന്ന പെട്രോമാക്സിൻെറ പ്രകാശത്തിൽ നോക്കിക്കൊണ്ട് അയാൾ ഇരുന്നു.

പടിഞ്ഞാറുനിന്ന് നിരത്തിലൂടെ നടന്നുവന്ന രണ്ടുപേരുടെ സംസാരം തൊട്ടടുത്തെത്തിയപ്പോൾ മാത്രമേ അയാൾ കേട്ടുള്ളു. അയാൾ സിമൻറ് തിണ്ണയിൽ ഒന്നു തിരിഞ്ഞിരുന്നു. എന്നിട്ടു വരണ്ട പുഴയിൽ ഒഴുക്കുനിലച്ച നീർച്ചാൽ മിനുങ്ങുന്നതു നോക്കി.

അവർ ശ്രദ്ധിക്കാതെ കടന്നുപോകുമെന്നാണ് കരുതിയത്. പക്ഷെ, അടുത്തെത്തിയപ്പോൾ നിന്നു.

"ആരാത്?"

അയാൾ കേട്ടതായി ഭാവിച്ചില്ല.

"ആരെങ്കിലുമായിക്കോട്ടെ കുട്ടിഷ്ണാ, നമ്മക്ക് പൂവ്വാ." ഒരാൾ പിറുപിറുത്തു.

"ആരാന്നാ ചോയ്ച്ച്?"

അയാൾ പതുക്കെ എഴുന്നേറ്റു:

"ഞാനാ."

"ഞാൻച്ചാല്?"

അയാൾ നിസ്സാരഭാവത്തിൽ നിന്നു. മുഖത്ത് ടോർച്ച്ലൈറ്റിൻെറ തറയ്ക്കുന്ന വെളിച്ചം

വീണപ്പോൾ കണ്ണഞ്ചിപ്പോയി. ഒരു നിമിഷത്തെ അമ്പരപ്പുണ്ടായി.

"ആര് ഗോയിന്ദുട്ട്യോ?" അത്ഭുതത്തേക്കാളേറെ ഭയമുണ്ടായിരുന്നു ആ ചോദ്യത്തിൽ.

"അല്ല, അബ്ദുള്ള." അയാൾ ഒരടി മുമ്പോട്ടു വെച്ചു വെറുതെ. ടോർച്ചിന്റെ പ്രകാശം കെട്ടു. ധൃതിയിൽ അകന്നകന്നു പോകുന്ന കാലൊച്ച ശ്രദ്ധിച്ചുകൊണ്ട് അയാൾ നിന്നു.

പൊറ്റപ്പുറത്തെ ഞാവൽമരങ്ങൾക്കിടയിലൂടെ വീണ്ടും അയാൾ അകലത്തെ വെളിച്ചത്തിനു നേരെ നോക്കി.

# അദ്ധ്യായം ആറ്

# 1

തലേന്നു രാത്രി അമ്മ പതിവിലധികം ഞരങ്ങിക്കൊണ്ടിരുന്നു. വേദന അധികമാവുകയാണെന്നു തോന്നി. കുറേനേരം കാല്ക്കൽ ഇരുന്നു തടവിക്കൊടുത്തപ്പോൾ അമ്മ കഫം കുറുകിക്കൂടിയ തൊണ്ടയനക്കി ക്ഷീണിച്ച ശബ്ദത്തിൽ പറഞ്ഞു: "പോയൊരു പാത്ത് കെടന്നോ പെണ്ണേ." എന്നിട്ടും ഓട്ടുവിളക്കിൽ എണ്ണ വറ്റി പതുക്കെപ്പതുക്കെ കെടുന്നതുവരെ കട്ടിലിന്റെ വക്കിലിരുന്നു. പിന്നെ കട്ടിലിനു ചുവട്ടിൽ ചുരുട്ടിവെച്ച പായ നിവർത്തിയിട്ടു. താഴെ കിടന്നെങ്കിലും കുഞ്ഞുകുട്ടിക്ക് ഉറക്കം വന്നില്ല.

കഴിഞ്ഞ കുറെ ദിവസങ്ങളായി അമ്മയ്ക്ക് തനിയെ എഴുന്നേല്ക്കാൻ വയ്യ. താങ്ങണം. പുറത്തുപോകാൻ പ്രയാസമായതുകൊണ്ടു

വടക്കേ അറയിലെ ഓവിൽ കുത്തുപാളകൾ വെച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. മുണ്ടുടുക്കാൻകൂടി സഹായം വേണം. വടക്കേ അകത്തുനിന്നു വന്നു കട്ടിലിൽ കിടന്നാൽ അമ്മ പ്രാർത്ഥിക്കും:

"ഗുരുവായിരപ്പാ, കുട്ട്യോളെ അധികദിവസം ബുദ്ധിമുട്ടിക്കാണ്ട് ജന്മെടുക്കണേ..."

ഒച്ചയും അനക്കവുമില്ലാത്ത രാത്രിയിൽ അമ്മ ശ്വാസം വലിക്കുമ്പോഴുണ്ടാകുന്ന കുറുകുറു ശബ്ദം കേട്ടു കിടക്കുമ്പോൾ കുഞ്ഞുകുട്ടിക്കു ഭയം തോന്നിയിരുന്നു.

അമ്മയുടെ വാക്കുകളിൽ പണ്ടത്തെ പരുക്കൻ സ്വരം ഒരിക്കലും കേൾക്കാറില്ല. ആരേയും കുറ്റപ്പെടുത്താറില്ല. പകൽ കട്ടിലിനു സമീപം ചെന്നുനിന്നു കണ്ണടച്ചുകിടക്കുന്ന അമ്മയുടെ മുഖത്തു നോക്കുമ്പോൾ ആ മാറ്റം ഓർമിക്കും. ആശ്വാസമല്ല, അപ്പോൾ വേദനയാണ് തോന്നുക. ചുളിഞ്ഞ കൺപോളകളിൽനിന്നു കരിവാളിച്ച തടങ്ങളിലേക്കു നനവിറങ്ങിക്കൂടുന്നതു കാണാം.

കുമാരേട്ടൻ വൈദ്യരെ രണ്ടുതവണ കൊണ്ടുവന്നു. രണ്ടാമത്തെ തവണ വൈദ്യർ

കുമാരേട്ടനോട് ഉമ്മറത്തുവെച്ചു പറഞ്ഞതു കേൾക്കാനിടയായി: “ഇനി അധികകാലൊന്നും വല്യമ്രാള് കെടക്കുംന്ന് തോന്ന്ണ്ല്ല. പ്രായ്യും അതല്ലേ? ചികിത്സിച്ചു മാറ്റണ്ട ഒരു രോഗോം അല്ല.” കാലിൽ പുരട്ടാനൊരു കുഴമ്പ് എഴുതിക്കൊടുത്തു. ശ്വാസത്തിനു തടസ്സം കുറയാൻ ജീരകം മൂന്നിട്ട വെള്ളം ഇടയ്ക്കു കൊടുക്കണമെന്നും ഏല്പിച്ചു. അതിൽപ്പിന്നെയാണ് കുമാരേട്ടൻ ഉമ്മറത്തുനിന്നു തെക്കിനിയിലേക്കു കിടപ്പു മാറ്റിയത്.

അമ്മ കേൾക്കാതെ, അടുത്തേക്കു വിളിച്ചു പറഞ്ഞു: “രാത്രി തരം ല്യാണ്ട എന്തെങ്കിലും കണ്ടാൽ ന്നെ വിളിച്ചോ.”

രാത്രിയിൽ വേദനയുടെ ശബ്ദങ്ങൾ കേട്ടുകൊണ്ട് ഉറങ്ങാതെ കിടക്കുമ്പോൾ വിചാരിച്ചു: അമ്മയുടെ അവസാനം അടുത്തെത്തിയിരിക്കുന്നു.

അമ്മയുടെ മുളവടിയുടെ ശബ്ദംകൂടി കേൾക്കാതായപ്പോൾ വീട്ടിൽ പേടിപ്പെടുത്തുന്ന ഒരു നിശ്ശബ്ദത തങ്ങിനില്ക്കുന്നുണ്ടെന്നു തോന്നി. പകൽ പാത്രങ്ങൾ ഒച്ചപ്പെടുമ്പോൾകൂടി ഭയം തോന്നുന്നു.

മുകളിലേക്കു കയറാറില്ല. മുകളിൽ തെക്കേ മുറിയുടെ ചാരുപടിമേൽ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ രാത്രിയിൽ കേൾക്കാറുള്ള ശബ്ദമില്ല. തട്ടിൻപുറത്തു കാലൊച്ചയില്ല. ധൃതിയിൽ കയറുകയും ഇറങ്ങുകയും ചെയ്യാൻ ആരുമില്ലാത്തതുകൊണ്ടു കോണിപ്പടികൾ ശബ്ദിക്കാറില്ല.

"കൊയ്ത്തും തെരക്കും കഴിഞ്ഞാൽ ഞാൻ വരും കുഞ്ഞ്യോപ്പോളെ. പെരുമ്പലത്തു നാലീസം വന്നു നിക്കണം." അടുക്കളയിൽ വന്നു ഗോവിന്ദൻകുട്ടി യാത്ര പറഞ്ഞപ്പോൾ മനസ്സിൽ പറഞ്ഞു: കല്യാണം കഴിഞ്ഞു നാലു ദിവസമായിട്ടില്ല. അപ്പോഴേക്കും ചെക്കൻ വലിയ ഗൃഹസ്ഥനായപോലെയല്ലേ സംസാരിക്കുന്നത്! പുറത്തു കാട്ടിയില്ലെങ്കിലും സന്തോഷം തോന്നി.

പെരുമ്പലത്തിലെ കളത്തിലേക്കു താമസം മാറിപ്പോകുന്ന സമയത്ത് ഒരു വിഷമവും തോന്നിയിരുന്നില്ല. പക്ഷേ കല്യാണത്തിനു ശേഷം ഭാര്യയുടെ പിറകേ ചെറിയ ഇരുമ്പുപെട്ടി തൂക്കി അവൻ പടിയിറങ്ങുമ്പോൾ മനസ്സിൽ വ്യക്തമാവാത്ത ഒരസ്വസ്ഥത ചുറ്റിപ്പിണഞ്ഞു കിടന്നു. ദൂരെ, അത്തുണ്ണിമുഹമ്മദിൻെറ

സവാരിവണ്ടിയുടെ കിലുക്കം അകന്നുപോയപ്പോൾ തോന്നിപ്പോയി: കൊയ്ത്തും മെതിയും കഴിഞ്ഞാലും ഇനി അവൻ വരില്ല.

പിന്നീടവൻ കയറിവന്ന രാത്രിയിൽ കണ്ടില്ല.

കുളക്കടവിൽനിന്നു കേട്ട കഥകൾ പടിഞ്ഞാറേതിലെ വടക്കെപ്പുറത്തുനിന്നു പെറുക്കിയെടുത്തു പെണ്ണുങ്ങൾ വേലിക്കരുകിൽ വന്നുനിന്ന് ഒളിച്ചും തെളിച്ചും പുറത്തുകാട്ടിയപ്പോഴുണ്ടായ നടുക്കം മാറിയിരുന്നില്ല. മുറ്റത്തുനിന്നു ശബ്ദം കേട്ടപ്പോൾ അവനെ കാണാതെ കഴിക്കണമെന്നുകൂടി തോന്നി. ഉരൽപ്പുരകളിലും കുളക്കടവുകളിലും കേട്ടത് അവന്റെ സമീപമെത്തിയിരിക്കുന്നു.....അവന്റെ വേദന കാണാൻ വയ്യ.

പക്ഷേ, നിസ്സഹായതയുടെ ശബ്ദമല്ല അന്നു രാത്രിയിൽ മുറ്റത്തുനിന്നു കേട്ടത്. അപ്പോൾ തെക്കിനിയിലേക്ക് ഓടിയെത്തി. പടിയിറങ്ങുന്ന നിഴലേ കണ്ടുള്ളു.

-ഒരു കല്യാണപ്പന്തലിൽവെച്ചാണ് എന്റെ എല്ലാം കഴിഞ്ഞത്. കുഞ്ഞ്യോപ്പോളുടെ തലേലെഴുത്ത്യേ കയ്യന്ന്യാവും നെന്റെ തലേലും കുത്തിവരച്ചത്...

അമ്മയ്ക്കു സുഖക്കേടു വർദ്ധിച്ചതുകൊണ്ടാണോ കുമാരേട്ടൻെറ കോപം തണുത്തതെന്നറിഞ്ഞുകൂടാ. കല്യാണത്തിൻെറ കഥ മുഴുവൻ കേട്ടിട്ടാണോ? കുഞ്ഞരയ്ക്കാരുടെ പടിക്കൽവെച്ചു തല്ലുണ്ടായ വിവരം രാവിലെ അറിഞ്ഞപ്പോൾ ശപിച്ചില്ല. ആറാം തമ്പുരാട്ടിലമ്മയ്ക്കുണ്ടായ മോനെപ്പറ്റി പറഞ്ഞില്ല. തലേദിവസം ശേഖരേട്ടനെ മാനംകെടുത്തിയ സംഭവം തേട്ടിവരുമ്പോഴൊക്കെ ചുരമാന്തിയിരുന്ന ആളാണതെന്നുകൂടി തോന്നിയില്ല. അന്നു ശേഖരേട്ടൻ രണ്ടു തവണ ആളയച്ചുവെങ്കിലും പുറത്തിറങ്ങിയില്ല.

ഇപ്പോൾ, എവിടെപ്പോയാലും കുമാരേട്ടൻ രാത്രിക്കു മുമ്പായി തിരിച്ചെത്തും. അതുകാരണം വെപ്പും ഊണുമെല്ലാം നേരത്തെയായിരിക്കുന്നു. പാട്ടുരാശി കഴിഞ്ഞാൽ കുമാരേട്ടൻെറ ഊണു കഴിയും. ഇലയിൽ ബാക്കിയുള്ള ചോറും കൂട്ടാനും പിഞ്ഞാണത്തിലേക്കു വാരിയിട്ടു വാർത്തുവെച്ച വെള്ളമൊഴിച്ചു കലക്കി മോന്തിയാൽ മിക്ക ദിവസവും കുഞ്ഞുകുട്ടിയുടെ അത്താഴം കഴിഞ്ഞു.

ഞരങ്ങിയും മൂളിയും ഗുരുവായൂരപ്പനോടു

സങ്കടം പറഞ്ഞും അമ്മ കിടക്കുമ്പോൾ താഴെ വിരിച്ചിട്ട പായത്തലയ്ക്കലിരുന്ന് അമ്മയുടെ കാലു തടവിക്കൊണ്ടു കുഞ്ഞുകുട്ടി സ്വയം ചോദിക്കാറുണ്ട്: അവൻ എവിടെയാണ്? ശേഖരേട്ടൻെറ ആളുകൾ ഇപ്പോഴും അവനെ തിരഞ്ഞുനടക്കുകയാണോ?

കുഞ്ഞരയ്ക്കാരുടെ പുരയിൽക്കയറി ആളുകൾ അവനെ പിടിച്ചു പുറത്തിറക്കിയെന്നും, റോട്ടിലിട്ടടിച്ചു വശംകെടുത്തിയെന്നും കേട്ടപ്പോൾ അവൾ കരഞ്ഞില്ല. വ്യസനമായിരുന്നില്ല മനസ്സിൽ, അകത്ത് ഉമിത്തീപോലെ അരിശം ആരോടൊക്കെയോ നീറിപ്പിടിക്കുകയായിരുന്നു. കിണറ്റിൻകരയിൽനിന്നും വടി കുത്തിക്കയറി അടുക്കളമുറ്റത്ത് എത്തിനില്ക്കുമ്പോഴാണ് അമ്മ അതു കേട്ടത്. മുളവടി കൈയിൽനിന്നു വീണു. നെഞ്ഞത്ത് ആഞ്ഞടിച്ചുകൊണ്ടു നിലവിളിച്ചു: "ഓ ൻെറ ഗുരുവായൂരപ്പാ!" ആ വിളി കേട്ടപ്പോൾ മനസ്സിലെന്തെല്ലാമോ ഉടഞ്ഞു തകരുന്ന ഒരനുഭവമാണുണ്ടായത്. ഓടിയെത്തുമ്പോഴേക്കും അമ്മ വീണുകഴിഞ്ഞിരുന്നു. എടുത്തുകൊണ്ടുപോയി കിടത്തിയപ്പോഴാണ് കുമാരേട്ടൻ വന്നുകയറിയത്.

കണ്ണുതുറന്നപ്പോൾ കുമാരേട്ടൻ അടുത്തുണ്ടായിരുന്നു. എന്തെങ്കിലും ചോദിക്കുമെന്നാണു കരുതിയത്. പക്ഷേ, ഒന്നും പറയാതെ നനഞ്ഞ കണ്ണുകളുയർത്തി മകൻെറ മുഖത്തുനോക്കി കിടന്നു. കുമാരേട്ടൻ പുറത്ത് പോയപ്പോൾ അവൾ കുറേക്കൂടി നീങ്ങിയിരുന്നു.

അമ്മ ചുറ്റും നോക്കി. എന്നിട്ട് വളരെ താണസ്വരത്തിൽ ഭയപ്പാടോടെ ചോദിച്ചു: "എന്നിട്ട് ഓനെവടയ്ക്കാടി പോയത്?"

കുഞ്ഞുകുട്ടി ഒന്നും മിണ്ടിയില്ല. കാരണം, ആ ചോദ്യം അവളും മനസ്സിൽ പേറിക്കൊണ്ടു നടക്കുകയായിരുന്നു.

പിറ്റേന്നു സന്ധ്യയ്ക്ക് ചെറുകായ വെട്ടാൻ വേണ്ടി വന്ന മാപ്പിളമാർ കുമാരേട്ടനോടു പറയുന്നതു തെക്കിനിയിൽ പരുങ്ങിനിന്നപ്പോൾ കേട്ടു: "മുതലാളിയുടെ വീട്ടിൽ പാർപ്പിച്ചിരിക്കുകയാണത്രേ."

"താൻ കണ്ടോ?" കുമാരേട്ടൻെറ സ്വരം പകർന്നു.

"ഞങ്ങള് കണ്ടില്ല. അങ്ങനെ കേട്ടു."

"തോട്ടീമ്മല് കെട്ട്യേ വർത്താനൊന്നും നിയ്ക്കു കേൾക്കണ്ട. ആളോൾക്ക് എന്താ

പറഞ്ഞൂടാത്ത്? എന്താ ചെയ്തൂടാത്ത്? ആളോള്-"

കുമാരേട്ടൻ പിന്നെയൊന്നും പറഞ്ഞില്ല.

ദിവസവും സന്ധ്യയ്ക്കു വിളക്കു കൊളുത്തി കാണിച്ചുകഴിഞ്ഞ് പിഞ്ഞാണത്തിൽ കഞ്ഞിയെടുത്ത് അമ്മയുടെ അടുത്തു ചെന്നിരുന്നു പ്ലാവിലകൊണ്ടു കോരിക്കൊടുക്കാൻ തുടങ്ങുമ്പോൾ അമ്മ ചോദിക്കും:

"ഏട്ടൻ വന്നോ്വാടീ?"

"ഉമ്മറത്ത്ണ്ട്."

ഉടനെ അമ്മയുടെ ശബ്ദം കേൾക്കാൻ പ്രയാസമായ വിധത്തിൽ താണുപോവും:

"വല്ലതും പറഞ്ഞോ്വാടീ?"

എന്ത് എന്നു ചോദിക്കേണ്ടതില്ല.

"ഓൻെറ വല്ല വിവരും കിട്ട്യോ ആവോ!"

മകൾ മിണ്ടാതെ കഞ്ഞിക്കിണ്ണത്തിൽ പ്ലാവിലയോടിച്ച് ഇരിക്കുമ്പോൾ അമ്മയുടെ ശബ്ദമിടറും

"നീയെന്താ ഒന്നും മിണ്ടാത്ത് കുഞ്ഞുകുട്ട്യേ?" പണ്ടാണെങ്കിൽ അമ്മയുടെ നാവ് ചാട്ടവാർപോലെ പുളയുന്ന സമയമാണത്. അമ്മയ്ക്കിപ്പോൾ ശകാരിക്കാൻ വയ്യ. ദേഷ്യ

പ്പെടാൻ വയ്യ. തൻെറ മുഖത്തു തപ്പിത്തടഞ്ഞു നടക്കുന്ന നനുത്ത കണ്ണുകളെ ഒഴിവാക്കിക്കൊണ്ടു കുഞ്ഞുകുട്ടി പറയും:

"ഒന്നും പറഞ്ഞില്ല അമ്മേ."

പടിഞ്ഞാറേ അതിർത്തിയിലെ പാലമരത്തിൽ വന്നു സന്ധ്യയ്ക്കു മുളയുന്ന കുത്തിച്ചൂടാൻ ശബ്ദിച്ചു.

രാത്രിയുടെ നിശ്ശബ്ദതയിൽ ആ പക്ഷിയുടെ വികൃതമായ വിളി കേൾക്കുമ്പോൾ ഭയം അരിച്ചു കയറുന്നപോലെ തോന്നി.

അമ്മ കട്ടിലിലൊന്നു തിരിഞ്ഞുകിടന്നപ്പോൾ ഇളകിനില്ക്കുന്ന കട്ടിൽക്കാലുകൾ കരഞ്ഞു. തെക്കിനിയിൽനിന്നു കുമാരേട്ടൻെറ ഒരു നീണ്ട തേട്ടൽ കേട്ടു. കുമാരേട്ടനും രാത്രി ഉറക്കം കുറവാണെന്നു തോന്നുന്നു.

പകുതി തുറന്നിട്ട അഴിവാതിലിലൂടെ കുഞ്ഞുകുട്ടി പുറത്തേക്കു നോക്കി. നിലാവു കെട്ടിരിക്കുന്നു. വെളിച്ചം തെളിയാൻ തുടങ്ങിയിട്ടുമില്ല. ഉറക്കം ശരിയാവാത്ത ക്ഷീണം ശരീരത്തെയാകെ തളർത്തിയിരുന്നു. വിളക്കു കൊളുത്തിക്കാട്ടേണ്ട സമയമായാൽ മതിയായിരുന്നു.

ഒന്നു മയങ്ങാൻ തുടങ്ങുമ്പോൾ ഉമ്മറവാ

തിൽ തുറക്കുന്ന ശബ്ദം കേട്ടു. കുഞ്ഞുകുട്ടി പായിൽ എഴുന്നേറ്റിരുന്നു. കുമാരേട്ടൻ പതിവി ലും നേർത്തേ എഴുന്നേറ്റ ദിവസമാണ്. ഏതാ യാലും വിളക്കു കത്തിച്ചുകാട്ടാം. അമ്മയുടെ തലയണയ്ക്കു താഴെ തിരുകിവെച്ച തീപ്പെട്ടി യെടുത്തു വിളക്കു കൊളുത്തി. വെളിച്ചം പരന്നപ്പോൾ അമ്മ കണ്ണുമിഴിച്ചു:

"നേരം പെലർച്ച്യായോ?"

കുഞ്ഞുകുട്ടി മൂളി.

"രാത്രി ഒന്നൊറങ്ങീട്ടു മരിച്ചാൽ മതിയാ യിരുന്നു. ഒറക്കം കിട്ടാൻ ള്ള എന്തെങ്കിലും മര്ന്ന്ണ്ടോന്ന് ആ കുഞ്ഞുണ്ണീനോട് ഒന്നു ചോയിക്കായിരുന്നോ‌ാടീ?" ഒറക്കൂല്യ, വേദനിം. തമ്പരാട്ടീ, എത്ര ദെവസാ എന്നെ ങ്ങനെ കഷ്ടപ്പെടുത്ത്വാ?"

മച്ചിൻെറ വാതിൽ തുറന്നു വിളക്കു കാട്ടി. വീണ്ടും വാതിൽ ചാരി ഉമ്മറത്തു ചെന്നപ്പോൾ പൊട്ടിപ്പൊളിഞ്ഞ ചാരുപടിയുടെ മെത്താ രണയ്ക്കടിയിൽനിന്നു കടലാസുകെട്ടുകൾ തപ്പിയെടുക്കുകയായിരുന്നു കുമാരേട്ടൻ. കിഴക്കോട്ടു വിളക്കു കാട്ടി, തെക്കിനിയിലേക്ക് മടങ്ങിയപ്പോൾ കുമാരേട്ടൻ പേരെടുത്തു

വിളിച്ചു.

മച്ചിന്റെ മുൻവശം വിളക്കു വെച്ചു. അവൾ വീണ്ടും ഉമ്മറവാതില്ക്കലേക്കു ചെന്നു. നരച്ച ഇരുട്ടായിരുന്നു ചുറ്റും.

“നിയ്ക്കൊന്നു കാട്ടിപ്പെരുത്തീപ്പോണം. സന്ധ്യാമ്പളയ്ക്ക് എത്തും ഞാൻ. കൊഴമാന്തരം പിടിച്ച ഒരു ഭാഗക്കേസാ.” ഉറക്കെ ഒന്നു കോട്ടുവായിട്ടു. വായയ്ക്കു മുമ്പിൽ വിരൽ ഞൊടിച്ചു കുമാരേട്ടൻ കോലായിലേക്കിറങ്ങി. അയിത്തമായതുകാരണം പുറത്തെ ഉത്തരത്തിൽ തിരുകി വെച്ച തോർത്തുമുണ്ടെടുത്തു നോക്കി, എന്തോ ഓർത്തിട്ടെന്നപോലെ ചോദിച്ചു:

“നോക്കൂ, ഒരു തോർത്ത് എടുക്കാൻ ണ്ടോ അകത്ത്? ദ് മണ്ണ് നെറാ. ശ്ശ്യാളള് കൂട്ണ സ്ഥലാ.”

പെങ്ങൾ ഒന്നും പറഞ്ഞില്ല. തലതോർത്തുന്ന കീറത്തോർത്തുണ്ട്. കരിമ്പനടിച്ചു. തിരുമ്പിയാലും വൃത്തിയാവാത്ത നിറമായിരിക്കുന്നു. പെട്ടിയിൽ ആകെയുണ്ടായിരുന്ന കരയുള്ള വലിയ തോർത്താണ് അമ്മയെ ചുറ്റിച്ചിരിക്കുന്നത്.

“ഉം.ദൊക്കെ മതി.” കുമാരേട്ടൻ ഉടനെതന്നെ സ്വയം സമാധാനിക്കുകയും ചെയ്തു.

"ചെലവിൻെറ പാകം എങ്ങനെ?"

"ഇന്നലെ പടിഞ്ഞാറേന്നു മുന്നാഴ്യരി കടം വാങ്ങി."

കുമാരേട്ടൻ ഇരുട്ടിൽ തപ്പിത്തടഞ്ഞുകൊണ്ടു കുറേനേരം നിന്നു.

"ആ വെളക്ക് ങ്ങട് വെച്ചാ."

മച്ചിനു മുമ്പിൽ വെച്ച വിളക്കു പടുതിരി കത്തി കെടാനടുത്തിരുന്നു. ഒന്നുകൂടി തിരി തിരുമ്മിക്കയറ്റി ഉമ്മറപ്പടിമേൽ കൊണ്ടുവന്നു വെച്ചപ്പോൾ കുമാരേട്ടൻ കുനിഞ്ഞിരുന്നു കടലാസുപൊതിയഴിച്ചു ചില്ലറയെണ്ണാൻ തുടങ്ങി.

"ന്നാ, ഒരുറുപ്പികണ്ട്. ഇതന്നേൻെറ കൈയിലുള്ളു."

ഉമ്മറപ്പടിമേൽ വെച്ച നാണയങ്ങളുടെ അട്ടി കുഞ്ഞുകുട്ടി ശ്രദ്ധാപൂർവം പെറുക്കിയെടുത്തു.

അകത്തേക്കു പോരുമ്പോൾ മനസ്സിൽ ഒന്നു കണക്കുകൂട്ടി: രണ്ടിടങ്ങഴി അരി വാങ്ങിയാൽ മൂന്നരയണ ബാക്കിയുണ്ട്. ഉപ്പ്, മുളക്, വെളിച്ചെണ്ണ, കടുക്, മണ്ണെണ്ണ ഒന്നുമില്ല.

പുറത്തെ ഇരുട്ടു വേഗത്തിൽ നേർത്തു നേർത്തു വെളിച്ചം പരന്നു. ഇപ്പോൾത്തന്നെ അടുക്കളയിൽ കടന്നിട്ടു കാര്യമൊന്നുമില്ല.

കാളിത്തള്ളയെ പീടികയിലേക്കയച്ച് അരി കൊണ്ടുവന്നാലേ അടുപ്പത്തു പാത്രം കയറ്റാൻ നിവൃത്തിയുള്ളു. ചൊവ്വാഴ്ചയാണ്. അകത്തു തേയ്ക്കുകയും തുടയ്ക്കുകയും വാതിൽപ്പടി കഴുകുകയും ചെയ്യേണ്ട ദിവസമാണ്. ഒന്നിനും വയ്യെന്നു തോന്നി. കൊടിയാഴ്ചകൾ ആചരിച്ചിട്ടില്ലെങ്കിൽ ശ്രീഭഗവതി വിളയാടില്ല. ആചാരങ്ങളെ കൈവിടാതെ പാലിച്ചുതുടങ്ങിയിട്ട് കൊല്ലങ്ങൾ കുറെയായി. എന്നിട്ടു കിട്ടിയ ശ്രീത്വമാണിതൊക്കെ-മനസ്സിൽ ഒരുതരം പകയോടെ ഓർമ്മിച്ചു.

അടുപ്പിൽനിന്നു വെണ്ണീർ കോരി വടക്കെ വാതിൽ തുറന്ന് ഓമത്തയ്യിന്റെ ചുവട്ടിലെ കരിങ്കല്ലിന്മേൽ കൊണ്ടുചെന്നിട്ടു. വക്കു പൊട്ടിയ ചെമ്പിൽ വെള്ളമെടുത്ത് ചാണകം നുള്ളിയിട്ടു. വീതനപ്പുറം കഴുകി. കുത്തഴിപ്പുറത്തു വെച്ച തകരപ്പാട്ടകൾ തുറന്നു നോക്കി. ഒന്നിൽ മാത്രം നാലു കാപ്പിവട്ടു കിടക്കുന്നതു കണ്ടു. അമ്മയ്ക്ക് മധുരമില്ലെങ്കിലും കാലത്തു കുറച്ചു വെള്ളം കുടിക്കാൻ കൊടുക്കാമല്ലോ.

ഇടവഴിയിൽനിന്നു കാളിത്തള്ളയുടെ കൊക്കിക്കുരയും പിറുപിറുക്കലും കേട്ടു. കാളി

ത്തള്ള അങ്ങനെയാണ്: തനിയെ നടക്കുമ്പോഴും അങ്ങനെ പിറുപിറുത്തുകൊണ്ടിരിക്കും.

അടുക്കളമുറ്റത്തിൻെറ അതിർത്തിയിൽ ചട്ടിവെച്ചു കാളിത്തള്ള കുറ്റിച്ചൂലു തിരയാൻ തുടങ്ങിയപ്പോൾ കുഞ്ഞുകുട്ടി വിളിച്ചു:

“കാള്യേ, കഞ്ഞീടെ വെള്ളം കഷ്ട്യാന്നാതോന്നണ്.”

തള്ള ചട്ടിയെടുത്ത് അകലെ മാറ്റിവെച്ചു. ചിരിച്ചുകൊണ്ട് പറഞ്ഞു: “അട്ട്യേൻ ചട്ടി വെറ്ക്കനെ വെച്ചതാ ബ്രാൾമോ.”

കുഞ്ഞുകുട്ടിക്ക് ഓർമ്മവെച്ച കാലം മുതല്ക്കു കാണാൻ തുടങ്ങിയതാണ് കാളിത്തള്ളയെ. അന്നും കാളിത്തള്ളയെന്നാണ്  വിളിച്ചിരുന്നത്; ഇപ്പോഴും തള്ളതന്നെ. ചട്ടിയിൽ പഴങ്കഞ്ഞി ഒഴിക്കാത്ത ദിവസങ്ങളിൽ കാളിത്തള്ളയ്ക്കറിയാം, ചെറിയ ഇബ്രാളത്തിൻെറ കഴിഞ്ഞ രാത്രിയിലെ അത്താഴം പരുങ്ങലിലാണെന്ന്.

“ഒന്ന് വേഗം അടിച്ചോ കാള്യേ. എന്നിട്ടു വേണം ഒന്നങ്ങാടിപ്പ്വാവാൻ.”

മുറ്റത്തു കുറ്റിച്ചൂലിൻെറ കരകരശബ്ദം തെരുതെരെ കേട്ടുതുടങ്ങി. വെണ്ണീറും ചകിരിത്തൂപ്പുമെടുത്തു പാത്രങ്ങൾ തേക്കാൻ കുഴി

താളിക്കടുത്തു ചെന്നിരുന്നപ്പോൾ കഴുങ്ങിൻ തോട്ടത്തിലൂടെ ഇളവെയിലിൻെറ നാളങ്ങൾ ഇറങ്ങിവരാൻ തുടങ്ങി.

കാപ്പിക്കട്ടേയിട്ടു തിളപ്പിച്ച ചൂടുവെള്ളം അമ്മയ്ക്കു കൊണ്ടുപോയി കൊടുത്തു കിണറ്റിൻ കരയിൽ ചെന്നു മുഖം കഴുകി വന്നപ്പോഴേക്കും കാളിത്തള്ള വടക്കേപ്പുറത്തു തയ്യാറായി നില്ക്കുന്നുണ്ടായിരുന്നു.

“പീട്യ തുറന്നിട്ടുണ്ടാവ്വോ, കാള്യേ?”

“കാശും കൊട്ടീം തന്നാണിം ബ്രാൾമ്മോ. അട്ത്യേനൊന്നു പോയ്യോക്കട്ടെ. കുഞ്ഞുട്ട്യാപ്ല വെള്ക്കുമ്പം തൊറക്കും.”

“രണ്ടിടങ്ങഴി അരി വാങ്ങിക്കോ. ഒരണയ്ക്കുപ്പ്, ഒരണയ്ക്ക് വെളിച്ചെണ്ണ; പിന്നെ ഒരണണ്ടാവും. അതിന് മൊളകും തരാൻ പറ. ഒരുറിപ്പികണ്ട് ദ്.”

കട്ടിളപ്പടിമേൽ ചില്ലറയും കൊട്ടയും വെച്ചു കൊടുത്തു.

കാളിത്തള്ള പോയപ്പോൾ വടക്കെ വാതിലടച്ച് അകത്തേക്കു കടന്നു.

അമ്മ കിടക്കുന്ന അകത്തേക്കു വെളിച്ചം പരന്നു കഴിഞ്ഞിരുന്നു. ഉറങ്ങുകയാണെന്നു തോ

ന്നുന്നു. രാവിലെ കുറച്ചു സമയം മാത്രമാണ് അമ്മയ്ക്ക് ഒന്നുറങ്ങാൻ കഴിയുന്നത്. ഒച്ചയു ണ്ടാക്കാതെ ഉമ്മറത്തേക്കു നടന്നു. അപ്പോൾ കയറുപൊട്ടിച്ചോടുന്ന ആടിൻെറ പിറകേ അപ്പു കുതിച്ചു പാഞ്ഞുവരുന്നതുകണ്ടു. "തട്ക്കൂ ഏട്ത്ത്യേ, പടിയ്യേറങ്ങാൻ സമ്മതിക്കരുത്." അവൻ അകലത്തുനിന്നു വിളിച്ചുപറഞ്ഞു. ആടു പടിയിറങ്ങാതെ നോക്കാൻ കിഴക്കെ മുറ്റത്ത് ഇറങ്ങിനിന്നു. മതിലിനടുത്തുവെച്ചു തിരി ഞ്ഞപ്പോൾ അപ്പുവിനു പിടിത്തം കിട്ടി. കിതച്ചു കൊണ്ട് അപ്പു പറഞ്ഞു: "കറക്കാൻ ചെന്നപ്പോ കയറുപൊട്ടിച്ചു പായ്വാണ് കള്ളത്തി."

അവൻ ഒരു കൈകൊണ്ട് ആടിൻെറ ചെവി യിൽ പിടിച്ചുനിർത്തി. മറ്റേ കൈകൊണ്ടു വലതുകണ്ണു തിരുമ്മി. അപ്പോഴാണ് കുഞ്ഞു കുട്ടി നോക്കിയത്-അവൻെറ വലത്തെ കണ്ണു വല്ലാതെ കലങ്ങിയിട്ടുണ്ട്.

"എന്തേ അപ്പ്വേ കണ്ണില്?"

"എന്താണാവോ! ചോന്നിട്ടുണ്ട്. വേദനീണ്ട്."

"കൊറച്ചു മൊലപ്പാല് ഒറ്റിക്കായിരുന്നില്ലേ? അല്ലെങ്കിലേ പൂവാങ്കുറന്തലടെ നീര്ക്കത്ത് ഒറ്റി ച്ചേരാൻ പറ അമ്മോട്."

പടിഞ്ഞാറേതിലെ ഇട്ടിച്ചിരിയമ്മയുടെ മൂത്ത മകളുടെ മകനാണ് അപ്പു. അപ്പുവിനെ ഗർഭമായിരിക്കുന്ന സമയമാണ് അവൻെറ അച്ഛൻ പട്ടിക്കായലിൽ മീൻപിടിക്കാൻ പോയി കടു കുത്തി മരിച്ചത്. അവൻ അച്ഛൻെറ മുഖം കണ്ടിട്ടില്ല. അവൻെറ വലിയ വട്ടക്കണ്ണുകളും അമ്പരപ്പു കാട്ടുന്ന മുഖവും കാണുമ്പോഴെല്ലാം കുഞ്ഞുകുട്ടിക്കു പാവം തോന്നും. ഭാഗ്യമില്ലാത്ത കുട്ടി.

"ഏട്ത്തീടെ ചായകുടി കഴിഞ്ഞോ?"

"ഇല്ലല്ലോ അപ്പൂ."

"പാലില്ലേ?"

"പാലും പഞ്ചസാരീം ഒന്നൂല്യ."

അവൻ ചുറ്റും നോക്കി സ്വകാര്യം പറഞ്ഞു:

"ആരും കാണാണ്ടെ നമ്മക്കീ കള്ളത്തീനെ കറക്കാ. ഞാൻ പിടിച്ചേരാം. ഏടത്തി കറന്നോളൂ"

"വേണ്ടപ്പൂ. ചായപ്പീട്യേലിക്കു പാലു കൊണ്ടോണ്ടതല്ലേ? ചെല്ലു വേഗം."

പിന്നെയും അവൻ പറഞ്ഞു:

"അമ്മ കാണാണ്ട് കറക്കാന്നേയ്–"

അവൻെറ കുറ്റിത്തലയിൽ തടവിക്കൊണ്ടു

കുഞ്ഞുകുട്ടി പറഞ്ഞു:

"വേണ്ട; കുട്ടി വേഗം ചെല്ല്, അമ്മ വിളിക്കും."

അവൻ ഏട്ത്തി എന്തു പൊട്ടിയാണ് എന്ന ഭാവത്തിൽ ആടിനെ വലിച്ചിഴച്ചുകൊണ്ടു നടന്നു. ഇടവഴി കയറുന്നിടത്തുനിന്നു വിളിച്ചു ചോദിച്ചു:

"ഗോയിന്ദുട്ട്യേട്ടനിനി എന്നാ വരാ ഏട്ടത്തീ?"

ആ പേരുറക്കെ പറയുന്നതു കേട്ടപ്പോൾ ഒരു നടുക്കമുണ്ടായി.

"അറീല്യ. എന്തിനാ?"

"ഒരു സംഗതീണ്ട്." അവൻ ഒച്ചയൊന്നു ചുരുക്കി. "ഞാൻ രണ്ടു മുക്കാല് വാങ്ങീട്ടുണ്ട് ഗോയിന്ദുട്ട്യേട്ടന്റെ കൈയീന്ന്. ശ്ശി കാലായി. വല്ലിമ്മ തന്ന ഒരണേന്ന് അതു കൊടുക്കാൻ എട്ത്തു വെച്ചിട്ടുണ്ട് ഞാൻ."

"അങ്ങനെ്യാട്ടെ."

വെയിലിനു തെളിച്ചം കൂടുകയായിരുന്നു. കോലായിലെ തൂണിൽ ഒരു വള്ളി പോലെ ചുറ്റിപ്പടർന്നു കയറിയ ചിതൽപ്പുറ്റു തട്ടിക്കളഞ്ഞശേഷം തല വേർപെടുത്തിക്കൊണ്ട് കുഞ്ഞുകുട്ടി മുറ്റത്തേക്കു നോക്കിനിന്നു.

കളപ്പടിക്കലെ തന്ത്പ്ലാവിന്റെ കവുളിയിൽ

ആദ്യം കായ്ച്ച ചക്ക ഇപ്പോൾ മൂപ്പെത്തികാ ണും. കുറെ ദിവസമായി കാത്തിരിക്കുന്നു. ഒന്നു കൂടി മുക്കട്ടെ എന്നുവെച്ചു നിർത്തിയതാണ്. അയ്യപ്പനോ, ചെറുമച്ചെക്കന്മാരാരെങ്കിലുമോ വന്നാൽ ഇട്ടുതരാൻ പറയണം.

ആ പ്ലാവിനു വയസ്സായതിൻെറ ക്ഷീണം ഭക്ഷണം കഴിക്കാനിരിക്കുമ്പോഴാണ് ഓർമിച്ചു പോവുക. കലത്തിലിടാൻ അരി കുറവാണെങ്കി ലും ഒരു ചക്ക കൊത്തിയരിഞ്ഞ് വെയ്ക്കാനു ണ്ടെങ്കിൽ വിശപ്പറിയില്ല. ഇപ്പോൾ അതിലും കായ കുറവായിരിക്കുന്നു. എക്കും പൊക്കുമുള്ള ആറേഴു കുരുടാണ് ഇക്കുറി കായ്ച്ചിരിക്കുന്നത്. അതെങ്കിലും ബാക്കിയുണ്ടല്ലോ. മരക്കച്ചവടക്കാ രൻ കുട്ടിഹസ്സനു വിറ്റുകഴിഞ്ഞെന്ന് ഉറപ്പിച്ചതാ യിരുന്നു. അപ്പോൾ വഴക്കുണ്ടാക്കിയത് അവനാ യിരുന്നു. അമ്മയ്ക്കും ഏട്ടനും വെറുപ്പു തോന്നി. അവൻെറ ശുണ്ഠികാരണം, ആ പ്ലാവു വയറു ന്തി ഗ്രഹണിപിടിച്ച കുട്ടികളെ കെട്ടിപ്പിടിച്ചിരി ക്കുന്ന ഒരു തള്ളച്ചെറുമിയെപ്പോലെ കളപ്പടി ക്കൽ ഇന്നും ബാക്കിനില്ക്കുന്നു.

അവൻ എവിടെയാണാവോ!

ബാപ്പുവിനെ ഒന്നുകൂടി കണ്ടാൽ

കുഞ്ഞരയ്ക്കാരുടെ വീട്ടിൽ വല്ല വിവരവും എത്തിയിട്ടുണ്ടോ എന്ന് അറിയാമായിരുന്നു. ഒരു ദിവസം തോട്ടത്തിൻെറ അതിരിൽച്ചെന്നു പാടത്തേക്കു നോക്കിക്കൊണ്ട് ഉച്ചമുതല്ക്കേ കാത്തുനിന്നു-ബാപ്പു ദൂരത്തുകൂടിയെങ്ങാൻ പോകുന്നതു കണ്ടാൽ വിളിച്ചു ചോദിക്കാൻ വേണ്ടി. കണ്ടില്ല. പിറ്റേന്നു വിചാരിക്കാ ത്തപ്പോൾ കുന്നിൻപുറത്തെ അറുമുഖൻെറ തീയത്തിയുടെ കൈയിൽനിന്നു വാങ്ങിയ വഴു തിനത്തയ്യിൻെറ കെട്ടുമായി അവൻ ആ വഴിക്ക് ഇറങ്ങിവന്നു. കുമാരേട്ടൻ ഉമ്മറത്തുണ്ടായിരു ന്നതുകാരണം വടക്കേപ്പുറത്തേക്കു സൂത്രത്തിൽ കൈകാട്ടി വിളിച്ചു ചോദിച്ചപ്പോൾ അവനൊ ന്നും അറിയില്ല. ബാപ്പ വീട്ടിലൊന്നും പറയു ന്നതായി കേട്ടില്ല.

"ലാത്തിരി ആളും മാളും കൂട്യന്നു പോയതാ. പിന്നെ പൊരേല് വന്നിട്ടില്ല."

"ആ, അതു ചോയ്ക്കാനേ."

"ഇബടെ വന്നില്ലേ?"

"ഉം. ഉം."

അവൻ പരുങ്ങിനില്ക്കുന്നതു കണ്ടപ്പോൾ പറഞ്ഞു:

"നീയ് പൊക്കോ വാപ്പോ, ഞാൻ വെറുതെ വിളിച്ചതാ." അവന് എന്തോ ചോദിക്കണമെന്നുണ്ടായിരുന്നു.

"എന്താ വാപ്പോ?"

"ഗോവിന്ദുട്ട്യാർക്ക് വല്ലോം പറ്റ്യോ കുഞ്ഞുകുട്ട്യമ്മേ?"

ആ ചോദ്യം കേട്ടപ്പോൾ വല്ലാതായിപ്പോയി. അറിയില്ല എന്നു പറഞ്ഞൊഴിയാൻ തോന്നിയില്ല.

"ഒന്നും പറ്റില്ല വാപ്പോ."

അവൻ മനസ്സിൽ എന്തോ അയവിറക്കിക്കൊണ്ടു പറഞ്ഞു:

"നിയ്ക്കു പേട്യാ."

"ആരെ?"

"ആള്വോളെ."

അവൻ പോയപ്പോൾ മനസ്സിൽ പറഞ്ഞു: പേടിക്കണം. അമ്മയുടെ അല്പം ഉച്ചത്തിലുള്ള ഒരു ഞരക്കം കേട്ടപ്പോൾ അകത്തേക്കു ചെന്നു.

"അമ്മ വിളിച്ച്വോ?"

അമ്മ കേട്ടില്ല. അപ്പോഴും കണ്ണടച്ചുകിടക്കുകയാണ്. ഉണർത്തണ്ടെന്നു കരുതി പിന്നെ വിളിച്ചില്ല.

ഒന്നു കുളിച്ചുവരണമെന്നുണ്ടായിരുന്നു. അകത്താരുമില്ലാതെ കുളത്തിൽ പോകുന്നതു വിഷമമാണ്. കാളിത്തള്ള വന്നാൽ കുത്തഴിയുടെ പുറത്തു കാവൽ നിന്നോളും.

അമ്മ കേൾക്കാതെ തള്ളയോടു പറഞ്ഞിട്ടുണ്ട്: "അയിത്തോം ചിത്തോം അത്ര നോക്ക്യാമതി. കുത്തഴീടെ അടുത്തു നിന്നോ. ഞാൻ ഒറ്റ ഓട്ടത്തിന്നു വരാം."

ഒന്നും ചെയ്യാനില്ലാത്തതുകൊണ്ടു തലേദിവസം ബാക്കിവെച്ച ഒരു ചീർപ്പ് പടക്കായയെടുത്തു കിണ്ണത്തിൽ നുറുക്കിയിട്ടു.

കാളിത്തള്ള വരാൻ പിന്നെയും വൈകി.

കൊട്ടയിലെ അരി വാരിയെടുത്തു മണത്തു നോക്കിയപ്പോൾ ഓക്കാനമുണ്ടാക്കുന്ന ഒരു ദുർഗ്ഗന്ധമുണ്ടായിരുന്നു. ഉണങ്ങിയ തേക്കിലയിൽ പൊതിഞ്ഞ ഉപ്പും മുളകും പുറത്തെടുത്തു വെച്ചു.

"വെളിച്ചെണ്ണ വാങ്ങാൻ മറന്ന്വല്ലേ കാള്യേ?"

"മറന്നതല്ല ബ്രാൾമ്മോ. കായി തെകഞ്ഞില്ല." കാളിത്തള്ള മുറ്റത്തിൻെറ അതിർത്തിയിൽ ഒരു വെട്ടുകല്ലിന്മേൽ ചെന്നിരുന്നു. "അരിക്ക് പിന്നിം വെല കൂടീക്ക്ണ്."

കൊട്ടയെടുത്ത് അടുക്കളയിലേക്കു നടന്നപ്പോൾ കാളിത്തള്ള വിളിച്ചു:

"നിൽക്കീ മ്പ്രാൾമോ."

കുഞ്ഞുകുട്ടി തിരിഞ്ഞുനിന്നു.

"അടേ്യൻെറ തടി വെറച്ചിട്ടു വയ്യ. മ്പ്രാൾമു കേട്ടോ?"

അടുക്കളയുടെ അരച്ചുമരിന്മേൽ കൊട്ട വെച്ചു ധൃതിയിൽ മുറ്റത്തേക്കിറങ്ങി. ഒരു നിമിഷംകൊണ്ടു കേൾക്കാൻ പോകുന്നത് ആരെപ്പറ്റിയാണെന്ന ബോധം മനസ്സിലുദിച്ചു. കാലുകളിൽ വിറ കയറുന്നതുപോലെ തോന്നി. കുന്തിച്ചിരുന്നു പിറുപിറുക്കുന്ന കാളിത്തള്ളയുടെ സമീപത്തു ചെന്നപ്പോൾ തള്ള പറയുകയായിരുന്നു:

"അകായിലിക്ക് ഒന്നു വന്നാൽ...അടേ്യങ്ങൾക്കും ണ്ടലോ ദണ്ണം."

കുഞ്ഞുകുട്ടിയുടെ സ്വരം പൊടുന്നനെ ശാന്തമായി:

"പറഞ്ഞോ കാള്യേ ഓൻെറ...ഓൻെറ്യാക്കെ കഴിഞ്ഞോ?"

"ന്നാ അടേ്യനിത്ര സങ്കടല്യേ മ്പ്രാൾമോ."

"പറഞ്ഞോ, എന്താണെങ്കിലും പറഞ്ഞോ"- കുഞ്ഞുകുട്ടിയുടെ കണ്ണുകളാണു ശാസിച്ചത്.

"ചെറ്യമ്പ്രാൻ മാർക്കുംകൂടി വന്നിരിക്ക്ണ്. പീട്യേക്കിലും ചെത്ത്മ്മലും-"

ബാക്കി കേൾക്കാൻ നില്ക്കാതെ കുഞ്ഞുകുട്ടി അകത്തേക്കു നടന്നു. വടക്കോട്ടുള്ള വാതിലുകളടച്ച് അടുക്കളയുടെ കരിപിടിച്ച ചുമരുകൾക്കു നടുവിൽ കുടുങ്ങിക്കിടക്കുന്ന വെളിച്ചമില്ലാത്ത ലോകത്തിൽ അനക്കമില്ലാതെ നിന്നുകൊണ്ടു കാളിത്തള്ള പറഞ്ഞ വാക്കുകൾ ഒരിക്കൽക്കൂടി മനസ്സിൽ നിരത്തിവെച്ചു നോക്കി.

അകത്തുനിന്ന് അമ്മയുടെ നീണ്ട ഞരക്കങ്ങൾ അപ്പോഴും ഇഴഞ്ഞെത്തുന്നുണ്ടായിരുന്നു.

## 2

**അ**ടുക്കളയുടെ കരിപിടിച്ച ഭിത്തികളും വീതനപ്പുറത്തു നിരത്തിവെച്ച പാത്രങ്ങളും കൺമുന്നിലേക്ക് തിരിച്ചുവന്നപ്പോൾ കുഞ്ഞുകുട്ടി നനവൂറുന്ന നിലത്ത് ഇരിക്കുകയായിരുന്നു.

നിമിഷങ്ങൾക്കിടയിൽ ഉറങ്ങാത്ത രാവുകളിലെ ഒരായിരം വികൃതസ്വപ്നങ്ങൾ ഒഴുകിപ്പോയി. അമ്മയുടെ ഞരക്കത്തിന്റെ ശബ്ദം വീണ്ടും കേട്ടപ്പോൾ കുറ്റബോധത്തോടെ എഴുന്നേറ്റു.

അമ്മയുടെ അടുത്തെത്തി നിന്നപ്പോൾ മുഖത്തു നോക്കിയില്ല.

"എവിടേര്യരുന്നു നീയ്? വിളിച്ചാ ഒരു ചെവിടും മടേം ഒക്കെ വേണം."

പരിഭവത്തേക്കാളേറെ വേദനയായിരുന്നു ആ വാക്കുകളിൽ.

"നിയ്ക്കൊന്ന് ണീയ്ക്കണം."

അമ്മയെ താങ്ങിയെഴുന്നേല്പിച്ചു. ഓവറയിലേക്കു നടത്തിക്കൊണ്ടുപോവുമ്പോൾ പതിവിൽ കൂടുതൽ കനം തോന്നി. അമ്മയുടെ കാലുകൾക്കു പിന്നെപ്പിന്നെ ശക്തി കുറയുകയാണെന്നു തോന്നുന്നു. തിരിച്ചു കൊണ്ടുവന്നു കിടത്തി കമ്പിളികൊണ്ടു കാലടികൾ മൂടിയിടുമ്പോൾ പുറത്തെവിടെയോനിന്നു കാളിത്തള്ളയുടെ ചൂലിന്റെ കരകരശബ്ദം കേട്ടു. ഇനിയും അടിച്ചുവാരൽ അവസാനിച്ചില്ലേ?

"കുമാരനെടുത്തു?"

എവിടേയും ഇപ്പോൾ സംസാരം ഇതായിരി

ക്കും. കാളിത്തള്ള കണ്ടോ? വിശ്വസിക്കാനാവു ന്നില്ല. വിശ്വസിക്കാൻ വയ്യ. കാളിത്തള്ളയോടു ചോദിക്കേണ്ടതായിരുന്നു, കാളി കണ്ടോ? മറ്റാ രെങ്കിലും കണ്ടോ? കേട്ടതൊക്കെ വിശ്വസിച്ചു കൊട്ടിഘോഷിക്കരുത്.

"നെനക്ക്ന്ന് എന്താ കുഞ്ഞുകുട്ട്യേ?"

"ഏ്?"

"എടുത്തു കുമാരൻന്നല്ലേ ഞാൻ ചോയ്ച്ച്?"

"പോയി."

"എങ്ങട്ടാ?"

"കാട്ടിപ്പരുത്തിക്കാ തോന്നിണു."

"വെളിച്ചായാൽ ഓൻ കിത്താവുംകെട്ടും തൊക്കടെവെച്ചു നടക്കും. എട്യേ."–അമ്മയു ടെ ശബ്ദം പെട്ടെന്നു താണു: "ഓൻെറ വല്ല വിവരും ണ്ടോ?"

കുഞ്ഞുകുട്ടി മുഖം തിരിച്ച് ചെങ്കല്ലരച്ചുതേച്ച മൺചുവരുകളിൽ നോക്കിക്കൊണ്ട് എല്ലാം മറ ന്നതുപോലെ നിന്നു. മനസ്സിൽ ഒരു പ്രാർത്ഥന യുണ്ടായിരുന്നു: ഈശ്വരന്മാരേ, വലയ്ക്കല്ലേ.

(അമ്മേ അവൻ മാപ്പിളയായത്രേ!)

"നെനക്ക് തിരിഞ്ഞ്ണ്ടോ?"

മകൾ നിശ്ശബ്ദമായ പ്രാർത്ഥന മനസ്സിൽ

വീണ്ടും ഉരുവിട്ടുകൊണ്ട് അമ്മയുടെ കട്ടിലിനു സമീപം മുട്ടുകുത്തി നിന്നു. തലയണപ്പുറത്തു ചിതറിക്കിടക്കുന്ന നരച്ച മുടിയിഴകൾ പതുക്കെ തടവി.

“ആ ചെക്കൻെറ വല്ല വിവരും ണ്ടോന്നാ ചോയ്ച്ച്. അതിനീം ഞാൻ വട്ടില്ട്ടു പെറ്റതന്ന്യാണല്ലോ.”

അമ്മയുടെ നനഞ്ഞ കൺപീലികളിൽ തുറിച്ചുനോക്കിക്കൊണ്ട് നിമിഷങ്ങൾക്കുശേഷം കുഞ്ഞുകുട്ടി പറഞ്ഞു: “ഒന്നൂല്യ.”

അടുപ്പത്ത് അരിയിടണമെന്ന കാര്യം അപ്പോൾ ഓർമ്മിച്ചു.

അരി കഴുകി കാഞ്ഞുതുടങ്ങിയ വെള്ളത്തിലേക്കു വാരിയിട്ട് അടുപ്പിലെ തീയൂതി ഒന്നുകൂടി ആളിക്കത്തിച്ചു.

ആലോചിക്കുംതോറും ഉറപ്പിച്ചുപറയാൻ തോന്നി: കാളിത്തള്ള പറഞ്ഞതു വെറും നുണയാണ്..

അപ്പോൾ പടിഞ്ഞാറേതിലെ ഇട്ടിച്ചിരിയമ്മയുടെ രണ്ടാമത്തെ മകൾ ചിരങ്ങുപിടിച്ചളിഞ്ഞ കുഞ്ഞിനെ ഒക്കത്തു കയറ്റി വേലിക്കകത്തു വന്നുനിന്നു വിളിച്ചു:

"കുഞ്ഞുകുട്ട്യേമ്മേ, ഒന്നു കാണട്ടെ–എത്തയ്ക്കല്യേ."

തലേന്നു വാങ്ങിയ അരിയുടെ കാര്യം ചോദിക്കാനായിരിക്കുമെന്നാണു കരുതിയത്. ചെന്നപ്പോൾ ചെലന്നിപ്പടർപ്പുകൾക്കിടയിലൂടെ എത്തിവലിഞ്ഞു തലനീട്ടി സ്വകാര്യമായി ചോദിച്ചു: "കുഞ്ഞുകുട്ട്യേമ്മ കേട്ട്വോ?"

ഈർഷ്യയാണു തോന്നിയത്. ഈർഷ്യയും പിന്നെ വ്യസനവും. എല്ലാമടക്കിപ്പിടിച്ചുകൊണ്ട് ഒരു വികാരവുമില്ലാതെ പറഞ്ഞു:

"കേട്ടു."

എന്നിട്ട് ഉടനെ തിരിഞ്ഞു നടക്കുകയും ചെയ്തു. ആളുകൾ അമ്മയോടു ചെന്നു വ്യസനം കാട്ടാൻ വല്ലതുമൊക്കെ പറയുമോ എന്നായിരുന്നു ഭയം. അടുക്കളയിൽ നില്ക്കുമ്പോൾ സമാധാനമില്ല. ഉമ്മറത്തുകൂടി ആരെങ്കിലും വന്നു സംസാരിച്ചാലോ?

ഉച്ചയ്ക്കു തെക്കുകാരൻ ചാത്തുനായർ വന്നപ്പോൾ പറഞ്ഞു, മുതലാളിയുടെ വീട്ടിലാണ്. നാട്ടിലെ ഭേദപ്പെട്ട മാപ്പിളമാരെ മുഴുവൻ മുതലാളി വിളിച്ചുകൂട്ടിയിട്ടുണ്ട്. വരുന്നവർ വരുന്നവർ പുതിയ വിവരങ്ങൾ ഓരോന്നായി പറഞ്ഞു.

ഒന്നും ചോദിച്ചില്ല. പറഞ്ഞതെല്ലാം കേട്ടു.

"ഒക്കെ ഓരോ യോഗാണ്."

"മനുഷ്യൻെറ ബുദ്ധി തിരിഞ്ഞാൽ എന്താ നിവൃത്തി?"

"കുഞ്ഞിക്കാളേ്യമ്മെ അറീച്ചോ?"

"വയസ്സുകാലത്തു കുഞ്ഞിക്കാളിയമ്മയ്ക്ക് ഈ ഒരു ദുഃഖംകൂടി അനുഭവിക്കേണ്ടിവന്നല്ലോ. ഒരു മകൻ മരിച്ചാൽ ഇത്ര വേദനില്യ."

ആളുകളുടെ അഭിപ്രായപ്രകടനങ്ങൾ നിശ്ശബ്ദമായി നിന്നു കേട്ടു.

ദുഃഖം നീരാവിപോലെ ഉയർന്നുപോയി. മനസ്സ് ഒരോട്ടപ്പാത്രം പോലെ ഒഴിഞ്ഞുകിടക്കുന്നു.

സന്ധ്യകഴിഞ്ഞിട്ടും കുമാരേട്ടൻ തിരിച്ചെത്തിയില്ല. പടിഞ്ഞാറേതിലെ ഇട്ടിച്ചിരിയമ്മയെ വിളിക്കണോ? രാത്രി തനിയേ കഴിച്ചുകൂട്ടുന്ന കാര്യം വിഷമം തോന്നി. തള്ളയുണ്ടായാൽത്തന്നെ ഉപകാരത്തേക്കാളേറെ ഉപദ്രവമാവും. നേരത്തേ പറഞ്ഞേല്പിച്ചാൽത്തന്നെ അമ്മയുമായി പഞ്ചായത്തു തുടങ്ങിയാൽ അതെല്ലാം മറന്ന് കുഞ്ഞിക്കാളേ്യമ്മടെ ഭാഗ്യദോഷത്തിൻെറ കാര്യം എടുത്തിട്ടുവെന്നു വരും.

അമ്മയ്ക്കു ജീരകകഷായം കോരിക്കൊടുത്തു കിണറ്റിൻകരയിൽപോയി കാലും മുഖവും കഴുകി ഭസ്മംതൊട്ട് പതിവുപോലെ ജപിക്കാൻ ചെന്നിരുന്നപ്പോൾ കുട്ടിക്കാലം മുതല്ക്ക് ഉരുവിട്ട കീർത്തനങ്ങൾ എവിടെയോ തപ്പിത്തടഞ്ഞു നിന്ന അനുഭവമാണുണ്ടായത്. എല്ലാം മറന്നു പോയോ? തലയ്ക്കകത്തു മൂടൽമഞ്ഞാണ്. ഒന്നും വ്യക്തമായി ആലോചിക്കാൻ വയ്യ.

കഴുങ്ങിൻതലപ്പുകൾ അനക്കമില്ലാതെ നില്ക്കുന്നു.

ഇരുട്ടിൽ മറഞ്ഞുകഴിഞ്ഞ വാഴക്കൂട്ടങ്ങൾക്കിടയിൽ മിന്നാമിനുങ്ങുകൾ തിരിഞ്ഞുനടക്കുന്നു. പുറത്തെ അന്ധകാരത്തിൽ കാണാത്ത രൂപങ്ങൾ പതിയിരിക്കുന്നുണ്ടെന്നു തോന്നി. പണ്ടൊരിക്കലും ഇത്ര ഭയം തോന്നിയിട്ടില്ല. ഒരു വാഴക്കൈ ഒടിഞ്ഞുവീഴുന്ന ശബ്ദം കേട്ടപ്പോൾ നടുങ്ങിപ്പോയി. ഉമ്മറവാതിലടച്ചു, നീരട്ടിയെണ്ണയൊഴിച്ചു പഴയ ചങ്ങലവട്ട കത്തിച്ചു തെക്കിനിയിൽ വെച്ചു. അതിന്റെ വെളിച്ചം അമ്മ കിടക്കുന്ന അകത്തേക്കും അല്പാല്പമായി ഒഴുകിയെത്തിയിരുന്നു. കട്ടിലിനു സമീപം വെറും നിലത്തിരുന്നു മനസ്സിൽ തുടർച്ചയായി

നമശ്ശിവായ ജപിച്ചു.

അകലത്ത് എവിടെയോനിന്നു മുട്ടും വിളി യും കേട്ടു. ദബ്ബുകൊട്ടുന്ന കനത്ത ശബ്ദവും. കുഞ്ഞുകുട്ടി കൂടുതൽ അസ്വസ്ഥയായി. ചെറി യ കുട്ടിയായിരുന്ന കാലംമുതൽക്കു ഭീതിയോ ടെ മാത്രമേ കേൾക്കാൻ പറ്റൂ. പറച്ചാളകളിൽ നിന്നു പാതിരയ്ക്കു കേൾക്കുന്ന കൊട്ട്; മാപ്പി ളമാരുടെ ദബ്ബുകൊട്ടും മുട്ടും വിളിയും; ഭഗവതി ക്കാവുകളിലെ ഉത്സവത്തിലെ നടത്തുചൊല്ലൽ -വിറയ്ക്കുന്ന കൈകളോടെ അവൾ അമ്മയുടെ കാലു തടവി.

അമ്മയ്ക്കു ശ്വാസം മുട്ടുന്നുണ്ടായിരുന്നു. തൊണ്ടയിൽ കുടുങ്ങിക്കിടക്കുന്ന കഫക്കട്ടകളി ലൂടെ ശ്വാസം സഞ്ചരിക്കുമ്പോൾ അമ്പലപ്രാ വുകൾ കുറുകുന്നപോലെ വികൃതമായ ശബ്ദം പൊങ്ങിയിരുന്നു. ഇടയ്ക്കിടയ്ക്ക് അമ്മ നേർ ത്ത സ്വരത്തിൽ പറഞ്ഞുകൊണ്ടിരുന്നു:“ആവു- നിയ്ക്ക് വയ്യലോ-”

ഇന്നു കാളരാത്രിയാണ്. കുമാരേട്ടൻ വന്നില്ല. തളത്തിൽ കത്തുന്ന ചിമ്മിനിയെടുത്തു വടക്കേ വാതിൽ തുറന്നു പടിഞ്ഞാറെ ഇറയത്തു ചെന്നു നിന്നു വിളിച്ചു:

"അപ്പ്വാ, അപ്പ്വാ!"

ഇട്ടിച്ചിരിയമ്മയാണ് വിളികേട്ടത്.

"എന്താ കുഞ്ഞുകുട്ട്യേ?"

"അപ്പൂന്റെ ഊണു കഴിഞ്ഞോ?"

"ഇല്ല എന്തേ?"

"ഓനോട് ഇങ്ങട്ടു പോരാൻ പറയൂ. കുമാരേട്ടൻ വരില്ല തോന്ന്ണു."

അപ്പുവിന്റെ ശബ്ദം കേട്ടു, ഉച്ചത്തിൽ:

"ഊണു കഴിച്ച് വേം വരാം ഏട്ത്ത്യേ."

"ഇവിടുന്നുണ്ണാം, ഇങ്ങട്ടു പോരേ."

അപ്പു ഒരു തിരി കത്തിച്ചുപിടിച്ചു തോട്ടത്തിലൂടെ വരുന്നതു നോക്കിക്കൊണ്ട് ഇറയത്തു തന്നെ നിന്നു. അതിർത്തിയിൽ ചെലന്നിക്കൂട്ടം വകഞ്ഞുനിർത്തി ഇല്ലിമുള്ളുകൾ ഒടിച്ചുവെച്ച് അങ്ങോട്ടുമിങ്ങോട്ടും കടക്കാൻ ഒരു വിടവുണ്ടാക്കിവെച്ചിരിക്കയാണ്. അപ്പു അവിടെയെത്തിയപ്പോൾ കുഞ്ഞുകുട്ടി വിളിച്ചുപറഞ്ഞു: "കാക്കില് നോക്കിക്കടന്നോ അപ്പ്വാ."

അപ്പുവിനേയും കൂട്ടി അകത്തു കടന്നു പുറത്തേക്കുള്ള വാതിൽ ചാരിയപ്പോൾ ഒരാശ്വാസം തോന്നി.

തളത്തിൽ ഒരു നാക്കിലവെച്ച് അപ്പുവിനു

ചോറു വിളമ്പിക്കൊടുത്തു. അവൻ ഉണ്ണുന്നതു നോക്കിക്കൊണ്ടു വാതിൽപ്പടിമേൽ ഇരുന്നു.

"ഏടത്തി ഉണ്ണ്ണില്ലേ?"

"ഉണ്ടോണ്ട്."

ദൂരെനിന്നു വീണ്ടും ദഫ്ഫുകൊട്ടുന്ന ശബ്ദം കേട്ടു. പുറത്തെ ഇരുട്ടിനു കട്ടികൂടിയിരുന്നു. മുട്ടും വിളിയും നിരത്തിലൂടെ സഞ്ചരിക്കുകയാണെന്നു തോന്നി.

"മാപ്ലാരടെ റാത്തീവാ തോന്ന്ണു."

കുഞ്ഞുകുട്ടി ചെവിടോർത്തിരിക്കുന്നതു കണ്ട് അപ്പു പറഞ്ഞു.

അപ്പുവിന്റെ ഊണുകഴിഞ്ഞു പാത്രങ്ങളെടുത്തുവെച്ച് എച്ചിലു തളിച്ചു. ചിമ്മിനിവിളക്കുമായി അകത്തേക്കു കടന്നു. അമ്മ കണ്ണു തുറന്നു കിടക്കുകയായിരുന്നു.

"ആരാടീ അത്?"

"അതപ്പ്വല്ലേ?"

"കുമാരൻ വന്നില്ലേ?"

"ഇല്ല."

കുത്തഴിയുടെ സമീപത്തു കാല് നീട്ടിയിരുന്നു കൊണ്ട് കുഞ്ഞുകുട്ടി ചോദിച്ചു:

"അപ്പൂന് കെടക്കാറായ്യോ?"

"യേയ്, ഞാൻ ശ്ശി കഴിഞ്ഞിട്ടേ ഒറങ്ങൂ."

അവൻ തൊട്ടടുത്തു ചെന്നിരുന്നു.

അവന്റെ കാക്കിക്കുപ്പായത്തിന് ഈറൻ മണമുണ്ടായിരുന്നു. സന്ധ്യയ്ക്ക് എണ്ണ തേച്ചു കുളിച്ചപ്പോൾ മെഴുക്കിളക്കാഞ്ഞതുകാരണം നെറ്റിയിലേക്ക് എണ്ണമിനുപ്പു കിനിഞ്ഞിറങ്ങുന്നുണ്ട്. കലങ്ങിയ കണ്ണു തിരുമ്മിക്കൊണ്ട്, കുത്തഴികൾക്കിടയിലൂടെ പുറത്തേക്കു നോക്കി അവനും മിണ്ടാതിരുന്നു.

ദബ്ബു കൊട്ടുന്ന ശബ്ദം ശ്രദ്ധിച്ച് അപ്പു പറഞ്ഞു: "മുട്ടും വിളിം കേട്ടാൽ നിയ്ക്ക് പേട്യാണ്."

"ഉം."

"ഏടത്തിക്കു പേടിണ്ടോ?"

"ഇല്ല." എന്നിട്ട് അവന്റെ വലിയ കണ്ണുകളിലേക്കു നോക്കിക്കൊണ്ട് അവൾ വേദനയോടെ മന്ദഹസിച്ചു.

സംശയിച്ചുസംശയിച്ചുകൊണ്ട് അവൻ വിളിച്ചു:

"ഏടത്ത്യേ!"

പുറത്തെ തളത്തിൽനിന്നു കണ്ണുകൾ പിൻവലിച്ചു കുഞ്ഞുകുട്ടി അപ്പുവിന്റെ നേരെ മുഖം

തിരിച്ചു.

"ഏടത്ത്യേ!" അവന്റെ ശബ്ദം നേർത്തതായിരുന്നു.

"ഗോയിന്ദുട്ട്യേട്ടൻ മാപ്ല ആയ്യോ?"

"ശ്ശ്...പതുക്കെ പറ അപ്പ്വോ." അമ്മയുടെ കട്ടിലിലേക്കാണ് ഉടനെ നോക്കിയത്. അമ്മ കേട്ടിട്ടില്ല. കുറച്ചുറക്കെ പറഞ്ഞാലേ അമ്മയ്ക്കു കേൾക്കാനാവൂ.

"ഉവ്വോ ഏടത്തീ?"

അവൻ കുറേക്കൂടി അടുത്തേക്കു നീങ്ങിയിരുന്നു.

"അറിഞ്ഞൂടാ കുട്ട്യേ."

"അമ്മീം വല്ലിമ്മീം ഒക്കെ പറേണ് കേട്ടു. ഏട്ത്ത്യോടു പറഞ്ഞോ?"

എന്തോ ഏടത്തിക്കതിഷ്ടമാവുന്നില്ലെന്നപ്പുവിനു തോന്നി. പിന്നെയൊന്നും ചോദിച്ചില്ല.

"ഏട്ത്തി പോയി ഉണ്ടോളൂ. ഞാൻ ഇവിടെ ഇരുന്നോളാം."

"ഞാൻ ഉണ്ടു."

"എപ്പോ?"

അതിനവൾ ഉത്തരം പറഞ്ഞില്ല.

ഉമ്മറത്തുനിന്ന് ഒരു കൂര കേട്ടു. ഓ!

കുമാരേട്ടൻ വന്നിരിക്കുന്നു. കുമാരേട്ടൻ വീട്ടിലെത്തുമ്പോൾ മറ്റൊരിക്കലും ഇത്ര സന്തോഷം തോന്നിയിട്ടില്ല.

വിളക്കെടുത്തു ചെന്നു വാതിലിൻെറ അരമ വലിച്ചുതുറന്നു നോക്കിയപ്പോൾ കുമാരേട്ടൻ താഴത്തെ കോലായിൽ കുമ്പിട്ടിരിക്കുകയായിരുന്നു. വിളക്കു താഴത്തേക്കിറക്കിവെച്ചു വാതിലിനിപ്പുറത്തേക്കു നിന്നു.

"കുഞ്ഞുകുട്ട്യേ, ഒരു കോപ്പ വെള്ളം കൊണ്ടന്നാ." ക്ഷീണിച്ചു പരവശമായ ശബ്ദത്തിൽ കുമാരേട്ടൻ നിർത്തിനിർത്തിപ്പറഞ്ഞു.

പിടിയുള്ള വലിയ പിഞ്ഞാണക്കോപ്പയിൽ മൺകലത്തിൽ അടച്ചുവെച്ച വെള്ളമൊഴിച്ചു കോലായയിലേക്കു ചെന്നപ്പോൾ , മുട്ടും വിളിയും ദബ്ബുകൊട്ടും പെട്രോമാക്സ് വിളക്കുമായി നേർച്ചക്കാരുടെ ഘോഷയാത്ര പുഴവക്കിലെ നിരത്തിലൂടെ നീങ്ങുന്നതു കണ്ടു.

കോലായയിൽ വളഞ്ഞുകുത്തിയിരുന്ന കുമാരേട്ടൻെറ നിഴൽ മുറ്റത്ത് ഒരു വികൃതരൂപം നിർമിച്ചിരുന്നു.

കുളിക്കാൻ കിണറ്റിൻകരയിൽ വെള്ളമൊഴി

കണ്ണോ ആവോ!

പകുതി മോന്തിയ പിഞ്ഞാണക്കോപ്പ രണ്ടു കൈകൊണ്ടും മുറുകെപ്പിടിച്ചു മുഖമുയർത്താതെ കുമാരേട്ടൻ പറഞ്ഞു: "നല്ലോണം കണ്ടോ. പൊട്രോമാക്സും കൊട്ടും കൊഴലുമായി മപ്പാർ എഴുന്നള്ളിച്ചുകൊണ്ടു പോവ്വാണ് നിന്റെ കുഞ്ഞാങ്ങളെ. കണ്ടുമത്യായിട്ടാ ഞാൻ വന്നത്. പെങ്ങളും അമ്മീംകൂടി കണ്ടോട്ടെന്നിരിച്ചിട്ടാവും കെഴക്കെ തോട്ടോരംവരെ നടത്തിക്കൊണ്ടോവാംച്ചത്."

അപ്പോൾ കഴിഞ്ഞ കുറെ സമയമായി ഒരു സൈ്വരക്കേടായി അകലകലെ കേട്ടിരുന്ന ദബ്ബുകൊട്ടിന്റെ ശബ്ദം ചെവികളിലേക്കു പെരുമ്പറയുടെ മുഴക്കത്തോടെ അടിച്ചുകയറി. പേടിയുടെ സ്ഥാനത്ത് അറപ്പും അരിശവുമാണു തോന്നിയത്. ഒരിക്കൽക്കൂടെ റൈവക്കോൽ തൂങ്ങുന്ന ഇറയുടെ താഴത്തുകൂടെ അകലെ നിരത്തിലേക്കു നോക്കി. ഉയർത്തിപ്പിടിച്ച പെട്രോമാക്സു വിളക്കുകൾക്കു പിറകെ ആളുകൾ വരിവരിയായി നീങ്ങുന്നു. അവ്യക്തമായ ആരൂപങ്ങളിലൊന്നിന്റെ പേര് പണ്ട് ഗോവിന്ദൻകുട്ടിയെന്നായിരുന്നു.

ചലനത്തിനുള്ള ശക്തി കാലുകൾക്കു നഷ്ട പ്പെട്ടപോലെ കുഞ്ഞുകുട്ടി കോലായയിൽ ത്തന്നെ നിന്നു.

കാൽമുട്ടുകളോളം താഴ്ത്തിയ ശിരസ്സുയർ ത്താതെ കുമാരേട്ടൻ തേങ്ങലടക്കിക്കൊണ്ടു പറഞ്ഞു:

“ഒന്നുകിൽ നാലാള് കാണേ ഓന്റെ കൊടല്മാല എടുക്ക്വാ. അല്ലെങ്കിൽ ഒരു കഷണം കയറു ചെലവാക്കി ഓന്റെ ആയുസ്സ് ഒടുക്ക്വാ, രണ്ടിനും വയ്യ നിയ്ക്ക്. അനുഭവി യ്ക്ക്വന്നെ, അനുഭവിയ്ക്ക്വന്നെ.” കുമാരേട്ടന്റെ ശബ്ദം ഉയർന്നു:

“കുഞ്ഞുകുട്ട്യേ, നീ അറിഞ്ഞിട്ടില്ലെങ്കിൽ ഇ പ്പോഴെങ്കിലും അറിഞ്ഞോ; ഓൻ മാർക്കംകൂടി.”

നിശ്ശബ്ദതകൊണ്ടു കഴിച്ചുകൂട്ടാവുന്ന സന്ദർ ഭങ്ങളിലൊന്നിൽ ഒരു വാക്കു ചെലവിടുന്നത് ആദ്യമായിട്ടായിരുന്നു:

“അറിഞ്ഞു.”

“അമ്മയ്ക്കോ?”

“അറീച്ചില്ല്യ.”

“നന്നായി!” പിന്നീട് എന്തോ ഓർമിച്ചി ട്ടെന്നപോലെ കുമാരേട്ടൻ പിറുപിറുത്തു:

"അല്ല, അറിച്ചാൽത്തന്നെ എന്താ? രണ്ടീ സെങ്കിൽ രണ്ടീസം നേർത്തെ ആ തള്ളയ്ക്കു കണ്ണടയ്ക്കാം. അങ്ങനെങ്കിലും ഒരു ഗുണാവ്വു ലോ."

കുഞ്ഞരയ്ക്കാരുടെ പുരകടന്നു പിന്നേയും തെക്കോട്ടു നീങ്ങിയ പെട്രോമാക്സ് വിളക്കു കൾ തോട്ടുവക്കത്തെത്തിനിന്നു. ദബ്ബിൻെറ ശബ്ദം നിലച്ചു. ആളുകൾ കലങ്ങിക്കൂടി. വീണ്ടും വന്നവഴിയേ യാത്ര തുടർന്നപ്പോൾ വരിയൊപ്പിച്ച് ഇരുണ്ട അന്തരീക്ഷത്തെ വിറകൊ ള്ളിച്ചുകൊണ്ട് ദബ്ബിൻെറ മുഴക്കവും മുട്ടും വിളി യുടെ കിലുങ്ങുന്ന താളവും കേട്ടു.

മണിക്കൂറുകൾക്കുശേഷം അപ്പുവിൻെറ സമീ പത്തു ചെന്നു കിടന്നു മനസ്സിൽ നമശ്ശിവായ ജപിക്കുമ്പോൾ നനുത്ത ശബ്ദത്തിൽ അപ്പു ചോദിച്ചു:

"മാപ്ല ആവ്ണത് ചീത്ത്യല്ലേ ഏടത്ത്യേ?"

"നീയൊറങ്ങീല്ലേ?"

"ഒറക്കം വരണില്ല്യാ. നേർച്ചക്കാരുടെ മുട്ടും വിളീം കേട്ടാൽ നിയ്ക്ക് പേട്യാ."

"പേടിക്കണ്ടാ, അപ്പു ഒറങ്ങിക്കോ."

"ഗോയിന്ദുട്ട്യേട്ടനെ ഇന്ന്യെന്താ വിളിക്ക്വാ

ഏട്ത്ത്യേ?"

കുഞ്ഞുകുട്ടി തലയണയിൽ മുഖമമർത്തി വെച്ചുകൊണ്ടു പറഞ്ഞു: "അപ്പു ഒറങ്ങിക്കോളൂ, അപ്പു ഒറങ്ങിക്കോളൂ."

## 3

"നേർച്ചക്കാര് വര്ണ്ണ്ട് ഇത്താത്താ. കാണണോങ്കിവന്നോ." നെബീസുവിനോടു വിളിച്ചുപറഞ്ഞ് ബാപ്പു മുറ്റത്തു ചാടിയതു ബാപ്പയുടെ മുന്നിലാണ്. വെളുപ്പിനെഴുന്നേറ്റ് ഒമ്പതു നാഴിക ദൂരത്തുള്ള ചന്തയിലേക്കു കായക്കറിയും കൊണ്ടുപോയ കുഞ്ഞരയ്ക്കാർ മടങ്ങിവരികയായിരുന്നു.

"എന്താണ്ടാ പൂരം?"

ബാപ്പു ആകെപ്പാടെ പരിഭ്രമിച്ചുപോയിരുന്നു.

"എന്ത് കാണാനാടാ പോണ്?"

ബാപ്പുവിനു പെട്ടെന്നു വാക്കുകൾ മറന്നുപോയി. അവൻ ഇത്താത്തയുടെ നേരെ ഒന്നു തിരി

ഞ്ഞുനോക്കി, കുടിനീരിറക്കിക്കൊണ്ടുനിന്നു.

"നേർച്ചക്കാര് വര്ണ്ണ് വാപ്പാ."

"അകത്തുപോ. നെബീസോ- ജ്ജ് അകത്ത് പണ്യേന്താച്ചാ നോക്ക്."

ബാപ്പു അകത്തേക്ക് അരിച്ചരിച്ചുപോയി. നെബീസു കോലായയിലേക്ക് ഒരു വിളക്കു വെച്ചു.

വിയർപ്പിന്റെ നീർച്ചാലുകൾ ഒഴുകുന്ന മാറിടം അമർത്തിത്തുടച്ചുകൊണ്ട് കുഞ്ഞരയ്ക്കാർ തിണ്ണയിൽ ഒരു കൈത്തണ്ട ചാരി മുറ്റത്തുനിന്നു. പെട്രോമാക്സിന്റെ ശബ്ദവും നിഴലുകളും അടുത്തടുത്തു വരികയായിരുന്നു. വാതിലിനിപ്പുറത്തുനിന്നു നെബീസുവും ബാപ്പുവും നേർച്ചക്കാരെ കാണാൻ കൗതുകത്തോടെ പടിക്കലേക്കു താണുനോക്കിക്കൊണ്ടു നില്ക്കുന്നതയാൾ കണ്ടു. ഒന്നും പറഞ്ഞില്ല.

കമ്പിക്കൂടിനുമുകളിൽ തൂക്കിയ പെട്രോമാക്സുകൾ ചുമന്നുകൊണ്ട് രണ്ടുപേർ മുന്നിൽ നടക്കുന്നു. അവർക്കു പിറകിൽ മുട്ടുംവിളിക്കാർ. അവരുടെ പിറകിലായി വരിയായി നീങ്ങുന്ന മനുഷ്യരെ വെളിച്ചത്തിന്റെ പ്രളയത്തിൽ വ്യക്തമായി കണ്ടു. മുക്രി കുഞ്ഞാനുക്ക,

പോക്കരുകുട്ടി, സുലൈമാൻ, സുലൈമാ
ന്റെ പിന്നിൽ-കുഞ്ഞരയ്ക്കാർ ഇമവെട്ടാതെ
നോക്കിനിന്നു. തലയിൽ കറുത്തു മിന്നുന്ന തുർ
ക്കിത്തൊപ്പി, തിളങ്ങുന്ന വെള്ളക്കുപ്പായം, കടും
നിറത്തിലുള്ള കള്ളിമുണ്ട്. അയാൾ തലതിരിച്ച്
ഇടയ്ക്കിടയ്ക്ക് ഇങ്ങോട്ടു നോക്കുന്നതു കണ്ടു.

വഴിക്കുവെച്ചാണു കേട്ടത്: ഉച്ചയ്ക്കു മുതലാ
ളിയുടെ ബംഗ്ലാവിൽ സദ്യയുണ്ടായിരുന്നു.
നാട്ടിലെ ഭേദപ്പെട്ട മുസ്ലീം വീടുകളിൽനിന്നെല്ലാം
ആളുകളെ ക്ഷണിച്ചിരിക്കുന്നു. രാത്രിയിൽ
മരക്കച്ചവടക്കാരൻ കുട്ടിഹസ്സന്റെ പാണ്ട്യാ
ലയിൽവെച്ചാണ് വിരുന്ന്. അതിനുമുൻപ്
തെക്കുംമുറി അങ്ങാടിയിലൂടെ മുട്ടും വിളിയു
മായി പുതിയ മാപ്പിളയെ കൊണ്ടുനടക്കാൻ
മുതലാളി ഏർപ്പാടു ചെയ്തിട്ടുണ്ടെന്നു കേട്ടു.

പുതിയ മാപ്പിളയെ എഴുന്നള്ളിക്കുന്ന
കാഴ്ചയാണിക്കണ്ടത്.

തോട്ടുവക്കുവരെ ചെന്ന് ആ ഘോഷയാ
ത്ര മടങ്ങിപ്പോകുന്നതുവരെ അയാൾ അവി
ടെത്തന്നെ നിന്നു. ദബ്ബിന്റെ ശബ്ദം
അകലത്തായപ്പോൾ മാത്രമാണ് കോലായയി
ലേക്കു കയറിയത്. പരസ്പരം പിറുപിറുത്തു

കൊണ്ടുനിന്ന ബാപ്പുവും നെബീസുവും പൊടു ന്നനെ നിശ്ശബ്ദരായി.

"എന്താടീ അത്?"

ഉമ്മ വിളിച്ചു ചോദിച്ചപ്പോൾ നെബീസു ബാപ്പയുടെ മുഖത്തുനോക്കിപ്പോയി. അവൾ ക്കു പറയേണ്ടിവന്നില്ല. ബാപ്പതന്നെയാണ് പറ ഞ്ഞത്:

"മാമാങ്കം!"

അരി വാർക്കുന്ന തിത്തുമ്മ പിന്നീടൊന്നും അന്വേഷിച്ചില്ല.

"നെബീസോ, ദൊക്കെ അകത്തിക്ക് വെച്ചാ."

തിണ്ണയിലെ പായക്കെട്ടഴിച്ചു പൊതികളോ രോന്നായി അകത്തേക്കിട്ടു കൊടുത്തു. കട്ടിൽ പ്പത്തായം തുറന്നു പൂട്ടും താക്കോലുമുള്ള ചെറിയ മരപ്പെട്ടിയിൽ, മടിയിൽ കടലാസിൽ പൊതിഞ്ഞുവെച്ച കാശിട്ടു പൂട്ടി.

തിണ്ണയിൽ ചരിഞ്ഞുകിടന്ന് കുഞ്ഞരയ്ക്കാർ ബാപ്പുവിനെ വിളിച്ച് വിളക്കെടുത്തുകാട്ടാൻ പറഞ്ഞു. ചിമ്മിനിയുടെ നാളത്തിൽനിന്ന് ഒരു ബീഡി കത്തിച്ചു പുകവിട്ടുകൊണ്ടു കി ടന്നു ചോദിച്ചു:"ആരെങ്കിലും ബന്നീരുന്നോടാ, ബടെ?"

"കുട്ട്യാത്ത ബന്നീരന്ന്. നാലു മൊറം ആട്ടിൻ കാട്ടും വളപ്പൊടീം വെച്ചിട്ട്ണ്ട്. വേണോന്ന് ചോയ്ച്ചു."

"വേറാരെങ്കിലും വന്നോ?"

"വേറാരൂല്യ."

"ഉം. പൊക്കോ."

തിത്തുമ്മ പലപ്രാവശ്യം തിരക്കിയിട്ടാണ് എഴുന്നേറ്റത്. ഒന്നു കുളിക്കാൻ വടക്കേപ്പുഴവരെ നടക്കണം. ഒരുനാഴിക ദൂരം കാണും. ഇവിടുത്തെ വെള്ളച്ചാലിൽ ഉരുണ്ടുപിരണ്ടു നനഞ്ഞു കയറിയാൽ കുഞ്ഞരയ്ക്കാർക്ക് സുഖമാവില്ല, കുളികഴിഞ്ഞെത്തിയപ്പോൾ ബാപ്പു ഉറക്കമായിരുന്നു. ചിമ്മിനിവിളക്കിന്റെ ഇരുവശത്തുമായിരുന്ന് ഉമ്മയും മകളും പതുങ്ങിയ സ്വരത്തിൽ സംസാരിക്കുകയായിരുന്നു.

"എപ്പത്തൊടങ്ങിതാടീ, കുറുകുറു ചൊല്ലാൻ?"

പകൽ മൂന്നു ശർക്കരച്ചായ മാത്രമായിരുന്നു ഭക്ഷണം. പതിനെട്ടു നാഴിക അങ്ങോട്ടുമിങ്ങോട്ടുമായി നടക്കുകയും ചെയ്തു. എരിയുന്ന വയറോടെ മുട്ടിപ്പലകമേൽച്ചെന്നിരുന്നു. വലിയ പിഞ്ഞാണത്തിൽ അമർത്തി വിളമ്പിയ

ചോറ് രണ്ടുരുളയ്ക്ക് അകത്താക്കുവാനു
ള്ള ആർത്തിയുണ്ടായിരുന്നു. ഒരുപിടി വാരി
ത്തിന്നപ്പോഴാണോർമ്മിച്ചത്, ഇപ്പോൾ കുട്ടി
ഹസ്സന്റെ പാണ്ട്യാലയിൽ നെയ്ച്ചോറു നിറച്ച
പിഞ്ഞാണങ്ങൾക്കു ചുറ്റും കിഴക്കുംമുറിയിലെ
എല്ലാ ഭേദപ്പെട്ട ഇസ്ലാമുകളും തീറ്റ പൊടിപൊടി
ക്കുകയാവും. പുതുമാപ്പിളയ്ക്കുള്ള സല്ക്കാരം
നടക്കട്ടെ!

"ചോറും മുമ്പിലുവെച്ചിരുന്ന് ഒറങ്ങ്വാ?"

അയാൾ തിത്തുമ്മയെയല്ല നോക്കിയത്.
വാതിലിനപ്പുറത്തു നില്ക്കുന്ന നെബീസുവി
നെയായിരുന്നു. മുമ്പൊരിക്കലും ആ മുഖം
കണ്ടിട്ടില്ലാത്തപോലെ നോക്കിയപ്പോൾ മകൾ
നിഴൽപ്പാടിലേക്കു പിൻവാങ്ങി. വീണ്ടും ഒരുരുള
ഉരുട്ടി കൈത്തലത്തിലിട്ടു തിരിച്ചുകൊണ്ടു
തിത്തുമ്മയോടു ചോദിച്ചു:

"ആ നായരുട്ടി കാട്ട്യേ പണി കണ്ടോ?"

"അങ്ങനൊക്കെ കേക്ക്ണ്."

"കേട്ടതല്ല. കാണും ചെയ്തു. മുട്ടും വില്യായി
ട്ടു കൊണ്ടടന്നീര്ന്നത് ആളോൾക്ക് കാണാൻ
ബേണ്ട്യാണല്ലോ."

കിഴക്കുംമുറിയിൽ ദീനിൽ കൂടിയ

സംഭവങ്ങൾ മുമ്പുണ്ടായിട്ടുണ്ട്. പക്ഷേ, എഴു ന്നള്ളിച്ച് ഒരാളെ കൊണ്ടുപോകുന്നത് ആദ്യമാ യിട്ടാണ്.

നബി(സ.അ.)യുടെ മാർഗ്ഗം സ്വീകരിക്കാൻ ഒരാൾകൂടി വന്നതിലുള്ള സന്തോഷം കാട്ടാ നാണോ മുട്ടും വിളിയും ഏർപ്പാടു ചെയ്തത്? സക്കാത്ത് എന്താണെന്നറിയാത്തവരാണ് വിരു ന്നു കൊടുക്കുന്നത്. യത്തീംമക്കൾക്കു മുക്കാ ലെറിഞ്ഞുകൊടുക്കാത്തവർക്കു മുട്ടും വിളിക്കാ രെ വരുത്താൻ മടിയില്ല. മുതലാളിക്കു വേണ്ടത് അതല്ല. കിഴക്കുംമുറിയിലെ നായന്മാർ മുഴുവൻ കാണണം. ഏറ്റവും വലിയ തറവാടായിരുന്ന താഴത്തേതിലെ നായന്മാരിലൊരാൾ ഇസ്ലാമായി രിക്കുന്നു.

"ലാത്തിരി ബന്നിരിക്ക്ണ് മൊയലാളീൻേറാ ടെന്നൊക്കെ കേട്ടു." തിത്തുമ്മ പരിഭവം പറഞ്ഞു:

"ഇന്നിട്ട് ഞമ്മടോടെ ഒന്നു കേറീല്ലല്ലോ?"

"എന്തിന്?" ആ ചോദ്യം പരുഷമായിരുന്നു. തിത്തുമ്മയ്ക്ക് പറയേണ്ടിയിരുന്നില്ല എന്നു തോന്നി.

"മാർക്കം കൂട്യാപ്പിന്നെ ഞമ്മടെന്തി സ്ലാമായി

ല്ലേ ഉമ്മാ?" നെബീസു ഉമ്മയുടെ ചെവിട്ടിൽ ചോദിച്ചു. ഉമ്മ ശകാരിച്ചു: "പോടീ, അപ്പറത്ത്."

നെബീസുവിന് എല്ലാം കേൾക്കണമെന്നുണ്ടായിരുന്നു. മാർക്കം കൂടിയപ്പോൾ നായരുടെ പേരെന്താ? അതു നേർത്തേ അറിഞ്ഞുവെച്ചിട്ടു വേണം അയാൾ കയറിവരുമ്പോൾ ചോദിക്കാൻ: "ക്കാ വര്ണ വയ്യ്യാ?"

ഉഷ്ണകാലം തുടങ്ങിയതുമുതല്ക്കു പുറത്തെ കോലായയിലായിരുന്നു കുഞ്ഞരയ്ക്കാരുടെ കിടപ്പ്. നെബീസു കിടന്നിട്ടും തിത്തുമ്മ കിടന്നില്ല. ചിമ്മിനിവിളക്കുമായി അകത്ത് തട്ടിത്തിരിഞ്ഞ്നടന്നു.

കോലായയിൽ പായ നിവർത്തിയിട്ടിട്ടുണ്ടായിരുന്നുവെങ്കിലും കുഞ്ഞരയ്ക്കാർ തിണ്ണയിൽത്തന്നെ കിടന്നു. മുറുക്കിത്തുപ്പിയും ബീഡി വലിച്ചും അമരപ്പന്തലിൻെറ വിടവുകളിലൂടെ മൂടിക്കെട്ടിനില്ക്കുന്ന മാനം നോക്കിക്കൊണ്ടു പലതും ആലോചിച്ചു: "എന്ത് പുഴുക്കാണ് പടച്ചോനെ. മന്സമ്മാര് ഇക്കണക്കിലാച്ചാ ബാക്കിണ്ടാവില്ല."

തിത്തുമ്മ ആരോടെന്നില്ലാതെ പറഞ്ഞുകൊണ്ടിരുന്നു.

"ങ്ങള് കെടക്കാവായില്ലേ?"

"ഉം."

ചിമ്മിനി ഊതി തളത്തിൻെറ അരുകിലേക്കു മാറ്റിവെച്ച് തിത്തുമ്മ കോലായയിൽ ചുമരിനടുത്തായി കുന്തിച്ചിരുന്ന് കാലടികൾ തടവി.

"ആ കുഞ്ഞിക്കാള്യേമ്മടെ കാര്യം ആലോയ്ച്ചാൽ ത്തിരി കസ്റ്റംണ്ട്. ന്നോ, നാള്യോച്ചിട്ടാത്രേ കെടപ്പ്."

കുഞ്ഞരയ്ക്കാർ ഒന്നും പറഞ്ഞില്ല.

"ഞമ്മക്കയിൻെറ ബെസമറില്യ. ദീന് കൂട്യാലും ജാതീന്നുപോയാലും ഓലടെ എടേല് ഒരാള് മയ്യത്തായ്യേന് ഒപ്പാ."

ഉമ്മ പിന്നേയും സംസാരിക്കുകയായിരുന്നു. കുഞ്ഞരയ്ക്കാർ പതിവുപോലെ കയർത്തില്ല. ഇന്നു നിൻെറ ദിവസമാകട്ടെ എന്ന ഭാവത്തോടെ കേട്ടുകിടന്നു.

"എന്തോ അക്കുട്ടിക്ക് ഇദിനു തോന്നീത്? ഞമ്മളൊക്കെ സ്ലാമായിട്ടും അക്കുട്ടി തൊപ്പീട്ടു വന്ക്ക്ണ്ന്നു കേട്ടപ്പോ." ഭയത്തോടെയാണ് തിത്തുമ്മ തുടർന്നത്: "ഉള്ളതു പറേണോന്നെന്താ? നിക്ക്ങ്ങനെ ഉള്ളിലൊര് എനക്കട്."

അതിനും കുഞ്ഞരയ്ക്കാർ ഒന്നും പറഞ്ഞില്ല.

"കുഞ്ഞിക്കാല്യേമ്മടെ ദണ്ണം കാണാൻ ഒന്നു പോണംന്ന് മ്മിണിസായി വിചാരിക്ക്ണ്. പോകാൻ ഒര് മടി. ഞമ്മടെ പൊരേല് വന്നു താമെച്ചേന് ഏറ്യ വക്കാണും കേസും ണ്ടായതാണലോ."

തനിയെ സംസാരിച്ചു മടുത്തപ്പോൾ തിത്തുമ്മ പറഞ്ഞു:

"ഞാൻ കെടക്കാൻ്: ബാതലടക്കണോ? ബല്ലാത്ത പുഴുക്കാ അകത്ത്."

"അടക്കണംന്ന് ഞാമ്പറഞ്ഞോ?"

ഏറെനേരം കഴിഞ്ഞിട്ടും കുഞ്ഞരയ്ക്കാർക്ക് ഉറക്കം വന്നില്ല. പായിൽ തിരിഞ്ഞും മറിഞ്ഞും കിടന്നുനോക്കി. സഹിക്കാനാവാത്ത ഉഷ്ണം. ഇലയനങ്ങാത്ത രാത്രിയും മൂടിക്കെട്ടിയ ആകാശവും. ഇറയത്തുനിന്നു പാളവിശറിയെടുത്തു വീശിക്കൊണ്ടു കിടക്കുമ്പോളാണ് പടിക്കൽനിന്ന് ആരോ വിളിച്ചത്.

"ആരാത്?"

"കുഞ്ഞരയ്ക്കാര്ക്കാ ഒറക്കായോ?"

റാന്തലിൻെറ വെളിച്ചത്തിൽ ആളുകൾ പടിക്കൽ നില്ക്കുന്നതു കണ്ടു.

“മൂപ്പര് ഒറങ്ങീട്ടില്ല. വരി കൂട്ടരെ. ഞാൻ പറഞ്ഞില്ലേ ഒറങ്ങേണ്ട നേരായിട്ടില്ലാന്ന്?”

പടി കടന്നു റാന്തൽവിളക്കുമായി ഒരാൾ മുമ്പിൽ വരുന്നു. പുറകെ രണ്ടുപേരുണ്ട്; അല്ല മൂന്നുപേർ. തുർക്കിത്തൊപ്പിയുടെ തിളക്കം മുറ്റത്തെത്തിയപ്പോഴാണ് അയാൾ കണ്ടത്. അകത്തേക്കുള്ള വാതിൽ ചാരി. തലയണയുടെ ചുവട്ടിൽനിന്ന് തീപ്പെട്ടിയെടുത്ത് വിളക്കുകൊളുത്തി. റാന്തൽ പിടിച്ച ചെറുപ്പക്കാരൻ മുതലാളിയുടെ പണിക്കാരനായിരുന്നു. പടിപ്പുറത്തു വെച്ചു തല്ലുണ്ടായ രാത്രിയിൽ ഗോവിന്ദൻകുട്ടിയെ അന്വേഷിച്ചു വന്നത് അയാളാണ്. കുഞ്ഞരയ്ക്കാർ ഓർമിച്ചു. അയാൾ കിടക്കപ്പായിൽനിന്നെഴുന്നേറ്റില്ല. ചുമർ ചാരിയിരുന്നു സാവധാനത്തിൽ ഒരു ബീഡി കത്തിച്ചു.

റാന്തൽ തിണ്ണയിൽവെച്ച് അവർ കോലായയിലേക്കു കയറി.

“പരിചയപ്പെട്ത്തണ്ട കാരിയല്ല്ല്ലോ?”

പോക്കരുകുട്ടി ഒരു ചിരി ചിരിച്ചു: “അബ്ദുള്ളക്കുട്ട്യേ, കുഞ്ഞരയ്ക്കാര്ക്കായ്ക്കു സലാം പറഞ്ഞില്ല്ല്ലോ.”

തുർക്കിത്തൊപ്പിയുടെ ചുവട്ടിലെ മുഖത്തേ

ക്കു കുഞ്ഞരയ്ക്കാർ നോക്കിയില്ല.

മുതലാളിയുടെ പണിക്കാരൻ പറഞ്ഞു:

“മൂപ്പര്ക്ക് പകല് മുഴുവൻ എരിപൊരിസഞ്ചാരേര്ന്ന്. ഇങ്ങളെ കാണണം. ഇങ്ങളെ കാണണം. കുട്ട്യസ്സനുക്കേൻ്റാടന്നു വെയ്ച്ചപാട് എറങ്ങീതാ. തന്നെ വിടരുത് എപ്പളും ആള് കൂടെ വേണംന്ന് മൊയലാളി പറഞ്ഞോണ്ടാ ഞങ്ങള് കൂടെപ്പോരന്നേ.”

പരിചയമുള്ള ആ ശബ്ദം കുറെ ദിവസങ്ങൾക്കുശേഷം കേട്ടു.

“രാവിലെ വരണംന്ന് വിചാരിച്ചതാ.”

“സൽക്കാരത്തിൻ്റെ തെരക്കേര്ന്ന്, അല്ലേ?”

കുഞ്ഞരയ്ക്കാർ ചോദിച്ചു.

അയാൾ പതുക്കെ ഒന്നു ചിരിച്ചു:

“തെരക്കുകയിഞ്ഞ് തന്നെ എറങ്ങി നടക്കാറാവുമ്പം വന്നാ മതിയായിര്ന്ന്.”

കുഞ്ഞരയ്ക്കാരുടെ കടുത്ത മുഖവും തണുത്ത സ്വരവും തിരിച്ചറിഞ്ഞ പോക്കരുട്ടി മറ്റുള്ളവരോടായി പറഞ്ഞു:

മൂപ്പര്ക്ക് ഒറക്കംപിടിച്ച നേരാ. ഞമ്മക്കിപ്പ പൂവാ. നാളെ പകല് വരാ.”

അപ്പോൾ തുർക്കിത്തൊപ്പിയുടെ താഴത്തെ

കണ്ണുകളിലേക്ക് ആദ്യമായി കുഞ്ഞരയ്ക്കാർ ഉറച്ചുനോക്കി.

"ഇപ്പ വന്നേന് ഒന്നും പറേണില്ല. നാളേന്നല്ല, ഒരിക്കലും ബരണ്ടിനി. കേക്ക്ണ്ണ്ടോ? ഞമ്മടെ പടിക്കവുത്തു ചവുട്ട്യാ കുഞ്ഞരയ്ക്കാരുടെ കളി മാറും."

എന്നിട്ട്  അയാൾ പോക്കരുടെനേരെ തിരിഞ്ഞു ചോദിച്ചു: "എന്താ ബൻെറ പേര്?"

തുർക്കിത്തൊപ്പിയുടെ താഴെയുള്ള മുഖം കരിവാളിച്ചുപോയി. പോക്കരുകുട്ടി പരിഭ്രമിച്ചു വിവശനായി പറഞ്ഞു:

"അദ്ദുള്ളാ, അദ്ദുള്ളാന്."

"ആ അദ്ദുള്ള കേക്കാനാ പറഞ്ഞേ."

മുതലാളിയുടെ പണിക്കാർ ധൃതിയിൽ കെഞ്ചി:

"എന്താ കുഞ്ഞരയ്ക്കാർക്കാ ഇങ്ങള് ഇങ്ങനൊക്കെ പറേണ്? ഞമ്മടൊരു കുട്ട്യല്ലേ?"

"പ്ഫ! അന്നോടല്ല പറഞ്ഞത്. ഈ പുത്യാപ്ല ചമഞ്ഞ് നടക്ക്ണ ഹമുക്ക്നോടാ. അനക്ക് മനസ്സിലാവൂല്ല. ഓന് അസ്സലായിട്ടു മനസ്സിലാവും."

മരവിച്ച നിശ്ശബ്ദതയായിരുന്നു. കണ്ണുകൾ

പരസ്പരം സംസാരിച്ചു. നിമിഷങ്ങൾ ഉറഞ്ഞു കൂടി തകർന്നുവീണപ്പോൾ കുഞ്ഞരയ്ക്കാർ പറഞ്ഞു:

"പെരേല് ബാണോരെ അഹമാനിക്കരുതലോ ച്ചിട്ടു ബാക്കി പറേണില്ല. പൊയ്ക്കോളിൻ പഹേരെ."

പേടിച്ചരണ്ട കുട്ടികളെപ്പോലെ അവർ അനുസരണത്തോടെ പുറത്തിറങ്ങി. അയാൾ മുഖമുയർത്താതെ അതേയിരുപ്പിൽ ചുമരു ചാരിയിരുന്നു. അവസാനമായി റാന്തൽ വെളിച്ചത്തിൽ തിളങ്ങുന്ന തുർക്കിത്തൊപ്പിയും പുറത്തായപ്പോൾ കുഞ്ഞരയ്ക്കാർ വിചാരിച്ചു:

ഒറ്റയ്ക്കു കിട്ടണ്ടതേര്ന്ന് ഓനെ.

ചാരിയ വാതിൽ അകത്തുനിന്നു തുറന്നപ്പോഴാണ് തിത്തുമ്മ ഉണർന്നിരിക്കുന്നുവെന്നറിഞ്ഞത്.

"ങ്ങക്കെന്തു പ്രാന്താ ഓലടെ മെക്കട്ട് കേറാൻ?"

"തിത്തുമോ, അനക്കത് മനസ്സിലാവൂല."

പുകയുന്ന ചിമ്മിനിവിളക്കിന്റെ ചുവന്ന നാളത്തിൽ നോക്കിക്കൊണ്ട് അയാൾ ആവർത്തിച്ചു: "ങ്ങക്കാർക്കും മനസ്സിലാവൂല."

ആ ശബ്ദത്തിലൊരിടർച്ചയുണ്ടെന്ന് തിത്തുമ്മയ്ക്കു തോന്നി.

# 4

ഇടവപ്പാതിയാകുന്നതിനുമുമ്പെ വെള്ളം കൂടുന്ന ലക്ഷണമുണ്ടായിരുന്നു. തലേന്നു സന്ധ്യയ്ക്ക് ആരംഭിച്ച മഴയാണ്. രാത്രി മുഴുവൻ നിന്നു പെയ്തു. ഉച്ചയ്ക്കു മാനം പതുക്കെ ഒന്നു തെളിയാൻ തുടങ്ങിയതാണ്. വെയിൽ വീഴുമെന്നായപ്പോൾ പൊടുന്നനെ വീണ്ടും ആകാശം കറുത്തിരുണ്ടു. വെറിപിടിച്ച ഒരു കാറ്റോടൊപ്പം മഴ ഇരച്ചുപെയ്യാൻ തുടങ്ങി. മുതലാളിയുടെ പടിപ്പുര ഗ്രാമ്പിയുടെ താഴത്തെ രണ്ടു മുറികളിലൊന്നിൽ ജാലകത്തിന്നടുത്തിട്ട ചാരുബെഞ്ചിൽ ചുളിപ്പിടിച്ചിരുന്ന അബ്ദുള്ള കലങ്ങിയ ഇറവെള്ളത്തിൽ നനുത്ത നുരക്കട്ടകൾ വട്ടം തിരിയുന്നതും പൊട്ടിപ്പൊടിയുന്നതും നോക്കിക്കൊണ്ടിരുന്നു.

കാറ്റടിക്കുമ്പോൾ, ജലകണങ്ങൾ ശരീരത്തിൽ പൊടിഞ്ഞുവീഴുമ്പോൾ, തണുപ്പ് അരിച്ചുകയറുന്നു. ചാരുബെഞ്ചിന്റെ ഒരു മൂലയ്ക്ക് അഴിച്ചിട്ട വെള്ളക്കുപ്പായമെടുത്തിട്ടാൽ സുഖമുണ്ടാകും. പക്ഷേ, ദുർഗന്ധം വമിക്കുന്ന ആ വസ്തുവെ ഒരറപ്പോടെയാണയാൾ നോക്കിയത്. കഴിഞ്ഞ ഏഴുദിവസമായി രാവും പകലും അതു ശരീരത്തിൽ ഇഴുകിപ്പിടിച്ചു കിടക്കുകയായിരുന്നു. ഉടുത്ത മുണ്ടും തലയിൽക്കെട്ടും. എല്ലാം അതു തന്നെയാണ് നില.

കിഴക്കുംമുറിയിൽ തിരിച്ചെത്തിയതിന്റെ പിറ്റേദിവസം മുതലാളി തുന്നൽക്കാരനെ വിളിച്ചുവരുത്തി അളവെടുപ്പിച്ചു സന്ധ്യയ്ക്കു മുമ്പായിത്തന്നെ കൊണ്ടുവരണമെന്നു കല്പിച്ചു വരുത്തിയതാണ് കുപ്പായം. അന്നു രാത്രിയിൽ കുട്ടിഹസ്സന്റെ മരപ്പാണ്ടികശ്ശാലയിലായിരുന്നു സൽക്കാരം. സൽക്കാരങ്ങളുടെ ബഹളമായിരുന്നു കഴിഞ്ഞ ദിവസങ്ങളിലെല്ലാം. പടിപ്പുര ഗ്രാമ്പിയിൽ തന്റെ പരിസരത്തിൽനിന്ന് ആളൊഴിഞ്ഞ സമയമുണ്ടായിരുന്നില്ല. ഒരു സൽക്കാരം കഴിഞ്ഞു പിരിയുന്നേടത്തുവെച്ച് അടുത്ത വിരുന്നിന്റെ വിളിയും കഴിയും.

സൽക്കാരങ്ങൾ കഴിഞ്ഞു: വെള്ളപ്പട്ടിന്റെ കുപ്പായവും തലയിൽക്കെട്ടും മുഷിഞ്ഞു നാറാൻ തുടങ്ങി.

ചെറുപ്പക്കാർ മുറിക്കകത്തുനിന്ന് ഒഴിഞ്ഞ സമയമുണ്ടായിരുന്നില്ല. ഇന്നലേയും ഇന്നും ആരുമില്ല. മഴകൊണ്ടായിരിക്കാം. അയാൾ വീണ്ടും പുറത്തെ ഇറവെള്ളത്തിലേക്കു കണ്ണോടിച്ചു.

കലങ്ങിയ വെള്ളത്തിൽ കനത്ത തുള്ളികൾ വീഴുമ്പോൾ പോളകൾ പൊട്ടിവിടരുന്നു. വട്ടം ചുറ്റുന്ന അടുത്ത നീർത്തുള്ളി വീഴുമ്പോൾ തകരുന്ന പുതിയ കുമിളകൾ ജന്മമെടുക്കുന്നു.

കഴിഞ്ഞുപോയ വിരുന്നുകളുടെ രാത്രികളെക്കുറിച്ചോർത്തപ്പോൾ എന്തോ വേദന തോന്നി. എവിടേയും ബഹളമായിരുന്നു. ആ ബഹളത്തിൽ ഒരോട്ടപ്പാത്രംപോലെ പങ്കുകൊണ്ടു താനും കലമ്പൽകൂട്ടി. അയാൾ മനസ്സിൽ വീണ്ടും വീണ്ടും ഉരുവിട്ടു: “വിഡ്ഢിത്തം!”

പെട്രോമാക്സുകളുടെ വെളിച്ചത്തിൽ മുട്ടും വിളിയും മുമ്പില്ക്കളിയുമായി കിഴക്കും മുറി അങ്ങാടിയിലൂടെ കടന്നുപോയതോർക്കു

മ്പോൾ–

ഇപ്പോൾ അദ്ഭുതമാണു തോന്നുന്നത്. അതു ഞാനായിരുന്നോ? അന്നു നാണിക്കത്തക്കതായി ഒന്നുമുണ്ടെന്നു തോന്നിയില്ല. മനസ്സിൽ ലോകത്തോടു മുഴുവൻ ഒരു വെല്ലുവിളിയുണ്ടായിരുന്നു. ഓരോ അടിവെപ്പിലും അടിച്ചുടയ്ക്കാനാഗ്രഹിച്ചതെല്ലാം ഞെരുങ്ങിയമരുന്നുണ്ടെന്നു തോന്നിയിരുന്നു.

പാതിര കഴിഞ്ഞിരുന്നെങ്കിലും കുഞ്ഞരയ്ക്കാരെ അപ്പോൾത്തന്നെ കാണണമെന്നു വാശിപിടിച്ചു നടന്നതതുകൊണ്ടാണ്.

പ്രതീക്ഷിക്കാത്ത ഒരനുഭവമായിരുന്നു. തിരിച്ചുപോരുമ്പോൾ എല്ലാം നഷ്ടപ്പെട്ട ഒരു നിസ്സഹായത മനസ്സിൽ തങ്ങിനിന്നു. സൽക്കാരങ്ങളുടേയും വിരുന്നുപോക്കിന്റേയും തിരക്കിൽ അതു മറക്കാൻവേണ്ടി പരിശ്രമിച്ചു. അയാളുടെ മനസ്സിൽ അപ്പോഴും രണ്ടു ചോദ്യങ്ങൾ ബാക്കി കിടക്കുന്നു.

പുറത്തുനിന്ന് ഒരു വലിയ തേട്ടൽ കേട്ടു. തൊപ്പിക്കുടയിൽ ഇറവെള്ളം വീഴുന്ന ശബ്ദവും. ഊർച്ചക്കാളകളുടെ നോട്ടക്കാരനും, മുതലാളിയുടെ വീട്ടുകാര്യസ്ഥനുമായ കലന്തൻ

കുട്ടിയാണ്. തൊപ്പിക്കുട വാതിലിനു പുറത്തു ചാരിവെച്ചിട്ട് അകത്തുകടന്നു. മണ്ണിൻെറ നിറമുള്ള തോർത്തുമുണ്ടിൽനിന്നും വെള്ളം നനഞ്ഞൊറ്റിയിരുന്നു. നനഞ്ഞ നിലത്തു ചളിപുരണ്ട കാലടിപ്പാടുകൾ പതിഞ്ഞു.

"എടോപ്പാതി നേർത്ത്യാന്നാ തോന്ന്ണ്, അല്ലേ? കലന്തൻകുട്ടി ഒരു ലോഗ്യം ചോദിച്ചു.

ആ മനുഷ്യനെ കണ്ടമുതല്ക്ക് ഒരു വെറുപ്പാണ് തോന്നിയത്. കാരണമൊന്നുമുണ്ടായിട്ടല്ല. പൂച്ചയെപ്പോലെ പതുങ്ങിപ്പതുങ്ങിയുള്ള നടത്തവും കണ്ണുകളിൽ എപ്പോഴും കാണുന്ന അലക്ഷ്യഭാവവുംകൊണ്ടായിരിക്കാം.

അയാൾ വെറുതെയൊന്നു മൂളി.

"ന്നേടവം ആറല്ലേ ആയിട്ടുള്ളു? പ്പത്തന്നെ വെള്ളം കൂട്യാ നാട് കുട്ടിച്ചോറാ. നട്ടതു മുയ്മൻ വെടക്കായതുതന്നെ"

അബ്ദുള്ള ഒന്നും മിണ്ടിയില്ല.

"ഒരു ബീഡി കാൺട്ടെ, തണുത്തിട്ടു വയ്യ."

"ബീഡില്യ."

വെള്ളം ഒറ്റുവീഴുന്ന തോർത്തുമുണ്ടിൻെറ തുമ്പു പിഴിഞ്ഞു ചാരുബെഞ്ചിൻെറ വക്കിലിരുന്നു കലന്തൻകുട്ടി മഴയെ പിരാകി.

“ഇച്ചേല്ക്ക് ലാത്തിരീംകൂടി നിന്നാ വെള്ളം കൂട്ട്യേത് തന്നെ. നാളെ ഞമക്ക് ത്തിരി പണിണ്ട്.”

“ഉം.”

“കുരുത്ത്യോന്ന് സര്യാക്കണം. തോട്ട്മ്പള്ള യ്ക്ക് വെച്ചാ ഏറ്റ്മീനിത്തിരി കുടുങ്ങും.”

“ഉം.”

“വീച്ചിക്കാര് എറങ്ങിരിക്കണ് പൊയേല്. മീനിന്ന് ഞ്ഞിണി കിട്ടീരക്ക്ണെന്നാ കേട്ട്. ഞാന്ന് പൊറത്തെറങ്ങീല.”

വെപ്പുകാരൻ കുഞ്ഞാനുക്ക ആകെ നനഞ്ഞു കയറിവന്നു.

“പണ്ടാരം നനഞ്ഞ് ഹലാക്കായിപ്പോയി.”

“കുഞ്ഞാനുക്ക, ചെത്ത്മ്മ്ന്നാ വര്ണ്? പൊയമീൻെറ തല്ലാന്ന് കേട്ടല്ലോ.”

കുഞ്ഞാനുക്ക തലയിൽക്കെട്ടു പിഴിഞ്ഞു തല തോർത്തിത്തുടച്ചു വിറച്ചുകൊണ്ടു പറഞ്ഞു:

“മീന്ണ്ടായിട്ട് എന്തു കാര്യം? പീട്യേക്കില് അരി മാത്തറം ഇല്യ. ഉണ്ട് ച്ചാലും പഹേര് എടു ക്കൂല. മയപിടിച്ചാപ്പിന്നെ ഉർപ്പ്യേക്ക് എടങ്ങയി പറഞ്ഞാലും ഓല്ക്ക് വിക്കാം. മനുസന്ന് ചാവാൻ വയ്യല്ലോ.”

“കുഞ്ഞാനുക്കാ, ഒരു ബീഡിണ്ടെങ്കി കാട്ടി

ക്കാണീം."

കലന്തൻകുട്ടിക്ക് ഒരു ബീഡിയെറിഞ്ഞുകൊടുത്തു കുഞ്ഞാനുക്ക പുളക്കിഴങ്ങിനുകൂടി വില കയറ്റിയ ആളുകളെ അടച്ചു ശപിച്ചു. പടച്ചോനു പൊറുക്കാത്തതു ചെയ്യുന്നതിൻെറ ഫലം അവരനുഭവിക്കാതിരിക്കില്ലെന്നു വയസ്സൻ ആശ്വസിക്കുമ്പോൾ അബ്ദുള്ള വറ്റുകൾ ഉണങ്ങിപ്പിടിച്ചു കിടക്കുന്ന ഒരൊഴിഞ്ഞ മൺകലത്തെക്കുറിച്ചോർത്തുപോവുകയായിരുന്നു. കരിപിടിച്ച മൺകലങ്ങൾ. തണുത്തിരിക്കുന്ന വീതനപ്പുറത്തിനു ചുറ്റും ആണിപ്പുണ്ണുള്ള മടമ്പുകൾ അമർത്തിച്ചവിട്ടാതെ ഏന്തിവലിഞ്ഞു നടക്കുന്ന കാലടികളെ മനസ്സിൽ കണ്ട് അയാൾ അസ്വസ്ഥനായി.

"ആ പൊട്ടി ബീവാത്തു അടുക്കളേല് എന്തൊക്യാ കാട്ടിവെച്ച്ക്ക്ണ് ആവോ?" കുഞ്ഞാനുക്ക പുറത്തിറങ്ങി എന്തോ ഓർമിച്ചു വീണ്ടും തിരിഞ്ഞുനിന്നു.

"ചെത്ത്ന്ന് കേക്കേ. കുഞ്ഞിക്കാള്ള്യേമ്മക്ക് ദണ്ണം കൊറെ കലശലാ."

ഭാവഭേദമില്ലാതെയാണ് അയാളതു കേട്ടത്. ആർത്തിയോടെ ബീഡിവലിക്കുന്ന കലന്തൻകു

ട്ടിയുടെ കണ്ണുകൾ തന്റെ മുഖത്തു ചുറ്റിനടക്കുന്നുണ്ടെന്നും അറിയാമായിരുന്നു.

"ദെണ്ണും കാണാൻ പോണ്ണ്ടോ?"

ആ ചോദ്യത്തിൽ പരിഹാസം നിറഞ്ഞുനിന്നിരുന്നു. അയാൾ അതു കേട്ടില്ലെന്നു നടിച്ചു.

"എന്താണ്ടാ സൈത്താൻ പുടിച്ചപോലെ കുത്തിരിക്കണ്?"

കലന്തൻകുട്ടി കാൽമുട്ടിൽ ഒന്നു തട്ടിക്കൊണ്ടു വീണ്ടും കുത്തി ചോദിച്ചു.

"പിന്നെന്താ വേണ്ട്, ചാടിക്കളിക്കണോ?" ആ സ്വരം പരുഷമായിരുന്നു.

"വേണ്ട, കട്ട്മ്മന്ന് എറങ്ങാണ്ട് കുത്തിര്ന്നോ. ചോറും ചായേം നേരത്ത്ന് നേരത്ത്ന് എത്തും. തട്യനങ്ങാണ്ട് തിന്നാച്ചിട്ടാ, ബീവാത്തുമ്മ പറഞ്ഞെന്തി പറയട്ടെ, മാർക്കം കൂടീത്?"

പകവീട്ടിയ സംതൃപ്തിയോടെ കലന്തൻകുട്ടി അയാളുടെ മുഖത്തു നോക്കി. അയാൾ അനങ്ങിയില്ല. നിസ്സഹായത വീണ്ടും തളർത്തുകയായിരുന്നു.

താൻ ജയിച്ചിരിക്കുന്നുവെന്ന് ഉറപ്പിക്കാൻ വേണ്ടി കുറച്ചിടകൂടി കാത്തിരുന്നശേഷം കലന്തൻകുട്ടി ഇറങ്ങിപ്പോയി. അയാളുടെ

ചെളിപുരണ്ട കാല്പാടുകൾ നിലത്ത് അവി ടവിടെ പതിഞ്ഞു കിടന്നിരുന്നു. തൊപ്പിക്കു ടമേൽ വെള്ളം വീഴുന്ന ശബ്ദം അകന്നുപോ യപ്പോൾ അബ്ദുള്ള ഓർത്തുനോക്കി: ആരാണു തന്നെപ്പറ്റി അഭിപ്രായം പറഞ്ഞ ബീവാത്തുമ്മ? അടുക്കളപ്പണിയിൽ സഹായിക്കാൻ നില്ക്കുന്ന ആ പ്രേതംപോലത്തെ സത്വമോ?

ഉച്ചയ്ക്കു മഴയൊന്നു നിന്ന ഒഴിവുനോക്കി മുതലാളി പുറത്തുപോയതാണ്. തിരിച്ചുവന്നിട്ടി ല്ലെന്നു തോന്നുന്നു. തിരിച്ചെത്തിയാൽ ഉമ്മറത്ത് ആളുകളും തിരക്കും ഇല്ലാതിരിക്കില്ല. പടികലും ഉമ്മറക്കോലായയിലുമായി അഞ്ചാറുപേർ തിങ്ങിനില്ക്കാത്ത സമയമില്ല.

ചാരുബെഞ്ചിൽനിന്നെഴുന്നേറ്റ് അയാൾ ജാലകത്തിനു സമീപം നിന്നു. മഴയുടെ ശക്തി ഒന്നു ചുരുങ്ങിയിട്ടുണ്ടിപ്പോൾ. വേലിക്കപ്പുറത്ത് ഇടവഴിയാണ്. കുണ്ടൻകുടകൾ ചൂടിയ ചെറു മികൾ മുണ്ടകപ്പാടത്തെ കാവൽപ്പുരകൾക്കു കാൽവെച്ചപോലെ നടന്നുപോകുന്നതു കണ്ടു. സാധാരണ ആ ജനൽ അടച്ചിടുകയാണു പതിവ്. അകത്തുള്ളപ്പോൾ ഇടവഴിയിലൂടെ കടന്നുപോകുന്നവരെല്ലാം ഒന്ന് എത്തിനോ

ക്കുക പതിവാണ്. താനിപ്പോളൊരു പ്രദർ ശനവസ്തുവാണ്. അദ്ഭുതം നിറഞ്ഞ കണ്ണു കൾ. അമർഷവും അറപ്പും ഒരുക്കിനിർത്തിയ കണ്ണുകളേയും കണ്ടു. നാട്ടിൽ മുഴുവൻ അറിയു ന്നതാണിപ്പോൾ: മാർക്കംകൂട്ട്യേ ഗോവിന്ദൻകുട്ടി പ്പോ മുതലാളീടെ പടിപ്പുരഗ്രസാമ്പീലാ താമസം!

മഴ തോർന്നു വെറുങ്ങലിച്ചു കുതിർന്നു നില്ക്കുന്ന വൃക്ഷക്കൂട്ടങ്ങളിലേക്കു സന്ധ്യ യുടെ ഇരുട്ട് ഇറങ്ങിവന്നു. മുതലാളിയുടെ ഉമ്മറത്തു പെട്രോമാക്സ് എരിയാൻ തുടങ്ങി.

താഴത്തേതിലെ വടക്കിനികകെത്ത് അവർ മരണം കാത്തു കിടക്കുകയാവുമിപ്പോൾ.

ഒന്നും ഓർത്തുപോവാതിരിക്കാൻ അയാളാ ഗ്രഹിച്ചു.

ഇടവഴിയിലൂടെ മുതലാളിയും കാര്യ സ്ഥന്മാരും വരുന്നതു ദൂരത്തുനിന്നു കണ്ടു. അയാൾ വീണ്ടും ചാരുബെഞ്ചിൽ വന്നിരു ന്നു. ചിലപ്പോൾ നേരേ മുറിയിലേക്കു വന്ന് എന്തെങ്കിലും വർത്തമാനങ്ങൾ പറഞ്ഞെന്നു വരും. പുറത്തുപോവുമ്പോഴും, എന്തെങ്കിലും പറയാറുണ്ട്:

"ഇബടങ്ങനെ തട്ടുമ്പുറം നോക്കി കുത്തിരി

കണ്ടോ? ഉമ്മറത്തു പോയിരുന്നോളിൻ. ഞാൻ പാടത്തൊന്നു നോക്കിട്ടു വരാം."

"ഒറങ്ങേർന്ന്? പേരശ്ശനൂർവരൊന്നു പോയി."

ഇപ്പോൾ, ദിവസങ്ങൾ കടന്നുപോയപ്പോൾ യാത്രപറയലും കുശലം ചോദിക്കലും ചുരുങ്ങിച്ചുരുങ്ങി ഇല്ലാതായിരിക്കയാണെന്ന് അയാൾ ഓർമ്മിച്ചു.

രാത്രിയുടെ കനം കൂടിവന്നു. മുറിക്കകത്തു നല്ല ഇരുട്ടാണ്. മൂലയിലിരിക്കുന്ന നീണ്ട കുഴലു വിളക്കു വേണമെങ്കിൽ കത്തിക്കാം. അയാൾക്ക് ഒന്നും ചെയ്യാൻ തോന്നിയില്ല. തണുത്ത ഇരുട്ടിൽ മുങ്ങിക്കിടക്കുന്ന മുറിക്കകത്ത് അയാൾ കൂട്ടിലിട്ട മെരുവിനെപ്പോലെ ധൃതിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഉമ്മറത്തുനിന്നു മുതലാളിയുടെ ഉച്ചത്തിലുള്ള ചിരിയും സംസാരവും കേൾക്കാമായിരുന്നു. അയാൾ ശ്രദ്ധിച്ചില്ല. എന്തുവേണമെങ്കിലും സംസാരിച്ചുകൊള്ളട്ടെ.

മനസ്സു വീണ്ടും താഴത്തേതിലെ വടക്കിനിയിലേക്ക് അലഞ്ഞുതിരിഞ്ഞു.

ഒരുപക്ഷേ, രാവിലെ ആരെങ്കിലും പറഞ്ഞു കേൾക്കും...

കേട്ടുവെന്നു വരില്ല. സംഭവിച്ചാൽത്തന്നെയും,

തനിയെ പുറത്തിറങ്ങിയിട്ടില്ല. പുറത്തിറങ്ങിയാൽത്തന്നെ ആരാണു വല്ലതും പറയാൻ വരുന്നത്.

മോചനത്തിനുവേണ്ടി കിണഞ്ഞ് ഓടിയോടി അവസാനം എത്തിച്ചേർന്നതു മറ്റൊരു തടവുമുറയിലാണെന്ന ബോധം ഉള്ളിലെവിടെയോ ചുറ്റിപ്പറ്റി നില്ക്കുന്നുണ്ടായിരുന്നു.

കാൽ കുഴഞ്ഞപ്പോൾ വീണ്ടും ചാരുബെഞ്ചിലിരുന്നു.

ഉമ്മറത്തുനിന്ന് ആളുകൾ പിരിഞ്ഞുപോയി. മുതലാളി തനിച്ചായി. ഇപ്പോൾ വിളിച്ചേക്കും. ഇന്നലെ വിളിച്ചു. ഇരിക്കാൻ പറഞ്ഞപ്പോൾ പെട്രോമാക്സിന്റെ വെളിച്ചത്തിൽ ഒരു സ്റ്റൂളിലിരുന്നു. തുടർച്ചയായി വെറ്റില ചവച്ചുകൊണ്ടു മുതലാളി സംസാരിക്കും. പറയുന്നതിനെല്ലാം മൂളുകയേ വേണ്ടൂ. മുതലാളിക്കു പറയാൻ ഒരു വിഷയമേ ഇതുവരെ കണ്ടിട്ടുള്ളൂ:

"പൂന്തോട്ടത്തിലെ ആ നായര് ഞമ്മളോട് കുത്ത്യാ കൂടോ?"

ഇന്നലെ സൽക്കാരമുണ്ടായിരുന്നില്ല. രാത്രി ഭക്ഷണം മുതലാളിയുടെ വീട്ടിൽനിന്നുതന്നെയായിരുന്നു. മുതലാളി ഉണ്ണാൻ എഴുന്നേറ്റപ്പോൾ

അയാളേയും വന്നു വിളിച്ചു. ഒരുമിച്ചാണു ഭക്ഷണം കഴിച്ചത്.

"ഞമ്മക്ക് ചെറ്യോൻ, വല്യോൻ രണ്ടിച്ചില്യ. സ്സാമില് അതു പാടില്ല."

ചാരുബെഞ്ചിൽ അയാൾ നീണ്ടുനിവർന്നു കിടന്നു. മരപ്പലകയ്ക്കു വല്ലാതെ തണുപ്പുണ്ടായിരുന്നു. നനവൂറുന്നുണ്ടെന്നു തോന്നും. രാത്രിയുടെ ഇരുണ്ട നിശ്ശബ്ദതയിൽ ഒരായിരം സൂചിക്കുത്തുകളേല്പിച്ചുകൊണ്ടു ചീവീടുകളുടെ കരച്ചിൽ കേൾക്കാമായിരുന്നു. ഇടവപ്പാതിക്കാലത്തെ തണുപ്പും ഇരുട്ടും തവളകളുടെ വികൃതസ്വരവും മണ്ണട്ടയുടെ കൂട്ടക്കരച്ചിലും ചേർന്ന രാത്രികൾ കുട്ടിക്കാലത്ത് ഇഷ്ടമായിരുന്നു. ചൂടോടെ സന്ധ്യയ്ക്കുതന്നെ വല്ലതും വാങ്ങിക്കഴിച്ച് ഉടുത്ത മുണ്ടുകൊണ്ടു തലവഴി മൂടിപ്പുതച്ചു കിടക്കുമ്പോൾ ഉറക്കം ഒരു മത്തുപോലെ തലയ്ക്കു പിടിക്കുകയാണു പതിവ്.

അയാൾ കണ്ണടച്ചു കിടന്നു.

വെളിച്ചം മുഖത്തു വീണപ്പോളാണ് പിന്നെ കണ്ണുതുറന്നത്. ഒന്നു മയങ്ങിപ്പോയെന്ന് അപ്പോഴാണ് മനസ്സിലായത്. ഒരു ജാള്യതയോടെ പിടഞ്ഞെഴുന്നേറ്റു. വെപ്പുകാരൻ കുഞ്ഞാനുക്ക

കീറിയ ഒരു കഷണം കമ്പിളി കൊണ്ടു ചെവി ടടച്ചുകെട്ടി, ഡപ്പിയിൽ പൊടിച്ചു സൂക്ഷിക്കാറു ള്ള പഴുക്കടെയ്ക്കയുടെ പൊടി വായിലിട്ടു ചവച്ചുകൊണ്ടു റാന്തൽവിളക്കും ഉയർത്തിപ്പിടി ച്ചു നില്ക്കുന്നു.

"ബിരുന്നിൻെറ ക്ഷീണം മാറീലല്ലേ?"

അയാളൊന്നും പറഞ്ഞില്ല.

"ചോറ് വൈക്കണ്ടേ?"

"ആ."

തണുപ്പുകൊണ്ടു ശരീരം കിടുകിടുക്കുന്നു ണ്ടായിരുന്നു. മുഷിഞ്ഞു നാറിയിരുന്നെങ്കിലും ചാരിൽ മടക്കിയിട്ട കുപ്പായത്തിൻെറ നേരെ അയാൾ കൊതിയോടെ നോക്കി. വേണ്ട. കുപ്പായത്തിൻെറയും തലയിൽക്കെട്ടിൻെറയും ആവശ്യം അവസാനിച്ചിരിക്കുന്നു.

ചാറൽമഴയത്തു കുഞ്ഞാനുക്കയുടെ റാന്തലിൻെറ പിറകെ അയാൾ മുറ്റത്തേക്കിറങ്ങി. ഉമ്മറത്തെ വലിയ വീട്ടിക്കസേരയിൽ ഇരു ന്നു മുതലാളി പത്രം വായിക്കുകയായിരുന്നു. ചുരുട്ടിൻെറ രൂക്ഷമായ മണം തണുത്ത വായു വിൽ തങ്ങിനില്ക്കുന്നു. കോലായയിലേക്കു തിരിയാൻ ഭാവിച്ചപ്പോൾ കുഞ്ഞാനുക്കപറഞ്ഞു:

"ഇങ്ങട്ട്."

കുഞ്ഞാനുക്കയുടെ പുറകെ അടുക്കളയുടെ പുറംകോലായയിലാണ് എത്തിച്ചേർന്നത്.

നനഞ്ഞ നിലത്ത് ഒരു റാന്തൽവെച്ച് ഒരു മുട്ടിപ്പലക ചവിട്ടി നീക്കിയിട്ടുകൊണ്ടു കുഞ്ഞാനുക്ക പറഞ്ഞു:

"ന്ന് ഞമ്മള് രണ്ടാളും പാടെ ചോറ്‌വെയ്ക്കാ. എങ്ങനേന്ന് നോക്കാലോ?"

ആ ചിരി അർത്ഥം നിറഞ്ഞതായിരുന്നു.

ഇന്നലെ രാത്രി:

ഉമ്മറത്തുനിന്നു കടന്ന ഉടനെയുള്ള, രണ്ടരുകിലും വലിയ നെൽപ്പത്തായങ്ങൾ തട്ടിൻപുറം തൊടുമാറ് നിരന്നുനില്ക്കുന്ന വലിയ തളത്തിൻ്റെ നടുവിൽ പെട്രോമാക്സിൻ്റെ വെളിച്ചത്തിൽ മുതലാളിക്ക് അഭിമുഖമായിരുന്നാണ് ഭക്ഷണം കഴിച്ചത്.

ഒരു രാത്രിയും ഒരു പകലും കഴിയുമ്പോഴേക്ക് ആളുകളുടെ വിലയിടിയുമോ?

അയാളുടെ മനസ്സു വായിച്ചുകൊണ്ടു കുഞ്ഞാനുക്ക ഒരു ചിരിയോടെ പറഞ്ഞു:

"മൊയലാളി വെയ്ച്ചടക്ക്ണ്."

അടുക്കളയിൽ കടന്ന് ഒരു വലിയ കവിടിപ്പി

ഞ്ഞാണത്തിൽ ചോറും ഒരു മരക്കയിലുമെടു ത്തു പുറത്തുവന്നു കുഞ്ഞാനുക്ക തുടർന്നു:

"എന്നും മൊയലാളിമാരുടെ കൂടെര്ന്ന് വെയ്ച്ചാൻ പറ്റൂലല്ലോ."

പരന്ന പിഞ്ഞാണത്തിനു സമീപം ചെറിയ രണ്ടു കുണ്ടൻ പിഞ്ഞാണങ്ങൾകൂടി കൊണ്ടു വന്നുവെച്ച് കുഞ്ഞാനുക്ക ഉണ്ണാനിരുന്നു. ഒരു പാത്രത്തിൽനിന്നുതന്നെയാണ് ഉണ്ണേണ്ടത്. അയാൾ തുടങ്ങാൻവേണ്ടി വയസ്സൻ കാത്തു നിന്നില്ല. ചെറിയ മരക്കയിൽ കൊണ്ട് ഒരു തവി മീൻകറി ചോറിനുമീതെയൊഴിച്ച് അയാൾ വാരി ത്തിന്നാൻ തുടങ്ങി. തടിച്ചുകുറുകിയ ആ വിരലു കൾ ചോറിൽ സഞ്ചരിക്കുന്നതു കണ്ടപ്പോൾ അറപ്പു തോന്നി.

"എന്താ കുത്തിരിക്കണ്?"

"ഒന്നൂല്യ."

"ബെയ്ച്ചൂടീ. മൊയലാളിമാരടെ കൂടെരുന്നാ ലോ അണ്ണാക്കു തൊറക്കൂ?"

"വേണ്ട."

"ഉം?"

"വെശപ്പില്ല."

"പൈപ്പില്യാണ്ടാവണത് നല്ലതാ. മിതുനം കർ

കടൊ വര്ണത്.”

കുഞ്ഞൻപിഞ്ഞാണത്തിൽനിന്നു മുങ്ങിത്തപ്പി ഒരു കഷണം മീൻ തിരിച്ചുപിടിച്ചു ചോറിനു മുകളിലേക്കിട്ടു കുഞ്ഞാനുക്ക ക്ഷണിച്ചു:

“ചോറു വേണ്ടെങ്കിലും മീൻ തിന്നാം. പൊയമീനാ.”

“വേണ്ട.”

“പള്ളേല് ബെര്ത്തുണ്ടോ?”

“ആ.”

“ന്നാ ത്തിരി കെടന്നോക്ക്.”

അയാൾ എഴുന്നേറ്റു മുറ്റത്തേക്കിറങ്ങി. ഉമ്മറമുറ്റത്തിൻെറ അരുകിലൂടെ വേണം പടിപ്പുരസ്രാമ്പിയിലേക്കു പോകാൻ. തെക്കുഭാഗത്തെ കാളത്തൊഴുത്തിൻെറ മുൻവശത്തെ ഇരുട്ടിൽ കലന്തൻകുട്ടി ഇരുന്നു ബീഡി വലിക്കുന്നതു കണ്ടു. എരിയുന്ന ബീഡിയുടെ അറ്റം തെളിയുമ്പോൾ ഒറ്റക്കണ്ണുള്ള ഒരു ചെകുത്താനാണെന്നു തോന്നി.

ചുരുട്ടിൻെറ മണം ശ്വസിച്ചുകൊണ്ടു നടക്കുമ്പോൾ മുതലാളിയുടെ ചാരുകസേരയൊന്നനങ്ങി.

“അദ്ദുള്ളാ?”

അയാൾ തിരിഞ്ഞുനിന്നു.

"ബെയ്ച്ചോ?"

"ഉവ്വ്."

"വാ, പറേട്ടെ."

അയാൾ കോലായയിലേക്കു കയറിച്ചെന്നു.

പെട്രോമാക്സിൻെറ ഓളംവെട്ടുന്ന പ്രകാശത്തിൽ വാഴത്തോട്ടത്തിലൂടെ ചൂളമിട്ടുവരുന്ന കാറ്റിൽ കിടുകിടുത്തുകൊണ്ട് മുതലാളിയുടെ മുന്നിൽ നിന്നപ്പോൾ പകൽവെളിച്ചത്തിൽ വസ്ത്രങ്ങൾ ഊർന്നുവീണു നഗ്നനായപോലത്തെ ഒരു ജാള്യതയാണു തോന്നിയത്. അയാളുടെ ശിരസ്സു കുനിഞ്ഞു. മനസ്സിൽ പറഞ്ഞു: ഞാൻ വീണുപോവുകയാണ്, താഴേക്കു താഴേക്കു വീണുപോവുകയാണ്.

"കുപ്പായയെടുത്തു?"

പ്രതീക്ഷിക്കാത്ത ഒരു ചോദ്യമാണ് ആദ്യം തന്നെ എടുത്തിട്ടത്.

വളരെ പ്രയാസപ്പെട്ടാണ് അയാൾ മറുപടി പറഞ്ഞത്:

"മുറീലുണ്ട്."

"ആ, അങ്ങനെ ബുദ്ധിവരട്ടെ. എന്നും കുപ്പായും പാപ്പാസുട്ട് നടന്നാപ്പോരലോ മ്മക്ക്."

"തെരക്കൊന്നു കയ്യ്യട്ടെ പറയാൻന്ന് വെച്ചി ട്ടേര്ന്ന് ഞാൻ നിന്നിരുന്ന്." സ്വർണ്ണക്കമ്പികളി ലുറപ്പിച്ച കണ്ണടച്ചില്ലുകളിലൂടെ മുതലാളിയു ടെ കണ്ണുകൾ ഉയർന്നുവന്നു: "എന്നും ങ്ങനെ മുറിൻെറവുത്തു കുത്തിര്ന്നാപ്പോര. ആളേം മന്സനേം കാണാണ്ട് പറ്റൂലല്ലോ."

"ഉം."

മമ്പാട്ടയ്ക്കു ബിടണംന്നായ്ര്ന്ന് മനസ്സോണ്ട് ഞാൻ കുറ്ട്ടത്. കലന്തൻകുട്ടീൻെറന്സൻ കോയാമൂനെ അങ്ങട്ടു വിട്ട്. പണിക്ക് ഇബടെത്തന്നെ ആള് മ്മിണി വേണം. പറമ്പത്തൊടീല് നാളെ വെയിലും ബക്കാനും ണ്ടെങ്കി പൂട്ടണം. പയറ്റീന്ന്."

അയാൾ എല്ലാം കേട്ടുനിന്നു.

മുറ്റത്തെ പ്രകാശവലയത്തിനപ്പുറത്തെ ഇരു ട്ടിൻെറ ലോകത്തിലേക്കു കണ്ണോടിച്ചു. ഊർ ച്ചക്കാളത്തൊഴുത്തിൻെറ കോലായയിൽ ഒരു തീക്കണ്ണുപോലെ എരിയുന്ന ബീഡിത്തലപ്പ് അപ്പോഴും കണ്ടു. ഉള്ളിൽ എന്തുകൊണ്ടോ അരിശം പുകഞ്ഞുപൊങ്ങി.

മുതലാളിയുടെ സ്വരം പകർന്നു:

"ജ്ജെന്താ മുണ്ടാത്ത്?"

പ്രകടമായ നീരസത്തോടെ അയാൾ മുതലാളിയെ നോക്കി. നായരുട്ടി, അബ്ദുള്ളക്കുട്ടിയായി. പിന്നെ മുതലാളിയുടെ ഭാഷ മാറുന്നത് എത്ര വേഗത്തിലാണ്!

“എന്താ മിണ്ടങ്ങ്?” ആ സ്വരത്തിൽ ഒരലക്ഷ്യ ഭാവമുണ്ടായിരുന്നു. അയാൾ തലയുയർത്തി. മുതലാളിയെ ഇമവെട്ടാതെ നോക്കി.

ചാഞ്ഞുകിടക്കുന്നേടത്തുനിന്നു പാതിയെഴുന്നേറ്റു വീട്ടിക്കസേരയുടെ കനത്ത കൈത്തണ്ടുകളിൽ വിരലുകളമർത്തിനിന്നുകൊണ്ടു മുതലാളി ഉറച്ച ശബ്ദത്തിൽ ചോദിച്ചു:

“ജ്ജ് ന്നോടു തറക്കുത്തരം പറയ്വാണ്ടാ?”

വാക്കുകൾ നാക്കിൻതുമ്പത്തു വന്നതാണ്: ‘സൂക്ഷിച്ചു സംസാരിച്ചോ മുതലാളിയാണെന്നു ഞാനോർക്കില്ല.’

“മാർക്കംകുട്ട്യോനെ ഒക്കെ മുന്നൂറ്റിറു പത്തഞ്ചു ദിവസ്സും ചെല്ലും ചെലവും കൊടുത്തു പോറ്റിക്കോളാംന്ന് ഞമ്മക്ക് കരാറില്ല. പണിട്ത്താൽ ളേളലെന്തി തിന്നാം.”

നിമിഷങ്ങൾകൊണ്ട് അരിശം കെട്ടടങ്ങുകയാണു ചെയ്തത്. ശരീരത്തിൻെറ ശക്തി മുഴുവൻ നഷ്ടപ്പെട്ടപോലെ അയാൾ

തളർന്നൊടിഞ്ഞുനിന്നു. ചോര പതഞ്ഞൊഴുകു ന്ന മുഖത്തു ചുളുചുളുപ്പുണ്ടാക്കുന്ന തണുത്ത കാറ്റിലും വിയർപ്പു പൊടിഞ്ഞു.

"ഉം, പൊക്കോ. ബുദ്ദീല്ലെല്ലാനാച്ചാ ജ്ജ് ന്നേകൊണ്ടത് പറേപ്പിച്ചീർന്നില്ല."

പടിപ്പുരയുടെ താഴത്തെ മുറിയിൽ ഒരു നിഴൽ പോലെ അയാൾ മുളഞ്ഞു. ഇരുട്ടിൽ മുറിയുടെ നടുവിൽ ഒരു പഴന്തുണിപോലെ കുഴഞ്ഞുനി ല്ക്കുമ്പോൾ ശരിക്കു ബോധമുണ്ടായിരുന്നില്ല.

തൊണ്ടയിൽ എന്തോ തടഞ്ഞുനില്ക്കുന്നു. ജാലകത്തിനടുത്തേക്കു നീങ്ങി മഴവെള്ളത്തിൽ കുതിർന്ന ഇരുമ്പഴികൾ മരവിച്ച വിരലുകൾ ക്കിടയിൽ ഞെരുക്കിപ്പിടിച്ചുകൊണ്ടുനില്ക്കേ, കണ്ണുകൾ നനയുന്നുണ്ടെന്നു തോന്നി.

അയാൾക്കു തന്നെക്കുറിച്ചുതന്നെ അറപ്പു തോന്നി. ആരേയും കുറ്റപ്പെടുത്തുന്നില്ല.

നിനക്കിതു കിട്ടണം...

പുറത്തു മഴച്ചാറലിനു വീണ്ടും ജീവൻ വെക്കാൻ തുടങ്ങിയിരുന്നു.

സമയം നീങ്ങിയതറിഞ്ഞില്ല. ഓർമയുടെ ചുഴി ക്കുത്തിൽ മനസ്സ് ഒഴുകിയെത്തിയ ഓലത്തുരു മ്പുകൾപോലെ ചുറ്റിത്തിരിഞ്ഞുനിന്നു.

പടിവാതിലടയ്ക്കുന്ന ശബ്ദം കേട്ടപ്പോൾ മാത്രമാണ് കിടപ്പിന്റെ കാര്യമാലോചിച്ചത്. അരുകിൽ ഒരു മെത്തപ്പായും തലയണയും ചുരുട്ടിവെച്ചിട്ടുണ്ട്.

ഇന്നലെയും തനിച്ചായിരുന്നു.

മിനിഞ്ഞാന്നു പാതിര കഴിയുന്നതുവരെ സംസാരിച്ചിരുന്നു. പിന്നെ, നേരം വൈകിയതുകൊണ്ട് ഇവിടെത്തന്നെയാണ് അവർ കിടന്നുറങ്ങിയത്.

അതിനും മുമ്പുള്ള രാത്രി:

സിംഗപ്പൂര് അഹമ്മദുകുട്ടിയുടെ പുരയിലെ സൽക്കാരം കഴിഞ്ഞ് ഇറങ്ങിയപ്പോൾ കൂട്ടിനു പോന്ന ചെറുപ്പക്കാർ പറഞ്ഞു:

“രണ്ടു കയ്യ് കസകപ്പാ, അദ്ദുള്ളാക്കാ.”

പുലരുന്നതുവരെ അവിടെ ഇരുന്നു ചീട്ടുകളിച്ചു. പിന്നെ നാലുപേരും കളിക്കാൻ നിവർത്തിയിട്ട പായിൽത്തന്നെ ചുറ്റിപ്പിണഞ്ഞുകിടന്നു.

ഇന്നലെ വെപ്പുകാരൻ കുഞ്ഞാനുക്ക പറഞ്ഞതിന്റെ അർത്ഥം ഇപ്പോഴാണു മനസ്സിലാവുന്നത്.

“തന്നേള്ളൂന്ന്?”

“ആ, ആരെങ്കിലും വന്നൂന്നു വരും.”

“എന്നും ആളും മാളും ബന്നാ പറ്റൂലല്ലോ.”

“അതെന്താ കുഞ്ഞാനുക്കാ?”

“അതു സീലാവും, അതുതന്നെ.”

എന്നിട്ട് ഒരു കണ്ണിറുക്കി പതിവുപോലെ ഒരു കള്ളച്ചിരിയും ചിരിച്ചു.

ഓട്ടിൻപുറത്ത് ഒച്ചയോടെ ചിതറിവീണുകൊണ്ടിരുന്ന മഴത്തുള്ളികൾക്കു കനം കൂടിവന്നു. നിമിഷങ്ങൾ വേണ്ടിവന്നില്ല ഒരു മഴ തകർത്തു പെയ്യാൻ. ആ ഇരമ്പത്തിനിടയ്ക്ക് ഉമ്മറവാതിൽ അടയ്ക്കുന്ന ശബ്ദം കേട്ടു. അയാൾ മുറ്റത്തേക്കു നോക്കി. ഉമ്മറത്തു പെട്രോമാക്സില്ല. വീടും പറമ്പും ആകെ ഇരുട്ടിൽ മുഴുകിയിരിക്കുന്നു.

ജാലകത്തിലൂടെ അകത്തേക്കു വെള്ളം തെറിച്ചുവീഴുന്നുണ്ടായിരുന്നു. ഒരു തണുത്ത കാറ്റു വീണ്ടും കടന്നുവന്നു. ദേഹത്തിൽ രോമങ്ങൾ എഴുന്നു നില്ക്കുന്നതുപോലെ തോന്നി.

ബെഞ്ചിൽ കിടക്കുന്ന തീപ്പെട്ടിയെടുത്ത് കൈവെള്ളയിലുരസി ചൂടുപിടിപ്പിച്ച് ഒരു കൊള്ളി കത്തിച്ചു, വെറുതെ. ചുവന്ന വെളിച്ചം അണഞ്ഞപ്പോൾ ഇരുട്ടിനു കട്ടികൂടിയപോലെ തോന്നി.

മഴ പെയ്തുതീരുന്നതും കാത്തിരുന്നു. നില്ക്കുന്ന മട്ടില്ല. മാളത്തിനകത്തു കുടുങ്ങിപ്പോയ ഒരിഴജീവിയെപ്പോലെ അയാൾ പിന്നേയും മുറിയിൽ വട്ടത്തിൽ നടന്നു.

ഓട്ടിൻപുറത്തു വീഴുന്ന വെള്ളത്തുള്ളികളുടെ ശബ്ദം നേർത്തുനേർത്തു കേൾക്കാതായപ്പോൾ അയാൾ മുറിയിൽനിന്നു പുറത്തു കടന്നു. ഒരുനിമിഷം ഓർത്തുനോക്കി. ഒന്നുമില്ല. മുഷിഞ്ഞുനാറിയ പട്ടുകുപ്പായവും തലയിൽക്കെട്ടും അവിടെ കിടക്കട്ടെ.

ചളിവെള്ളം ഒഴുകുന്ന മുറ്റത്തിറങ്ങി മുണ്ടു മടക്കിക്കുത്തിനിന്ന്, അയാൾ നാലുപാടും കണ്ണോടിച്ചു. മുകളിലും താഴേയും ഇരുട്ട്. ഇടവപ്പാതിക്കാലത്തു വാഴപ്പൊത്തുകളിൽ ഒളിച്ചുകളിക്കാറുള്ള മിന്നാമിനുങ്ങുകളെക്കൂടി കണ്ടില്ല. പടിപ്പുരവാതിൽ തഴുതിട്ടിരിക്കയാണെന്ന് ഓർമയുണ്ടായിരുന്നു. വേണമെങ്കിൽ തുറക്കാം; ആരും ചോദിക്കില്ല. പോവുകയാണെന്നറിഞ്ഞാൽത്തന്നെ ആർക്കും എതിരില്ല. നിശ്ശബ്ദതയെ വേദനിപ്പിക്കാൻ മടിതോന്നിയതുകൊണ്ടു താഴെ കന്നുകാലികളും ചെറുമക്കളും കടക്കുന്ന ചെറിയ വാതിലിലൂടെ സാവധാനം

കടന്ന് ഇടവഴിയിലേക്കിറങ്ങി.

നഗ്നമായ ശരീരം ചുഴ്ന്നിറങ്ങിക്കടന്നാണു കാറ്റു വീശിയിരുന്നത്. മഴവെള്ളം മണ്ണു നക്കിയെടുത്ത് എല്ലിൻതുണ്ടുകൾപോലെ കൂർത്തു നില്ക്കുന്ന ഇടവഴിക്ക് ഒരവസാനമില്ലെന്നു തോന്നി.

ഇടവഴിയുടെ മറുതലയെത്തിയപ്പോൾ സംശയിച്ചുനിന്നു. വെള്ളം നിറഞ്ഞുനില്ക്കുന്ന വയൽപ്പരപ്പാണ്.

കറുകപ്പുല്ലുകൾ പടർന്ന വരമ്പുകളിലൂടെ കവിഞ്ഞൊഴുകുന്ന വെള്ളം തട്ടിത്തെറിപ്പിച്ചുകൊണ്ട് ഇരുട്ടിന്റെ ലോകത്തിലൂടെ അയാൾ സാവധാനത്തിൽ യാത്ര തുടർന്നു.

# അദ്ധ്യായം ഏഴ്

# 1

സന്ധ്യയ്ക്കുമുമ്പേ എത്താറുള്ളതാണ് തെക്കുനിന്നുള്ള വണ്ടി. കാരക്കാടിനടുത്തു വെച്ച് ഒരു ചെറുപ്പക്കാരൻ തലവെച്ചു. അതു കാരണം ഒരു മണിക്കൂറിലധികം വൈകി. അറുമുഖൻ വണ്ടിയിറങ്ങുമ്പോൾ നേരം ഇരുട്ടാൻ തുടങ്ങിയിരുന്നു. പ്ലാറ്റ്ഫോറത്തിൻെറ അറ്റത്തു വലിയ മാവിൻെറ ചുവട്ടിലെ വിളക്കു കാലിൽ ഇരുമ്പുകോണിവെച്ചു കയറി പോർട്ടർ സെയ്തലവി വിളക്കു കത്തിക്കുകയായിരുന്നു.

കിഴക്കുമ്മുറിയിൽനിന്ന് ഇലക്കെട്ടുകൾ ചുമന്നു കാളിപ്പുറത്തു കൊണ്ടുവന്നു വണ്ടിക്കു കയറ്റിയിരുന്ന കാലത്താണ് അറുമുഖനു സെയ്തലവിയുമായി പരിചയം.

മുട്ടക്കച്ചവടക്കാരും കിണ്ണക്കാരുമായി ഏതാനും പേരേ ആ വണ്ടിക്കു കയറാനുണ്ടാവുകയുള്ളൂ. ഇറങ്ങുന്നവർ അതിലും കുറച്ചാവും.

ചാക്കുസഞ്ചി തൂക്കിപ്പിടിച്ച് പ്ലാറ്റ്ഫോമിൽനിന്നു കൊണ്ടു മങ്ങിയ വെളിച്ചത്തിൽ കടന്നുപോകുന്നവരെ നോക്കി. കിഴക്കുമ്മുറിക്കാർ ആരെങ്കിലുമുണ്ടോ? എന്നാൽ പോകാൻ കൂട്ടായി.

പന്തം ചുറ്റിയ വളഞ്ഞ ഇരുമ്പുകമ്പിയുടെ അറ്റം ഊതിക്കെടുത്തി സെയ്തലവി കടന്നുപോയപ്പോൾ അറുമുഖനെ കണ്ടില്ല. വിളിച്ചു:

"കണ്ണു മിഴീണില്യ മാപ്ലയ്ക്ക്."

"ആരാത്?" സെയ്തലവി തിരിഞ്ഞുനിന്നു.

"ആ അറുമുഖാ, ജ്ജപ്പളുണ്ടടോ?"

"ഞാൻ ചത്തിട്ട് അങ്കെന്തു കിട്ടാനാ?"

"പണ്ട് പോയിട്ട് ജ്ജപ്പളാ വര്ണ്?" അറുമുഖൻെറ മടിക്കുത്തിൽ കയറിപ്പിടിച്ചു സെയ്തലവി പറഞ്ഞു: "ആ കനപ്പട്യായിട്ടാണ്ലോ വരവ്!"

"എന്തു കനപ്പടി? ചെലവു മുട്ടും. ഊർച്ചപ്പണ്യോണ്ട് പണം വാരാൻ പറ്റ്വോ മാപ്ലേ?"

"ചായ പാർന്നിട്ടു വർത്താനം. ദൊന്നു വെച്ച്റ്റ് വരാ."

റെയിൽപ്പാളത്തിനപ്പുറത്ത് ഓല കുത്തിമറച്ച ഒരു ചെറിയ ചായപ്പീടിക കണ്ണു തുറന്നിരിക്കുന്നുണ്ടായിരുന്നു. തണ്ടുവാളം കടക്കുമ്പോൾ

വഴിക്കു കണ്ട കാഴ്ചയാണ് അറുമുഖന് ഓർമ്മവന്നത്. ആരോ തലവെച്ചിരിക്കുന്നുവെന്നു കേട്ടപ്പോൾ യാത്രക്കാരിൽ മിക്കവരും ഇറങ്ങി. ആൾക്കൂട്ടത്തിനിടയിലൂടെ എത്തിനോക്കിയപ്പോൾ കണ്ടതു ചാരവും ചുവപ്പും കലർന്ന നിറത്തിൽ ചിതറിക്കിടക്കുന്നതാണ്: തലച്ചോറ്, അപ്പുറത്തു വെളുത്ത പൂഴിമണ്ണിൽ ചോരയുടെ ഒരു തടാകം...ഓക്കാനം വരുന്നപോലെ തോന്നി. തിരിച്ചുപോരുമ്പോൾ പലരും പറഞ്ഞു: നല്ല തണ്ടും തടിയുമുള്ള ചെറുപ്പക്കാരനായിരുന്നു. എന്തേ ഇതു തോന്നാൻ?

"മോന്ത്യാമ്പളയ്ക്ക് ഒന്നു കുടീപ്പോയിട്ടു ബരണംന്ന് നിരീച്ചതാ. അപ്പളയ്ക്കാ ഈ ഹലാക്കിൻെറ വണ്ടി അറുപത്തഞ്ചു മിനിട്ടു ലെയ്റ്റ്."

"ഒര്ത്തൻ തലവെച്ചു."

"ഗുഡ്സ്വണ്ടീടെ ഗാഡ് പറഞ്ഞിട്ടാ ഞമ്മളറിഞ്ഞ്. ഹലാക്കിന് ഇപ്പഹേര്ക്ക് ചാവാൻ വേറെ സലം ല്യേ? ആളോളെ എടങ്ങേറാക്കാൻ?"

ആ തമാശയിൽ അറുമുഖൻ പങ്കുകൊണ്ടില്ല. കൺമുന്നിൽനിന്നു ചിതറിക്കിടക്കുന്ന തലച്ചോറും പൂഴിമണ്ണിൽ കിനിഞ്ഞിറങ്ങുന്ന ചോരയും മാഞ്ഞുകിട്ടാൻ ആഗ്രഹിക്കുകയായി

രുന്നു.

"നാട്ടിലെ വർത്താനെന്തൊക്ക്യാ മാപ്ലേ? ഞാൻ പോയിട്ടു മാസം എട്ടൊമ്പതായി."

"എന്തു വർത്താനം?" മന്സ്സനെ കട്ടത്തിലാക്കാനുള്ളതൊക്കെണ്ട്. മയോട് മയ! പാടത്ത് ഞാറൊക്കെ ചീഞ്ഞു. കയിഞ്ഞ നാറായ്ച്ച മയ പിടിച്ചിട്ട്ന്നാ ഒരു വെക്കാനം കാണ്ണ്. പൊന്നിൻെറ വെല കൊടുത്താലും അരി കിട്ടൂല. കപ്പപ്പൂള തിന്നിട്ടെങ്കിലും മന്സന്മാർക്ക് വയ്പ്പ് മാറ്റാച്ചാൽ അയ്ന്ള്ള വീര്യെന്താ? പൊയേച്ചാടാനും റെയ്ല്മ്മ്ത്തലവെക്കാനും ഒക്കെ തോന്നീല്ലെങ്കിലല്ലെ അതിഷയം."

ശർക്കരെയിട്ട ചായ മോന്തിക്കുടിക്കുന്നതിനിടയിൽ അറുമുഖൻ ജോലിസ്ഥലത്തെ വിവരങ്ങൾ പറഞ്ഞു. ഈർച്ചക്കാർക്കു നല്ല കൂലിയുണ്ട് മമ്പാട്ടും നിലമ്പൂരുമൊക്കെ എന്നു കേട്ടിട്ടാണ് നാടുവിട്ടത്, കരാറുപണിയാണ്. രണ്ടര റുപ്പികയ്ക്കു മൊത്തം നയിക്കും. മിനക്കെട്ടാൽ മൂന്നുറുപ്പികവരെയാക്കാം. നാലണ വാളിനു വാടക കൊടുക്കണം. ചുരുങ്ങിയത് പത്തുപന്ത്രണ്ടണയില്ലാതെ ചെലവു കഴിയില്ല. നാട്ടിലേക്കു മാസം പത്തുറുപ്പികയുടെ

കാശെങ്കിലും ചെന്നിട്ടില്ലെങ്കിൽ പെണ്ണിന്റേയും കുട്ടികളുടേയും കാര്യം പരുങ്ങലാവും. ഇതൊക്കെ കഴിഞ്ഞാൽ പിന്നെ എന്താണു സമ്പാദ്യം?

“ഒന്നുണ്ട് സെയ്താല്യേപ്ലേ. നാട്ടില് പണി കിട്ട്യാ കിട്ടീന്നേള്ളു. മിതുനംകർക്കടകം വന്നാ ഉണലുമുട്ടണം. ഊർച്ചപ്പണിക്കാർക്ക് അവിടെ എന്നും പണീണ്ട്. അത് വല്യ കാര്യാ.”

സെയ്തലവി കാശു കൊടുക്കാൻ ഭാവിച്ചെങ്കിലും അറുമുഖൻ സമ്മതിച്ചില്ല. അവിടെനിന്നു തന്നെ ഒരു കെട്ടു ബീഡി വാങ്ങി.

പുറത്തിറങ്ങിയപ്പോൾ സെയ്തലവി ചോദിച്ചു: “ജ്ജ ന്നാന്നി മടക്കം?”

“നാലീസം കുടീലു കൂടണം. ന്ന്ട്ടേള്ളു. അയിന്റെടേല് ഞാൻ കാണണ്ട് സെയ്താല്യാപ്ലെ. ചന്തേല് വരും ഞാന്.”

ആകാശം കറുത്തു നില്ക്കുകയായിരുന്നു. പടിഞ്ഞാറ് ഒച്ചയില്ലാതെ ഇളിച്ചുകാട്ടുന്നപോലെ മിന്നൽപ്പിണരു തെളിയുന്നതു നോക്കിക്കൊണ്ടു സെയ്തലവി പറഞ്ഞു:

“ജ്ജിനി വെക്കം നടന്നോ. ഇടീം മയേം ബറണേന്ന് നുമ്പേ അക്കരെപ്പറ്റ്.”

“പൊഴേല് വെള്ളങ്ങനെ?”

"മുക്കാപ്പൊയ വെള്ളള്ളു. തോണി ബെലങ്ങാൻ പണില്യാന്നാ കേട്ട്."

പ്ലാറ്റ്ഫോമിൽ കയറി സെയ്തലവിയോടു യാത്ര പറഞ്ഞു. റെയിൽപ്പാളത്തിന്റെ അരുകിലൂടെ പടിഞ്ഞാട്ടു നടന്നു പാലത്തിനിപ്പുറത്തു വെച്ച് വയലിലേക്കിറങ്ങി. ഇരുട്ടിനു കനം കൂടിയിരുന്നു.

മഴ വരുന്നതിനുമുമ്പേ പുഴ കടന്നുകിട്ടണം. പുഴവക്കിനും വയലിനുമിടയ്ക്കുള്ള ഞാറ്റുവട്ടികളിൽ നേന്ത്രവാഴത്തോട്ടങ്ങൾ വന്നതുകൊണ്ട് പഴയ വഴികൾ മാറിയിരിക്കുന്നു. മഴ പെയ്തു കുതിർന്നു വഴുക്കുന്ന വരമ്പുകളിലൂടെ ധൃതിയിൽ നടക്കാൻ വയ്യ. ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന പുഴയ്ക്കലെമ്പലത്തിന്റെ അരുകിലൂടെ വെച്ചാൽ എളുപ്പത്തിൽ പുഴവക്കിലെത്താം.

പുഴ ഇരുതലമുട്ടിക്കിടക്കുകയാണെന്നു തന്നെ പറയാം. കരയോടുതൊട്ട് അവിടവിടെ മലവെള്ളം നക്കിത്തിന്നു ബാക്കിയായി കിടക്കുന്ന ചെറിയ മണൽത്തിട്ടുകൾ കാണാം. വർഷക്കാലമായതുകൊണ്ടു ചിലപ്പോൾ കെട്ടുതോണി മടങ്ങിയിരിക്കുകയില്ല. തോണിക്ക് ആളുവരുന്നുണ്ടെന്നറിയിക്കാൻ ഒന്നു കൂക്കി

അറുമുഖൻ ധൃതിപിടിച്ചു നടന്നു. പുഴവക്കി ലേക്കിറങ്ങിയപ്പോൾ നോക്കി. ഇല്ല, ഇക്കരെയിൽ തോണിയുടെ വെളിച്ചം കാണുന്നില്ല. മറു കരയിൽ കടവിനു സമീപമുള്ള നിസ്കാരപ്പള്ളി യുടെ കോലായിൽ ഒരു വെളിച്ചം കണ്ടു. താഴെ വർഷകാലത്തു കെട്ടിയുണ്ടാക്കാറുള്ള കടവു പുരയിൽ വെളിച്ചമില്ല. ഒരുപക്ഷേ, ഹൈദരസ് കടവുപുര വെച്ചുകെട്ടേണ്ടെന്നു കരുതിയിരി ക്കും.

ഇന്ന ദിവസമാണ് വരുന്നതെന്നു കാർ ഡിൽ എഴുതിയിട്ടില്ല. മരപ്പേട്ടയിലെ വാസു റൈറ്ററെക്കൊണ്ടാണ് കോതമ്മയ്ക്ക് ഒരു കാർ ഡെഴുതിച്ചത്: അടുത്തു വരുന്നതാണ്. നിനക്കും കുട്ടികൾക്കും ദൈവകൃപയാൽ സുഖക്കേടൊ ന്നുമില്ലെന്നു കരുതി സമാധാനിക്കുന്നു.

മഴക്കാലം തുടങ്ങിയമുതൽക്കാണ് വീടിനെ പ്പറ്റി കൂടുതൽ ആലോചിക്കാൻ തുടങ്ങിയത്. മരപ്പേട്ടയുടെ തൊട്ടുള്ള വിറകുപുരയിൽ ഒരട്ടി പ്പുറവെട്ടുപലകകളുടെ മീതെ പായ നിവർത്തി യിട്ടു കിടക്കുമ്പോൾ, തണുപ്പ് എല്ലുകളിലേക്ക് അരിച്ചിറങ്ങി ശരീരം വിറയ്ക്കുമ്പോൾ, ഉറക്കം വരില്ല. മനസ്സ് നടുവൊടിഞ്ഞു കിടക്കുന്ന

ചെറിയ വയ്ക്കോൽപ്പുരയുടെ ഉള്ളിൽ ചുറ്റിത്തിരിയാൻ തുടങ്ങും.

മോന്തായമൊന്നു കൂട്ടു മാറ്റണം. മുളകൊണ്ടു മുട്ടുകൊടുത്തു നിർത്തിയിരിക്കുകയാണ്. നാലുകൊല്ലം മുമ്പ് ഒരു തുലാമാസത്തിലാണ് പുരപ്പുറത്തേക്കു തെങ്ങുവീണത്. മരണത്തിൽ നിന്നും മൂന്നു ജീവൻ രക്ഷപ്പെട്ടതോർക്കുമ്പോൾ ഇന്നും അത്ഭുതം തോന്നും. അന്ന് അപ്പുട്ടിയെ പെറ്റിട്ടില്ല.കുഞ്ഞനു പനിയായിരുന്നു. അവനെ നടുവിൽ കിടത്തി ഇരുവശത്തുമായി കിടന്നുറങ്ങുമ്പോഴാണ് തകർച്ചയുടെ ശബ്ദം കേട്ടുണർന്നത്. മഴവെള്ളം മോന്തായത്തിലൂടെ കുത്തിയൊഴുകുന്നു. ഒന്നും മനസ്സിലായില്ല. പുറത്തിറങ്ങി നോക്കിയപ്പോൾ ആകെ മരവിച്ചുപോയി. മുറ്റത്തു നിന്നിരുന്ന തന്തത്തെങ്ങു വീണപ്പോൾ മറുവശത്തെ കാഞ്ഞിരത്തിൽ ച്ചെന്നു തങ്ങിയിരുന്നില്ലെങ്കിൽ മൂന്നുപേർ മണ്ണിലരഞ്ഞു ചേരുമായിരുന്നു. വേരു മുഴുവൻ കട്ട കുത്തി പുറത്തുചാടിയ ആ തന്തത്തെങ്ങ് പുരയ്ക്കു ചാഞ്ഞാണു നില്ക്കുന്നതെന്ന് ആളുകൾ പറയാറുള്ളതാണ്. എന്നിട്ടും മുറിച്ചില്ല. കുന്നിൻപുറത്ത് ആകെ അങ്ങനെ ഒരു

തങ്ങളേയുള്ളു. പലരും തൈ വെച്ചിട്ടുണ്ടെങ്കി ലും പിടിച്ചിട്ടില്ല. പണ്ടെന്നോ അബദ്ധത്തിൽ പാറക്കെട്ടിൽ വേരുപിടിച്ചുപോയ ആ മരം എല്ലാ വർക്കും അത്ഭുതമായിരുന്നു. പുരയുടെ മോ ന്തായം ഒന്നു ശരിയാക്കണമെങ്കിൽ പത്തമ്പതു റുപ്പികയെങ്കിലും വേണ്ടിവരും. ഒമ്പതുമാസത്തെ കൂലിയിൽനിന്നും മിച്ചംവെച്ച നൂറ്റിപ്പത്രണ്ടു റുപ്പികയുണ്ട് കൈയിൽ. ഈർച്ചവാളിന്റെ പിടി യുടെ തഴമ്പു രണ്ടു കൈയിലും മുഴച്ചുനില്ക്കു ന്നു.

തോണി മറുകരയിലായിരുന്നു. അറുമുഖൻ ഉറക്കെ ഒന്നു കൂക്കി: "ഹൈദ്രോസ് മാപ്പിള കടവത്തില്ലേ?"

രണ്ടാമതൊന്നുകൂടി കൂക്കിയപ്പോൾ കടവത്തുനിന്നു മറുകൂക്കം കേട്ടു. സമാധാ നമായി. നിസ്കാരപ്പള്ളിയുടെ കോലായയിലെ വിളക്ക് ഇളകി.

ചാക്കുസഞ്ചി നനഞ്ഞ മണലിൽവെച്ചു കുന്തി ച്ചിരുന്ന് അറുമുഖൻ ഒരു ബീഡി കത്തിച്ചു.

ഒമ്പതുമാസം വേണ്ടത്ര ഉറങ്ങുകകൂടിയുണ്ടാ യില്ല. നിലാവുള്ള രാത്രികളിൽ പാതിരവരെ ഇരുന്നു പണിയെടുക്കും. താനൂർക്കാരൻ ഒരു

ശങ്കരനുണ്ടായിരുന്നു കൂട്ടിന്. അവൻ മൂന്നര ഉറുപ്പികയ്ക്കു പണിയെടുക്കാത്ത ദിവസമില്ല. മനസ്സിൽ ഉറപ്പിച്ചു: ഇക്കുറിയെങ്കിലും മിഥുനം കർക്കിടകത്തിന്റെ ക്ഷീണം കുട്ടികൾക്കു തട്ടാതെ നോക്കണം.

നാട്ടിൽ ഇക്കാലത്ത് ക്ഷാമമാണ്. പണിയില്ല, കാശില്ല. തിരുവാതിര ഞാറ്റുവേല;കോരിച്ചൊരിയുന്ന മഴയും. അച്ഛൻ ജീവിച്ചിരിക്കുന്ന കാലത്തു പറയാറുണ്ടായിരുന്നു: "വേനലാറുമാസം പണിട്ത്തു വർഷം ആറുമാസം തിന്നണം." കഴിഞ്ഞുകൂടാൻ കാശുണ്ടെങ്കിൽ മഴയും തണുപ്പുമുള്ള മാസങ്ങളിൽ വീട്ടിനകത്തെ ചൂടനുഭവിച്ചു ചുളിപ്പിടിച്ചിരിക്കുന്നത് ഒരു സുഖമാണ്.

നൂറ്റിപ്പന്ത്രണ്ടു റുപ്പിക മനസ്സിൽവെച്ചു വീതിച്ചു. കുട്ടിയും കിഴിച്ചും കളിക്കുമ്പോൾ കടവു തോണിയിലെ റാന്തൽവെളിച്ചം ഓളത്തട്ടുകളിൽ മിന്നിമറഞ്ഞുകൊണ്ട് അടുത്തടുത്തു വന്നു.

തോണിയണഞ്ഞതു താഴെയാണ്. മണൽത്തിട്ടിന്റെ ശേഷിച്ച കര പറ്റി നടന്നു തോണിക്കടുത്തെത്തിയപ്പോൾ കൊമ്പത്തിരുന്നു ഹൈദ്രോസ് മാപ്പിള ഒരു നാടൻചുരുട്ടു വലിക്കുകയായിരുന്നു. തോണിത്തട്ടിൽ കുനി

ഞ്ഞുനിന്നു കുത്തുപാളകൊണ്ട് ആരോ വെള്ളം വാർക്കുന്നു. പുഴയിൽ വെള്ളം നില തെറ്റിയാൽ ഹൈദ്രോസ് മാപ്പിളയ്ക്ക് ഒരു സഹായി ഉണ്ടാവും.

"ആരാദ്?"

"ഞാനല്ലേ ഹൈദ്രോസാപ്ലേ."

"ആര്?"

"പടിക്കാപ്പറമ്പിലെ അറുമുഖൻ."

"എന്താണ്ടാ വൈകീത്?"

"അഞ്ചേരവണ്ടിക്ക് വന്നതാ."

"ആ."

കുത്തുപാളകൊണ്ടു വെള്ളം വാർക്കുന്ന ആൾ വിളിച്ചു: "അറുമുഖാ, ജ്ജ് പെനാങ്കിലെത്തീന്നല്ലേ ഞമ്മളൊക്കെ വിചാരിച്ച്."

ശബ്ദം കേട്ടപ്പോൾ അറുമുഖന് ആളെ മനസ്സിലായി.

"പെനാങ്ക്ന്ന് വരാന്നു കൂട്ടിക്കോ സുപ്പിക്കുട്ട്യേ."

"അടങ്ങരെ പ്രാവീട്ടാ ഞാൻ തോണി വിട്ട്. പൊയ നറച്ചു വെള്ളാ. സുപ്പിക്കുട്ടീനോട് പറീംചെയ്തു, ഏതു ഹമുക്കാ അന്ത്യാവോളം അക്കരെ കാത്തുനിന്നു കൂക്കുംവിളി കൂട്ട്ണ്ന്ന്."

“വണ്ടിന് ത്തിരി വൈകി ഹൈദ്രോസാപ്ലെ. ഒരിത്തൻ തലവെച്ചു.”

“എവിട്ന്ന്? എപ്പോ?”

“നല്ല തണ്ടും തടീള്ള വാല്യക്കാരൻ. കാരക്കാടടുത്ത്ന്ന്.”

“തീർന്നോ?”

“തീർന്നുന്നോ? തലച്ചോറു രാജ്യം മുഴ്വാൻ ചീക്കിപ്പരത്തി ഇട്ടിരിക്കല്ലേ? എൻെറ പത്തുമുപ്പതു വയസ്സിനിടയ്ക്ക് ശ്ശ്യാക്കെ കണ്ടിട്ടിണ്ട് ഞാൻ. ഇദ് കാണാൻ വയ്യ. ഒന്നേ നോക്കീള്ളു.”

ഹൈദ്രോസ് മാപ്പിള ചുരുട്ടിൻെറ കുറ്റി കലങ്ങിയ വെള്ളത്തിലേക്കെറിഞ്ഞു റാന്തലിൻെറ തിരി ഒന്നുകൂടി കയറ്റി:

“ഓൻെറ ദുരിതം തീർന്നൂന്നു വെച്ചോ.”

സൂപ്പിക്കുട്ടി ചോദിച്ചു: “എന്തിനാത്രേ തലവെച്ചത് അറുമുഖാ?”

“അറിഞ്ഞൂടാ. എന്തെങ്കിലും ണ്ടാവും. ന്നാലും ഒന്നിന്വാക്കണം പോന്ന ഒരു വാല്യേക്കാരന് ആയിസ്സ് ഒടുക്കാൻ തോന്നണൂലോ. അതാനിയ്ക്ക്...”

ഹൈദ്രോസ് മാപ്പിള ലോകം അങ്ങനെയൊക്കെയായിരിക്കും എന്ന അർ

ത്തത്തിൽ മുളി.

"കേറൂട്."

"മ്മിണി കാലം കൂടീട്ട് വരുവല്ലേ. അപ്പോ ഇനാമ് വേണാട്ടോ അറുമുഖാ." സൂപ്പിക്കുട്ടി കരയിലൂടെ നടന്നു തോണി വലിച്ചു കയറ്റി. ഹൈദ്രോസ് മാപ്പിള പറഞ്ഞു: "കൊറച്ചുംകൂടി കേറ്റ്. ന്നിട്ട് വിടാം. ബെള്ളം കൂട്യോണ്ട് സാരല്യ. ബല്ലാത്ത ഒലു. എത്ര കേറ്റിവിട്ടാലും പുളിടെ ചോട്ടില് ചെന്നിട്ടാ അണ്വയാ. കടവത്ത് അടുപ്പിക്കണെച്ചാ ല് കല്യഞ്ചും കളിക്കണം."

കഴുക്കോല് എടുത്തു കൊമ്പത്തുനിന്ന് ഊന്നിക്കൊണ്ടു ഹൈദ്രോസ് മാപ്പിള പറഞ്ഞു:

"ചുക്കാൻ പിടിച്ചോ സൂപ്പിക്കുട്ട്യേ. ഒറ്റൂക്കിന്നു കേറണം."

തോണി നീങ്ങിത്തുടങ്ങിയപ്പോൾ ഹൈദ്രോ സ് മാപ്പിള ചോദിച്ചു: "ഇപ്പോ ഏതു രാജ്യത്താ ടാ അറുമുകാ?"

"നെലമ്പൂരക്ക്ത്ത്."

"എന്തിൻെറ ഏർപ്പാടാ?"

"ഈർച്ചന്നെ."

"എന്തിണ്ട് അവിടങ്ങളില് കൂലി?"

"കരാറാ. വല്യ കാശൊന്നൂല്യാ കൂട്ടിക്കൊ

ളിൻ.”

“സ്ഥിപ്പോ ഒരു കൊല്ലായ്യോ?”

“ഇല്ല. ഒമ്പതു മാസം. കഴിഞ്ഞാല്ലം ആയി ല്യം മകം കഴിഞ്ഞു പെലരെ പോയതാ ഞാൻ.”

“അൻെറ ചെക്കനെ മോന്തിക്ക് അങ്ങാടീ കണ്ടു.”

“നാട്ടിലെന്താക്യാ ഹൈദ്രോസാപ്ലേ വർത്താനം?”

ഹൈദ്രോസ് മാപ്പിള ഒറ്റവാചകത്തിൽ പറഞ്ഞു: “പടച്ചോൻ കൂടി മനുസമ്മാരുടെ കാര്യം മറന്ന്ക്ക്ണ്.”

കഴുക്കോലിനു നില കിട്ടാത്ത നടുവിലെത്തിയപ്പോൾ ഹൈദ്രോസ് മാപ്പിളയുടെ നിർദ്ദേശമനുസരിച്ച് നാലുവരി തണ്ടു തുഴഞ്ഞു കൊടുത്തു.

കടവിനടുത്ത് ഒഴുക്കു കൂടുതലായിരുന്നു. താഴത്തേക്കു കുതിക്കുന്ന തോണിയോട് ഹൈദ്രോസ് അമർഷത്തോടെ പറഞ്ഞു: “കളിക്കണ്ട, കളിക്കണ്ട.” എന്നിട്ടു കഴുക്കോലെറിഞ്ഞു. ചവിട്ടുപലകയോളം കുനിഞ്ഞുനിന്നു തോണിക്കൊമ്പു തിരിച്ചു. പ്രായമായാലും ഹൈദ്രാസ് മാപ്പിളയുടെ കൈയിൽ കഴുക്കോലു

കൊടുത്താൽ തോണി വിലങ്ങും.

കുറ്റിക്കയറു മുളയിലേക്ക് എറിഞ്ഞുപിടിച്ച് ഹൈദ്രോസ് പറഞ്ഞു: "എറങ്ങ്. കലമണ്ണു വഴ്ക്കും. വരണവരവില് ഒരു വീഴ്ചീംകൊണ്ട് പൊക്കോ കുടീല്."

അറുമുഖൻ ഇറങ്ങി.

"വരിൻ ഹൈദ്രോസാപ്ലേ, ഒരു ശിങ്കിളടിച്ച് പുവാം. വാടോ സൂപ്പിക്കുട്ട്യേ."

ഹൈദ്രോസ്മാപ്പിള പറഞ്ഞു: "ഇടീം മഴേം എപ്പളാ പൊട്ടിച്ചാടധാന്നറില്ല. തിരുവാതിരഞാറ്റേലേണ്. ചെല്ല്, വേം കുടീച്ചെല്ല്. തക്കാരത്തിനു പൂതിണ്ടെങ്കിൽ നാളെ വെളുപ്പിനു നോട്ടു മടീത്തിരുകീട്ട് ങ്ങട് പോരേ."

ഹൈദ്രോസ് മാപ്പിളയോട് എന്നും അറുമുഖന് ലോഗ്യത്തെക്കാളേറെ ബഹുമാനമായിരുന്നു.

മടിയിൽനിന്നു ചില്ലറ തപ്പിയെടുക്കാൻ തുടങ്ങുന്നതുകണ്ട് അയാൾ ചോദിച്ചു:

"ജ്ജെന്താ നോക്ക്ണ്?"

"കടവത്ത് കൂലി വേണ്ടേ?"

"പ്ഫാ! ജ്ജാരു മൊയലാളി വന്നിരിക്കണ്. അയിനും പാടെ മീൻ ബാങ്ങി കുടീക്കൊണ്ടോയ്ക്കൊടുക്ക്."

"ന്ന് ചെമ്മീൻെറ തല്ലാ അറുമുഖാ."

സുപ്പിക്കുട്ടി പറഞ്ഞു:

"ഉം, ചെമ്മീൻ തിന്നാ മതി. അന്നത്തിൻെറ വെള്ളം ചെല്ലണ്ടലോ മനസ്സന്. അറമുഖാ നേരമ്മിണ്യായി, നടന്നോ."

കിഴക്കുമ്മുറി അങ്ങാടി അടച്ചുകഴിഞ്ഞിരുന്നില്ല. മഴക്കാലമായതുകൊണ്ടാവാം നിരത്തിൽ അധികംപേരുണ്ടായിരുന്നില്ല. കോളുകഴിഞ്ഞു നേരത്തെ ആളുകൾ വീടുകളിലെത്തിയിരിക്കും. കൈതത്തോടിലേക്കു തിരിയുന്നേടത്തെ പീടികയുടെ മുന്നിൽ നിന്നു മീൻകച്ചവടക്കാരുടെ ആർപ്പുവിളി കേട്ടു: "അണയ്ക്കു മുപ്പത്. പോത്തുപോലത്തെ ചെമ്മീനല്ലാ മൊതല്. അണയ്ക്ക് മുപ്പത്."

നാലണയ്ക്കു ചെമ്മീൻ വാങ്ങാൻ നിന്നപ്പോൾ എതിർവശത്തെ ചായപ്പീടികക്കാരൻ ആന്തുരെ കമ്മള് വിളിച്ചുചോദിച്ചു:

"വര്ണ വഴ്യാ അറമുഖാ?"

"ആ."

നാലണ കടം നിറുത്തിയതിനു പണ്ടാരിക്കൽ തന്തയ്ക്കും തള്ളയ്ക്കുംകൂടി വിളിച്ച ആളാണ്. അറുമുഖൻ മനസ്സിൽ വിചാരിച്ചു.

മൂന്നു റാത്തൽ പൂളക്കിഴങ്ങു വാങ്ങി ചാക്കു സഞ്ചിയുടെ വള്ളികൾക്കിടയിൽ ഒതുക്കിവെച്ച് അറുമുഖൻ കൈതത്തോടിന്റെ മുകളിലത്തെ വരമ്പത്തേക്കു കയറി. ഇടവഴിയിലൂടെ കുന്നിൻ പുറത്തേക്കു കയറി അടയ്ക്ക വെട്ടുപുര കടന്നു ചെന്നാൽ ആശാരിവളപ്പിന്റെ പടിക്കലെത്തും. അവിടെനിന്നുള്ള കയറ്റം പടിക്കപ്പുറമ്പിലേക്കാണ്.

ഇടവഴിയിൽ നല്ല ഇരുട്ടാണ്. സംശയിച്ചു നില്ക്കുമ്പോൾ പിന്നിൽനിന്ന് ഒരു ചൂട്ടു വരുന്നതു കണ്ടു. അടുത്തെത്തട്ടെ; ആ വെളിച്ചത്തിൽ കുന്നിൻചരുവിലെത്തണം; ഇടവഴി കടന്നാൽ പിന്നെ സാരമില്ല.

ചൂട്ടുകാരൻ അടുത്തെത്തിയപ്പോൾ അറുമുഖൻ ചോദിച്ചു:

"കുട്ട്യാരണങ്കമ്മള് എന്തേത്ര മുത്ത്?"

"ആരാത്?"

"ഇതട്ട്യേനാ. പടിക്കപ്പുറമ്പിലെ അറുമുഖൻ."

ചൂട്ടുവീശി ആളിക്കത്തിച്ചു നാരായണൻനായർ ആളെ ഒന്നാകെപ്പാടെ നോക്കി.

"വരണ വഴ്യാടോ?"

"ആ."

“നിയ്യ് ഏത് ശീമേലാടോ പ്പോ?”

“അട്യേൻ ഈൗർച്ചപ്പണീലാ. കമ്മളെന്താത്ര വൈകീട്ട്?”

ചൂട്ടു വീശി കമ്മൾ മുന്നിൽ നടന്നു. ആ വെളിച്ചം പറ്റിക്കൊണ്ട് അറുമുഖൻ ഇടവഴി കയറി.

“താഴത്തേല് പോയി. അവിടന്നങ്ങനെ അങ്ങാടീ പോയി. ആ തള്ള എത്ര ദിവസായി വെള്ളറങ്ങാണ്ട് കെടക്ക്ണു!”

“എന്താ സൂക്കേട് കമ്മളേ?”

“വയസ്സായേൻറന്നെ. മരിക്കണ്ട പ്രായോക്ക്യായി. അയിന് ഒരീസെങ്കി ഒരീസം നേർത്തേ ഒരു വഴി കൊടക്ക്വാ വേണ്ടൂ ദൈവേ.”

കുട്ടിക്കാലത്ത്അമ്മയുടെകൂടെതാഴത്തേതിൽ പലപ്പോഴും പോയിട്ടുണ്ട്. അമ്മ കുറെക്കാലം അവിടെ പണിയെടുത്തിട്ടുണ്ട്.

“മക്കളൊക്കെ അട്ത്ത്ണ്ടോ?”

“കുമാരന്ണ്ട്. മറ്റേ ചെക്കൻെറ കാര്യം യ്യ് കേട്ടിട്ട്ണ്ടാവ്വൂലോ?”

“എന്തേ ഗോവിന്ദൻകുട്ടിക്കൈമ്മൾക്ക്?”

“എന്തിനാ പറേണ്? യ്യ്തൊന്നും കേട്ടില്ല്യേടോ?”

“ഇല്ല്യ, അട്യേൻ എട്ടൊമ്പതു മാസായിട്ട് രാജ്യ

ത്തില്ലല്ലോ കമ്മളെ."

"ഓൻ മാർഗ്ഗംകൂടി."

അറുമുഖൻ പൊടുന്നനെ തരിച്ചുനിന്നു പോയി. താഴത്തേതിലെ ഒരു കമ്മളുകുട്ടി മാപ്പിളയായി എന്ന്!

"ആ തള്ളയ്ക്ക് വേഗം ദൈവമൊരു വഴി കൊടുത്താൽ ഭാഗ്യായി. അയിനു മരിക്കാനും വേണടോ ഭാഗ്യം. ഞാൻ പ്പോ ആ കെടപ്പ് കണ്ടിട്ടു വരാ. എന്തു സ്ഥിതീല് കഴിഞ്ഞതാ അവര് ഒരുകാലത്ത്."

കുന്നിൻചെരുവിലെത്തിയപ്പോൾ നാരായണൻനായർക്ക് തിരിയേണ്ട സ്ഥലമായി.

"കമ്മള് നടക്കിൻ, അട്യേൻ ഈ വഴിക്കാ."

ഒഴിഞ്ഞ പറമ്പിലൂടെ നടന്നുപോകുമ്പോൾ അറുമുഖൻ മരണം കാത്തുകിടക്കുന്ന താഴത്തേതിലെ വലിയമ്മാളെപ്പറ്റിയല്ല ആലോചിച്ചത്. മതം മാറിയ മകനെപ്പറ്റിയായിരുന്നു. ഇക്കാലത്തെ ചെറുപ്പക്കാർക്കൊക്കെ ഭ്രാന്താണോ? യാത്രയ്ക്കിടയിൽ കണ്ട റെയിൽപ്പാളത്തിൽ ജീവിതമവസാനിപ്പിച്ച ചെറുപ്പക്കാരൻെറ കാര്യവും ഓർമിച്ചു.

ആശാരിവളപ്പിൻെറ പടിക്കലെത്തിയപ്പോൾ

നോക്കി. പടിക്കപ്പുറമ്പിലെ പുരകളിലൊന്നും വെളിച്ചമില്ല. വേലിക്കടുത്തായി കണ്ടിരുന്ന കുഷ്ഠരോഗിത്തള്ളയുടെ ചെറിയ ഓലപ്പുര കാണാനില്ല. തള്ള ചത്തുപോയിരിക്കും. നന്നായി. എല്ലാവർക്കും ഉപദ്രവമുണ്ടാക്കി, എല്ലാവരുടെയും വെറുപ്പും അറപ്പും സഹിച്ചു കഴിഞ്ഞുകൂടുന്നതിലും ഭേദം മരിക്കുകയാണ്. അറുമുഖൻ മനസ്സിൽ നന്ദി പറഞ്ഞു.

ആദ്യത്തെ വിളിക്കുതന്നെ കോതമ്മ ഉണർന്നു. വാതിൽ തുറന്നശേഷമാണ് വിളക്കു കത്തിച്ചത്. നാട്ടിൽനിന്നു പോകുമ്പോൾ കണ്ട കോതമ്മയാണെന്നു വിശ്വസിക്കാൻ പ്രയാസം തോന്നി. മെലിഞ്ഞ് എല്ലും തോലുമായിരിക്കുന്നു. എണ്ണമയമില്ലാത്ത മുടി വികൃതമായി കിടക്കുന്നു.

“ട്ട്യോളൊറക്കായോ?”

“ഉം.”

“വണ്ടിത്തിരി വൈകി. ന്നാ ദൊക്കെ അങ്ങട്ട് വെച്ചോ. ചെമ്മീനാ. ദില് കെഴങ്ങ്ണ്ട്. ഞാൻ ഒന്നും കഴിച്ചിട്ടില്ല.”

അവൾ പരുങ്ങിക്കൊണ്ടുനില്ക്കുന്നതു കണ്ടപ്പോൾ കാര്യം മനസ്സിലായി. അത്താഴം

വെക്കാൻ അവിടെ ഒന്നും കാണില്ല.

"കെഴങ്ങ് പുഴുങ്ങിക്കോ. ഉപ്പും മൊളകുണ്ടോ?"

"ണ്ട്."

"ന്നാ ചെമ്മീൻകൊണ്ട് ഒരു കൂട്ടാനും വെച്ചോ. വല്യ ചെമ്മീനാ."

അകത്തു കടന്നു ചിമ്മിനിയുടെ വെളിച്ചത്തിൽ ഒരു പായക്കഷണത്തിൽ കെട്ടിപ്പിടിച്ചു ചുരുണ്ടുകൂടിക്കിടക്കുന്ന മക്കളെ രണ്ടുപേരെയും ഒന്നു നോക്കി. കാക്കിക്കുപ്പായമഴിച്ചു മൺചുമരിൽ കുത്തി നിർത്തിയ മുളങ്കമ്പിൽ തൂക്കിയിട്ടു ചോദിച്ചു:

"നമ്മടെ തള്ള തീർന്നോ?"

"ഇല്യ. എന്തേ?"

"പൊര വീണുപോയിലോ."

"നെടുമ്പുര കാറ്റത്തു വീണ്. ഇപ്പ കണ്ടോട്ടൻെറ ചായ്പ്പിലാ വെപ്പും തീനും. ഓലടെ ദുരിതം!"

അറുമുഖൻ എന്തോ ആലോചിച്ചുകൊണ്ടുനിന്നു. മരണം അങ്ങനെയാണ്. ആവശ്യക്കാരുടെ വാതില്ക്കൽ ഒരിക്കലും വിളിക്കില്ല.

"കെണറ്റിങ്കര പാളണ്ടോ?"

"ചൂടാക്കണോ? കൊടത്തില് വെള്ളണ്ട്."

"വേണ്ട, കയ്യും കാലും കഴ്ണേള്ളു."

കാലും മുഖവും കഴുകി അകത്തു കുട്ടികൾ കിടക്കുന്ന പായയുടെ വക്കിൽ ചുമരു ചാരി ക്കൊണ്ട് ഇരുന്ന് ഒരു ബീഡി കത്തിച്ചു. നല്ല വിശപ്പുണ്ട്. പുറത്തെ വാതിൽ തുറന്നുവെച്ച് കോതമ്മ ചിമ്മിനിവെളിച്ചത്തിൽ ചെമ്മീൻ തോടു കളയുകയായിരുന്നു.

അപ്പുട്ടിയുടെ എല്ലുകൾ പൊന്തിനില്ക്കുന്ന വാരി തടവിക്കൊണ്ട് ആശ്വാസത്തോടെ ഓർത്തു: ഒരു മാസമെങ്കിലും കുട്ടികൾക്കു വയറു നിറയെ ഭക്ഷണം കൊടുക്കാമല്ലോ.

മുളകിട്ട ചെമ്മീനും കിഴങ്ങു പുഴുങ്ങിയതും കാത്തു വിശന്നിരിക്കുമ്പോൾ നാശം, വീണ്ടും മനസ്സു റെയിൽപ്പാളത്തിനു വക്കിൽ ചിതറിക്കിടക്കുന്ന തലച്ചോറിനു ചുറ്റും സഞ്ചരിക്കുകയായിരുന്നു. മനം പുരട്ടുന്നതുപോലെ തോന്നി.

ശീതക്കാറ്റു വീശുന്ന കുത്തഴിയിലൂടെ കണ്ടുവിൻെറ പുര കാണാം. ആ പുരയ്ക്കു വടക്കുപുറത്തെ ചായ്പിൽ കുഷ്ഠരോഗിത്തള്ള കിടക്കുന്നുണ്ടാവുമിപ്പോൾ. അതു ചത്തുകിട്ടാൻ നാട്ടുകാർ മുഴുവൻ ആഗ്രഹിക്കാൻ തുടങ്ങിയിട്ട്

കൊല്ലങ്ങൾ എത്രയോ ആയി. കിഴക്കുമ്മുറി മുഴുവൻ ചത്തൊടുങ്ങിയാലും ആ തള്ള ചാവില്ല. വെറുപ്പോടെ അവൻ മുഖം തിരിച്ചു.

## 2

രാവിലെ ഒരു ചാറൽമഴ തുടങ്ങിയിരുന്നു. ആന്തൂർനായരുടെ ചായപ്പീടികയിൽ തീപ്പൂട്ടിത്തുടങ്ങുന്നതേയുള്ളു. വലിയൊരു തൊപ്പിക്കുട ചൂടി തോർത്തുമുണ്ടുടുത്തു വലിയ മുണ്ടുകൊണ്ടു പുതച്ചു കയറിവന്ന നാരായണൻനായരെ അല്പം വെറുപ്പോടെയാണ് നായർ നോക്കിയത്. കിട്ടാക്കുറ്റിയാണു രാവിലെതന്നെ കണി. ചായ കുടിച്ചു കടം പറഞ്ഞ് ഇറങ്ങിപ്പോയാൽ അന്നത്തെ കാര്യം അധോഗതിതന്നെ.

അടുപ്പിൻെറ ചൂടുപറ്റിനിന്നു കൈ ചൂടുപിടിപ്പിച്ചുകൊണ്ടു നാരായണൻനായർ ചോദിച്ചു:
“കേട്ടില്ലേ ഹേ?”

നീരസത്തോടെയാണു ചായക്കാരൻ നായർ

മൂളിയത്: "ഉം?"

"നമ്മടെ ആ പടിക്കപ്പുറമ്പിലെ അറുമുഖൻ ചെക്കനില്ലേ, ഓനെവിട്യോ ഈർച്ചപ്പണിക്ക് പോയിട്ട് ഇന്നലെ രാത്ര്യേ വന്ന്."

"ഞാൻ കണ്ടൂന്നലെ സന്ത്യയ്ക്ക്.."

"ആ, ഓൻ മരിച്ചു."

"ഹാര്?" നായർ പിടഞ്ഞെഴുന്നേറ്റു.

"അറുമുഖൻ. കുഞ്ഞിക്കാള്യേമ്മടെ മെണ്ണം കണ്ടു മടങ്ങുമ്പോ തോട്ടോരത്തുവെച്ച് ഞാൻ കണ്ടു ഓനെ. വഴിക്ക് ഗ്ലി വർത്താനം പറഞ്ഞു. ന്ന് രാവിലെ കേട്ടു ഓൻ മരിച്ചൂന്ന്. എന്താ ഭഗവാനേ, ദിനൊക്കെ പറേണ്ട്!"

"ഇന്നലെ സന്ത്യയ്ക്കല്ലേ ഓനെ കണ്ടത്, സഞ്ചീം പൊതീം ഒക്ക്യായിട്ട്. എന്തേര്ന്ന്?"

"കെഴങ്ങ് പുഴുങ്ങീത് രണ്ടുഭക്ഷണം തിന്നു. ത്തിരി ചെമ്മീനും കൂട്ടി. മനം പെരട്ട്ണൂന്നു പറഞ്ഞ്ണീറ്റു. പിന്നെ മേപ്പട്ടും കീഴ്പ്പട്ടും എടുത്തു. തീയത്തീടെ നെലോളി കേട്ട് കറപ്പനും കണ്ടും വന്ന് എട്ത്ത് കെടത്തി. അധികം എടണ്ടായില്ലാത്രേ പിന്നെ."

വേലായുധൻനായർ തീയുതുന്ന ചെമ്പുകുഴൽ ചേർത്തുപിടിച്ച് അടുപ്പിനുമുന്നിൽ കുന്തി

ച്ചിരുന്ന് അത്ഭുതത്തോടെ കേട്ടു.

"വരണ വഴ്യാ അറമുഖൊന്ന് ഞാൻ വിളിച്ചു ചോദിച്ചു. ആന്നും പറഞ്ഞ് ഓൻ എടേോഴി ലേക്കു തിരിമ്പോ ഇബടെ കുഞ്ഞിക്കണോരനും ചാത്തും ണ്ടായിരുന്നു. എന്താ ഇതു കഥ? മനു ഷ്യാവസ്ഥാന്നു പറേണതു കുറ്റല്ല."

വെള്ളം തിളയ്ക്കാൻ തുടങ്ങിയപ്പോൾ ചെമ്പു പാത്രത്തിലിട്ട മുക്കാലിൻെറ താളം തുടങ്ങി. നീരസം മറന്നു നായർ ആദ്യത്തെ ചായകൂട്ടി നാരായണൻനായർക്കു കൊടുത്തു.

"കട്ട്യോന്നൂല്യ. ആ പെണ്ണ് എപ്പളയ്ക്കാണാവോ അരിപ്പൊടീംകൊണ്ട് എഴുന്നള്ളത്!"

പതിവിനു വിപരീതമായി അന്തസ്സിൽ ചെവിക്കുറ്റിയിൽനിന്ന് അരയണയെടുത്തു പെട്ടിപ്പുറത്തുവെച്ചു കാലണ കടം പറഞ്ഞു നാരായണൻനായർ പുറത്തിറങ്ങി. പൂന്തോട്ടത്തിലൊന്നു പോണം. അവിടെ പോയിട്ട് കുറേ ദിവസമായി. തരപ്പെട്ടാൽ ഒരു ചാക്കു നെല്ലു വായ്പ ചോദിക്കണം. രാവിലെ പുറത്തിറങ്ങിയപ്പോൾ ആദ്യം കേട്ട വർത്തമാനം അറുമുഖൻെറ മരണമായിരുന്നു.

താഴത്തേതിലെ കുഞ്ഞിക്കാളിയമ്മ അതേ കി

ടപ്പിൽ കിടക്കുന്നു. അന്വേഷിച്ചപ്പോൾ കേട്ടു.

നാരായണൻനായർ കിഴക്കുമ്പുറി അങ്ങാടിയിലൂടെ നടന്നതോടെ അറുമുഖൻ മരിച്ച വിവരം നാട്ടിൽ പരന്നു.

നല്ലൊരു തീയച്ചെക്കനായിരുന്നു. ആന പിടിച്ചാൽ പിടെയ്യത്താത്ത തടീം!

മരിച്ച രീതിയെപ്പറ്റി പലരും പീടികക്കോലായകളിലിരുന്നു വാദിച്ചു.

മെയ്തീൻകുട്ടിയുടെ പലചരക്കുപീടികയുടെ മുന്നിൽ ചുളിപ്പിടിച്ചിരുന്നുകൊണ്ട് അപ്പുക്കുട്ടൻ പണിക്കർ അഭിപ്രായപ്പെട്ടു: അത് മറ്റതന്നെ."

"ഏത്?"

"പുഴയ്ക്കലെമ്പലത്തിൻെറ അടുത്തുകൂടി അല്ലേ നെറഞ്ഞ സന്ധ്യയ്ക്ക് ഓൻ നാലെ വന്ന്? മറ്റേക്കൂട്ടരെ വല്ലോരീം കണ്ടുപേടിച്ചിട്ടുണ്ടാവും. കാളിപ്പൊറത്ത് ഒരു ഹോമം കഴിഞ്ഞു രാത്രി മടങ്ങുമ്പോ ഒടിഭൈരവൻെറ അലർച്ച ഞാൻ കേട്ടതാ. നായടെ കോലേര്ന്ന്."

നാരായണൻനായരും അഭിപ്രായപ്പെട്ടു: "അതാവും; സംശല്യ."

മണ്ണാൻ കുഞ്ഞുണ്ണിയുടെ മരുന്നുപീടികയിൽ കുറച്ചുകാലം സഹായിക്കാൻ നിന്ന രാവുണ്ണി

പറഞ്ഞു: “അതിസാരാവും. ചെക്ത്താനും ബാധേം ഒന്നുല്ല. നേരത്തോട് നേരം കൂട്ണേൻെറ മുമ്പേ പണിതീരണ ജാതി അതിസാരാണ്.”

മറ്റുള്ളവർ, ഒരു വലിയ വൈദ്യൻ വന്നിരിക്കുന്നു എന്ന ഭാവത്തിൽ അവനെ പുച്ഛത്തോടെ നോക്കി.

അതിരാളൻെറ കലങ്കരിയുടെ വെളിച്ചപ്പാടായ ഗോവിന്ദക്കുറുപ്പ് ഒരു സംശയം പ്രകടിപ്പിച്ചു.

“ശത്രുക്കളുടെ പണിയല്ലെന്നാരു കണ്ടു?”

“ഇക്കാലത്ത് ഒടേ്യമ്മാര് എറങ്ങ്വോ? ചിങ്ങം കന്നികാലത്തല്ലേ?” ആരോ സംശയം ചോദിച്ചു:

“പിന്ന്യോ? കഴിഞ്ഞ കൊല്ലം ഇക്കാലത്ത് പടിഞ്ഞാറങ്ങാടീന്ന് അരച്ചാക്ക് അടയ്ക്കാണ്ടായിരുന്നതു വിറ്റ് പോരുമ്പോ-എന്തിനാ പറേണത്. ത്തിരി നാട്ടുവെളിച്ചംണ്ട്. തന്നെ-മാട്ട്വോറം എറങ്ങീട്ട്ളളു. എട്വോഴിടെ മോത്തെത്തുമ്പോണ്ട് ഒരു കൂറ്റൻ നിക്ക്ണു, വെള്ത്തിട്ട്. കൂറ്റൻന്ന് പറഞ്ഞാ മത്യോ?”

രാവുണ്ണി ഇടയിൽ കടന്നു പറഞ്ഞു: “മനോക്കാവിലെ കൂറ്റനാവും. അതു മാട്ട്വോറം എറങ്ങി വരാറുണ്ട്.”

“പ്ഫാ!” വെളിച്ചപ്പാട് ഒരാട്ടുവെച്ചുകൊടു

ത്തു. എന്നിട്ടു മറ്റുള്ളവരോടു ചരിത്രം വിവരിച്ചു:

"ൻറുള്ള് കാള്യേ കാളല്! പിന്തിരിഞ്ഞാപ്പോ യി. മനസ്സില് അതിരാളനീം ഭഗോതീനീം നല്ലോ ണ്ണം ധ്യാനിച്ചു. എഴ്ത്താണിപ്പിശാങ്കത്തിണ്ട് കൈയില്. അതു നീർത്തിട്ട് ജപിച്ചിട്ട് പറഞ്ഞു: "വഴിമാറ്ണണ്ടോ മര്യാദയ്ക്ക്?" ഒരു മിന്നല്. കൂ റ്റനെ എങ്ങാനൊരു ദിക്കില് കാണണ്ടേ? അത് എന്തേർന്ന് വിചാരം? ഒടിമാറ്റ്യേണ പാണർ പ്പളം ണ്ട്ന്നു കൂട്ടിക്കോളിൻ.

കുറുപ്പ് അവസാനിപ്പിച്ചപ്പോൾ അപ്പുക്കു ട്ടപ്പണിക്കർ മറ്റൊരിടത്തു മന്ത്രവാദത്തിനുപോ യി തിരിച്ചുവരുമ്പോൾ ആലിൻെറ കൊമ്പത്തു ഗന്ധർവ്വന്മാർ തീതുപ്പി നില്ക്കുന്നതു കണ്ട അനുഭവം വിവരിക്കാൻ തുടങ്ങി. നാരായണൻ നായർ അല്പം മടുപ്പോടെ പതുക്കെ സ്ഥലം വി ട്ടു.

പൂന്തോട്ടത്തിൽ ചെന്നുകയറിയപ്പോൾ ഉമ്മറത്ത്  ആരുമുണ്ടായിരുന്നില്ല. ശേഖരേട്ടൻ കുളിക്കുകയാണെന്നു പറഞ്ഞു. അന്ന് വാവൊ രിക്കലൊണ്. അകത്തു മാധവിയമ്മ മാത്രമായിരു ന്നു.

"തന്നേള്ളൂ?"

"ഉം." മാധവിയമ്മ അല്പം വല്ലായ്മയോടെ പറഞ്ഞു: "ശ്ശി കാലം തന്നെ ചെയ്തതാണല്ലോ."

"ഇന്നലെ വൈകുന്നേരം അമ്മേടടുത്തു പോയിരുന്നു. രാത്രിത്തെ പ്രകൃതം ന്താണാവോ!"

"ഞാൻ ന്നാലെ രാവിലെ ഒന്നു പോയിപ്പോന്നു. മുട്ടിച്ച് അവിടെ നിക്കാൻ പറ്റില്ലല്ലോ. ന്റെ പ്രാരബ്ധം ഞാനേ അറിള്ളു കുട്ട്യാരാണന്നായരേ."

"ഇനി അധികദിവസൊന്നും കെടക്കേണ്ട്യരില്ല അമ്മയ്ക്ക്."

"പണിയൊന്നൊത്ങ്ങീട്ടുവേണം പൂവാൻ. തരല്ലാന്നു കണ്ടാ ഉടനെ ആളെ വിടണ്ന്ന് കുഞ്ഞുകുട്ടിനോടും പറഞ്ഞിട്ടുണ്ട്. അവസാനകാലത്ത് എല്ലാറ്റിനീം അട്ത്ത് കണ്ടു കണ്ണടയ്ക്കാനുള്ള ഭാഗ്യം അമ്മയ്ക്കുണ്ടായില്ലേ."

മാധവിയമ്മ ഇടത്തെ കൈവിരലുകൾകൊണ്ടു രണ്ടു കണ്ണും ഒന്നു തൊട്ടുതടവി.

കുളികഴിഞ്ഞു പുറത്തുവന്നു ശേഖരൻനായർ ചോദിച്ചു:

"നീയൊക്കെ നാട്ടത്തന്നേണ്ട്, അല്ലേ കുട്ട്യാരാണാ?"

"എന്താ അങ്ങനെ ചോദിക്കണ്?"

"അല്ല.ചോയ്ച്ചൂന്നേള്ളൂ. നെന്ന്യാക്കെ ഒന്നു

കാണണംച്ചാൽ തപസ്സിരിക്കണംന്നാണ്പ്പൊ
നെല." ശേഖരേട്ടൻ ഉമ്മറത്തേക്കു പോയപ്പോൾ
നാരായണൻനായർ അന്വേഷിച്ചു:

"കൊച്ചപ്പൻ വരാറില്ലേ?"

"രണ്ടുമാസായി."

"മുപ്പത്ത്യാര് അവിട്യോ ഇവിട്യോ?"

"കളത്തില്ണ്ടന്ന് തോന്നുണു."

ആ വാക്കുകളിൽ പരിഭവമുണ്ടായിരുന്നു. കേട്ടതു കുറെയൊക്കെ ശരിയാണെന്നു തോന്നി. കളത്തിൽക്കാരുമായി ഈയിടെ അത്ര അടുപ്പത്തിലല്ല. കൊച്ചപ്പൻ ഭാര്യവീട്ടിൽ പോയിട്ട് കാലം കുറച്ചായി. കല്യാണം കഴിഞ്ഞ് ഒരു മാസത്തിനിടയ്ക്ക് ഭാര്യയും ഭർത്താവും തമ്മിൽ സ്വരച്ചേർച്ചയില്ലെന്ന സംസാരം നാട്ടിൽ കേട്ടുതുടങ്ങിയിരുന്നു.

ഉമ്മറത്തേക്കു കടന്നുചെന്നു.

"അറിഞ്ഞോ ആവോ!"

"ഉം?"

"ആ പടിക്കപ്പുറമ്പിലെ അറുമുഖൻ മരിച്ചു. ന്നലെ രാത്രി. എവിട്യോ ഊരാൻപോയിട്ട് അഞ്ചെട്ടുമാസം കഴിഞ്ഞ് ഇന്നലെ വരേ്വ. ഒരു ഛർദ്ദീം പോക്കും."

"എപ്പളേത്?"

"ഇന്നലെ രാത്രി. സന്ധ്യക്ക് താഴത്തേച്ചെന്നു ദെണ്ണത്തിൻെറ വിവരമറിഞ്ഞു പോരുമ്പോ എടേോഴിലുവെച്ചു ഞാൻ കണ്ടു. ശ്ശി വർത്താനും പറഞ്ഞു. പൊഴോകത്തുന്ന് വല്ല ഏറ്റുകൊണ്ടതാവുംന്നാ പറേണ്."

മുഴുവൻ കഥയും കേട്ടപ്പോൾ ശേഖരൻനായർ പറഞ്ഞു:

"നിനക്കു പ്രാന്തുണ്ടോ കുട്ട്യാരാണോ? ഏറ്റു കൊള്ള്ണു! ഇപ്പളത്തെ ചെമ്മീന് നല്ല കട്ട്ണ്ട്; കട്ട്ള്ള പുളക്കിഴങ്ങും ആവും. രണ്ടും കൂട്യാ യപ്പോ തീർന്നു. ഈ കീഴ്ക്കൊറഞ്ഞോര് നമ്മടെന്ത്യല്ല. അലച്ചോണ്ട് നഞ്ഞ്ട്ടതായാകൂടി വാരിവലിച്ചു തിന്നും ചെയ്യും."

"അങ്ങിനീം ആയിക്കൂടാന്നില്ല."

"അകത്തു ചായടെ ഏർപ്പാടു വല്ലതുണ്ടോ നോക്ക്."

"ചായ ഒരു ഗ്ലാസ് കഴിഞ്ഞിരിക്ക്ണൂ."

"ന്നാ വാ എറങ്ങ്വാ. ദ്വാരകേന്ന് ഒരു സാധനം കൊട്ത്തയയ്ക്കാംന്ന് പറഞ്ഞിരുന്നു മേനോൻ. അങ്ങോടീല് കൊണ്ടുവന്നു വെയ്ക്കാനാ പറഞ്ഞിട്ടുള്ളത്."

പടിയിറങ്ങിയപ്പോൾ ശേഖരൻനായർ ചോദി ച്ചു:

"എന്തൊക്യാടോ സ്ഥിതി?"

നാരായണൻനായർ ഒന്നും മിണ്ടാതെ പിറകെ നടന്നു. വരമ്പത്തു കയറിയപ്പോൾ പറഞ്ഞു:

"അറിഞ്ഞോ?"

"ഉം?"

"ആ ചെക്കൻ അവ്ട്ന്നും പോയിരിക്ക്ണു. മൊതലാളി അറിയാതെ എങ്ങട്ടോ പോയതാ- എവട്യാന്ന് ആർക്കും ഒരു വിവരൂല്യ."

"ഉം."

കുറച്ചു ദൂരം കൂടി മിണ്ടാതെ നടന്നു. നാരായ ണൻ നായർ വീണ്ടും ചോദിച്ചു: ''അറിഞ്ഞോ ആവോ?''

''ഉം?''

അയാളുടെ ശബ്ദം പതറിയിരുന്നു. എങ്കിലും പറഞ്ഞു:

"ആ പെണ്ണു പെറ്റു. പെങ്കുട്ട്യാ."

ശേഖരൻനായർ മൂളിയില്ല.

"അഞ്ചെട്ടീസായിര്ക്കണു. ഞാൻ ന്നാലെ- അല്ല മിൻഞ്ഞാന്നേ അറിഞ്ഞു."

അങ്ങാടിപ്പുരയുടെ വാതില്ക്കലെത്തുന്നതു

വരെ രണ്ടുപേരും പിന്നെ സംസാരിച്ചില്ല.

മൊയ്തീൻകുട്ടിയുടെ പീടികയുടെ മുന്നിൽ വളരെപ്പേർ കൂടി നില്ക്കുന്നുണ്ടായിരുന്നു. അറു മുഖന്റെ ശവം മറവുചെയ്തു കണ്ടുവും കറു പ്പനും നിരത്തിൽ വന്നിരിക്കയാണ്. ശേഖരൻ നായർ അങ്ങാടിപ്പുരയിലേക്കു കടക്കുന്നതു കണ്ടപ്പോൾ ആൾക്കൂട്ടത്തിൽനിന്നു പുറത്തു കടന്ന് അവർ നേരെ പടിവാതില്ക്കലേക്കു വന്നു: "വിവരൊക്കെ കേട്ടു കണ്ടോ. വല്യ കഷ്ടായി."

കണ്ടു പറഞ്ഞു: "അടൃന് സ്വന്തൊരു അനന്ത്രോൻ പോയ്യാ ഇത്ര ഖേദം ണ്ടാവില്ല വല്യമ്മളേ."

"എന്താ പറഞ്ഞിട്ട്! മറയ്ക്കലും ഏർപ്പാടും ഒക്കെ കഴിഞ്ഞില്ലേ?"

"കഴിഞ്ഞു."

ശേഖരൻനായർ എന്തോ ഓർമ്മിച്ചു വാതിൽ കടന്നു കാളത്തൊഴുത്തിന്റെ മുന്നിൽ ഇരുന്നു മടിച്ചിൽ കൊടുക്കുന്ന കാര്യസ്ഥനെ വിളിച്ചു:

"മാക്കുണ്ണ്യേ, കണ്ടൂനും കറപ്പനും അഞ്ചെടങ്ങഴീശ്ശ നെല്ലളന്നു കൊടുക്ക്. ആ മരിച്ച പെരേല്ക്ക് ഒരു വടിപ്പൻ കണ്ടൂൻറയ്യില്

വേറീം കൊടുത്തിക്ക്."

ശേഖരൻനായർ മുകളിലേക്കു കയറിപ്പോവു മ്പോൾ കണ്ടുവിനോടു സംസാരിച്ചുനില്ക്കുന്ന നാരായണൻനായരെ വിളിച്ചുപറഞ്ഞു:

"കുട്ട്യാരാണൻ വന്നിട്ടുവേണം പൂവാൻ."

നാരായണൻനായർ മുകളിൽ ചെന്നപ്പോൾ ചാരുകസേരയിൽ നെറ്റി അമർത്തിപ്പിടിച്ചുകൊ ണ്ടു കിടക്കുകയായിരുന്നു.

"എന്താ സുഖല്യേ ആവോ!"

"കൊറച്ചുകാലായി സുഖിയ്ക്കന്ന്യാണ് ഞാൻ."

നാരായണൻനായർ പരുങ്ങി.

"വയസ്സുകാലത്ത് ഒരല്ലലും അലട്ടലും ല്യാതെ ഇരിക്കണോംന്ന് മോഹണ്ടായിരുന്നു. അത്യദ്ധ്വാ നം ചെയ്ത് ത്തിരി കാശൊക്കെണ്ടാക്കീതും അത്നാ. പറഞ്ഞിട്ടെന്താ?" കണ്ണടച്ചു കിടന്നു കൊണ്ട് ആരോടെന്നില്ലാതെ ശേഖരൻനായർ പറഞ്ഞു: "അനുഭവിക്കാനുള്ളതൊക്കെ അനു ഭവിക്കാണ്ടന്നെ വേണ്ടേ!"

വളരെ സംശയിച്ചുകൊണ്ടാണ് നാരായണൻ നായർ അന്വേഷിച്ചത്:

"കൊച്ചപ്പൻെറ വിവരൊന്നൂല്യേ!" അതി

നു മറുപടിയുണ്ടായില്ല. കുറേ കഴിഞ്ഞു കണ്ണു തുറക്കാതെതന്നെ പറഞ്ഞു: "അവനെ എന്തിനാ പറേണ്? എന്റെ യോഗം എന്നുവെച്ചാ മതി."

ഉച്ചയാകുന്നതുവരെ ആ മുറിക്കകത്തു ചുറ്റിപ്പറ്റി നിന്നിട്ടും  നെല്ലു ചോദിക്കാൻ മനസ്സു വന്നില്ല. ചാരുകസേരയുടെ തണ്ടിൽ കാലുകൾ പിണച്ചുവെച്ചു ചാഞ്ഞുകിടന്നു താണസ്വരത്തിൽ സംസാരിക്കുന്ന ആ വയസ്സൻ പഴയ ശേഖരേട്ടനാണെന്നു വിശ്വസിക്കാൻ പ്രയാസം തോന്നി.

ഉച്ചയ്ക്കു വല്ലതും കഴിച്ചുവരട്ടെയെന്നു പറഞ്ഞു പുറത്തിറങ്ങുമ്പോൾ ശേഖരൻനായർ പറഞ്ഞു: "എടോ അങ്ങാടീകൂടെ അച്ചാലും പിച്ചാലും നടക്കണനേരത്ത് എടയ്ക്ക് ഇങ്ങോട്ടൊക്കെ ഒന്നു കേറ്യാൽ വല്യ നഷ്ടൊന്നും വരില്ലടോ. ഒന്നു മിണ്ടിപ്പറഞ്ഞിരിക്കാലോ എടയ്ക്കൊക്കെ."

നിരത്തിലിറങ്ങി കിഴക്കോട്ടു നടന്നപ്പോൾ പിന്നിൽനിന്ന് ആരോ കൈകൊട്ടി വിളിച്ചു. രാവുണ്ണിയാണ്!

"എന്താടാ?"

"അറുമുഖന്റെ രണ്ട് കുട്ട്യോൾക്കും ഛർദ്ദീം

പോക്കും തൊടങ്ങിയിരിക്കുണു."

"എപ്പോ?"

"ഇപ്പൊ കേട്ടതാ. ആളും മനുഷ്യരും പേടിച്ചിട്ട് അടക്കണില്യ."

"എന്താ പേടി?"

"ദെണ്ണം മറ്റതാ-നടപ്പിന്റെ."

നാരായണൻനായർ തിരിഞ്ഞുനടന്നു. ശേഖരൻനായരോട് ഈ വിവരംകൂടി പറഞ്ഞിട്ടാവാം ഇനി പോക്ക്.

ശേഖരൻനായർ അലസതവിട്ടു ചാരുകസേരയിൽനിന്ന് എഴുന്നേറ്റു.

അന്യനാട്ടീന്ന് കൊണ്ടന്ന വിത്താ. വേഗം കാവിലെ വെളിച്ചപ്പാടിന് ആളയ്ക്കോ. വേനലിനു ഗുരുത്തി കുറിക്കണം. നാട്ടാരുടെ പിരിവോണ്ട്. അടുത്ത കൊട്യാഴ്ച ഒരു നെറമാലീം." ഇടുങ്ങിയ മുറിക്കകത്തു മാറത്തെ രോമം പിച്ചിപ്പറിച്ചു ധൃതിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു ശേഖരൻനായർ പറഞ്ഞു: "കീഴ്ക്കടെ നടപ്പും കുരുപ്പുംകൊണ്ട് ഒരു ഹിന്ദു ഈ ദേശത്തു മരിച്ചിട്ടുള്ളതു നിയ്ക്കോർമ്മല്യ. എങ്ങന്യാ? അയിത്തല്യ. ചിത്തല്യ; ഹിന്ദും മാപ്ലേം ഭേദല്യ. പിന്നെ ഭഗോതീടെ വിത്തു വീഴാ

ണ്ടിരിക്ക്യോ? എടോ കുട്ട്യാരാണോ, നീയ് എല്ലാവരോടും ഒന്നു വരാൻ പറയ്. ഇദ് കളിക്കണ്ട കാര്യല്ല. ആ കണ്ടുങ്ങലെ നാണു, കുഞ്ഞുകുട്ടൻ, ചോലേലെ എരോമൻ നായര്-മൂളിക്കലെ ആ കാരണവരോടും പറ. ഒരടക്കം വെപ്പിച്ചിട്ടില്ലെങ്കിൽ നാടു കുട്ടിച്ചോറാവും."

പൂന്തോട്ടത്തിലെ ഉമ്മറത്തു വൈകുന്നേരം ആളുകൾ കൂടി. കുരുതിയുടേയും നിറമാലയുടേയും കാര്യം ഉറപ്പിച്ചു. പിറ്റേന്നുതന്നെ വെളിച്ചപ്പാടിനെ വരുത്താൻ തീരുമാനിച്ചു. അതിനു നാരായണൻനായരെ ചുമതലപ്പെടുത്തി.

അടുത്ത പ്രഭാതത്തിൽ വെളിച്ചപ്പാടിനെ അന്വേഷിച്ചു പുറപ്പെട്ട നാരായണൻനായർ കടവത്തെത്തുന്നതിനുമുമ്പേ കേട്ടു: അറുമുഖൻെറ ഇളയകുട്ടി മരിച്ചു. കണ്ടുവിൻെറ തീയത്തിക്കു ദീനം തുടങ്ങിയിരിക്കുന്നു.

# 3

കുന്നിൻചെരുവിൽനിന്ന് ഇറങ്ങിവരുന്ന ഇടവഴി അവസാനിക്കുന്നേടത്ത് ഉയരത്തിൽ വേലിപ്പടർപ്പിലെ കടലാവണക്കിൻ കൊമ്പുകൾ പിടിച്ചുകൊണ്ടുനിന്ന് അയാൾ താഴെ ഇരുട്ടു പൊതിഞ്ഞുകിടക്കുന്ന ആ വീടും പരിസരവും കണ്ടു.

താഴത്തേതിലെ മേലേപ്പുറത്ത് എത്തിച്ചേരണമെന്നു വിചാരിച്ചല്ല നടന്നത്. അവസാനം ഇവിടെ എത്തിപ്പെട്ടപ്പോൾ അത്ഭുതത്തോടെ അയാൾ ചുറ്റുപാടും കണ്ടു. വർഷങ്ങൾക്കു ശേഷമാണ് ആ നരച്ച മേൽപ്പുരയും ഇരുണ്ട അഴിക്കൂടുകളുടെ ദ്വാരങ്ങളും കാണുന്നതെന്നു തോന്നി.

മുറ്റത്തേക്കിറങ്ങിയില്ല. അകത്തു വടക്കിനിയുടെ ഒരു മൂലയിൽ ഓലപ്പായിൽ ഒരു കീറപ്പുതപ്പിൽ വളഞ്ഞുകിടക്കുന്ന ഒരു ചടച്ച രൂപം അയാൾക്കു മനസ്സിൽ കാണാമായിരുന്നു.

ഒന്നുറക്കെ വിളിച്ചാൽ മതി:

"കുഞ്ഞ്യോപ്പോളേ!"

അപ്പോൾ പൊടുന്നനെ അയാളോർമിച്ചു: കുഞ്ഞ്യോപ്പോളുടെ അനിയനായിരുന്ന

ഗോവിന്ദൻകുട്ടിയല്ല ഇരുട്ടിൽ പാതിരകഴിഞ്ഞ നേരത്ത് ഇവിടെ കള്ളനെപ്പോലെ പതുങ്ങിനി ല്ക്കുന്നത്.

പഴയ കയ്യാലത്തറയുടെ പിന്നിലെ ഇരുണ്ട പൊന്തക്കാടുകളിലേക്ക് അയാൾ ഭീതിയോടെ തലതിരിച്ചുനോക്കി. ഒരു പുതിയ വാഴത്തൈകു ടി. അവിടെ എണ്ണം കൂടിയിരിക്കും. ഇരുട്ടിൻെറ പൊന്തക്കാടുകളിൽനിന്നു ചുമലെത്തുന്ന വലിയ കാതുകളാടുന്ന ഒരു ചുക്കിച്ചുളിഞ്ഞ മുഖത്തെ നരച്ച കണ്ണുകൾ തന്നെ കാണുന്നു ണ്ടെന്നു തോന്നി.

കാലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. തൊണ്ടയിൽ നിശ്ശബ്ദമായി ഒരു വിളി അപ്പോ ഴും തങ്ങിനില്ക്കുന്നുണ്ടായിരുന്നു. കുഞ്ഞ്യാ പ്പോളെ!.........

അയാൾ തിരിഞ്ഞുനടന്നു. നരച്ച കണ്ണുകൾ നീണ്ടുവരുന്ന ഇരുണ്ട പൊന്തക്കാടുകളുടെ മുകളിലൂടെ വളഞ്ഞുപോകുന്ന ഇടവഴികളിലൂ ടെ.......

ഇരുട്ടിലൂടെയുള്ള ഈ യാത്ര അവസാനിക്കു കയില്ല. അയാൾ കിതപ്പിനിടയിൽ ഓർമിച്ചു.

# 4

ഉച്ചതിരിഞ്ഞ സമയത്തു തെക്കുനിന്ന് ഒരു ചെറിയ സംഘം ആളുകൾ വരുന്നതു മൊയ്തീൻകുട്ടിയുടെ പലചരക്കുപീടികയുടെ കോലായയിൽ ഇരിക്കുന്നവർ കണ്ടു.

“എന്താത്? എന്താത്?”

മൊയ്തീൻകുട്ടിയാണ് ആദ്യം മനസ്സിലാക്കിയത്:

“മയ്യത്താണല്ലോ പടച്ചോനേ!”

പാതവക്കത്തെ മാവുകളുടെ മറവു കടന്നപ്പോൾ പലകപ്പുറത്തു ചുവന്ന തുണിയിൽ പൊതിഞ്ഞുകിടത്തിയ മയ്യത്തു കാണായി.

മുതിർന്നവരാരുമില്ല. കാരണം മയ്യത്തുകട്ടിലിനു പകരം പലകപ്പുറത്താണ് ശവമെടുത്തിരിക്കുന്നത്.

ആ സംഘം അടുത്തടുത്തുവന്നപ്പോൾ കേട്ടു:
"-ലായിലാ ഇല്ലള്ളാ..."

ആരും സംസാരിച്ചില്ല പിന്നെ. പുറത്ത് ഒരു മഴ ചിനുങ്ങിക്കൊണ്ടു നില്ക്കുന്നുണ്ടായിരുന്നു. ഏതു നിമിഷവും വർദ്ധിക്കാം നില്ക്കാം എന്ന മട്ടിൽ. പലചരക്കുപീടികയുടെ കോലായയിൽ തിണ്ണയിൽ നിലത്തും അടുക്കിയിട്ട നിരപ്പലകകളുടെ പുറത്തുമായി എട്ടുപത്തു പേർ ചൂളിപ്പിടിച്ചിരിക്കുന്നുണ്ടായിരുന്നു. ഓത്തു ചൊല്ലുന്ന ശബ്ദം ഉറക്കെയുറക്കെ കേൾക്കാൻ തുടങ്ങിയപ്പോൾ ഭീതിയുടെ ഒരന്തരീക്ഷം അവർക്കു ചുറ്റും രൂപംകൊള്ളുകയായി.

ആരോ ചോദിച്ചു:

"ആരാ?"

പടിഞ്ഞാറുനിന്നു കീലുകയറ്റിയ തൊപ്പിക്കുട ചൂടി ധൃതിയിൽ നടന്നുവന്ന നാരായണൻ നായർ കോലായയിലേക്കു കയറി, വെറുങ്ങലിച്ചപോലെ ഇരിക്കുന്ന ആളുകളെ ഒട്ടാകെ ഒന്നു നോക്കി പറഞ്ഞു:

"നമ്മുടെ പാലത്തിങ്കലെ കുഞ്ഞമ്മദില്ലേ ഓൻെറ മകനാ. മണി മണിപോല്ള്ള ഒരു ചെക്കനേര്ന്ന്!"

പണിക്കർ ചോദിച്ചു:

"നടപ്പിൻെറ ദണ്ണംതന്ന്യായിരുന്നോ?"

"പിന്നല്ലാണ്ടെന്താ? ഇന്നലെ വൈകുന്നേരം വരെ മണ്ടിപ്പാഞ്ഞ് നടന്നീര്ന്ന ചെക്കനാ."

മയ്യത്ത് അങ്ങാടിയിലൂടെയാണ് കടന്നുപോയത്.

"അസ്ഹദു അൻലായിലാ ഇല്ലള്ളാ...."

അവർ കടന്നുപോയിട്ടും അസുഖകരമായ ആ ശബ്ദം വഴിയിൽ വീണുകിടക്കുന്നുണ്ടെന്നു തോന്നി.

"അഞ്ചാമത്തെ മരണാ ഇത്, മൂന്നീസത്തിനെടയ്ക്ക്..."

ആരോ കണക്കുകൂട്ടി.

മൊയ്തീൻകുട്ടി പെട്ടിക്കു പിന്നിൽനിന്നെഴുന്നേറ്റു. കോലായയിൽ വന്നു താഴ്ന്ന മേൽപ്പുരയുടെ കഴുക്കോലിൽ പിടിച്ചുനിന്നു പുറത്തേക്കു നോക്കിക്കൊണ്ടു പറഞ്ഞു:

"കുഞ്ഞമ്മദാക്കക്ക് ആണായിട്ടും പെണ്ണായിട്ടും അതന്നേ ഉണ്ടായിര്ന്നള്ള്."

“കുട്ട്യാരാണങ്കമ്മളേ!”

ചുവരുചാരി ബീഡിവലിച്ചു ദുഃഖഭാവത്തിലി രിക്കുന്ന വേലു നിരങ്ങി മുമ്പോട്ടു കയറിയിരു ന്നു.

“കമ്മളേ, കാവിലെ നെറമാലയ്ക്കു കല്പനെന്തോര്ന്ന്?”

തലേന്നു രാത്രി അക്കരെക്കാവിൽ നിറമാലയു ണ്ടായിരുന്നു.

ശേഖരൻനായരാണ് പണം ചെലവു ചെയ്തത്. ആദ്യവസാനക്കാരൻ നാരായണൻ നായരായിരുന്നു. നിറമാലയും ഗുരുതികുറു ക്കലും കല്പനയും കഴിഞ്ഞിട്ടും എന്തോ നാരാ യണൻനായർക്ക് ഒരു തൃപ്തി വന്നില്ല. താൽ പര്യമില്ലാത്ത മട്ടിൽ അയാൾ പറഞ്ഞു: “പതിവു ള്ളതൊക്കെത്തന്നെ. മഴപോലെ വന്നതു മഞ്ഞു പോലെയാക്കിക്കൊണ്ട്. മക്കൾക്ക് അമ്മയു ണ്ടെന്നു വിചാരം വേണം  എന്നൊക്കെത്തന്നെ.”

“ദേവി, കടാക്ഷിക്കണേ? ആരെക്ക്യാ ഇനി വിളിയ്ക്ക്ണ്ന്ന് ആരുകണ്ടു?”

പണിക്കർ കണ്ണടച്ചു പ്രാർത്ഥിച്ചു.

പീടികക്കാരൻ മൊയ്തീൻകുട്ടിമാപ്ല ഒരു സംശയം ചോദിച്ചു:

"അല്ലാ പണിക്കരേ, ലാക്കിട്ട്ർമാരുടെ കയ്യില് ഇതിനു മറുമരുന്ന്ണ്ടെന്നൊക്കെ കേക്കണ്ണ്ടലോ. കുത്തിവെച്ചാ വരൂലാന്നൊക്കെ ആൾക്കാര് പറേണ്ണ്ടലോ...."

പണിക്കർ പറഞ്ഞു:

"ഒക്കെ പോഴത്തം. കളത്തിലെ നാണപ്പമേനോൻ പൊന്നാനിക്കു കുത്തിവെക്കിണ ഇൻസ്പെട്ടർക്കു കത്തു വിട്ടിട്ട്ണ്ട്ന്നൊക്കെ കേട്ടു. ഒന്നു ഞാൻ പറയാം. നടപ്പും കുരുപ്പും ചൊവ്വായപ്പെട്ട ദീനാന്ന്ച്ചാൽ ഭഗോതീടെ വിത്താ. മുപ്പത്ത്യാരന്നെ വിചാരിച്ചാലേ രക്ഷള്ളൂ കൂട്ടരേ. മുപ്പത്ത്യാരന്നെ വിചാരിക്കണം. എന്തേ നാരായണന്നായരേ?"

നാരായണൻനായർക്കു പതിവിനു വിപരീതമായി സംശയമുണ്ടായിരുന്നു. അതുകൊണ്ടു വെറുതെ മൂളി.

"ഞാൻ വീട്ട്ല് പറഞ്ഞിട്ടുണ്ട്. വറക്കലും പൊരിക്കലും ഒന്നും വേണ്ട. പടിക്കല് ചാണകവെള്ളം കലക്കിവെച്ചിട്ടുണ്ട്. രാവിലീം വൈന്നേരും കാരണോന്മാർക്ക് മണ്ടകത്തില് കർപ്പൂരം കത്തിക്ക്യാ."

മൊയ്തീൻകുട്ടി ചോദിച്ചു:

“സെയ്ത്താന്മാർക്ക് ചാണകം വിരോധാ?”

പണിക്കർക്കതത്ര രസിച്ചില്ല. ഉടനെ തിരിച്ചുകൊടുക്കുകയും ചെയ്തു: “ചെയ്ത്താനും മാപ്ലയ്ക്കും ചാണകം വിരോധാ.”

മൊയ്തീൻകുട്ടിക്കു ശുണ്ഠിപിടിച്ചാലോ എന്നോർമിച്ചു പിന്നെ മയപ്പെടുത്തി:

“നിങ്ങൾക്കൊക്കെ തമാശയാണ്. ഇതിനൊക്കെ ഒരു ശാസ്ത്രംണ്ട്.”

“പണിക്കച്ചെൻ പറേന്നതാ കാര്യം.”

വേലു കുറേക്കൂടി നിരങ്ങിയിരുന്നു. “അറുമുഖൻ മരിച്ച രാത്രീല് അട്യേൻ ഒരുകാഴ്ചകണ്ടു. ആരോടും  അട്യേൻ മിണ്ടീട്ടില്ല. നിരീക്കുമ്പോ അട്യേൻെറ തടിപ്പഴും വെറകണ്ണ്ട്.”

ആ കാഴ്ച വീണ്ടും മനസ്സിൽ കാണുന്നതുപോലെ നെറ്റിയിലെ മുഴയ്ക്കു മുകളിൽ തടവിക്കൊണ്ടു വേലു കണ്ണടച്ചിരുന്നു. ആരും ചോദിച്ചില്ല. അറിയാൻ പലർക്കും താൽപര്യമുണ്ടായിരുന്നു. പണിക്കർ പ്രോത്സാഹിപ്പിച്ചു:

“എന്താടോ വേലോ?”

“ആൻതൂരാമ്മളടെ ചായപ്പീട്യേലാ അടിയൻ രാത്രി ശ്യൊക്കെ കെടക്കാ.”

വേലായുധൻനായരുടെ ചായപ്പീടിക ഓലയും മുളയുംകൊണ്ടു മറച്ചുകെട്ടിയതാണ്. അടച്ചുറപ്പില്ല. അതുകൊണ്ട് ആരെങ്കിലും ഒരാൾ അവിടെ കാവൽ കിടക്കാറുണ്ട്. നായർ സംബന്ധത്തിനു പോകുന്ന ദിവസങ്ങളിൽ ആ ജോലി വേലുവിനാണ്.

"ന്നിട്ട്?"

"നല്ലോറക്കായിരുന്നു അട്യേന്. ചറപറാന്നു മഴ തുള്ളീടണ്ണ്ട്. എന്തോ ഒച്ച കേട്ടിട്ടാണ് അട്യേൻ ഞെട്ട്യോണർന്നത്. ചെവിടോർത്തു കെടക്കുമ്പോ പിന്നീം കേട്ടു ഒരു നെലോളി. നെലോളിച്ചാലോ, സ്വഭാവമല്ലാത്ത ഒരു നെലോള്യാ. ആട്യേന് ഉള്ളിലൊരു ഭയണ്ടായിട്ടോ. എന്തായാലും അറിയണല്ലോച്ചിട്ട് എറേത്തു ചെന്നിരുന്നു മൂത്രൊഴിക്കുമ്പഴാ കണ്ടത്!"

വേലു പിന്നേയും നിർത്തി! മൊയ്തീൻകുട്ടി ഒഴികെ ബാക്കിയെല്ലാവരും ശ്വാസമടക്കിപ്പിടിച്ചിരിക്കുകയായിരുന്നു.

"ആകെ തലോടു മൂടിപ്പൊതച്ചിട്ട് ഒന്നുണ്ട് ചെത്തുമ്മകൂടി ശറേന്നു പോണു. എങ്ങന്യാ അട്യേൻ അകത്തുചെന്നു കെടന്നതെന്നു നിശ്ശല്യ. പെലർച്ചാക്കിത് എങ്ങന്യാന്ന്

അടേൃനും ദൈവത്തിനും മാത്രേ അറീള്ളു. വെളിച്ചാമ്പോ കമ്മള് വന്നിട്ടു ചോയ്ക്ക്യാണ്, എന്താണ്ടോ വേലോ, കണ്ണും മോകവും വല്ലാണ്ടിരിക്ക്ണ്ന്ന്? ഒന്നും മുണ്ടീല. ണീറ്റു നടന്നു കുന്നുമ്പൊറത്തു കേറ്യപ്പളാ അറീണ് അറുമുഖൻ മരിച്ചൂന്ന്."

പണിക്കർ നെടുവീർപ്പിട്ടു: "അതാ പറേണ്, ഒക്കെ മൂപ്പത്ത്യാരുടെ കഷ്ടടീലുള്ള കൂട്ടക്കാരാ."

"ആരടെ?" മൊയ്തീൻകുട്ടി ചോദിച്ചു.

"ഭഗോതീടെ. കയറൂരിവിട്ടാൽ പിന്നെ മൂപ്പത്ത്യാരുടെ പാട്ടില് മൊളച്ചു കൊണ്ടരാൻ ത്തിരി പണീണ്ട്. കൊറച്ചൊക്കെ കാട്ടിക്കൂട്ടീട്ടേ പിന്നെ പഹേരെ കയ്യില് കിട്ടൂ."

മൊയ്തീൻകുട്ടി വടിച്ചു മിനുപ്പിച്ച തല തടവി ഒന്നു ചിരിച്ചു:

"വേലോ!"

"എന്താ മാപ്ലേ?"

"ആളല്ല സെയ്ത്താനെന്ന്യാണ് അനക്കെന്താ ഒറപ്പ്?"

"അപ്പോ നെലോള്ള്യോ?"

"ഒറക്കത്തില് ഒച്ചീം ബിളീം ശ്ശി കേക്കും. നിയ്ക്കു തോണ്ണീതു പറഞ്ഞാ അള് ന്നെ

തിന്നാൻ ബരര്ത്.”- മൊയ്തീൻകുട്ടി എല്ലാ വരോടുമായി പറഞ്ഞു: “ദെണ്ണും കേടും ഞമ്മക്കു ഭയംണ്ട്. ആരക്കാവന്നാടാന്നു പുടീല്ല. ന്നാലും ജ്ജ് കണ്ടതു മന്സമ്മാരാരെങ്കിലും ആണ്ച്ചാലോ?”

പണിക്കരാണ് വേലുവിനുവേണ്ടി വാദിക്കാൻ വന്നത്:

“നറകൊണ്ട പാതിര. അസ്സല് പതിനെട്ടാം നാഴിക രാച്ചെന്ന നേരം. അപ്പോ ആരാ ചെത്ത്മ്മല് എറങ്ങി നടക്ക്ണ്?”

അതുവരെ മിണ്ടാതിരുന്ന ചെത്തുകാരൻ കുട്ടാട പറഞ്ഞു:

“ആള്ണ്ട്.”

“ആരാ? ആരാ?”

“ആ മാർക്കംകൂട്യേ കമ്മളുട്ടി. അതിനു പാതി രില്യ, പെലർച്ചീംല്യ.”

പക്ഷേ, പണിക്കർ വീണ്ടും തിരക്കിച്ചോദിച്ചു:

“അപ്പോ നെലൊള്ള്യോ?”

വേലു ഇടയിൽ കടന്നു പറഞ്ഞു:

“വല്ലാത്തൊരു ശൂരും അടിച്ചിരുന്നു. ശൂര്ന്ന് വെച്ചാലോ?”

പണിക്കർക്കൊരു ന്യായംകൂടി കിട്ടി:

“ആ, ശുരോ?”

മൊയ്തീൻകുട്ടി കൈമലർത്തി:

“ഞമ്മള് തർക്കത്തിനില്ല കുട്ടരേ. സെയ്ത്താൻതന്ന്യാന്നു വെച്ചോളി!”

നാരായണൻനായർ കുട്ടാടയുടെ അടുത്തേക്കു മാറിയിരുന്നു സ്വകാര്യമായി ചോദിച്ചു:

“ഓനെ കാണാറണ്ടടോ?”

“ചെക്കന്മാര് പറേണ് കേക്കാം, ഇവടെ കണ്ടു, ഇവടെ കണ്ടൂന്നൊക്കെ. രാത്ര്യാ തോന്ന്ണ് സർക്കീട്ട്.”

അപ്പുറത്തു പണിക്കരും വേലുവും ചെകുത്താന്മാരുടെ കാര്യം ഏറ്റെടുത്തു സംസാരിക്കുവാൻ തുടങ്ങിയിരുന്നു. താൽപര്യത്തോടെ കേട്ടിരിക്കാൻ മുണ്ടുകച്ചവടക്കാരൻ റാവുത്തരടക്കം നാലഞ്ചുപേരുണ്ട്. ഒരുമ്മക്കുട്ടിക്കു ‘രണ്ടുക്കാലി’ന്റെ സാവു എടുത്തുകൊടുത്തു മൊയ്തീൻകുട്ടി കുട്ടാടയുടേയും നാരായണൻനായരുടേയും കൂട്ടത്തിൽ ചേർന്നു.

“അക്കുട്ടിക്കു പിരാന്തന്ന്യാന്നാ തോണ്ണ്ന്. മൊയലാളീടോടത്തെ പണിക്കാരൻ കലന്തൻകുട്ടീനെ പുളിക്കപ്പ്റമ്പിലെ എടോഴിയിലിട്ടു തച്ചു

ന്നും തല്ലാൻ ചെന്നൂന്നും ഒക്കെ കേട്ടു."

"പ്പോ എവട്യാത്രേ താമസം? മനുഷ്യനു തിന്നും കുടിക്കും വേണ്ടേ?"

"ആർക്കാ നിശ്ശം കമ്മളേ. ആ പുതുക്കോടത്തെ അമ്രാളടെ കുടീലാന്നു പറേണ്ണ്ട് ചെലര്"

"ഓനെന്താ രാത്തിരി സർക്കീട്ട്?" രാത്രി ഏതെങ്കിലും ഒരിടവഴിയിൽവെച്ച് അവനെ കണ്ടുമുട്ടുന്ന കാര്യമാലോചിച്ചപ്പോൾ നാരായണൻനായർക്ക് ഒരസുഖം തോന്നി:

"കള്ളജാത്യോളാ അവറ്റ. അവട്യാച്ചാ-പുതുക്കോടത്താര്."

അപ്പുറത്തു പണിക്കരുടെ കഥകൾ കേട്ടുകൊണ്ടിരിക്കുന്നവരിൽ ഒരാളുടെ ശബ്ദം ഉയർന്നു:

"അങ്ങനെ അടച്ചുപറേണതു സൂക്ഷിച്ചു വേണം. ഓള് അങ്ങന്യായിച്ചിട്ട് വീടടക്കിപ്പറേര്ത്" പെൻഷൻപറ്റിയ കോടതി ശിപായി പങ്കുണ്ണിനായർക്ക് അത് ഉള്ളിൽത്തട്ടുന്ന കാര്യമായിരുന്നു. അയാൾ പുതുക്കോടത്തെ സംബന്ധക്കാരനാണ്.

പുതുക്കോടത്തെ ചുമ്മുക്കുട്ടിയമ്മയെപ്പറ്റി ആളുകൾക്കു നല്ലഭിപ്രായമില്ല.

ചുമ്മുക്കുട്ടിയുടെ ചെറുപ്പത്തിൽ അമ്മ മരിച്ചു. അച്ഛൻ നേരത്തേ ബന്ധം മാറ്റിപ്പോയതാണ്. പുത്തൻകളത്തിൽ പണിയെടുത്തിട്ടാണ് അവൾ വളർന്നത്. വിരുന്നുകാരാരോ വന്ന അവസരത്തിൽ ഒരു ചെറിയ കുട്ടിയുടെ മാല കളവുപോയി. തിരഞ്ഞുതിരഞ്ഞ് അവസാനം ചുമ്മുക്കുട്ടിയുടെ മടിക്കുത്തിൽനിന്നതു കണ്ടു കിട്ടിയതോടെ കളത്തിലെ ചോറും മുടങ്ങി. കഴിഞ്ഞുകൂടാൻ വിഷമമാകുമെന്ന നില വന്നപ്പോൾ ഒരു സംബന്ധക്കാരനെ കിട്ടി-അപ്പുക്കുട്ടൻ.

ഒരു നാടകക്കമ്പനിയിലാണ് ജോലിയെന്നാണ് അപ്പുക്കുട്ടൻ, നാടുവിട്ട് യോഗ്യനായി തിരിച്ചെത്തിയപ്പോൾ പറഞ്ഞത്. നല്ല ഉടുപ്പുകളും ആറു വിരലുകളിൽ മോതിരവുമുണ്ടായിരുന്നു. പക്ഷേ, കിഴക്കുംമുറിക്കാർ വിശ്വസിച്ചില്ല. പെട്ടി ചുമക്കലോ കൊള്ളിയുന്തലോ ആകും. അതിലപ്പുറമെത്തില്ല. അപ്പുക്കുട്ടൻ ചുമ്മുക്കുട്ടിയെ പുടമുറികഴിച്ചു രണ്ടുമാസം കഴിഞ്ഞു. മൂന്നു മോതിരമുടച്ചു ചുമ്മുക്കുട്ടിക്കു ചങ്ങലയുണ്ടാക്കിക്കൊടുത്തു. ആറാമത്തെ മോതിരം പണയം വെച്ച കാശുമായി ജോലിസ്ഥലത്തേക്കു പോയി. പിന്നെ അപ്പുക്കുട്ടൻെറ വിവരമൊന്നുമുണ്ടാ

യില്ല.

നാലഞ്ചുമാസം കഴിഞ്ഞപ്പോഴാണ് പട്ടാളത്തിൽനിന്നൊരു നമ്പ്യാർ വന്നത്. അയാൾക്ക് ചുമ്മുക്കുട്ടിയെ ബോധ്യമായി. കല്യാണം കഴിച്ചു. നമ്പ്യാർ പോയി രണ്ടുമാസം തുടർച്ചയായി പണമയച്ചു. പിന്നെ വിവരമില്ല. അടുത്തു വന്നത് അപ്പുക്കുട്ടനാണ്. കുഴപ്പമൊന്നുമില്ല. നാലഞ്ചുകൊല്ലങ്ങൾക്കുശേഷം നമ്പ്യാരുടെയും അപ്പുക്കുട്ടന്റെയും ലീവ് ഒരുമിച്ചു വന്നു പെട്ടപ്പോഴാണ് ചുമ്മുക്കുട്ടി വിഷമിച്ചത്. പട്ടാളക്കാരൻ നമ്പ്യാർ ചെറിയ പോക്കിരിയായിരുന്നു. അയാളുടെ സഹായത്തോടെ ചുമ്മുക്കുട്ടി അപ്പുക്കുട്ടനെ പുറത്താക്കി. പിന്നെ സ്വയം പെട്ടിയും കെട്ടും വലിച്ചു പുറത്തിട്ട് ചുമ്മുക്കുട്ടിതന്നെ പട്ടാളക്കാരനെയും പടികടത്തി. കുറെ കൊല്ലങ്ങളായി സ്ഥിരമായി ഭർത്താവില്ല. എന്നാലും ചുമ്മുക്കുട്ടിക്കു കഴിഞ്ഞുകൂടാൻ വിഷമമില്ല. ഈയ്യിടെ വീണ്ടും ഒരു സംബന്ധക്കാരനെ കിട്ടിയിട്ടുണ്ട്. കൊടുമുണ്ടക്കാരൻ ഒരു കുങ്കൻ നായർ. അയാളെ കിഴക്കുംമുറിക്കാർക്കു പരിചയമില്ല. അയാൾ കിഴക്കുംമുറിക്കാരുമായി പരിചയപ്പെടാൻ ശ്രമിക്കാറുമില്ല.

ചുമ്മുക്കുട്ടിയുടെ വീട്ടിൽ എങ്ങനെയാണ് അവൻ എത്തിച്ചേർന്നതെന്ന് അത്ഭുതപ്പെടുകയായിരുന്നു നാരായണൻനായർ.

താടിക്കു കൈകൊടുത്തിരുന്നു ചെവിക്കുമുകളിൽ ഞരമ്പുകൾ വിറപ്പിക്കുന്ന നാരായണൻനായരെ നോക്കി മൊയ്തീൻകുട്ടി പറഞ്ഞു:

"വല്യ കൊടച്ചാളുംകൊണ്ടാത്രേ നടക്ക്ണ് നായരെ. ങ്ങടെ മൂപ്പരോടു തന്നെ നടക്കണ്ടാന്ന് പറഞ്ഞീയ്ക്കിൻ."

ഒരു തമാശ കേട്ടപോലെ ഒന്നു ചിരിക്കാൻ നാരായണൻനായർ ഒരു ശ്രമം നടത്തി.

"ആരടെ കാര്യാ പറേണ് മൊയ്തീൻകുട്ട്യാപ്ലേ?" പണിക്കരുടെ ചെകുത്താന്മാരുടെ പരാക്രമങ്ങൾ കേട്ടു മടുത്ത വേലു ചോദിച്ചു.

"അല്ല, ആ തൊപ്പീട്ട നായരുട്ടീടെ വർത്തമാനം പറയാ."

വിഷയം തൊപ്പീട്ട നായരുട്ടി ആയപ്പോൾ മരണത്തിൻെറയും ചെകുത്താന്മാരുടെയും കാര്യങ്ങൾകൊണ്ട് ഉറച്ചുനിന്ന അന്തരീക്ഷത്തിൽ ഒരു ചലനമുണ്ടായി:

"പൊഴോക്കത്തു മമ്മാല്യാപ്ല കൊളള്ളികു

ത്ത്യേ കണ്ടത്തില് നിക്കണത് കണ്ടോര്ണ്ട്. ആളും മാളും കൂട്യപ്പോ ഓടിപ്പോയി. കെഴങ്ങ് അഞ്ചാറു മൊരട് പറിച്ചിട്ടീര്ന്ന്.

വേലു പറഞ്ഞു:

“കക്കാനും തൊടങ്ങ്യോ? ആ പുതുക്കോടത്തെ പെണ്ണിന്റെ പെരേലാന്ന് കേട്ടപ്പോ വിചാരിച്ചതേള്ളൂ ഞാൻ. പുതുക്കോടത്തോര് കള്ള ജാത്യാ.” നാരായണൻനായർ കോടതി ശിപായിയെ വകവെക്കാതെ പറഞ്ഞു.

“നല്ലോരു തറവാട്ടില് പൊട്ട്യേ വിത്താ. പറഞ്ഞിട്ടെന്താ?” ആരോ ദുഃഖിച്ചു.

“കലികാലത്തില് അങ്ങന്യൊക്ക്യാണ്ടോ. ഒന്നും പറഞ്ഞിട്ടു കാര്യമില്ല.”

പണിക്കർ തലയാട്ടി സ്വയം തൃപ്തിപ്പെടാൻ വേണ്ടി രണ്ടുവരി ചൊല്ലി:

“അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും.

കപ്പലകത്തൊരു കള്ളനിരിക്കും.”

നാരായണൻനായർ, എഴുന്നേറ്റു പുറത്തേക്കിറങ്ങിയാലോ എന്നാലോചിച്ച് ഇറയത്തു സംശയിച്ചു നില്ക്കുമ്പോഴാണ് പള്ളിക്കാട്ടിൽ ശവമടക്കം ചെയ്ത് ആളുകൾ മടങ്ങിവരുന്നതു കണ്ടത്. സംസാരം നിലച്ചു. നിശ്ശബ്ദരായി കട

ന്നുപോകുന്നവരെ നോക്കിയിരിക്കുമ്പോൾ പീടികക്കോലായയിലുള്ളവരുടെ മനസ്സിലേക്കു മരണത്തിൻെറ നിഴൽപ്പാടുകൾ വീണ്ടും അരിച്ചു കയറുകയായിരുന്നു.

നാരായണൻനായർ കുട്ടാടയുടെ അടുത്തേക്കു തലതിരിച്ചു സംശയം തീർക്കാൻവേണ്ടി ചോദിച്ചു:

"പുതുക്കോടത്ത്ണ്ട്ന്ന് ഒറപ്പാണോ?"

കുട്ടാട മറ്റെന്തോ ഓർക്കുകയായിരുന്നു.

"ആര്?" ഉറക്കെയായിരുന്നു ആ ചോദ്യം.

"ആ, അവനേ....."

"ആവോ! ചെന്നിട്ട് അന്വേഷിച്ചോക്കീ...."

ഈറയോടെയാണയാൾ അതു പറഞ്ഞത്.

നിരത്തുവക്കിലൂടെ ഇരുവശവും നോക്കാതെ പോകുന്ന സംഘത്തിൽ തല താഴ്ത്തി വളഞ്ഞു കുത്തി നടക്കുന്ന കുഞ്ഞഹമ്മദിലായിരുന്നു കുട്ടാടയുടെ കണ്ണുകൾ. കുഞ്ഞഹമ്മദിൻെറ മരിച്ചുപോയ മകനും തൻെറ ചന്തുവിനും വയസ്സൊപ്പമാണെന്നും അയാളോർത്തു.

# 5

മരണത്തിൻ്റെ വാർത്തകൾ കേട്ടുകൊണ്ടാണ് മിക്കദിവസവും രാവിലെ ഉണർന്നിരുന്നത്. തിരുവാതിര ഞാറ്റുവേല രാവും പകലും തകർക്കുകയായിരുന്നു. നനഞ്ഞു കുതിർന്നു നില്ക്കുന്ന ഗ്രാമത്തിനു മുകളിൽ മരണം കാണാത്ത ഒരു കൂറ്റൻ പരുന്തിനെപ്പോലെ ചിറകുവിരുത്തി വട്ടമിട്ടു പറക്കുന്നുണ്ടെന്നു തോന്നി. തണുത്ത കാറ്റോടൊപ്പം ഭയം അടഞ്ഞ വാതിലുകളുടെ വിടവുകളിലൂടെ അരിച്ചുകയറിയിരുന്നു.

നിരത്തിലൂടെ ഓത്തുചൊല്ലുന്ന ശബ്ദം സഞ്ചരിക്കുന്നതു കേൾക്കുമ്പോൾ കുഞ്ഞുകുട്ടിക്ക് ആദ്യമൊക്കെ ശരീരം കിടുകിടെ വിറച്ചിരുന്നു. രാത്രിയിലുറക്കംവരാതെ കിടക്കുമ്പോൾ ദൂരെയെവിടെയോനിന്ന് ഓത്തു കേൾക്കുന്നുണ്ടെന്നു തോന്നും.

രാത്രി ആരംഭിക്കുന്നതു നേരത്തേയാണ്. സന്ധ്യയ്ക്കുമുമ്പായി പീടികകൾ അടയ്ക്കാൻ തുടങ്ങും. ഇരുട്ടായാൽപ്പിന്നെ

ആളുകൾ പുറത്തിറങ്ങി നടക്കാറില്ല. ഒച്ചയും അനക്കവും ഇല്ല. രാത്രിയുടെ പേടിപ്പെടുത്തുന്ന നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടാണ് നിരത്തിൽ നിന്നു കേൾക്കുക:

"ലായിലാ ഇല്ലള്ളാ..."

പള്ളിപ്പറമ്പിലേക്ക് ഒരു ശവംകൂടി കൊണ്ടു പോകുന്നു.

മരണത്തിന്റെ വാർത്തകളെക്കാളും കുഞ്ഞുകുട്ടി കേൾക്കാൻ ഭയപ്പെട്ടിരുന്നത് കാളി ത്തള്ളയോ വടക്കേവീട്ടിലെ പെണ്ണുങ്ങളോ കൊണ്ടുവരുന്ന വിശേഷങ്ങളായിരുന്നു:

"ന്നലെ ശേഖരൻനായര് ഉമ്മറത്തിരിക്കുമ്പോ വെട്ടുകത്തീംകൊണ്ടു ചെന്നൂത്രേ."

"പൊയ്യാക്കരത്തെ പൂള മുഴുവൻ പറിച്ചോണ്ടോയിരിക്കണ്. ചെറീമ്പ്രാനാന്നാ പറേണ് എല്ലാരും."

കുഞ്ഞുകുട്ടി ഒന്നും പറയാറില്ല. എല്ലാം ഭാവഭേദമില്ലാതെ കേൾക്കാമെന്നുള്ള നിലയിലായിരുന്നു.

അമ്മ മരിച്ചതിൽപ്പിന്നെ കുമാരേട്ടൻ പുറത്തിറങ്ങിയിട്ടില്ല.

ഇന്നേക്ക് അഞ്ചായി.

വെള്ളമിറങ്ങാതെ ആറേഴുദിവസം കിടന്നു. കാണാൻ വരുന്നവരെല്ലാം ആ കിടപ്പു കണ്ടു പ്രാർത്ഥിച്ചു: "ഈശ്വരാ, ആ തള്ളയ്ക്കു വേഗം ഒരു വഴി കൊടുക്കണേ...."

അമ്മയുടെ ഒടുക്കത്തെ ദിവസങ്ങളിൽ അകത്തും പുറത്തും നിറയെ ആളുകളായിരുന്നു. വരുന്നവർക്കെല്ലാം ആദ്യം ചോദിക്കാനുണ്ടായിരുന്നത് അവനെപ്പറ്റിയായിരുന്നു.

"അവൻെറ വല്ല വിവരുണ്ടോ?"

"ഇല്ല."

"അമ്മേ ടൊന്നും അറീച്ചിട്ടില്യലോ?"

"ഇല്ല."

"നന്നായി. വയസ്സുകാലത്ത് അങ്ങനൊരു മനോവേദനീം കൂടി അനുഭവിക്കേണ്ടലോ"

ദീനം കാണാൻവരുന്ന ആളുകൾ ലോഹ്യം പറയാനടുക്കുമ്പോൾ അകന്നുമാറുകയായിരുന്നു പതിവ്.

അവസാനം അമ്മ മരിച്ചു. മരണം സമീപത്തു നിന്നു കണ്ടപ്പോൾ ഭയം തോന്നിയില്ല. കണ്ണുകൾ വട്ടം വീശുന്നതും തൊണ്ടയിൽ ശ്വാസം കുടുങ്ങി ശബ്ദം ഉണ്ടാവുന്നതും ശ്രദ്ധിച്ച

നെഞ്ചിൻകൂട് ഉയർന്നുതാഴുന്നതുമെല്ലാം കട്ടി ലിനു സമീപം നിന്നുകൊണ്ടു കണ്ടു. മാധവി യേടത്തി എത്തിയപ്പോഴേക്കു നിലത്ത് ഇറക്കി ക്കിടത്തിയിരുന്നു. അലമുറയിട്ടുകൊണ്ടാണ് വടക്കേ മുറിയിലേക്കു വന്നത്. കുഞ്ഞുകുട്ടി കരഞ്ഞില്ല. മനസ്സും കണ്ണുകളും വരണ്ടുപോയി രുന്നു.

തെക്കേമുറികളിലെ തിരികളുടേയും നിലവി ളക്കിന്റേയും വെളിച്ചത്തിൽ കഴുത്തുവരെ മൂടി ഭസ്മം തൊടുവിച്ചു കിടത്തിയ ആ രൂ പം നോക്കിനിന്നപ്പോൾ മനസ്സിൽ ദുഃഖമായി രുന്നില്ല. ഒരുതരം നിർവ്വികാരമായ നിസ്സഹാ യതയായിരുന്നു. ചുളുങ്ങിവരണ്ട മുഖം നോക്കി യാൽ മരിച്ചുകിടക്കുകയാണെന്നു തോന്നില്ല. അമ്മ വളരെക്കാലത്തിനുശേഷം ഉറങ്ങുന്നു...... സമാധാനമായി ഉറങ്ങുന്നു...പുതിയ വേദനകൾ മറക്കാൻ പഴയപദവി അയവിറക്കിക്കൊണ്ടു കഴിഞ്ഞുകൂടിയ അമ്മയുടെ കഷ്ടപ്പാടുകൾ അവസാനിച്ചിരിക്കുന്നു.

ദഹനം കഴിഞ്ഞ് ആണുങ്ങൾ പിരിഞ്ഞുപോ യപ്പോൾ ഉമ്മറത്തു കുമാരേട്ടനും ശേഖരേട്ടനും ബാക്കിയായി. വെട്ടിക്കൂട്ടാൻ വന്ന തീയ്യർക്കു കൂ

ലി കൊടുത്തതു ശേഖരേട്ടനാണ്.

ശേഖരേട്ടൻ ചോദിച്ചു: "ക്രിയാഭാഗം എങ്ങന്യാ വേണ്ടത്?"

"ദീനോം കേടുംള്ള കാലാ. ആളോള് ഉതിര്ണ്. പതിനാറും കൊള്ളിമാസും ഒന്നും വേണ്ടാന്നാ ഞാൻ കണക്കാക്കിയിരിക്കണ്. ന്നെക്കൊണ്ട് അതിനു കഴിവുല്യ."

"കഴിവു നോക്കീട്ടാ ഇതൊക്കെ കുമാരാ? എങ്ങന്യൊക്ക്യാ വേണ്ടത് ച്ചാൽ വേണം. താഴത്തേല് തറവാട്ടില് ഒരു കാരണോസ്ഥാനത്തിരുന്ന ആളാ അമ്മ. ആളോള് പറയില്ലേ ഒന്നുല്യെങ്കില്?"

കുമാരേട്ടൻ സംശയിക്കാതെ ഉറപ്പിച്ചു പറഞ്ഞു: "ഒന്നും വേണ്ട. മരിച്ചുപോയ ആൾക്കും അറിയാലോ ഇവിടത്തെ സ്ഥിതി. പിന്നെ അവനോൻെറ കാര്യം നിശ്ചയിക്ക്ണ്ത് നാട്ടാരല്ലലോ. ഉള്ളകാലത്തു പേരൂരോ രാമേശ്വരത്തോ കൊണ്ടായി പിതൃക്രിയ ചെയ്യണം. അത്രേള്ളു."

ശേഖരേട്ടൻ പിന്നെ നിർബന്ധിച്ചില്ല.

"നീയ് പറേണോടത്തും കാര്യണ്ട്. ആളോള് ചത്തുതീര്ണ സമയം. ആർക്കാ എപ്പഴാ വരു

ന്നത്ന്നു നിശ്ചയല്യ. അപ്പോ സദ്യേം പിണ്ടോം ഒക്കെ ഒരു വകെന്ന്യാണ്."

പട്ടനാട്ടലും ക്രിയയും പതിനാറുമില്ലെന്നു കുമാരേട്ടൻ പറഞ്ഞപ്പോൾ ശേഷക്കാരും കുടുംബക്കാരുമായ പലരും കയർത്തു:

"ഇതേതു നാട്ടിലെ നടപ്പാ? നായര് സമുദായത്തില് ഇങ്ങനെ പതിവ്ല്യ ൻററിവില്."

"ഭാരതപ്പൊഴേല് മണപ്പൊറത്ത് നീം സ്ഥലംണ്ട്. ക്രിയ ചെയ്യേണ്ടോൻ ഞാനൊരുത്തനേള്ളു. അതു ഞാൻ ചെയ്തോണ്ട്. ഞാൻ പറേന്നന്ന്യാ ഇവിട്ത്തെ നടപ്പ്."

ആളുകൾ പിരിഞ്ഞുപോയി. കുമാരേട്ടനും കുഞ്ഞുകുട്ടിയും തനിച്ചായി. മരിച്ച വീടിൻെറ അന്തരീക്ഷമായിരുന്നില്ല അവിടെ. മരണത്തിൻെറ സാക്ഷിയായി വടക്കേമുറിക്കകത്തു നിലവിളക്കു കെടാതെ നിറുത്തിയിരുന്നുവെന്നു മാത്രം.

കുമാരേട്ടൻ തെക്കിനിയിലെ തൂണുചാരിയിരുന്ന് ഉറക്കെ നാമം ജപിക്കുന്നുണ്ട്. തലേന്നു രാത്രി ഭക്ഷണം കഴിച്ചതാണ്. എഴുന്നേല്ക്കുമ്പോഴും നടക്കുമ്പോഴും നടുവൊടിഞ്ഞു വീഴുമെന്നു തോന്നും.

"വല്ലതും വെച്ച് കഴിച്ചോ. എനിയ്ക്കൊന്നും വേണ്ട."

അവളൊന്നും പറഞ്ഞില്ല.

"ആ തള്ളേളാട് ഒന്നിങ്ങട്ട് കെടക്കാൻ വരാൻ പറയാർന്നില്ലേ?"

അതിനും പെങ്ങൾ നിശ്ശബ്ദത പാലിച്ചു.

"മരിക്കാൻവേണ്ടി കാത്തിരിക്കേർന്ന്, നാട്ട്വാരൊക്കെന്നു തോന്നും, ഇന്നുച്ചവരെള്ള തിക്കും തെരക്കും കണ്ടാൽ. അതു കഴിഞ്ഞപ്പളയ്ക്ക് മഷിട്ടു നോക്ക്യാൽ ഒരു മനുഷ്യനെ കാണാൻ ണ്ടോ?"

തള്ളയെ വിളിച്ചില്ല. അടുപ്പിൽ തീ പൂട്ടിയതുമില്ല. കിടക്കാറായപ്പോൾ തെക്കിനിയിൽ പഴയ ചാരുപടി മടക്കിവെച്ചതു നിവർത്തി കാലുകൾ തട്ടിയുറപ്പിച്ചു കുമാരേട്ടൻ കൊക്കിക്കുരച്ചുകൊണ്ടു കിടന്നു.

"തെക്കിനീലൊരുപാത്ത് കെടന്നോ."

പെങ്ങളോട് പറയുകയും ചെയ്തു.

വടക്കിനിയിൽ പഴയ സ്ഥാനത്തു കിടക്കുമ്പോൾ വടക്കേ അറയുടെ അടഞ്ഞ വാതിലിന്റെ വിടവിലൂടെ അമ്മയെ നിലത്തിറക്കി കിടത്തിയ സ്ഥാനത്തു കത്തിച്ചുവെച്ച നിലവി

ളക്കിന്റെവെളിച്ചം കാണാം. ആ വാതിലിനു മുന്നിൽ കിടക്കാൻ മടി തോന്നി.

തെക്കിനിയുടെ ഒരരികിലായി പായ വിരിച്ചു.

"വിളക്കുതണ്ടെ താത്തി വെച്ചാ മതി." തൂണിന്റെ മറവിൽ മുട്ടവിളക്കു തിരി താഴ്ത്തി വെച്ചു. നേരിയ വെളിച്ചം മാത്രമായിരുന്നു അതു പരത്തിയിരുന്നത്. ചുവരിനഭിമുഖമായി കിടന്നുകൊണ്ടു മരണത്തെപ്പറ്റി ആലോചിച്ചു. മരണം അമ്മയുടെ സമീപത്തേക്ക് ഇഴഞ്ഞെത്തുന്നതു കാണാൻ തുടങ്ങിയിട്ടു മാസങ്ങളായി. എന്നിട്ടും വിശ്വസിക്കാനാവുന്നില്ല. വടക്കെമുറിയിലെ ഉയരംകുറഞ്ഞ ആ കട്ടിൽ ഒഴിഞ്ഞുകിടക്കുകയാണിന്ന്.

ഉറക്കം വരില്ലെന്നറിയാമായിരുന്നു. തെക്കിനിയിൽ പുകപോലെ തങ്ങിനിന്ന നേർത്ത വെളിച്ചം വല്ലാത്തൊരസുഖമുണ്ടാക്കി. ഒന്നുമോർമിക്കരുത്. ചാരുപടിയിൽ കിടന്നു കുമാരേട്ടൻ പിറുപിറുക്കുന്ന സ്വരത്തിൽ പതുക്കെ നാമം ജപിക്കുന്നതു മാത്രം ശ്രദ്ധിച്ചുകൊണ്ടു കിടക്കാം.

കുമാരേട്ടൻ നാമം നിറുത്തി പതുക്കെ വിളിച്ചു:

"കുഞ്ഞൂട്ടി ഉറങ്ങ്യോ?"

“ഇല്ല, എന്താ?”

“ഒന്നുല്ല.”

കുമാരേട്ടൻെറ നേരെ നില്ക്കാറില്ല. മുതിർന്നതിൽപ്പിന്നെ, നേരിട്ടൊരു കാര്യം പറഞ്ഞത് ഓർമയില്ല. പൂമുഖത്തെ പടിയിൽ തറവാട്ടിൽ കാരണവരായിരുന്നു നടുങ്ങുന്ന സ്വരത്തിൽ സംസാരിക്കാറുള്ള ആളാണ് ഈ ചാരുപടിമേൽ കിടന്നു തളർന്ന സ്വരത്തിൽ ജപിക്കുന്നതെന്നു വിശ്വസിക്കാൻ പ്രയാസം തോന്നി.

നേർത്ത വെളിച്ചവും തണുത്ത നിശ്ശബ്ദതയും കെട്ടുപിണഞ്ഞു കിടക്കുന്ന അന്തരീക്ഷത്തിൽ ആ നാമജപം ഒഴുകിനടന്നു.

“വയസ്സുകാലത്ത് ത്തിരി സുഖായിട്ടിരിക്കാൻ മക്കളെ ആരെക്കൊണ്ടും സാധിച്ചില്ല. എല്ലാവരടീം കയ്യോണ്ടിത്തിരി വെള്ളം കുടിച്ച് കണ്ണടയ്ക്കാനും അതിനു യോഗണ്ടായില്ല. ആരേം പറഞ്ഞിട്ടു കാര്യല്യ. വിധിച്ചതല്ലേ വരൂ” കുമാരേട്ടൻ ആരോടെന്നില്ലാതെ സംസാരിക്കുകയായിരുന്നു. ആ ശബ്ദം പിന്നെപ്പിന്നെ നേർത്തുവന്നു. അവസാനം ഒരു തേങ്ങലു കേട്ടപ്പോൾ കുഞ്ഞുകുട്ടി മെഴുക്കുപുരണ്ട തലയണമേൽ മുഖമമർത്തി. കണ്ണുകൾ നനയു

കയായിരുന്നു.

# 6

"കള്ളൻ, കള്ളൻ, ഓടിവരോ."

പൂന്തോട്ടത്തിലെ താഴത്തെ കോലായയിൽ ഒരരുകിൽ ഉടുത്ത മുണ്ടുകൊണ്ടു തലയാകെ മൂടിപ്പുതച്ചു കിടന്നുറങ്ങുകയായിരുന്ന മാക്കുണ്ണി ഞെട്ടിയുണർന്നു. പടിപ്പുരയിൽ കിടക്കുന്ന ചെറുമച്ചെക്കന്റെ ശബ്ദമാണ്.

ഉറക്കത്തിന്റെ മത്തു വിടാത്ത കണ്ണുകൾ തിരുമ്മി അമ്പരപ്പോടെ മാക്കുണ്ണി മുറ്റത്തേക്കു നോക്കി. ഇടതിങ്ങിയ ഇരുട്ടാണ്. ഒന്നും കാണാൻ വയ്യ. കാവൽ കിടക്കുമ്പോൾ അരികിൽ വെയ്ക്കാറുള്ള അറ്റം വളഞ്ഞ മുണ്ടൻവടിയെടുത്തു മുറ്റത്തിറങ്ങി നിന്നു. ആരോടെന്നില്ലാതെ

മാക്കുണ്ണി ഉറക്കെ വിളിച്ചു ചോദിച്ചു:

"ആരടാത്?"

പടിപ്പുരയിൽനിന്ന് ഓടിവരുന്ന കറുത്ത നിഴലേ ആദ്യം കണ്ടുള്ളു.

വിറയ്ക്കുന്ന കൈയോടെ മുണ്ടൻവടി ഉയർത്തിപ്പിടിച്ചപ്പോൾ ആ നിഴൽ പറഞ്ഞു:

"ചതിക്കല്ലേ ചേനാരേ, ഞാനല്ലേത്?"

മാക്കുണ്ണിയുടെ സമീപത്തായി അഭയം തേടാനെത്തിയ താമിച്ചെക്കൻ അല്പംകൊണ്ടാണു മുണ്ടൻവടിയിൽനിന്നു രക്ഷപ്പെട്ടത്.

"എടുത്തെപ്പടാ?"

"മിറ്റത്തുകൂടെ പോണ് കണ്ടു. വടക്കോറത്തിക്ക് എറങ്ങണ് കണ്ടു. അപ്പളാ വിളിച്ച്."

"ചൂട്ടിൻെറ മുറിയെടുക്ക്."

അഞ്ചാറു കൊള്ളി ഉരച്ചശേഷമാണ് നനവുള്ള തീപ്പെട്ടി കത്തിയത്. നനഞ്ഞരിച്ച ചൂട്ടിനു തീപ്പിടിക്കാൻ പിന്നേയും കുറേ സമയം വേണ്ടിവന്നു.

മുകളിലെ ഒരു ജാലകം ഒച്ചയോടെ തുറന്നു.

"ആരാത്?"

ശേഖരൻനായർ മുറിയിൽനിന്നു വിളിച്ചു ചോദിച്ചു.

"ഇതട്ട്യേനല്ലേ, മാക്കുണ്ണ്യേ."

"എന്താടാ?"

"ആരോ ഒന്ന് മിറ്റത്ത്കൂടെ പായിണ കണ്ടു."

മുകളിൽ ഒരു വിളക്കു കത്തി. വാതിലുകൾ വലിച്ചുതുറക്കുന്ന ശബ്ദം കേട്ടു:

ചൂട്ടു തുടർച്ചയായി വീശി ആളിക്കത്തിച്ചശേഷം മാക്കുണ്ണ്യേ അന്വേഷിച്ചു:

"എത്ത്യേന്ന്യാടാ മണ്ടേത്?"

"ദ്ദ്യ."

"ചൂട്ടും പിടിച്ച് മുമ്പില് നടക്ക്. എട്ത്തു മടാക്കത്തി."

ഇറയത്തുനിന്ന് ഒരു വെട്ടുകത്തികൂടി തപ്പിയെടുത്തു. ഇടതുകൈയിൽ വെട്ടുകത്തിയും വലതുകൈയിൽ മുണ്ടൻവടിയുമായി വടക്കേ മുറ്റത്തേക്കിറങ്ങി. താമി അരിച്ചൂട്ട് ഉയർത്തിപ്പിടിച്ചു സംശയിച്ചു സംശയിച്ചു മുന്നിൽ നടന്നു, അടുത്ത അടിവെപ്പിൽ കള്ളൻ മുന്നിൽ ചാടിവീഴുമെന്ന തോന്നലോടെ.

മാക്കുണ്ണ്യേ പതുക്കെ അന്വേഷിച്ചു:

"നീയ് കണ്ടോടാ താമ്യേ?"

ആളെ തിരിഞ്ഞില്ല ചേനാരെ. ഒരു നെഴലേ കണ്ട്ള്ളൂ. മൂത്രം വീത്താൻ മുട്ടിണീറ്റപ്പളാ കണ്ട്"

പുരയുടെ നാലുചുറ്റും അരിപ്പച്ചൂട്ടിന്റെ വെളിച്ചത്തിൽ ആയുധങ്ങളോടെ മാക്കുണ്ണി ഒരു തെരച്ചിൽ നടത്തി. വിറകുപുരയിലേക്കു കയറിനോക്കിയത് ഒരേറ്റുമുട്ടലിനു തയ്യാറായി ക്കൊണ്ടുതന്നെയായിരുന്നു. എന്നിട്ട് വടക്കെ വളപ്പിലേക്കിറങ്ങി ഇരുട്ടിൽ ചുറ്റുപാടും നോക്കി. കള്ളൻ സ്ഥലംവിട്ടുവെന്നു തീരുമാനിച്ചശേഷം ഉമ്മറത്തെത്തിയപ്പോൾ ശേഖരൻനായർ റാന്തൽവിളക്കുമായി പൂമുഖവാതിൽ തുറന്നു പുറത്തെത്തിയിരുന്നു.

"വടക്ക്വോത്ത് ചെമ്പോ പാത്ര്വോ വെച്ചി ര്ന്ന്വോ ആവോ?"

"ആർക്കാ നിശ്ശം? രാവിലെ കേക്കാം. ഇനി കൂക്കും വിളിം, അതു പോയി ഇതു പോയി. സൂക്ഷ്മല്യാത്ത വക."

"ന്നാലും ചില്ലറ പുള്ള്യല്ല. വേലി ചാടിപ്പോ യതാ. അട്ട്യേനീ കോലായത്ത്മ്മ്ക്കെടക്കുമ്പോ മിറ്റത്തൂടി പോണച്ചാല് ചില്ലറ പുള്ള്യാവില്ല."

"നീയ് കണ്ട്വോടാ?"

അരിപ്പച്ചൂട്ടിന്റെ വെളിച്ചത്തിൽ മാക്കുണ്ണി താമിച്ചെക്കനെയൊന്നു ശ്രദ്ധിച്ചുനോക്കി.

"കാല് ഞെരക്ണ് ഒച്ച കേട്ടപ്പോ അട്ട്യേൻ

ഒറക്ക് ഞെട്ടി കണ്ണു തൊറന്നു. പിന്നാമ്പറത്ത് കൂടെ ചെന്ന് പൂണ്ടടങ്ങി പിടിക്കണോംന്നാ വിചാരിച്ചീര്ന്ന്. അപ്പ ഈ ചെർമ്മച്ചെക്കൻ കുട്ട്യാർത്തത്. പിന്നൊറ്റ പാച്ചിലേ കണ്ട്ള്ളൂ. വടക്കേ വേലി ചാടീട്ടാ പോയത്."

അമ്പരപ്പോടെ നോക്കുന്ന താമിച്ചെക്കൻെറ നേരെ മുഖം തിരിക്കാതെ മാക്കുണ്ണി വിവരിച്ചു.

"ആളെ തിരിച്ചറിഞ്ഞ്വോ?"

"ഇരുട്ടല്ലേര്ന്ന്? നല്ല തണ്ടും തടീംള്ള വാല്യക്കാരനാ. അതട്യേന് ഒറപ്പാ."

"സൂക്ഷ്മല്യാത്ത വകയാണ് ഈ വീട്ടില്." ഉറങ്ങിക്കിടക്കുന്ന ആ വീടിനോടായി ശേഖരൻ നായർ ഉച്ചത്തിൽ പറഞ്ഞു:

"അത്യദ്ധ്വാനം ചെയ്ത് മൊതല്ണ്ടാക്ക്യോനേ പോയാൽ വേദന അറീള്ളു. ചെമ്പോ, ചരക്കോ എന്തൊക്ക്യാ പൊറത്തിട്ട്ര്ന്നത്ന്ന് രാവിലെ എണ്ണിപ്പറക്കുമ്പോ കേൾക്കാം. ചവിട്ടിനീട്ടണം എല്ലാറ്റിനേം."

കാവല്ക്കാരേയും ശകാരത്തിൽനിന്നൊഴിവാക്കിയില്ല.

"ഒന്നിനേ്വാകണോം പോന്ന രണ്ടെണ്ണം തിന്നുമലച്ചുട്ടി കെടന്നൊറങ്ങ്വേര്ന്ന്, കാവല്

കാവല്ന്നും പറഞ്ഞ്. കള്ളൻ കള്ളന്റെ പാട്ടിനു പോയി.  എന്തിനാടാ നിങ്ങള്യോക്കെപ്പറേണ്?

ശേഖരൻനായർ റാന്തൽ തൂക്കിയെടുത്ത് അകത്തുകയറി വാതിലടച്ചു.

മുണ്ടൻവടിയും വെട്ടുകത്തിയും തലയ്ക്കൽ വെച്ചു പായിൽ ചെന്നു കിടന്നപ്പോൾ മാക്കുണ്ണിക്ക് ഉറക്കം വന്നില്ല. കാലിലെ വിറ നല്ലപോലെ മാറിയിരുന്നില്ല. താമി പടിപ്പുരയിൽ ചെന്നു കിടന്നു. അധികം താമസിയാതെ കൂർക്കം വലി തുടങ്ങി. മാക്കുണ്ണി വകതിരിവില്ലാത്ത ആ ചെക്കനെ ശപിച്ചു. മനസ്സിൽ പറയുകയും ചെയ്തു:

''ബുദ്ധില്യാത്തോറ് എന്ത് പേട്യാ?''

ഉറക്കംവരുന്ന ലക്ഷണം കാണാത്തതുകൊണ്ടു മാക്കുണ്ണി പതുക്കെ വിളിച്ചു:-

"താമ്യേ!"

ചെക്കൻ കേൾക്കുന്നില്ല.

"താമ്യേ!"

"ചേനാറ് വിളിച്ചോ?"

"ആ. അവിടെ തന്നെ കെടക്കാൻ പേടിണ്ച്ചാല് ഇബടെ ഈ താഴത്തെ എറേത്ത് വന്ന് കെടന്നോ."

“എറേത്തപ്പടി വെള്ളാ ചേനാരേ. ഇബടെ കെടന്നോണ്ട്.”

“അവിടെ തന്നെ കെടക്കാൻ പേടീണ്ടങ്കി ലോച്ചിട്ട് പറയ്യേ.”

അതിനു താമിയൊന്നും പറഞ്ഞില്ല. രണ്ടു മിനുട്ട്. കാളത്തേക്കിൻെറ കയറുരയുന്നതു പോലെ വീണ്ടും കൂർക്കംവലിയുടെ ശബ്ദം കേട്ടുതുടങ്ങി. നാശം. മാക്കുണ്ണി തലയോടെ മുടിപ്പുതച്ചു തിരിഞ്ഞുകിടന്നു.

രാവിലെ അകത്തുള്ളവർ പുറത്തു വന്നു പാത്രങ്ങളുടെ  കണക്കു നോക്കിയപ്പോൾ ഒന്നും കുറവു കണ്ടില്ല. മാക്കുണ്ണി കള്ളനെ പിടിക്കാനൊരുമ്പെട്ട ചരിത്രം അമ്രാളോടും അടുക്കളെപ്പണിക്കു പുതിയതായി നിർത്തിയ തള്ളയോടും പ്രത്യേകം പ്രത്യേകം വിവരിച്ചു. തോട്ടത്തിൽ നടന്നുനോക്കിയപ്പോൾ ഒന്നും പോയ ലക്ഷണമില്ല. മാക്കുണ്ണിയുടെ ഊഹം ശരിയാണെന്ന് എല്ലാവരും സമ്മതിച്ചുകൊടുത്തു. ആരായിരുന്നാലും തിരിമുറിഞ്ഞ കള്ളനാണ്. കക്കാനൊരുങ്ങിയിട്ടാണു വന്നതും. ആ വരവിലാണു മാക്കുണ്ണി കണ്ട് മുണ്ടൻ വടിയെടുത്തു പിന്നാലെ ചാടിയത്. ഓടി രക്ഷപ്പെട്ടു

കളഞ്ഞു.

"അട്യേനുണ്ടല്ലോ അമ്രാളേ, നായടെ ചെവിടാപ്പളും. എലയനങ്ങ്യാ അട്യേനൊണരും. അട്യേനെ തോല്പിച്ചിട്ടു കക്കാൻ ഇന്യൊരു കള്ളൻ ജനിക്കണം."

മാക്കുണ്ണി ഒരു പുതിയ ഉഷാറോടെയാണ് അന്നു രാവിലെ നിരത്തിലേക്കിറങ്ങിയത്. രാവിലത്തെ ചായ പറ്റുന്നത് ആൻതൂരെ കമ്മളുടെ പീടികയിലാണ്. അവിടെ എത്തിയപ്പോൾ മനസ്സിൽ മുഴുവൻ കള്ളനുമായേറ്റുമുട്ടിയ കഥയായിരുന്നു: ഓലവാതിൽ നൂണുകടന്നു പീടികയുടെ അകത്തു കയറിയപ്പോൾ തലയിലൊരു പഴയ രോമത്തൊപ്പി കമിഴ്ത്തിവച്ചു ചായഗ്ലാസ്സു മുന്നിൽവച്ചു ദുഃഖിച്ചിരിക്കുന്ന പരമേശ്വരൻ മാഷെയാണ് ആദ്യം കണ്ടത്. ബെഞ്ചിലും അടുപ്പുതിണ്ടിനടുത്തുമായി ഇരിക്കുന്നവരെല്ലാം മാസ്റ്ററുടെ ദുഃഖത്തിൽ പങ്കുകൊള്ളുന്നുണ്ട്. പറയാൻ തയ്യാറാക്കി നാവിൻതുമ്പത്തു നിർത്തിയ കള്ളന്റെ കഥ തൽക്കാലം മാക്കുണ്ണി ഒതുക്കിവച്ചു. മരണത്തിന്റെ ഒരു ചിത്രമാണ് ആദ്യം മനസ്സിലേക്കു കയറിവന്നത്. മാസ്റ്ററുടെ വീട്ടിൽ–

പഴയ കണ്ണൻദേവൻ ചായപ്പെട്ടി ഒരു മൂലയിലേക്കു വലിച്ചിട്ടിരുന്നു മാക്കുണ്ണി കാത്തു. ആരെങ്കിലും സംഗതി പറയുമിപ്പോൾ.

ആരും ഒന്നും പറയുന്നില്ലെന്നു കണ്ടപ്പോൾ മാക്കുണ്ണി ചായക്കാരൻ കമ്മളോടു ചോദിച്ചു: "എന്താ കമ്മളേ?"

"മാഷ്ടരുടെ കഷ്ടകാലം-അല്ലാണ്ടന്താ?"

"ആരക്കാ കമ്മളേ? അടിയൻ അറിഞ്ഞില്ലല്ലോ"

പരമേശ്വരൻമാസ്റ്റർ ഗ്ലാസ്സ് ചുണ്ടത്തേക്കുയർത്തി പതുക്കെ പറഞ്ഞു:

"എന്തിനാടോ പറേണ്? നമ്മടെ ഒരു കൊലകായ പോയി."

മാക്കുണ്ണിക്ക് ഇരിപ്പുറച്ചില്ല.

"എപ്പളേ?"

"ഇന്നലെ രാത്രി. സന്ധ്യയ്ക്കു വാഴത്തോട്ടത്തില് നടന്നു നോക്കീതാ ഞാൻ. ഒമ്പതു ചീർപ്പ്. മാണികൂടാതെ ഒമ്പതു ചീർപ്പു തെകച്ചുംണ്ട്. ഉള്ളേല്വെച്ച് രാജനാ. എന്താ കുട്ട്യാരാണെന്നായരേ?"

"ഏജണ്ടേർന്ന്. ഞാനും നോക്കീട്ടുണ്ട് ആ കൊല."

“ഏതു കണ്ണുപൊട്ടനു കൊടുത്താലും കിട്ടും അഞ്ചുർപ്യ. എന്തിനാ ഏറെ പറഞ്ഞിട്ട്. രാവി ലെ ചെന്ന്വോാക്കുമ്പോ കൊലല്യ.”

ചായക്കാരൻ വേലായുധൻനായർ പറഞ്ഞു: “പഷ്ണി മൂക്കുമ്പോ കളവൊക്കെ തൊടങ്ങുംന്ന്. ങനൊരു മിഥുനംകർക്കടകം പണ്ടുണ്ടായിട്ട്ണ്ടോ കൂട്ടരേ?”

മാക്കുണ്ണ്യ്ക്കു പറയാനൊരവസരം കിട്ടി:

“പുന്തോട്ടത്തില് നടക്കണ്ട കളവാ. അദ് ന്നലെ രാത്രി പരമീശരൻ കമ്മക്കാ പെട്ടത്ന്ന് മാ ത്രം.”

“അതെന്താടോ അങ്ങനെ, മാക്കുണ്ണ്യേ?”

“ത്തിര്യോണ്ട് പെഴച്ചതാ കമ്മളേ. അല്ലെങ്കി ആ കള്ളൻെറ കക്കാൻള്ള പൂതി അട്യേൻ ന്നലത്തോടുകൂടി മാറ്റീർന്ന്”

മാക്കുണ്ണ്യി, പാതിരാത്രിക്കു മുറ്റത്ത് ഒരു കാലനക്കം കേട്ടു ഞെട്ടിയുണർന്നപ്പോൾ ഒരാൾ പതുങ്ങി വടക്കുപുറത്തേക്കു കടക്കുന്നതു കണ്ടതും പിറകെ ചെല്ലാനൊരുങ്ങിയപ്പോൾ പടിപ്പുരയിൽ കിടക്കുന്ന ചെറുമച്ചെക്കൻ നി ലവിളിച്ചതും കള്ളൻ വേലിചാടി രക്ഷപ്പെട്ടതും വിവരിച്ചു.

"ആ ചെർമച്ചെക്കൻ പേടിത്തൊണ്ടൻ നെലോളി കൂട്ടീര്ന്ന്ല്ലെങ്കില് ഓനെ ൻെറ കയ്യില് കിട്ടീര്ന്ന്. പണ്ടത്തെന്തി ഓടാൻ വയ്യ കമ്മളേ. വയസ്സ് മാക്കുണ്ണിക്കു പത്താമ്പത്തിരണ്ടായി."

"ആ പോക്കില് വേറൊന്നും തടഞ്ഞില്ല. മാഷടെ കായ കണ്ടപ്പോ അതും വെട്ടി. നാലുർപ്യയുടെ കാശായീലോ. കൊത്തി നുറുക്കി വെച്ചിന്നും ആവാം."

മാസ്റ്റർക്കു രസിച്ചില്ല. അയാൾ നാരായണൻ നായരെ ഓർമിപ്പിച്ചു:

"മാണി പെടാതെ ഒമ്പതു ചീർപ്പാ. ഏതു കണ്ണുപൊട്ടനും തരും അഞ്ചുർപ്യൈൻെറ കാശ്."

പണിക്കരന്നു പതിവിലും വൈകിയാണ് ചായപ്പീടികയിലെത്തിയത്. എഴുന്നേല്ക്കാൻ സമയം വൈകുന്നു. മഴക്കാലം വന്നാൽ രാത്രി കോച്ചലും വലിയുമാണ്. മാസ്റ്ററുടെ കായക്കുല പോയ കഥ കേട്ടപ്പോൾ പണിക്കർ അവിടെ കൂടിയവർക്കാർക്കും വിവരമില്ലാത്ത ഒരു കളവു കേസു വിവരിച്ചു. പലചരക്കുകച്ചവടക്കാരൻ ബാപ്പുവിൻെറ ഉമ്മറത്തുനിന്ന് ഒരോട്ടുകിണ്ടിയും ഇറയത്തെ പനമ്പാത്തിയിൽ വിത്തിനിട്ടിരുന്ന രണ്ടു കൊട്ടത്തേങ്ങയും കളവുപോയിരിക്കു

ന്നു.

"ഇങ്ങനെ നമ്മടെ ദേശത്ത് മുമ്പുണ്ടായിട്ടില്ല." നാരായണൻനായർ പറഞ്ഞു.

"പണ്ട്ണ്ടായിരുന്നെന്ത്യാപ്പോ?" പണിക്കർ ഒരു വാദത്തിനൊരുങ്ങി: "കുന്നത്തെ ഭഗോതിയുടെ തട്ടകത്തില് നടപ്പും കുരുപ്പുംകൊണ്ട് ആള് തീർന്നതു പണ്ട്ണ്ടായിട്ടുണ്ടോ? കലികാലവൈഭവംന്നൊക്കെ കേട്ടിട്ടില്ലേ? അതേ പറേണ്ടു മാഷ്ടരെ, ഒക്കെ ഭാഗവതത്തില് പറഞ്ഞിട്ടുണ്ട്ക്കെ:

"അനുജൻ ജ്യേഷ്ഠനെ വെട്ടിക്കൊല്ലും.
കപ്പലകത്തൊരു കള്ളനിരിക്കും."
എന്താ മാഷ്ടരേ?"

പരമേശ്വരൻ മാസ്റ്റർക്ക് തോട്ടത്തിൽ രാജനായിരുന്ന ഒമ്പതു പടലയുള്ള കുലയുടെ ഓർമ അപ്പോഴും മനസ്സിൽനിന്നു വിട്ടുമാറിയിരുന്നില്ല.

"ഭാഗോതത്തില് പറഞ്ഞോണ്ട് എന്തു കാര്യം ഹേ? പോയയ്യാർക്കു പോയി."

മരണം കിഴക്കുമ്മുറിയിൽ അവിടവിടെ നീറിപ്പുകഞ്ഞു നില്ക്കുന്നുണ്ടായിരുന്നു. പേടികൊണ്ടു വെറുങ്ങലിച്ച അന്തരീക്ഷത്തിലേക്ക് ഒരു പുതിയ ആപത്തു കടന്നുവരുന്നതായി കണ്ടു:

കള്ളൻ!

രാവിലെ മരണത്തിൻെറ വാർത്തകളോ ടൊപ്പം കളവുകേസുകളും കേട്ടുകൊണ്ടാണ് ഉണരുന്നത്. വാഴത്തോട്ടങ്ങളിൽ, പുളകാലായകളിൽ, കായ്കറിക്കണ്ടങ്ങളിൽ, കളവു നടക്കാത്ത ദിവസങ്ങളില്ല. പുത്തൻകളത്തിലെ കോലായയിൽനിന്നുകൂടി പാത്രങ്ങൾ കളവു പോയിരിക്കുന്നു.

പുത്തൻകളത്തിൽ കടിക്കുന്ന നായുണ്ട്. നാണപ്പമേനോൻെറ കൈയിൽ തോക്കുണ്ട്. അവിടെ ഒരു കളവു നടക്കുകയെന്നുവെച്ചാൽ എവിടെയും എന്തും നടക്കാം. സന്ധ്യയ്ക്ക് അടുക്കളെക്കോലായയിൽ ചെപ്പുകുടവും ഒരു പിച്ചളച്ചെമ്പും ഇരിക്കുന്നതു പണിക്കാരി കണ്ടതാണ്. രാത്രി ഊണുകഴിഞ്ഞ് അകത്തെ വാതിലടയ്ക്കുന്നതിനു മുമ്പായി പാത്രങ്ങളെടുത്തു വെയ്ക്കാൻ നോക്കുമ്പോൾ രണ്ടും കണ്ടില്ല.

മമ്മാലിയുടെ കൊള്ളിക്കിഴങ്ങുകണ്ടത്തിൽ വെച്ചു കള്ളനെ പിടികിട്ടേണ്ടതായിരുന്നു. ഒരേരി മുഴുവൻ പറിച്ചുകഴിഞ്ഞിരുന്നു. മമ്മാലിയുടെ മകൻ ടോർച്ചടിച്ചു നോക്കിയപ്പോൾ ഓടി

കളഞ്ഞു. ഒരു ചാക്കിൽ പറിച്ചെടുത്ത കിഴങ്ങു ണ്ടായിരുന്നു. മുതൽ നഷ്ടപ്പെട്ടില്ല. കള്ളൻെറ വലിയ മടാക്കത്തി മമ്മാലിയുടെ മകനു വീണു കിട്ടി.

പുഴവക്കത്തെ കായ്കറിക്കണ്ടങ്ങളിൽ ടോർച്ചും വടിയുമായി ചിലർ കാവൽ കിടന്നു. അന്നു കളവുണ്ടായില്ല.

മുതലാളിയുടെ തേങ്ങാക്കൂടു കുത്തി ത്തുറന്നു തേങ്ങ കൊണ്ടുപോയതാണ് കേട്ടതിൽവെച്ചു വലിയ കേസ്. പൊളിച്ചിട്ടിരു ന്ന തേങ്ങയിൽ നൂറ്ററുപതെണ്ണം കുറവു കണ്ടു. തേങ്ങാക്കൂടിൻെറ അഴികൾ പൊളിഞ്ഞു കി ടക്കുന്നു.

പകൽ ആളുകൾ കണ്ടുമുട്ടുന്നേടത്തെല്ലാം നടപ്പുദീനവും കള്ളനുമായിരുന്നു സംസാരവി ഷയം.

മൊയ്തീൻകുട്ടിയുടെ പലചരക്കുപീടികയിൽ വെച്ചു പതിവുപോലെ വൈകുന്നേരം ആളുകൾ കൂടിയിരിക്കുമ്പോൾ പണിക്കർ ഒരു സൂത്രം ഉപയോഗിച്ചു:

"ഞാനൊരു വിദ്യ പറയാം കൂട്ടരേ. കൊല്ലങ്കോ ടടത്താണ്. മഹാകേമനായിട്ട് ഒരു മാന്ത്രികൻ.

കരിനീല്യേ പഠിച്ചു സേവിച്ചിട്ടുള്ളാളാ. വിളിച്ചാ വിളിച്ചോടത്ത് വരും. ന്റെ ഗുരുനാഥൻ തന്നാ ന്ന് വച്ചോളു. മുപ്പരു മഷി നോക്ക്യാൽ ആളേ പറയും. നിങ്ങക്കു കാണാം ആളാരാന്ന്.”

രാരിശ്ശനൂരിലെ ഭാര്യവീട്ടിൽ മൂന്നുമാസം താമസിച്ച് ഈയിടെ വീട്ടിലെത്തിയ കാളക്കൊമ്പൻ കുഞ്ഞിരാമൻ അക്കൂട്ടത്തിലുണ്ടായിരുന്നു. അയാളർത്ഥംവച്ചൊന്നു ചിരിച്ചു.

“എന്താ ചിരിക്കണ് ഹേ?”

പണിക്കർക്കു രസിച്ചില്ല.

“കള്ളനെ അറിയാൻ കൊല്ലങ്കോട്ടേയ്ക്കും കോട്ടപ്പുറത്തേക്കും ഒന്നും പോകേണ്ട. അതു തന്നെ.”

“ആരാ?”

“ആർക്കും അറിഞ്ഞൂടാത്തന്തി!”

കുഞ്ഞിരാമൻ പുച്ഛരത്തോടെ പറഞ്ഞു: “ന്റെ തൊടീന്ന് ഒന്നും പോയിട്ടില്ല. പോയാ തെരഞ്ഞു പിടിക്കേണ്ട സ്ഥലം നിക്കറിയും ചെയ്യും. എന്തേ, അപ്പാരേ? എന്തേ കുട്ട്യാ രായണന്നായര് മിണ്ടാത്തേ?”

നാരായണൻനായർ ഒഴിഞ്ഞുമാറി:

“എനിക്കറീല. ഞാൻ കണ്ടിട്ട്ല്ല. കണ്ണോണ്ടു

കാണാത്തത് എങ്ങന്യാ പറയ്വാ?"

അപ്പനായർ പറഞ്ഞു:

"നിക്കു കാണണ്ട. കുഞ്ഞിരാമൻ പറഞ്ഞ തന്ന്യാ കാര്യം. ഏതമ്പലത്തിൻെറ നടേല് നിന്നിട്ടും ആണേടാം. ഓൻ തന്നേർന്നൊരുങ്ങു."

"മൊയലാളി പോലീസില് റിപ്പോർട്ടു ചെയ്യ്ണെന്നു കേട്ടു." കാലിരുത്തിയ പടിപ്പുറത്തു കയറിയിരിക്കുന്ന സുലൈമാൻ പറഞ്ഞു:

കുഞ്ഞിരാമൻ സുലൈമാൻെറ നേരെ വിരലു ചൂണ്ടിക്കൊണ്ടു പറഞ്ഞു:

"എഴന്നള്ളിച്ച് നടന്നീർന്നതും നെൻെറ മൊതലാള്യല്ലേ? അപ്പോ ത്തിരി പറ്റണം. കിഴക്കുമ്മുറിനായന്മാരുടെ ചിറി ചീത്ത്യാക്കാനല്ലേ ഓനെ എഴ്ന്നള്ളിച്ചു നടന്നീർന്നത്? കള്ളന്മാരിം പെറ്ക്ക്യോളീം ഇനീം പിടിച്ച് തൊപ്പിടീയ്ക്കിൻ."

കണ്ണൂർ ജയിൽ ആണുങ്ങളുടെ വീടാണെന്നു വിശ്വസിക്കുന്ന കിഴക്കുമ്മുറിക്കാരിലൊരാളായിരുന്നു സുലൈമാൻ. കാളക്കൊമ്പൻ കുഞ്ഞിരാമനും വിട്ടുകൊടുക്കുന്ന മട്ടുകാരനല്ല. പീടികക്കോലായിൽവെച്ച് ഒരടി നടക്കുമോ എന്ന ഭയത്തോടെയാണ് മൊയ്തീൻകുട്ടി രണ്ടുപേരെയും ശ്രദ്ധിച്ചത്. സുലൈമാൻ അനങ്ങിയില്ല.

കണ്ണിറുക്കി ചുണ്ടു കൂർപ്പിച്ചു പുകവിട്ടുകൊണ്ടു കുഞ്ഞിരാമനോടു പറഞ്ഞു:

"മാപ്ലാര് പക്കെങ്കില് കണ്ടോൻ പിടിച്ചു പള്ളേല്ണ്ടാക്ക്യ പെണ്ണ്ങ്ങളെ ബയീ നടക്കണോൻെറ പെടലിമ്മല് കെട്ടി ബിടൂല നായരേ."

നാരായണൻനായരുടെ നെറ്റിയിൽ വിയർപ്പു പൊടിഞ്ഞു. അയാൾ രണ്ടുപേരുടേയും ഇടയിൽ കടന്നുനിന്നു സമാധാനമുണ്ടാക്കാൻ ശ്രമിച്ചു.

"എന്തിനാ അതുംദും പറഞ്ഞ് നിങ്ങള് കൊക്കറെകൂടണ്. കുഞ്ഞിരാമാ, യ്ജ് ണീറ്റുപൊക്കോ നെൻെറ പാട്ടിന്."

"ആ പേട്യൊന്നും കുഞ്ഞിരാമനില്ല."

സുലൈമാൻ ഇറങ്ങിപ്പോകുന്നതുവരെ ആരും ഒന്നും സംസാരിച്ചില്ല. അന്തരീക്ഷം ചൂടുപിടിച്ചു കനത്തുനിന്നു. സുലൈമാൻെറ തലയിൽക്കെട്ടു നാട്ടുവഴിയിൽ മറഞ്ഞപ്പോൾ പണിക്കർ ഒരു സംശയം എടുത്തിട്ടു:

"നാടടച്ച് കക്കണെത് അങ്ങനൊരാളാണ്ന്നൊന്താ നിശ്ശം?"

"അല്ലാന്ന് എന്താ നിശ്ശം? അല്ലാന്ന് തെളീ

വളല്ലേ? അന്നു പണിക്കരേ, നിങ്ങള്ന്നെ, ദാ, ങ്ങനെ വിളിച്ചോളിൻ." കൈ ഞൊടിച്ചു ശബ്ദമുണ്ടാക്കിക്കൊണ്ടു കുഞ്ഞിരാമൻ പീടികക്കോലായയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

"ഒരാളെക്കൊണ്ട് ദൊക്കെ ആവ്വോ?"

"കക്കാൻ വേണ്ടതു തൊലിയ്ല്യായ മാത്രാ. കളവൊതുക്കാൻ ഒരു സ്ഥലംണ്ട്ച്ചാൽ ആർക്കും കക്കാം, നാടു മുഴ്വോൻ നടന്നു കക്കാം. എന്താ അപ്പാർക്ക് തോന്നണ്?"

അപ്പനായർ പറഞ്ഞു:

"എവനായാലും അധികാലം ങ്ങനെ വെച്ചു പൊറുപ്പിക്കാൻ പറ്റില്യ. അവ്നോൻ നയിച്ച്ണ്ടാക്കണെ മൊതല്  ആരാൻ കൊണ്ടോയി തന്ന്ണോന്ന് ത്തിരി ദണ്ണംണ്ട്. ഒരൊഴികാണണലോ?"

കിഴക്കുമ്മുറിക്കാർ പലേടത്തും ഇരുന്ന് ആലോചന നടത്തി. അവസാനം കുഞ്ഞിരാമനും അപ്പനായരുംകൂടി ഒരു വഴി കണ്ടെത്തി:

"ഉശരും ചൊടീംള്ള പത്താള് രാത്രി ഞങ്ങടെകൂടെ വരാൻ ണ്ടോ? ഒഴിണ്ടാക്കാം. പുതുക്കോടത്തെ വീട് വളയ്വാ. തൊറന്നിട്ടില്ലെങ്കില് വാതില് ചവിട്ടിപ്പൊളിക്കണം. കട്ട മൊതല് ഢ്ഢ്യാ

ക്കെ അതിൻറുള്ളില് കാണാംന്ന്ള്ളത് ഒറപ്പാ. മാത്രല്ല ആ കോന്തൻ നായരീം, ആയമ്മടെ പ്പളത്തെ സമ്മന്തക്കാരൻ ല്യേ ആ കോന്തൻ, ഓ നീം വിടരുത്."

മുതലുകൾ നഷ്ടപ്പെട്ടവരെല്ലാം അതിനു ത യ്യാറായിരുന്നു. തോട്ടത്തിൽ രാജനായ കായക്കു ല പോയ ദുഃഖമുണ്ടെങ്കിലും പരമേശ്വരൻമാസ്റ്റർ മാത്രം പറഞ്ഞു:

"നിയ്ക്ക് തല്ലാനും കൊല്ലാനൊന്നും ആവില്ല"

നാരായണൻനായർ സംശയിച്ചു:

"ഭവനഭേദനാവില്ലേ വകുപ്പ്? ശേഖരേട്ടനോടൊന്ന് ചോദിച്ചിട്ട് മതി കൂട്ടരേ."

കുഞ്ഞിരാമൻ ഓർമ്മിപ്പിച്ചു:

"കുഞ്ഞരയ്ക്കാരുടെ പെര വളയാൻ വന്നപ്പോ വകുപ്പ് ഏതേരെന്ന് ഹേ?"

"അതാ പറഞ്ഞത് ഞാനും. മൂപ്പരോടൊന്നു ചോദിച്ചിട്ട് മതി."

കുഞ്ഞിരാമനും അപ്പനായരും നാരായണൻ നായരും അപ്പോൾത്തന്നെ പൂന്തോട്ടത്തിലേക്കു നടന്നു. അവിടെ ചെന്നപ്പോളാണറിഞ്ഞത് ശേഖരൻനായർ ഒറ്റപ്പാലത്തേക്കു പോയിരിക്കു

ന്നു-മകൻെറ അടുത്തേക്ക്. രണ്ടു ദിവസം കഴി ഞ്ഞേ തിരിച്ചെത്തുകയുള്ളു.

രണ്ടീസം കഴ്യേട്ടേ, നോക്കാം എന്നു നാരായണൻനായർ സമാധാനിപ്പിച്ചപ്പോൾ കുഞ്ഞിരാമൻ ഒരാട്ടാണ് കൊടുത്തത്.

“രണ്ടീസംകൂടി ഓന് കട്ട് മുടിക്കണെംല്ലേ? നി ങ്ങളാരും വേണ്ട ഹേ, ഞാൻ നോക്കട്ടെ.”

കുഞ്ഞിരാമൻ നേരെ ആൻതൂർനായരുടെ ചായപ്പീടികയിലേക്കു നടന്നു.

# 7

അമ്മ മരിച്ച ദിവസം വന്നതാണ് തിത്തുമ്മ. അന്നു വടക്കുംപുറത്തു പലരുടേയും ഇടയിൽ തിത്തുമ്മയെ ഒരുനോക്കു കണ്ടുവെന്നേ ഉള്ളൂ. സംസാരിച്ചില്ല. അതിൽപ്പിന്നെ ഇന്നാണു കാണുന്നത്. ചെറിയ വെള്ളക്കൊട്ടയിൽ നാലു പിടി ചുവന്ന ചീര ഉണ്ടായിരുന്നതു വാതിലി നപ്പുറത്തേക്കു വെച്ചു തിത്തുമ്മ പറഞ്ഞു: “ഒരു

നേരത്തെ കൂട്ടാന് കസ്റ്റ്യാ. അങ്ങെട്ട് വെച്ചോളിൻ കുഞ്ഞുകുട്ട്യേമ്മേ."

തിത്തുമ്മയുടെ വാതത്തിൻെറ വിവരം അന്വേഷിച്ചു. അധികമില്ല. കുഞ്ഞുണ്ണിവൈദ്യരുടെ കുഴമ്പു പിടിച്ചു എന്നാണു തോന്നുന്നത്. ഇക്കൊല്ലത്തെ മഴക്കാലത്തു കിടപ്പായിട്ടില്ല.

"അദ്ദുൻെറ കത്തില്ലേ?"

"ണ്ട്. ചിങ്ങം കന്ന്യായിട്ട് ഓൻ വരുംന്നാ തോണ്ണ്."

കഴിഞ്ഞ തവണ അബ്ദു ലീവിൽ വരുന്ന കാലത്ത്....അപ്പോൾ കുഞ്ഞുകുട്ടി വേദനയോടെ പലതും ഓർത്തുപോയി.

"കുഞ്ഞുകുട്ട്യേമ്മ കേട്ട്വോ?"

ആരാണ് നടപ്പുദീനത്തിൻെറ പുതിയ ഇര എന്ന് ആലോചിച്ചുകൊണ്ട് കുഞ്ഞുകുട്ടി ചോദിച്ചു:

"എന്താ ഉമ്മാ?"

"വടീം കുന്തായിട്ടാ ആള്വോള് നടക്കണ്." ഉമ്മ പറയുന്നത് ആരെയുദ്ദേശിച്ചാണെന്നു മനസ്സിലാക്കാൻ ഒരു നിമിഷം കഴിയേണ്ടിവന്നില്ല."

"എന്തിനാ ഉമ്മാ? ആള്വോൾക്ക് മത്യായില്ലേ?"

"നാട്ടില് മ്മിണി കളവ്ണ്ട്. അതൊക്കെ ആ കു

ട്ട്യാന്നാ ആളേോള് പറേണ്."

കുഞ്ഞുകുട്ടി കൊമ്പുമുറത്തിലെ ചീരത്തലപ്പുകൾ കൂട്ടിയും പരത്തിയും വെച്ചുകൊണ്ടു നിശ്ശബ്ദം ഇരുന്നു.

"മാപ്ല പറയേ്വാ. പുതുക്കോടത്തോലടെ പൊരരാത്തിരി മ്മിണ്യാള് കൂടീട്ട് ബളഞ്ഞ്. പൊറത്തെമൂച്ചിക്കൊമ്പത്ത്ന്ന് കല്ലുവന്നുവീഴാൻ തൊടങ്ങ്യേപ്പോ ഒക്കെ മണ്ടി. ആള്കൂട്ണണ്ടെന്നു കണ്ടപ്പോ നേർത്തെ മൂച്ചിക്കൊമ്പത്ത് ഓലക്കുണ്ടേല് കല്ലുംപെറക്കിക്കൂട്ടി കാത്തിരിക്ക്യേര്ന്നത്രേ. വടീം കുന്തായിട്ട് നടക്ക്ണ്ണ്ണ് തെരഞ്ഞ്. എന്തൊക്ക്യാ പടച്ചോനേ കാണണ്ടീം കേക്കണ്ടീം വരാ!"

കുഞ്ഞുകുട്ടിക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല. ആ നിശ്ശബ്ദത അസഹ്യമായതുകൊണ്ടാവണം തിത്തുമ്മ പതുക്കെ സ്ഥലംവിട്ടു.

ഗോവിന്ദൻകുട്ടി മാർക്കംകൂടിയെന്നു കേട്ടപ്പോൾ വേദനയാണു തോന്നിയത്. ഇപ്പോൾ വെറുപ്പായിരിക്കുന്നു മനസ്സിൽ. കട്ടു നടക്കുന്ന ഒരുത്തൻ തൻ്റെ ഉടപ്പിറന്നവനാണെന്നു പറയാൻ വയ്യാ. നടക്കട്ടെ. തല്ലുകൊണ്ടു ചത്താൽ ചാവട്ടെ. എനിക്കൊന്നുമില്ല.

അവനെന്റെ ആരുമല്ല.....

എനിക്കൊന്നുമില്ല...സ്വയം സമാധാനിക്കാൻ വേണ്ടി മനസ്സിൽ വീണ്ടും ഉരുവിട്ടു.

ഉച്ചയ്ക്കു പെരുമ്പലത്തും രാരിശ്ശനൂരും ദീനത്തിൽ ആളുകൾ മരിച്ച വിവരവുംകൊണ്ടാണ് കുമാരേട്ടൻ കഞ്ഞികുടിക്കാനെത്തിയത്.

ഉച്ചതിരിഞ്ഞപ്പോൾ ഒരു വെയിലും വെക്കാനവും കണ്ട് ഒന്നു തിരുമ്മിക്കുളിക്കാമെന്നു വെച്ചു പടിഞ്ഞാറെ കുളത്തിൽ ചെന്നപ്പോൾ പെണ്ണുങ്ങളുടെ ഒരു പടയായിരുന്നു. കുഞ്ഞുകുട്ടി മേല്ക്കരയിൽ ഒരു കവുങ്ങിൻതൈക്കുഴിയിൽ സംശയിച്ചുനിന്നു. അവിടേയും സംസാരം കള്ളനെപ്പറ്റിയായിരുന്നു.

“വരടി പറക്കാൻ മാട്ട്വോറേത്ത് പോയ ആൻതുരെ പെണ്ണുങ്ങളെ ആട്ട്യേത്തീത്രേ.”

“മാട്ട്വോറത്ത് കൂട്യ്യാട്ടോ, ന്റെ മാളുകുട്ടിഷ്കോളിപ്പോണ്ു.”

“കാതില്ത്തീം കഴ്ത്തില്ത്തീം അഴിച്ച് വെച്ചിക്കിൻ. ന്നാലും ന്റങ്ങളേ ഒരാങ്കുട്ടി–”

പതുങ്ങിനിന്നു കേൾക്കുകയാണെന്നു തെറ്റിദ്ധരിക്കേണ്ടെന്നുവെച്ചു കുഞ്ഞുകുട്ടി ഒച്ചയനക്കി. സംസാരം പെട്ടെന്നു നിലച്ചു.

കുളത്തിലിറങ്ങാൻ മടിച്ചു. രണ്ടു കല്ലേയു ള്ളു. നാലുപേർ കുളിക്കാനിറങ്ങിയിട്ടുണ്ട്. അവരുടെ മുഖത്ത് ആദ്യം പ്രയാസപ്പെട്ടു വരു ത്തിയ ചിരി കറുക്കുന്നതു കുഞ്ഞുകുട്ടി കണ്ടു. ഇറങ്ങണോ?

"കുഞ്ഞുകുട്ട്യേമ്മ എറങ്ങ്ണില്ലേ?" പടിഞ്ഞാറേതിലെ കല്യാണിക്കുട്ടി ലോഗ്യം ചോ ദിച്ചു.

"ഉം. തെരക്കൊഴിയട്ടെ."

പതുക്കെപ്പതുക്കെ അവിടെനിന്നു പിൻവാങ്ങി യപ്പോഴേ ശ്വാസം നേരേ വീണുള്ളു. കിണറ്റിൻ കരയിൽ പരമ്പു കുത്തി മറച്ചുണ്ടാക്കിയ കുളി മുറിയിൽ രണ്ടു കലങ്ങളിലായി വെള്ളം കോരി യൊഴിച്ചു കുളിച്ചുവെന്നുവരുത്തി.

അത്താഴത്തിനുള്ള അരി അടുപ്പത്തു കയറ്റാൻ നേരം വൈകിയിരുന്നു. ഒന്നിലും മനസ്സ് ഉറച്ചുനിന്നില്ല. വടക്കെ വാതില്ക്കൽ കട്ടി ളചാരി കുറേനേരം മുറ്റത്തേക്കു നോക്കിയിരു ന്നു.

പടിഞ്ഞാറേതില്ക്കാരുടെ മുറ്റത്തുനിന്ന് അപ്പുവിൻെറ ശബ്ദം കേട്ടപ്പോൾ കുഞ്ഞുകുട്ടി അവനെ വിളിച്ചു:

"ഒന്നിങ്ങട്ട് വാ, അപ്പൂ."

അപ്പു വന്നപ്പോൾ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. വടക്കിനിയിൽ, അപ്പുവിൻെറ ചുമലിൽ രണ്ടു കൈയുംവെച്ചുനിന്നു കുഞ്ഞുകുട്ടി ചോദിച്ചു:

"ഒരു കാര്യം പറഞ്ഞാൽ ചെയ്യ്വോ അപ്പൂ?"

"ചെയ്യാം ഏട്ത്തി."

"ആരോടും പറേര്ത്. ആരും അറീര്ത്. പറഞ്ഞാൽ അപ്പൂനോട് ഏട്ത്തി പിന്നെ മിണ്ടില്ല."

അപ്പുവിനെ ഇത്ര വിശ്വാസമില്ലല്ലോ എന്ന പരിഭവത്തോടെ അവൻ വലിയ കണ്ണുകൾ കുഞ്ഞുകുട്ടിയുടെ മുഖത്തു പതിപ്പിച്ചുനിന്നു.

"അപ്പൂന് പുതുക്കോടത്തെ വീടറിയ്യോ?"

"ഏതു പുദുക്കോടത്തെ?"

"നമ്പറത്തെ പള്ള്യാലിൻറവിടെ പ്ലാത്തോട്ടത്തിൻെറ നുമ്പില് പുതുക്കോടത്തെ ചുമ്മുക്കുട്ട്യമ്മ താമസിക്ക്ണ് വീട്."

"കണ്ടട്ട്ണ്ട്. കഴിഞ്ഞകൊല്ലം ആട്ട് കാണാൻ പോയ്ത് ആ മിറ്റത്തുകൂട്യാണ്."

"അതന്നെ. അവടെ പോയിട്ട് ഏടത്തി ഒരു വിവരം പറയാം. അല്ലെങ്കി വേണ്ട, ഒരെഴുത്തെഴുതാം. അപ്പു പോയിട്ട് പെൻസിലും കൊണ്ടരൂ.

കടലാസ് പെൻസില്. അമ്മോടു പീട്യേപ്പോണു ന്നു പറഞ്ഞാ മതീ ട്ടോ."

"ആ, ആ."

അപ്പു ഒറ്റയോട്ടത്തിനു പെൻസിലുമായി മടങ്ങിവന്നു.

അകത്തു പലേടത്തുമായി തപ്പി അവസാനം കുമാരേട്ടനു വന്ന ഒരു ചങ്ങാതിക്കുറിയുടെ കത്തു കിട്ടി. അതിൻെറ മറുപുറത്ത് എഴുതാം. വടക്കിനിയുടെ കുത്തഴിക്കു മുന്നിൽ മുട്ടുകു ത്തിക്കിടന്നു പലകപ്പുറത്തു കടലാസുവെച്ചു കുഞ്ഞുകുട്ടി എഴുതാനൊരുങ്ങി.

ജീവിതത്തിൽ ഒരിക്കലും ഒരു കത്തെഴുതിയി ട്ടില്ല. ആദ്യമായി താനൊരു കത്തെഴുതാൻപോ കയാണെന്ന് അപ്പോൾ ഓർമ്മിച്ചു.

"പ്രിയപ്പെട്ട ഗോവിന്ദൻകുട്ടിക്ക്." ഉടനെ അ തു വെട്ടി. ഗോവിന്ദൻകുട്ടിയല്ല. 'പ്രിയപ്പെട്ട ഗോ വിന്ദൻകുട്ടി' ഇന്നില്ല. മുഖം തിരിച്ചു നിറഞ്ഞ കണ്ണുകൾ ഇടത്തെ കൈത്തണ്ടയിലമർത്തിത്തു ടച്ചപ്പോൾ ഒരു തേങ്ങൽ ഉയർന്നുവന്നു.

അവസാനം ഒരു വരിമാത്രം എഴുതി: നിന്നെ എനിക്കൊന്നു കാണണം.

വേറെ ഒന്നും എഴുതാനില്ല. പേരെഴുതിയില്ല.

കടലാസ് ചുരുട്ടി അപ്പുവിൻെറ വള്ളിട്രൗ സറിൻെറ പോക്കറ്റിലിട്ടു കൊടുത്തിട്ടു പറഞ്ഞു: "നേരെ പൊയ്ക്കോ. പുതുക്കോടത്തു ചെന്നിട്ട് അവടെ...അവടെ...ഗോവിന്ദുട്ട്യേട്ടൻ ണ്ടെങ്കില് ദ് കൊടുക്കണം. ഞാൻ തന്നതാന്നു പറഞ്ഞിട്ട്. ഇല്ല്യെങ്കിലോ?"

"എന്താ ചിയ്യാ?"

"ഇല്ലെങ്കില് കൊടുക്കണ്ട. നേരെ പോന്നോ. കയ്യിത്തന്നെ കൊടുക്കണം."

"കൊടുത്തോളാം ഏട്ത്തി."

"ആര് ചോയ്ച്ചാലും പറേരത്. അറിഞ്ഞാ അപ്പൂനും കുറ്റാണ്, നിക്കും കുറ്റാണ്."

അപ്പു ആലോചനയോടെ ചോദിച്ചു:

"ഗോവിന്ദുട്ട്യേട്ടൻ കള്ളനാ ഏട്ത്തി?"

"ആ, കള്ളനാ. തൊപ്പിക്കൊടെടെട്ത്തോ. അവ ടീം ഇവടീം നിക്കാതെ ഒറ്റ ഓട്ടത്തിനു വരണം."

അപ്പു പുറത്തിറങ്ങി. വീണ്ടും എന്തോ ഓർമി ച്ചുകൊണ്ടു കോലായയിലേക്കു കയറി.

"എന്തേടാ?"

"ഗോയിന്ദുട്ട്യേട്ടൻ മാപ്ലായില്ലേ ഏട്ത്തീ?"

കുഞ്ഞുകുട്ടിക്കു ശബ്ദം പുറത്തുവന്നില്ല.

"അപ്പൊ ഗോവിന്ദുട്ട്യേട്ടാന്നു വിളിക്കാമ്പാ

ടോ?”

കുഞ്ഞുകുട്ടി കണ്ണിറുകെ അടച്ചു. അവന്റെ തലയിൽ തടവിക്കൊണ്ടു പറഞ്ഞു:

“ഒന്നും വിളിക്കണ്ട. അപ്പു അത് കൊട്ത്തു വന്നാ മതി.”

അപ്പു പൊയ്ക്കഴിഞ്ഞപ്പോൾമുതല്ക്ക് മനസ്സിൽ തീയായിരുന്നു. അടുക്കളയിൽ കടന്നു പണിയെടുക്കുമ്പോൾ മനസ്സു കണക്കു കൂട്ടി ത്തുടങ്ങി. ഇപ്പോൾ അവൻ നിരത്തിലെത്തി യിരിക്കും. ഇപ്പോൾ പള്ളിയാൽ കടന്നിരിക്കും. ഇപ്പോൾ.......

സന്ധ്യയായിട്ടും അപ്പു മടങ്ങിവന്നില്ല. നേരമാ വുന്നേയുള്ളു എന്നു സമാധാനിക്കാൻ ശ്രമിച്ചു. പടിഞ്ഞാറേതിലെ ഉമ്മറത്തുനിന്നു നാണിക്കുട്ടി യമ്മ വിളിച്ചുചോദിച്ചു:

“അപ്പുണ്ടോ അവിടെ കുഞ്ഞുകുട്ട്യേ?”

“ഓനെ ഞാൻ പീട്യേലിക്കയച്ചിരിക്ക്യാ.”

“ചെക്കൻ അങ്ങനെത്തന്ന്യാ. നെത്ത്മ്മല് വാ യിം പൊളിച്ച് നിക്കും.”

അവസാനം അപ്പു വന്നു. കിതപ്പുകൊണ്ട് അവനു സംസാരിക്കാൻ വയ്യായിരുന്നു. വഴിമുഴു വൻ ഓടുകയായിരുന്നിരിക്കണം.

"കണ്ടില്ല ഏടത്തി."

"ആയമ്മ ന്നെ തിന്നാൻ വന്നു. ആയമ്മടെ വീട്ന്താ സത്രാന്നാ ചോയിച്ച്. ആ കൊണ്ടൻകാലൻ തന്ന ചോയ്ക്ക്യാണ് ആയമ്മോട്, ഏതാ ചെക്കൻന്ന്? നിക്ക്ണ്ടൊരു ദേഷ്യം വന്നിട്ട്-"

"അവടെല്ല്യേ?"

"കണ്ടോരെ ഒക്കെ പെരേല് പാർപ്പിച്ചിരിക്ക്യാ ബടേന്നാ ആയമ്മ ചോയ്ച്ച്. ഒരു പൂതംതന്ന്യാ."

"എടത്തു കത്ത്?"

പോക്കറ്റിൽനിന്നു കടലാസ് പുറത്തെടുത്ത് അപ്പു ഭദ്രമായി തിരികെ ഏല്പിച്ചു. അടുപ്പിലേക്ക് അതു ചുരുട്ടിക്കൂട്ടിയിട്ടു കുഞ്ഞുകുട്ടി പറഞ്ഞു:

"വെറുതെ അപ്പൂനെ ബുദ്ധിമുട്ടിച്ചു അല്ലേ? പൊയ്ക്കോളൂ. അമ്മ ചോയ്ച്ചാ പീട്യേപ്പോയീന്നു പറീം."

സന്ധ്യ കറുത്തുതുടങ്ങിയിരുന്നു. മുനിഞ്ഞുകത്തുന്ന നനഞ്ഞ വിറകുകൊള്ളിയുടെ ഇടയിലേക്ക് ഒരു പിടി ഉമി വാരിയെറിഞ്ഞു. ചുവന്ന തീ നാളങ്ങൾ പൊടുന്നനെ ഉയർന്നു. മൺകലത്തിൻെറ കറുത്ത വയറിൽ നക്കിത്തുടയ്ക്കുന്ന മഞ്ഞച്ച നാവുകളിൽ കണ്ണു

കളുറപ്പിച്ചുകൊണ്ടു കുഞ്ഞുകുട്ടി പറഞ്ഞു:
"കാണില്ല. കള്ളനെ എനിക്കിനി കാണണ്ട."

# 8

**പു**റത്തുനിന്നു സംസാരം കേട്ടപ്പോളാണ് ഉണർന്നത്. ചുമ്മുക്കുട്ടിയമ്മ ആരോടോ സംസാരിക്കുകയാണ്. ഒരു നനുത്ത ശബ്ദമാണ് മറ്റേത്. എവിടെയോവെച്ചു കേട്ടു പരിചയമുള്ള സ്വരമാണെന്നു തോന്നി.

അടഞ്ഞ കണ്ണുകൾക്കുള്ളിൽ ചുവപ്പും മഞ്ഞയും വേർതിരിച്ചെടുക്കാൻ വയ്യാത്ത മറ്റു പല വർണ്ണങ്ങളും ചേർന്ന ലോകങ്ങൾ പോളകൾ പോലെ പൊട്ടിവിടരുകയും നുറുങ്ങിക്കാണാതാവുകയും ചെയ്യുകയായിരുന്നു. തലയ്ക്കകത്തു വിങ്ങിപ്പൊട്ടുന്ന വേദനയാണ്. കണ്ണുതുറന്നു

നോക്കിയപ്പോൾ നേരത്തെക്കുറിച്ചു വ്യക്തമായി ബോധമില്ല. രാത്രിയോ പകലോ? മുറിയിലെപ്പോഴും വെളിച്ചമില്ല. പഴയ മൺകലങ്ങളും ചിരട്ടയും തവിടുകുട്ടയും കുറ്റിച്ചൂലുകളുടെ കെട്ടും ചിതറിക്കിടക്കുന്ന ആ മുറിയുടെ നടുവിൽ ഒരു പായ കഷ്ടിച്ചു നിവർത്തിയിടാനുള്ള ഒഴിഞ്ഞ സ്ഥലമേ ഉള്ളു.

പുറത്തുനിന്നുള്ള സംസാരം നിലച്ചു. ആരാ? തലേന്നു രാത്രിയിലെ അനുഭവത്തിനുശേഷം മനസ്സുവിട്ട് ഉറങ്ങുവാൻ ധൈര്യമുണ്ടായിരുന്നില്ല. ആളുകൾക്കു വേട്ടയാടുന്നതിന് ഒരു രസമുണ്ട്. മനുഷ്യരെ ആയാൽക്കൂടി.

നായന്മാരുടെ മാനംകെടുത്തിയ ഗോവിന്ദൻകുട്ടിയെ ആയിരുന്നു പണ്ട് അവർക്ക് ആവശ്യം. ഇപ്പോൾ അവർക്കുവേണ്ടത് നാടുമുഴുവൻ കട്ടുമുടിച്ചു നടക്കുന്ന പെരുംകള്ളനെയാണ്.

മൂന്നാലു ദിവസമായി പനി തുടങ്ങിയിട്ട്.

ഈ മുറിക്കകത്തു പായിൽ പനിച്ചു വിറച്ചു കിടക്കുമ്പോഴാണ് പുറത്തുനിന്ന് അടക്കിപ്പിടിച്ച ശബ്ദങ്ങൾ കേട്ടത്.

മാസങ്ങൾക്കുമുമ്പ് കുഞ്ഞരയ്ക്കാരുടെ പടിക്കൽ ആളുകൾ ഒത്തുകൂടിയ സംഭവം

പൊടുന്നനെ ഓർമ്മവന്നു. ഇരുട്ടിൽ വെറു പ്പുകൊണ്ടു വികൃതമായ മുഖങ്ങൾ തന്നെ വളഞ്ഞുനിന്ന കാഴ്ച ക്ഷീണിച്ച മനസ്സിൽ തെളിഞ്ഞുവന്നപ്പോൾ അയാൾ പെട്ടെന്ന് എഴുന്നേറ്റ് അടുക്കളവാതിൽ തുറന്ന് ഇരുട്ടിലൂ ടെ ഊളിയിട്ടു. നടക്കുമ്പോൾ തല വട്ടം കറങ്ങു ന്നുണ്ടെന്നു തോന്നി. അതിർത്തിയിലെ ഉയർന്ന ഗുളികത്തറയുടെ മുകളിൽ കുങ്കുമമരത്തിൻെറ തടിയിൽ ചാഞ്ഞുകൊണ്ടുനില്ക്കെ ക്ഷീണിച്ച കണ്ണുകൾ ഇരുട്ടിൽ തപ്പിത്തടഞ്ഞു നടന്നു. ഭയപ്പെട്ടതു ശരിയായിരുന്നു. അരണ്ട വെളി ച്ചത്തിൽ വീട്ടിനു ചുറ്റും ആളുകൾ വളഞ്ഞുനി ല്ക്കുന്നതു കണ്ടു.അരിശം ഉള്ളിൽ നുരഞ്ഞു പൊങ്ങി. ചെവിടോർത്തു. അവർക്കു തന്നെ വേണം! ഇവിടേയും അവർ മണത്ത് എത്തിയിരി ക്കുന്നു. ഇക്കുറി ആരാണ് വന്നിരിക്കുന്നത്? ഹി ന്ദുക്കളോ, മാപ്പിമാരോ? ശബ്ദം വേർതിരിച്ചെടു ത്ത് ആളുകളെ മനസ്സിലാക്കാൻ ശ്രമിച്ചുനോക്കി. ഒന്നും വ്യക്തമല്ല. ഇരുട്ടിൽ പതുങ്ങിനിന്നു വി ളിക്കുന്ന മനുഷ്യർക്കു വേർതിരിച്ചറിയാവുന്ന ശബ്ദമില്ല, രൂപമില്ല.

രണ്ടു രാത്രികളിൽ ബോധമില്ലാതെ പനിച്ച്

ഉറയാടിയ ശരീരത്തിൻെറ ദൗർബ്ബല്യമോർത്തു സങ്കടം തോന്നി. അവർക്കിടയിലേക്ക് ഓടിച്ചെന്ന് അലറണം. വന്നിരിക്കുന്നെടാ ഞാൻ, പട്ടികളേ? പക്ഷേ, ഒന്നിനും വയ്യ. കാൽമുട്ടുകൾ താണുപോകുന്നതുപോലെ തോന്നി. ചുമ്മുക്കുട്ടിയമ്മയുടെ ഉച്ചത്തിലുള്ള ശകാരം കേട്ടു; കൂട്ടായ ശബ്ദങ്ങൾ പുറത്തുനിന്നും.

അയാൾ മുട്ടുമടക്കി ഇരുന്നു. ഉരുളൻ കല്ലുകളിലാണ് കൈ ഊന്നിയത്. അപ്പോൾ മനസ്സിൽ ഒരു ആശയം തോന്നി: ക്ഷീണം തല്ക്കാലത്തേക്കു മറന്നു. കരുത്ത് ഒഴുകിക്കൂടുന്നപോലെ തോന്നി.

പൗരുഷത്തിൻെറ വെല്ലുവിളികൾ നടത്തിയിരുന്നവർ ചിന്നിച്ചിതറി ഇരുട്ടിൻെറ നുറുങ്ങുകളായി ഓടിയകലുന്ന കാഴ്ചകണ്ട് അയാൾ നിശ്ശബ്ദമായി പൊട്ടിച്ചിരിച്ചു.

കുറെക്കഴിഞ്ഞ് അടുക്കളവാതിലിലൂടെ അകത്തു കയറിയപ്പോൾ കാതിലെ വള്ളിക്കടുക്കനിൽ തിരുപ്പിടിച്ചുകൊണ്ട് അസംതൃപ്തമായ മുഖഭാവത്തോടെ വയസ്സൻ കുങ്കൻനായർ ഇരിക്കുന്നതു കണ്ടു. അപ്പോൾ തീരുമാനിച്ചു, ഉടനെ സ്ഥലം വിടണമെന്ന്. ചുമ്മുക്കുട്ടിയമ്മ ഒന്നും

പറഞ്ഞില്ല. വാക്കുകൾക്ക് ഒരിക്കലും ക്ഷാമമില്ലാത്ത ചുമ്മുക്കുട്ടിയമ്മ ഒന്നും പറയാതെ പകച്ചുനോക്കുന്നതു കണ്ടപ്പോൾ അയാൾ കൂടുതൽ അസ്വസ്ഥനായി. സ്ഥലം വിടണം, സ്ഥലം വിടണം. പക്ഷേ, കാൽമുട്ടുകളിലെ വേദനയും തലയ്ക്കകത്തുള്ള വിങ്ങിപ്പൊട്ടലും തിരിച്ചുവരികയായിരുന്നു. ചുവരിൽ പിടിച്ചുകൊണ്ടു പതുക്കെ നീങ്ങി പായിൽച്ചെന്നു വീണതാണ്.

ഉറക്കത്തിന്റെയും ഉണർവ്വിന്റെയും ഇടയ്ക്കുള്ള ഒരവസ്ഥയിൽ ഒരു പകൽ അരിച്ചുനീങ്ങുന്നത് നിസ്സഹായതയോടെ അയാൾ കണ്ടു.

പുറത്തുനിന്നു കുങ്കൻനായർ ചോദിക്കുന്നതു കേട്ടു: "ഏതാ ചെക്കൻ?"

"താഴത്തെലെ പടിഞ്ഞാറെ വീട്ടില്ത്ത്യാ തോന്നണ്."

അയാൾ ഒരു നടുക്കത്തോടെ പായിൽനിന്നെഴുന്നേറ്റു. തലയ്ക്കകത്തെ വിങ്ങിപ്പൊട്ടലിനുഭേദമുണ്ട്. ഉറച്ചുനില്ക്കാമിപ്പോൾ.

വാതില്ക്കൽ വന്നുനിന്നപ്പോൾ മഴയത്തു ചോർന്നൊലിച്ചു പൊട്ടിപ്പൊളിഞ്ഞ പുറംതി

ണ്ണയിൽ ചെറിയ മര ഉരലിൽ മുറുക്കാനിടിച്ചു കൊണ്ടു വയസ്സനിരിക്കുന്നതു കണ്ടു. കട്ടിളപ്പടി മേൽ നിറഞ്ഞിരിക്കുന്ന ചുമ്മുക്കുട്ടിയമ്മയുടെ നരകയറുന്ന ശിരസ്സിനു മുകളിലൂടെ കിഴവന്റെ കഫക്കട്ടപോലത്തെ കണ്ണുകൾ നീങ്ങുന്നു. അയാൾ ഇമയനക്കാതെ നോക്കി.

അയാളുടെ കണ്ണുകൾ മാത്രമാണു തന്നോടു സംസാരിച്ചിട്ടുള്ളതെന്ന് ഓർത്തുപോയി. ആ വീട്ടിൽ ചുമ്മുക്കുട്ടിയമ്മയുടെ പരുക്കൻ ശബ്ദമേ കേൾക്കാറുള്ളൂ.

ചുമ്മുക്കുട്ടിയമ്മ തിരിഞ്ഞുനോക്കിയപ്പോൾ ചോദിച്ചു:

"ആരാ വന്നിര്ന്ന്?"

"അയലക്കത്തോര് ലോഹ്യം ചോദിക്കാൻ ആളെ വിട്ടതല്ലേ." അവരുടെ പരുക്കൻ ശബ്ദത്തിൽ പരിഹാസം ഓളംവെട്ടിയിരുന്നു. അപ്പോൾ അയാൾക്കു വ്യക്തമായി ഓർമ്മവന്നു. അല്പം മുമ്പ് ഉമ്മറത്തുനിന്നു കേട്ടനനുത്ത സ്വരം പടിഞ്ഞാറേതിലെ അപ്പുവിന്റേതായിരുന്നു.

"എന്താ പറഞ്ഞത്?"

"അവരൊന്നും പറഞ്ഞില്ല."

അയാൾ പിന്നീടൊന്നും ചോദിച്ചില്ല. വീണ്ടും അയാൾ അയവിറക്കി. പടിഞ്ഞാറേതിലെ അപ്പുവാണ് വന്നത്. അപ്പു വരണമെങ്കിൽ- മനസ്സിൽ ഒരു നൂറുകൂട്ടം കാര്യങ്ങൾ വട്ടമിട്ടു പറക്കാൻ തുടങ്ങി.  അപ്പു എന്തു പറയാനാണ് വന്നത്? ആരയച്ചതാണെന്നോ പറഞ്ഞ്? ചോദ്യങ്ങൾ തൊണ്ടയിൽ കുടുങ്ങിനിന്നതേയുള്ളൂ. കട്ടിൽപ്പത്തായംപോലെ തന്റെ തൊട്ടുതാഴെ പരന്നിരിക്കുന്ന ഈ സ്ത്രീയുടെ നാവിൽനിന്ന് എന്താണു വീഴുക എന്നറിഞ്ഞുകൂടാ.

അയാൾ തന്റെ മാളത്തിലേക്ക് ഇഴഞ്ഞു വന്നു.

പുറത്ത് അന്തി കറുക്കാൻ തുടങ്ങുകയായിരുന്നു. അകത്തു വെളിച്ചം കത്തിച്ചിട്ടില്ല. നേരം ഇരുട്ടട്ടെ. എന്നിട്ട് ഇവിടെനിന്നിറങ്ങണം.

ഇവിടെ എത്തിയിട്ട് എത്ര ദിവസങ്ങളായെന്നു കണക്കുകൂട്ടാൻ മനസ്സൊരു ശ്രമം നടത്തി.

അടച്ചിട്ട ജനൽപ്പടിമേൽ കിടക്കുന്ന പൊളിഞ്ഞ കണ്ണാടിക്കഷണത്തിൽ ആ നേർത്ത ഇരുട്ടിലും അയാൾ തന്റെ മുഖം കണ്ടു. കുറ്റിരോമങ്ങൾ വളർന്നുനില്ക്കുന്നു. താടി തടവിക്കൊണ്ട് തന്റെ പ്രതിരൂപം കണ്ടുകൊ

ണ്ടു നില്ക്കേ അദ്ഭുതത്തോടെ ഒരു വാസ്തവം അയാൾ ഓർമിച്ചു. ആ കാണുന്ന മുഖം അബ്ദുള്ളയുടേതല്ല. ചിരച്ചു മിനുപ്പിച്ച മൊട്ടത്തലയും വടിച്ചു ചെറുതാക്കിയ പുരികവും ഇല്ല. ചെമ്പിച്ച പരുക്കൻ മുടിച്ചുരുളുകൾ നെറ്റിയിലേക്ക് ഊർന്നുവീഴാൻ തുടങ്ങുന്നു.

മനയ്ക്കലേക്ക് അഞ്ചിനു രണ്ടു കുത്തിയും പോയകാലത്തു താൻ നാടു ഭരിച്ച കഥ അയവിറക്കിയും കഴിയുന്ന പുതുക്കോടത്തെ ചുമ്മുക്കുട്ടിയമ്മയുടെ വീട്ടിലെത്തിയത്, ഒരു യാദൃച്ഛികസംഭവമായിരുന്നു.

ഇവിടെ സ്വൈരം കിട്ടുമെന്നാണു കരുതിയത്. പണിയെടുക്കാതെ ഭക്ഷണത്തിൽ പങ്കുപറ്റാൻ അയാളുടെ മനം അനുവദിച്ചില്ല. അതുകൊണ്ടു പകൽ മുഴുവൻ കാളൻചുറ്റുള്ള ഉലക്ക വലിച്ചു നെല്ലുകുത്തി. കന്നുപൂട്ടിയിട്ടും കൈക്കോട്ടു പിടിച്ചിട്ടും തഴമ്പു വീഴാത്ത കൈത്തലത്തിൽ ആദ്യമായി തഴമ്പു പൊട്ടിയതു പെണ്ണുങ്ങളെപ്പോലെ ഉലക്ക വലിച്ചിട്ടാണെന്ന് അയാൾ ഓർമിച്ചു. പഴയ കാലത്തെപ്പറ്റി ധാരാളം ഓർമിക്കുന്ന നാട്ടുകാർ ചുമ്മുക്കുട്ടിയമ്മയുമായി കൂടിക്കഴിയാറില്ല. അതുകൊണ്ട് ആളുടെ

ശല്യമൊന്നുമുണ്ടായിരുന്നില്ല ഇന്നലെവരെ.

കൊള്ളനബെറ്റ ചക്കമ്മ, പുതുക്കോടത്തെ ചുമ്മുക്കുട്ടി-വളരെ പതിഞ്ഞ സ്വരത്തിലേ ആ പേരുകൾ കുട്ടിക്കാലത്തു പറഞ്ഞു കേട്ടിട്ടുള്ളൂ.

മാധവിയേടത്തിക്കും അവർക്കും പ്രായമൊപ്പമാണ്. കുട്ടിക്കാലത്തൊരിക്കൽ ഓണം ചതയത്തിന് അവർ വീട്ടിൽ വന്നത് അയാൾക്കോർമ്മയുണ്ട്. അന്നു തല നരച്ചിട്ടില്ല. കഴുത്തിൽ സ്വർണ്ണനൂലും കാതിൽ തിളങ്ങുന്ന പൊന്നോലച്ചുരുളുമുണ്ടായിരുന്നു. അമ്മ ചിരിക്കാൻ ഒരു ശ്രമം നടത്തി. മാധവിയേടത്തി എന്തോ ലോഗ്യം ചോദിച്ചു. ആരും ഇരിക്കാൻ പറഞ്ഞില്ല. വടക്കെ വാതിലിനു സമീപം അവർ നില്ക്കുന്നതു കൗതുകത്തോടെ അയാൾ നോക്കിനിന്നു. അവർ ഇറങ്ങിപ്പോയപ്പോൾ പടിഞ്ഞാറേതിലെ പെണ്ണുങ്ങളാരോ പറഞ്ഞു:

"നേത്യാരമ്മടന്ത്യല്ലേ നടത്തം!"

"നടക്കാലോ! കണ്ട ആണുങ്ങളുടെയൊക്കെ കാശു പെട്ടീല് വീഴുമ്പോ എങ്ങനെ നടന്നാലെന്താ?"

ആരോ മറുപടിയും പറഞ്ഞു.

കാതിൽ തിളങ്ങുന്ന പൊന്നോലച്ചുരുളും കഴു

ത്തിൽ ചുവന്ന കല്ലുപതിച്ച അലുക്കു തൂക്കിയിട്ട സ്വർണ്ണനൂലും റൗക്കയുടെ മീതെ കസവുമുണ്ടും ധരിച്ച ആ സ്ത്രീയെ കൗതുകത്തോടെയാണു താനന്നു നോക്കിനിന്നത്. എല്ലാ പെണ്ണുങ്ങളും കണ്ടാൽ നാണിച്ചുപോകുമെന്നു മനസ്സിൽ കരുതുകയും ചെയ്തു.

അവർ മാധവിയേടത്തിയോടു യാത്ര പറഞ്ഞിറങ്ങിയപ്പോൾ മാലോമ മരത്തിന്റെ സമീപത്തു നിന്നു മുള്ളിലത്തിന്റെ അച്ചിൽ പേരുകൊത്താൻ ശ്രമിക്കയായിരുന്ന തന്റെ സമീപത്തു വന്നു. എഴുന്നേറ്റു നിന്നപ്പോൾ തലയിൽ തടവിക്കൊണ്ടു ചോദിച്ചു:

"എന്താടോ, നീയെന്നെ അറിയ്യോ?"

വിഡ്ഢിയെപ്പോലെ ചിരിച്ചു നാണിച്ചു നന്നെ.

"ന്റെ കൂടെ പോര്ണോ?"

ഒന്നും പറഞ്ഞില്ല.

"കുട്ടൻ നെന്റെ തൊണക്കാരനല്ലേ? കളിക്കാനൊക്കെ ആള്ണ്ട്."

സ്കൂളിൽ പഠിക്കുന്ന കുട്ടൻ ഒരു ക്ലാസ് താഴെയായിരുന്നു. അവൻ ചുമ്മുക്കുട്ടിയമ്മയുടെ മകനാണെന്നറിയാം. കളിസ്ഥലത്തുവെച്ചു വഴ

ക്കായാൽ അവനെ മറ്റുള്ളവർ കളിയാക്കുന്നതു കേട്ടിട്ടുണ്ട്:

"ഓന് തന്ത രണ്ടാ."

പതുപതുപ്പുള്ള കൈ ചുമലിൽവെച്ചുകൊണ്ട് ആയമ്മ വീണ്ടും ചോദിച്ചു:

"പോര്ണോ?

അവർ പോയിക്കഴിഞ്ഞ് അകത്തു വന്നപ്പോൾ അമ്മ ചോദിച്ചു:

"ആയമ്മടെ മകനായിട്ടാടാ നെന്റെ കൂട്ടുകെട്ട്?"

കുട്ടനുമായി സംസാരിച്ചിട്ടുകൂടിയില്ല. എങ്കിലും ഒന്നും മിണ്ടിയില്ല.

"പൊട്ടിത്തെറിച്ച വകക്കാരായിട്ടാ നെന്റെ സംസർഗ്ഗം, അല്ലേ? പൊറം ഞാൻ പൊളിക്കും."

ഒരു കാരണവുമില്ലാതെ അമ്മ കയർക്കുന്നതു കണ്ടപ്പോൾ വല്ലാത്ത അരിശം തോന്നി.

അമ്മയടക്കമുള്ള സർവ പെണ്ണുങ്ങൾക്കും കുനുറാണ്. അമ്മതന്നെ പറയാറുള്ള പ്രമാണമുണ്ടല്ലോ. കുനുറിനും കഷണ്ടിക്കും മരുന്നില്ല.

അതിന്റെ പിറ്റേക്കൊല്ലമാണ് കുട്ടൻ മരിച്ചത്. ഇല്ലത്തെ മേലേപ്പുറത്തെ മാവിൽ ഒരു മഴക്കാലത്തു കയറി. തുന്നാടിക്കൊമ്പത്തുള്ള ഒരു

മാങ്ങ പറിക്കാമെന്നു വീരവാദം പറഞ്ഞാണ് കുത്തിപ്പിടിച്ചു കയറിയത്. താഴെ കുട്ടികൾ നാലഞ്ചുപേരുണ്ടായിരുന്നു. ഉയരത്തിൽനിന്നു പിടിവിട്ടു താഴെവീണതു പാറപ്പുറത്താണ്. നിലവിളികേട്ട് ആളുകൾ ഓടിയെത്തിയപ്പോൾ പാറപ്പുറത്തു തലച്ചോറ് ചിതറിക്കിടക്കുകയായിരുന്നെന്നു കേട്ടിട്ടുണ്ട്. കുട്ടനുമായി ഒരടുപ്പവുമുണ്ടായിരുന്നില്ല. എങ്കിലും ക്ലാസ്സിൽവെച്ച് ആരോ അതു പറഞ്ഞുകേട്ടപ്പോൾ വേദന തോന്നി. അവനു തന്ത രണ്ടാണെന്നു പറഞ്ഞു പരിഹസിക്കാറുള്ള കരിമ്പൂച്ച ചാപ്പനോട് അന്നു കഠിനമായ വിദ്വേഷവും തോന്നി.

മുതലാളിയുടെ വീട്ടിൽനിന്നിറങ്ങിപ്പോന്ന രാത്രിയിൽ ശരിക്കു വെളിവുണ്ടായിരുന്നില്ല. ചാറൽമഴയത്തു ലക്ഷ്യമില്ലാതെ നടന്നു. ഇരുണ്ട ഇടവഴികളിലൂടെ, നാട്ടുപാതയിലൂടെ, പറമ്പുകളിലൂടെ—സമയത്തെപ്പറ്റി ബോധമുണ്ടായിരുന്നില്ല. ഇടിയും മഴയും ഒരുമിച്ചുവന്നപ്പോൾ അടുത്തുകണ്ട കോലായയിലേക്കു കയറി നിന്നതായിരുന്നു. ആൾപ്പാർപ്പില്ലെന്നായിരുന്നു ധാരണ. മുണ്ടുപിഴിഞ്ഞു തോർത്തുമ്പോൾ തിണ്ണയിൽ വെച്ചിരുന്ന ഏതോ സാധനം തട്ടിമറി

ഞ്ഞു ബഹളമുണ്ടായി. കിഴവൻ കുങ്കൻനായരു ടെ ഉരലും ഉലക്കയുമാണ് ഒരു താവളമുണ്ടാക്കി ത്തന്നതെന്നു തമാശയായി ഓർത്തുപോകാറു ണ്ട്. പിന്നെ അയാൾ സ്വയം ശപിച്ചു.

അപ്പോൾ അകത്തുനിന്നൊരു ശബ്ദം കേട്ടു:

"ആരാ പുറത്ത്?"

ഒരു സ്ത്രീയുടെ പരുക്കൻ ശബ്ദമായിരുന്നു. അയാൾ സംശയിച്ചു. ഒന്നും പറയാതെ ഇറങ്ങി നടന്നാലോ വേഗം? പക്ഷേ, അലക്ഷ്യമായി ഉത്തരംപറയുകയാണുണ്ടായത്:

"മഴയത്തു കയറിനിന്നതാണ്."

അകത്തുനിന്ന് ഒരു പുരുഷൻ മുറുമുറുക്കു ന്നതു കേട്ടു. ഒരു വിളക്കു കത്തി. വാതിൽ തുറന്നപ്പോൾ ഒരു നിമിഷംകൊണ്ട് അയാൾ വീ ട്ടുടമസ്ഥയെ തിരിച്ചറിഞ്ഞു. പ്രായമായെങ്കിലും പഴയ വശ്യതയുടെ ഓർമകൾ അയവിറക്കുന്ന ചുമ്മുക്കുട്ടിയമ്മയുടെ മുഖമാണു കണ്ടത്.

കോലായയിലേക്കു കാറ്റിൽ വെള്ളമടിച്ചു കയറുന്നുണ്ട്. അവിടവിടെ ചോർന്നൊലിക്കുന്നു മുണ്ട്. അയാളുടെ താടിയെല്ലുകൾ കുട്ടിയടിക്കു ന്ന ശബ്ദം കേൾക്കാം. കാതിൽ വള്ളികടുക്കനി ട്ട ആ വയസ്സൻ സ്വയം വാതില്ക്കൽ ചുമ്മുക്കുട്ടി

യമ്മയുടെ പിന്നിലായി വളഞ്ഞുകുത്തി നിന്നു.

"നട്ടപ്പാതിരയ്ക്ക് ആരാദ്?"

വയസ്സൻ സ്വയം ചോദിക്കുന്നതുപോലെ മുറുമുറത്തു. ചിമ്മിനിവിളക്ക് ഉയർത്തിപ്പിടിച്ചു നില്ക്കുന്ന ചുമ്മുക്കുട്ടിയമ്മയുടെ കണ്ണുകൾ തൻെറമേൽ സഞ്ചരിക്കുന്നതയാൾ കണ്ടു.

"ആരായാലും കാറ്റത്തും മഴയത്തും അകത്തു കടന്നിരിക്കട്ടെ."

ചുമ്മുക്കുട്ടിയമ്മ പറഞ്ഞു. വയസ്സൻ പിന്നേയും എന്തോ മുറുമുറുത്തു.

ആ സ്ത്രീയുടെ കണ്ണുകളിലേക്കു നോക്കാതെ അയാൾ പറഞ്ഞു:

"മഴ മാറ്യാൽ പൊക്കോണ്ട്."

"എവടയ്ക്ക്?"

അതിനൊന്നും മറുപടി പറഞ്ഞില്ല.

കാറ്റ് ഒരിക്കൽക്കൂടി വീശിയപ്പോൾ കോലായയും കടന്നു വെള്ളം വാതില്ക്കലേക്കു തെറിച്ചു.

"അകത്തേക്കു കടക്ക്ണോ അതോ വാതിലടയ്ക്കണോ?"

"ഞാൻ-"

അയാൾ എന്തോ പറയാൻ ഭാവിച്ചു.

"എനിക്കറിയാടോ നെന്നെ. മാർക്കംകൂട്ട്യേ നായരല്ലേ?"

അയാൾക്ക് ഒരു നടുക്കമുണ്ടായി.

"മാപ്ലായായാലും നായരായാലും എന്റെ കോലായ്ത്ത്മ്മ്ക്കെടെന്ന് തീർന്നാ അതിന്റെ പാപം നിയ്ക്കാ. ഉം. കടക്ക്ണ്ണ്ണ്ടോ?"

അയാൾ അകത്തു കടന്നു. അവർ വാതിലടച്ചു. വയസ്സൻ തനിക്കതിൽ പങ്കില്ലെന്ന ഭാവത്തിൽ എന്തോ പിറുപിറുത്തുകൊണ്ട് അകത്തേക്കു നടന്നു.

ഒരു പായയും ഒരു കീറിയ മുണ്ടും എടുത്തിട്ടു ചുമ്മുക്കുട്ടിയമ്മ പറഞ്ഞു: "നെനക്കൊന്നും ന്നെ അറീല്യെങ്കിലും എനിക്കു നെന്നെ അറിയാം. നെന്റെ മാതവിയേടത്തീം ഞാനും ഒരുമിച്ചാ എഴുത്തശ്ശന്റോടെ എഴ്താൻ പോയിരുന്ന്. അന്നു നെന്നെ പെറ്റിട്ടില്ല. ഉം, കെടന്നോ."

അവരുടെ കാതിൽ പണ്ടു പൊന്നോലച്ചുരുളുകൾ തിളങ്ങിയ സ്ഥാനം ശൂന്യതയുടെ ഒരു വളയംപോലെ കിടക്കുന്നു.

വിളക്കെടുത്ത് അകത്തേക്കു കടന്ന് ഉള്ളിലെ വാതിലടയ്ക്കുമ്പോൾ അയാൾ ഒരു വിഡ്ഢിയെപ്പോലെ പായയിൽ ഇരിക്കുകയായിരുന്നു.

"ആ, പിന്നെ തലേം ചെരച്ച് നാലാംവേദക്കാരനായി നടന്നാ ണ്ടാടോത്ര കേമം? സ്വർഗ്ഗം കിട്ട്വോ?"

അയാളൊന്നും മിണ്ടിയില്ല.

ആ വാതിലും അടഞ്ഞു. അതിനപ്പുറത്തുനിന്ന് അവരുടെ പരുക്കൻ സ്വരം ഭിത്തിയും കടന്നു വന്നതു കേട്ടു:

"വാലും മൂടും ല്യാത്ത ഇപ്പത്തെ ചെറുവാല്യക്കാര്."

രാവിലെ നേർത്തെ എഴുന്നേറ്റു
നടക്കണമെന്നു കരുതിയാണ് കിടന്നത്.

ഉണർന്നപ്പോൾ നേരം പുലർന്നിട്ടു വളരെ കഴിഞ്ഞുവെന്നു മനസ്സിലായി.

അയാൾ പോകാനൊരുങ്ങിയപ്പോൾ അവർ ഒട്ടും സൗമ്യത കലർത്താതെതന്നെ ചോദിച്ചു:

"എവടയ്ക്കാ എഴ്ന്നള്ളത്ത്?"

ഒന്നും പറഞ്ഞില്ല.

പോകാൻ ഒരിടവുമില്ല. നിസ്സഹായത പുറത്തു കാട്ടാതെ അയാൾ നിലത്തുനോക്കി നിന്നു.

"വയ്ക്കണേലെങ്കി ഒരുക്കി വേണച്ചാ ഇവിടിരുന്നോ. നിയ്ക്കൊരലോഗ്യം ല്യ."

അയാൾ ഒന്നും പറയാതെ നില്ക്കുന്നതു

കണ്ടപ്പോൾ അവരുടെ സ്വരം കുറേക്കൂടി പരുഷമായി.

“നെന്നെ ഒന്ന് വിരുന്നൂട്ടിക്കളയാംച്ചിട്ട് ക്ഷണിച്ചതല്ല.”

അയാൾ പോയില്ല. തന്നെപ്പറ്റി അവരൊന്നും ചോദിച്ചില്ല. അതാണയാളെ അത്ഭുതപ്പെടുത്തിയത്. ഏതു നിമിഷവും അയാൾ ഭയപ്പെട്ടിരുന്ന ഒരു ചോദ്യമുണ്ടായിരുന്നു:

എങ്ങനെ നിനക്കീ ഗതി വന്നു?

പക്ഷേ, അവരൊന്നും ചോദിച്ചില്ല-വീട്ടുകാരെപ്പറ്റിയോ വിവാഹത്തെപ്പറ്റിയോ, മതം മാറിയതിനെപ്പറ്റിയോ.

ഒരു സന്ധ്യയ്ക്കു കട്ടിളപ്പടിമേൽ നരച്ച തല വേർപെടുത്തിക്കൊണ്ടിരിക്കുമ്പോൾ അവർ അന്വേഷിച്ചു:

“നെനക്ക് എത്ര വയസ്സായെടാ?”

“ഇരുപത്തിനാല്.”

“ഹും.” എന്നിട്ടു കുറെ സമയം കഴിഞ്ഞ് അവർ ആരോടെന്നില്ലാതെ പറഞ്ഞു:

“ന്റെ കുട്ടൻ ണ്ടായിര്ന്നെങ്കിൽ വരണ ചിങ്ങത്തില് ഇരുപത്തിമൂന്ന് തെകയും.”

അപ്പോൾ മാത്രമാണ്, ആ പരുക്കൻ ശബ്ദം

ഇടറുന്നതായി അയാൾക്കു തോന്നിയത്.

നിവർത്തിയിട്ട പായിൽ, രാത്രിക്കു കനംകൂടുന്നതു കാത്തുകൊണ്ടയാൾ അക്ഷമയോടെ ഇരുന്നു.

പടിഞ്ഞാറേതിലെ അപ്പു തന്നെ അന്വേഷിച്ചു വന്നിരുന്നുവെന്ന് ഓർത്തപ്പോൾ അയാൾ വീണ്ടും അസ്വസ്ഥനായി. താഴത്തേതിലെ അടുക്കളയിൽ വറ്റുണങ്ങിപ്പിടിച്ച ഒഴിഞ്ഞ മൺകലത്തിനു സമീപം നനഞ്ഞ അടുപ്പിലേക്കു നോക്കിയിരിക്കുന്ന ഒരു ശുഷ്കിച്ച രൂപം മനസ്സിലേക്കു കടന്നുവന്നു. നിഴല്പാടുകൾ തടങ്ങളിലുറങ്ങിക്കിടക്കുന്ന ആ കണ്ണുകളയാൾക്കു വ്യക്തമായി കാണാം.

പുറത്തു കടക്കുമ്പോൾ ചുമ്മുക്കുട്ടിയമ്മ പതിവുപോലെ ഒന്നും ചോദിച്ചില്ല.

പല രാത്രികളിലും അയാൾ ഇറങ്ങിപ്പോയിട്ടുണ്ട്. ഉദ്ദേശമില്ലാതെ നടന്നു തിരിച്ചെത്തുമ്പോഴും അവർ അന്വേഷിക്കാറില്ല, എവിടെ പോയിരുന്നുവെന്ന്.

ഒതുക്കുകല്ലിൽ അയാൾ സംശയിച്ചുനിന്നു.

"ചുമ്മുക്കുട്ട്യേമ്മേ?"

"ഉം."

"ഞാൻ പോണു."

തലേന്നു രാത്രിയിലെ അനുഭവത്തിനുശേഷം ഒരു വിശദീകരണം ആവശ്യമായിരുന്നില്ല.

"ഉം." അവർ മൂളി.

അവർക്കു മനസ്സിലായില്ലെന്നുണ്ടോ? തിരിച്ചു വന്നുവെന്നു വരില്ല. സഹിച്ചേടത്തോളം ബുദ്ധിമുട്ടുകൾക്കെല്ലാം നന്ദി.

തിരിഞ്ഞ് ആ മുഖത്തു നോക്കിയപ്പോൾ അയാൾ കരുതിവെച്ച വാക്കുകൾ മറന്നുപോയി. എന്തോ ഓർമിച്ചെടുക്കുന്ന മട്ടിൽ അയാൾ പിന്നേയും വെറുതെ നിന്നു. എന്നിട്ടു ധൃതിയിൽ നടന്നു.

ഇടവഴികളിൽ ആൾസഞ്ചാരം നിലച്ചിരുന്നു. വളരെ ദിവസങ്ങൾക്കുശേഷം ആകാശം തെളിഞ്ഞുനിന്ന ഒരു രാത്രിയായിരുന്നു.

പാടത്തേക്കുള്ള ഇറക്കത്തിലെത്തിയപ്പോൾ ചൂട്ടുവീശിക്കൊണ്ട്, ഉറക്കെ സംസാരിച്ചു രണ്ടു പേർ വരുന്നതു കണ്ടു. ഇഴഞ്ഞിഴഞ്ഞ വാക്കുകളും താളംതെറ്റിയുള്ള നടത്തവുംകൊണ്ട് ഷാപ്പിൽനിന്നു വരുന്നവരാണെന്നു വ്യക്തമായി.

അവർക്കു വഴിമാറിക്കൊടുത്തു.

"ആരാത്?"

"ഞാനാ."

തലതിരിച്ചു നോക്കാതെ വഴിയുടെ വീതി യളന്നു പോകുന്ന കൂട്ടുകാർ അന്വേഷിച്ചു:

"ചൂട്ടു വേണോ?"

"വേണ്ട."

"ആ കാക്കില് നോക്കി നടന്നോ. കാലം പെഴച്ച കാലാ."

നിരത്തു മുറിച്ചുകടക്കുമ്പോൾ അയാൾ ഇരു വശത്തും നോക്കിയില്ല. കാണുന്നവർ കാണട്ടെ. അപ്പുറത്തു വീണ്ടും വയലിലേക്കിറങ്ങിയപ്പോൾ നടത്തത്തിനു വേഗം കൂട്ടി.

താഴത്തേതിലെ മേലേപ്പടിക്കലെത്തിയ പ്പോൾ അന്നയാൾ സംശയിച്ചുനിന്നില്ല. മുറ്റത്തേ ക്കിറങ്ങി വീടും വലംവെച്ചു വടക്കിനിയുടെ കു ത്തഴിയുടെ പിന്നിൽ നിന്നപ്പോൾ അയാൾ വല്ലാ തെ കിതയ്ക്കുന്നുണ്ടായിരുന്നു. വിയർപ്പുചാലു കൾ നെഞ്ചിലൂടെ കുത്തിയൊഴുകിയിരുന്നു.

ചുവരിനു ചേർന്നുനില്ക്കുന്ന മൺതിണ്ണയിൽ കയറി, പാതിയടഞ്ഞു കിടക്കുന്ന കുത്തഴിയുടെ കനത്ത ചതുരത്തണ്ടിൽ പിടിച്ചുനിന്ന് അയാൾ കാണാത്ത ഇരുട്ടിലേക്കു ചുഴിഞ്ഞുനോക്കി.

ശബ്ദം തൊണ്ടയിൽ കുടുങ്ങിനില്ക്കുന്നു. പ്രയാസപ്പെട്ടു വിളിച്ചു:

"കുഞ്ഞ്യോപ്പോളേ?"

ഒരു പിറുപിറുപ്പോളം പോലും ഉയർന്നില്ല തന്റെ വിളിയെന്ന് അയാൾ മനസ്സിലാക്കി.

''കുഞ്ഞ്യോപ്പോളേ?''

അകത്തുനിന്ന് അനക്കം കേൾക്കുന്നുണ്ടോ? കൂർക്കംവലിയാണു കേൾക്കുന്നത്. തെക്കിനിയിൽനിന്നാണ്.

ഒരിക്കൽക്കൂടി വിളിക്കണോ?

മൺതിണ്ണയിൽനിന്നു താഴെയിറങ്ങി. അയാൾ മുറ്റത്തു സംശയിച്ചു നിന്നു.

നരച്ച ആകാശത്തിന്റെ നേർത്ത വെളിച്ചത്തിൽ  ഒരു പഴയ സ്വപ്നംപോലെ അവ്യക്തമായിക്കിടക്കുന്ന ആ പരിസരത്തിൽ തനിയേ തെല്ലിട നിന്നപ്പോൾ അയാളുടെ ക്ഷമ നശിച്ചു. ഒന്നുകിൽ ഇവിടെനിന്ന് ഓടിയകലണം. അല്ലെങ്കിൽ ഉച്ചത്തിൽ വിളിച്ചു ബഹളംകൂട്ടി ഉറങ്ങിക്കിടക്കുന്നവരെ ഉണർത്തി വെളിച്ചത്തിന്റെയും ശബ്ദങ്ങളുടേയും ഒരു ലോകം അവിടെ ഒരുക്കണം.

പതുക്കെ നടന്നു വടക്കുപുറത്തെത്തിയ

പ്പോൾ അത്ഭുതംകൊണ്ട് ഹൃദയം പിടച്ചുപോയി. ഒരു പൊളി തുറന്ന വാതില്ക്കൽ ഒരു നിഴൽ പോലെ  നില്ക്കുന്നു. കുഞ്ഞേട്ട്യാപ്പോള്! അവർ എഴുന്നേറ്റു വാതിൽ തുറന്നതു താൻ കേട്ടി ല്ലല്ലോ!

നേർത്ത വെളിച്ചത്തിൽ അയാൾ ഒരിക്കൽക്കൂ ടി സൂക്ഷിച്ചുനോക്കി.

കുഞ്ഞേട്ട്യാപ്പോള്തന്നെ.

അവർ പതുക്കെ താഴത്തിറങ്ങി കോലായുടെ വക്കിൽ തൊട്ടു മുന്നിലായി നിന്നു.

രണ്ടുപേരും ഒന്നും സംസാരിച്ചില്ല. അവസാ നം, വർഷങ്ങൾക്കും യുഗങ്ങൾക്കും ശേഷമാ ണെന്നു തോന്നി, കുഞ്ഞേട്ട്യാപ്പോളുടെ ശബ്ദം കേട്ടു:

"വന്നു, അല്ലേ?"

അയാൾക്കു പറയണമെന്നുണ്ടായിരുന്നു: ഇന്നു മാത്രമല്ല കുഞ്ഞേട്ട്യാപ്പോളേ , പല രാത്രി കളിലും ഈ വീടിന്റെ പരിസരത്തിൽ ചുറ്റിപ്പറ്റി നിന്നിട്ടുണ്ട്; ഒന്നു കാണാൻ.

"ഞാൻ–"

"പതുക്കെ."

അയാൾ വീണ്ടും നിശ്ശബ്ദനായി.

"ഒന്നു കാണണം ന്നിച്ചിട്ടേ ഞാൻ അപ്പൂനെ വിളിച്ചയച്ച്. വേറൊന്നിനാല്ല....."

കുഞ്ഞേന്ത്യാപ്പോളുടെ ശബ്ദം നേർത്തുപോയി.

"കക്കലൊണോ പ്പോ ഉദ്യോഗം?" വളരെ നിർവികാരമായ സ്വരത്തിലാണതു ചോദിച്ചത്.

തഴമ്പുവീണ കൈകൾ കൂട്ടിത്തിരുമ്മിക്കൊണ്ടയാൾ ചോദിച്ചു:

"ആരെ പറഞ്ഞ്?"

"നാടു മുഴുവൻ."

ആ നേർത്ത വെളിച്ചത്തിൽ അയാൾ അവരുടെ മുഖത്തേക്കു ചുഴിഞ്ഞുനോക്കി. ഉറങ്ങിക്കിടക്കുന്ന നിഴലുകളുടെ അഗാധതയിൽനിന്നു കണ്ണുകൾ തിളങ്ങുന്നു.

അയാൾ പറയാനാഗ്രഹിച്ചു: കുഞ്ഞേന്ത്യാപ്പോളേ, ഈ തഴമ്പു കണ്ടോ? കന്നുപൂട്ടീട്ടും കയ്ക്കിരി പിടിച്ചിട്ടും തഴമ്പു പൊട്ടാത്ത കയ്യാണിത്. ഉലക്ക പിടിച്ചിട്ടാണ്...

ഒരു വാക്കും പുറത്തു വന്നില്ല. നിസ്സഹായതയോർത്ത് അയാൾ നൂറുവട്ടം ശപിച്ചു.

"എനിക്കുവേണ്ടി ഒരുപകാരം ചെയ്യണം."

ഒരിക്കലും പറഞ്ഞുകേട്ടിട്ടില്ലാത്ത വാക്കുകളുടെ മുമ്പിൽ അയാൾ പിന്നേയും ചൂളിപ്പോയി.

"നീയ് വല്ല നാട്ടില്ക്കും കടന്നുപോവ്വോ? പിന്നെ കക്കേ പിടിച്ചുപറിക്കേ എന്തു ചെയ്താലും കേൾക്കണ്ടിവരില്യലോ ബാക്കിള്ളോർക്ക്."

വേദനയെ അയാൾ അപ്പോഴേക്കും കീഴടക്കിക്കഴിഞ്ഞിരുന്നു.

"പറയൂ കുഞ്ഞ്യാപ്പോളേ, പറയൂ. എന്തും കേൾക്കാൻ ഒരുങ്ങിയാണ് ഞാൻ നില്ക്കുന്നത്"

"അങ്ങനൊരുപകാരേ ചെയ്യണ്ടൂ."

മുണ്ടിൻെറ കോന്തലയഴിച്ചെടുത്ത് എന്തോ നീട്ടിക്കൊണ്ടു കുഞ്ഞ്യാപ്പോള് പറഞ്ഞു:

"ന്നാ, ദ് വിറ്റു കിട്ട്യേ കാശോണ്ട്-"

നീട്ടിയ കൈത്തലത്തിൽ കിടന്നു തിളങ്ങുന്നത് അയാൾ കണ്ടു. മൂക്കുത്തിയാണ്.

"ആകെ ദേ ൻെറ കയ്യില്ള്ളൂ."

"വേണ്ട."

"ഏ?"

"ആവശ്യം വരുമ്പോ ചോയ്ച്ചോണ്ട്."

പരസ്പരം നോക്കിക്കൊണ്ടു പിന്നെയും നിന്നു. ഒന്നും ഇനി പറയാനില്ലെന്നു തോന്നി.

"പൊക്കോളൂ. ഏട്ടന് അല്ലെങ്കിൽത്തന്നെ രാത്രി ഒറക്കല്യ."

"കുഞ്ഞ്യാപ്പോളേ." തനിക്കതു വിളിക്കാൻ

അവകാശമില്ലെന്ന കാര്യം അയാൾ മറന്നുപോയിരുന്നു.

"കട്ടിട്ടില്ല. പക്ഷേ, കള്ളൻന്നുള്ള പേര് വീണ സ്ഥിതിക്ക് ഇനി മടില്യ. നാടടച്ച് കക്കണ പെരുങ്കള്ളനാ നാളെ മുതല് ഞാൻ-"

കുഞ്ഞ്യോപ്പോള് തുടരാൻ അനുവദിച്ചില്ല:

"പൊക്കോളു."

പത്മക്കെ അവർ അകത്തു കയറി. തുറന്ന ഒരു പാളി വാതിൽ ശബ്ദമില്ലാതെ പത്മക്കെപ്പത്മക്കെ മുന്നിലടയുന്നതുവരെ അയാൾ അനങ്ങാതെ നിന്നു.

എന്നിട്ട്, നരച്ച വെളിച്ചത്തിൽ മുങ്ങിക്കിടക്കുന്ന മുറ്റത്തിലൂടെ സാവധാനത്തിൽ അയാൾ പടിക്കലേക്കു നടന്നു.

# അദ്ധ്യായം എട്ട്

# 1

മരണത്തിന്റെയും മഴയുടെയും ഞാറ്റുവേലകൾ അവസാനിച്ചുവെന്നു കരുതിയിരിക്കുകയായിരുന്നു കിഴക്കുമ്മുറിക്കാർ. കഴിഞ്ഞ കുറെ ദിവസങ്ങളായി ദീനത്തിന്റെ വാർത്തകളൊന്നും കേൾക്കുന്നില്ല. അഞ്ചുകണ്ണിനടുത്തുള്ള യാറത്തിലേക്കു നേർന്ന നേർച്ച ആഘോഷമായി നടത്താനുള്ള ഒരുക്കങ്ങൾ നേരത്തെ ആരംഭിക്കണമെന്നു മുതലാളി പലരേയും വിളിച്ചു പറഞ്ഞു. കൊയ്ത്തു കഴിഞ്ഞ ഉടനെയാവട്ടെ നേർച്ച. യാറത്തിലെ തങ്ങള്പ്പാപ്പയുടെ അനുഗ്രഹംകൊണ്ടാണ് ചുരുങ്ങിയ നാശങ്ങൾകൊണ്ടു കിഴക്കുമ്മുറിയിലെ മാപ്പിളമാർ രക്ഷപ്പെട്ടത്.

കുന്നത്തമ്പലത്തിലെ കുരുതിയുടെ പിരിവിനുള്ള വരിയോല തയ്യാറാക്കേണ്ട ചുമതല

ശേഖരൻനായർ ചിലരെ ഏല്പിച്ചു.

"ദീനും കേടും മാറിച്ചിട്ട് അത് സാന്ന് ഇടങ്ങേ. ദേവീടെ അനുഗ്രഹം ഒന്നോണ്ട് മാത്രാ തട്ടിമുട്ടി പ്പോയത്."

വേലായുധൻനായരുടെ ചായപ്പീടികയിലി രുന്നു പണിക്കർ പറഞ്ഞു: "നെറമാലടന്ന് കല്പനണ്ടായത് വെറുത്യാന്ന് നിരീക്ക്ണ്ണ്ടോ എല്ലാരും? മഴപോലെ വന്നതു മഞ്ഞുപോല്യാ ക്കിക്കോണ്ട് എന്നല്ലേ അരുളിച്ചെയ്തത്?"

തെളിഞ്ഞുനിന്നിരുന്ന മാനം കറുത്ത് ഓർ ക്കാപ്പുറത്തെന്നപോലെ ഒരു മഴ പൊട്ടിവീണു. പിന്നെ ദിവസങ്ങളായി പെരുമഴയായിരുന്നു. വർഷക്കാലം വിശ്രമമെടുത്തതു കൂടുതൽ കരു ത്തോടെ തിരിച്ചുവരാനായിരുന്നുവെന്നു തോ ന്നി.

കരയ്ക്കടുത്ത് ഒരു ചിപ്പിത്തോടിൻെറ ആകൃ തിയിൽ ബാക്കി കിടന്ന മണൽത്തിട്ടും നക്കി യെടുത്തുകഴിഞ്ഞ പുളപ്പോടെ ഇരുതലയും മുട്ടിയൊഴുകുന്ന പുഴവെള്ളത്തിൻെറ ഇരമ്പം പുരയ്ക്കകത്തിരുന്നു കേൾക്കാം. നെബീസു, രാത്രി ഉമ്മയും ബാപ്പയും ഉറക്കമാവുന്നതി നുമുൻപ് ഉറങ്ങിക്കിട്ടാൻവേണ്ടികണ്ണടച്ചു

കിടന്ന് എണ്ണം പിടിച്ചുനോക്കും. എല്ലാവരും ഉറക്കമായാൽ തീരത്തുവന്ന് ആഞ്ഞടിക്കുന്ന മലവെള്ളത്തിൻെറ ഇരമ്പം മുഴങ്ങിക്കേൾക്കാം. അപ്പോൾ നെബീസുവിനു ഭയം തോന്നും.

വൈകുന്നേരം ഒരു മഴയവസാനിച്ചു. മറ്റൊരു മഴയ്ക്കു മാനം ഒരുക്കം കൂട്ടുമ്പോൾ പിന്നാമ്പുറത്തെ വാതിൽ തുറന്ന് നെബീസു അതിർത്തിക്കടുത്തു ചെന്നുനിന്നു. താഴെ കലങ്ങിമറിഞ്ഞ പുഴവെള്ളം നുര തുപ്പിക്കൊണ്ടു കുതിച്ചൊഴുകുന്നു. പേടിയും കൗതുകവും കലർന്ന കണ്ണുകളോടെ നോക്കിനില്ക്കുമ്പോൾ നെബീസുവിനു തോന്നും, മലവെള്ളത്തിനു ജീവനുണ്ട്. പുഴയല്ല കൊതിപിടിച്ച ആയിരം നാവുകളുള്ള ഒരു പെരുമ്പാമ്പാണ് ഇഴഞ്ഞുപോകുന്നത്.

വീട് ഉയരത്തിലാണ്. വെള്ളത്തിൻെറ നിരപ്പ് അത്രയ്ക്കെത്തുന്നത് അപൂർവമാണ്. പക്ഷേ തീരത്തിൽ നക്കിത്തുടയ്ക്കുന്ന വെറിപിടിച്ച നാവുകൾ കാണുമ്പോൾ നെബീസുവിനു തോന്നും:

'പെയ്ബല്ല മുയ്യോനും പഹേര് നക്കിത്തിന്നോ പടച്ചോനേ!'

പണ്ടൊരിക്കൽ കൊങ്ങൻവെള്ളം കയറി

യപ്പോഴാണ് വീടിൻെറ ഒരു ഭാഗം ഇടിഞ്ഞു വീണത്. അന്നു നെബീസുവിനെ ഒക്കത്തെടുത്തു നടക്കുന്ന പ്രായമായിരുന്നുവെന്നാണ് ഉമ്മ പറയുന്നത്. കടവിനടുത്തു നിരത്തിലേക്കു വെള്ളം തേട്ടിനില്ക്കാൻ തുടങ്ങിയപ്പോഴേക്കു പീടികക്കാർ മുഴുവൻ സ്ഥലമൊഴിച്ചു. ആളുകൾ ഒഴിച്ചുപോകാൻ തയ്യാറായി നില്ക്കുകയായിരുന്നു. നിരത്തു പൊട്ടുമെന്ന് ഉറപ്പായപ്പോൾ ബാപ്പ  വീടൊഴിച്ചുപോരാൻ പറഞ്ഞു. കുന്നിൻപുറത്തെത്തിയപ്പോഴേക്കു പുഴയും നിരത്തും പാടവും ഒന്നായിക്കഴിഞ്ഞുവത്രേ.

ആറു ദിവസത്തിനുശേഷം വെള്ളം താണ് വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഒരു ഭാഗം ഇടിഞ്ഞുതകർന്നിരുന്നു. അടുക്കളയിൽ കടന്നു തീ പൂട്ടിക്കൊണ്ടിരിക്കേ മേൽപ്പുരയിൽനിന്നു പരപരശബ്ദം കേട്ടു. നോക്കുമ്പോൾ വട്ടക്കുറതെരികപോലെ ചുറ്റിക്കിടക്കുന്നു. ഉമ്മ ബോധം കെട്ടു വീണുപോയത്രേ.

അകലെ കുമ്പാരന്മാർ കലമണ്ണെടുക്കാറുള്ള പുഴവക്കു നുറുങ്ങിവീഴുന്ന ശബ്ദം ഇടയ്ക്കിടെ അവ്യക്തമായി കേൾക്കാം.

പുഴയിൽ തോണി വിലങ്ങിയിട്ടു നാലു ദിവ

സമായി. മറുകരയിലെ വാഴത്തോട്ടങ്ങളുടെ പച്ചത്തലപ്പു പുകയിലൂടെ എന്നപോലെ മാത്രമേ കാണാൻ കഴിയൂ.

രാവിലെ അരി വാങ്ങാൻ പോയി തിരിച്ചു വന്നപ്പോൾ ബാപ്പു പറഞ്ഞു. കടവിനടുത്തു നില്ക്കുമ്പോൾ, അവൻ ഒരു പോത്തു ചത്തൊഴുകിപ്പോകുന്നതു കണ്ടുവത്രേ.

നുണയായിരിക്കും. കാണാത്തതു കണ്ടു വെന്നു സൊള്ളു പൊട്ടിക്കാറുണ്ട് സുൽത്താൻ.

ഒഴുകിപ്പോകുന്നതൊക്കെ എവിടെയാണ് എത്തിച്ചേരുന്നത്? ചമ്രവട്ടം അഴിയും കടന്ന് കടലിൽ.....കടലിലെത്തിയാൽ. കടൽ ഏറ്റുവാങ്ങിയതെല്ലാം തിരിച്ചേല്പിക്കുമെന്നു കേട്ടിട്ടുണ്ട്. തിരകളിലൂടെ വന്നു കരയിലെവിടെയെങ്കിലും വലിച്ചെറിയുന്നു.

സുൽത്താൻ കണ്ടതു നേരെങ്കിൽ കടപ്പുറത്തെ വിടെയെങ്കിലും പോത്തിൻെറ ശവം അടിഞ്ഞുകിടക്കും. നാളെയോ മറ്റന്നാളോ.

ഒരുപക്ഷേ ഇപ്പോൾ–

ഓർക്കാതിരിക്കാൻ നെബീസു ആഗ്രഹിക്കുന്നതാണത്. കടപ്പുറത്തെ പൂഴിയിലെവിടെയെങ്കിലും ഒരു ശവം അടിഞ്ഞുകേറിക്കിടക്കുന്നുണ്ടോ

വും. മീനുകൾ കൊത്തിത്തിന്നു ബാക്കിയായതു തിരകൾ തിരിച്ചേല്പിക്കുന്നു. കാണുന്നവർ തിരിച്ചറിയുകയില്ല.

കുഞ്ഞുകുട്ടിയമ്മ കേട്ടുവോ ആവോ?

മീൻചാപ്പകളിൽനിന്ന് ഉണക്കമീൻ വാങ്ങാൻ പോകുന്ന കൊട്ടക്കാർ തിരിച്ചുവരുമ്പോൾ വിവരം കൊണ്ടുവന്നിരിക്കും.

ബാപ്പ പുറത്തുനിന്നു വരുമ്പോൾ ചിലപ്പോൾ കേൾക്കാം–

ബാപ്പയ്ക്കു വിവരമുണ്ടാവും. പക്ഷേ, ബാപ്പയോടു ചോദിക്കാൻ ധൈര്യം വരില്ല. കാരണം, പാതിരയ്ക്ക് ഒരു രാത്രി ചീത്തപറഞ്ഞിറക്കിയതിൻ്റെശേഷം ബാപ്പ അയാളെപ്പറ്റി ഒന്നും സംസാരിച്ചിട്ടില്ല. ആരും ബാപ്പ കേൾക്കെ ഒന്നും പറയാറുമില്ല.

മാർക്കംകൂടി കിഴക്കുമ്മുറിയിൽ അയാൾ വന്നുവെന്നു കേട്ടുമുതല്ക്കാണു ബാപ്പയുടെ ഭാവം മാറിയത്.

നായരുട്ടിയോ അബ്ദുള്ളയോ?

എന്താണു പറയേണ്ടതെന്നറിഞ്ഞുകൂടാ. എന്നാലും നാവിൽ നായരുട്ടിയെന്നേ വരൂ.

ബാപ്പുവാണ് വല്ലപ്പോഴും വല്ല വിവരവും

സ്വകാര്യമായി കൊണ്ടുവന്നിരുന്നത്. ഉമ്മയും ബാപ്പയും കേൾക്കാതെയാണ് പറയുക, കണ്ടു നിന്നപോലെയാണ്  ചെക്കൻ വിവരിക്കുക:

"ഇത്താത്ത കേട്ടോ പുതുമ?"

"എന്താണ്ടാ?"

"ഞമ്മടെ നാ-ഗോ-" എന്താണു പറയേണ്ട തെന്ന് അവനും തീരുമാനിക്കാൻ വയ്യ. എന്താ യാലും വേണ്ടില്ലെന്നു നിശ്ചയിക്കാൻ ഒരു നിമിഷം കഴിയും: "ഞമ്മടെ ഗോയിന്ദുട്ട്യാരെ തല്ലാൻ പുതുക്കോടത്തെ പെരടെ ചുറ്റും പത്താ യിരാള് വളഞ്ഞ്...."

"പത്തായിരാളോ?"

"ആ. പത്തായിരാള്. മുപ്പരകത്തുണ്ട്. മടാ ക്കത്തീം വടീം കോടാലീം ഒക്ക്യായിട്ടാ. പത്താ യിരാള്. മൂപ്പര് പെരപ്പൊറത്ത് കേറിരുന്ന്. വല്യോര് വല്ലക്കൊട്ട നെറച്ച് ഉരുളങ്കല്ല്. ന്ന്ട്ട് ഏറ്  തൊടങ്ങി. മ്മിണ്യാള് വീണു ഏറുകൊ ണ്ട്. കെതികെട്ടപ്പോ പഹേറ് മണ്ടിക്കളഞ്ഞു."

അങ്ങാടിയിൽ പോകാൻ അവനു വലിയ ഉത്സാ ഹമായിരുന്നു. അങ്ങാടിയിൽ ഒന്നു ചുറ്റി മടങ്ങു മ്പോഴേക്ക് അയാളെ പിടിക്കാൻ ആളുകൾ പതു ങ്ങിയിരുന്നതും അയാൾ അവരെ തോല്പിച്ചു

രക്ഷപ്പെട്ടതുമായ ചില കഥകൾ അവനു കിട്ടി ക്കഴിയും.

മാർക്കം കൂടിയെന്നു കേട്ടപ്പോൾ നെബീ സുവിന് ഒന്നും തോന്നിയില്ല. പക്ഷേ, അയാൾ കള്ളനാണെന്ന് ആളുകൾ പറയാൻ തുടങ്ങി യപ്പോൾ ആദ്യം വിശ്വസിക്കാൻ പ്രയാസം തോന്നി.

ഉമ്മയുടെ അരികത്തും വിവരമെത്തി.

“നല്ലോര് തയ്യേര്ന്ന്.”

കുട്ടിക്കാലത്തു കള്ളന്മാരെന്നു കേൾക്കു മ്പോൾ ഭയമായിരുന്നു.

പാലത്തിൻെറ ചുവട്ടിൽ രാത്രികാലത്തു വണ്ടിയിറങ്ങിവരുന്ന ആളുകളെ തട്ടിപ്പറിക്കാൻ വേണ്ടി പതുങ്ങിയിരിക്കുന്ന ഒരു കള്ളനുണ്ടായി രുന്നു പണ്ട്. ഒടുവിൽ പോലീസുകാർ പിടിച്ചു ജയിലിലിട്ടു. ജയിലിൽനിന്നു വിട്ടപ്പോൾ വലതു കാലിൻെറ നെരിയാണിയുടെ ഞരമ്പു മുറിച്ചു. ഓടാൻ വയ്യാത്തതുകൊണ്ടു കളവു നിർത്തി. നൊണ്ടിക്കാല് വലിച്ചുവെച്ചു നടക്കുന്ന ആ വയസ്സനെ കുട്ടിക്കാലത്ത് ഒരിക്കൽ കണ്ടിട്ടുണ്ട്. അന്ന് ഇക്കാക്ക പറഞ്ഞു തന്നതാണ്. എല്ലും തോലുമായി എഴുന്നേറ്റു നില്ക്കാൻ വയ്യാത്ത

പാകത്തിലായിരുന്നു അന്നു കാണുമ്പോൾ ആ വയസ്സൻ. എന്നിട്ടും ഭയം തോന്നി. ദൂരത്തെവിടെയെങ്കിലും ഒരു കളവു നടന്നുവെന്നു കേട്ടാൽ നെബീസുവിനു സന്ധ്യകഴിഞ്ഞാൽപ്പിന്നെ തനിച്ചിരിക്കാൻ വയ്യ. ജനലും വാതിലുമടച്ച് അകത്ത് ഉമ്മയുടെ അരികുപറ്റിക്കൂടണം.

അയാൾ കള്ളനാണെന്നു കേട്ടപ്പോൾ പേടിയല്ല തോന്നിയത്. വെറുപ്പാണ്. ഇക്കാക്കയുടെകൂടെ പുന്നക്കായകൊണ്ടു മുറ്റത്തു കോട്ടി കളിക്കാൻ വന്നിരുന്ന കാലംമുതല്ക്കു കാണാൻ തുടങ്ങിയതാണ്. അയാളാണിപ്പോൾ രാത്രിയായാൽ കക്കാനിറങ്ങുന്നത്. വൈകുന്നേരം തിണ്ണയുടെ മൂലയിൽ പനയോലത്തടുക്കിൽ ചുളിപ്പിടിച്ചിരുന്ന്, ഒറ്റയ്ക്കു കാണുമ്പോൾ വെറുതെ ശുണ്ഠിപിടിപ്പിക്കാൻ തമാശകൾ പറഞ്ഞിരുന്ന ആൾ ഇത്ര ചീത്ത മനുഷ്യനാവുമെന്നു കരുതിയില്ല.

പടിക്കൽ ആളുകൾ വളഞ്ഞ് അയാളെ തല്ലാൻ നിന്ന രാത്രിയിൽ നെബീസു കരഞ്ഞു.

പക്ഷേ കള്ളനെ പിടിക്കാൻ നടക്കുന്ന ആളുകളുടെ ഭാഗത്തായിരുന്നു ഇപ്പോൾ നെബീസു. കള്ളന്മാരെ വെറുതെ വിട്ടുകൂടാ. കള്ളന്മാർ

വീടു കുത്തിത്തുറന്ന് അകത്തു കയറി ഉറങ്ങി ക്കിടക്കുന്നവരുടെ കാതരിയും; കഴുത്തറുക്കും.

പക്ഷേ, അകലത്തെവിടെയോ ഒരു മണൽ ത്തിട്ടിൽ അടിഞ്ഞുകയറിക്കിടക്കുന്ന ഒരു ശവത്തിന്റെ ചിത്രം മനസ്സിൽ കണ്ടപ്പോൾ കള്ള നോടു തോന്നിയ വെറുപ്പ് പതുക്കെ മാഞ്ഞുവരു ന്നതായിത്തോന്നി.

അയാളിനി കക്കാൻ നടക്കില്ല.

ബാപ്പൊട്ടെത്തു നെബീസോ എന്നു ചോദിച്ചു കൊണ്ടു കയറിവരില്ല.

മഴ തുടങ്ങുന്നതിനു മുമ്പ് ഒരു ദിവസം കിഴക്കുമ്മുറിയിൽ രണ്ടു പോലീസുകാർ വന്നു. മുതലാളി വിളിച്ചുവരുത്തിയതാണ്. കള്ളൻ താമസിക്കുന്ന സ്ഥലമെന്നു തോന്നിയ വീടു കളിലെല്ലാം പരിശോധിച്ചു. കള്ളനെ കണ്ടുകി ട്ടിയില്ല. കളവുപോയവരുടെയെല്ലാം ആവലാ തി എഴുതിയെടുത്തു പോലീസുകാർ തിരി ച്ചുപോവുമ്പോൾ കള്ളനെപ്പിടിച്ചു പോലീസി ലേല്പിക്കുന്ന അധികാരം നാട്ടുകാർക്കു വിട്ടു കൊടുത്തിരുന്നു.

പിറ്റേന്നു സന്ധ്യയ്ക്കു കുന്നിൻചെരുവിൽ വെച്ച് ആരോ അയാളെ കണ്ടു. കൂക്കും വിളിയും

കൂട്ടിയപ്പോൾ ആളുകൾ ഓടിക്കൂടി.

ബാപ്പു പറയുന്നത്:

“പത്തായിരാള് പിന്നില്. ഗോയിന്ദുട്ട്യാര് മുമ്പി ല്. ഓട്യാലുണ്ടോ അവര് അയാടെ ഒപ്പെത്ത്ണ്. പൊയക്കത്തിയ്ക്ക് ആട്ടിത്തെളിച്ച് അവടെട്ട് പിടിക്കാംന്നാ പഹേര് സൂത്രം കണ്ട്.”

പുഴവക്കത്താണ് അവസാനം എത്തിയത്. അയാൾ തിരിഞ്ഞുനോക്കി. ആളുകൾ വിടാതെ പിറകിലുണ്ടായിരുന്നു. പുഴ നിറഞ്ഞുനില്ക്കു കയായിരുന്നു. പിടിക്കാൻ വന്നവർ നോക്കിനി ല്ക്കേ, അയാൾ പുഴയിലേക്ക് എടുത്തുചാടി.

അതു പറയുമ്പോൾ ബാപ്പുവിൻെറ ശബ്ദം പതറിയിരുന്നു.

എന്നാലും അവൻ സമാധാനിച്ചു:

“മൂപ്പര് പൊയ നീന്തി അക്കരെത്തിട്ടുണ്ടാ വും!”

ബാപ്പുവിന് അറിഞ്ഞുകൂടാ. അഴിമുഖത്തി നടുത്തു കടല്ക്കരയിലൊരിടത്ത് ഒരുപക്ഷേ, അപ്പോൾ ശവമടിഞ്ഞിട്ടുണ്ടാവും!

കിഴക്കുമ്മുറി അങ്ങാടിയിലെത്തി, പിടിക്കാൻ പാഞ്ഞവർ പറഞ്ഞുവത്രേ,

“ഓനെക്കൊണ്ടാർക്കും ഇനി സൈ്വര്യക്കേട്

വേണ്ടാ."

ബാപ്പുവിൻെറ മുഖത്ത് അങ്ങാടിയിൽനിന്നു തിരിച്ചുവരുമ്പോഴെല്ലാം വിഷാദം തങ്ങിനില്ക്കുന്നതു നെബീസു കാണുന്നുണ്ട്. എന്നാലും സ്വയം സമാധാനിക്കാൻവേണ്ടി ഇത്താത്തയുടെ അടുത്തുവന്നു പറയും:

"നീന്തിക്കേറീട്ടുണ്ടാവുംന്നന്യാ, നിക്ക് തോന്ന്ണ്ത്താത്താ."

ദിവസങ്ങൾ കഴിയുംതോറും ബാപ്പുവിൻെറ വിശ്വാസം തകരുകയായിരുന്നു.

കള്ളനാണെങ്കിലും നുരയും പതയുമായി കുത്തിയൊഴുകുന്ന വെള്ളത്തിൽ നിലകിട്ടാതെ കൈയും കാലുമിട്ടടിച്ച്, കണ്ണു തുറിച്ച്-

നെബീസുവിന് അതോർക്കാൻ വയ്യ. വൈകുന്നേരം പള്ളിയിൽനിന്നു തിരിച്ചുവരുമ്പോൾ ബാപ്പയും വിവരം കേട്ടിരിക്കും. തോണിയിറക്കാൻ മടിക്കുന്ന പുഴവെള്ളത്തിലേക്ക് അയാൾ എടുത്തുചാടിയത്. ഉമ്മയ്ക്കു കൂടുതൽ അറിയണമെന്നുണ്ടായിരുന്നു. പക്ഷേ, ബാപ്പയോടു ചോദിക്കാൻ ആർക്കും ധൈര്യം വന്നില്ല. അന്നു ബാപ്പയുടെ മുഖത്തു പതിവിൽ കൂടുതൽ ഗൗരവമാണുള്ളത്, മനസ്സിലെന്തെങ്കി

ലുമുണ്ടെങ്കിൽ ബാപ്പ കാട്ടുപൂച്ചയെപ്പോ ലെയാണ്. വെറുതെ മൂളുകയും മുരളുകയും തൊണ്ടയനക്കുകയും ചെയ്യും. എന്തു ചോദിച്ചാ ലും ആദ്യം കേൾക്കുന്നത് ഒരു ചീറ്റലാണ്.

കടപുഴങ്ങി ഒഴുകിപ്പോകുന്ന ഒരു മരത്തിന്റെ ചില്ലകൾ ജലപ്പരപ്പിന്റെ മുകളിലൂടെ സഞ്ചരി ക്കുന്ന കാഴ്ച നെബീസു നോക്കിനിന്നു.

"എവടട്യാ പെണ്ണ്?"

ഉമ്മ അകത്തുനിന്നു തിരക്കുന്നതു കേട്ടു.

"എന്താ ഉമ്മാ?"

അവൾ തിരിഞ്ഞുപോകാൻവേണ്ടി ഭാവിക്കു മ്പോഴായിരുന്നു ദൂരത്തുനിന്നു ശബ്ദം:

"ലായിലാ ഇല്ലള്ളാ...."

നെബീസുവിന്റെ ശരീരം വിറച്ചു. ഒരു മയ്യ ത്തു വരികയാണ്.

ദിവസങ്ങൾക്കുശേഷം വീണ്ടും പേടിപ്പെടു ത്തുന്ന ആ ശബ്ദം കേൾക്കുകയായിരുന്നു.

കാലുകൾ കുഴഞ്ഞുപോയപോലെ നെബീസു തളർന്നുനിന്നു.

വടക്കെ വാതില്ക്കലൂടെ അടുക്കളയിലേക്കു കയറിയപ്പോഴും നെബീസുവിന്റെ ശരീരം വിറയ്ക്കുന്നുണ്ടായിരുന്നു. അടുപ്പിനടുത്തിരു

ന്നു തീ പൂട്ടുന്ന ഉമ്മയും ചെവിടോർക്കുകയായിരുന്നു.

പല ശബ്ദങ്ങൾ ചേർന്നുള്ള വികൃതമായ ഓത്തുചൊല്ലൽ നാട്ടുവഴിയിലൂടെ അടുത്തെത്തുകയായിരുന്നു.

ഉമ്മ എഴുന്നേറ്റുനിന്ന് പതുക്കെ ഉരുവിടുകയായിരുന്നു:

"അള്ളാ..അള്ളാ."

ശബ്ദം അകലത്തായപ്പോൾ നെബീസു ഒരു കിതപ്പോടെ ചോദിച്ചു:

"പീട്യേപ്പോയിട്ട് മ്മിണി നേരായി."

നെബീസുവിനു കരച്ചിലും ദേഷ്യവും വന്നു.

"അച്ചെക്കൻ ബല്ലേടീം നിച്ച്..ങ്ങട്ട് വരട്ടെ സുജായി!"

കുഞ്ഞരയ്ക്കാരാണ് ആദ്യം വന്നത്. കോലായിലേക്കു കയറിയ ഉടനെ ബാപ്പ പറഞ്ഞു:

"കളി നിന്നിട്ടില്ല. ഇസ്രായെലിന്റെ കളി നിന്നിട്ടില്ല."

"ആരാ?" ഉമ്മ പിറുപിറുക്കുന്ന സ്വരത്തിൽ ചോദിച്ചു.

"സൂപ്പിക്കുട്ടീടെ വീട്ടില്."

"ഒണ്ണോ?"

"ഉം."

"പടശ്ശോനേ-"

"ചെക്കനെവിടെടീ?"

"പീട്ട്യേപ്പോയിട്ട് മ്മിണി നേരായി."

ബാപ്പയുടെ കണ്ണുകളിൽ അരിശം കത്തിപ്പോരുന്നതു നെബീസു കണ്ടു. ഇന്നു സുൽത്താനു കോളാണ്!

പിന്നേയും കുറെ കഴിഞ്ഞാണ് ബാപ്പു വന്നത്. കുഞ്ഞരയ്ക്കാർ ഉമ്മറക്കോലായിൽത്തന്നെയുണ്ടായിരുന്നു.

"എവിട്യായിരുന്നെടാ ഹമുക്കേ?"

ചെക്കൻ ചൂളിപ്പോയി.

"പീട്ട്യേപ്പോയതാ വാപ്പാ."

"ഇത്താറനേരം എന്താണ്ടാ പീട്ട്യേക്കില്? നെൻറുപ്പാപ്പാണ്ടാ അവടെ?"

"മൂത്താളികുന്നത്ത് കാസർട്ട് കൊട്ക്കണ്ണ്ണ്ടന്ന് കേട്ട്, പോയി."അവൻെറ കൈയിൽ കഴുത്തിൽ കയറിട്ടു തൂക്കിപ്പിടിച്ച കുപ്പിയിൽ പകുതിയിലേറെ മണ്ണെണ്ണ കണ്ടു. കുഞ്ഞരയ്ക്കാർ പിന്നെ ഒന്നും പറഞ്ഞില്ല.

അന്നു ചോറിനു മുമ്പിലിരുന്നപ്പോൾ കുഞ്ഞരയ്ക്കാർ ഉമ്മയോടും കുട്ടികളോടു

മായി പറഞ്ഞു: “ദീനും കേടും വിടണ മട്ടല്ല. പടച്ചോനെ വിചാരിച്ചു നടന്നോളീൻ എല്ലാവരും. കുന്നുമ്പെറത്തു മൂന്നെണ്ണം തീർന്നെക്ക്ണ് ഇന്നൊറ്റ ദിവസംകൊണ്ട്.”

നേരത്തെ ഊണുകഴിഞ്ഞു കിടന്നു. കട്ടിൽപ്പത്തായത്തിനു മുകളിലാണ് ബാപ്പ കിടക്കുന്നത്. ഉമ്മ അടുക്കളയിലേക്കു തുറക്കുന്ന വാതിലിനു മുന്നിലും. ചുമരിൽ ബാപ്പുവിൻെറ അടുത്തായി നെബീസു പായ് വിരിച്ചു.

ഉറക്കം വന്നില്ല. ഉമ്മ അള്ള, അള്ള മന്ത്രിക്കുന്ന നേർത്ത ശബ്ദം കേൾക്കാം; ബാപ്പ നെടുതായി ശ്വാസം വിടുന്നതും.

ഉമ്മയുടെ ശബ്ദം കേൾക്കാതായപ്പോൾ തീരത്തടിക്കുന്ന അലകളുടെ ഇരമ്പം ചെവിയിലേക്കു കടന്നുവന്നു.

നെബീസു കണ്ണടച്ചു കിടന്നു.

ദൂരത്തെവിടെയോ നിന്നു മയ്യത്തുകട്ടിലിൻെറ പിറകിലെ ഓത്തു ചൊല്ലുന്ന ശബ്ദം കേൾക്കുന്നുണ്ടോ?

അലകളുടെ ഇരമ്പലിലേക്കു ശ്രദ്ധ തിരിച്ചു. പുഴ ആയിരം നാവുള്ള പാമ്പാണ്. കണ്ടതെല്ലാം നക്കിത്തിന്നാലും വിശപ്പടങ്ങാത്ത പാമ്പ്.

തീരത്തിൽ പുളഞ്ഞു നടക്കുന്ന നാവുകളുടെ ശബ്ദമാണ് കേൾക്കുന്നത്.

ഒരു തുലാവർഷത്തിൽ പുഴ നിറഞ്ഞൊഴുകുമ്പോൾ ആശാരിമാരുടെ വീട്ടിലെ ഒരു പെൺകുട്ടി രാത്രി പുഴയിൽ ചാടി മരിച്ചതു കേട്ടിട്ടുണ്ട്. ചത്രവട്ടം കടവിനടുത്തുള്ള ചകിരി കയറ്റിയ തോണികൾ അണച്ചുകെട്ടിയിരുന്നേടത്താണു ശവമടിഞ്ഞത്.

ഈ പുഴയിലേക്കാണ് അയാൾ എടുത്തുചാടിയത്...

മയ്യത്തുകട്ടിലും മലവെള്ളത്തിലൂടെ ഒഴുകിപ്പോകുന്ന മനുഷ്യശരീരവും മാറിമാറി മനസ്സിൽ കണ്ടു. അവൾ തിരിഞ്ഞു കിടന്നു. ചെമ്മീൻ പോലെ ചുരുണ്ടുകിടക്കുന്ന ബാപ്പുവിൻെറ ദേഹത്തിലേക്കു കൈ വളച്ചുവെച്ചു.

"ഇത്താത്ത ഒറങ്ങ്യോ?"

വളരെ നേർത്ത സ്വരത്തിൽ ബാപ്പു ചോദിച്ചു.

അവനുറങ്ങുകയാണെന്നാണു ധരിച്ചിരുന്നത്. ഇരുട്ടിൽ അവൻെറ നനുത്ത ശബ്ദം കേട്ടപ്പോൾ പണ്ടൊരിക്കലും തോന്നാത്ത സ്നേഹം തോന്നി. കുറ്റിത്തലയിൽ പതുക്കെ വിരലോടിച്ചുകൊണ്ട് നെബീസു ചോദിച്ചു:

"ജ്ജൊറങ്ങീലേ?"

"ഉറക്കം ബര്ണ്ല്ല."

"എണ്ണം പുടിച്ച് കെടന്നോ."

മിണ്ടാതെ കിടന്നു പിന്നേയും.

"ത്താത്താ."

"ഉം."

"നല്ല നീന്തക്കാർക്കു പൊയ നീന്തിക്കേറിക്കൂടേ?"

"മിണ്ടാതെ കെടക്ക്. വാപ്പ-" പരുഷമായി പറഞ്ഞു.

അവൻ പിന്നെയൊന്നും ചോദിച്ചില്ല. അവന്റെ കുറ്റിത്തല തടവിക്കൊണ്ട് നെബീസു നനുത്ത സ്വരത്തിൽ സമാധാനപ്പെടുത്തി:

"വാപ്പ കേട്ടാൽ പൊറം പൊളീം. മോ നൊറങ്ങിക്കോ."

മുറിയിൽ വെളിച്ചം പരന്നപ്പോഴാണ് നെബീസു ഞെട്ടിയുണർന്നത്. ബാപ്പയും ഉമ്മയും എഴുന്നേറ്റു നില്ക്കുന്നു. കട്ടിൽപ്പത്തായത്തിനു മുകളിൽ കത്തിച്ചുവെച്ച റാന്തൽവിളക്കിരിക്കുന്നു.

റബ്ബേ!

ഒരു നടുക്കത്തോടെ അവൾ സമീ

പത്തു നോക്കി. അവൻ അപ്പോഴും കാൽ മുട്ടുകൾക്കിടയിലേക്കു കൈതിരുകി വളഞ്ഞു കിടന്നുറങ്ങുകയാണ്. ഉമ്മയുടേയും ബാപ്പയുടേയും മുഖത്തു പരിഭ്രമം കണ്ടു.

"എന്തേ വാപ്പാ? എന്താൻറുമ്മാ?"

"ശ്ശ്."

ബാപ്പ മിണ്ടരുതെന്നു ശബ്ദിച്ചു. അപ്പോൾ നെബീസുവിനു കാര്യം മനസ്സിലായി. എവിടെനിന്നോ നിലവിളി കേൾക്കുന്നുണ്ട്.

വാക്കുകൾ വ്യക്തമല്ല. ഉച്ചത്തിലുള്ള നിലവിളിയുടെ ഈണം ഇഴഞ്ഞെത്തുന്നു.

ഉമ്മയാണു പറഞ്ഞത്:

"ചക്കമ്മെടോടന്നാ."

നേരം എത്രയായെന്നറിഞ്ഞുകൂടാ. പാതിരയോ പുലർച്ചയോ?

ബാപ്പ റാന്തൽ തൂക്കിയെടുത്തു വാതിലിൻെറ അരമ നീക്കാൻ എത്തിയപ്പോഴേക്കും ഉമ്മ അടുത്തെത്തി.

"ങളെങ്ങട്ടാ?"

"പോയ്യാക്കട്ടെ."

"നട്ടപ്പാതിരയ്ക്ക്. ദെണ്ണം കേടോ ആച്ചാലോ?"

പോണ്ട വാപ്പാ-നെബീസു പറഞ്ഞില്ല. തൊണ്ടയിൽ വാക്കുകൾ ഇറുകിപ്പിടിച്ചുനിന്നു.

"ആപത്തു വരുമ്പളാ അയലക്കത്തുള്ളോരടെ ആവസ്യം."

"ബല്ലാത്ത അയലക്കത്തോര്."

ഉമ്മയുടെ ശബ്ദത്തിൽ അരിശവും വ്യസനവും ഉണ്ടായിരുന്നു. ചക്കമ്മയും മകളും ആരോടും ലോഗ്യമില്ല. ആരും അവിടെ പോകാറുമില്ല.

നിലവിളിയുടെ ശബ്ദം പിന്നേയും അരിച്ചു വന്നപ്പോൾ ബാപ്പ പറഞ്ഞു:

"പടച്ചോന് പൊറുക്കൂല തിത്ത്മോ."

"കള്ളു കുടിച്ച് ആരെങ്കിലും കെടന്ന് തൊള്ള പൊളിക്ക്യാവും. ചക്കമ്മെടെ പൊരയല്ലേ."

കുഞ്ഞരയ്ക്കാര് അരിശത്തോടെ നോക്കി.

"ജ്ജ്ന്നെ പടിപ്പിക്കാൻ ബരല്ലേ?"

ബാപ്പു സംസാരം കേട്ട് ഉണർന്നിരുന്നു. വെളിച്ചം കണ്ടു കണ്ണു തിരുമ്മി അന്തംവിട്ട് അവൻ പായിൽ എഴുന്നേറ്റിരുന്നു.

"വാതിലടച്ചാളാ."

കുഞ്ഞരയ്ക്കാര് മുഷിഞ്ഞ തോർത്തുകൊണ്ടു ചെവി അടച്ചുകെട്ടി റാന്തലെടുത്തു

പുറത്തിറങ്ങി.

നിലവിളിയുടെ ശബ്ദം അടുത്തെത്തുന്തോറും ഉറക്കെയുറക്കെ കേട്ടു. ചക്കമ്മയുടെ ശബ്ദമാണ്.

അവിടെ വിളക്കുകളും നിലവിളികേട്ട് ഓടിക്കൂടിയ ആളുകളുടെ തിരക്കും കാണുമെന്നു കരുതി പതുക്കെയാണു നടന്നത്.

അടുത്തെത്തിയപ്പോൾ മങ്ങിയ ഇരുട്ടിൽ മുങ്ങിക്കിടക്കുന്ന ആ വീടു മാത്രമേ കണ്ടുള്ളു. വേലിപ്പടർപ്പിലൂടെ അകത്തെവിടെയോനിന്നു കത്തുന്ന വെളിച്ചത്തിൻെറ ഒരു മിന്നാട്ടം മാത്രം കാണാം.

കുഞ്ഞരയ്ക്കാർ ജീവിതത്തിലാദ്യമായാണ് ആ പടി കടക്കുന്നത്. കോലായയിൽ കയറി നിന്നുകൊണ്ടു നോക്കി. അകത്തെ തളത്തിൽ ഒരു ചിമ്മിനിയുടെ സമീപത്തു ചുമർ ചാരിയിരുന്നുകൊണ്ട് ചക്കമ്മ തേങ്ങുകയാണ്. നിലത്തു ഛർദ്ദിയിൽ, ദുർഗ്ഗന്ധത്തിൽ, നനഞ്ഞു കുതിർന്ന ഓലപ്പായിൽ, വെറുങ്ങലിച്ചു കിടക്കുന്ന ഇന്നലത്തെ സുന്ദരിയുടെ ശരീരത്തിലേക്ക് അയാൾ ഒന്നേ നോക്കിയുള്ളൂ...

ഓക്കാനം തൊണ്ടവരെ എത്തിപ്പോയി.

ധൈര്യമവലംബിച്ചു വീണ്ടും നോക്കി. ഇല്ല. ഒന്നും ചെയ്യാനില്ല.

കിഴക്കുമ്മുറിയിൽ ചക്കമ്മേയുടെ വാഴ്ചയുടെ രണ്ടാം ഘട്ടം അവസാനിച്ചിരിക്കുന്നു.

തള്ളയുടെ കണ്ണുകൾ തന്നെ തിരിച്ചറിഞ്ഞു വെന്നു മനസ്സിലായപ്പോൾ കുഞ്ഞരയ്ക്കാർ പറഞ്ഞു:

"പോയതു പോയി തള്ളേ. പടച്ചോൻെറ വിളി കേട്ടാ പോകാണ്ട് പറ്റൂല ആർക്കും."

കുഞ്ഞരയ്ക്കാർ അപ്പോൾത്തന്നെ മനസ്സിൽ വിചാരിക്കുകയും ചെയ്തു. ഇതു മരണത്തിനൊരു വിനോദമാണ്. ഉണങ്ങിയ മരം നിർത്തിയിട്ട് ഇളംതടികളെ വെട്ടിവീഴ്ത്തുക!

പുറത്തെ കോലായയിൽ, തുടർച്ചയായി ബീഡി വലിച്ചുകൊണ്ടു കുഞ്ഞരയ്ക്കാർ കാത്തുനിന്നു. ആരെങ്കിലും വരുന്നുണ്ടോ?

തള്ള എണ്ണിപ്പെറുക്കി നിലവിളിക്കയായിരുന്നു അപ്പോഴും.

"ൻെറ കുട്ടി പോയീലോ, എനിക്കിനി ആരുല്യലോ."

നടപ്പിൻെറയും കുറുപ്പിൻെറയും ശവം കാത്തുവെയ്ക്കുന്നത് ആപത്താണെന്നു കു

ഞ്ഞരയ്ക്കാര്‍ ഓര്‍മിച്ചു. ആരെങ്കിലും വന്നാലേ നിവൃത്തിയുള്ളു. നിസ്സഹായതയോടെ അയാള്‍ ആ വസ്തുത ഓര്‍മിച്ചു. വീട്ടില്‍ പേടിച്ചരണ്ടു കാത്തിരിക്കുന്ന മൂന്നു മുഖങ്ങളുടെ കാര്യം ഓര്‍ത്തപ്പോള്‍ കുഞ്ഞരയ്ക്കാര്‍ വീണ്ടും വാതില്‍ക്കലേക്കു ചെന്നു.

“തള്ളേ, കുഞ്ഞരയ്ക്കാരാണ് വിളിക്ക്ണ്. ന്റെ പൊരേല്ക്ക് പോരിൻ.”

ചക്കമ്മ ഒന്നും പറഞ്ഞില്ല.

“വെളിച്ചായി വേണ്ടപ്പെട്ടോര് വന്ന് ആലോയ്ക്കണ്ടതാ ബാക്കി കാര്യം. ങ്ങള് പോരിൻ.”

തള്ളയുടെ മറുപടി വീണ്ടും ഒരു നിലവിളിയായിരുന്നു.

പിന്നേയും കുറച്ചിട സംശയിച്ചു നിന്നു കുഞ്ഞരയ്ക്കാര്‍ റാന്തലെടുത്തു പുരയിലേക്കു മടങ്ങി.

ചക്കമ്മയുടെ മകള്‍ മരിച്ച വിവരം രാവിലെയാണ് കിഴക്കുമ്മുറിക്കാര്‍ അറിഞ്ഞത്.

ആരും അവിടേക്കു കടന്നുചെന്നില്ല. ബന്ധുക്കളും കുടുംബക്കാരും ചക്കമ്മയെ പണ്ടേ കൈയൊഴിച്ചതാണ്.

കുന്നിൻപുറത്തെ പുരകളിൽ മൂന്നുനാലു മരണങ്ങൾകൂടി കഴിഞ്ഞതോടെ ശവമെടുക്കാൻ ആരും ധൈര്യപ്പെട്ടില്ല.

ഉച്ചതിരിയുന്നതുവരെ തള്ളയുടെ നിലവിളി നേർത്തുനേർത്തു കേൾക്കാമായിരുന്നു.

അന്നു നാട്ടുവഴിയിലൂടെ ആരും നടന്നില്ല.

വൈകുന്നേരംവരെ ജീവൻ ബാക്കിയുള്ള തള്ളയും ചെറുപ്പക്കാരിയായ മകളുടെ വിറങ്ങലിച്ച ശരീരവും പുരയ്ക്കുള്ളിൽ അവശേഷിച്ചു.

പകൽ മുഴുവൻ കുഞ്ഞരയ്ക്കാർ വീട്ടിനകത്തു ചുരമാന്തിക്കൊണ്ടു നടക്കുകയായിരുന്നു. സന്ധ്യയ്ക്കു മകളെ വിളിച്ചു:

“ആ കൈക്കോട്ടെട്ത്താ മോളേ!”

“എന്തിനാ വാപ്പാ?”

“ആവിസ്യണ്ട്.”

കൈക്കോട്ടും ചുമലിൽവെച്ച് അയാൾ പുറത്തിറങ്ങിയപ്പോൾ തിത്തുമ്മ ചോദിച്ചു:

“ങ്ങളെങ്ങട്ടാ?”

“പണീണ്ട്.”

ചക്കമ്മെയുടെ പടി കടന്നപ്പോൾ മണ്ണിൽ കൈക്കോട്ടു വീഴുന്ന ശബ്ദമാണു കേട്ടത്.

സന്ധ്യ. ഒരു പകൽ മുഴുവൻ കാത്തിരുന്ന സന്ധ്യയ്ക്കു മറ ചെയ്യാനെത്തിയതാവണം കുടുംബക്കാർ. അരിശത്തോടെ കാലുകൾ നീട്ടിവെച്ചു തൈമാവിൻെറ ചുവട്ടിലൂടെ നടന്നു പറമ്പിൻെറ തെക്കേ മൂലയിലെത്തിയപ്പോൾ കുഞ്ഞരയ്ക്കാർ ജീവിതത്തിലാദ്യമായി നടുങ്ങിപ്പോയി. കിഴക്കുമ്മുറിക്കാർ ശവമന്വേഷിച്ചു നടക്കുന്നത് ഇയാളുടേതാണ്.

ഒന്നും സംസാരിച്ചില്ല. കുഴി കുഴിച്ചുതീർന്നപ്പോൾ അയാൾ പറഞ്ഞു:

"ഞാനാ നേർത്തേ എത്തീത് തോന്ന്ണു."

കുഞ്ഞരയ്ക്കാർ മൂളി.

ദുർഗ്ഗന്ധത്തിൽ മുങ്ങിക്കിടക്കുന്ന ശവശരീരം ഓലപ്പായിൽ കെട്ടിപ്പൊതിഞ്ഞതു രണ്ടുപേരും കൂടിയായിരുന്നു.

കുഞ്ഞരയ്ക്കാർ തല പിടിച്ചു, അയാൾ കാലും. കനംകൂടിവരുന്ന ഇരുട്ടിലൂടെ നിശ്ശബ്ദമായി നടന്നു കുഴിയുടെ അടുത്തെത്തി. ഏതാനും നിമിഷങ്ങളേ വേണ്ടിവന്നുള്ളു–ഒരു ശവസംസ്കാരം കഴിഞ്ഞു.

നാട്ടുവഴിയിലെത്തി, അടുത്തടുത്തായി അവർ നടന്നു.

അവസാനം കുഞ്ഞരയ്ക്കാർ ചോദിച്ചു:
"എങ്ങോട്ടാ?"

"എങ്ങോട്ടെങ്കിലും."

പിന്നെ ഒന്നും പറയാനില്ലായിരുന്നു. ആ മനുഷ്യൻ തിരിഞ്ഞുനോക്കാതെ നിരത്തിലേക്കു നടന്നകലുന്ന കാഴ്ച കുഞ്ഞരയ്ക്കാർ വേദനയോടെ നോക്കിനിന്നു.

# 3

**ക**ലങ്ങിയ പുഴവെള്ളത്തിൽ മുങ്ങിക്കുളിച്ച് ഈറൻമുണ്ടോടെ കുഞ്ഞരയ്ക്കാർ പുരയിൽ ചെന്നുകയറി.

"ഇത്തിരി ചൂടുവെള്ളം താ നെബീസോ്വാ."
അയാളുടെ ശബ്ദം നേർത്തിരുന്നു. അടുപ്പത്തെ അരിക്കലത്തിൽനിന്നു മുക്കിയെടുത്ത ചൂടുള്ള കഞ്ഞിവെള്ളത്തിൽ ഉപ്പിട്ടു നെബീസു പിഞ്ഞാണത്തിലാക്കിക്കൊണ്ടു വന്നപ്പോൾ, ഈറൻതുണി മാറ്റി ഉമ്മറത്തിണ്ണയിൽ അയാൾ കാൽമുട്ടു

കളിൽ താടിയെല്ലമർത്തി പുറത്തേക്കു നോക്കി ഇരിക്കുകയായിരുന്നു. ബാപ്പയ്ക്കു പൊടുന്നനെ പത്തിരുപതു വയസ്സു കൂടിയിട്ടുണ്ടെന്നു തോന്നി.

വേലിക്കപ്പുറത്ത്, ഒഴിഞ്ഞുകിടക്കുന്ന നിലത്തെവിടെയോ കണ്ണുകളുറപ്പിച്ചിരിക്കുകയായിരുന്നു കുഞ്ഞരയ്ക്കാർ. തിത്തുമ്മ ഉമ്മറപ്പടിമേൽ കരിപിടിച്ച റാന്തൽവിളക്കു കത്തിച്ചു കൊണ്ടുവന്നുവെച്ചു വാതില്ക്കൽത്തന്നെ കാത്തുനിന്നു. ഒന്നും ചോദിക്കാൻ ധൈര്യം വന്നില്ല.

"ചാവുമ്പളാ മന്സനു പണ്ടില്ലാത്ത പകവര്ണ്."

കുഞ്ഞരയ്ക്കാർ ആരോടെന്നില്ലാതെ പറഞ്ഞു.

"എന്തേന്നും ണ്ടായ്യേ?"

"ഒരു മന്സൻ തിരിഞ്ഞുനോക്കാണ്ടോ? ആ പെണ്ണ് ജീവനോടെ ഇരിക്കുമ്പോ അത്തിണ്ണേമ്മ്ന്ന് ആളൊയ്ഞ്ഞ നേരണ്ടായിര്ന്നോ? കണ്ണും കടുപ്പും ല്യാത്ത ആ തള്ള ചത്ത ശവം വെച്ച് എന്തു കാട്ടും?"

"ഞീം മരെച്ചാൻ ആള് വന്നില്ലേ?"

"ആരുല്യേങ്കി ഞാൻ ചെയ്യും. പടച്ചോന്ണ്ട്

എല്ലാത്തിനും." കുഞ്ഞരയ്ക്കാരുടെ ശബ്ദം പി ന്നേയും താണു. "രണ്ടും കല്പിച്ചന്ന്യാ ഞാൻ ചെന്ന്. അപ്പളയ്ക്ക് ആളെത്തീര്ന്ന്. ആണൊ രത്തന്ണ്ട് കെയക്കുമ്മുറീല്. ഒര്ത്തനെങ്കിലും ന്ന് കണ്ടേത്ന്നാ ഞാൻ."

"ആരാ?"

"ആ നായരുട്ടി." നാക്കിൽനിന്നു വീണ ഉടനെയാണു സംശയിച്ചത്. ആ വാക്കു തിരു ത്തണോ? നായരുട്ടിയോ അബ്ദുള്ളയോ?

"ഞമ്മടെ തായത്തേലെ-"

തിത്തുമ്മ സംശയംകൂടാതെ ഉറപ്പിക്കാൻ വേണ്ടി ചോദിച്ചതാണ്:

"അല്ല, പിന്നന്റെ വാപ്പ!" എന്നിട്ടയാൾ അവ്യ ക്തമായി എന്തോ മുരണ്ടു.

വടക്കുപുറത്തുനിന്ന് പകുതി കേട്ടപാട് ഓടി യെത്തിയ ബാപ്പു ചോദിച്ചു:

"ഞമ്മടെ ഗോവിന്ദുട്ട്യാരോ വാപ്പ?"

"പ്ഫോടാ!" കുഞ്ഞരയ്ക്കാർ അവനെ ആട്ടി. അമ്മിയ്ക്കൽ ചുട്ട ചെമ്മീൻ കുത്തിപ്പൊടിക്കു ന്ന ത്താത്തയുടെ അടുത്തേക്കു ചെന്നു ബാപ്പു പതുക്കെ ചോദിച്ചു: "ത്താത്ത കേട്ടോ വര്ത്താ നം?"

# 4

രാത്രിയിൽ പുറത്തെ നാട്ടുവഴിയിൽ ആൾസഞ്ചാരമില്ല. ദൂരെ അങ്ങാടി മിക്കവാറും ഇരുട്ടിൽ മുങ്ങിക്കിടക്കുകയായിരുന്നു. പകൽ പലചരക്കുപീടികകളിൽ മാത്രമേ കച്ചവടം നടക്കുന്നുള്ളു. രണ്ടു ചായപ്പീടിക മാത്രമേ തുറന്നുവെയ്ക്കാറുള്ളു. അവിടെ ആളുകൾ കയറുന്നുണ്ടെങ്കിൽ സംസാരിച്ചിരിക്കാൻ മാത്രമാണ്. കോളറ പടർന്നുപിടിച്ചതിൽപ്പിന്നെ കച്ചവടം അഭിവൃദ്ധിപ്പെട്ടതു മണ്ണാന്റെ മരുന്നുപീടികയിൽ മാത്രമാണ്. രാത്രി വളരെ വൈകുന്നതുവരെ തുറന്നുവെയ്ക്കാറുണ്ടിപ്പോൾ. പുറത്തു ചുണ്ണാമ്പുകൊണ്ടു വലിയ അക്ഷരത്തിൽ എഴുതിയ ഒരു പുറവെട്ടുപലക പുതുതായി തൂക്കിയിട്ടുണ്ട്:

കർപ്പൂരാസവം-കോളറയ്ക്ക് കൈകണ്ട

മരുന്ന്

അതിസാരകുലാന്തകം ലേഹ്യം

ഇവിടെ വില്ക്കുന്നു.

പ്രൊപ്രൈറ്റർ.

കുഞ്ഞരയ്ക്കാർ വളരെ വൈകിയാണ് ഉണ്ണാൻ ചെന്നിരുന്നത്.

“ചെക്കൻ ബെയ്ച്ചോ?”

“ഉം.”

ഉണ്ണാൻ ഒരു രുചിയും തോന്നിയില്ല. വിത്തിനു നിർത്തിയിരുന്ന മത്തൻെറ അവസാന കഷണം കൊണ്ടാണ് തിത്തുമ്മ കറിവെച്ചിട്ടുള്ളത്. എരുവും പുളിയും ഇല്ല. ചെമ്മീൻെറ ചുവയുള്ള സമ്മന്തി കൂട്ടി ഒരുരുള വാരിത്തിന്നു.

എതിർവശത്തെ ചുവർ ചാരി തല ഞാവി വലിച്ചുകൊണ്ടു തിത്തുമ്മ ചോദിച്ചു:

“ന്നിട്ട് തമ്മിക്കണ്ടില്ലേ?”

“ആര്? ഞാ പിന്നെ കാണാണ്ടങ്ങനാടി പടപ്പേ? തലേം കാലും പിടിച്ചത് ഞങ്ങളാന്ന് പറഞ്ഞാ–”

ചോദിക്കേണ്ടിയിരുന്നില്ല. ശവം കൊണ്ടുപോയതും കുഴിയിൽ വെച്ചതും മണ്ണിട്ടതുമൊക്കെ

ഇനി എണ്ണിപ്പറയാൻ തുടങ്ങിയാൽ.....

റബ്ബേ!....തിത്തുമ്മ മനസ്സിൽ വീണ്ടും പ്രാർത്ഥിച്ചു.

“അതിനല്ലാന്നും ചോയ്ച്ച്. എന്തു ചോയ്ച്ചാലും ചാടികടിക്കാനല്ലേ ബരൂ. തമ്മില് മിണ്ടിത്തവ്വുതാരിച്ചോന്ന് അറിയാനാ ചോയ്ച്ച് ഞാൻ”

അതിനു മറുപടിയായി കേട്ടതു കാട്ടുപൂച്ചയെപ്പോലെ ഒരു മുരളലാണ്.

ആ മുഖം ചീർക്കുന്നതു കണ്ടപ്പോൾ തിത്തുമ്മ എതിർവശത്തുനിന്നു മാറിനിന്നു. ഇനി ചോദിക്കാൻ നിന്നാൽ ഉരുളിയോ കിണ്ണമോ കട്ടിപ്പലകയോ എന്താണ് പറന്നുവരികയെന്നറിഞ്ഞുകൂടാ.

അടുത്ത പ്രഭാതത്തിൽ വാഴത്തോട്ടത്തിൽനിന്നു മടങ്ങിവന്ന കുഞ്ഞരയ്ക്കാർ പറഞ്ഞു: “കുട്ടപ്പക്കുറുപ്പ് മരിച്ചു.”

കുട്ടപ്പക്കുറുപ്പിൻെറ മരണംകൊണ്ടുണ്ടായ നഷ്ടത്തെപ്പറ്റി ഓർക്കാനിട കിട്ടുന്നതിനുമുമ്പ് കിഴക്കുമ്മുറിക്കാരെ നടുക്കിയ ഒരു വാർത്തയുണ്ടായിരുന്നു. അതിരാളൻ അമ്പലത്തിലെ വെളിച്ചപ്പാടിനും രണ്ടാമത്തെ കുട്ടിക്കും ദീനം തുടങ്ങി

യിരിക്കുന്നു. അതിരാളൻ രക്ഷിക്കാനും ശിക്ഷിക്കാനും ശക്തിയുള്ള ദൈവമാണ്: ഭഗവതിയുടെ ചാർച്ചക്കാരനാണ്.

മൊയ്തീൻകുട്ടിയുടെ പലചരക്കുപീടികയുടെ കോലായിൽ അന്തംവിട്ടിരിക്കുന്ന കൂട്ടുകാരനോടു പണിക്കർ പറഞ്ഞു:

"മൂപ്പരക്ക് ഹിതല്ലാത്ത വല്ല നടപടീ...."

"ഏത് മൂപ്പര്, ശേഖരന്നായരോ?"

"അല്ല അതിരാളനേ. മൂപ്പരുടെ കോമരാ, കളിക്കല്ല."

കുഞ്ഞരയ്ക്കാരുടെ ചെറുപ്പത്തിലെ കൂട്ടുകാരിലൊരാളായിരുന്നു കുട്ടപ്പക്കുറുപ്പ്. വലിയ മീൻപിടുത്തക്കാരനായിരുന്നു. വേനല്ക്കാലത്തു കുറുപ്പു രഹസ്യമായി മീൻപിടിക്കാത്ത കുളങ്ങളില്ല. 'കൂമൻകുറുപ്പെന്നു' വിളിക്കാൻ അധികാരമുണ്ടായിരുന്ന അപൂർവ്വംപേരിലൊരാളായിരുന്നു കുഞ്ഞരയ്ക്കാർ.

"ഒന്നരക്കാലുംവെച്ച് ആ തന്ത ദീനോം കേടുംള്ളോടത്ത് മുഴോൻ എത്തീര്ന്ന്. അയാളിം തട്ടീന്നല്ലേ ഇക്കേക്കെണ്? കുഞ്ഞരയ്ക്കാർ ദുഃഖച്ഛരായ കലർന്ന സ്വരത്തിൽ ഉമ്മറത്തിണ്ണയിലിരുന്നു പറഞ്ഞു.

കുറുപ്പിൻെറ ചെറുപ്പകാലത്തു വസൂരിയും നടപ്പുമുള്ള സ്ഥലങ്ങളിൽ മുഴുവൻ അയാളെത്തിയിരുന്നു. അധികംപേരായി കൂട്ടുകെട്ടില്ല. ആളുകൾ കൂടുന്നേടത്തൊന്നും കാണില്ല. പക്ഷെ, ആളുകൾ അടുക്കാത്ത സ്ഥലങ്ങളിലെല്ലാം കുറുപ്പും കയറിച്ചെന്നു. തികച്ചും ബോധമുള്ള സമയം അപൂർവ്വമായിരുന്നു.

ഒറ്റയ്ക്കായിരുന്നു താമസം. പണ്ടൊരു നായയുണ്ടായിരുന്നു. ഒരു വർഷകാലത്താണ്. വീട്ടിൽ തിരിച്ചെത്തിയപ്പോൾ അയൽപക്കത്തു നിന്ന് ആരോ ആവലാതിയുംകൊണ്ടെത്തി. നായ കുട്ടിയെ കടിച്ചു. മഴുത്തായ ഊരി ചുമലിൽ വെച്ചു നായയെ വിളിച്ചു നേരെ നടന്നതു പുഴവക്കത്തേക്കാണ്.

തിരിച്ചുവന്നതു തനിയെയായിരുന്നു. കള്ളുഷാപ്പിൽ കയറി മൂക്കറ്റം കുടിച്ചു ചെമ്പരുത്തിപ്പൂപോലെ കണ്ണുകൾ ചുവന്നപ്പോൾ ആരോടെന്നില്ലാതെ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു:

“ഒമ്പതുകൊല്ലം ൻെറ കൂടെക്കെടന്നോനാ ഓൻ. അങ്ങനെ ചെയ്യാൻ പാടോ ഓൻ?”

കുന്നിൻചെരുവിൽ പാവുട്ടക്കാടിൻെറ നടുവിൽ ഒറ്റപ്പെട്ടുനില്ക്കുന്ന ആ പുരയിൽ രാവി

ലെ ലോഗ്യം ചോദിക്കാനെത്തിയ നാരായണൻ നായരാണ് ശവം കണ്ടത്.

ഒരു കാലിനു സ്വാധീനമില്ലെങ്കിലും ഏന്തി വലിഞ്ഞ് ദീനമുള്ള വീടുകളിൽ എത്തിയിരുന്ന കുട്ടപ്പക്കുറുപ്പിനെ മരണത്തിനും ഭയമാണെന്നാണ് നാട്ടുകാർ കരുതിയിരുന്നത്.

ഒത്ത തടിയും പരുത്ത ശരീരവുമുള്ള ആ മനുഷ്യൻ തുറിച്ച കണ്ണുകളും തുറന്ന വായുമായി കിടക്കുന്നതു കണ്ടപ്പോൾ, നാരായണൻനായർ നിലവിളിച്ചു. ശബ്ദം പുറത്തു വന്നില്ല.

ആ പറമ്പിനു ചുറ്റുമായി അഞ്ചു കുടിയിരിപ്പുകളുണ്ട്. ഒരു രാത്രിയും ഒരു പകലും ശവം കിടന്നു. ആരും അടുത്തു ചെന്നില്ല.

നാരായണൻനായർ പലേടത്തും പാഞ്ഞു നടന്നു നോക്കി. ധീരതയുടെ വില വളരെ കൂടുതലാണെന്നു കണ്ട ചെറുപ്പക്കാരെല്ലാം ഒഴിഞ്ഞുമാറി. അവസാനം പൂന്തോട്ടത്തിൽ ചെന്നു പറയാമെന്നു വെച്ചു. ഒന്നുമില്ലെങ്കിൽ ചെറുമക്കളെയെങ്കിലും വിളിക്കാം.

ശേഖരൻനായർ മൂന്നു ചെറുമക്കളെ വിളിച്ചുവരുത്തി രണ്ടെടങ്ങഴി നെല്ലുവീതം അളന്നു വെച്ചുകൊടുക്കാൻ കല്പിച്ചു.

"പോയിട്ട് വല്ല വെള്ളം കുടിച്ച് വരിനെടാ."

കള്ളുഷാപ്പിൽനിന്ന് ആടിയാടിയെത്തിയ ചെറുമക്കളോടു വിവരം പറഞ്ഞപ്പോൾ അവർക്കു വിഷമമൊന്നുമുണ്ടായില്ല.

"തിരിഗ്ഗ്ലപ്പോന്ന മക്കളൊ. ചിറ്റുവട്ടത്ത് അനർത്ഥൊന്നും ല്യാണ്ടിരുന്നാ മത്യായിരുന്നു."

ചെറുമക്കളെ ആട്ടിത്തെളിച്ചു പറമ്പിലെത്തിയപ്പോൾ അടുത്ത പുരയിലെ കാരണവർ പറഞ്ഞു:

"മറെയ്ലല് കഴിഞ്ഞു നാരായണാ."

"ആരെ? എപ്പളേ?"

"പ്പൊ, ആ താഴത്തെലെ തൊപ്പിട്ട ചെക്കനില്ലേ, ഓനേ."

"തന്നെ?"

"ആ, തന്നെ."

"എന്നിട്ട് എടുത്തു ഓൻ?"

കാരണവർ അത് അന്വേഷിക്കാൻ നടന്നിട്ടില്ല.

ചെറുമക്കളെ തിരിച്ചയച്ചു. കുട്ടപ്പക്കുറുപ്പു മണ്ണിനടിയിലായെന്ന ആശ്വാസത്തെക്കാളേറെ അദ്ഭുതമാണപ്പോൾ മനസ്സിൽ പൊങ്ങിവന്നത്. നിറഞ്ഞ പുഴയിലേക്ക് എടുത്തുചാടിയ മാർക്കം കൂടിയ, ഗോവിന്ദൻകുട്ടി മരിച്ചിട്ടില്ല!

ആ വൈകുന്നേരം പലചരക്കുപീടികയിൽനിന്ന് ഉപ്പും മുളകും വാങ്ങി നാരായണൻനായർ സന്ധ്യയ്ക്കുമുമ്പേ വീട്ടിലെത്താനുള്ള ധൃതിയോടെ കൈതത്തോടും കടന്നു വരുമ്പോളാണ് അതു സംഭവിച്ചത്.

മാസങ്ങൾക്കുശേഷം ഗോവിന്ദൻകുട്ടിയെ നേരിട്ടു കണ്ടു.

ആദ്യം മനസ്സിലായില്ല. ആളാരാണെന്നു ബോധമുദിച്ചപ്പോൾ കാരണമില്ലാതെ അയാൾ നടുങ്ങിപ്പോയി.

പഴയ ഗോവിന്ദൻകുട്ടിയും മാപ്പിളമാർ എഴുന്നള്ളിച്ചുകൊണ്ടുനടന്ന അബ്ദുള്ളയുമല്ല സാവധാനത്തിൽ നടന്നുവരുന്ന ഇതേ രൂപം. താടിയും തലയും വളർന്നു വികൃതമായിരിക്കുന്നു. ശരീരം കരുവാളിച്ചിട്ടുണ്ട്. പണ്ടത്തെതിലും ചടച്ചിരിക്കുന്നു. അതോ പൊടുന്നനെ പൊക്കം വെച്ചതാണോ? രോമം നിറഞ്ഞ കൈകൾ വീശി ആടിയാടി നടക്കുന്ന ആ മനുഷ്യനെ ഒരു കാട്ടുമൃഗത്തെയെന്നപോലെ അയാൾ ഭയപ്പാടോടെ നോക്കിനിന്നു. മടങ്ങിപ്പോകാൻ സമയമില്ല. കാണാതെ കടന്നുപോകാനും വയ്യ.

പേടി പുറത്തുകാട്ടാതെ ഇടവഴിയുടെ ഓ

രംചാരി അയാൾ ചൂളിക്കൊണ്ടുനിന്നു. രോമം നിറഞ്ഞ ആ കൈത്തണ്ടുകളിൽ തളച്ചിട്ട കരുത്ത് ചുരമാന്തുന്നുണ്ടെന്നു തോന്നി.

ഒരു മനുഷ്യനെ ഇത്രയേറെ ഭയപ്പെടേണ്ടിവരുമെന്നു കരുതിയിട്ടില്ല.

അയാൾ അടുത്തെത്തി. കലങ്ങിച്ചുവന്ന കണ്ണുകൾ ഇടവഴിയുടെ ചുമരിലെ ബലമില്ലാത്ത പുൽപ്പടർപ്പിൽ എത്തിപ്പിടിച്ചുനില്ക്കുന്ന തൻെറ മുഖത്തു നോട്ടം വീണപ്പോൾ കാലുകളിൽ വിറ കയറുന്നതുപോലെ തോന്നി.

നാരായണൻനായർ മുഖമുയർത്തിയില്ല. ഇപ്പോൾ നുകത്തണ്ടുപോലുള്ള ആ കൈകൾ നീളും...

തൊട്ടടുത്തായി അയാൾ നിന്നപ്പോൾ കള്ളിൻെറ മണമുണ്ടായിരുന്നു. മുഖത്തെ കുറ്റിരോമങ്ങൾക്കിടയിൽ വിയർപ്പുതുള്ളികൾ പൊടിഞ്ഞുനില്ക്കുന്നു. ഒരു നിമിഷം തുറിച്ചുനോക്കി നിന്നശേഷം അയാൾ സാവധാനത്തിൽ നടത്തം തുടർന്നു.

ഒരു പേടിസ്വപ്നത്തിൽനിന്നു ഞെട്ടിയുണർന്ന പാരവശ്യത്തോടെ നാരായണൻനായർ നിന്നു.

മരിച്ച കുട്ടപ്പക്കുറുപ്പിന്റെ ഒഴിഞ്ഞ വീട്ടിൽ അന്നു രാത്രി വെളിച്ചമുണ്ടായിരുന്നു. വാതിൽപ്പലകകൾ ശബ്ദിച്ചു. അതിർത്തിക്കപ്പുറത്തെ കുടിയിരിപ്പുകളിലെ ആളുകൾ ഒരു രാത്രി ഉറങ്ങിയില്ല.

രാവിലെയാണ് അവർ കണ്ടത്. പുതിയ പാർപ്പുകാരൻ ചെകുത്താനല്ല. പക്ഷേ, ഭയപ്പെടേണ്ട ഒരു മനുഷ്യനാണ്!

## 5

മുറ്റത്തുനിന്ന് ആരോ വിളിക്കുന്ന ശബ്ദം ദൂരെയെങ്ങുനിന്നോ വരുന്നതുപോലെ തോന്നി.

അയാൾ കണ്ണു തിരുമ്മിക്കൊണ്ടെഴുന്നേറ്റു. രാത്രിയോ പകലോ എന്ന് ഓർമയില്ല. മുറ്റത്ത് ഒരോലച്ചൂട്ടിന്റെ ചുവന്ന വെളിച്ചം പരന്നുകിടക്കുന്നു. ചെറുമന്റെ കറുത്ത രൂപം കണ്ണുകളിൽ സ്ഥലംപിടിച്ചതു വളരെ സാവധാനത്തിലാണ്.

എപ്പോഴാണ് വന്നുകിടന്നതെന്നോർമ്മയില്ല.

കഴിഞ്ഞ കുറെ രാത്രികളും പകലും മൂടൽ മഞ്ഞിലെന്നപോലെ അവ്യക്തമായി മാത്രമേ ഓർമയിൽ കാണുന്നുള്ളു. നടന്ന വഴികളും കയറിയ പുരകളും കണ്ട മുഖങ്ങളും ഒന്നും വ്യക്തമല്ല. ഛർദ്ദിയിൽ, ദുർഗന്ധത്തിൽ അടിഞ്ഞു കിടക്കുന്ന മനുഷ്യശരീരങ്ങളാണ് ബോധം തെളിയുന്ന നിമിഷങ്ങളിലെല്ലാം കൺമുമ്പിൽ.

അദ്ഭുതത്തോടെ, ഇടയ്ക്കിടെ ഓർത്തുപോവാറുണ്ട്. ആളുകൾ എവിടേയും തനിക്കു വഴി മാറിത്തരുന്നു. പുതിയ ജോലിയുടെ അന്തസ്സാണ്. കൈ നീട്ടുമ്പോഴേക്കു റാക്കു നിറച്ച കുപ്പികൾ, ആരെല്ലാമോ പണം തന്നിട്ടുണ്ട്.

കിഴക്കുമ്മുറിയിൽ ആളുകൾക്ക് ഏറ്റവും ആവശ്യമുള്ള മനുഷ്യൻ താനാണെന്ന് ആ അർദ്ധബോധാവസ്ഥയിലും അയാൾ ഓർത്തു. ആളുകൾക്കല്ല, ശവങ്ങൾക്ക്.

കുട്ടപ്പക്കുറുപ്പിൻെറ ഒഴിഞ്ഞ പുരയിലേക്ക് അവസാനമില്ലാത്ത യാത്രയാണ്.

ഒരു ശവം!

അവസാനിക്കുകയില്ല, ശവങ്ങളുടെ ഘോഷയാത്ര അവസാനിക്കുകയില്ല.

"എവിടന്ന്യാടാ?"

"നമ്പ്രത്തെ പള്ള്യാലിൻറവ്ടെ. ആ വല്ലിമ്പ്രാളത്തിനും ദെണ്ണം തൊടങ്ങീര്ക്ക്ണ്."

അടുത്ത വീട്ടിലെ തള്ളയാണു തന്നെ വിളിച്ചയച്ചതെന്നോ മറ്റോ അവൻ പറഞ്ഞു.

"നട്ടപ്പാതിരയ്ക്ക് അട്ത്ത്യേനിരിക്കാൻ ഒരു തൊയിരം തരാണ്ട്–"

പുറത്തു മരക്കൊമ്പുകളെ വട്ടംതിരിച്ചുകൊണ്ടു ശക്തിയേറിയ ഒരു കാറ്റടിച്ചിരുന്നു.

അയാൾ എഴുന്നേറ്റുനിന്നു. നഗ്നമായ ശരീരത്തിലൂടെ തണുപ്പു നുഴഞ്ഞുകയറി.

ഉറങ്ങാത്ത ആറേഴു രാത്രികളുടെ കനം മുഴുവൻ ശിരസ്സിലുണ്ടായിരുന്നു.

അയാൾ ഓലച്ചൂട്ടിൻെറ വെളിച്ചത്തെ പിൻതുടർന്നുകൊണ്ടു നടന്നു–മരണം ചവിട്ടി മെതിച്ചിറങ്ങിപ്പോയ മറ്റൊരു വീട്ടിലേക്ക്.

ചക്കമ്മയുടെ പുരയിൽ ശവമെടുക്കാൻ ആളില്ലാതെ കിടന്നു നാറുകയാണെന്നു കേട്ടത്, യദൃച്ഛയാ വഴിവക്കത്തെ നിഴൽപ്പാടിൽ ആളൊഴിഞ്ഞുപോകുന്നതും കാത്തു മാറിനില്ക്കുമ്പോഴാണ്. അവിടേക്കു കയറിച്ചെല്ലുമ്പോൾ മനസ്സിൽ അവ്യക്തമായ ഭീതിയും ദൈന്യതയുമുണ്ടായി

രുന്നു. എങ്കിലും കയറിച്ചെന്നു. ആരോടെന്നില്ലാതെ ഒരു വാശിയായിരുന്നു മനസ്സിൽ...

മരണത്തിൻെറ ഭീകരമായ ഒരു ചിത്രം അന്നാദ്യമായി കണ്ട് ഒരു നിമിഷം നടുങ്ങിനിന്നുപോയി.

ഇപ്പോൾ ഒന്നുമില്ല.

സഹായിക്കാനാരെങ്കിലും വന്നു വിളിക്കുമ്പോൾ ഇറങ്ങിച്ചെല്ലുന്നു.

കിഴക്കുമ്മുറിയിലെ ആളുകൾക്കു തന്നെ ആവശ്യമുണ്ടായിരുന്നില്ല. പക്ഷേ, ശവങ്ങൾക്കു താൻ വേണം. ശവങ്ങൾക്കു മാപ്പിളയും നായരും ഭേദമില്ല; കള്ളനും തെമ്മാടിയും വ്യത്യാസമില്ല.

നേരം എത്രയായെന്നറിഞ്ഞുകൂടാ. പുലരാറായിരിക്കുന്നോ? അതോ രാത്രിയുടെ തുടക്കമാണോ? ആകാശത്തിൻെറ കിഴക്കുപാളിയിൽ നരച്ച മേഘക്കീറുകൾ നേർത്തുവരുന്നതു കണ്ടു.

പായിൽ വന്നുവീണത് എപ്പോഴായിരുന്നു? ബോധമുണ്ടായിരുന്നില്ല.

മരണം കണ്ട വീടുകളും മരണം കാത്തിരിക്കുന്ന വീടുകളും. ഇരുട്ടിൽ തളർന്നുറങ്ങുന്ന പറമ്പുകൾക്കിടയിലെ ഇടവഴിയിലൂടെ, ഓലച്ചൂ

ട്ടിൻെറ ചുവന്ന വെളിച്ചത്തിനു പിറകെ വയൽ വരമ്പിലേക്കിറങ്ങി.

(പുഴ നീന്തി മറുകരയിലെ നേന്ത്രവാഴത്തോട്ടത്തിലെ കാവൽപ്പുരയിൽ ചെന്നെത്തിയ രാത്രിയിലാണ് ആദ്യമായി കുടിച്ചതെന്നോർത്തു. കാവൽ കിടന്നിരുന്ന വയസ്സൻ കടുംനീലനിറത്തിലുള്ള കുപ്പിയിൽനിന്നു പകർന്നു തന്നു. വിറങ്ങലിച്ച ശരീരത്തിലേക്കു ചൂടിൻെറ അലകൾ കടന്നുവന്നപ്പോൾ കുട്ടിക്കാലത്തു കേട്ട പാപത്തിൻേറയും പുണ്യത്തിൻേറയും കഥകൾ അയവിറക്കാൻ ഇടകിട്ടിയില്ല).

ഇപ്പോൾ ദുർഗന്ധത്തിൽ മുങ്ങിക്കിടക്കുന്ന മനുഷ്യശരീരങ്ങളുടെ മുന്നിൽ പതറാതെ നില്ക്കണമെങ്കിൽ കുടിക്കണമെന്നായിരിക്കുന്നു.

നിരത്തിൽ മുന്നിലും പിന്നിലും റാന്തൽവെളിച്ചവുമായി ഒരുസംഘം ആളുകൾ നീങ്ങുന്നതു കണ്ടു.

"ലായിലാ ഇല്ലള്ളാ...."

നാലഞ്ചു ശബ്ദങ്ങൾ ചേർന്ന് അതേറ്റു പറയുന്നു: "ലായിലാ ഇല്ലള്ളാ..."

ആരായിരിക്കുമെന്ന കൗതുകം മനസ്സിലുയർന്നില്ല. പള്ളിപ്പറമ്പിൽ സ്ഥലമില്ലാതായിരിക്കു

ന്നു. പഴയ ഖബറുകൾ പുതിയ ശരീരങ്ങൾക്കു വേണ്ടി തുറക്കുകയാണിപ്പോൾ.

അപ്പോൾ കാരണമൊന്നുമില്ലാതെ കുഞ്ഞരയ്ക്കാരെ ഓർമവന്നു. കട്ടിൽപ്പത്തായത്തിന്റെ ചുവട്ടിൽ പേടിച്ചു ചുളിയിരിക്കുന്ന ബാപ്പുവിന്റെ മുഖവും ഓർമ്മിച്ചു. വാതില്ക്കലെ നിഴൽപ്പാടിൽ കുന്തിച്ചിരിക്കുന്ന തിത്തുമ്മയുടെ തലയ്ക്കു മുകളിൽ ഭീതി നിറഞ്ഞ രണ്ടു കണ്ണുകൾ തിളങ്ങുന്നു.

ഇപ്പോൾ താഴത്തേതിലെ വടക്കിനിയുടെ കുത്തഴിയുടെ പിന്നിൽ പാതവക്കിലൂടെ കടന്നുപോയ മയ്യത്തുയാത്രയുടെ ശബ്ദം കേട്ടുണർന്നുകിടക്കുന്ന......

ഒന്നും ഓർമ്മിക്കരുത്!

അയാൾക്കു പ്രാർത്ഥിക്കണമെന്നുണ്ടായിരുന്നു.

ആരോടാണു പ്രാർത്ഥിക്കേണ്ടത്?

ഓലച്ചൂട്ടിന്റെ ആയുസ്സൊടുങ്ങി. ചെറുമൻ തെങ്ങിൻതടത്തിൽ തളംകെട്ടിനില്ക്കുന്ന ചെളിവെള്ളത്തിലേക്ക് അതു വീശിയെറിഞ്ഞു.

പിന്നെ ഇരുട്ടിലൂടെയാണു യാത്ര. ദൂരെ തുറന്നുവെച്ച ഒരു വാതിൽ രാത്രിയിൽ വെളി

ച്ചത്തിൻെറ ഒരു വിടവുണ്ടാകുന്നതു കണ്ടു.

"അടിയൻ ബടെ നിക്കാം..."

അവൻെറ ശബ്ദത്തിൽ വിറയുണ്ടായിരുന്നു.

മങ്ങിയ വെളിച്ചം പുക പുരണ്ടു നില്ക്കുന്ന ചുവന്ന മൺചുമരുകളുടെ നടുവിലെ ഇടനാഴിയിൽ നിന്നപ്പോൾ മനസ്സിൽ ഒരു മൂടൽമഞ്ഞു പോലെ പാറിനിന്ന ലഹരി വിട്ടകലുന്നപോലെ തോന്നി.

"ഈ വീട്...ഈ വീട്...

അയാൾ ഓർക്കാൻ ശ്രമിക്കുകയായിരുന്നു.

നരച്ച മുടിയാണ് ആദ്യം കണ്ടത്. വെളുത്ത വഴുവഴുപ്പിൻെറ കഷണങ്ങൾ ചിതറിക്കിടക്കുന്ന വെള്ളത്തിൽ അതു കുതിർന്നു കിടക്കുകയായിരുന്നു. മുക്കാലും നഗ്നമായി കമിഴ്ന്നു കിടക്കുന്ന ആ ചുളിഞ്ഞുവരണ്ട ശരീരത്തിനപ്പുറത്തു ചുകന്ന ബ്ലൗസിട്ട ഒരു ചെറുപ്പക്കാരിയുടെ ചലനമറ്റ നീലിച്ച ശരീരത്തിൽ ഒരു ചോരക്കുഞ്ഞു തപ്പിത്തടയുന്നതു കണ്ടു.

ഉള്ളിൽ ആഞ്ഞുവീശിയ ചുഴലിക്കാറ്റ് അമർന്നടങ്ങിയപ്പോൾ ശാന്തനായി അയാൾ പാതിയടഞ്ഞ കണ്ണുകളിലേക്കു വീണ്ടും നോക്കി.

പതുക്കെ പുറത്തിറങ്ങി മുറ്റത്തു നിന്നപ്പോൾ വേലിക്കപ്പുറത്തു വിളക്കുകൾ കണ്ടു. ഒരു പ്രായം ചെന്ന സ്ത്രീയുടെ ശബ്ദം കേട്ട് അയാൾ നെറ്റിയിലെ വിയർപ്പു തുടച്ചു.

ശരീരത്തിൻെറ ശക്തി മുഴുവൻ ഒഴുകിപ്പോയപോലെ നിസ്സഹായനായി അയാൾ നിന്നു.

അകത്തുനിന്നു കുഞ്ഞിൻെറ കരച്ചിൽ വീണ്ടും ഉയർന്നു.

പെട്രോമാക്സിൻെറ വെളിച്ചത്തിൽ പതിനൊന്നാണുങ്ങളുടെ മുന്നിൽ ഈ വീടിൻെറ പടി കയറിവന്ന രാത്രി വളരെ ദൂരെയായിരുന്നു. പക്ഷേ, ഉച്ചവെയിൽ കത്തിയെരിയുമ്പോൾ ഈ ഒതുക്കുകല്ലുകൾ ചവിട്ടിഞ്ഞെരിച്ച് ഇറങ്ങിപ്പോന്ന ദിവസം പകലുറക്കത്തിലെ ഒരു സ്വപ്നംപോലെ മനസ്സിൻെറ ഒരു കോണിൽ ഇപ്പോഴും തങ്ങിനില്ക്കുന്നു.

വേലിക്കപ്പുറത്തുനിന്ന് തള്ളയെന്തോ വിളിച്ചു ചോദിക്കുന്നു:

"എന്താ വേണ്ടേ?"

അകലെ മാറിനില്ക്കുന്ന ചെറുമൻ ചോദിച്ചു:

"ഏ!"

"എന്താ വേണ്ട് ആവോ?"

"ഒരു കൈക്കോട്ട്....ഒരു കൈക്കോട്ട്."

തൻെറ ശബ്ദം അപരിചിതമാണെന്ന് അപ്പോൾ തോന്നി.....

## 6

നനഞ്ഞ പൂഴിമണൽ തറഞ്ഞുകിടക്കുന്ന നിരത്തിലൂടെ അയാൾ സാവധാനത്തിൽ നടന്നു. വെളിച്ചം വീഴാൻ തുടങ്ങുന്നതേയുള്ളു.

അങ്ങാടിയുടെ തുടക്കത്തിലെത്തിയപ്പോൾ വളരെക്കാലത്തിനുശേഷമാണ് പകൽവെളിച്ചത്തിൽ നിരത്തിലൂടെ സഞ്ചരിക്കുന്നതെന്ന കാര്യം ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല.

പുറത്തു കച്ചവടവും അകത്തു താമസവുമായ നാലഞ്ചു കൂരകൾ കടന്നപ്പോൾ ആളുകൾ തന്നെ ശ്രദ്ധിക്കുന്നുണ്ടെന്നു മനസ്സിലായി. തുറന്നുവെച്ച വീടുകളുടെ കോലായയിൽ കഴിഞ്ഞ രാത്രിയുടെ കഥകൾ വിസ്തരിക്കുന്ന മനുഷ്യരുടെ നേരെ അയാൾ നോക്കിയില്ല. അയാൾ

കടന്നുപോകുമ്പോൾ സംസാരം ഇരുവശത്തും പൊടുന്നനെ നിലച്ചിരുന്നു.

ഇടത്തെ തോളത്ത് ഒരു മുഷിഞ്ഞ തുണി ക്കീറുപോലെ തളർന്നുകിടക്കുന്ന കുഞ്ഞ് മയക്കത്തിൽ നൊട്ടിനുണയ്ക്കുന്നുണ്ടാ യിരുന്നു.

അങ്ങാടിപ്പുരയുടെ ചുവട്ടിൽ ചെന്നപ്പോൾ അയാൾ നിന്നു. മുകളിൽ ജനൽ അടഞ്ഞു കിടക്കുന്നു.

മുളയഴികൾ കവച്ചുവെച്ചു കടന്ന് അയാൾ നേരേ നടന്നതു പൂന്തോട്ടത്തിലേക്കാണ്.

മുറ്റത്തു ചെറിയ തോർത്തുമുണ്ടുടുത്തു മേലാകെ എണ്ണ പുരട്ടി മുട്ടിച്ചെരുപ്പിട്ടു സാവധാ നത്തിൽ നടക്കുകയായിരുന്നു ശേഖരൻനായർ.

"ആരാത്?"

"ഞാനാണ്."

കരിങ്കൽപ്പലക പതിച്ച ഒതുക്കുകല്ലിന്റെ താഴെ ശേഖരൻനായരുടെ തൊട്ടുമുന്നിലായി നിന്നു.

ശേഖരൻനായർ വാക്കുകൾക്കുവേണ്ടി തപ്പി ത്തടയുകയായിരുന്നു.

"എന്താ, ഏ?"

"ഇതിവിടെ ഏല്പിച്ചു പോവാനാണ്. ഞാൻ പിന്നെ വന്ന് ഏറ്റുവാങ്ങിക്കോണ്ട്. ഞാൻ വരും."

''ആരാവടെ? മാക്കുണ്ണ്യേ... മാമ്പേ്യ''

''താഴത്തേല് വകയുണ്ടായിരുന്നെങ്കില് അവടെ ഏൽപ്പിക്കായിരുന്നു. ഒരു മനുഷ്യക്കുട്ട്യല്ലേ, ചാവാതെ കെടക്കട്ടെ എന്നുമാത്രം കരുത്യാമതി.'' എന്തോ ഓർമ്മിച്ചുകൊണ്ട് അയാൾ വീണ്ടും പറ്ഞു: ''ഞാൻ ഒരിക്കൽ വന്ന് ഏറ്റുവാങ്ങിക്കോണ്ട്. ഞാൻ വരും.''

ഇടത്തെ തോളത്തുനിന്ന് അടർത്തിയെടുത്തപ്പോൾ ഞെട്ടിയുണർന്ന കുട്ടി നിലവിളിക്കാനാരംഭിച്ചു. കോലായയിൽ ആരോ ചവിട്ടിക്കയറിയ കാലടിപ്പാടുകൾക്കപ്പുറത്തു രണ്ടു കൈയും നീട്ടി കുട്ടിയെ മലർത്തിക്കിടത്തി. അന്തംവിട്ടു നില്ക്കുന്ന ശേഖരൻനായർക്ക് ഒന്നും പറയാൻ ഇടകൊടുക്കാതെ അയാൾ ധൃതിയിൽ പടിയിറങ്ങി.

# 7

രാത്രി.

മരണത്തിൻെറ ചുഴലിക്കാറ്റിൽ മനുഷ്യർ ഉതിർന്നുവീണ ദിവസങ്ങളെപ്പറ്റി തിത്തുമ്മ മകനു വിവരിച്ചുകൊടുത്തു:

"എന്തൊരു കാലേ കയിച്ചുട്ടീത് മോനേ? പടച്ചോൻെറ വേണ്ടുകൊണ്ടന്നേ ഞമ്മളൊക്കെ വാക്കി കെടന്നു. ആപത്തൊായിഞ്ഞൂന്ന്പ്പളും പറയാറായിട്ട്ണ്ടോ ആവോ, പടച്ചോനേ!"

പുത്തൻകളത്തിലേക്ക് വിരിപ്പുകൊയ്ത്തു തുടങ്ങിയ ദിവസമാണ് അബ്ദു ലീവിൽ വന്നത്.

തിത്തുമ്മ വായ തോരാതെ സംസാരിച്ചു കൊണ്ടിരുന്നു. ഊണുകഴിഞ്ഞു ചിമ്മിനിവിളക്കു മുന്നിൽവെച്ച് അവർ കാളരാത്രികളുടെ കഥ പറഞ്ഞു. ബാപ്പു ഉമ്മയുടെ സമീപം ചുമർചാരിയിരുന്ന് ഉമ്മയ്ക്കു തെറ്റുപറ്റുന്നേടത്തെല്ലാം കൂട്ടിച്ചേർത്തു. ഉമ്മറപ്പടിയിലിരുന്നു പലവട്ടം കേട്ടുകഴിഞ്ഞതാണെങ്കിലും നെബീസുവും

ചെവിടോർത്തു.

കട്ടിൽപ്പത്തായത്തിന്റെ മുകളിൽ ചുമർ ചാരി കുഞ്ഞരയ്ക്കാർ നിശ്ശബ്ദമായി ബീഡി വലിച്ചുകൊണ്ടിരുന്നു. ഇന്നു നിന്റെ ദിവസമാകട്ടെയെന്ന മട്ടിൽ.

അബ്ദു അവസാനം ചോദിച്ചു:

"എന്നിട്ടിപ്പ എവ്ടെ മൂപ്പര്?"

"കുറുപ്പിന്റെ പൊരേലാന്നാ കേക്ക്ണ്. ആർക്കു നിശ്ശംണ്ട്!"

തിത്തുമ്മ കട്ടിൽപ്പത്തായത്തിന്റെ മുകളിലേക്കു നോക്കി. അവിടെ അനക്കമൊന്നും കണ്ടില്ല.

'നിശ്ചയ'ത്തിന്റെ ഒരുക്കങ്ങളെപ്പറ്റി സംസാരിക്കാൻ തുടങ്ങിയപ്പോൾ കുഞ്ഞരയ്ക്കാർ മുരണ്ടു: "ജ്ജാരു പാത്ത് കെടന്നോടോ. നാളീം നേരണ്ടലോ."

അബ്ദു എഴുന്നേറ്റു:

"നിശ്ചയത്തിനു വിളിക്കണം."

"ജ്ജ് ബിളിക്കണ്ട. ബിളിച്ചാ ബരൂല."

അബ്ദു ബാപ്പയുടെ മുഖത്തു നോക്കി. അപ്പോഴത്തെ ഭാവമെന്താണെന്നു കാണാൻ കഴിഞ്ഞില്ല.

വെള്ളിയാഴ്ചയായിരുന്നു നെബീസുവിന്റെ

'നിശ്ചയം'. പുറമേനിന്നാരേയും വിളിച്ചിട്ടില്ല. ഉറപ്പിക്കാൻ വരുന്ന മൂന്നുപേർ മാത്രമേയുള്ളു. അവർ നേരത്തേ പാണക്കാവിൽ ബസ്സിറങ്ങി മൂന്നു നാഴിക നടന്നെത്തി.

നാട്ടുകാരിൽ ആരെയും ക്ഷണിക്കാത്തതിനെപ്പറ്റി തിത്തുമ്മ ആവലാതി പറഞ്ഞപ്പോൾ കുഞ്ഞരയ്ക്കാർ പറഞ്ഞു:

"നിക്ക് ബിളിക്കാൻ ആരൂംല്യ. അനക്കാള്ണെങ്കി ബിളിച്ചോ. ഉം."

വെയിൽ മങ്ങുന്നതിനുമുമ്പ് ജുമായ്ക്കുപോയ കുഞ്ഞരയ്ക്കാർ തിരിച്ചുവരാൻ പതിവിലുമധികം വൈകി. ഉമ്മറക്കോലായയിൽ നിവർത്തിയിട്ട പുത്തൻപായകളിൽ, കല്യാണമുറപ്പിക്കാൻ വന്നവർ മുറുക്കിത്തുപ്പി സംസാരിച്ചിരുന്നു. തിണ്ണയിൽ വീട്ടുകാരനെന്ന നിലയ്ക്കു വേണ്ടതെന്തൊക്കെയാണെന്ന് അന്വേഷിച്ചു കൊണ്ടിരിക്കുന്ന അബ്ദു, ബാപ്പ വേഗം വന്നു കിട്ടാൻ പ്രാർത്ഥിച്ചു. എന്നിട്ടുവേണം ഒന്നു പുറത്തിറങ്ങാൻ.

വിളിച്ചാൽ വരുമോ എന്നൊന്നറിയണമല്ലോ?

പടിക്കൽ ബാപ്പയുടെ തല കണ്ടപ്പോൾ അബ്ദു കോലായയിൽ നിന്നെഴുന്നേറ്റു. അപ്പോ

ഴാണ് ബാപ്പയുടെ പിന്നിലായി കുനിഞ്ഞ ശിരസ്സോടെ പതുക്കെ നടന്നുവരുന്ന ആളെ കണ്ടത്. ആഹ്ലാദത്തേക്കാളേറെ അദ്ഭുതമായിരുന്നു.

"ആരാപ്പോദ്?"

മുറ്റത്തെത്തിയപ്പോൾ അബ്ദു ചോദിച്ചു.

"എന്താടോ, കണ്ണു മിഴിണില്ല സുജായിക്ക്."

പഴയ ശബ്ദം, പഴയ ആൾതന്നെ.

അബ്ദു ഓർക്കുകയായിരുന്നു: ഉമ്മ പറഞ്ഞ കഥകളെല്ലാം ഈ മനുഷ്യനെപ്പറ്റിയായിരുന്നുവെന്നു വിശ്വസിക്കാൻ പ്രയാസം!

തിണ്ണയിൽ അബ്ദുവിന്റെ അടുത്തായി ഇരുന്നു കൈപിടിച്ച് അയാൾ പറഞ്ഞു:

"ബാപ്പ പറഞ്ഞപ്പളാ ഞാനറിഞ്ഞത്, അദ്ദു വന്നത്."

അതുമിതും സംസാരിച്ചുകൊണ്ട് നേരം കളഞ്ഞു. നിശ്ചയവും സൽക്കാരവും കഴിഞ്ഞു വിരുന്നു വന്നവർ യാത്രപറഞ്ഞിറങ്ങി.

കുഞ്ഞരയ്ക്കാർ കോലായയിലങ്ങോട്ടുമിങ്ങോട്ടും നടന്നു. ആർക്കും ഒന്നും സംസാരിക്കാനില്ലായിരുന്നു. മടുപ്പിക്കുന്ന നിശ്ശബ്ദത വിങ്ങിപ്പൊട്ടുമെന്നായപ്പോൾ അയാൾ എഴുന്നേറ്റു:

"എറങ്ങട്ടെ?"

അബ്ദു പറഞ്ഞു: "ഞാനുണ്ട് പൊറത്തിക്ക്."

സമീപത്തു ചുറ്റിപ്പറ്റിനിന്ന ബാപ്പുവിൻെറ കുറ്റിത്തല തടവിക്കൊണ്ട് അയാൾ കുഞ്ഞരയ്ക്കാർക്കുവേണ്ടി വീണ്ടും പറഞ്ഞു:

"എറങ്ങട്ടെ. നെബീസുവില്ല്യേ, ഇവിടെ?"

വാതിലിനപ്പുറത്തു മങ്ങിയ വെളിച്ചത്തിൽ പാതി മറഞ്ഞുനില്ക്കുന്ന നെബീസുവിൻെറ അവ്യക്തരൂപം കണ്ട് അയാൾ വാതില്ക്കലേക്കു നടന്നു. എന്തെങ്കിലും ഒരു കൊള്ളിവാക്കു പിടികിട്ടാൻ മനസ്സു തപ്പിത്തിരയുകയായിരുന്നു.

"കല്യാണത്തിൻെറ കോള് പ്പത്തന്നെ തന്നിയ്ക്ക്, നെബീസോ?"

ആ നേർത്ത വെളിച്ചത്തിൽ പായൽപ്പടർപ്പിൽ പുളയുന്ന മീനുകളെപ്പോലെ അവളുടെ കണ്ണുകൾ തിളങ്ങുന്നതയാൾ കണ്ടു.

വെളിച്ചത്തിലാ മുഖം ഒന്നു കാണണമെന്നുണ്ടായിരുന്നു. നാണംകൊണ്ടു തുടുക്കുന്ന മുഖം.

വാതില്ക്കലേക്കു തിത്തുമ്മ നടന്നുവന്നപ്പോൾ അയാൾ വീണ്ടും യാന്ത്രികമായി ആവർത്തിച്ചു: "എറങ്ങട്ടെ?"

അബ്ദുവിൻെറ പിറകെ നീണ്ടുനിവർന്നു നടന്നുപോകുന്ന ആ ചെറുപ്പക്കാരനിൽ കോലായയിൽനിന്നുള്ള കണ്ണുകൾ വട്ടമിട്ടു പാറിനടന്നിരുന്നു.

റോഡു മുറിച്ചുകടന്ന് വിളഞ്ഞുകിടക്കുന്ന വയലുകൾക്കിടയിലൂടെ അവർ സാവധാനത്തിൽ നടന്നു. രണ്ടുപേരും സംസാരിച്ചില്ല.

വെളിച്ചം വറ്റി വരളുകയായിരുന്നു. ദൂരെ അങ്ങാടിയിൽ അങ്ങിങ്ങായി വിളക്കുകളുടെ കുഞ്ഞിക്കണ്ണുകൾ മിഴിയാൻ തുടങ്ങുന്നു.

കാറ്റിൽ കനംതൂങ്ങുന്ന കതിരുകൾ ചൂടിയ ശിരസ്സുകൾ ചായ്ച്ചും ചെരിച്ചും ഉലയുന്ന നെൽവയലുകൾ സുഖകരമായ ശബ്ദമുയർത്തി. ഒരോളംപോലെ അതു നോക്കെത്താത്ത വയൽപ്പരപ്പിൽ ഓടിനടന്നു.

"എന്നിട്ട്? എന്തൊക്കെയുണ്ട് വിശേഷം? പറയിൻ."

മൂടിക്കെട്ടിയ നിശ്ശബ്ദതയുടെ തൊണ്ടുടയ്ക്കാൻവേണ്ടി കൃത്രിമമായ ഒരുത്സാഹം ഭാവിച്ചുകൊണ്ട് അബ്ദു ചോദിച്ചു:

"പറയാം; പിന്നെ." അയാൾ നിന്നു; അബ്ദുവും.

"അബ്ദു മടങ്ങിക്കോളൂ."

"എവടയ്ക്കാ ഇനി?"

"താഴത്തേല്കൂടി ഒന്നു പോണം."

"ഉം?"

"ഒരു യാത്ര പറയല്കൂടി  ബാക്കീണ്ട്."

"അപ്പോ–"

"ബാപ്പ വിളിക്കാൻ വന്നില്ലെങ്കിലും ഞാൻ വരവായിരുന്നു. അബ്ദുകൂടി എത്തീത് ഏറെ നന്നായി. വെളുപ്പിനു ഞാൻ പോണു."

എന്താണ് ചോദിക്കേണ്ടത് എന്നറിയാതെ അബ്ദു വിഷമിച്ചുപോയി.

"എവടയ്ക്കാ പോക്ക്?"

"അങ്ങനൊന്നുല്യ. കെഴക്കുമ്മുറിയുടെ അപ്പുറത്ത് എവടയ്ക്കെങ്കിലും."

അബ്ദുവിൻെറ അസ്വാസ്ഥ്യം കണ്ട് അവൻെറ ചുമലിൽ കൈവെച്ചുകൊണ്ട് അയാൾ തുടർന്നു: "ഇനീം കാണാം. കെഴക്കുമ്മുറി ഉപേക്ഷിക്കാനൊന്നും ഭാവംല്യ. വരും ഞാൻ എപ്പളെങ്കിലും. മടങ്ങിവരുന്നതു കെഴക്കുമ്മുറിയ്ക്കുതന്നെ."

എന്നിട്ടയാൾ പതുക്കെ ചിരിച്ചു.

"കാണാം."

തിരിഞ്ഞുനോക്കാതെ, വയൽവരമ്പിലൂടെ അയാൾ താഴത്തേതിലെ പടികളിലേക്കു നടന്നു.

## 8

**കു**ന്നിൻചെരുവിലേക്കു ചുറ്റിവളഞ്ഞുപോകുന്ന വഴിയുടെ തുടക്കത്തിൽ അയാൾ നിന്നു.

പടിഞ്ഞാറെ പറമ്പിൽ ഉയർന്ന പാറക്കല്ലിൽ മൂടിപ്പുതച്ചു കുഷ്ഠരോഗി പാറുത്തള്ള ഇരുന്നു വ്രണങ്ങൾ മാന്തുന്നു.

ഇലകൊഴിഞ്ഞ നീരോലിപ്പടർപ്പിലൂടെ ആ പറമ്പിലെ ഓലക്കൂരകളും നിലത്ത് അങ്ങിങ്ങായി ഉയർന്നുനില്ക്കുന്ന മൺകുമ്പാരങ്ങളും കണ്ടു.

അറ്റുവീഴാൻ ബാക്കിയുള്ള വിരലുകൾകൊണ്ടു വ്രണങ്ങൾ മാന്തി ചരൽക്കല്ലുകളിൽ പതിയുന്ന വെയിലിന്റെ ആദ്യനാളങ്ങൾക്കു വേണ്ടി കാത്തിരിക്കുന്ന ആ രൂപം കണ്ടപ്പോൾ, പറമ്പുകളിൽ പുതുതായി പൊങ്ങിയ മണൽക്കൂ

മ്പാരങ്ങളിൽ ഒതുങ്ങിപ്പോയ ജീവിതങ്ങളെക്കുറി ച്ചോർത്തുപോയി.

വർഷങ്ങൾക്കുശേഷം തിരിച്ചുവരുമ്പോഴും ഈ മൂലയിൽ ഉണങ്ങിയ പച്ചപ്പുപൊതിഞ്ഞ പാറക്കല്ലിൽ മൺനിറമുള്ള പുതപ്പിട്ടുമൂടി വെയിൽ കായാനിരിക്കുന്നുണ്ടാവും-

അയാൾ കുന്നിൻെറ നെറുകയിലേക്കു കയറി. ഉയരത്തിൽ നിന്നുകൊണ്ട് ഒരിക്കൽക്കൂടി കിഴക്കുമ്പുറിയെ നോക്കി. പറങ്കിമാവിൻ തോട്ട ങ്ങൾക്കപ്പുറത്തു ചെമ്പിച്ച നിറമുള്ള വെളി മ്പറമ്പുകളിൽ ഇല്ലിമുള്ളുകൾ നിർമ്മിച്ച ചതു രക്കള്ളികളിൽ കൊച്ചു കൂണുകൾപോലെ വീടു കൾ കണ്ടു. അകലെ കവുങ്ങിൻതോട്ടങ്ങളുടെ പച്ചത്തലപ്പിനപ്പുറം ഇളവെയിലേറ്റു കിടക്കുന്ന പൊൻനിറമുള്ള വയലുകൾ കണ്ടു. ശാന്തമായി നിറഞ്ഞൊഴുകുന്ന പുഴയിൽ കടവുതോണിയു ടെ കറുത്ത പുള്ളി ഇളകുന്നതു കണ്ടു.

താഴെ-

വേലിപ്പടർപ്പുകൾക്കരികെ, മൺകുമ്പാരങ്ങ ളിൽ മനുഷ്യമാംസം അഴുകുന്ന പറമ്പുകളുടെ മൂലയിൽ മുരടിച്ച പാറക്കെട്ടിനു മുകളിൽ ഒരു നരച്ച ബിന്ദുവായി കൂനിയിരിക്കുന്നു,

കുഷ്ഠരോഗി പാറുത്തള്ള.

അയാൾ പിന്നേയും നടന്നു.

മേച്ചിൽസ്ഥലങ്ങൾ ഇവിടെ ആരംഭിക്കുന്നു....

അഴുക്കുചാലുകളും ഇളംകാലടികൾക്കു തട്ടിത്തെറിപ്പിക്കാൻ വെള്ളമൊരുക്കി നില്ക്കുന്ന പുല്ത്തണ്ടുകളും മേഞ്ഞുനടക്കുന്ന കാലിക്കൂട്ടങ്ങളും ഇപ്പോഴും ബാക്കിനില്പുണ്ട്.

നടുവിൽ, കടന്നുപോയവരുടെയെല്ലാം കാല്പാടുകളിൽ കരിഞ്ഞ പുല്ലുകൾ നിർമ്മിച്ച ഒറ്റയടിപ്പാത നീണ്ടുകിടക്കുന്നു.

–പ്രിയപ്പെട്ടവരേ, തിരിച്ചുവരാൻവേണ്ടി യാത്ര ആരംഭിക്കുകയാണ്.

●